






# കാലം ചെയ്ത
# പ. ഗീവറുഗീസ് ദ്വിതീയൻ
# കാതോലിക്കാ ബാവാ തിരുമനസ്സിലെ
# ജന്മശതാബ്ദി സ്മാരകഗ്രന്ഥം

മലങ്കരസഭ സ്പെഷ്യ

# കൈലാത്ത് ചിട്ടിഫണ്ട്

**ചെങ്ങന്നൂർ, Phone: 394**

**Br. വെൺമണി**

## പുതിയ പ്രതിമാസ ലേലച്ചിട്ടി

**1973 ജൂലൈ 14-ാം തീയതി തുടങ്ങുന്നു**

| | | | | | | | |
|---|---|---|---|---|---|---|---|
| A. | Rs. | 125 | × 40 | = | Rs. | 5000 |
| B. | „ | 75 | × 40 | = | „ | 3000 |
| C. | „ | 50 | × 40 | = | „ | 2000 |
| D. | „ | 25 | × 40 | = | „ | 1000 |

തലവരേ്യാലയ്ക്കു ഉടനെ അപേക്ഷിക്കുക

**തലയാൾ: മത്തായി വക്കി**

കാലംചെയ്ത പ. ഗീവറുഗീസ് ദ്വിതീയൻ
കാതോലിക്കാ ബാവാ തിരുമനസ്സിലെ

# ജന്മശതാബ്ദി

(16 - 6 - 1973)

# സ്മാരക വിശേഷാൽപ്രതി

# മലങ്കരസഭ

വില രൂപ. 3. 50

പുസ്തകം 28 1973 ജൂലായ് ലക്കം 7

Edited, Printed and Published by the Rev. Fr. T. C. Jacob at the Catholicate Press, Kottayam-4.

# പ്രസ്താവന

അനല്പമായ സന്തോഷത്തോടുകൂടിയും, അതിലധികം ചാരിതാർത്ഥ്യത്തോടു കൂടിയുമാണു് കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ജന്മശതാബ്ദിസ്മാരകമായി ഇത്ര മനോഹരവും കഴമ്പുററതുമായ 'മലങ്കരസഭ' സ്പെഷ്യൽ ഞങ്ങൾ സഭാംഗങ്ങൾക്കു സമർപ്പിക്കുന്നതു്. പ. ബാവാതിരുമേനിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ചു് ഒരു സ്മാരകോപഹാരം തയ്യാറാക്കണമെന്നു് മലങ്കരസഭയുടെ പത്രാധിപസമിതി തീരുമാനിക്കുകയും കുറഞ്ഞ സമയത്തിനുള്ളിൽ അതിനുള്ള ശ്രമം നടത്തുകയുമാണുണ്ടായതു്. പ. ബാവായുമായി അടുത്തു് ഇടപെട്ടിട്ടുള്ള ബഹുസഹസ്രങ്ങളുടെ പ്രതിനിധികളെന്ന നിലയിലാണു് പലരുടെയും അനുഭവങ്ങൾ നിറഞ്ഞു തുളുമ്പുന്ന ലേഖനങ്ങൾ ഇതിൽ ചേർത്തിട്ടുള്ളതു്. വളരെയധികം പേർക്കു് ഇനിയും ധാരാളം അനുഭവങ്ങൾ അറിയിക്കാനുണ്ടാവും. അവയെല്ലാം എഴുതി സൂക്ഷിക്കുന്നതു് എന്തുകൊണ്ടും നല്ലതാണു്.

ഞങ്ങളുടെ അനുഭവങ്ങളെ മുൻനിർത്തി ബാവാ തിരുമേനിയെ ശരിക്കു വിലയിരുത്തുന്നതും അദ്ദേഹത്തിൻെറ അതുല്യസ്വഭാവങ്ങളെ എണ്ണി എണ്ണിപ്പറയുന്നതുമായ ലേഖനങ്ങൾ എഴുതി അയച്ചുതന്ന മാന്യ സഭാംഗങ്ങളോടും, മററു് ബഹുമാന്യ സുഹൃത്തുക്കളോടും ഞങ്ങൾ അതീവ കൃതജ്ഞരാണു്.

വളരെയധികം താമസിച്ചു കിട്ടിയതുകൊണ്ടും, നേരത്തെ ചേർത്ത ലേഖനങ്ങളിലെ ആശയങ്ങളുടെ ആവർത്തനം ഒഴിവാക്കാനാഗ്രഹിച്ചതുകൊണ്ടും ചില മാന്യവ്യക്തികളുടെ ലേഖനങ്ങൾ ഇതിൽ ഉൾപ്പെടുത്താൻ സാധിക്കാതെ വന്നതിൽ ഞങ്ങൾക്കു ഖേദമുണ്ടു്.

ബാവാതിരുമേനിയുടെ ബാല്യം മുതൽ അന്ത്യംവരെയുള്ള പ്രധാനപ്പെട്ട ജീവിതരംഗങ്ങൾ ഒട്ടധികം കമനീയ ചിത്രങ്ങളിലൂടെ കാഴ്ചവയ്ക്കുന്നതിനു സാധിച്ചതു് ഈ വിശേഷാൽപ്രതിയുടെ എടുത്തുപറയത്തക്ക ഒരു സവിശേഷതയായി ഞങ്ങൾ സാഭിമാനം കരുതുന്നു.

ഇത്ര വലിയ ഒരു സ്മാരകഗ്രന്ഥത്തെ പരസ്യങ്ങൾ തന്നു് സാമ്പത്തികമായി സഹായിച്ച മാന്യവ്യക്തികളോടും സ്ഥാപനങ്ങളോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ടു്.

വിലപ്പെട്ട ഈ ഗ്രന്ഥത്തിനു് ഏഴു രൂപയോളം യഥാർത്ഥവില ആകുന്നുണ്ടു്. എന്നാൽ കൂടുതൽ ആളുകൾ ഈ പുസ്തകം വായിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി പകുതി വിലയ്ക്കു് (Rs. 3.50) കുറെ പ്രതികൾ വിൽക്കുന്നതിനാണു് നിശ്ചയിച്ചിരിക്കുന്നതു്.

ഇതിൻെറ ഉള്ളടക്കം വായിച്ചു് പ. ബാവായുടെ ജീവിതത്തെ പ്രകാശിപ്പിച്ച ചൈതന്യം സ്വീകരിക്കുന്നതിനും ധന്യമായ സഭാജീവിതം നയിക്കുന്നതിനും സഭയുടെ ശക്തിദുർഗ്ഗങ്ങളായിത്തീരുന്നതിനും ഞങ്ങളുടെ പ്രിയപ്പെട്ട അനുവാചകർക്കു് സംഗതിയാകട്ടെ എന്നു് ആശംസിക്കുന്നു.

പത്രാധിപസമിതിക്കുവേണ്ടി

ഫാ. ററി. സി. ജേക്കബ്
(ചീഫ് എഡിററർ)

കോട്ടയം,
15–7–1973.

## പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ

# ബാവാ തിരുമനസ്സിലെ സന്ദേശം



മഹാ ഭക്തനും വിശ്വാസജീവിത മാതൃകാപുരുഷനുമായിരുന്ന കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ അദ്ദേഹം റമ്പാനായിരിക്കുമ്പോൾമുതൽതന്നെ നമുക്കു നേരിട്ടറിയാം, പഴയ സെമിനാരിയിൽ പുന്നൂസ് റമ്പാൻ ശെമ്മാശ്ശന്മാരുടെ വാർഡനായിരുന്നപ്പോൾ അദ്ദേഹത്തിൻെറ ശിക്ഷണത്തിൻകീഴിൽ വൈദിക വിദ്യാർത്ഥിയായിരിക്കുന്നതിനുള്ള ഭാഗ്യം നമുക്കു ലഭിച്ചു. ശെമ്മാശ്ശന്മാർക്കെല്ലാം ഉത്തമ മാതൃകയായിരുന്നു അദ്ദേഹം. അദ്ദേഹം കാതോലിക്കാ ആയശേഷം സഭയുടെ സമാധാനത്തിനുവേണ്ടി വളരെയധികം കഷ്ടപ്പെട്ടു. നമ്മുടെ പരിശ്രമംകൊണ്ടുകൂടി നടന്ന ആലുവാ വട്ടമേശ സമ്മേളനത്തിലും പിന്നീട് ഹോംസിൽ നടന്ന സമാധാനാലോചനകളിലും ബാവാതിരുമേനി പങ്കെടുത്തു എങ്കിലും ആ ശ്രമങ്ങൾ വിജയിച്ചില്ല. നിരാശനാകാതെ അദ്ദേഹം സത്യത്തിനും സത്യവിശ്വാസത്തിനുംവേണ്ടി അന്ത്യംവരെ നിലകൊള്ളുകയും കാലംചെയ്യുന്നതിനു മുമ്പ് സഭാ സമാധാനം കൈവരുത്തുകയും ചെയ്തു. തെക്കും വടക്കുമുള്ളവർക്ക് ഒരുപോലെ സ്വീകാര്യനായിരുന്ന ഭക്തനായ പ. ബാവാ തൻെറ ഗുരുവും മാതൃകാ പുരുഷനുമായിരുന്ന പരുമല പുണ്യവാളൻെറ കാലടികളിൽ സഞ്ചരിക്കുകയും വിഷമഘട്ടങ്ങളിൽ പരുമലനിന്നു ആധ്യാത്മിക പ്രചോദനം നേടുകയും ചെയ്തിട്ടുള്ള സ്മര്യപുരുഷൻ മാർത്തോമ്മായുടെ ഇന്ത്യൻ സഭയും അന്ത്യോക്യൻ സുറിയാനിസഭയും സഹകരിച്ച് ''സ്നേഹബന്ധത്തിൽ'' പോകണമെന്ന് അതിയായി ആഗ്രഹിച്ചിരുന്നു. സഭയിൽ സ്വാർത്ഥ താല്പര്യങ്ങളോ അഭിപ്രായങ്ങളോ നടക്കണമെന്ന് ഒട്ടും ആഗ്രഹമില്ലാത്ത അദ്ദേഹം സഭയ്ക്കുവേണ്ടി, തന്നെയും തൻെറ കഴിവുകളെയും പൂർണ്ണമായി സമർപ്പിച്ച മഹാചാര്യനായിരുന്നു. ആരോടും വിദ്വേഷം വച്ചുപുലർത്തിയിരുന്നുമില്ല.

തിരുമേനിയുടെ ആഗ്രഹങ്ങളും സ്വഭാവവിശേഷങ്ങളും അന്ത്യ കല്പനയിൽ ശരിക്കു പ്രതിഫലിക്കുന്നുണ്ട്.

കാതോലിക്കേററ് അരമനയുടെ ബാക്കി പണി പൂർത്തിയാക്കണമെന്നുള്ള തിരുമേനിയുടെ അന്ത്യാഭിലാഷം ഇനിയും ഫലിച്ചിട്ടില്ല. ഈ ജന്മശതാബ്ദിയുടെ ശുഭാവസരങ്ങളിൽ അരമന പൂർത്തിയാക്കുന്ന കാര്യങ്ങളിൽ ബാവായുടെ നേതൃത്വത്തെയും അനുഭവങ്ങളെയും അനുസ്മരിയ്ക്കുന്ന സഭാംഗങ്ങൾ ഒരുറച്ച തീരുമാനം എടുക്കുകയും ആയതു് എത്രയും വേഗം പൂർത്തിയാക്കുകയും ചെയ്യണം. ഈ കർത്തവ്യം നിറവേററാൻ നമ്മേയാണ് ഏല്പിച്ചിരിക്കുന്നതെന്ന ചിന്താഭാരം നമുക്കുമുണ്ട്.

തിരുമേനിയുടെ ജന്മശതാബ്ദി ജൂൺ 17–ാനു തികച്ചും വിപുലകരമായ ഒരു സിമ്പോസിയം നടത്തിയും ഈ മികച്ച സ്മാരകഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയും ആചരിച്ചതിനു ബന്ധപ്പെട്ട എല്ലാവരെയും നാം അനുമോദിക്കുകയും ദൈവം അവരെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ജന്മശതാബ്ദി സ്മാരക ഗ്രന്ഥം സഭാംഗങ്ങൾ എല്ലാവരും വായിച്ചു പ്രചോദനം ഉൾക്കൊള്ളുകയും ബാവാ തിരുമേനിയുടെ നല്ല മാതൃകകളെ പിന്തുടരുകയും ചെയ്യുന്നതിനു സഹായിക്കട്ടെ എന്നു നാം ആശംസിക്കുന്നു.

എന്നു്,

1973 ജൂലൈ 9–ാം തീയതി (ഒപ്പ്)

കോട്ടയം കാതോലിക്കേററ് അരമനയിൽനിന്നും

മലങ്കരസഭയുടെ സ്വാതന്ത്ര്യം കാത്തുരക്ഷിക്കുവാൻ അവിടുത്തെ മദ്ധ്യസ്ഥത ലഭിച്ചതിന് ഉപകാരസ്മരണ




"എൻമനമേ നീ വീണ്ടും സ്വസ്ഥമായിരിക്കുക. യഹോവാ നിനക്ക് ഉപകാരം ചെയ്തിരിക്കുന്നു".

inserted by
ബോംബയിലെ യുവജനങ്ങൾ

**RASHTRAPATI BHAVAN**

NEW DELHI–110604

April 21, 1973



No. F. 2-M/73

*Rev. Fr. Zacharia*
Orthodox Syrian Church
Catholicate Office
KOTTAYAM – 4, KERALA.

*Dear Sir,*

The President thanks you for your letter of the 9th April, 1973 and sends his best wishes for the success of Centenary Celebrations of His Holiness Moran Mar Baselius Geevarghese II, Catholicose of the East.

Yours Sincerely,
(Sd)
Press Secretary to the President.

## ബാവാ തിരുമേനി കാട്ടിത്തന്ന വഴി എല്ലാ ദൈവവിശ്വാസികൾക്കും പ്രചോദനം നൽകും. വി. വി. ഗിരി

× വിനയവും ശാന്തതയുമുള്ള പെരുമാററവും പരിശുദ്ധിയും സത്മനോഭാവവും വ്യക്തിത്വവുമുള്ള ഒരു മഹാനായിരുന്നു കാലം ചെയ്ത പ. കാതോലിക്കാബാവാതിരുമേനി. അദ്ദേഹത്തിന്റെ സമുദായത്തിനുള്ളിൽ മാത്രമല്ല ഇതര സമുദായാംഗങ്ങളുടെയും ബഹുമാനാദരവുകൾ സമ്പാദിച്ചിരുന്നു. ആർച്ചുബിഷപ്പ് മക്കാറിയോസ്, ഹെയിലിസലാസി ചക്രവർത്തി, പേർഷ്യൻ, ഗ്രീക്ക്, അർമ്മീനിയൻ, കോപ്ററിക് സഭകളുടെ തലവന്മാർ എന്നിവരുടെയും ബഹുമാനാദരവുകൾക്ക് തിരുമേനി പാത്രീഭൂതനായി. മലങ്കരസഭയുടെ ഏററവും നിർണ്ണായകമായ സന്ദർഭത്തിലാണ് അദ്ദേഹം സഭയുടെ അദ്ധ്യക്ഷസ്ഥാനം ഏററത് എങ്കിലും സമർത്ഥമായ രീതിയിൽ ആ പ്രതിസന്ധി ഘട്ടത്തെ അദ്ദേഹം തരണം ചെയ്തു.

അദ്ദേഹത്തെ കാണുവാൻ എനിക്ക് ഇടയായിട്ടുണ്ട്. ആ ബുദ്ധിശക്തിയും ഹൃദയവിശാലതയും എന്നെ ഹഠാദാകർഷിച്ചു. പരിശുദ്ധിയും നിസ്വാർത്ഥമായ ദൈവഭക്തിയുംകൊണ്ട് അദ്ദേഹം എല്ലാവർക്കും പ്രിയംകരനായിരുന്നു. ബാവാതിരുമേനി കാട്ടിത്തന്ന വഴി എല്ലാ ദൈവവിശ്വാസികൾക്കും പ്രചോദനം നൽകുമെന്ന് എനിക്ക് ഉറപ്പുണ്ട്. അദ്ദേഹത്തിന്റെ ആത്മാവിന് ഞാൻ നിത്യശാന്തി നേരുന്നു.


---

× വി. വി. ഗിരി (കേരളാഗവർണ്ണർ) 1964 ജനുവരി 14–ാം നു- തിരുവനന്തപുരം വി. ജെ. ററി. ഹാളിൽ ചേർന്ന അനുശോചനയോഗത്തിൽ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ചെയ്ത പ്രസംഗം.


# ഓർമ്മ ദിനങ്ങൾ



പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ്
തിരുമേനി
ഓർമ്മപ്പെരുനാൾ ജൂലൈ 12



തിരുവാങ്കോട്ട് ഗീവർഗീസ് റമ്പാച്ചൻ,
ഓർമ്മ. ജൂലൈ–16



മലങ്കരസഭാ മാസികയുടെ ചീഫ് എഡിററാ
യിരുന്ന എം. സി. കുറിയാക്കോസ് റമ്പാൻ,
പാത്താമുട്ടം ഓർമ്മ ജൂലൈ 20



മലങ്കരസഭാ മാസികയുടെ എഡിറററായിരുന്ന
നെടുമാവ് ററി. വി. ജോർജ്ജ് അച്ചന്റെ
രണ്ടാം ചരമവാർഷികം ജൂലൈ 30

## ARCH BISHOP MAKARIOS OF CYPRUS

NICOSIA–CYPRUS

*Rev. Fr. Zacharia,*
Malankara Sabha
Kottayam-4.

**CABLE**

The hundredth anniversary this year of the birth of the dearly remembered Catholicos of the East, Baselius Geevarghese II gives us the opportunity to pay homage to this great leader of Malankara Orthodox Church.

The late Catholicos Baselius Geevarghese II presided over his Church successfully for over 35 years. In this long period during which he led his congregation, he offered invaluable service to his flock which he minded with godly care.

At the time of Catholicos Baselius Geevarghese II, the bretherly relations between the Malankara Syrian Church (India) with Our Church were rekindled and the two Churches established close cooperation and approach which the Catholicos aimed at and so strongly desired. The discussions we had, when we met in 1962 have proved that our differences are less basic and that various misunderstandings created obstacles in the appreciation of real unity which exists between our churches. A reorientation of our positions in an atmosphere of true cordiality could and should erase these small differences which tend to divide us.

I Remember at this moment with deep emotion my visit to India in Novemeber 1962 when I had the pleasure to meet personally the late Catholicos Baselius Geevarghese II in Kerala. I can still hear his words full of love for the Church of Cyprus, for our people and for me personally.

May God rest the soul of Catholicos Baselius Geevarghese II in peace and perpetuate His Memory.

14th June, 1973.

Arch Bishop Makarios of Cyprus

# HIGH COMMISSIONER OF INDIA

P, O. BOX 2111

LUSAKA

A. M. THOMAS

June 23rd, 1973.

Rev. Fr. Zacharia T. G.
The Orthodox Syrian Church
Catholicate Officc
Kottayam-4, Kerala, India

Dear Rev. Father,

I am indeed happy that a Souvenir is being published to commemorate the birth Centenary of the late Catholicose Baselius Geevarghese II. His Holiness lived a full life, a life full of significant events in the history of the Orthodox Syrian Church. He was the spiritual and religious leader of the ancient Indian Christian community of Kerala. With his feet firmly on the faith and doctrines of the Church, His Holiness provided the inspiration and guidance to face the challenges thrown by the modern age.

When we celebrate the Birth Centenary one fact that stands foremost is the reconciliation effected among the two warring factions of the Church in his life time. The initiative taken by His Holiness the Patriarch of Antioch and His Holiness the Catholicos was being followed up in bringing out emotional integration in the Church. Subsequently several steps were afoot to cement the unity of the church especially after the installation of His Holiness the present Catholicos by His Holiness the Patriarch. However it is a matter of grief and distress that tendencies are again visible threatening the unity of the Church. The best tribute that the members of the Chureh could pay to the departed Catholicos is by rededicating ourselves to fight all fissiparous tendencies and stand unitedly to carry out the Mission of our Ancient Church.

With warm regards,


Yours Sincerely,

(Sd)

(A. M. Thomas)

**PATRIARCHE SUPREME**
CATHOLICOS DE TOUS LES ARMENIENS
ETCHMIADTZIN-U. S. S.R.

No. 121/'73



*Rev. Fr. Zacharia,*
Malankara Sabha
Catholicate Office
KOTTAYAM – 4

# Word Of Greeting Of His Holiness Vasken I, Catholicos Of All Armenians, On The Occasion Of Centenary Celebrations Of The Birth Of The Late Moran Mar Baselius Geevarghese II, Catholicos Of The East.

With brotherly love and respect We evoke the memory of the late Moran Mar Baselius Geevarghese II Catholicos of the East.

We pray that Almighty God keep His departed and beloved soul in the eternal life forever with unfading halo.

Personally We always have had in our thought good memories of Him from our meeting during our visit to Malabar in 1963.

May the Lord guard the Malankara Orthodox Church unshaken and in prosperity.

7th May 1973

VASKEN I
(Sd)
CATHOLICOS OF ALL ARMENIANS

*With Best Regards*



*from:*

Phone: 3547

**IVAN'S FOOD CORPORATION**

**KOTTAYAM-4, KERALA**

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ.

യൂഹാനോൻ മാർ തോമ്മാ മെത്രാപ്പോലീത്തായിൽനിന്നും.

Telephone No: 313

പൂലാത്തിൻ,
തിരുവല്ലാ,
21-6-73.

(മു)

*Rev. Fr. Zacharia,*
Malankara Sabha
Kottayam-4.

ദിവംഗതനായ പരിശുദ്ധ ബസ്സേലിയോസ് കാതോലിക്കാബാവാ തിരുമേനിയുടെ നൂറാം ജന്മദിനം സംബന്ധിച്ച് പ്രസിദ്ധപ്പെടുത്തുന്ന സുവനേറിൽ തിരുമേനിയെപ്പററി യുള്ളഎന്റെ സ്മരണ എഴുതുന്നതു് സന്തോഷം. ബാവാ തിരുമേനിയുമായി അടുത്തു് സമ്പർക്കം തുടങ്ങിയതു് സുറിയാനി സഭയിലെ Peace movement കാലത്താണ്. Bishop Jacob-ഉം ഞാനും ചേർന്നും, ഞാൻ തന്നെയും ഇതേ സംബന്ധിച്ച് ബാവായെ കണ്ടിട്ടുണ്ട്. Case തോററ സമയത്തായിരിക്കണം, മാങ്ങാനം ദയറായിൽവച്ച് Mr. K. C. Chacko-യുടെ ഒരു സന്ദേശവുമായി ഞാൻ തിരുമേനിയെ കണ്ടു സംസാരിച്ചു. Mr. Chacko-യുടെ പേർക്കു് ഞാൻ ചിലതു് സംസാരിക്കയും, എന്നെ ഏല്പിച്ച ചില സമാധാന വ്യവസ്ഥകൾ ഞാൻ അദ്ദേഹത്തെ ഏല്പിക്കയും ചെയ്തു. ''കുട്ടിയുടെ അഭിപ്രായമല്ലേ ഇതു്. മററുള്ളവരെക്കൂടെ ഇതു സംബന്ധിച്ച് ഞാൻ കാണട്ടെ'' എന്ന അർത്ഥത്തിൽ എന്നോടു പറഞ്ഞതായി ഓർക്കുന്നു. ബാവായ്ക്കു് പ്രത്യേകിച്ച് നിർബ്ബന്ധമില്ലാതെ സമാധാന വ്യവസ്ഥകൾ പരിചിന്തനം ചെയ്യുവാനുള്ള ഒരുക്കം ഞാൻ കണ്ടു.

പീലിക്സിനോസ് മെത്രാച്ചൻ കുന്നംകുളത്തുവച്ച് കാലം ചെയ്തു്, ശരീരം പഴയ സെമിനാരിയിൽ കൊണ്ടുവരുന്നതിനു് മുമ്പു കുറെ സമയം ഞാൻ ബാവായോട്ടുകൂടെ ചെല വഴിച്ചു. കേസ്സ് സുപ്രീം കോടതി വിധിയോടു് അവസാനമായി തീരുമാനം ഉണ്ടായി കഴിഞ്ഞു്, കല്ലിശ്ശേരിൽവച്ച് ഉണ്ടായ ഗംഭീര സ്വീകരണയോഗത്തിലും ഞാൻ തിരുമേനി യോടുകൂടെ യോഗത്തിൽ സംബന്ധിച്ചു. ജയഘോഷസമയത്തും, തോൽവിയുടെ സമയത്തും, ഒരുപോലെ അചഞ്ചലനായും, ദൈവാശ്രയമുള്ളവനായിട്ടുമാണ് ഞാൻ അദ്ദേഹത്തെ കണ്ടതു്. സന്തോഷസമയത്തു് ദൈവത്തെ മറക്കുകയും, ദുഃഖത്തിന്റെയും തോൽവി യുടെയും സമയത്തു് ദൈവത്തെ കൈവിടുകയും, ചെയ്ക മനുഷ്യസഹജമായ പരീക്ഷയാണ്.

ബാവാതിരുമേനിയുടെ അവസാന രോഗക്കിടക്കയിൽ പല പ്രാവശ്യം ഞാൻ സന്ദർശിച്ചി ട്ടുണ്ട്. എപ്പോൾ ചെന്നാലും എനിക്കു് കാപ്പിയോ എന്തെങ്കിലുമോ കുടിക്കാൻ തരിക പതി വാണ്. രോഗം വളരെ കൂടിക്കിടക്കുന്ന സമയത്തു് ഞാൻ ചെന്നു. കുറെ Oatmeal കുറുക്കിയതു് കൊണ്ടുവന്ന പാത്രത്തിൽനിന്നു് കുറെ ഒരു പാത്രത്തിലാക്കി എന്നെക്കൊണ്ടും അടുക്കലിരുന്നു് കുടിപ്പിച്ചു. അതാണ് അവസാനമായി തിരുമേനിയുമായി ഉണ്ടായ സംഭാഷണം.

കേസ്സ് സംബന്ധിച്ച് വട്ടശ്ശേരിലെ തിരുമേനി കടന്നുപോയ പല അനുഭവങ്ങളിൽ കൂടെ യും, ബാവാ തിരുമേനിയും കടന്നുപോയിട്ടുണ്ട്. എന്നാൽ സഭയിൽ സമാധാനം കാണുവാനു ള്ള ഭാഗ്യം ബസ്സേലിയോസ് തിരുമേനിയുടേതായിരുന്നു. ധീര പുരുഷനായ വട്ടശ്ശേരിൽ തിരുമേ നിയും, ഭാഗ്യവാനായ ബസ്സേലിയോസ്ബാവാ തിരുമേനിയും, സുറിയാനി സഭാ ചരിത്രത്തിൽ നക്ഷത്രങ്ങളായി ശോഭിക്കുന്നു. അവരുടെ ദൃഷ്ടാന്തം, ജീവിത സ്മരണ, സഭയുടെ വലിയ ഇടയനായ ക്രിസ്തുവിങ്കലേയ്ക്കു് നമ്മെ നടത്തട്ടെ.

(ഒപ്പ്)

# TECHNO TRADES

**H. O: T. B. ROAD, KOTTAYAM.**

P. B No. 226.

Telephones:
Office:– 2629
Res:– 3772

**BRANCHES.**

| | | |
|---|---|---|
| Palayam, Trivandrum. | – | 60943. |
| Chinnakada Bazar, Quilon | – | 3096. |
| Railway Station Road, Trichur. | – | 1512. |

Distributors and Stockists of Automobile Battery Spares, Winding wires and Insulating materials.

**IUSTIN**
**MITROPOLIA MOLDOVEI SI SUCEVEI**
IASI - ROUMANIA
SERVICIUL CULTURAL
Nr. 5326

4th MAY 1973

Rev. Fr. Zachariah
Malankara Sabha
Catholicate Office
KOTTAYAM - 4
INDIA

*Dear. Fr. Zachariah,*

The celebration of the 100-th birth day of Moran Mar Baselius Geevarghese II who for 35 years was the Catholicos of the East and presided over the Malankara Orthodox Church in India, is an occasion of deep satisfaction for us and for the clergy and the subjects in the Archiepiscopate of Iassy, Roumania.

Fulfilling his commitment in the name of the Lord with great honour, he brought the Malankara Orthodox Church of India on a new stage of esteem and contributed to the establishment of fraternal relation among the Christians, and his name entered the range of great men of the Orthodox Syrian Church.

Giving our homage of great valuing, we express our conviction that his memory will perpetuate for ever in the souls of the Orthodox Christians all over the world.

We, ourselves, have a fresh memory of his bright image and his permanent wish to serve Christ's church.

Yours ever in the Lord,

(Sd)

IUSTIN

METROPOLITAN OF MOLDAVIA & SUCEAVA

With Best Regards



from:

St. George Orthodox Syrian Church
Trivandrum

**ST· GREGORY & ST· MACRINA HOUSE**

1· Canterbury Road· OXFORD

25-5-'73

*Dear Fr· Zachariah,*

It was truly my privelege to be the Principal of Catholicate College, when the late Moran Mar Baselius presided over the Orthodox Church of India. I was deeply impressed by his dignity and wisdom, which were mellowed by his courtesy and kindness.

Every one who met him felt sure that the Catholicos of the East will give support and blessing to all plans and actions which aim at the improvemet of the Church and will warn against any hasty and doubtful scheme.

My wife and I came to India with little knowledge of your country but we have been greatly helped by the Catholicos and by those people whom be assigned to be our advisers.

We keep in our hearts most cherished memories of the happy and truly blessed year spent in Pathanamthitta and we shall be with you in our spirit on June the 16th, when you celebrate the centenary of Mar Baselius' birth·

Yours in our Lord,

(Sd)

Nicolas & Militza Zernov

*With Humble Prayers*



*from:*

MALAYALA MANORAMA

KOTTAYAM & CALICUT

Telephone. 2030

# THE ORTHODOX SYRIAN CHURCH OF THE EAST

The Most Rev. **MATHEWS MAR COORILOS**
METROPOLITAN.

BISHOP'S HOUSE
QUILON-1

(മുദ്ര)

നമുക്കേറ്റവും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ റവ. ജി സക്കറിയാ
കത്തനാർക്ക് വാഴ്‌വ്.

പ്രിയനെ,

കാലംചെയ്ത നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ നൂറാം ജന്മദിനത്തോടനുബന്ധിച്ച് ഒരു സ്മാരക ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നു എന്നറിയുന്നതിൽ അതീയായി സന്തോഷിക്കുന്നു. പരിശുദ്ധനും മഹാ ഭാഗ്യശാലിയും മുനി ശ്രേഷ്ഠനും അനുഗ്രഹീതനുമായ തിരുമേനിയുടെ ജീവിതാനുഭവങ്ങൾ വിവരിക്കുന്ന ഈ സ്മാരകഗ്രന്ഥം അനേകർക്ക് അവരുടെ ജീവിതത്തിൽ മാർഗ്ഗദർശകമായിരിക്കുമെന്ന് നാം വിശ്വസിക്കുകയും കരുതുകയും ചെയ്യുന്നു. തിരുമേനിയുടെ തൃപ്പാദങ്ങളിൽ അദ്ദേഹത്തിന്റെ ഒരു ബലഹീന പുത്രൻ എന്ന നിലയിൽ എന്റെ സ്നേഹ ബഹുമാനാദരവുകൾ സമർപ്പിച്ചുകൊണ്ടും അദ്ദേഹത്തിന്റെ പ്രാർത്ഥനകളിലും അനുഗ്രഹങ്ങളിലും ശരണപ്പെട്ടുകൊണ്ടും പ്രിയന്റെ ഈ പരിശ്രമത്തിന് എല്ലാ ആശംസകളും നേർന്നുകൊണ്ടും ചുരുക്കുന്നു.

ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കട്ടെ.

സിംഗപ്പൂർ പള്ളിയിൽ നിന്നും.
10–6–'73

(ഒപ്പ്)

### അവിസ്മരണീയങ്ങളായ

# അന്ത്യോപദേശങ്ങൾ



ബഹുമാനപ്പെട്ട സഹോദരന്മാരും വാത്സല്ല്യ മക്കളുമെ,

നാം കാതോലിക്കാ ആയ ശേഷമുള്ള മുപ്പത്തിനാലുവർഷങ്ങൾ നിഴൽപോലെ കടന്നുപോയി. സന്തോഷപ്രദങ്ങളും സന്താപകരങ്ങളുമായ അനേക അനുഭവങ്ങളിലൂടെയാണു വി സഭ കടന്നുപോകുന്നതു്. അനേകതരത്തിലുള്ള ആപത്തുകൾ നേരിട്ടിട്ടുള്ളപ്പോഴൊക്കെയും നമ്മുടെ കത്താവിൻെറ കരുണയും ആശ്വാസവും നിറഞ്ഞ കരങ്ങൾ താങ്ങും തണലുമായിരുന്നു് നമ്മെ മുമ്പോട്ടു നയിച്ചു എന്ന വസ്തുത നന്ദിയും സ്തോത്രവും നിറഞ്ഞ ഹൃദയത്തോടെയല്ലാതെ സ്മരിക്കുവാൻ കഴിയുന്നില്ല.

നമ്മുടെ സഭയിൽ നീണ്ടുനിന്ന അഭിപ്രായ ഭിന്നതകളും വ്യവഹാരങ്ങളും നമ്മെ എത്രമാത്രം വേദനിപ്പിച്ചുഎന്നു പറഞ്ഞറിയിക്കാവുന്നതല്ല. ഭാഗ്യവാനും ശാശ്വതസ്മരണാർഹനുമായ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, അദ്ദേഹത്തെ തുടർന്നു് ബലഹീനനായ നാമും വാർദ്ധക്യവും ക്ളേശവും വകവയ്ക്കാതെ നമ്മുടെ സഭയുടെ സമാധാനത്തിനുവേണ്ടി ആവതു പ്രവർത്തിച്ചു എന്നു ദൈവമുമ്പാകെ നല്ല ശരണമുണ്ടു്. സുപ്രീംകോടതി വിധിയോടുകൂടി കേസ്സു് അവസാനിക്കുകയും അനന്തരം അധികം താമസിയാതെതന്നെ പാത്രിയർക്കീസ്ബാവായും നാമും പരസ്പരം സ്വീകരിച്ചു് സഭയിൽ സമാധാനമുണ്ടാക്കുകയും ചെയ്തു. അന്ത്യോക്യാ മലങ്കര സ്നേഹബന്ധം ഇതുമൂലം ദൃഢപ്പെടുകയാണു ചെയ്തിട്ടുള്ളതു്. ഇങ്ങനെ മലങ്കരസഭയിലെ അഭിപ്രായഭിന്നതകൾക്കു പരിഹാരമുണ്ടായിയെങ്കിലും സമാധാനത്തോടു താല്പര്യമില്ലാത്ത ഏതാനും വ്യക്തികൾ മാറിനൽക്കുന്നുണ്ടു് എന്നുള്ളതു് നമ്മുടെ വാർദ്ധക്യത്തെ വേദനിപ്പിക്കുന്നു.

പലപ്പോഴും നാം നിർബ്ബന്ധപൂർവ്വം നിങ്ങളെ ഉദ്ബോധിപ്പിച്ചിട്ടുള്ളപ്രകാരം നിങ്ങൾ സത്യവിശ്വാസത്തിൽ ഉറപ്പും നമ്മുടെ സഭയുടെ പരിപാവനങ്ങളായ ആചാരങ്ങളിൽ നിഷ്ഠയും താല്പര്യവുമുള്ളവരായിരിക്കണം. പുരാതനവും പരിശുദ്ധവും വിശുദ്ധന്മാർക്കു് ഒരിക്കലായി ഭരമേല്പിക്കപ്പെട്ടതുമായ വിശ്വാസവും നമ്മുടെ ആരാധനകളും ആചാരങ്ങളുമാണു് നമ്മുടെ സമ്പത്തു്. എന്തെല്ലാം പ്രയാസങ്ങൾ നേരിടേണ്ടിവന്നാലും എന്തു ത്യാഗം സഹിച്ചായാലും ഈ വിശ്വാസവും ആചാരങ്ങളും നമ്മുടെ മഹത്തായ പാരമ്പര്യങ്ങളും നിങ്ങളേവരും മുറുകെപ്പിടിച്ചുകൊള്ളമെന്നു നമ്മുടെ അവസാന ശ്വാസത്തോടുകൂടി നാം വീണ്ടും നിങ്ങളെ ഉറപ്പായി പ്രബോധിപ്പിച്ചുകൊള്ളുന്നു.

വി. മാർ തോമ്മാശ്ളീഹാ ക്രിസ്താബ്ദാരംഭത്തിൽ ഇവിടെ സ്ഥാപിച്ച നമ്മുടെ സഭ, സത്യവിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതാണു്. പെരുമാരിക്കും കൊടുങ്കാററിനും അതിനെ തകർക്കാൻ സാധിക്കാതെ അതു് ഉറച്ചുനിൽക്കുന്നു. ഇതിൻെറ സ്ഥാപകനായ നമ്മുടെ പിതാവു് തൻെറ രക്തം ഇതിനുവേണ്ടി ചൊരിഞ്ഞു. വിശേഷിച്ചും അദ്ദേഹത്തിൻെറ രക്തസാക്ഷിത്വത്തിൻെറ ഓർമ്മയുടെ ഈ ദിവസം നമ്മുടെ ഈ അന്ത്യകല്പന നാം നിങ്ങൾക്കെഴുതുമ്പോൾ അദ്ദേഹത്തിൻെറ വിശ്വാസത്തിൻെറയും, ഭക്തിയുടെയും, ഇൻഡ്യയുടെ മണ്ണിൽ അദ്ദേഹം ചെയ്തിട്ടുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും, സഹിച്ചിട്ടുള്ള കഷ്ടപ്പാടുകളുടെയും സ്മരണയാണു നമ്മുടെ ഹൃദയത്തിലൂടെ കടന്നുപോകുന്നതു്. ഇവയെ നിങ്ങൾ അനുകരിപ്പീൻ. ''നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്തു് അവരുടെ വിശ്വാസം അനുകരിപ്പീൻ'' എന്നു് എബ്രായ ലേഖനത്തിൽ അപ്പോസ്തോലൻ നമ്മെ സൂക്ഷ്മപ്പെടുത്തുന്നു. ''ക്രിസ്തുയേശുവിൽ ഞാനല്ലയോ സുവിശേഷത്താൽ നിങ്ങളെ ജനിപ്പിച്ചതു്; ആകയാൽ എൻെറ അനുകാരികൾ ആകുവിൻ'' എന്നു വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരെ ഉത്ബോധിപ്പിക്കുന്നപ്രകാരം മാർ തോമാശ്ളീഹാ നമ്മെയും അനുസ്മരിപ്പിക്കുന്നു എന്നു നിങ്ങൾ അറിയണം. ആകയാൽ മാർ തോമ്മാശ്ളീഹായുടെ മക്കളായ നിങ്ങൾ എന്നും അദ്ദേഹത്തിൻെറ അനുകാരികൾ ആയിരിക്കണം.

പരിശുദ്ധ മാർ തോമ്മാശ്ളീഹായാൽ സ്ഥാപിതമായ പുരാതനവും പരിശുദ്ധവുമായ നമ്മുടെ സഭയുടെ ഐക്യത്തിന്റെയും അപ്പോസ്തോലികത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കേന്ദ്രമാണ് പരിശുദ്ധ കാതോലിക്കാസ്ഥാപനം എന്നുള്ളത് നിങ്ങൾ മറന്നുകളയരുത്. 'നമ്മുടെ സഭയുടെ നിലനില്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്ന് നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരെയായി പല പ്രയാസങ്ങൾ സഹിച്ച് നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാസ്ഥാപനത്തെ പുലർത്തിക്കൊണ്ടു പോകാനുള്ള ചുമതല നിങ്ങളോരോരുത്തരിലും നാം സമർപ്പിച്ചുകൊള്ളുന്നു;' എന്ന പ്രബോധനം നൽകിക്കൊണ്ടാണ് മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കടന്നുപോയത്. നമ്മെപ്പററി പറയുന്നതായാൽ നാം നമ്മുടെ ശക്തിക്കും പ്രാപ്തിക്കുമൊത്തവണ്ണം ഈ സിംഹാസനത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കുംവേണ്ടി പ്രവർത്തിച്ചിട്ടുണ്ട് എന്നാണു നമ്മുടെ ബോദ്ധ്യം. ഈ സിംഹാസനം പുനസ്ഥാപിതമായശേഷം അതിലെ മൂന്നാമത്തെ കാതോലിക്കാ ആയിരുന്ന് ഇക്കാലമത്രയും നിങ്ങളെ വഴി നടത്താൻ ദൈവം നമുക്കു സംഗതിയാക്കി. നാമും ഇതാ നമ്മുടെ ഓട്ടം തികച്ചശേഷം പിതാക്കന്മാരുടെ വഴിയേ പോകുന്ന ഈ വേളയിൽ ഈ സിംഹാസനം സംരക്ഷിച്ചുകൊണ്ടു പോകുന്നതിനും ഇതിന്റെ കീഴിൽ നമ്മുടെ സഭയിലെ മെത്രാപ്പോലീത്തന്മാരും വൈദികരും വിശ്വാസികളായ ജനങ്ങളും ഏകകൈയോടെ നിന്ന് മുമ്പോട്ടു പോകുന്നതിനും നാം നിങ്ങളെ ഏവരെയും പ്രത്യേകം ഓർമ്മിപ്പിക്കുകയും സ്നേഹപൂർവ്വം ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

പുനസ്ഥാപിതമായ കാതോലിക്കാസിംഹാസനത്തിനു സ്ഥിരമായ ഒരു ആസ്ഥാനം വേണമെന്ന് നമ്മുടെ പൂർവ്വികന്മാരും നാമും നിങ്ങളുമെല്ലാം ഒരുപോലെ ആഗ്രഹിച്ചിരുന്നതാണ്. പലേ പ്രയാസങ്ങളെയും പ്രാതികൂല്യങ്ങളെയും തരണം ചെയ്യേണ്ടിവന്നതിനാൽ അതിനു സാധിച്ചിരുന്നില്ല. ഈ കുറവു പരിഹരിക്കണം എന്ന ആഗ്രഹം മുൻനിർത്തി നാം ഇവിടെ പുതുതായി ഒരു അരമനക്കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും അതിന്റെ ഒന്നാമത്തെ നില മിക്കവാറും പൂർത്തിയാക്കി കൂദാശ ചെയ്തു നാം അതിൽ താമസമാക്കുകയും ചെയ്തു. ഇതിന്റെ ബാക്കി പണികൾ ശരീരപ്രകാരം. നിങ്ങളോടുകൂടെ ഇരുന്ന് നിർവ്വഹിപ്പാൻ നമുക്കു സമയം അനുവദിക്കപ്പെട്ടിട്ടില്ല. ഈ അരമന പൂർത്തിയാക്കുന്ന സംഗതിയിൽ നിങ്ങളേവരും സർവ്വാത്മനാ നമ്മുടെ പിൻഗാമിയോടു സഹകരിക്കണം. നമ്മുടെ പിൻഗാമികളായി വരുന്ന കാതോലിക്കാമാർ ഇവിടെ സ്ഥിരമായി താമസിക്കുകയും നമ്മെ തുടർന്ന് ഇവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്യണമെന്നുള്ളതാണ് നമ്മുടെ ആഗ്രഹമെന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.

ദരിദ്രസംരക്ഷണം, ആതുരസേവനം ഇവ സഭയുടെ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത കർത്തവ്യങ്ങളാണ്. എന്നാൽ പല പ്രതിസന്ധിഘട്ടങ്ങളിലൂടെ കഴിഞ്ഞ കാലങ്ങളിൽ സമുദായം കടന്നുപോകേണ്ടിവന്നതിനാൽ ഈ വിഷയത്തിൽ അധികമൊന്നും പ്രവർത്തിപ്പാൻ നമുക്കു സാധിച്ചില്ല. എങ്കിലും ഒരു മെഡിക്കൽ മിഷ്യൻ നാം ആരംഭിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുയുമാണ്. ഈ മിഷ്യൻ വിജയപ്രദമാക്കിത്തീർക്കാനുള്ള സാദ്ധ്യത നമ്മുടെ സമുദായത്തിനുണ്ട്. നമ്മുടെ മക്കളുടെ ഒരുമയും സ്നേഹവും ഒത്തിണങ്ങിയുള്ള സഹകരണവും ലഭിക്കുമെങ്കിൽ ഈ മിഷ്യനും ഇതുപോലുള്ള മററു പ്രവർത്തനങ്ങളും വിജയിക്കുമെന്നു നമുക്കുറപ്പുണ്ട്.

നമ്മുടെ ദീർഘമായ ഭരണകാലത്ത് നാം നിങ്ങളെ ആരെയെങ്കിലും വിഷമിപ്പിക്കുകയോ ബുദ്ധിമുട്ടിക്കുകയോ നഷ്ടപ്പെടുത്തുകയോ മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും വല്ല ദോഷവും പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം നമ്മുടെ രക്ഷിതാവായ കർത്താവിന്റെ നാമത്തിൽ ക്ഷമിക്കണമെന്നു നാം നിങ്ങളോരോരുത്തരോടും അപേക്ഷിക്കുന്നു. അപ്രകാരം തന്നെ ആരെങ്കിലും നമ്മോടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു നമ്മുടെ മനസ്സിൽ അല്പംപോലും ശേഷിച്ചിട്ടില്ലെന്നും മിശിഹായിൽ നാം ക്ഷമിച്ചിരിക്കുന്നു എന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.

നിങ്ങളുടെ ഇടയനും പിതാവുമായി നിങ്ങളെ വഴിനടത്താൻ ദൈവം നമ്മെ അനുവദിച്ചു. വളരെ ഭാരമുള്ളതും ഗൗരവമേറിയതുമായ ചുമതലകളാണു ദൈവംതമ്പുരാൻ നമ്മെ ഭരമേല്പ്പിച്ചത്. അവയെല്ലാം ശരിയായും കൃത്യമായും നിർവ്വഹിപ്പാൻ നമുക്കു സാധിച്ചിട്ടുണ്ട് എന്നു നാം വിചാരിക്കുന്നില്ല. മനുഷ്യസഹജമായ ബലഹീനതകൾമൂലം പല കുററങ്ങളും കുറവുകളും വന്നുപോയിട്ടുണ്ട്. അവയ്ക്കെല്ലാം ദൈവത്തിൽനിന്നു ക്ഷമയും മോചനവും കിട്ടുവാനും, നമ്മുടെ ആശ്വാസത്തിനും സമാധാനത്തിനും വേണ്ടിയും കരുണയുള്ളവനായ കർത്താവിനോടു നിങ്ങളും പ്രാർത്ഥിക്കണമെന്നു നാം ഈ അവസരത്തിൽ നിങ്ങളോട് അപേക്ഷിക്കുന്നു.

നമ്മുടെ കർത്താവായ യേശുമിശിഹാ അദൃശ്യമായിരിക്കുന്ന തന്റെ വലത്തുതൃക്കൈ ബലഹീനനും പാപിയുമായ നമ്മുടെ വലത്തുകൈയോടുകൂടി നിങ്ങളുടെമേൽ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും നിങ്ങളുടെ കൈകൾ ചെയ്യുന്ന എല്ലാ നല്ലവേലകളെയും അനുഗ്രഹിക്കുകയും, നമ്മെയും വിശ്വാസികളായ നിങ്ങളുടെ എല്ലാ മരിച്ചുപോയവരെയും തന്റെ സ്വർഗ്ഗീയ പർദൈസായിൽ ചേർത്ത് ആശ്വസിപ്പിക്കുകയും ചെയ്യാൻ നാം പ്രാർത്ഥിക്കുന്നു. നമ്മുടെ അന്ത്യ ആശീർവ്വാദങ്ങൾ നിങ്ങളേവർക്കും നാം നൽകുന്നു.

1963 ഡിസംബർ 21–ാം തീയതി കാതോലിക്കാസിംഹാസന അരമനയിൽനിന്ന്

(അന്ത്യ കല്പനയിൽനിന്ന്.)

# 25TH DEATH ANNIVERSARY CELEBRATIONS OF

Rev. Fr. Abraham Kurisinkal; B.A., Pallikkara, 14 June 1973

TRUST FUND IN HIS LOVING MEMORY–Rs. 10 LAKHS– INAUGURATED ON 14th June 1973



*Trust Fund will be Utilised for:*

(1) Invalid Clergy home. (2) Holiday home for clergies. (3) 100 Bed hospital. (4) English Medium Residential High School. (5) Offering dowry for helpless girls. (6) Scholarships for B.D. College, Kottayam. (a) 1 for Diocese out side Kerala. (b) 1 for Angamaly Diocese. (7) Rs.1000/ donation every year to Bethelehem Convent Kizhakambalam (8) Rolling Shield for the best student. (a) St. Mary's High School, Morakala. (b) Govt-School Kizhakambalam. (c) High School Kuruppampady. (9) 20 Bed ward at Kumarapuram Govt. Hospital.

**TRUSTEES**



K. A. GEORGE
P.S.T.A. President



K. ABRAHAM JOY
Managing Director
JALJOY, BAHRAIN


*Space Donated by*

**JALJOY SHIPPING & TRADING AGENCY BAHRAIN**

For Overseas
JOB OPPORTUNITIES

**PAN ASIAN TOURS**

Travel Agents & Tour Operators
187 GIRI NAGAR
COCHIN-20
Tel: 31115
Cable: PANASIAN

# താളുകൾ മറിക്കുമ്പോൾ


പേജ്

1 പ്രസ്താവന

2 സന്ദേശങ്ങൾ

3 ബാല്യം മുതൽ അന്ത്യംവരെ—സംസാരിക്കുന്ന ചിത്രങ്ങളിലൂടെ
(ആജീവനാന്ത സചിത്ര സ്മരണകൾ)

4 പ. ഗീവറുഗീസ് ദ്വിതീയൻ ബസ്സേലിയോസ് കാതോലിക്കാബാവാ നിത്യസ്മരണാർഹൻ
—മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ.... 1

5 ഭാഗ്യകനാനിൽ പ്രവേശിച്ച അതിമാനുഷൻ
—ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ.... 12

6 സി. എസ്. ഐ. മഹാ ഇടവകയും കാലംചെയ്ത ബാവാതിരുമേനിയും
—ബിഷപ്പ് എം. എം. ജോൺ.... 14

7 പ്രധാനാചാര്യനായി പിറന്ന മഹാനുഭാവൻ
—യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ.... 15

8 അനർഘ നിമിഷങ്ങൾ —എം. രഘുനാഥൻ, ഐ. എ. എസ്..... 17

9 പരിശുദ്ധനായ ഋഷിവര്യൻ —സി. കൊച്ചുകോശി, റവന്യൂ ബോർഡുമെമ്പർ.... 19

10 ചില സ്മരണകൾ
—റവ. സി. വി. ജോൺ, പ്രിൻസിപ്പൽ, മാർത്തോമ്മാ വൈദികസെമിനാരി.... 21

11 ആശ്വാസദായകനായ നല്ല ഇടയൻ —കെ. എം. മാത്യു, മനോരമ ചീഫ് എഡിറ്റർ.... 22

12 മഹച്ചരമ ശ്ലോകത്രയം (പദ്യം) —പുത്തൻകാവു മാത്തൻതരകൻ.... 24

13 ദൈവരാജ്യം പിടിച്ചെടുത്ത കർമ്മയോഗി
—തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ.... 25

14 പണ്ഡിതനും പരിശുദ്ധനും —ഫാദർ പോൾ വറുഗീസ്.... 27

15 സ്ഥിതപ്രജ്ഞനായ തിരുമേനി —കെ. പി. കെ. പിഷാരടി.... 29

16 ദേവലോകത്തെ രാജാവ് —ഡി. സി. കിഴക്കെമുറി.... 31

17 സഭയെ സമാധാനത്തിൽ എത്തിച്ച സാരഥി —ഫാ. റ്റി. സി. ജേക്കബ്.... 33

18 അവിസ്മരണീയമായ ഒരു അനുഭവ സാക്ഷ്യം—ലഫ്. കേണൽ ഡോ. എ. ജി. ഡേവിഡ്... 38

19 സ്പന്ദിക്കുന്ന സ്മരണകൾ —കെ. വി. മാമ്മൻ.... 39

20 ഏതോ ഒരവാച്യമായ ആകർഷണശക്തി —ഫാ. എം. വി. ജോർജ്ജ്.... 42

21 ദൈവനടത്തിപ്പിൽ വിശ്വസിച്ച ദൈവഭക്തൻ —അഡ്വ. എം. ഏബ്രഹാം.... 46

22 ചിന്തിപ്പിക്കുന്ന ചില സജീവ സ്മരണകൾ —കെ. എം. ചെറിയാൻ (Jr.).... 50

23 പൗരസ്ത്യ സൂര്യൻ അഥവാ പുണ്യശ്ലോകനായ
ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കോസ് —ഫാ. കെ. ഗീവറുഗീസ്.... 54

24 ഭക്തശിരോമണിയായ തിരുമേനി —റ്റി. എസ്. അബ്രഹാം കോർ എപ്പിസ്കോപ്പാ.... 56

25 വി. കുമ്പസാരത്തെപ്പറ്റി പ. ബാവാ തിരുമേനി —ഫാ. എം. എസ്. ഉമ്മൻ.... 59

26 ചിത്രകലയിൽ എന്റെ ഗുരു —ആർട്ടിസ്റ്റ് ബേബി.... 61

27 ആ കബറിങ്കൽ (പദ്യം) —ഫാ. ജോർജ്ജ് കളീക്കൽ.... 63

28 പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രസംഗം —(മ. മനോരമ).... 65

29 കാതോലിക്കാബാവാ തിരുമേനിയും പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയും
—ഡോ. പി. എം. പൗലൂസ്.... 68

30 പുണ്യാത്മാവായ നല്ല ഇടയൻ —ഫാ. ജോർജ്ജ് മട്ടയ്ക്കൽ.... 83

31 വഴികാട്ടി (പദ്യം) —സഭാകവി സി. പി. ചാണ്ടി.... 91

32 തിരുമേനിയുടെ നർമ്മബോധം —എൻ. എം. ഏബ്രഹാം.... 93

33 ഒരു നൂററാണ്ടുകാലത്തെ സംഭവബഹുലമായ മഹജ്ജീവിതം —മനോരമ.... 99

34 യുഗപ്രഭാവനായ തിരുമേനി —ഇ. കെ. അലക്സാണ്ടർ, ഏറത്തിക്കൽ....111

35 കേരള 'കപ്പദോക്യാ'യിലെ ആധുനിക ബസ്സേലിയോസ് —സി. സഖറിയാ റമ്പാൻ....115

36 ഒരനുസ്മരണ —ഫാ. ഗീവറുഗീസ് പണിക്കർ....125

37 ക്രൂശുമരത്തിൽനിന്നുള്ള അപേക്ഷയും ആശ്വാസത്തിന്റെ മറുപടിയും
—ഫാ. ററി. ജി. സഖറിയാ....127

38 മഹാസിദ്ധനായ മഹാപുരോഹിതൻ —ഫാ. ററി. ഇ. ജോർജ്ജ്....143

39 ഭാഗ്യവാനായ ബാവാതിരുമേനി —പുത്തൻകാവു മാത്തൻതരകൻ....147

40 A Guiding Light for Ever —Mrs. Achamma Mathai....161

41 പ. ബാവാ തിരുമേനി (പദ്യം) —എ. വി. സഖറിയാ....165

42 ഈശ്വരപ്രസാദവും ഫലിതവും —വറുഗീസ് കളത്തിൽ....167

43 കുട്ടികളുടെ ബാവാതിരുമേനി —കുഞ്ഞിച്ചായൻ....175

44 കുന്നംകുളവും പ. ബാവാ തിരുമേനിയും —കെ. വി. ചാക്കോ....181

45 പുണ്യശ്ലോകനായ ബാവാ തിരുമേനി —എം. ചാക്കോപ്പിള്ള....186

46 His Holiness the Catholicos of the East and H. I. M. The Emperor
of Ethiopia—Abraham Zachariah, Chempakamadom....189

47 സഭയ്ക്കുവേണ്ടി ജീവിച്ച വട്ടശ്ശേരിൽ തിരുമേനിയും ബാവാ തിരുമേനിയും
—ഫാ. ജേക്കബ്ബ്, മണലിൽ....193

48 ചരിത്രം സൃഷ്ടിച്ച പരിശുദ്ധ പിതാവ് —ഫാ. തോമസ്, കൊററാത്തുവിള....196

49 ഭക്തി ഭാസുരൻ —വിദ്വാൻ ഒ. തോമസ്....199

50 കരുണ പ്രതിബിംബിക്കുന്ന കണ്ണാടി —കുമാരി മേഴ്സി ജ്യോഫി....201

51 മഹർഷി വര്യനായ മഹാചാര്യൻ —സി. ജെ. സാമുവേൽ, ക്രോംപെട്ട്, മദ്രാസ്....202

52 മറക്കാനാവാത്ത ചില സംഭവങ്ങൾ ....203



*Best Compliments*

*From*

**NAVA RATNA MAHAL**

**KOTTAYAM**

Phone:

3717 & 2054

# ബാല്യം മുതൽ
# അന്ത്യം വരെ

★

സംസാരിക്കുന്ന

ചിത്രങ്ങളിലൂടെ

## EDITORIAL BOARD

H.G. Mathews Mar Ivanios Metropolitan (President)
Very Rev. C. Zachariah Remban, M. A., B. T.
Rev. Fr. T. C. Jacob, (Chief Editor)
Rev. Fr. M. V. George, B. A., B. D., S. T. M.
Rev. Fr. T. J. Joshua, B. A., B. D., S. T. M.
Rev. Fr. T. G. Zacharia, B. A., B. D., S. T. M.
Rev. Fr. P. V. Joseph, M. A.
Mr. Varghese Kalathil, M. A.
Mr. K. V. Mammen, B. A.

**പത്താം സ്റ്റാൻഡാർഡുകാർക്കു്**

എല്ലാ ആഴ്ചാവസാനങ്ങളിലും
അവധി ദിവസങ്ങളിലും **ഇംഗ്ളീ
ഷിനും കണക്കിനും** ഏററവും കാ
ര്യക്ഷമമായ

**വാരാന്ത്യ സ്പെഷ്യൽ
ക്ളാസ്സുകൾ !!**

I. F. S. S. for S. S. L. C.
The Best S S.L.C. Classes!
Estd: 1957. Sept.&March Courses.

കഴിഞ്ഞൊരു കോഴ്സിൽ

I.F.S.S–ലെ S.S.L.C–വിദ്യാർത്ഥിക്കു് ഇംഗ്ളീഷ് ഫസ്ററ് പേപ്പറിനു് **50–ൽ 40** മാർക്കു്! ഇംഗ്ളീഷിനു് മൊത്തം **75** ശതമാനം മാർക്കും കണക്കിനു് **100** ശതമാനം മാർക്കും, !! കോട്ടയം ടൗണിലും പരിസരങ്ങളിലുമുള്ള std. X – വിദ്യാർത്ഥികളിൽ ഫസ്ററ്ക്ളാസ്സ് നേടേണ്ടവർ രക്ഷകർത്താവുമായി ഉടനെ സമീപിക്കുക!
പ്രഥമവർഷത്തെ പ്രശസ്ത
വിജയത്തിനു്:

**കുമാരനല്ലൂർ I. F. S. S.
കോളേജ് !**

Observe

WORLD
REVOLUTION
Through
**"RESEARCH
LIGHT"**

Patron:
Professor G. Sukumaran Nair
(Head of the Dept. of Philosophy,
N.S.S COLLEGE, CHANGANACHERRY).
ആവശ്യപ്പെടുക:
"റിസേർച്ച് ലൈററ്"!!
ഇംഗ്ളീഷ് & മലയാളം
**യൂണിവേഴ്സൽ ക്വാർട്ടർലി
മാഗസീൻ**
Publishing by
**N. GEORGE PHILIPS GEOPHI**
(Ex–Officer 'Pilot' R. I. A. F)
**I. F. S. S. ORGANISANIONS
(REGD.)**

---

Girls: ഗവണ്മെൻറു്–തയ്യൽ പരീക്ഷ
കാംക്ക് (Std. VII. എങ്കിലും
പാസ്സായവർക്കു്)
**സൗജന്യ പരിശീലന
ക്ളാസ്സുകൾ!**
തുറക്കപ്പെടുന്ന ബ്രാഞ്ചുകളിൽ
നിയമനം
Apply Sharp! I. F. S. S.,
**KOTTAYAM-16.**



പിതാവ്



മാതാവ്



ശെമ്മാശ്ശൻ



ഇളയ സഹോദരിയോടുകൂടി



റമ്പാൻ



മെത്രാപ്പോലീത്താ



മലങ്കരമെത്രാപ്പോലീത്താ



കാതോലിക്കാബാവാ

## പുന്നൂസ് റമ്പാൻ 1908-ൽ ശീമയാത്രയ്ക്കു പുറപ്പെടുന്നവരുമൊന്നിച്ച്



ഇരിക്കുന്നവർ:

കരോട്ട് യൂയാക്കീം റമ്പാൻ (യൂയാക്കീം മാർ ഈവാനിയോസ്), കല്ലാച്ചേരിൽ പുന്നൂസ് റമ്പാൻ (ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കോസ്), വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാൻ (മാർ ഗീവറുഗീസ് ദീവന്നാസ്യോസ്), പാണമ്പടിക്കൽ പൌലോസ് റമ്പാൻ (മാർ കൂറിലോസ് മെത്രാപ്പോലീത്താ), ഫാ. അലക്സാന്ദർ കോടിയാട്ട്, എം. സി. പോത്തൻ മണമേൽ, കെ. ജെ. ഏബ്രഹാം കോടിയാട്ട്.

**നിൽക്കുന്നവർ:**

ഡീക്കൻ ഏബ്രഹാം പുതിയോട്ട്, ഡീക്കൻ പീലിപ്പോസ് ചെമ്പോത്ര, ഫാ. പി. റ്റി. ഗീവറുഗീസ് പണിക്കർ (ആർച്ചുബിഷോപ്പ് മാർ ഈവാനിയോസ്) ഡീക്കൻ മാത്യൂസ് പാറേട്ട് (മാർ ഈവാനിയോസ് മെത്രാപ്പോലീത്താ) ഡീക്കൻ ജോസഫ് വേങ്കടത്ത്, മക്കദിശ (പാമ്പാക്കുട)



സുറിയാനി വേദപുസ്തകം വായിക്കുന്നു



മ. മനോരമ പത്രം വായിക്കുന്നു

## ജീവിതത്തിലെ ചില രംഗങ്ങൾ



പ്രാത ഭക്ഷണം



ഔദ്യോഗികകാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നു



ഏവൻഗേലിയോൻ വായിക്കുന്നു



ഒരു പട്ടംകൊട

കളുടെ മദ്ധ്യത്തിൽ



ഒരു പള്ളിയുടെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുന്നു.



ഭക്തിനിർഭരമായ
കാലു കഴുകൽ ശുശ്രൂഷ
യിലെ ഒരു രംഗം



1953 മെയ് 22–ാം തീയതി അഞ്ചു മെത്രാൻമാരെ വാഴിച്ചപ്പോൾ



വാഴിക്കപ്പെട്ട തിരുമേനിമാർ ഭക്തജനങ്ങളെ വാഴ്ത്തുന്നു

## പ്രശസ്ത വ്യക്തികളുമൊന്നിച്ച്



എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ തേയോഫീലോസുമായി സംഭാഷണം നടത്തുന്നു



എത്യോപ്യൻ ചക്രവർത്തി ഹെയ്ലിസലാസിയുടെ സന്ദർശനം



ശ്റീ വി. വി. ഗിരിയുമായി സൗഹൃദ്സംഭാഷണം നടത്തുന്നു



നെഹ്റുവുമായി സൗഹ്റുദ്സംഭാഷണം നടത്തുന്നു.




1929-ൽ കാതോലിക്കാ ആയശേഷം പാമ്പാടി മാർ ഗ്രീഗോറിയോസ്, വട്ടശേരിൽ മാർ ദീവന്നാസ്യോസ്, ആർച്ചുബിഷോപ്പ് മാർ ഈവാനിയോസ്, ബഥനിയുടെ മാർ തേയോഫീലോസ് എന്നീ തിരുമേനിമാരും ഒന്നിച്ച്.



ബാവാ തിരുമനസ്സുകൊണ്ടു്
പുത്തൻകാവ്വ് മാർ പീലക്സീനോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്,
പാമ്പാടി മാർ ഗ്രീഗോറിയോസ്, വാളക്കുഴിയിൽ മാർ സേവേറിയോസ്
എന്നീ മെത്രാപ്പോലീത്തന്മാരും ഒന്നിച്ച്.





മുകളിൽ

ആർച്ചു ബിഷപ്പ് മക്കാറിയോസ് ബാവാതിരുമേനിയെ ചുംബനം ചെയ്തു യാത്രപറയുന്നു.

താഴെ

അമേരിക്കയിലെ ഗ്രീക്കു സഭാദ്ധ്യക്ഷൻ ആർച്ചു ബിഷപ്പ് ഇയിക്കോവോസ് പ. ബാവാതിരുമേനിയെ സന്ദർശിച്ചപ്പോൾ



അർമ്മീനിയൻ കാതോലിക്കോസ് വസ്കൻതിരുമേനി
ബാവായെ ചുംബനം ചെയ്യുന്നു



അർമ്മീനിയൻ ബിഷപ്പ് ഗസാറിയിന് സ്വർണ്ണമോതിരം
സന്തോഷപൂർവ്വം സമ്മാനിക്കുന്നു



സഭയുടെ സാരഥ്യം വഹിക്കുന്നതിനു് ഒരു പരിശീലനമോ?
ബാവാ ലണ്ടൻ പട്ടണത്തിൽ



1937-ൽ ബെൽഗ്രേഡിലെ സേർബിയൻ
പാത്രിയർക്കാ അരമനയിൽ



ആർച്ചുബിഷപ്പ് മക്കാറിയോസിൻെറ സന്ദർശനം



സൈപ്രസ് പ്രസിഡൻറ് ആർച്ചുബിഷോപ്പ് മക്കാറിയോസുമായി
നർമ്മസംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു

# വിവിധ ക്രൈസ്തവ സഭാദ്ധ്യക്ഷന്മാരുമൊന്നിച്ച്



**Front Row:** ബിഷപ്പ് തോമസ് തറയിൽ, പ. കാതോലിക്കാബാവാതിരുമേനി, ബിഷപ്പ് അലക്സാണ്ടർ ചൂളപ്പറമ്പിൽ, ബിഷപ്പ് വെസ്റ്റ്കോട്ട്, ആർച്ചുബിഷോപ്പ് ഈവാനിയോസ്, മദ്രാസ് ആർച്ചുബിഷോപ്പ് മത്യാസ്, ചങ്ങനാശ്ശേരി ആർച്ചുബിഷോപ്പ് ജെയിംസ് കാളാശ്ശേരി, യൂഹാനോൻ മാർതോമ്മാമെത്രാപ്പോലീത്താ.

**2 nd Row:** പുത്തൻകാവു മാർ പീലക്സീനോസ് മെത്രാപ്പോലീത്താ, കോയമ്പത്തൂർ ബിഷോപ്പ് ഉപകാരസ്വാമി, പാമ്പാടി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, മംഗലാപുരം ബിഷോപ്പ് ഫർണാണ്ടസ്, തൃശൂർ ബിഷോപ്പ് ജോർജ്ജ് ആലപ്പാട്ട്, വിജയപുരം ബിഷോപ്പ് ബനവന്തൂർ ആരാന, നിരണം ഇടവകയുടെ മാർ തോമ്മാ ദീവന്നാസ്യോസ്, തിരുവല്ലാ ബിഷോപ്പ് മാർ സേവേറിയോസ്.

**Back Row:** കൊല്ലം ബിഷോപ്പ് ജറോം ഫർണാണ്ടസ്, ആംഗ്ളിക്കൻ ബിഷോപ്പ് സി. കെ. ജേക്കബ്, തിരുവനന്തപുരം ബിഷോപ്പ് വിൻസൻറ് ഡെറീരാ.

കോട്ടയം

6–10–1945



ഡോ ഐഡാസ്കഡറും ഒന്നിച്ച് വെല്ലൂർ ആസ്പത്രിയിൽ



വെല്ലൂർ ആസ്പത്രിയിൽ രോഗിയായിരുന്നപ്പോൾ
വീൽ ചെയറിൽ



മന്നത്തു പത്മനാഭന്റെ സ്നേഹാശംസകൾ



മന്നത്തു പത്മനാഭൻ കാതോലിക്കേററ് അരമനയിൽ



കോഴിക്കോട്ടു നഗരസഭയുടെ സ്വീകരണത്തിനു മറുപടി പറയുന്നു. ബാഫക്കിതങ്ങളും, കെ. പി. കേശവമേനോൻ, എം. സി. പോത്തൻ എന്നിവരെയും കാണാം.




**അങ്കമാലി ഭദ്രാസന സ്വീകരണം**

കുറുപ്പംപടി സെൻറ് മേരീസ് പള്ളിയിലേയ്ക്ക് തിരുമേനി ആനയിക്കപ്പെടുന്നു



**മലബാർ ഭദ്രാസന സ്വീകരണം, സുൽത്താൻബത്തേരിയിൽവച്ച്**

ഭക്തജനങ്ങളെ ആശീർവദിക്കുന്നു. ഇടവകമെത്രാപ്പോലീത്താ മാർ ഒസ്താത്തിയോസ് തിരുമേനിയേയും കാണാം.



കുറുപ്പംപടി പള്ളിമുററത്തു ചേർന്ന വമ്പിച്ച സ്വീകരണ സമ്മേളനത്തിൽ
ബാവാതിരുമേനി പ്രസംഗിക്കുന്നു



കൊച്ചി ഇടവകയുടെ പൌലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ
കബറടക്കശുശ്രൂഷ നടത്തുന്നു



1937-ൽ എഡിൻബറോ കോൺഫ്റൻസിൽ മലങ്കരസഭാ പ്രതി
നിധിസംഘനേതാവ്, റമ്പാൻ അലക്സിയോസ്,
റമ്പാൻ തോമസ് എന്നിവരുമൊന്നിച്ച്



ബോംബെ പൌരാവലി ഗവർണ്ണർ മഹാരാജസിംഗിൻെറ
അദ്ധ്യക്ഷതയിൽ നൽകിയ സ്വീകരണത്തിനു
മറുപടി പറയുന്നു

# സഭാസമാധാനത്തിൻെറ മധുരസ്മരണകൾ





**മുകളിൽ:—**

**അവിസ്മരണീയമായ ഒരു രംഗം— 1958 ഡിസംബർ 16—ാം തീയതി രാത്രിയിൽ കോട്ടയം പഴയസിമ്മനാരിയിൽവച്ച് ബാവായും യൂലിയോസ് മെത്രാപ്പോലീത്തായും സഭാസമാധാന കൽപ്പനകൾ കൈമാറുന്നു.**

**താഴെ:—**

**തിരുമേനി കോതമംഗലം ചെറിയ പള്ളിയിൽ ബ. അച്ചന്മാരുമൊന്നിച്ച്**

## ഭിന്നിച്ചവർ ഒന്നിച്ചപ്പോൾ



സഭാസമാധാനം സൃഷ്ടിച്ച സന്തോഷാന്തരീക്ഷത്തിലെ സുഹൃൽസമ്മേളനം




യോജിച്ച സഭയിലെ അവിഭക്തനേതൃത്വം



**കൊച്ചി ഭദ്രാസനത്തിലെ സ്വീകരണം—**
**മുളന്തുരുത്തി പള്ളിയിൽവച്ച്**
ഇടവക മെത്രാപ്പോലീത്താ മാർ സേവേറിയോസ്,
മാർ ഗ്രീഗോറിയോസ്, മാർ കുറീലോസ്, മാർ അത്താനാസ്യോസ്
എന്നീ തിരുമേനിമാരേയും കാണാം.



മലയാള മനോരമയിൽ വച്ച് മുൻ ചീഫ് എഡിററർ കെ. എം. ചെറിയാൻ
നൽകിയ സ്വീകരണസൽക്കാരം




കോട്ടയം മുനിസിപ്പാലിററിയുടെ ആശംസകൾ



പെരുമ്പാവൂർ മുനിസിപ്പാലിററിയുടെ സ്വീകരണം.
ചെയർമാൻ മി. മണി മംഗളപത്രം വായിച്ചു സമർപ്പിക്കുന്നു.



**കല്ലിശേരിൽവച്ച് ക്നാനായ ഭദ്രാസനം നൽകിയ സ്വീകരണം**



സഭാസമാധാനശേഷം രൂപീകരിക്കപ്പെട്ട
മലങ്കരസഭാ മെഡിക്കൽമിഷ്യൻ കമ്മററി അംഗങ്ങൾ



1961—ൽ W. C. C. യുടെ ഡൽഹി അസംബ്ളിയിൽ സംബന്ധിച്ച ശേഷം മലങ്കരസഭ സന്ദർശിച്ച ഓർത്തഡോക്സ്സഭാ പ്രതിനിധികൾക്ക് നൽകിയ സ്വീകരണസമ്മേളനത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.



ഭാവിയുടെ വാഗ്ദാനങ്ങളുമൊന്നിച്ച് ബാവാ പഴയസിമ്മനാരിയിൽ.





മുകളിൽ:

സഭാസമാധാനത്തിനു ശേഷം പുത്തൻകാവിൽ വച്ചു നടന്ന മലങ്കര അസോസ്യേഷനെ അഭിസംബോധന ചെയ്യുന്നു. മാർ യൂലിയോസ് മെത്രാപ്പോലീത്തായാണ് കസേരയിൽ ഇരിക്കുന്നതു്.

താഴെ:

കൃതകൃത്യനായശേഷം പിൻഗാമിയെ തെരഞ്ഞെടുക്കുന്നതിനു് മെത്രാപ്പോലീത്തന്മാരുമൊന്നിച്ചു് നിരണം അസോസ്യേഷൻ സമ്മേളന ഹാളിലേക്കു നീങ്ങുന്നു.



തിരുമേനി ദേവലോകം അരമനയിൽ ആദ്യമായി പ്രവേശിച്ചപ്പോൾ



തിരുമേനി പണികഴിപ്പിച്ച ദേവലോകം അരമന ചാപ്പൽ.



**കേരളത്തിലെ വിവിധ സഭകളുടെ ആഭിമുഖ്യത്തിൽ 1952–ൽ കോട്ടയത്തുവച്ചു നടത്തപ്പെട്ട സെൻറ് തോമസ് ശതാബ്ദി സമ്മേളനത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.**



ബാവാതിരുമേനിയും മെത്രാപ്പോലീത്തന്മാരും റമ്പാന്മാരും 1952–ൽ

**ഇരിക്കുന്നവർ:** തോമ്മാ മാർ ദീവന്നാസ്യോസ്, ഔഗേൻ മാർ തീമോത്തിയോസ്, ബാവാ, മാർ ഗ്രീഗോറിയോസ്, മാർ തേവോദോസ്യോസ്—തിരുമേനിമാർ.

**നില്ക്കുന്നവർ:** മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ, അട്ടച്ചാക്കൽ മാത്യൂസ് റമ്പാൻ, മാരേട്ട് തോമ്മസ് റമ്പാൻ, എം. സി. കുറിയാക്കോസ് റമ്പാൻ, തിരുവാങ്കോട്ട് ഗീവറുഗീസ് റമ്പാൻ.



6-1-1963-ൽ രാജ്യരക്ഷാനിധിയിലേക്കുള്ള 20 പവൻ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ആർ. ശങ്കറിനെ അരമനയിൽ വച്ച് സസന്തോഷം ഏല്പിക്കുന്നു.



ഒരു വിവാഹകൂദാശ നടത്തുന്നു.



എത്യോപ്യൻ അംബാസഡർ അനുഗ്രഹം പ്രാപിക്കുന്നു.



ബാവാതിരുമേനി ദേവലോകം സൺഡേസ്കൂളും അദ്ധ്യാപകരുമൊന്നിച്ച്; ഫാ. എൻ. എ. യൂഹാനോൻ (സേവേറിയോസ് മെത്രാപ്പോലീത്താ) മി. ററി. വി. ജോർജ്ജ്, (പിന്നീട് ഫാ. ററി. വി. ജോർജ്ജ്) മി. കെ. വി. ജോസഫ് (ഫാ. കെ. വി. ജോസഫ്) എന്നിവരെയും കാണാം.



വിദ്യാർത്ഥി പ്രസ്ഥാനത്തിൽ അതീവ തൽപ്പരനായ തിരുമേനി
നിരണം സ്റ്റുഡന്റ്സ് കോൺഫറൻസിൽ.



സ്പോർട്ട്സ് തല്പരനായിരുന്ന തിരുമേനി
വിജയംവരിച്ച എം. ഡി. സെമിനാരി ഫുട്ട്ബോൾ ടീമിനോടൊപ്പം



എത്യോപ്യൻ ചക്രവത്തിയുടെ സമ്മാനം സസന്തോഷം സ്വീകരിക്കുന്നു.



സൈപ്രസ് പ്രസിഡൻറി (ആർച്ചുബിഷപ്പ് മക്കാറിയോസി) നു് മലങ്കരസഭയുടെ മംഗളപത്രം സമർപ്പിക്കുന്നു.



ഗ്രീക്കു സഭയുടെ ആശംസകളോടൊപ്പം സമ്മാനവും സ്വീകരിക്കുന്നു.



തിരുമേനിയുടെ സുഹൃത്തായിരുന്ന ലെസ്‌ലി ബ്രൌൺ ഉഗാണ്ടാ ആർച്ച്ബിഷോപ്പായപ്പോൾ നൽകിയ സ്വീകരണം




90–ാം ജന്മദിനത്തിൽ (16–6–1963) സാധുക്കൾക്കു് അന്നദാനം; പാത്രം നിറയെ വാരി കൊടുക്കുന്നു.



ബാവാ തിരുമനസ്സുകൊണ്ടു് അവസാനം നടത്തിയ വിവാഹ കൂദാശ (1963 മെയ് 12.)

തിരുമനസ്സുകൊണ്ടു്
കഞ്ഞിക്കുഴി കവല
യിൽ പണികഴിപ്പിച്ച
കുരിശിൻതൊട്ടി





പുതിയ അരമനയുടെ ഉത്ഘാടനശേഷം നടത്തപ്പെട്ട സൽക്കാരവേളയിൽ അരമന പണിയുടെ ചുമതല വഹിച്ച മി. എം. ചാക്കോ പിള്ളയ്ക്കു് ബാവാ തിരുമനസ്സുകൊണ്ടു് തിരുമനസ്സിലെ മുദ്ര പതിച്ച മോതിരം സമ്മാനിക്കുന്നു. അരമന ഉത്ഘാടനം ചെയ്ത വസ്ക്കൻ തിരുമേനിയെയും കാണാം.



കന്തീലാശുശ്രൂഷയിൽ അങ്കമാലി മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ് തിരുമേനി തൈലം പൂശുന്നു.

ഓട്ടം തികച്ചു



4,30 A M 3-1-1964




വിലാപയാത്രയുടെ തുടക്കം പഴയസെമ്മിനാരിയിൽനിന്ന്.



അന്ത്യ
പുഷ്പാഞ്ജലി

മലയാള മനോരമ ചീഫ് എഡിററർ കെ. എം. ചെറിയാൻ
റീത്തു് സമർപ്പിക്കുന്നു.



കോട്ടയം നഗരം കണ്ട ഏററവും വലിയ വിലാപയാത്ര. ബാവാ തിരുമനസ്സിലെ മ്ൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര കോട്ടയം കളക്ടറേററിനു മുമ്പിൽകൂടി നീങ്ങുന്നു.




മുകളിൽ:

ഡോ. പി. എം. പൌലോസ് ബാഷ്പാഞ്ജലികളോടൊപ്പം പുഷ്പചക്രം സമർപ്പിക്കുന്നു.

താഴെ;

പന്ത്രണ്ട് കൈകളാൽ വഹിക്കപ്പെട്ട റീത്ത് സമർപ്പിക്കപ്പെടുന്നു.





സഭയ്ക്കു നേരിട്ട നഷ്ടത്തെപ്പററി ശ്രീ. എ. എം. തോമസ് പ്രസംഗിക്കുന്നു.



തിരുമേനിയുടെ
കബർ



കബർ മന്ദിരം



പൂർത്തിയാകാത്ത അഭിലാഷം (പുതിയ അരമന)

ഒടുവിൽ കിട്ടിയ ചിത്രങ്ങൾ:



വാകത്താനം മാർ പീലക്സീനോസ് (മലങ്കരയിലെ രണ്ടാം കാതോലിക്കോസ്)
കണ്ടനാട്ട മാർ ഈവാനിയോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്,
കുണ്ടറ മാർഗ്രീഗോറിയോസ് (ബസ്സേലിയോസ് ഗീവർഗീസ്
ദ്വിതീയൻ കാതോലിക്കാ ബാവാ)



സഭാസമാധാന ആലോചനയ്ക്ക് ഹോംസിൽ എത്തിയ ബാവാതിരുമേനി യറുശലേമിലെ
ആംഗ്ളിക്കൻ ബിഷപ്പ് ഗ്രഹാം ബ്രൗണും ഒന്നിച്ച്.
ഫാ. സി. എം. തോമസ് (മാർ തോമ്മാ ദീവന്നാസ്യോസ്) പ. ബാവാ തിരുമേനി, മിസ്സസ് ബ്രൗൺ,
ബിഷോപ്പ് ബ്രൗൺ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ.

### സഭാചരിത്രപ്രധാനമായ
# ജന്മശതാബ്ദി സിമ്പോസിയം

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് ജൂൺ 17—ാം നു- ഞായറാഴ്ച തിരുമേനിയുടെ നാമധേയം വഹിക്കുന്ന കോട്ടയം ബസ്സേലിയോസ് കോളജിൽ വച്ച് സമുചിതമായ ഒരു സിമ്പോസിയം നടത്തുകയുണ്ടായി. അര നൂററാണ്ടിലധികം അതുല്യമായ വ്യക്തിപ്രഭാവത്തോടും ആദ്ധ്യാത്മിക ശക്തിയോടും അനുപമമായ നിഷ്ഠകളോടും കൂടി മലങ്കരസഭയ്ക്കു സുധീരമായ നേതൃത്വം നൽകുകയും സഭയെ സമാധാനത്തിലേക്കു നയിക്കുകയും ചെയ്ത തിരുമേനിയുടെ ജീവിത വിജയത്തിൻെറ ഉള്ളറകളിലേക്ക് തിരുമേനിയുമായി ഏററവും അടുത്തു് പെരുമാറിയ സമുന്നത വ്യക്തികൾ ഇറങ്ങിച്ചെന്നുവെന്നാണ് സിമ്പോസിയത്തിലെ പ്രബന്ധങ്ങൾ പ്രകടമാക്കിയതു്. മാതൃകാപുരുഷനായ ഒരു സഭാമേലദ്ധ്യക്ഷനെയാണ് സിമ്പോസിയത്തിൽ അദ്ധ്യക്ഷത വഹിച്ച തുമ്പമൺ ഭദ്രാസനാധിപൻ ദാനിയേൽ മാർ പീലക്സീനോസ് തിരുമേനിയും, സിമ്പോസിയം ഉദ്ഘാടനം ചെയ്ത നിയുക്ത കാതോലിക്കാ ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയും എടുത്തു കാണിച്ചതു്.

റവന്യൂ ബോർഡു മെമ്പർ സി. കെ. കൊച്ചുകോശിയും, കോട്ടയം ജില്ലാ കലക്ടർ എം. രഘുനാഥനും, ഫാദർ പോൾ വറുഗീസും, അഡ്വ. എം. ഏബ്രഹാമും ചെയ്ത പ്രസംഗങ്ങൾ തിരുമേനിയെപ്പററിയുള്ള ഉത്തമസാക്ഷ്യങ്ങളുടെ നിദർശനങ്ങളായിരുന്നു. പ്രശംസയുടെയും അഭിനന്ദനത്തിൻെറയും പൂക്കൾ അവർ ലോഭമെന്യെ സ്മരണകളിലൂടെ വാരി വിതറി പരിമണം പരത്തി.

കേന്ദ്രഭരണത്തിലിരിക്കുന്ന കോട്ടയത്തെ പള്ളികളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഈ സിമ്പോസിയത്തിൽ പ്രശസ്തമായ ഒരു സദസ്സാണു പങ്കെടുത്തതു്. സിമ്പോസിയം കൺവീനർമാരായ കെ. വി. മാമ്മനും, സി. യു. മാത്യൂവും യഥാക്രമം സ്വാഗതവും കൃതജ്ഞതയും പറഞ്ഞു.

---

## സിമ്പോസിയം - ചിത്രങ്ങളിലൂടെ

പ്രസംഗകർ

മുകളിൽ: 1. ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ. 2. ബിഷോപ്പ് എം. എം. ജോൺ. 3. സി. കൊച്ചുകോശി, ഐ. എ. എസ്സ്.

മദ്ധ്യേ: 1. ഡോ. മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ. 2. കെ. വി. മാമ്മൻ. 3. എം. രഘുനാഥൻ, ഐ. എ. എസ്സ്. 4. അഡ്വേക്കേററു് എം. ഏബ്രഹാം. 5. ഫാ. പോൾ വറുഗീസ്.

താഴെ: 1. പ്രശസ്തരായ പ്രസംഗകർ. 2. സദസ്സിൻെറ ഒരു വീക്ഷണം.

# ജന്മശതാബ്ദി സിമ്പോസിയം — ചിത്രങ്ങളിലൂടെ



*With Best Compliments*



*from:*

M. CHACKOPILLA
KOLENCHERRY

പ. ഗീവറുഗീസ് ദ്വിതീയൻ ബസ്സേലിയോസ് കാതോലിക്കാബാവാ

# നിത്യ സ്മരണാർഹൻ

## (മാത്യൂസ് അത്താനാസ്സിയോസ് മെത്രാപ്പോലീത്താ)

**ആമുഖം**

മലങ്കരസഭ ഭരിച്ചിട്ടുള്ള മലങ്കരമെത്രാപ്പോലീത്തന്മാരുടെയും കാതോലിക്കാമാരുടെയും പട്ടികയിൽ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായിക്ക് അദ്വിതീയ സ്ഥാനമുണ്ട്.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്സിയോസിനു മുമ്പുള്ള കാലഘട്ടം വിട്ടാൽ പ്രഗൽഭമതികളായ മലങ്കരമെത്രാപ്പോലീത്തന്മാരും കാതോലിക്കാമാരും ഈ സഭയുടെ തലപ്പത്തിരുന്ന് സഭാനൗകയെ നയിച്ചിട്ടുണ്ട്. ഓരോരുത്തരും ഓരോ പ്രധാനപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കേണ്ടതിനായി ദൈവനിയോഗം ഉണ്ടായിരുന്നതായിട്ടു വേണം ചരിത്രത്തിൽനിന്നും മനസ്സിലാക്കുവാൻ.

അന്ത്യോക്യാ പാത്രിയർക്കീസന്മാരുമായുള്ള ബന്ധം പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്സിയോസ്സിന്റെ കാലത്തുണ്ടായി. അദ്ദേഹമാണ് പാത്രിയർക്കീസിൽനിന്നു നേരിട്ടു പട്ടമേറ്റ ആദ്യത്തെ മലങ്കരമെത്രാപ്പോലീത്താ. അതിനു മുമ്പ് ശീമക്കാരായ പിതാക്കന്മാർ മലങ്കര സഭാദ്ധ്യക്ഷന്മാരിൽ ചിലർക്കെല്ലാം സ്ഥാനം കൊടുത്തിട്ടുണ്ടെങ്കിലും മാത്യൂസ് മാർ അത്താനാസ്സിയോസ് ശീമയിൽ ചെന്ന് 1842-ൽ പട്ടമേറ്റപ്പോൾ മുതൽ മലങ്കരസഭാ മേലദ്ധ്യക്ഷന്മാർക്ക് പാത്രിയർക്കീസ് പട്ടംകൊടുക്കുന്ന പതിവുണ്ടായി. പുലിക്കോട്ട് മാർ യൗസേഫ് ദ്വിതീയൻ ദീവന്നാസ്സിയോസ്, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ എന്നിവർ പാത്രിയർക്കീസിൽനിന്നു നേരിട്ടു പട്ടമേറ്റ മലങ്കരസഭാദ്ധ്യക്ഷന്മാരായിരുന്നു.

മാത്യൂസ് മാർ അത്താനാസ്സിയോസ്–പാത്രിയർക്കീസുമായി നേരിട്ടുള്ള ബന്ധം സ്ഥാപിച്ചുവെങ്കിൽ പുലിക്കോട്ട് മാർ ദിവന്നാസിയോസ് അതൊരു ആത്മീയ മേൽനോട്ടമായി (Spiritual supervision) രൂപപ്പെടുത്തി. നവീകരണക്കാരുമായി അദ്ദേഹം നടത്തിയ വ്യവഹാരങ്ങളുടെ അവസാന തീരുമാനമായി തിരുവിതാംകൂറിലെയും കൊച്ചിയിലെയും റോയൽ കോടതി വിധികളുടെ ഫലം അതായിരുന്നുവല്ലോ. മലങ്കരസഭയുടെ ആത്മീയവും (Spiritual) ലൗകികവും (Temporal) വൈദികവുമായ (Ecclesiastical) എല്ലാ കാര്യങ്ങളുടെയും പ്രധാന ചുമതല മലങ്കരമെത്രാപ്പോലീത്തായ്ക്കാണെന്നാണല്ലോ റോയൽ കോർട്ട് വിധി. പാത്രിയർക്കീസിനു പൊതുവായുള്ള ആത്മീയ മേലന്വേഷണമാണ് (Spiritual supervision) ആ വിധികൾമൂലം സിദ്ധിച്ചിട്ടുള്ളത്. ഈ ആത്മീയ മേലദ്ധ്യക്ഷത മൂലം പാത്രിയർക്കീസിനു മലങ്കരസഭയുടെ ആഭ്യന്തര കാര്യങ്ങളിൽ ഉണ്ടാകാവുന്ന കുഴപ്പങ്ങളുടെ ദൃഷ്ടാന്തമാണ് വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസിന്റെ മുടക്കം, അതിനെത്തുടർന്നുണ്ടായ വട്ടിപ്പണക്കേസും. വട്ടശ്ശേരിൽ തിരുമേനി നടത്തേണ്ടിവന്ന വട്ടിപ്പണക്കേസ്സിന്റെ അവസാന ഫലം പാത്രിയർക്കീസിന്റെ ആത്മീയ മേൽനോട്ടം അനിയന്ത്രിതമായി ഉപയോഗിക്കുവാൻ പാടില്ലെന്നും, അദ്ദേഹത്തിന്റെ നടപടികൾ സ്വാഭാവിക നീതിക്ക് (Natural Justice) യോജിച്ച വിധത്തിൽ ആയിരിക്കണമെന്നുമായിരുന്നു. അന്ത്യോക്യാസിംഹാസനവുമായുള്ള മലങ്കരസഭയുടെ വേഴ്ച വട്ടശ്ശേരിൽ തിരുമേനി കാര്യമായി ഗണിച്ചിരുന്നെങ്കിലും പാത്രിയർക്കീസന്മാരുടെ ആത്മീയ മേൽനോട്ടം ഈ സഭയുടെ ആഭ്യ-

ന്നവ കാര്യങ്ങൾക്ക് വിഘാതം വരുത്തുമെന്നും, ഈ സഭയുടെ പുരോഗതിക്ക് അതിന്റെ ആഭ്യന്തരസ്വാതന്ത്ര്യം അത്യന്താപേക്ഷിതമാണെന്നുമുള്ള ബോദ്ധ്യം നിമിത്തമാണ് കാതോലിക്കാസിംഹാസനം ഇവിടെ പുനഃസ്ഥാപിക്കുന്നതിന് അദ്ദേഹം മുൻകൈ എടുത്തത്. എങ്കിലും ആ സിംഹാസനം ഇവിടെ സുസ്ഥിരമായത് അദ്ദേഹത്തിന്റെ പിൻഗാമിയായ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ കാലത്തു മാത്രമായിരുന്നു.

ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ ദീർഘനാളം നടത്തിയ ആയോധനത്തിന്റെയും വ്യവഹാരത്തിന്റെയും ഫലമായി, മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കാ സിംഹാസനം ശരിയായിട്ടുള്ളതാണെന്നും, പാത്രിയർക്കീസിന്റെ ആത്മീയ മേൽനോട്ടം കാതോലിക്കായിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നും, എം. എം. അക്കാം മലങ്കരസഭയുടെ ഭരണഘടന ആകുന്നുവെന്നും, കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായും ഒരാൾതന്നെയായിരിക്കുന്നതുകൊണ്ട് തെററില്ലെന്നും 1958-ലെ സുപ്രീംകോടതിവിധിമൂലം സ്ഥാപിക്കപ്പെട്ടു.

മലങ്കരയിലെ സിംഹാസനം മാർത്തോമ്മാശ്ലീഹായുടെ സിംഹാസനമാണെന്നും, കാതോലിക്കാ ഉപവിഷ്ടനായിരിക്കുന്നത് ആ സിംഹാസനത്തിൽ ആണെന്നുമുള്ള കാര്യങ്ങൾ മുമ്പിനാലെ അറിയപ്പെട്ടിരിക്കുന്നതാണെങ്കിലും അവ സ്ഥാപിക്കുന്നതിനുള്ള കർത്തവ്യം അദ്ദേഹത്തിന്റെ പിൻഗാമിയായ ഇപ്പോഴത്തെ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവായിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നുവേണം വിചാരിക്കുവാൻ. മലങ്കരസഭയുടെ ദുരന്തം അതുകൊണ്ടു തീരുമോ? ദൈവത്തിനു മാത്രം അറിയാം!

## ജന്മശതാബ്ദി

പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കായുടെ ജന്മശതാബ്ദിയാണല്ലോ ഈ ജൂൺമാസത്തിൽ കൊണ്ടാടപ്പെട്ടത്. തിരുമേനി 1874 ജൂൺ 16-ാം തീയതി ജാതനായി. 1974 ജൂൺ 16-ാംനു അദ്ദേഹത്തിന്റെ നൂറാം ജന്മദിനമായിരുന്നു. തിരുമേനി ദിവംഗതനായിട്ട് കഴിഞ്ഞ ജനുവരി 3-ാം തീയതി 9 വർഷം പൂർത്തിയായി. 1964 ജനുവരി 3-ാം നു-യാണല്ലോ തിരുമേനി നിര്യാതനായത്.

നിത്യസ്മരണാർഹനായ തിരുമേനി നിര്യാതനായി എന്നു ചിന്തിക്കുവാൻ പ്രയാസം തോന്നുന്നു. ഇപ്പോഴും അദ്ദേഹത്തെ മുമ്പിൽ കണ്ടുകൊണ്ടിരിക്കുന്നു. അനേകരുടെയും ഹൃദയങ്ങളിൽ തിരുമേനി സജീവനായിത്തന്നെ സ്ഥിതി ചെയ്യുന്നു.

## തിരുമേനിയുമായുള്ള എന്റെ പരിചയം

1935 ഫെബ്രുവരി 23-ാം നു- മലങ്കരമെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്തു. 1934 ഡിസംബർ 28-ാം നു- കോട്ടയം എം. ഡി. സെമ്മിനാരിയിൽ കൂടിയ മലങ്കര അസോസ്യേഷൻ ബസ്സേലിയോസ് ദ്വിതീയൻ കാതോലിക്കാബാവായെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുത്തു. അപ്പോൾ മുതൽ അദ്ദേഹത്തിന്റെ സ്ഥിരതാമസം കോട്ടയം പഴയ സെമ്മിനാരിയിൽ ആയിത്തീർന്നു.

കാലം ചെയ്ത ബാവായെ അതിനു മുമ്പ് ഒരു പ്രാവശ്യം മാത്രം കണ്ടിരുന്നതായിട്ടേ എനിക്ക് ഓർമ്മയുള്ളു. കുണ്ടറ സെമ്മിനാരിയിൽ മിക്കവാറും താമസിച്ചിരുന്ന തിരുമേനി കോട്ടയത്തിനു വിരളമായി മാത്രമേ വന്നിരുന്നുള്ളു. വന്നിരുന്നാൽ തന്നെയും ഞാൻ ഉപരിപഠനാർത്ഥം കോട്ടയത്തിനു വെളിയിൽ താമസിക്കേണ്ടിവന്നിരുന്നതുകൊണ്ട് ബാവായെ കാണുന്നതിന് അവസരമില്ലായിരുന്നു.

ഞാൻ ഒരു പ്രാവശ്യം അദ്ദേഹത്തെ കണ്ടത് തിരുമേനി കൊല്ലം മുതലായ ഭദ്രാസന ഇടവകകളുടെ മെത്രാപ്പോലീത്താ ആയിരിക്കുമ്പോൾ കോട്ടയം മാർ ഏലിയാ ചാപ്പലിലെ പെരുനാളിൽ സംബന്ധിക്കുന്നതിന് തിരുമേനി വന്ന അവസരത്തിലാണെന്നു തോന്നുന്നു. അന്നു ഞാൻ ഒരു കൊച്ചു പയ്യനായിരുന്നു. എം. ഡി. സിമ്മനാരിയിൽ താഴത്തെ ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥി. എങ്കിലും അന്നു കണ്ട രൂപം ഇപ്പോഴും എന്റെ മനസ്സിൽ തെളിഞ്ഞുതന്നെ നിൽക്കുന്നു. ദീർഘകായൻ, കൃശഗാത്രൻ, നീണ്ട നാസിക, ചുരുക്കമായ മീശയ്ക്കു വെളിയിൽ ദൃശ്യമായിരുന്ന ദൈർഘ്യമേറിയതും വീതി കൂടിയതുമായ ചെവികൾ, നിരവിട്ട് പുറത്തേക്കുന്തിനിൽക്കുന്ന മുൻ പല്ലുകൾ, വെളുത്ത നിറം. അന്നു തിരുമേനിക്ക് നാല്പതു നാല്പത്തിയഞ്ചു വയസ്സു കാണുമായിരിക്കാം.

തിരുമേനിയുമായി ഞാൻ അടുത്തു പഴകുവാൻ തുടങ്ങിയത് 1936-നു ശേഷമാണ്, അന്നു ഞാൻ കൽക്കട്ടാ ബിഷോപ്പ്സ് കോളജിലെ വേദപഠനം കഴിഞ്ഞ് പഴയസെമ്മിനാരിയിൽ ചെറിയമഠത്തിൽ സ്കറിയാ മല്പാനച്ചന്റെ കൂടെ സുറിയാനിഭാഷ അഭ്യസിക്കുകയും, സെമ്മിനാരിയ

ലെ വൈദികവിദ്യാർത്ഥികൾക്കു് ചില ക്ലാസ്സുകൾ എടുക്കുകയും ചെയ്തിരുന്നു. സൗകര്യാർത്ഥം ഒന്നോ രണ്ടോ വർഷം ഇക്കാലത്തു് സെമ്മിനാരിയിൽ ഞാൻ താമസിച്ചിട്ടുണ്ടു്. ബാവാ തിരുമേനിയുടെ അടുത്തു ചെല്ലുന്നതിനും, അദ്ദേഹവുമായി സംസാരിക്കുന്നതിനും ഈ സമയത്തു് ധാരാളം അവസരം ലഭിക്കുമായിരുന്നു. അന്നു ഞാൻ കണ്ട രൂപം പത്തിരുപതു കൊല്ലങ്ങൾക്കു മുമ്പു് മോർ ഏലിയാ ചാപ്പലിൽവച്ചു കണ്ട രൂപത്തിൽനിന്നു് എത്ര വ്യത്യസ്തമായിരുന്നു! ഏറെക്കുറെ സ്ഥൂലിച്ച ശരീരം, തിങ്ങി വളർന്നു് വലിയ ചെവികളെ മിക്കവാറും മറച്ചുകളയുന്ന നീളം കുറിയ താടിമീശ, നിരകളിൽ ഒതുങ്ങി നിൽക്കുന്ന കൃത്രിമ പല്ലുകൾ, ശോഭയേറിയ മുഖം, ആകർഷണീയമായ കളേബരം. പിന്നീടുള്ള പത്തുമുപ്പതു കൊല്ലങ്ങളിലെ എൻെറ പരിചയ വേളയിലെല്ലാം തിരുമേനിയുടെ ആകാര ഭംഗി നാൾതോറും വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നതു കണ്ടു ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ടു്.

## തിരുമേനിയുടെ ആളത്വത്തെപ്പററിയുള്ള സാക്ഷ്യങ്ങൾ

1937 ആഗസ്റ്റുമാസം 3-ാം൹ മുതൽ 19-ാം൹ വരെ എഡിൻബറോയിൽ ചേർന്ന അഖില ലോക സഭാകൌൺസിലിൽ സംബന്ധിച്ച മുന്നൂറിൽപരം മേല്പട്ടക്കാരിൽ വച്ചു ഏററവും സമാരാദ്ധ്യനായിരുന്ന വ്യക്തി പ. കാതോലിക്കാബാവാ ആയിരുന്നുവെന്നു കോൺഫറൻസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. എഡിൻബറോയിലെ പ്രധാന ദിനപത്രമായ "ദി സ്കോട്ട്സ്മാൻ(The Scotsman) എന്ന പ്രസിദ്ധീകരണത്തിൻെറ 1937 ആഗസ്റ്റ് 7-ാം൹-യിലെ പതിപ്പിൽ ഇപ്രകാരം പറഞ്ഞിരുന്നു". **Although not long past his 63rd birth day, he looks a venerable figure with his flowing robes, the Jewels which mark his as a high dignitary of the Church, and his long white beard. The gracious informality of the interview contrasted with the diginty of his bearing and the magnificence of his title,** 'ചർച്ചു് ഓഫ് ഇംഗ്ലണ്ടിലെ കാനൻ ഡഗ്ലസ് എഴുതിയിരിക്കുന്നതു ഇപ്രകാരമാണു്' **"Again, at the meetings of the Conference he was received with most marked attention and the Archbishop of Canterbury, whom he visited was Struck by his personality".**

വ്രതങ്ങളും, നോമ്പു് നമസ്കാരം മുതലായ തപശ്ചര്യകളും ശരീരത്തിൻെറ ഓജസ്സും തേജസ്സും വർദ്ധിപ്പിച്ചു, ശരീരകാന്തി വർദ്ധിപ്പിക്കുന്നതിനിടയാക്കുമെന്നുള്ളതിനുള്ള മകുടോദാഹരമായിരുന്നു തിരുമേനി. തിരുമേനി മുടക്കംകൂടാതെ നിരന്തരമായി അങ്ങനെയുള്ള വ്രതാനുഷ്ഠാനങ്ങൾ നടത്തിയിരുന്നുവെന്നു പരക്കെ അറിവുള്ള കാര്യമാണു്. ചെറുപ്പകാലത്തെ അപേക്ഷിച്ചു അന്ത്യകാലത്തു തിരുമേനിയുടെ ശരീരലാവണ്യം അനേകമടങ്ങു വർദ്ധിച്ചിരുന്നു.

## മലങ്കരയിലെ "ഒന്നാമത്തെ" കാതോലിക്കാ.

1912- സെപ്റ്റംബർമാസം 10-ാം൹ പരുമല സെമിനാരി ചാപ്പലിൽ വച്ചു് കല്ലാശ്ശേരിൽ പുന്നൂസ് റമ്പാച്ചനെ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു. ഒരാഴ്ചകഴിഞ്ഞു് ആ മാസം 17-ാം൹ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ്സിൻെറ പ്രധാന കാർമ്മികത്വത്തിൽ നിരണം വലിയപള്ളിയിൽ വച്ചു് കണ്ടനാട്ടു ഇടവകയുടെ മുറിമററത്തിൽ പൗലൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മലങ്കരയിലെ ഒന്നാം കാതോലിക്കാആയി വാഴിക്കപ്പെട്ടു.

കാതോലിക്കാവാഴ്ചയ്ക്കു ഒരാഴ്ചമുമ്പാണു് മാർ ഗ്രീഗോറിയോസിനെ മെത്രാപ്പോലീത്താ ആയി വാഴിച്ചതു്. പട്ടംകൊടയിലെ പരിശുദ്ധാത്മാവാഹാന വേളയിൽ മെത്രാപ്പോലീത്തന്മാർക്കായുള്ള 'ക്രൊയ്‌തോ ദ്‌റൂഹോ' പ്രാർത്ഥന ചൊല്ലിയശേഷം ബാവാ അല്പനേരം പകച്ചുനിന്നിട്ടു പട്ടംകൊടപുസ്തകത്തിൻെറ താളുകൾ മറിച്ചു് പാത്രിയർക്കീസ്സന്മാർക്കു് പ്രത്യേകം ചൊല്ലാറുള്ള പരിശുദ്ധ ക്ലീമ്മീസിൻെറ പ്രാർത്ഥന എടുത്തു അതുംകൂടി ചൊല്ലുകയുണ്ടായി. കാതോലിക്കായ്ക്കു് പാത്രിയർക്കീസ്സിൻെറ സ്ഥാനംതന്നെയാണല്ലോ ഉള്ളതു്. വിശുദ്ധ കർബ്ബാനയുടെ തുബ്ദേനിൽ അപ്രകാരം പറഞ്ഞിട്ടുമുണ്ടു്. തവസരത്തിൽ പരസ്യമായി കാതോലിക്കായെന്നു പ്രഖ്യാപിച്ചില്ലെങ്കിലും ആത്മാവിൽ ബാവാ മാർ ഗ്രീഗോറിയോസ്സിനെ കാതോലിക്കാ ആയിത്തന്നെ അവരോധിക്കയാണു ചെയ്തതു്. ഇക്കാര്യം പരിശുദ്ധ കാതോലിക്കാബാവാതന്നെ പല പ്രാവശ്യം പറഞ്ഞു ഞാൻ കേട്ടിട്ടുള്ളതാകുന്നു.

ഒന്നാം കാതോലിക്കായുടെ ഭരണകാലം ഹ്രസ്വമായിരുന്നു, 1913 മേയ്മാസം 2-ാം൹ അദ്ദേഹം ദിവംഗതനായി. പല കാരണങ്ങളാലും

പിന്നീടു പതിമ്മൂന്നു കൊല്ലങ്ങളോളം കാതോലിക്കാ ഇല്ലായിരുന്നു. അതിനുശേഷം 1926–ഏപ്രിൽ മാസം 29–ാംനു നിരണം പള്ളിയിൽവച്ചു കോട്ടയം ഇടവകയുടെ ഗീവറുഗ്ഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ മലങ്കരയിലെ രണ്ടാം കാതോലിക്കാആയി വാഴിക്കപ്പെട്ടു. എന്നാൽ രണ്ടര കൊല്ലങ്ങൾ മാത്രമെ അദ്ദേഹം കാതോലിക്കാ ആയി ഇരുന്നുള്ളു. 1928 ഡിസംബർ മാസം 17–ാംനു അദ്ദേഹം കാലധർമ്മംപ്രാപിച്ചു. 1929 ഫെബ്രുവരി 13–ാംനു കോട്ടയം മാർ ഏലിയാ ചാപ്പലിൽവച്ചു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ മലങ്കരയിലെ മൂന്നാമത്തെ കാതോലിക്കാ ആയി ഉയർത്തിയപ്പോൾ പരിശുദ്ധനായ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് ബാവായുടെ ആത്മനിറവിൽ ഉണ്ടായ തെരഞ്ഞെടുപ്പ് അന്വർത്ഥമായെന്നു വേണം വിചാരിക്കുവാൻ. ഗീവറുഗ്ഗീസ് ദ്വിതീയൻ ബാവാ 12 മേല്പട്ടക്കാരുടെ സ്ഥാനാഭിഷേകം നടത്തുകയും രണ്ടുപ്രാവശ്യം മൂറോൻകൂദാശ നടത്തുകയും ചെയ്തു. കോടതിവിധിമൂലവും മററു വിധങ്ങളിലും സർവ്വരാലും അംഗീകരിക്കപ്പെട്ട കാതോലിക്കാ അദ്ദേഹവും ആയിരുന്നു. തന്റെ മുൻഗാമികളെ അവഗണിച്ചുകൊണ്ടല്ലെങ്കിലും, മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കാ താനാകുന്നു എന്നു ഫലിതരൂപേണ തിരുമേനി ചില അവസരങ്ങളിൽ ഉന്നയിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്. പരിശുദ്ധ അബ്ദേദ്മ്ശിഹാ പാത്രിയർക്കീസ്സിന്റെ തെരഞ്ഞെടുപ്പും അദ്ദേഹം തന്റെമേൽ നടത്തിയ പട്ടംകൊടയുടെ രീതിയും ആശ്രയിച്ചുകൊണ്ടായിരിക്കണം തിരുമേനി അപ്രകാരം കല്പിച്ചിട്ടുള്ളതു്.

## മുള്ളു നിറഞ്ഞ മെത്ത

ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ എന്നും പട്ടുമെത്തയിൽ കിടന്നിരുന്നുവെന്നു് ആരും നിരൂപിക്കേണ്ട. തിരുമനസ്സിലെ അന്ത്യകാലങ്ങൾ മാത്രം ദർശിച്ചിട്ടുള്ളവർക്കു് അപ്രകാരമുള്ള ഒരു പ്രതീതി ഉണ്ടാകാവുന്നതാണു്. സുദീർഘമായ തൊണ്ണൂറു വർഷത്തെ ആയുസ്സിൽ 1958 സെപ്റ്റംബർ മുതൽ 1964 ജനുവരി വരെയുള്ള അഞ്ചിൽ ചില്വാനം വർഷങ്ങൾ ഉൾക്കൊള്ളുന്ന അന്ത്യഘട്ടവും, റമ്പാൻ സ്ഥാനമേൽക്കുന്നതിനു മുമ്പുള്ള 25 കൊല്ലങ്ങളുമൊഴിച്ചാൽ തിരുമനസ്സിലെ ജീവിതം ഒരു മുള്ളുമെത്തതന്നെ ആയിരുന്നു. 1912–ൽ മെത്രാനായതുമുതൽ 1929–ൽ തിരുമേനി കാതോലിക്കാ ആയ കാലം കടന്നു് 1934–ൽ തിരുമേനി മലങ്കരമെത്രാപ്പോലീത്ത കൂടി ആയതുവരെയുള്ള കാലഘട്ടം പ്രയാസരഹിതമായിരുന്നില്ല. അതിനുശേഷമുള്ള കാലം അഗ്നിപ്പരിശോധനതന്നെ ആയിരുന്നു.

## സമുദായക്കേസ്സ്

1938 ഫെബ്രുവരിയിൽ കോട്ടയം ജില്ലാക്കോടതിയിൽ സമുദായക്കേസ് ഫയൽ ചെയ്തു. ആകാശത്തിൽ തൂങ്ങിക്കിടക്കുന്ന ഡെമോക്ളിഷൻ വാൾപോലെ സമുദായഗാത്രത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്ന ആ കേസ്സു് കാതോലിക്കാഭാഗത്തിനെതിരായി വിധിക്കുമെന്നു പലരും ശങ്കിച്ചിരുന്നു. സ്ഥാനഭ്രംശം ചെയ്യപ്പെട്ട അബ്ദൽമിശിഹാ പാത്രിയർക്കീസിനാൽ സ്ഥാപിക്കപ്പെട്ട കാതോലിക്കാസിംഹാസനവും അതിനെ പിൻപററി നില്ക്കുന്ന കാതോലിക്കാ കക്ഷിക്കാരും ഇത്തവണ തോററു തൊപ്പി ഇടുമെന്നു് പാത്രിയർക്കീസ് കക്ഷിക്കാർ വിമ്പിളക്കിക്കൊണ്ടിരുന്നതും കേസ്സിന്റെ വിജയാപജയങ്ങളെപ്പററി അഭിഭാഷകന്മാരുടെ ഭിന്നാഭിപ്രായങ്ങളും, കാതോലിക്കാകക്ഷിക്കാരെ വളരെ നിരുൽസാഹപ്പെടുത്തി. സമുദായസ്വത്തുക്കൾക്കു് റിസീവറെ വയ്ക്കുമെന്നുതന്നെ പലരും വിശ്വസിച്ചു.

## കോടതി വിധികൾ

1943 ജനുവരി 18–ാം തീയതി തിങ്കളാഴ്ച കാതോലിക്കാഭാഗത്തിനു പരിപൂർണ്ണ വിജയം നല്കിക്കൊണ്ടുള്ള കോട്ടയം ഡിസ്ട്രിക്റ്റു് കോടതിയിൽനിന്നും ഉണ്ടായ ബി. കൃഷ്ണയ്യരുടെ വിധി എല്ലാവരുടെയും ഉൽസാഹം വർദ്ധിപ്പിക്കുക മാത്രമല്ല, ബാവാ തിരുമേനി എല്ലാവരുടെയും ആരാദ്ധ്യപുരുഷനാകുന്നതിനു കാരണമാകുകയും ചെയ്തു. പക്ഷെ അതു താല്ക്കാലികമായിരുന്നു. 1946 ഓഗസ്റ്റു് 8–ാംനു തിരുവിതാംകൂർ ഹൈക്കോടതിയിൽനിന്നുണ്ടായ പാത്രിയർക്കീസ് പക്ഷത്തിന്റെ അപ്പീൽ അനുവദിച്ചുകൊണ്ടുള്ള വിധി കാതോലിക്കാ ഭാഗത്തെ നിരാശരാക്കി. 1951 ഡിസംബർ 21–ാം തീയതി ഉണ്ടായ തിരു–കൊച്ചി ഹൈക്കോടതിയിലെ റിവ്യൂ വിധിയും കാതോലിക്കാ കക്ഷിക്കു് ദോഷമായിരുന്നു. റിവ്യൂ വിധിക്കുശേഷം 1951 ഡിസംബർ 31–ാം തീയതി നടന്ന അടൂർ മുതൽ കോട്ടയം വരെയുള്ള അതിഗംഭീരമായ വരവേല്പും (വിധി പ്രസ്താവിച്ചപ്പോൾ തിരുമേനി കൽക്കട്ടായിൽ ആയിരുന്നു) തിരുമേനിയോടുള്ള ജനങ്ങളുടെ കൂറും ഭക്തിയും വെളിവാക്കുന്നതായിരുന്നു.

റിവ്യൂ വിധിമൂലം പഴയ സെമ്മിനാരി നഷ്ടപ്പെട്ടു് തിരുമേനിക്കു തല ചായ്ക്കാൻ ഇടമി

പ്രാരത്ത അവസ്ഥയിൽ ആക്കിത്തീർത്തെങ്കിലും ഒരു നിമിഷംപോലും നിരാധാരനാകുവാൻ തിരുമേനിക്ക് ഇടവരരുതെന്നുള്ള ആകാംക്ഷയിൽ കെ. സി. മാമ്മൻമാപ്പിള, എം. സി. മാത്യു മുതലായവരുടെ പരിശ്രമഫലമായി തിരുമേനിയുടെ താമസത്തിന് കോട്ടയത്തുള്ള ദേവലോകം ഒന്നര ലക്ഷം രൂപാ കൊടുത്ത് വാങ്ങിയതു് ഈ ഘട്ടത്തിൽ ആയിരുന്നു.

(റിവ്യൂ വിധിക്കു ശേഷം 1952–ൽ സുപ്രീംകോടതിയിൽ തിരുമേനി അപ്പീൽ ബോധിപ്പിച്ചു. 1954 മെയ് 21–ാം തീയതി സുപ്രീംകോടതി അപ്പീൽ അനുവദിക്കുകയും എല്ലാ പോയിൻറുകളെയും സംബന്ധിച്ച് അപ്പീൽ മുഴുവനായി വീണ്ടും കേൾക്കുന്നതിനു തിരുകൊച്ചി ഹൈക്കോടതിയിലേക്ക് കേസ്സ് അയയ്ക്കുകയും ചെയ്തു. 1956 നവംബർ നാലാം തീയതി കേരളസംസ്ഥാനവും കേരള ഹൈക്കോടതിയും ഉടലെടുത്തു. 1956 ഡിസംബർ 31–ാം തീയതി വീണ്ടും കാതോലിക്കാഭാഗത്തിനെതിരായി കേരള ഹൈക്കോടതിയുടെ വിധിയുണ്ടായി. (ശങ്കരൻെറ ജഡ്ജുമെൻറ്)

കേരള ഹൈക്കോടതിയുടെ വിധിയിന്മേൽ 1957 മാർച്ച് 21–ാം തീയതി സുപ്രീംകോടതിയിൽ വീണ്ടും അപ്പീൽ ബോധിപ്പിച്ചു. അനേകം നൂലാമാലകൾ നിറഞ്ഞ ആ കേസ്സ് കാതോലിക്കാഭാഗത്തിന് പരിപൂർണ്ണ വിജയം നല്കിക്കൊണ്ട് 1958 സെപ്തംബർ 12–ാം തീയതി വിധിയ്ക്കുകയുണ്ടായി. ആ വിധി റിവ്യൂ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് പാത്രിയർക്കീസ് പക്ഷത്തുനിന്ന് 1958 ഒക്ടോബർ 8–ാം തീയതി സുപ്രീംകോടതിയിൽ കൊടുത്ത ഹർജി ഒക്ടോബർ 28–ാം തീയതി തള്ളിയതോടുകൂടി സുദീർഘമായ സമുദായക്കേസ് അവസാനിച്ചു.

## തിരുമേനിയുടെ പ്രതികരണം

സുമാർ 20 കൊല്ലം നീണ്ടുനിന്ന സമുദായക്കേസ്സ് ബാവാതിരുമേനിയുടെ ആയുസ്സിൻെറ ഏററവും പ്രയോജനപ്രദമായ ഒരു ഘട്ടം അപഹരിച്ചുകളഞ്ഞു. ആദ്യവും അന്ത്യവും ലഭിച്ച കോട്ടയം ജില്ലാക്കോടതിവിധിയും, സുപ്രീംകോടതിവിധിയും ഒഴിച്ചാൽ അടിക്കടി അനുഭവിക്കേണ്ടിവന്ന തോൽവികളായിരുന്നു തിരുമേനി അഭിമുഖീകരിക്കേണ്ടിവന്നതു്. ഏതു മനുഷ്യനെയും, എത്രതന്നെ ഉന്നതവ്യക്തി ആയിരുന്നാലും, തറപററിക്കുന്ന ഈദൃശ അനുഭവങ്ങളിൽ തിരുമേനി പതറി പോകുകയോ വിജയങ്ങളിൽ ലഹരിപിടിച്ച് അമിതമായി ആമോദിക്കുകയോ ചെയ്തിരുന്നില്ല. പരാജയം പററിയ അവസരങ്ങളിലാണ് തിരുമേനിയുടെ വ്യക്തിപ്രഭാവവും ദൈവാശ്രയവും ഏററവും ആദരണീയമായ വിധത്തിൽ പ്രകടിപ്പിച്ചുകണ്ടിട്ടുള്ളതു്. 1951 ഡിസംബർ 21–ാം തീയതി കാതോലിക്കാ കക്ഷിയുടെ റിവ്യൂ ഹർജി തള്ളിക്കൊണ്ട് തിരുകൊച്ചി ഹൈക്കോടതിയിൽനിന്നു വിധിയുണ്ടായപ്പോൾ ആ കക്ഷി പരിപൂർണ്ണം നിലംപരിശായി പോകുമോ എന്ന ഭയം പലരിലും ഉളവാകുകയും ചെയ്തു. ആ അവസരം കൽക്കട്ടായിൽ ആയിരുന്ന തിരുമേനി ഒരു പ്രവാചകനെപ്പോലെ 'ഈ വിധി അവസാനവിധിയല്ല. ദുഃഖവെള്ളിയാഴ്ച കഴിച്ചിട്ടു സത്യം ഞായറാഴ്ച ഉയിർത്തതുപോലെ അവസാനം സത്യം ജയിക്കും.' എന്നു പ്രസ്താവിച്ചതും 'എല്ലാവരും ധൈര്യമായിരിക്കു, ഈ വിധി നമ്മുടെ നന്മയ്ക്കും ശക്തിക്കുമായി പരിണമിക്കും, ദൈവാശ്രയത്തോടെ നമുക്കു മുമ്പോട്ടു പോകാം.' എന്നിങ്ങനെ മലങ്കരയിലെ ജനങ്ങൾക്കായി കമ്പി അടിച്ചതും 'കേസ്സിൻെറ വിധിയോ അനന്തര കരണീയ സംഗതികളോ നമ്മെ വ്യാകുലപ്പെടുത്തുന്നില്ല. നിങ്ങൾ ധീരമായും അചഞ്ചലമായും നിലകൊള്ളുമെന്നു നമുക്കു ഉറപ്പുണ്ട്. ചെറിയ ആട്ടിൻകൂട്ടമെ ഭയപ്പെടേണ്ട' എന്നിങ്ങനെ കല്പന അയച്ചതും ആത്മധൈര്യമുള്ള ഒരു ധീരനേതാവിൻെറ ദൈവവിശ്വാസത്തേയും ഉത്കർഷത്തിനേയും കാണിക്കുന്നവയാണ്.

1956 ഡിസംബർ 31–ാം തീയതി കേരള ഹൈക്കോടതിയിൽനിന്നും സമുദായക്കേസ്സിലെ റിവിഷൻ ഹർജി തള്ളി വിധി പ്രസ്താവിച്ചപ്പോഴും തിരുമനസ്സുകൊണ്ട് മനസ്സ് മടിക്കുകയോ തളർന്നു പോകുകയോ ചെയ്തിരുന്നില്ല. തദവസരത്തിൽ ദേവലോകം അരമനയിൽ തടിച്ചുകൂടിയ സഭാമക്കളോടു തിരുമേനി കല്പിച്ചുചെയ്ത പ്രസ്താവന ശ്രോതാക്കളെ അപരിചിതരാക്കി 'ഈ വിധി അന്ത്യതീരുമാനമല്ല. സുപ്രീംകോടതിയിൽ നാം അപ്പീൽ കൊടുക്കുന്നുണ്ട്. ഒന്നുകൊണ്ടും അധൈര്യപ്പെടേണ്ട. നമ്മുടെ വാർദ്ധക്യത്തിലും ശരീരാസ്വാസ്ഥ്യത്തിലും വന്നുചേർന്നിരിക്കുന്ന ഈ വിധി നമുക്കു ഒരു കുരിശാണെങ്കിലും, നമ്മുടെ വാൽസല്യമക്കളാകുന്ന നിങ്ങൾ എല്ലാവരും നമ്മോടൊന്നിച്ച് ഈ കുരിശു വഹിക്കുന്നതിനുള്ളതുകൊണ്ടും ദൈവം നമ്മെ ഒരുനാളും കൈവിടുകയില്ല എന്നുള്ള ഉത്തമ ബോദ്ധ്യം നമുക്കുള്ളതുകൊണ്ടും നാം സത്യത്തിനുവേണ്ടി മാത്രം പോരാടുകയും അതിൽ വിജയിക്കുകയും ചെയ്യുമെന്ന നിശ്ചയമുള്ളതുകൊണ്ടും നമുക്കു യാതൊരു അധൈര്യവുമില്ല'. എന്നു

വലിയ വിപദിധൈര്യമാണു ഈ പ്രസ്താവനയിൽ കാണുന്നതു്.

1958-ൽ ഉണ്ടായ സുപ്രീംകോടതിവിധി മൂലം കാതോലിക്കാപക്ഷം വിജയംകൊണ്ടാടിയെങ്കിലും, തന്നിമിത്തം ബാവാതിരുമേനി അമിതമായി ആഹ്ലാദിക്കുകയോ അഹങ്കരിക്കുകയോ ചെയ്തിരുന്നില്ല. മറിച്ചു് തിരുമേനി സൌമ്യതയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വലങ്കൈ മറുപക്ഷക്കാർക്കു നീട്ടിക്കൊടുക്കുകയാണു ചെയ്തതെന്നു അന്നു പള്ളികൾക്കു് അദ്ദേഹം അയച്ച കല്പന വെളിപ്പെടുത്തുന്നു. 'ദൈവം നമ്മോടു കരുണ ചെയ്തു. പരമകാരുണികനായ ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യണം. ബാഹ്യമായ യാതൊരു ആഹ്ലാദവും പാടില്ല. നമ്മുടെ സഹോദരങ്ങളുടെ വികാരങ്ങളെ ഒരു വിധത്തിലും ക്ഷതപ്പെടുത്തരുതു്. മുമ്പത്തെപോലെ ഇനിയും നാം ഒന്നായി കഴിഞ്ഞുകൂടുന്നതാണു നമ്മുടെ ബലവും നേട്ടവും'. മഹാമനസ്കതയും തികച്ചും സമചിത്തത ഉള്ളവനുമായ ഒരു സമുന്നതനേതാവിന്റെ ഈദൃശപ്രസ്താവന ആരെത്തന്നെയും അത്ഭുതപരതന്ത്രനാക്കുകയില്ലേ!

## 'നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും'.

പോരാട്ടവും വിജയവും സമാധാനവും ഒരുപോലെ അനുഭവപ്പെടുന്ന വ്യക്തികൾ ദുർലഭമാണു്. പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് അന്തിമ വിജയം കൈവരിച്ചെങ്കിലും, പരുന്തു കോഴിക്കുഞ്ഞുങ്ങളെ റാഞ്ചുവാൻ അവസരം നോക്കുന്നതുപോലെ അന്ത്യോക്യാപാത്രിയർക്കീസുമാർ ഈ സഭയെ കീഴടക്കുവാൻ നോക്കിക്കൊണ്ടിരിക്കുന്നുവെന്നുള്ള പ്രാണഭീതിയോടെയാണു് ഈ ലോകം വിട്ടതു്. വട്ടശ്ശേരിൽ ഗീവറുഗീസ് ദീവന്നാസ്യോസ് അന്തിമ വിജയം നേടി തന്റെ മേലുണ്ടായ മുടക്കു അസാധുവാണെന്നു സ്ഥാപിച്ചെങ്കിലും, മലങ്കരസഭയുടെ അഭ്യന്തര സ്വാതന്ത്ര്യം കരസ്ഥമാക്കുന്നതിനു താൻ ആരംഭിച്ചുവച്ച കാതോലിക്കാ സിംഹാസനസ്ഥാപനം മുതലായ കാര്യങ്ങൾ പരിപൂർത്തിയിലെത്തി കാണുവാൻ ഇട വരാതെ കാലഗതി പ്രാപിച്ചു. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ ആകട്ടെ 'നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു,' നീതിയുടെ കിരീടം പ്രാപിക്കുകയും ചെയ്തു. 1958 ഡിസംബർ 16-ാം തീയതി മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ പ്രാതിനിദ്ധ്യത്തിൽ പ. യാക്കോബു തൃതീയൻ പാത്രിയർക്കീസും പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കായും പരസ്പരം സ്വീകരിച്ചു സഭയിൽ സമാധാനമുണ്ടാക്കിയതു പ. കാതോലിക്കാബാവായുടെ വിജയകിരീടധാരണമായിരുന്നു. മഹാനായ മോശയെപ്പോലെ വിദൂരത്തിൽനിന്നു മാത്രം തിരുമേനി കനാൻ ദർശിക്കുകയല്ലായിരുന്നു. മോശയെപ്പോലെ യിസ്രായേലിനെ തിരുമേനി നയിക്കുകയും, യോശുവായെപ്പോലെ കനാൻ കൈവശപ്പെടുത്തുകയും ചെയ്തു. 'യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ; നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാഗ്യവാൻ; നിനക്കു നന്മ വരും' സങ്കീ. 128. 1 ഈ സങ്കീർത്തനഭാഗം തിരുമേനിയെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായിരുന്നു.

## തിരുമേനിയുടെ വിജയരഹസ്യം

ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ വിജയത്തിന്റെ രഹസ്യമെന്തായിരുന്നു? ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ഭക്തിയും സർവ്വോപരി തിരുമേനിയുടെ സത്യദീക്ഷയുമായിരുന്നു. ഏതൊരു ധീരന്റെയും കാൽ ഇടറുന്ന അവസരത്തിൽ പോലും, സത്യം ജയിക്കുമെന്നുള്ള പതറിപ്പോകാത്ത വിശ്വാസം ബാവായെ ഭരിച്ചിരുന്നു. മരണനിഴലിൻ താഴ്വരയിൽക്കൂടി എന്നവണ്ണം പ്രയാണം ചെയ്തുകൊണ്ടിരുന്ന ഒരവസരത്തിൽ 'ഇതെന്തൊരു പരീക്ഷണം! ബലഹീനനായ മനുഷ്യനെ ഇപ്രകാരം മർദ്ദിക്കുന്നതിനു ദൈവം അനുവദിച്ചാൽ കൃമിയായ മനുഷ്യന്റെ അവസ്ഥ എന്തായിരിക്കും' എന്നു ഇയ്യോബിനെപ്പോലെ തിരുമേനി വിലപിച്ചതായ ഒരവസരം ഞാൻ ഓർക്കുന്നുണ്ടു്. എന്നാൽ ഇയ്യോബിന്റെ അന്ത്യംപോലെ എല്ലാം യഥാസ്ഥാനപ്പെട്ടപ്പോൾ 'ദൈവം കരുണയുള്ളവനാകുന്നു അവന്റെ കരുണ എന്നേക്കുമുള്ളതു്' എന്നു തിരുമേനി ഉൽഘോഷിച്ച അവസരവും എന്റെ സ്മൃതിപഥത്തിൽ വരുന്നുണ്ടു്.

## ഈ ലോകത്തിലെങ്കിലും പരലോകത്തിലെ പൌരൻ

തിരുമനസ്സിലെ വിശ്വാസവും ദൈവാശ്രയവും അനിതരസാധാരണമായിരുന്നു. സാധാരണ മനുഷ്യനെപ്പോലെ ആയിരുന്നില്ല തിരുമേനി. ഒരേ സമയംതന്നെ ഇരുലോകങ്ങളിലും പൌരനായിരുന്നു തിരുമേനി. സമുദായക്കേസ് തിരുവനന്തപുരം ഹൈക്കോടതിയിൽ നടന്നുകൊണ്ടിരിക്കുമ്പോൾ, ഒരാഴ്ചയോളം തിരുമേനിയുമൊത്തു തിരുവനന്തപുരം സുറിയാനിപ്പള്ളി മേടയിൽ ഞാൻ താമസിച്ചിരുന്ന ഘട്ടം ഓർമ്മയിൽ വരുന്നു. ഒരു

ദിവസം പ്രഭാതപ്രാർത്ഥന കഴിഞ്ഞു പള്ളിമുററത്തു ഞാനും തിരുമേനിയും അന്യോന്യം സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. തദവസരത്തിൽ 'താൻ കേട്ടോ' എന്നു എന്നോടു ചോദിച്ചു. ഞാൻ അത്ഭുതപ്പെട്ടുകൊണ്ടു് 'എന്താണു തിരുമേനി കല്പിക്കുന്നതു; ഞാനൊന്നും കേട്ടില്ലല്ലോ' എന്നു മറുപടി പറഞ്ഞു. 'എത്ര മനോഹരമായ പാട്ടു്. താൻ കേട്ടില്ലേ' എന്നു വീണ്ടും തിരുമേനി ചോദിച്ചു. 'ഇല്ല' എന്നു ഞാൻ വീണ്ടും മറുപടി പറഞ്ഞു. 'നമ്മൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗീയമാലാഖമാരും പരിശുദ്ധന്മാരും, ശുദ്ധിമതികളും നമ്മോടൊപ്പം പാടുന്നുണ്ടായിരുന്നു. അവരുടെ പാട്ടു എത്ര മനോഹരമായിരുന്നു' എന്നു തിരുമേനി കല്പിച്ചു. ഞാൻ നിർനിമേഷനായി മൗനം അവലംബിക്കുകതന്നെ ചെയ്തു. തിരുമേനി തുടർന്നു പറഞ്ഞു. 'ഇതു മൂന്നാമത്തെ പ്രാവശ്യമാണു ഞാൻ ഇപ്രകാരം കേൾക്കുന്നതു്. ആദ്യം ഞാൻ കേട്ടതു പരുമലവച്ചാണു്. രണ്ടാമത്തേതു കണ്ടനാ സെമിനാരിയിൽവച്ചായിരുന്നു. ഇന്നത്തേതു മൂന്നാമത്തേതാണു്.' ഭക്തശിരോമണിയായ ഒരു മഹായോഗിയുടെ മുമ്പാകെയാണു ഞാൻ നിലകൊള്ളുന്നതെന്നോർത്തു ഞാൻ ഭയചകിതനാകുകയാണു ചെയ്തതു്.

പ്രാർത്ഥനാവേളയിൽ ശ്രദ്ധ പതറിക്കുകയും, വിശ്രമവേളയിൽ പ്രലോഭനങ്ങൾകൊണ്ടു് പരീക്ഷിക്കുകയും ചെയ്യുന്ന പിശാചുക്കളെ ശാസിക്കുന്നതും, ഹൃദയം ദൈവത്തിൽ ലയിപ്പിച്ചുകൊണ്ടു് സ്തുതിവചനങ്ങൾ ഉച്ചരിക്കുന്നതും, പട്ടംകൊടയിലെ പരിശുദ്ധാത്മാഹ്വാനവേളയിൽ ഇളകിതരളിതനായി മറുഭാഷപോലെയുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതും എന്റെ മാത്രമല്ല തിരുമേനിയോടു അടുത്തു പെരുമാറിയിട്ടുള്ള അനേകരുടെയും അനുഭവമായിരുന്നു. പട്ടംകൊടയിലെ പരിശുദ്ധാത്മ വ്യാപാരം തിരുമേനിയെപ്പോലെ മനസ്സറിഞ്ഞിട്ടുള്ള മററാരുമില്ല. പരിശുദ്ധാത്മസാന്നിദ്ധ്യം മൂലം പരിശുദ്ധമുറോന്റെ മണം തദവസരങ്ങളിൽ അനുഭവവേദ്യമായിട്ടുള്ളതിനെ സംബന്ധിച്ചു തിരുമേനി അനേകം പ്രാവശ്യം സംസാരിച്ചിട്ടുള്ളതു ഞാൻ മാത്രമല്ല അനേകരും കേട്ടിട്ടുള്ളതാണു്.

## മാലാഖമാരും പിശാചുക്കളും

മാലാഖമാരിലും പരിശുദ്ധന്മാരിലും ഉള്ള തിരുമേനിയുടെ വിശ്വാസംപോലെതന്നെ പിശാചുക്കളുടെ ഉപദ്രവങ്ങളെപ്പററിയും തിരുമേനിക്കു ബോദ്ധ്യമുണ്ടായിരുന്നു. മന്ത്രവാദം കൂടോത്രം എന്നിങ്ങനെയുള്ള പൈശാചിക പ്രവർത്തനങ്ങൾ ശത്രുക്കളിൽ നിന്നുളവാകുമെന്നും, ദൈവഭക്തി ഒന്നുമാത്രമാണു് അങ്ങനെയുള്ള ദുഷ്പ്രവണതകളെ വിജയിക്കുവാനുള്ള മാർഗ്ഗമെന്നും തിരുമേനി വിശ്വസിച്ചിരുന്നു.

തിരുമേനിയുടെ ദൈവവിശ്വാസം ഒരു ശിശുവിന്റെ വിശ്വാസംപോലെ ആയിരുന്നു. ദൈവത്തെ അള്ളിപ്പിടിക്കുകയും, യാക്കോബിനെപ്പോലെ മൽപ്പിടുത്തം നടത്തി അനുഗ്രഹങ്ങൾ വാങ്ങുകയും ചെയ്യുന്ന ഒരു മഹായോഗി ആയിരുന്നു തിരുമേനി. ഗോത്രപിതാക്കളായ അബ്രഹാം, ഇസഹാക്കു്, യാക്കോബ്ബു് എന്നിങ്ങനെയുള്ള പഴയനിയമ പിതാക്കളെപ്പോലെ ദൈവത്തോടുകൂടി നടക്കുകയും ദൈവത്തോടു സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്ന ഒരു സഭാപിതാവായിരുന്നു ബാവാ തിരുമേനി.

## A MAN OF GOD--ദിവ്യ മനുഷ്യൻ

തിരുമനസ്സിലെ ആദ്ധ്യാത്മിക പ്രഭാവത്തിനു മുമ്പിൽ ആരും തല കുനിച്ചുപോകും. തികഞ്ഞ ആത്മീയചൈതന്യം ഓളം വെട്ടുന്ന തിരുമുഖം നിരന്തരമായ തപോനിഷ്ഠയുടെ പ്രതിഫലനമായിരുന്നു. നോമ്പു്, പ്രാർത്ഥന, ഉപവാസം, വ്രതങ്ങൾ, വേദപുസ്തകവായന, ധ്യാനം മുതലായ ആത്മീകവൃത്തികൾ തിരുമനസ്സിലേക്കു് പ്രാണവായുപോലെ ആയിരുന്നു. ഭക്തിയിൽ ലയിച്ചുകഴിഞ്ഞാൽ തിരുമേനി സന്നിധിബോധം പോലും വെടിഞ്ഞു് ദൈവസംസർഗ്ഗത്തിൽ ആകാറുണ്ടു്. ആവക നിമിഷങ്ങളിൽ ഈ ലോകം വിട്ടു് തിരുമേനി പരലോകത്തായിത്തീരുന്ന പ്രതീതിയാണു് ദൃശ്യമാകുന്നതു്. ഭക്തിപ്രകടനങ്ങൾ പലരെ സംബന്ധിച്ചും കപടഭക്തി പ്രകടനമാണെങ്കിലും തിരുമേനിയെ സംബന്ധിച്ചിടത്തോളം അവ യഥാർത്ഥ ഭക്തിയുടെ നിദർശനം ആണു്. ദൃഷ്ടികൾ ഉയർത്തി മേല്പോട്ടു നോക്കിയും, നെററിയിൽ ചിലപ്പോൾ ഒരു കയ്യും, ചിലപ്പോൾ രണ്ടു കൈകളും വച്ചുകൊണ്ടും, ചിലപ്പോൾ ഒരു കൈ മേൽപ്പോട്ടു പിടിച്ചും മറുകൈ നെഞ്ചിൽ ഊന്നിയും, ചിലപ്പോൾ നെഞ്ചിലടിച്ചും, മററു ചിലപ്പോൾ രണ്ടു കൈകളും മലർത്തിപ്പിടിച്ചുകൊണ്ടും, നെടുവീർപ്പിട്ടും, ശബ്ദതരംഗങ്ങൾ പുറപ്പെടുവിച്ചും ദൈവസംസർഗ്ഗം ചെയ്യുന്നതു് തിരുമേനി അല്ലാതെ മററാരെങ്കിലും ആയിരുന്നെങ്കിൽ കള്ളഭക്തനെന്നു് മുദ്ര അടിക്കുന്നതിനു് ആരും മുതിരുമായിരുന്നു.

തിരുമേനിയുടെ ആത്മനിലവാരത്തിന്റെ

ഔന്നത്യം ദൃശ്യമാകുന്നതു് വി. കുർബ്ബാന, പട്ടംകൊട മുതലായ വിശേഷപ്പെട്ട ശുശ്രൂഷാവേളയിൽ ആണു്. താബോർ മലയിൽവച്ചു് നമ്മുടെ കർത്താവു് രൂപാന്തരപ്പെട്ടു് തൻെറ ദിവ്യത്വം മനുഷ്യത്വത്തിൽകൂടി ബഹിർസ്ഫുരിച്ചതുപോലെ ശുശ്രൂഷാവേളകളിൽ തിരുമനസ്സിലെ രൂപം തന്നെ വ്യത്യാസപ്പെട്ടു് വെളുപ്പു നിറവും ചുവപ്പുനിറവും ഇടപഴകിയ പവിഴ നിറം പ്രാപിച്ചു് ദിവ്യചൈതന്യം പ്രസരിപ്പിക്കുന്നതു കണ്ടു് അനേകരും അമ്പരന്നുപോയിട്ടുണ്ടു്.

## വ്രതാനുഷ്ഠാനങ്ങൾക്കു് അനുസ്യൂതമായ പുണ്യജീവിതം

വ്രതാനുഷ്ഠാനങ്ങൾ അങ്ങേഅററം കൃത്യമായി ആചരിച്ചിരുന്നാലും, സത്യം, നീതി, ധർമ്മം മുതലായ ക്രൈസ്തവാദർശങ്ങൾ ഒട്ടുംതന്നെ പരിശീലിച്ചിട്ടില്ലാത്ത ആളുകൾ ധാരാളമുണ്ടു്. ഒന്നു മാററിൻെറ മുഖാന്തിരം മാത്രമാണെന്നുള്ള കാര്യം അങ്ങനെയുള്ളവർ വിസ്മരിച്ചുകളയുന്നതായി തോന്നിപ്പോകുന്നു. അവർ ഇടപാടുകളിലും, പണക്കാര്യങ്ങളിലും ശങ്കകൂടാതെ അവിശ്വസ്തത കാണിക്കുകയും, അനീതിക്കു കൂട്ടുനിൽക്കുകയും, കോഴ വാങ്ങി ന്യായം മറിച്ചുകളയുകയും ചെയ്യുന്നതു കാണുമ്പോൾ അവരുടെ വ്രതങ്ങൾകൊണ്ടു് എന്തു പ്രയോജനം എന്നു തോന്നിപ്പോകാറുണ്ടു്. ബാവാ തിരുമേനി അങ്ങനെയുള്ള കാര്യങ്ങളിൽനിന്നും വിമുക്തനായിരുന്നു. തിരുമേനി ആരോടെങ്കിലും അനീതി കാണിക്കുകയോ, അന്യായം പ്രവർത്തിക്കുകയോ, ആരെയെങ്കിലും ചതിക്കുകയോ, കളിപ്പിക്കുകയോ ചെയ്തിട്ടുണ്ടെന്നു് ആരെങ്കിലും പറയുമെന്നു തോന്നുന്നില്ല.

## സത്യം ജയിക്കും

തിരുമനസ്സിലെ സത്യദീക്ഷ പ്രസിദ്ധമായിരുന്നു. സത്യം ജയിക്കും എന്നു് തിരുമേനി ദൃഢമായി വിശ്വസിച്ചിരുന്നു. ദുഃഖവെള്ളിയാഴ്ച സത്യം കുഴിച്ചിടപ്പെട്ടു് മൂന്നാം ദിവസം ഉയിർത്തെഴുന്നേററതുപോലെ സത്യം എപ്പോഴും വിജയിക്കുമെന്നുള്ള തിരുമേനിയുടെ വിശ്വാസപ്രഖ്യാപനം ഇന്നൊരു ശൈലിയായി ത്തീർന്നിട്ടുണ്ടു്. ഞാൻ വഴിയും, സത്യവും, ജീവനുമാകുന്നുവെന്നു് കല്പിച്ച ദൈവംതന്നെയാണു് സത്യമെന്നും, ദൈവത്തിനു് അപജയം സംഭവിക്കുവാൻ സാദ്ധ്യമല്ലാത്തതുപോലെ സത്യത്തിനു തോൽവി ഭവിക്കുക സാദ്ധ്യമല്ലെന്നും തിരുമേനി വിശ്വസിച്ചിരുന്നു. ഈ ഉ ടിയുറച്ച വിശ്വാസമാണു് സമുദായക്കേസുകളിൽ അടിക്കടി തോൽവി ഉണ്ടായിട്ടും അടി പതറാതെ തിരുമേനിയെ ഉറപ്പിച്ചു നിർത്തിയതു്. അനേകം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നെങ്കിലും തിരുമേനി വിശ്വസിച്ചതുപോലെ ഒടുവിൽ സത്യം ജയിക്കുകതന്നെ ചെയ്തു. സുപ്രീംകോടതിവിധി അതായിരുന്നു.

## കർമ്മാനുഷ്ഠാനങ്ങളിൽ ഉത്തമ നിഷ്ഠ

ആത്മീയ കാര്യങ്ങളിൽ ഇത്രനിഷ്ഠ പാലിച്ചിട്ടുള്ള ആളുകൾ അധികമുണ്ടോ എന്നു സംശയമാണു്. തിരുമനസ്സിലെ ഗുരുവും ആരാദ്ധ്യപുരുഷനുമായിരുന്ന പരുമല തിരുമേനിയെ ആദ്ധ്യാത്മിക കാര്യങ്ങളിൽ തിരുമേനി പിന്തുടർന്നിരുന്നു. തിരുമേനിയുടെ ഗംഭീരനാദം ആത്മീയ ശുശ്രൂഷകളുടെ പ്രാഭവം വർദ്ധിപ്പിച്ചു. താളംതെററാത്ത മുഴക്കമേറിയ ആ ഇടിനാദം ഇന്നും പലരുടെയും ചെവികളിൽ മാറെറാലികൊള്ളുന്നുണ്ടു്.

ശുശ്രൂഷകളിൽ അങ്ങേയററം സൂക്ഷ്മത കാണിക്കുന്നയാളായിരുന്നു തിരുമേനി. ശുശ്രൂഷക്കാരും ജനങ്ങളുംവരുത്തുന്ന ചില്ലറ തെററുകൾപോലും തിരുമേനി പൊറുക്കുകയില്ല. പട്ടംകൊട വേളയിൽ രഹസ്യപ്രാർത്ഥനാസമയങ്ങളിൽ 'കുറിയേലായിസ്സോൻ' ഉരുവിടുക, മണിയടിക്കുക, മറുബഹാസാ കിലുക്കുക മുതലായവയിൽ ജാഗ്രത കുറഞ്ഞുപോയാൽ തിരുമേനി ശാസിക്കും. തദവസരങ്ങളിൽ എല്ലാവരും അത്യുച്ചത്തിൽ കുറിയേലായിസ്സോൻ അട്ടഹസിച്ചുകൊണ്ടിരിക്കണം. അതു തിരുമേനിക്കു നിർബ്ബന്ധമായിരുന്നു. മേല്പട്ടസ്ഥാനാഭിഷേകസമയത്തു് ഏലിയാ കത്തീഡ്രലിൻെറ പൂമുഖത്തുനിന്നു തിരുമേനി 'ഓക്സിയോസ്' ചൊല്ലിയാൽ തിരുനക്കര മൈതാനത്തിനപ്പുറം അതു കേൾക്കപ്പെട്ടും. ശുശ്രൂഷക്കാർ മറുബഹാസാ പിടിക്കുന്ന രീതിയിലും, ധൂപക്കുററി വാഴ്ത്തുന്ന സമയത്തു ധൂപക്കുററി ശെമ്മാശ്ശന്മാർ പിടിച്ചുകൊടുക്കുന്ന വിധത്തിലും, ധൂപക്കുററി വീശുന്നതിലും, ത്രോണോസ്സിൽ മെഴുകുതിരികൾ കത്തിക്കുന്ന രീതിയിലും, ഉരുകിയ മെഴുകു നീക്കുന്നതിലും, എന്നുവേണ്ട പള്ളിസംബന്ധമായ എല്ലാ കാര്യങ്ങളിലും തിരുമേനിക്കു പ്രത്യേക സമ്പ്രദായങ്ങൾ ഉണ്ടായിരുന്നു. ഇവയിൽ ഏതെങ്കിലും കാര്യത്തിൽ വ്യതിയാനം കണ്ടാൽ തിരുമേനി കോപിഷ്ടനാകും. ആരാധനാവേളയിൽ അപ്പോൾ ആരെങ്കിലും ശാസിക്കും. തന്നിമിത്തം എല്ലാ കാര്യങ്ങളും കൃത്യമായി ചെയ്യുന്നതിനു് ശുശ്രൂഷക്കാർ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു.

തിരുമനസ്സിലെ രീതികൾ എല്ലാപ്രകാരത്തിലും വിശിഷ്ടമായിരുന്നു. അവയിൽ പലതും പിൻതലമുറയിലേക്ക് കടന്നുവന്നിട്ടുണ്ടെങ്കിലും, പലതും ഇന്നു അവഗണിക്കപ്പെടുന്നുണ്ട്. അത്രത്തോളം ആരാധനയുടെ ഭംഗി നഷ്ടപ്പെടുന്നുമുണ്ട്.

കുദാശാനുഷ്ഠാനങ്ങളിൽ കർമ്മങ്ങൾക്കും പ്രമാണവചനങ്ങൾക്കുമുള്ള പ്രാധാന്യം ഗ്രഹിച്ചിരുന്ന തിരുമേനി അവ അല്പംപോലും തെറ്റുവരുത്താതെ പാലിക്കുന്നതിനു ശ്രദ്ധാലുവായിരുന്നു. ആ വക കാര്യങ്ങളിൽ തെറ്റുവരുത്തരുതെന്നു തിരുമേനി വൈദികരെ ഗുണദോഷിക്കുകയും ചെയ്യുമായിരുന്നു.

## സഭാഭക്തിയും മതസഹിഷ്ണുതയും

സ്വന്ത സഭയുടെ വിശ്വാസാചാരങ്ങൾക്കും ഉപദേശങ്ങൾക്കും തിരുമേനി ഒന്നാം സ്ഥാനം കൊടുത്തിരുന്നെങ്കിലും മറ്റു സഭാവിഭാഗങ്ങളോടും മതങ്ങളോടും തിരുമേനി സഹിഷ്ണുത ഉള്ളവൻ ആയിരുന്നു. കത്തോലിക്കാ, ആംഗ്ലിക്കൻ, മാർത്തോമ്മാ, സി. എസ്. ഐ. മുതലായ എപ്പിസ്കോപ്പൽ സഭാ വിഭാഗങ്ങളെ പ്രത്യേക പരിഗണനയിൽ തിരുമേനി വീക്ഷിച്ചിരുന്നു. ആ സഭകളിലെ മേലദ്ധ്യക്ഷന്മാരോടു ബഹുമാനപുരസരമാണ തിരുമേനി വർത്തിച്ചിരുന്നതു്. അവരിൽ പലരും തിരുമേനിയുടെ സുഹൃത്തുക്കൾ ആയിരുന്നുവെന്നു മാത്രമല്ല, തിരുമേനിയെ അവർ ആദരവോടും ഭക്തിബഹുമാനത്തോടും. ഒരു ജ്യേഷ്ഠസഹോദരനെപ്പോലെയോ, പിതാവിനെപ്പോലെയോ പരിഗണിക്കുകയും ചെയ്തിരുന്നു.

ക്രിസ്തീയ സഭാവൃത്തത്തിൽ മാത്രമല്ല, ആ പരിധിയും വിട്ടു, മറ്റു മതക്കാരോടും സമുദായങ്ങളോടും തിരുമേനി സൗഹാർദ്ദത്തിൽ കഴിഞ്ഞിരുന്നു. അവരും അപ്രകാരംതന്നെ തിരുമേനിയെ ആദരിച്ചു. മലങ്കരസഭയുടെ മാത്രമല്ല; കേരളക്കരയിലെ എല്ലാ മത ഭക്തന്മാരുടേയും മതാചാര്യനായിരുന്നു തിരുമേനി. മന്നം ശതാഭിഷേക മഹാമഹത്തിന്റെ സമാപന സമ്മേളനത്തിൽ തിരുമേനി എഴുന്നെള്ളി അതിനെ അനുഗ്രഹപ്രദമാക്കണമെന്നുള്ള മന്നത്തു പത്മനാഭന്റേയും നായർ സമുദായപ്രമാണികളുടെയും ആഗ്രഹപ്രകാരം തിരുമേനി ആ മഹാ മഹത്തെ അനുഗ്രഹിക്കുകയും മന്നത്തു പത്മനാഭനെ ആശീർവദിക്കുകയും ചെയ്തതു് സർവ്വരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു് പാത്രീഭവിച്ച സംഭവമാണ്.

## തിരുമേനിയും എക്യുമിനിക്കൽ പ്രസ്ഥാനവും

സ്വന്തം സഭയുടെ വിശ്വാസത്തിനും ഉപദേശങ്ങൾക്കും കർമ്മാദികൾക്കും തിരുമേനി ഒന്നാം സ്ഥാനം കൊടുത്തിരുന്നെങ്കിലും, വിവിധ സഭാവിഭാഗങ്ങളുടെ ഐക്യത്തിനുവേണ്ടി തിരുമേനി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. എഡിൻബറോയിൽവച്ചു നടന്ന അഖില ലോക സഭാകൗൺസിൽ യോഗങ്ങളിൽ, തിരുമേനി വാർദ്ധക്യത്തിൽ ആയിരുന്നിട്ടും ക്ലേശങ്ങൾ സഹിച്ചു സംബന്ധിച്ചതു് ഈ അഭിവാഞ്ഛയുടെയും ആഗ്രഹത്തിന്റെയും ഫലമായിട്ടായിരുന്നു. ഇവാൻസ്റ്ററൻ, ലുണ്ട്, ന്യൂഡൽഹി മുതലായ സ്ഥലങ്ങളിൽവച്ചു നടത്തപ്പെട്ട അഖില ലോക സഭാ സമ്മേളനങ്ങളിലേക്ക് മലങ്കരസഭയിൽനിന്നും പ്രതിനിധികളെ അയച്ചിട്ടുള്ളതും, അഖിലലോക സഭാ കൗൺസിലിലെ ഒരു പ്രധാന ഘടകമായി നമ്മുടെ സഭ ആയിത്തീർന്നിട്ടുള്ളതും തിരുമനസ്സിലെ സഭൈക്യ അഭിനിവേശത്തിന്റെ ഫലമാണ്.

## ഓർത്തഡോക്സ് പ്രതിപത്തി

ഓർത്തഡോക്സ് സഭാവിഭാഗങ്ങളോടു തിരുമേനിക്കു് പക്ഷാഭേദപരമായ പ്രതിപത്തി ഉണ്ടായിരുന്നു. സുറിയാനിസഭയോടു സംസർഗ്ഗത്തിൽ ഇരിക്കുന്ന അർമ്മേനിയൻ, കോപ്റ്റിക്, എത്യോപ്യൻ എന്നീ സഭകളോടു തിരുമേനി പ്രത്യേക മമത പാലിച്ചിരുന്നു. എത്യോപ്യൻ ചക്രവർത്തിയെ സ്വന്തം ചക്രവർത്തിപോലെ കരുതി പ്രാർത്ഥനകളിൽ ഓർക്കുമായിരുന്നു. 1956–ൽ എത്യോപ്യയിലെ ഹെയ്ലി സെലാസ്സി ചക്രവർത്തി ഇൻഡ്യാ സന്ദർശിച്ചപ്പോൾ ബാവായുടെ ക്ഷണപ്രകാരം മലങ്കരസഭയും സന്ദർശിച്ചു.

അർമ്മേനിയൻ, കോപ്റ്റിക്, എത്യോപ്യൻ എന്നീ ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽനിന്നും ഗ്രീക്ക്, റഷ്യൻ, റുമേനിയൻ, യൂഗോസ്ലോവിയൻ, മുതലായ ഓക്സിഡന്റൽ ഓർത്തഡോക്സ് സഭകളിൽനിന്നും വേദശാസ്ത്ര പണ്ഡിതന്മാരും മേല്പട്ടക്കാരും സന്ദേശങ്ങളും സമ്മാനങ്ങളുമായി എത്തി തിരുമേനിയെ സന്ദർശിക്കുകയും ആഭിവാദ്യം ചെയ്യുകയും ചെയ്തതു് ഓർത്തഡോക്സ് സഭകൾക്കു് തിരുമേനിയോടുള്ള ബഹുമാനവും ഭക്തിയും പ്രകടിപ്പിക്കുന്നവ ആയിരുന്നു.

## കേരളത്തിലെ സംപൂജ്യനായ മതാചാര്യൻ

സഭാദ്ധ്യക്ഷന്മാർ മാത്രമല്ല ഭരണമേധാവികളായ ഗവർണ്ണറന്മാരും മന്ത്രിമാരും സമുദായ നേതാക്കന്മാരും രാഷ്ട്രീയപ്രവർത്തകരും തിരുമേനിയെ സന്ദർശിക്കുകയും ഉപചാരങ്ങൾ അർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. തിരുമേനി സർവ്വരാലും ആദരിക്കപ്പെട്ട ഒരു മതാദ്ധ്യക്ഷനായിരുന്നു. കേരളക്കരയിൽ ഇതുപോലെ പൊതുസമ്മതി സിദ്ധിച്ചിട്ടുള്ള ഒരു ഒരു മതാദ്ധ്യക്ഷൻ വേറെ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല.

തിരുമേനിയുടെ വാസസ്ഥലമായ ദേവലോകം അന്വർത്ഥമായിരുന്നു. ഒരു ദേവനെപ്പോലെ തന്നെ എല്ലാവരും തിരുമേനിയെ പരിഗണിച്ചു. തിരുമേനിയുടെ അനുഗ്രഹാശിസ്സുകൾ പ്രാപിക്കുവാനായി ദേവലോകത്തു് അനുദിനം എല്ലാ തുറക്കാരായ ഭക്തജനങ്ങളും വന്നുകൊണ്ടിരുന്നു. തിരുമേനിയെ ഒരു പ്രവാചകനായും, ദർശകനായും ദൈവമനുഷ്യനായും ജനങ്ങൾ പരിഗണിച്ചുവന്നു.

## തിരുമേനിയുടെ ചില വിശിഷ്ടഗുണങ്ങൾ

(1) 'സ്വയത്യാഗം'. സഭാ സമാധാന ആലോചനകളിൽ തിരുമേനിയുടെ വ്യക്തിമാഹാത്മ്യം തെളിഞ്ഞു കാണുമായിരുന്നു. വിനയാന്വിതനായി സ്വയം താണു് സമാധാനം കൈവരുത്തുന്നതിനു് എന്തു ത്യാഗവും സഹിക്കുന്നതിനു തിരുമേനി കാണിച്ചിട്ടുള്ള സ്വയപരിത്യാഗവും സൗമനസ്യവും സമാധാനപ്രിയരായ സകലമാനപേരും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. പട്ടം പൂർത്തീകരിക്കണമെന്നുള്ള എതിരാളികളുടെ വാദംപോലും തിരുമേനി സമ്മതിച്ചുകൊടുത്തിട്ടുണ്ടു്. പക്ഷെ ദൈവം അതിനിടയാക്കിയിട്ടില്ല. എന്നാൽ എതിരാളികൾ അങ്ങനെയുള്ള സ്വയത്യാഗങ്ങളെ കുറ്റബോധമായിട്ടു മാത്രമേ കരുതിയിരുന്നുള്ളു.

(2) 'മേല്പട്ടക്കാരോടും സന്യാസികളോടും തിരുമേനി അതീവ ആദരവു പ്രകടിപ്പിച്ചിരുന്നു'. എത്ര പ്രായക്കുറവുള്ള മേല്പട്ടക്കാരൻ ആയിരുന്നാലും—താൻ സ്ഥാനം നൽകിയിട്ടുള്ള ആളുതന്നെ ആയിരുന്നാലും—ദർശനമാത്രയിൽ സ്വസ്ഥാനത്തുനിന്നെഴുന്നേറ്റു് ആദരിക്കുന്ന രീതി വാർദ്ധക്യത്തിലും, രോഗിയും ദുർബലനും ആയിരുന്ന അവസരങ്ങളിൽപോലും തിരുമേനിക്കുണ്ടായിരുന്നു.

(3) തിരുമേനിയുടെ 'ഗുരുഭക്തി' നിസ്സീമമാണു്. തന്റെ ആത്മീയ ഗുരുക്കളായ പരുമല തിരുമേനിയെപ്പറ്റിയും, വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റിയും അഗാധമായ ഭക്തിബഹുമാനങ്ങൾ ബാവാതിരുമേനിക്കുണ്ടായിരുന്നു. അവരുടെ നാമോച്ചാരണ വേളകളിൽ അവരോടുള്ള ബഹുമാനസൂചകമായി തിരുമേനി അറിയാതെതന്നെ ഞെട്ടി എഴുന്നേൽക്കുമായിരുന്നു.

(4) 'ആശ്രിത വാൽസല്യം' തിരുമേനിയുടെ പ്രത്യേക സ്വഭാവവിശേഷം ആയിരുന്നു. തന്നെ ആശ്രയിക്കുന്നവരോടും സേവിക്കുന്നവരോടും പാദശുശ്രൂഷ ചെയ്യുന്നവരോടും തിരുമേനിക്കു പ്രത്യേക പ്രീതിവാൽസല്യം ഉണ്ടായിരുന്നു. കഴിവുള്ള സഹായങ്ങൾ അവർക്കു ചെയ്തുകൊടുക്കുന്നതിനു തിരുമേനി തല്പരനുമായിരുന്നു. തിരുമേനിയുടെ ഈദൃശ്യമനോഭാവം ചൂഷണം ചെയ്തിട്ടുള്ളവരും ഇല്ലാതില്ല.

(5) 'സഹായാർത്ഥികളിൽനിന്നു് മുഖം തിരിക്കുന്ന പതിവു് തിരുമേനിക്കു് ഇല്ലായിരുന്നു'. കഴിവുള്ള സാമ്പത്തിക സഹായങ്ങൾ തിരുമേനി ചെയ്യുമായിരുന്നു. അനേകംപേർ തിരുമേനിയിൽനിന്നു സഹായം പറ്റി ഉന്നതവിദ്യാഭ്യാസം ചെയ്തിട്ടുണ്ടു്.

## തിരുമേനിയുടെ ചില പ്രത്യേകതകൾ

(1) തിരുമേനിയെ ചൊടിപ്പിക്കുന്ന ചില ഘട്ടങ്ങൾ ഉണ്ടായിരുന്നു. അബ്ദൽമിശിഹാ പാത്രിയർക്കീസ് മുടക്കപ്പെട്ടവനാണെന്നും, കാതോലിക്കാസ്ഥാപനം വ്യർത്ഥമാണെന്നും, തിരുമേനി പട്ടമില്ലാത്ത കേവലം 'വൃദ്ധൻ പുന്നൂസു്'മാത്രമാണെന്നും എതിരാളികൾ പറഞ്ഞു കേൾക്കുമ്പോൾ തിരുമേനി എന്തെന്നില്ലാത്ത വിധത്തിൽ ക്ഷോഭാവേശനാകും. എങ്കിലും ആരോടും ശത്രുത പാലിക്കുകയോ, ക്ഷമ ഇല്ലാതെ പ്രവർത്തിക്കുകയോ ചെയ്യുകയില്ല. ശത്രുക്കളെപ്പോലും സ്നേഹിക്കുന്ന രോഷമില്ലാത്ത ഹൃദയമായിരുന്നു തിരുമേനിയുടേതു്.

(2) സ്ഥാന മഹിമ പാലിക്കുന്ന കാര്യത്തിൽ തിരുമേനിക്കു നിർബന്ധം ഉണ്ടായിരുന്നു. നോട്ടത്തിലും, സംസാരത്തിലും, നടപ്പിലും, നടപടികളിലും സ്ഥാനത്തിനു ചേർന്ന ഉന്നതഭാവം തിരുമേനിക്കു് ഉണ്ടായിരുന്നു. വിശിഷ്ടമായ സ്ഥാനവസ്ത്രങ്ങളും, ചിഹ്നങ്ങളും ധരിക്കുന്നതിനു് തിരുമേനി ശ്രദ്ധിക്കുമായിരുന്നു. അംശവസ്ത്രധാരിയായ തിരുമേനിയെ ആരും നിർന്നിമേഷമായി വീക്ഷിക്കാതിരിക്കുകയില്ല. മുഷിഞ്ഞ വസ്ത്രം ധരിക്കുകയോ, വൃത്തിഹീനമായി

നടക്കുകയോ ഒരിക്കലും ചെയ്യുകയില്ല. തന്റെ സ്ഥാനത്തിനൊത്ത പെരുമാററം മററുള്ളവരും കാണിക്കണമെന്നുള്ളത് തിരുമേനിക്കു നിർബന്ധമായിരുന്നു. ലാഘവബുദ്ധിയോടെ ആരെങ്കിലും പെരുമാറുന്നതിനു തിരുമേനി സമ്മതിക്കുകയില്ലായിരുന്നു.

(3) ഫോട്ടോ എടുക്കുന്ന കാര്യത്തിൽ തിരുമേനിക്കു താല്പര്യം ഉണ്ടായിരുന്നു. ആണെങ്കിലും ആവശ്യപ്പെട്ടാൽ വിരോധം പറയുക പതിവില്ല. തിരുമേനിയുടെ ഫോട്ടോ എടുത്തിട്ടുള്ളതുപോലെ മലങ്കരയിലെ മറെറതെങ്കിലും മേലദ്ധ്യക്ഷന്റെ ഫോട്ടോ എടുത്തിട്ടുണ്ടെന്നു തോന്നുന്നില്ല. കാലംചെയ്തിട്ട് ഒരു ദശവൽസരത്തോളം ആയിട്ടും ഇന്നും തിരുമേനിയുടെ ഫോട്ടോ പ്രസിദ്ധീകരണങ്ങളിൽ ചേർക്കുന്നതിനു ആളുകൾ ഉൽസുകരാണ്. തിരുമേനിയുടെ ചിത്രങ്ങൾക്ക് ഒരു പ്രത്യേക ലാവണ്യവും, ആകർഷണവും ഉണ്ട്. ആരും അതു നോക്കി നിന്നുപോകും.

(4) ക്ഷണകോപം തിരുമേനിയുടെ ബലഹീനതയായി പലരും പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ തക്ക കാരണം കൂടാതെ തിരുമേനി ഒരിക്കലും കോപിക്കുകയില്ല. ഒന്നുകിൽ നിന്നതു തെററി, അല്ലെങ്കിൽ സംസാരിച്ചതു തെററി, അല്ലെങ്കിൽ പെരുമാറേണ്ടതുപോലെ പെരുമാറിയില്ല, അല്ലെങ്കിൽ ചെയ്യേണ്ടതുപോലെ ചെയ്തില്ല ഇങ്ങനെ ഏതെങ്കിലും കാരണങ്ങൾകൊണ്ടു മാത്രമേ തിരുമേനി കോപിക്കുകയുള്ളു. അവ പരിഹരിക്കപ്പെടുമ്പോൾ തിരുമേനി ശാന്തനാകും, സ്നേഹമായി വർത്തിക്കും, ഗുണദോഷങ്ങൾ പറഞ്ഞുകൊടുക്കും, നർമ്മ സല്ലാപം ചെയ്യും, ഒരുവനെയും മുഷിപ്പിച്ചു വിടുകയില്ല. തിരുമേനി എത്രതന്നെ കോപിച്ചാലും ആർക്കും തിരുമേനിയോടു് അനിഷ്ടം തോന്നുകയില്ല. ആരുടെയും സ്നേഹം വിടുകയോ, കുറു തണുത്തുപോകുകയോ ചെയ്യുകയില്ല. തിരുമേനിക്ക് ആരോടും ശത്രുത ഇല്ലെന്നും, എല്ലാവരുടെയും നന്മ മാത്രമാണ് തിരുമേനി ആഗ്രഹിക്കുന്നതെന്നും പരക്കെ അറിവുള്ള കാര്യമാണ്.

## ഉപസംഹാരം

ജീവിച്ചിരിക്കുമ്പോൾതന്നെ തിരുമേനി പരിശുദ്ധനായിരുന്നു. മരിച്ചശേഷം തിരുമേനി മഹാപരിശുദ്ധനായി വിരാജിക്കുന്നു. തിരുമേനിയുടെ കബറിങ്കൽ അഭയംതേടുന്ന അനേകമനേകം ആളുകൾ ഈ വസ്തുതയാണ് പ്രഖ്യാപിക്കുന്നത്. ഗീവറുഗീസ് ദ്വിതീയൻ ബാവായെ ഒരു പരിശുദ്ധൻ എന്ന് ഈ ജന്മശതാബ്ദിവേളയിൽ പ്രഖ്യാപിക്കാമായിരുന്നു. ശത്രുക്കൾ പോലും ആ കാര്യത്തിനു എതിർപ്പു പറയുമായിരുന്നു എന്നു തോന്നുന്നില്ല. അപ്രകാരം പ്രഖ്യാപിച്ചാലും ഇല്ലെങ്കിലും തിരുമേനി എല്ലാവർക്കും പരിശുദ്ധൻ ആണ്.

ഒരു ദൈവമനുഷ്യൻ ഒരു നാട്ടിലുള്ളത് നാട്ടിനും നാട്ടാർക്കും കാവലാണ്. ശമുവേൽ, ഏലിയാ മുതലായവർ അപ്രകാരം ആയിരുന്നു. ജനങ്ങളെ നീതിപാതയിൽ കൂടെ നടത്തി അപഥസഞ്ചാരം ചെയ്യിക്കാതെ സത്യം, ധർമ്മം മുതലായ കാര്യങ്ങളിലേക്ക് ആനയിക്കുവാൻ ഒരു ദൈവമനുഷ്യനു സാധിക്കും. മതത്തിൽ മാത്രമല്ല, രാഷ്ട്രത്തിലും അക്കാര്യം യഥാർത്ഥമാണ്. മഹാത്മഗാന്ധി അപ്രകാരമുള്ള ഒരാൾ ആയിരുന്നു. മഹാത്മജിയുടെ വശീകരണശക്തിയുടെ ആഴം ഇൻഡ്യാക്കാർ മാത്രമല്ല, പുറത്തുള്ളവരും അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. അതു് ഇൻഡ്യയെ സ്വാതന്ത്ര്യത്തിലേക്കു വഴി നടത്തി. രാഷ്ട്രീയത്തിൽ പയററി പഴകിയ ഗുരു ലാൽ നന്ദ ആത്മശക്തി പ്രാപിക്കുന്നതിനായി ഒരാഴ്ചത്തെ മൗനവ്രതം നടത്തുന്നതിനു് കേരളത്തിലെ ഒരു ഗുഹയിൽ അഭയം തേടിയതു് അടുത്ത ദിവസമാണല്ലോ.

കേരളത്തിലെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും രാഷ്ട്രീയക്കാരുടെയും ആത്മീയക്കാരുടെയും ജീവിതനിലവാരം വളരെ അധഃപതിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ പരുമലത്തിരുമേനിയെപ്പോലെയും, ബാവായെപ്പോലെയും ഉള്ള ആളുകളുടെ ജീവിതം ഏതു തരത്തിൽ ആയിരുന്നു എന്നു് അറിയുന്നതു് മാർഗ്ഗദർശനം നൽകുന്നതായിരിക്കും.

തിരുമേനിയുടെ ജന്മശതാബ്ദി പ്രമാണിച്ചു പ്രസിദ്ധപ്പെടുത്തുന്ന ഈ സോവനീർ അക്കാര്യത്തിനു് അല്പമായിട്ടെങ്കിലും ഉതകുമെങ്കിൽ ഈ ഉദ്യമം ഫലപ്രദമാണ്.

നീതിമാന്റെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ!!!

VISIT: **RAJA DRY CLEANERS**
Spencer Junction, Syrian Church Road,
TRIVANDRUM-1
Prop: S. K. SWAMY & SONS
Trivandrum-1
Phone: { Residence / Show Room 4393

ഭാഗ്യകനാനിൽ പ്രവേശിച്ച

# അതിമാനുഷൻ

(ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ)

ലോകത്തിൽ അനീതി പെരുകുമ്പോൾ, ദുഷ്ട നിഗ്രഹം ചെയ്തു ശാന്തി കൈവരുത്തുവാൻ അവതാരങ്ങൾ ഉണ്ടാകുന്നു എന്നാണ് ഹൈന്ദവമതം. ഈ തത്വം നാം സ്വീകരിക്കുന്നില്ലെങ്കിലും, ദൈവജനത്തിന്റെ പ്രയാസഘട്ടങ്ങളിൽ അതിമാനുഷന്മാർ ഉയർന്നുവന്നു് അവരെ നിലനിർത്തിയിട്ടുണ്ടെന്നുള്ളതു് വി. വേദപുസ്തകവും, നമ്മുടെ സഭയുടെ ചരിത്രവും സാക്ഷിക്കുന്നുണ്ടു്.

1874 ജൂൺ 16–ാം നു- കുറിച്ചിയിൽ കല്ലാശ്ശേരി വീട്ടിൽ നടന്ന ജനനം അങ്ങനെയൊരു ജ്യോതിർഗോളത്തിന്റെ ഉദയമായി അന്നു് ആരും കണ്ടില്ല. കൊല്ലവർഷം 1074 വൃശ്ചികം 15–ാംനു- റമ്പാനായപ്പോഴും വന്ദ്യ പുന്നൂസ് റമ്പാനെപ്പററി അങ്ങനെയൊരു പ്രതീക്ഷ ഉയർന്നില്ല. എന്നാൽ 1912 സെപ്ററംബർ 10–ാം നു- പരുമല സെമ്മനാരിയിൽവച്ചു് പുന്നൂസ് റമ്പാനെ, മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാനാക്കിയപ്പോൾ നടന്ന യാദൃശ്ചിക സംഭവം—അതായതു് അദ്ദേഹത്തിന്റെ മേൽ പാത്രിയർക്കീസന്മാരുടെ വാഴ്ചയ്ക്കു് ഉപയോഗിക്കുന്ന പ്രാർത്ഥന, പ. അബ്ദേദ്മിശിഹാ പാത്രിയർക്കീസ്ബാവാ നടത്തുവാൻ ഇടയായ സംഭവം—അതു് ഒരു മുൻകുറിയായി പിൽക്കാലത്തു് വ്യാഖ്യാനിക്കപ്പെടുവാൻ അവസരമുണ്ടായി. 1929 ഫെബ്രുവരി 13–ാം നു- അദ്ദേഹം കാതോലിക്കാ ആയി വാഴിക്കപ്പെട്ടപ്പോൾ ആ മുൻകുറി നിവൃത്തിയായി. എന്നിട്ടും അതിമാനുഷനായ വട്ടശ്ശേരിൽ തിരുമേനിയുടെ മുമ്പിൽ അദ്ദേഹം ശോഭിച്ചില്ല. എന്നാൽ അടിമയിൽനിന്നും ഇസ്റായേലിനെ മോചിപ്പിച്ച വാഗ്ദത്തനാടുവരെ നടത്തിയശേഷം കനാൻ കാണാതെ കടന്നുപോയ മോശയെപ്പോലെ കടന്നുപോയ ആ മഹാപുരുഷന്റെ പിൻഗാമിയായി മലങ്കരമെത്രാപ്പോലീത്താകൂടിയായി 1934 ഡിസംബർ 28–ാം നു- എം. ഡി. സെമ്മനാരി അസോസ്യേഷൻ സ്മര്യപുരുഷനെ തെരഞ്ഞെടുത്തതോടെ വമ്പന്റെ പിമ്പനായ തിരുമേനി ഉജ്വല തേജസ്സായി ശോഭിച്ചു. മോശയുടെ ശേഷം യോശുവാ എന്നോണം, സഭാസമാധാനമാകുന്ന ഭാഗ്യകനാനിൽ പ്രവേശിച്ചു കൃതകൃത്യനായി, 1964 ജനുവരി 3–ാം തീയതി വെളുപ്പിനു് ആ ഉജ്വല തേജസ്സു് അണഞ്ഞു.

ആ മഹാപുരുഷന്റെ അപദാനങ്ങളെ പ്രകീർത്തിക്കുവാനുള്ള എന്റെ കഴിവുകേടു് സമ്മതിച്ചുകൊണ്ടു്—വളരെയേറെ പറയാതെ—സ്വാനുഭവത്തിൽനിന്നു ചുരുക്കം ചിലതു കുറിക്കാമെന്നേ വിചാരമുള്ളു. 'അഹറോനും യിസ്റായേൽ മക്കൾ എല്ലാവരും മോശയെ നോക്കിയപ്പോൾ, അവന്റെ മുഖത്തിന്റെ ത്വക്കു് പ്രകാശിക്കുന്നതു കണ്ടു. അതുകൊണ്ടു് അവർ അവന്റെ അടുക്കൽ ചെല്ലുവാൻ ഭയപ്പെട്ടു പുറ. 34: 30.

'എന്നാൽ കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന മരണ ശുശ്രൂഷ, നീക്കംവരുന്നതായ മൂശയുടെ മുഖതേജസ്സു നിമിത്തം യിസ്റായേൽ മക്കൾക്കു് അവന്റെ മുഖത്തു നോക്കിക്കൂടാതവണ്ണം തേജസ്സുള്ളതായി എങ്കിൽ, ആത്മാവിന്റെ ശുശ്രൂഷ തേജസ്സേറിയതായിരിക്കും' 2 കോറ. 3: 7–9.

സ്മര്യ പുരുഷനായ പ. ബാവാ തിരുമേനിയെക്കുറിച്ചു് ഞാനും നിങ്ങളും ഓർക്കുന്ന ഒരു കാര്യമുണ്ടു്. അദ്ദേഹം നടത്തുന്ന ശുശ്രൂഷകളുടെ ഭക്തിരസവും, ആ സന്ദർഭത്തിലുള്ള അദ്ദേഹത്തിന്റെ മുഖശോഭയും—അതിനുള്ള കാരണമാണ് മുന്നുദ്ധരിച്ച വാക്യങ്ങൾ കാണിക്കുന്നതു്.

ഭക്തിയിൽ പൂർണ്ണമായി മുഴുകിക്കൊണ്ടും അനുഗ്രഹദാതാവായ തമ്പുരാനെ മുമ്പിൽ കണ്ടുകൊണ്ടും, ആ വിശ്വാസത്തിൽ ഉറച്ചുകൊണ്ടും ആരാധന നടത്തുന്നതുകൊണ്ടു് പ. പിതാവിന്റെ മുഖം പ്രകാശിക്കുകയാണു ചെയ്യുന്നതു്. പ്രത്യേകിച്ചു് വി. കുർബ്ബാനയിലു, ശെമ്മാശ്ശന്മാരുടെയും, കശ്ശീശന്മാരുടെയും, എപ്പിസ്ക്കോപ്പന്മാരുടെയും പട്ടംകൊടയിൽ, പരിശുദ്ധ റൂഹായുടെ വിളിയുടെ സമയത്തു് തിരുമനസ്സിലെ മുഖം ജ്വലിക്കുമായിരുന്നു. പട്ടം ഏൽക്കുന്നവരും, അതിൽ സംബന്ധിക്കുന്നവരും ആ മുഖദർശനത്തിൽ ഭയഭക്തി

പൂർവ്വം നിൽക്കുകയും ചെയ്യും. അങ്ങനെ നാം വാചാലതയോടെ ചിത്രീകരിക്കുന്ന ഭക്തി അദ്ദേഹം സ്വജീവിതത്തിൽ പകർത്തിക്കാണിച്ചു.

വേറൊരു രംഗം 'മെത്രാച്ചൻ അവിടെ ഇരിക്കൂ, എനിക്ക് എഴുന്നേൽക്കുവാൻ വയ്യാ'. രോഗാതുരനായി കസേരയിൽ ചാരിക്കിടന്ന്, വേദനപ്പെടുന്ന കാൽ സ്റ്റൂളിൽ പൊക്കിവച്ചുകൊണ്ട് കിടന്നിരുന്ന തിരുമേനിയെ കാണുവാൻ കയറിച്ചെന്ന എന്നെ സ്വീകരിക്കയാണ്. എഴുന്നേറ്റ് സ്വീകരിക്കുന്ന പതിവു നിവർത്തിക്കാൻ വയ്യാത്തതിന്റെ ഖേദപ്രകടനം ഈ ആജ്ഞയിൽ കാണാം. അദ്ദേഹത്തെ സന്ദർശിക്കുവാൻ ഭാഗ്യമുണ്ടായിട്ടുള്ള ഏവർക്കും അദ്ദേഹത്തിന്റെ അതിഥിമര്യാദയും, വലിയവരെയും, ചെറിയവരെയും ശത്രുമിത്രഭാവമെന്യെ, അവരവരുടെ നിലയ്ക്കും സ്ഥാനമഹിമയ്ക്കും ഒത്തവണ്ണം ആദരിക്കുന്നതു് അനുഭവപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിൽനിന്ന് എല്ലാ പട്ടത്വപദവികളും സ്വീകരിച്ച നിസ്സാരനായ എന്നെപ്പോലും എഴുന്നേറ്റു സ്വീകരിക്കുകയായിരുന്നു പതിവ്. ഈ സ്വഭാവവിശേഷംകൊണ്ടും കൂടെ ആയിരിക്കാം അദ്ദേഹത്തിന്റെ കാലത്തുള്ള എല്ലാവരിലും കൂടുതൽ അദ്ദേഹം ബഹുമാനിക്കപ്പെട്ടതും.

അതുപോലെതന്നെ ഇത്രവളരെ സ്നേഹിക്കപ്പെട്ട വേറൊരു വ്യക്തിയും അക്കാലത്തുണ്ടായിരുന്നില്ല എന്നു തറപ്പിച്ചു പറയാവുന്നതാണ്. സഭാകാര്യങ്ങളിൽ അദ്ദേഹത്തിന്റെ എതിരാളികൾ പോലും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു, ബഹുമാനിച്ചിരുന്നു. ഒരുപക്ഷേ അദ്ദേഹം മറ്റുള്ളവരെ സ്നേഹിക്കുന്നതിൽ മുമ്പന്തിയിലായിരുന്നതുകൊണ്ടാവാം ഈ അനുഭവം -അദ്ദേഹത്തോടു അടുത്തു പെരുമാറിയിട്ടുള്ള ഓരോ വ്യക്തിയ്ക്കും തങ്ങളെയാണു തിരുമേനി ഏററവും കൂടുതൽ സ്നേഹിച്ചതെന്നു പറയുവാൻ തക്ക അനുഭവങ്ങൾ അവർക്കുണ്ടായിട്ടുണ്ട്. എനിക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ എടുത്തുപറയുവാൻ ഞാൻ മടിക്കുന്നു. എങ്കിലും ഒരു കാര്യം പറയുവാൻ ഞാൻ നിർബന്ധിതനാകുന്നു. ഒരുദിവസം പഴയസെമിനാരിയിൽവച്ചു ഒരു കാര്യത്തെപ്പററി തിരുമേനി എന്നെ ഒട്ടുവളരെ വഴക്കു പറഞ്ഞു. അതുകഴിഞ്ഞു ഞാൻ മടങ്ങിപ്പോന്നു. എനിക്കു തൻനിമിത്തം 'വിഷമമുണ്ടായിരിക്കാമെന്നു വിചാരിച്ചു പിറെറന്നുതന്നെ തിരുമേനി ഒരു ക്ഷമാപണകല്പനയാണ് എനിക്കു എഴുതിയതു്. അതിലെ രണ്ടു വാചകം ഉദ്ധരിക്കട്ടെ 'മെത്രാച്ചൻ പോയശേഷം തീരെ സമാധാനം ഇല്ലാതെ ഇരിക്കുകയാണ് ............നമ്മുടെ മനഃപ്പൂർവമല്ലെന്നു വിചാരിച്ചു അതു നമ്മോടു ക്ഷമിക്കണമെന്നു അപേക്ഷിക്കുന്നു.' ഇവ പ്രകടമാക്കുന്ന സ്നേഹവായ്പും ദൈവീകത്വവും എനിയ്ക്കു മറക്കുവാൻ കഴിയുന്നില്ല. 1960 ജൂൺ 9-നു-ത്തെ ആ കല്പന എന്നെ വളരെ ചിന്തിപ്പിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

സംഭാഷണചതുരനായ തിരുമനസ്സിലെ ഫലിതോക്തികൾ ശ്രോതാക്കളെ കുടുകുടെ ചിരിപ്പിക്കുമായിരുന്നു. ഒരു ഉദാഹരണം മാത്രം– രോഗം വർദ്ധിച്ചു നടക്കാൻ പാടില്ലാതെ കഴിയവേ ഒരു ദിവസം ഡ്രൈവർ തോമസും. ശെമ്മാശ്ശനും, പോരാത്തതിനു ഞാനുംകൂടി താങ്ങിപ്പിടിച്ചു നടത്തിക്കൊണ്ടു തിരുമേനിയെ കുളിമുറിയിലേക്കു കൊണ്ടുപോകവേ 'മെത്രാച്ചനും ശെമ്മാശ്ശനും, ശേഷം ജനങ്ങളും: പൌരസ്ത്യ കാതോലിക്കായുടെ എഴുന്നള്ള

FOR FAVOURS RECEIVED



Cherian Thomas, Kuwait.

Jaymol P. George,
പനയ്ക്കാമററത്തു്.

Abraham
Kurian,
ചെങ്ങരൂർ.

സി. എസ്. ഐ. മഹായിടവകയും

# കാലംചെയ്ത ബാവാ തിരുമേനിയും

(ബിഷപ്പ് എം. എം. ജോൺ)

കാലംചെയ്ത പരിശുദ്ധ കാതോലിക്കാ ബാവാ മോറാൻ മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മാരക ഗ്രന്ഥത്തിലേക്ക് ഒരു അനുസ്മരണാലേഖനം അയയ്ക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. കാതോലിക്കാബാവാതിരുമേനിക്ക് ഞാൻ പ്രതിനിധാനം ചെയ്യുന്ന മഹായിടവകയോടും, എന്റെ മുൻഗാമിയായിരുന്ന ബിഷപ്പ് ജയിക്കബ് തിരുമേനിയോടും, വ്യക്തിപരമായി എന്നോടും ഉണ്ടായിരുന്ന നിർവ്യാജസ്നേഹത്തെ കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ട് എന്റെ ഭക്തി ആദരവുകളെ രേഖപ്പെടുത്തട്ടെ.

കൊച്ചി തിരുവിതാംകൂർ ആംഗ്ലിക്കൻ മഹായിടവകയോടുള്ള തിരുമനസ്സിലെ ബന്ധം ആ മഹായിടവകവകയായ സി. എം. എസ്. കോളജ് ഹൈസ്കൂളിൽ വിദ്യാഭ്യാസം ചെയ്തിരുന്ന കാലത്ത് ആരംഭിച്ചതെന്ന് ഞാൻ കരുതുന്നു. വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ താൻ അസാമാന്യ നേതൃത്വപ്രവണത പ്രദർശിപ്പിച്ചിരുന്നു എന്ന് സഹപാഠികളിൽനിന്നു കേട്ടിട്ടുണ്ട്. ആംഗ്ലിക്കൻ മഹായിടവകയുടെ മേലദ്ധ്യക്ഷന്മാരുമായി ഒരു സൗഹാർദ്ദബന്ധം പിൽക്കാലത്ത് തിരുമേനി പുലർത്തിപ്പോന്നിരുന്നു.

വിദേശീയരായ ബിഷപ്പന്മാരുടെ കാലത്തുതന്നെയും നിലനിന്നുപോന്ന സൗഹാർദ്ദം ഒരു സ്വദേശ്യബിഷപ്പിന്റെ സ്ഥാനാരോഹണത്തോടുകൂടെ വളരെ അധികം വർദ്ധിച്ചു. ബിഷപ്പ് ജെയിക്കബ് സി. എസ്. ഐ. അദ്ധ്യക്ഷൻ, ആർച്ച് ഡീക്കൻ എന്നീ നിലകളിൽ ആയിരിക്കുമ്പോഴും മഹായിടവക ബിഷപ്പന്മാരെ പ്രതിനിധാനം ചെയ്ത് സുറിയാനി സഭാദ്ധ്യക്ഷന്മാരെ വിവിധ കാര്യങ്ങൾക്കായി സമീപിക്കുമായിരുന്നു. സമീപപ്രദേശത്തു ജനിച്ചു വളർന്നവരെന്ന നിലയിലും കാതോലിക്കാബാവാതിരുമേനിയോടു ബന്ധം പുലർത്തുവാൻ ജെയിക്കബ് തിരുമേനിക്കു ക്ഷിപ്രസാദ്ധ്യമായി. സി. എസ്. ഐ. യുടെ ആവിർഭാവത്തിനു ശേഷവും അതിനു മുമ്പും മഹായിടവക സന്ദർശിച്ചുപോന്ന മഹൽവ്യക്തികളെ പരിശുദ്ധ കാതോലിക്കാ ബാവായുമായി പരിചയപ്പെടുത്തുന്നതിന് ബിഷപ്പ് ജെയിക്കബ് അവസരമുണ്ടാക്കുമായിരുന്നു. ബിഷപ്പു തിരുമേനിയുടെ കാലത്തു നടന്നിട്ടുള്ള വിവിധ സമ്മേളനങ്ങളിൽ ബാവാതിരുമേനിയെ സ്വീകരിച്ച് ആദരിക്കുക പതിവായിരുന്നു. സർവ്വോപരി ഈ രണ്ടു വ്യക്തികളെയും തമ്മിൽ ബന്ധിച്ചത് മലങ്കര സഭയിലെ നിർഭാഗ്യകരമായ ഭിന്നതകൾക്കു പരിഹാരം കണ്ടെത്തുവാൻ ബിഷപ്പ് ജെയിക്കബ് ചെയ്ത പരിശ്രമമാണ്. ഇരു കക്ഷിയിലുമുള്ള സഭാദ്ധ്യക്ഷന്മാരെയും പ്രമുഖ വ്യക്തികളെയും കൂട്ടിച്ചേർത്ത് അദ്ദേഹം നടത്തിയ സമ്മേളനങ്ങളുടെ വിവരങ്ങൾ ധരിപ്പിക്കുന്നതിന് തനിച്ചും മാത്തോമ്മാ മെത്രാപ്പോലീത്തായോടു ചേർന്നും തുടരെ ബാവാ തിരുമേനിയെ സന്ദർശിക്കുമായിരുന്നു. ബാവാ തിരുമനസ്സിലെ ഇരുവശത്തും രണ്ടു തിരുമേനിമാർ ഇരുന്നുകൊണ്ട് ഒത്തുതീർപ്പു വ്യവസ്ഥകളിൽ ഒപ്പു വയ്പിക്കുന്നതിനു കേണപേക്ഷിച്ച രംഗം ആരോ പറഞ്ഞു കേട്ടിട്ടുണ്ട്. സ്വതസിദ്ധമായ അഭിപ്രായ ദാർഢ്യത്തോടെ അദ്ദേഹം അതിന്റെ ബലഹീനവശങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനു ശ്രമിച്ചെങ്കിലും സമുദായ ഭിന്നത അവസാനിപ്പിക്കുന്നതിനുള്ള അതീവതാല്പര്യത്തിൽ ബാവാതിരുമേനി കൈയൊപ്പു വച്ചു. ആ വിധത്തിൽ കാര്യാദികൾ അവസാനിക്കാതെ അതിൽ മെച്ചമായ ഒരു പര്യവസാനത്തിലേക്കാണല്ലോ ദൈവം വഴി നടത്തിയതെന്ന് ഓർക്കുന്നു. ബിഷപ്പ് ജെയി

---

ള്ളു് ശേലായി!'—കാര്യം ഗ്രഹിച്ച ഞാൻ ലജ്ജിതനായി ഉടനെ പിൻവലിഞ്ഞു.

ഇതുപോലെ പലതും...... ഞാൻ നിറുത്തട്ടെ.

ആ അതുല്യ പ്രഭയുടെയും, ഭക്തിപാരവശ്യത്തിന്റെയും സുകൃതശ്രേഷ്ഠതയുടേയും സ്മരണയുടെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും, മദ്ധ്യസ്ഥത യാചിച്ചുകൊണ്ടും വിരമിക്കുന്നു.

-0-

## പ്രധാനാചാര്യനായി പിറന്ന

# മഹാനുഭാവൻ

### (യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ)

ദീർഘായുസ്സും, ആരോഗ്യവും, സ്ഥാനവലിപ്പവും ദൈവത്തിൻെറ കൃപയായി കണക്കാക്കുമ്പോൾ, മാർ ഗീവറുഗീസ് ദ്വിതീയൻ ബസ്സേലിയോസ് കാതോലിക്കാബാവാ തിരുമേനി, അവയിലെല്ലാം നിറഞ്ഞവനും തികഞ്ഞവനും ആയിരുന്നു. പ്രധാനാചാര്യനായി പിറന്നവൻ എന്നു ശ്രീ. എ. എം. തോമസ്, തിരുമനസ്സിലെ ചരമപ്രസംഗത്തിൽ കീർത്തിച്ചതു് എത്രയും അന്വർത്ഥമായിരുന്നു. ചില ഉന്നതസ്ഥാനികൾക്കു്, അവരുടെ സ്ഥാനത്തിനർഹമായ ആകാരസൗഷ്ഠവമൊ, വേഷഭംഗിയൊ, ഗാംഭീര്യമൊ, ആജ്ഞാശക്തിയൊ ഉണ്ടായെന്നു വരികയില്ല. എന്നാൽ ബാവാതിരുമനസ്സിലേക്കു ഇതെല്ലാം ചേർച്ചയായിരുന്നു. ഈ തലമുറയിലുള്ളവർ തിരുമനസ്സിലെ കാണുമ്പോഴുള്ള ഗാംഭീര്യം ചെറുപ്പത്തിൽ ഇല്ലായിരുന്നുവെന്നു വൃദ്ധന്മാർ പറയുന്നു.

സ്ഥാനം കൂടുന്തോറും അതിനുള്ള വരങ്ങളും സിദ്ധികളും അദ്ദേഹത്തിനു ലഭിച്ചിരുന്നു.

ജ്ഞാനികളിൽ നിന്നും വിദ്വാന്മാരിൽ നിന്നും തടയപ്പെട്ടിട്ടു്, ശിശുക്കൾക്കു വെളിപ്പെടുന്ന വിധത്തിലുള്ള ദൈവകൃപയാണു് തിരുമേനിയെ ഭരിച്ചുകൊണ്ടിരുന്നതു്. അദ്ദേഹം വലിയ ഒരു തിയോളജിയൻ അല്ലായിരുന്നെങ്കിലും, പ്രസംഗത്തിൽ തിയോളജി ഒഴുകി വരുമായിരുന്നു. ഭരണതന്ത്രജ്ഞൻ അല്ലായിരുന്നെങ്കിലും ഭരണീയർ പഞ്ചപുച്ഛമടക്കുമായിരുന്നു. നിയമജ്ഞനല്ലായിരുന്നെങ്കിലും കോടതിയിൽ ഹാജരായി സങ്കോചമെന്യേ മൊഴി കൊടുത്തു. ഇതെല്ലാം സാധിച്ചതെങ്ങിനെ. സ്വയത്തിൽ ആശ്രയിക്കുവാൻ ഒന്നും ഇല്ലാതിരുന്നതിനാൽ ദൈവത്തിൽ ആശ്രയിച്ചുവെന്നതാണു് യാഥാർത്ഥ്യം. ജീവിതത്തിൻെറ ആരോഹണാവരോഹണങ്ങൾ എല്ലാം അനുഭവിച്ചുവെ

ക്കപ്പിൻെറ മരണക്കിടക്കയിൽ ബാവാതിരുമേനി പള്ളുരുത്തിയിലെ വസതിയിലെത്തി കണ്ണുനീർ വാർത്തുകൊണ്ടു് ഗൽഗദസ്വരത്തിൽ പ്രാർത്ഥിച്ചു എന്നു സമീപെ നിന്നവരിൽനിന്നു് കേട്ടിട്ടുണ്ടു്.

പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയോടു് ആദരവും ഭക്തിയും എന്നിൽ അങ്കുരിച്ചതു് ഞാൻ ബിഷപ്പാകുന്നതിനു വളരെ മുൻപാണു്. തിരുമനസ്സിലെ കുടുംബാംഗങ്ങളായ എൻെറ പിതൃസഹോദരഭാര്യ മിസ്സസ് ജോൺ ചാണ്ടി, എൻെറ സഹോദരീഭർത്താവായ ശ്രീ. പി. പി. ജോൺ എന്നിവർ അതിനു് ആരംഭമിട്ടു എന്നു് തോന്നുന്നു.

ഞാൻ പട്ടക്കാരനായിരിക്കുമ്പോൾ ബിഷപ്പ് ജെയിക്കബിൻെറ നിർദ്ദേശാനുസരണം ചില ആവശ്യങ്ങൾക്കുവേണ്ടി ഞാൻ ബാവാതിരുമേനിയുടെ അരമനയിൽ പോയിട്ടുണ്ടു്. തിരുമേനിയിൽ വിളങ്ങിയിരുന്ന ഗാംഭീര്യം, അഭിപ്രായ ദാർഢ്യം, മഹാമനസ്ക്കത, ഫലിതരസം മുതലായവ അക്കാലത്തുതന്നെ ഞാൻ ഗ്രഹിച്ചിരുന്നു. തിരുമേനിയുമായി ഞാൻ ഏറ്റവും അടുത്ത സന്ദർഭം എന്നെ ബിഷപ്പായി തെരഞ്ഞെടുത്തതിനടുത്താണു്. ശ്രീ. ഏ. വി. ജോർജ്ജുമൂലം, തെരഞ്ഞെടുപ്പു വിവരം ഗ്ര

ഹിച്ച തിരുമേനി എന്നെ അരമനയിലേക്കു ക്ഷണിക്കുകയും, സൽക്കരിക്കുകയും, ഒരു ചുവന്ന കുപ്പായവും, ദന്തനിർമ്മിതമായ ഒരു കുരിശും മാലയും സമ്മാനിക്കുകയും, പ്രാർത്ഥിച്ചു് ആശീർവ്വദിച്ചയയ്ക്കുകയും ചെയ്തതു് ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ഞാൻ ബിഷപ്പായശേഷം ഞങ്ങൾ സന്ദർശനപ്രതിസന്ദർശനങ്ങൾ നടത്തുകയും വിവിധ രംഗങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടു്. ഞങ്ങൾ തമ്മിലുള്ള സൗഹാർദ്ദബന്ധം അന്ത്യത്തോളം വിവിധ രീതികളിൽ പ്രകാശിപ്പിക്കപ്പെട്ടുപോന്നു. ചില പ്രശസ്ത വ്യക്തികളുമായി തിരുമേനിയെ കാണ്മാൻ ചെന്നിട്ടുള്ള ചില അവസരങ്ങളിൽ എന്നെക്കുറിച്ചു് 'ഇതു ഞങ്ങളുടെ ബിഷപ്പു്' എന്നു പറയുമായിരുന്നു. ആ പുണ്യാത്മാവിൻെറ സ്മരണ ഇന്നും എന്നെ പല കാര്യങ്ങളിൽ ഉദ്ബോധിപ്പിക്കുന്നു.

'ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിലെ പ്രഭപോലെയും, പലരെയും നീതിയിങ്കലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും'.

ങ്കിലും ഒന്നിലും പതറിപ്പോയില്ല. പ്രധാനമായി ദൈവത്തോടും, രണ്ടാമത്തു് സഭയോടും, മൂന്നാമതായി മററുള്ളവരോടും താല്പര്യം പുലർത്തിപ്പോന്നുവെന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതവിജയരഹസ്യം. ഇക്കാലത്തു് മുൻപറഞ്ഞ മൂന്നാമത്തെ കാര്യത്തിന്റെ അടിസ്ഥാനത്തിൽ സഭയോടും പിന്നെ ദൈവത്തോടും താല്പര്യം പുലർത്തിയാൽ മതിയെന്നുള്ള ലാഞ്ഛനയാണു് പലരും വൈദികരോടു കാണിക്കാറുള്ളതു്.

ബിഷപ്പും മെത്രാനും ഒരേ സ്ഥാനത്തെ കാണിക്കുന്ന രണ്ടു ഭാഷകളിലെ പദമാണെന്നിരുന്നാലും, ബിഷപ്പെന്നു പറയുന്നതിനെക്കാൾ കുറേക്കൂടെ വ്യത്യസ്തമായ ധാരണയാണു് മെത്രാൻ എന്നു പറയുമ്പോൾ മലയാളികൾക്കു മനസ്സിലാവുക. ആർഷ ഭാരതത്തിലെ ഋഷീശ്വരനും, സർവ്വസംഗപരിത്യാഗിയായ സന്യാസിയും, അനുഗ്രഹിക്കുന്നതിനും ശപിക്കുന്നതിനുമുള്ള ദിവ്യശക്തിയോടു കൂടിയ യോഗിവര്യനും, രാജകീയ ദിനചര്യയിലും ദൈവസംസർഗ്ഗത്തിലും വരവർണ്ണം തെററാത്ത കുലപതിയും കൂടെ ബിഷപ്പിനോടു ചേർന്നിണങ്ങുമ്പോഴാണു് മലയാളികളുടെ മനസ്സിനിണങ്ങിയ മെത്രാൻ ആകുന്നതു്! മലങ്കരയിലെ മെത്രാന്മാർ ആ വടിവിൽ കഴിഞ്ഞിരുന്നവരാണു്, അതിന്റെയെല്ലാം മൂർത്തീഭാവം കാലം ചെയ്ത പിതാവിൽ സമ്മേളിച്ചിരുന്നു. പാവപ്പെട്ട മലങ്കര സഭയുടെ നേട്ടം, വസ്തുവകകളൊ മഹൽ സ്ഥാപനങ്ങളൊ ആയിരുന്നില്ല ഇപ്രകാരമുള്ള പുണ്യപിതാക്കന്മാരെ ലഭിച്ചിരുന്നുവെന്നതാണു്.

## നിഷ്ഠകൾ

സ്വഭാവത്തിൽ ഉണ്ടായിരുന്ന നിഷ്ഠ മററു കാര്യങ്ങളിലും പ്രതിഫലിച്ചിരുന്നു. സഭയുടെ വിശ്വാസാചാരങ്ങളിലും ശുശ്രൂഷാദികളിലും തെററു വരുത്താൻ പാടില്ല എന്നുള്ള നിർബന്ധം, അവയ്ക്കു് ലംഘനം ഉണ്ടാകുമ്പോൾ ദൈവികമായ കോപത്തിനും അസഹിഷ്ണതയ്ക്കും കാരണമായ അവസരങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, ആരും അതിനെ ചൊല്ലി പരാതിപ്പെടുകയൊ അതൃപ്തി ഭാവിക്കയൊ ചെയ്തിട്ടില്ല. ദൈവാലയത്തിൽ അഴിമതിയും ക്രമക്കേടും കണ്ടപ്പോൾ കർത്താവു് ചമ്മട്ടി എടുത്തല്ലൊ. ഹേറോദേസിനെ കുറുനരിയെന്നും, പരീശന്മാരെയും പ്രീശന്മാരെയും കപടഭക്തന്മാരെന്നും കർത്താവു വിളിച്ചതു് തനിക്കു ഹൃദയവിശാലത ഇല്ലാഞ്ഞിട്ടല്ല. ഏലിയായെപ്പോലെ തീക്ഷ്ണവാനും, യോഹന്നാനെപ്പോലെ വ്രതനിഷ്ഠയുള്ളവനും ആയിട്ടല്ലാതെ ഒരു ദൈവഭക്തനു കഴിയുക സാദ്ധ്യമല്ല.

സഭയിൽ ഭിന്നതയും വ്യവഹാരവും നിലനിന്ന കാലത്തുപോലും സ്വന്ത കക്ഷിയിൽപ്പെടാത്തവരോടു വിരോധമൊ ശത്രുതയൊ ബഹുമാനക്കുറവൊ വെച്ചുപുലർത്തിയിരുന്നില്ല. അതു് മഹാനുഭാവന്മാർക്കു മാത്രം സാധിക്കുന്ന കാര്യമാണു്. ഇരു കക്ഷികളിലും പെട്ട ശെമ്മാശ്ശന്മാർ പഴയ സെമിനാരിയിൽ തിരുമനസ്സിലെ മേൽനോട്ടത്തിൽ ഒരുമിച്ചു താമസിച്ചിട്ടുണ്ടു്. സ്വന്ത കക്ഷിയിൽ പെടാത്ത അച്ചന്മാരും മേല്പട്ടക്കാരും അവിടുത്തെ ആതിഥ്യം സ്വീകരിച്ചിട്ടുണ്ടു്. മലങ്കരസഭാ ഭാസുരൻ ഗീവറുഗീസ് മാർ ദീവന്നാസ്യോസു് ഇതുപോലുള്ള ഒരു മഹാനുഭാവൻ ആയിരുന്നു. പ്രസംഗത്തിലും സംസാരത്തിലും എതിർ കക്ഷിയിൽപെട്ട മേല്പട്ടക്കാരെയും നേതാക്കന്മാരെയും കുറിച്ചു് ബഹുമാനത്തോടുകൂടിയേ സംസാരിക്കുമായിരുന്നുള്ളു.

വൃദ്ധന്മാർക്കും രോഗികൾക്കും നോമ്പിൽ പല സൗജന്യങ്ങളും ചെയ്തിട്ടുള്ളതനുസരിച്ചു്, വാർദ്ധക്യത്തിൽ ഉപവാസത്തിലും മററും ലാഘവം വരുത്തരുതോ എന്നു ചിലർ തിരുമേനിയെ ഓർപ്പിക്കാറുള്ള അവസരത്തിൽ ''ലാഘവം വരുത്തുന്നതിൽ പാപമൊ തെററൊ ഇല്ല. എന്നാൽ ഞാൻ അനേകം പേരുടെ തലവനാണു്. ഞാൻ ലാഘവം കാണിച്ചാൽ അതിന്റെ കാരണം നോക്കിക്കൊണ്ടായിരിക്കയില്ല മററുള്ളവർ അതിനെ ലംഘിക്കാൻ പ്രേരിതരാകുന്നതു്. അതുകൊണ്ടു് മററുള്ളവർക്കു ഇടർച്ച ഉണ്ടാകാതിരിപ്പാൻ വേണ്ടി ഞാൻ ഒന്നും ലംഘിക്കുന്നില്ല'' എന്നു പറയുമായിരുന്നു.

തിരുമനസ്സിലെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ, തിരുമനസ്സിലെ അടുത്തു പരിചയിക്കയും പരിചരിക്കയും ചെയ്തിട്ടുള്ള പലർക്കും അനേകം പരിപാവന സ്മരണകളെ ഉതിർക്കുവാനുണ്ടാകും. വ്യക്തിപരമായി കല്പിച്ചിട്ടുള്ള പല അനുഭവ പാഠങ്ങൾ പറയുവാനുണ്ടായിരിക്കും. പലരെക്കുറിച്ചും തിരുമനസ്സിലേയ്ക്കുണ്ടായിരുന്ന പ്രതീക്ഷകളും ആഗ്രഹങ്ങളും തിരുമനസ്സിലെ കാലത്തുതന്നെ സഫലമായി തീരാൻ സാധിച്ചില്ലെന്നിരിക്കും. എങ്കിലും ഇന്നും ജീവിക്കുന്നവനായ ആ പുണ്യപിതാവു് സഭയ്ക്കുവേണ്ടിയും, ഇന്നു അതിന്റെ അന്തരീക്ഷത്തിൽ കാണപ്പെടുന്ന കാർമേഘ പടലങ്ങൾ മാറി കിട്ടുന്നതിനുവേണ്ടിയും പ്രാർത്ഥിക്കാതിരിക്കയില്ല. തിരുമനസ്സിലെ പ്രാർത്ഥന നമുക്കു കോട്ടയും അഭയവുമാകട്ടെ.

—0—

# അനർഘ നിമിഷങ്ങൾ

(എം. രഘുനാഥൻ ഐ. എ. എസ്.)



'ശെമ്മാശ്ശാ, ആ ആർ. ഡി. ഓ. യ്ക്ക് ഒരു കസേര കൊടുത്തോ? നോക്ക്—ആർ. ഡി. ഓ. ആള് നല്ലവനാ'—കാലംചെയ്ത പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ അദ്ദേഹത്തിന്റെ സെക്രട്ടറി സഖറിയാ ശെമ്മാശ്ശന് കൊടുത്ത കല്പന അതേപടി ഞാൻ പകർത്തുകയാണ്. അതിലെ ആർ. ഡി. ഓ. ആയ കഥാപുരുഷൻ ഞാൻതന്നെ.

1962 ഡിസംബറിൽ, ആയിടയ്ക്ക് മന്ത്രിപദം സ്വീകരിച്ച ശ്രീ. എം. പി. ഗോവിന്ദൻനായർക്ക് ബാവാതിരുമേനി നൽകിയ സ്വീകരണത്തിൽ സംബന്ധിക്കാൻ, ആ സായാഹ്നത്തിൽ ഒട്ടുവളരെ ആളുകൾ പഴയസെമ്മിനാരിയിൽ കൂടിയിരുന്നു. പുതിയ ഒരു മന്ത്രിക്ക് സ്വാഭാവികമായി നേരിടേണ്ടിവരുന്ന വിഷമതകളാണ്—അനന്തമായ സ്വീകരണങ്ങളും, ഹാരാർപ്പണങ്ങളും, നിവേദനങ്ങളും. പലയിടത്തും പല പരിപാടികളും കഴിഞ്ഞ് ഒരു മന്ത്രിക്കും സാധാരണയായി സമയത്തിന് എങ്ങും എത്താൻ സാധിക്കുകയുമില്ല. അങ്ങനെ മന്ത്രിയുടെ വരവും കാത്ത് സെമ്മിനാരിയുടെ മുറ്റത്ത് ഞങ്ങൾ കൂടിനിൽക്കുമ്പോഴാണ് തിരുമേനിയുടെ സെക്രട്ടറി സഖറിയാശെമ്മാശ്ശൻ ഞങ്ങളിൽ ചിലരെ മേടയുടെ മുകളിലേക്കു കൂട്ടിക്കൊണ്ടുപോയത്. സ്വീകരണസൽക്കാരത്തിനു വേണ്ട ഏർപ്പാടുകളൊക്കെയും നേരിട്ടു പരിശോധിച്ചശേഷം അവിടെ വിശ്രമിക്കുകയായിരുന്ന ബാവാതിരുമേനിക്ക് ഞങ്ങളെയൊക്കെ അദ്ദേഹം പരിചയപ്പെടുത്തിക്കൊടുത്തു. സുസ്മേരവദനനായ ആ തപോധനൻ തികഞ്ഞ നർമ്മബോധത്തോടെ ഞങ്ങളോടൊക്കെ കുശലാന്വേഷണം നടത്തി. ഞാനും ഡി. എസ്. പി. ശ്രീ. സൈമൺ മാഞ്ഞൂരാനും ഒന്നിച്ചാണ് തിരുമേനിയെ കണ്ടത്. എന്തെന്ന് എനിക്കറിഞ്ഞുകൂടാ, എങ്ങിനെയെന്നും എനിക്കു പറയാനാവില്ല, അന്യാദൃശമായ വാത്സല്യാതിരേകമാണ് അദ്ദേഹം എന്നോടു കാണിച്ചത്. സന്ദർശനം കഴിഞ്ഞ് ഞങ്ങളെല്ലാംതന്നെ ആ പള്ളിമേടയുടെ മറുപുറത്തുള്ള വരാന്തയിൽ ശാലീനസുന്ദരിയായി വളഞ്ഞൊഴുകുന്ന മീനച്ചിലാറിനഭിമുഖമായി കൂടിനിന്നു. അപ്പോഴാണ് എന്റെ സ്നേഹിതൻ ശ്രീ. പി. സി. ഏബ്രഹാം ഒരു പെരിയ കസേരയുമായി എന്റെ സമീപത്തേക്കു വന്നത്. ആർ. ഡി. ഓ. യ്ക്ക് ഒരു കസേര കൊടുക്കണമെന്നും ആർ. ഡി. ഓ. നല്ലവനാണെന്നും തിരുമേനി കല്പനയായെന്നു കേട്ട് ആ സുഹൃദ്സദസ്സിൽ പലരും പൊട്ടിച്ചിരിച്ചുപോയി. പക്ഷേ ഞാനോ? എന്നെത്തന്നെ മറന്ന്, മനസ്സ് പരിസരങ്ങളിൽനിന്നെല്ലാം അകന്ന്, ഏതോ ഒന്നിൽ ലയിച്ച് കുറെ സമയം അങ്ങനെ നിന്നുപോയി.

1960-ലാണ് ഞാൻ കോട്ടയത്ത് ആർ. ഡി. ഓ. ആയി വന്നത്. പാത്രിയർക്കീസ് കക്ഷിയും കാതോലിക്കാസ് കക്ഷിയും തമ്മിൽ വർഷങ്ങളായി നടന്നുവന്ന കിടമത്സരം സുപ്രീംകോടതി വിധിയും സഭാസമാധാനവും ഉണ്ടായിട്ടും കോട്ടയത്തുചില പള്ളികളിൽ കൊടുമ്പിരിക്കൊണ്ടുതന്നെയിരിക്കുന്ന കാലം. പള്ളികളിലെ പ്രാർത്ഥനകളിൽ, കല്യാണത്തിൽ, ശവമടക്കിൽ എല്ലാം ആ വഴക്ക് പടർന്നു പിടിച്ചിരുന്നു. വികാരവും വിദ്വേഷവും വിവേകത്തെ കീഴ്പ്പെടുത്തി സംസ്കാരസമ്പന്നരായ ഒരു ജനസമുദായത്തെ ഏതാണ്ട്

മൃഗപ്രായമാക്കിയ കാലം. ശ്മശാനത്തിൽ അടക്കാൻ കൊണ്ടുചെല്ലുന്ന ശവം അവിടെത്തന്നെ അടക്കിക്കുമെന്നു പറഞ്ഞ് ഒരു കൂട്ടർ തലയ്ക്കും, അടക്കിക്കുകയില്ലെന്നു ശഠിച്ച് മറ്റൊരു കൂട്ടർ കാലിനും പിടിച്ചു വലിക്കുന്ന കാലം. പ്രാർത്ഥനയും അതേസമയം കൂക്കുവിളികളും എവിടെയും. ഉന്തും തള്ളും, കല്ലേറും, കത്തിക്കുത്തും. മതപരമായ കാര്യങ്ങളിൽ കഴിവതും ഇടപെടാതിരിക്കണമെന്ന എന്റെ ആഗ്രഹം ഫലിച്ചില്ല. നീതിന്യായ പരിപാലനത്തിലും പൊതുസമാധാനസംരക്ഷണത്തിലും പലപ്പോഴും സൗജന്യത്തിനും സൗമനസ്യത്തിനും സ്ഥാനമില്ല. അങ്ങനെ ദേവാലയങ്ങൾ ഭ്രാന്താലയങ്ങളായി മാറിയപ്പോൾ അവ അടച്ചുപൂട്ടിക്കേണ്ട ഗതികേടിൽ ഞാൻ ചെന്നെത്തി. ആദ്യം നീലിമംഗലം പള്ളിയും, പിന്നീട് കല്ലുങ്കത്ര പള്ളിയും വില്ലേജ് ആഫീസറുടെ 'കാർമ്മികത്വ'ത്തിൽ അടച്ചുപൂട്ടി. ഉന്നതശീർഷന്മാരായ കോട്ടയത്തെ സമുദായ പ്രമാണികളിൽ നാല്പതോളം ആളുകളുടെ പേരിൽ നല്ലനടപ്പു ജാമ്യത്തിനു നടപടികളും ആരംഭിച്ചു. ഏതോ ഒരു പള്ളി അന്ന് അടച്ചുപൂട്ടിയതു് ഈസ്റ്റർ ആരാധനകൾക്കിടയിലായിരുന്നു. എന്റെ ആ നടപടികൾ തിരുമേനിയെ വളരെ അധികം വേദനിപ്പിച്ചുവെന്നും ഞാൻ കേട്ടിരുന്നു. അങ്ങനെയെല്ലാം തിരുമേനിക്ക് നേരത്തെതന്നെ കേട്ടറിവുള്ള 'ആർ. ഡി. ഒ.'യെയാണ് ശെമ്മാശ്ശൻ അന്ന് നേരിട്ടു പരിചയപ്പെടുത്തിയതു്. ഈശ്വരചൈതന്യം മുഖത്തു പ്രസരിക്കുന്ന ആ അന്യൂന തേജസ്വിയുടെ മുമ്പിൽ ഞാൻ കൈകൂപ്പി. അന്യാദൃശമായ സ്നേഹവും വാത്സല്യവും അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ എനിക്കു കാണുവാൻ കഴിഞ്ഞു. അൽഭുതമെന്നല്ലാതെ എന്തു പറയട്ടെ, കണ്ണടയ്ക്കു പിന്നിൽ തിളങ്ങിയ ആ കണ്ണുകൾ 'ആർ. ഡി. ഒ.' ആയ എന്നിൽ അന്ന് ഒരു നല്ല മനുഷ്യനെ കണ്ടെത്തി.

പിന്നീട് പലപ്പോഴും ദേവലോകം അരമനയിൽ നടന്ന സ്വീകരണസൽക്കാരങ്ങളിലും ഞാൻ ഒരു അതിഥിയായിരുന്നു. കാണുമ്പോഴൊക്കെയും എന്തോ ഒരു പ്രത്യേകത, വാത്സല്യം തുളുമ്പുന്ന കുശലാന്വേഷണങ്ങൾ, അതു് തിരുമേനിയുടെ ഒരു പതിവായിരുന്നു. കേവലം ഔപചാരികങ്ങളായ ആ കൂടിക്കാഴ്ചകളെല്ലാംതന്നെ എന്റെ ജീവിതത്തിന്റെ വഴിത്താരയിൽ നിത്യരശ്മികൾ നീട്ടിയെന്നതു് ഒരു സത്യമാണ്.

കാൽവരിയിലെ മലമുകളിൽനിന്നു് ത്യാഗത്തിന്റെയും വിശ്വസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം വികിരണം ചെയ്ത ആ ഉജ്ജ്വല തേജസ്വിയുടെ പ്രതീകമായിട്ടല്ലാതെ മറ്റൊന്നെങ്കിലുമായി എനിക്കു് കാലംചെയ്ത കാതോലിക്കാബാവാ തിരുമേനിയെ കാണുവാൻ കഴിഞ്ഞിട്ടില്ല. അന്യൂനപ്രഭാവനായ ആ സ്നേഹസ്വരൂപനെ സന്ദർശിച്ച നിമിഷങ്ങളൊക്കെയും എന്നിൽ നിത്യസ്മരണകൾ അവശേഷിപ്പിച്ചിട്ടുണ്ടെന്നുള്ളതു് അനിഷേധ്യമായ ഒരു പരമാർത്ഥമാണു്.

ഞാൻ കാലംചെയ്ത ബാവാതിരുമേനിയെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്നു എന്നുള്ളതു് ഒരു സത്യമാണ്. അദ്ദേഹത്തിന്റെ അസാമാന്യ വ്യക്തിപ്രഭാവവും ആത്മീയ തേജസ്സും എന്നെ അദ്ദേഹത്തിലേക്കു് വളരെയധികം ആകർഷിച്ചിരുന്നു എന്നുള്ളതു് അതിലും സത്യമാണ്. അതുമല്ല അദ്ദേഹത്തിൽ കണ്ട നിഷ്കളങ്ക സ്നേഹവാൽസല്യങ്ങളുടെ വിശ്വോത്തരമായ പ്രതിഭാസത്തെ ഞാൻ ആരാധിച്ചിരുന്നു എന്നുള്ളതു് അതിലേറെ സത്യമാണ്.

1963 ഡിസംബറിൽ ഞാൻ കോട്ടയത്തുനിന്നു സ്ഥലം മാറിപ്പോയി. അതു് എന്നെ സംബന്ധിച്ചിടത്തോളം അനിവാര്യമായ ഒരാവശ്യമായിരുന്നു. അന്ന് ബാവാതിരുമേനി രോഗഗ്രസ്ഥനായി നിരന്തര പരിചരണത്തിൽ കഴിയുകയാണ്. സ്വയം ഞാൻ കോട്ടയം വിടാൻ തീരുമാനിച്ച വിവരം എങ്ങനെയോ തിരുമേനി അറിഞ്ഞു. വളരെയേറെ പരിക്ഷീണനായിരുന്നെങ്കിലും എന്നെ കാണാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. പോകുന്നതിനു മുമ്പ് എന്റെ സഹധർമ്മിണിയെക്കൂടെ അരമനയിലേക്കു് കൊണ്ടുവരണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ടു പന്ത്രണ്ടു സംവത്സരങ്ങൾ കഴിഞ്ഞിരുന്നു. ''എന്നാലും അന്നോളം ആർ. ഡി. ഒയ്ക്കു് ഒരു കുഞ്ഞിനെ ദൈവം കൊടുത്തില്ലല്ലോ' എന്ന് സഹതാപപൂർവം തിരുമേനി അന്തേവാസികളോടു പറയുമായിരുന്നത്രേ.

ഒരു ദിവസം സന്ധ്യ മയങ്ങിയപ്പോൾ ഞങ്ങൾ അരമനയിൽ ചെന്നു. സഖറിയാ ശെമ്മാശ്ശൻ ഞങ്ങളെ തിരുമേനിയുടെ അടുത്തേക്കു കൂട്ടിക്കൊണ്ടുചെന്നു. വേദനിക്കുന്ന തന്റെ കാലു ഒരു കുരണ്ടിയിൽ പൊക്കിവച്ച് അദ്ദേഹം അരമനയുടെ വരാന്തയിൽ ഒരു കസേരയിൽ ഇരിക്കുകയാണ്. പത്നീസമേതനായി ചെന്ന എന്നെ കണ്ടപ്പോൾ ആ വെള്ളി മീശകൾക്കിടയിൽ പുഞ്ചിരിയുടെ പ്രകാശം പരന്നു. അടുത്തുചെന്ന എന്റെനേർക്കു്

# പരിശുദ്ധനായ ഋഷിവര്യൻ

(സി. കൊച്ചുകോശി, റവന്യു ബോർഡ് മെമ്പർ)

നാം ജന്മശതാബ്ദി ആഘോഷിക്കുന്ന പ. ബാവാതിരുമേനി ഒരു മഹാചാര്യൻ എന്നതിലുപരി പരിശുദ്ധനായ ഒരു ഋഷിവര്യൻ എന്നു് ബാവാതിരുമേനിയെ വിശേഷിപ്പിക്കുന്നതായിരിക്കും കൂടുതൽ അർത്ഥവത്തായിരിക്കുന്നതു്.

കുട്ടിക്കാലത്തുതന്നെ എനിയ്ക്കു പരിശുദ്ധ ബാവാതിരുമേനിയെ നേരിട്ടുകാണാൻ ഭാഗ്യം ലഭിച്ചിരുന്നു. 1932-ൽ എൻെറ ബാല്യകാലത്തു എൻെറ ഇടവകപ്പള്ളിയായ മാറാമൺ ഓർത്തഡോക്സ് പള്ളിയിൽവച്ചു പ. ബാവാതിരുമേനി നടത്തിയ ഒരു കാൽകഴുകൽശുശ്രൂഷയുടെ ചിത്രം ഇപ്പോഴും ഹൃദയത്തിൽ തെളിഞ്ഞുനില്ക്കുന്നു. ബ. കലത്താക്കൽ തോമസ് കോർ എപ്പിസ്കോപ്പായായിരുന്ന ഞങ്ങളുടെ പള്ളിവികാരി. അന്നത്തെ 'കാൽകഴുകൽശുശ്രൂഷ'യിൽ പ. ബാവാതിരുമേനിയാൽ കാൽകഴുകപ്പെടുന്നതിനു് ബാലനായിരുന്ന എന്നെക്കൂടി തെരഞ്ഞെടുത്തു. ആ അവസരത്തെക്കുറിച്ചോർമ്മിക്കുമ്പോൾ എൻെറ ഹൃദയം ആനന്ദനിർഭരമായിത്തീരുന്നു. കാൽകഴുകലിൽ പങ്കെടുത്തവരിൽവച്ചു് ഏററവും ബാലൻ ഞാനായിരുന്നുവെന്നാണു് എൻെറ ഓർമ്മ. കുളിമുറിയിൽ പോയി കാൽ വൃത്തിയായി കഴുകിയതിനു ശേഷം മാത്രമേ ശുശ്രൂഷയിൽ പങ്കുകൊള്ളാവൂ എന്നു എൻെറ അമ്മ എന്നോടു് പ്രത്യേകം അനുശാസിച്ചിരുന്നു. തിരുമേനിയുടെ പരിശുദ്ധിയെക്കുറിച്ചു് എൻെറ മാതാവിനുണ്ടായിരുന്ന മതിപ്പു് എത്ര വലുതായിരുന്നുവെന്നതിനു് ഒരുദൃഷ്ടാന്തം മാത്രമാണിതു്. എൻെറ മാതാവിനെന്നു മാത്രമല്ല എല്ലാവർക്കും ബാവാതിരുമനസ്സിലെ പരിശുദ്ധിയെക്കുറിച്ചു് അടിയുറച്ച വിശ്വാസമുണ്ടായിരുന്നു. അമ്മയുടെ നിർദ്ദേശമനുസരിച്ചു് കാൽ കല്ലിൽ ഉരച്ചു് വെടിപ്പായി കഴുകിയ ശേഷമാണു് ഞാൻ തിരുമനസ്സിലെ സമീപത്തെത്തിയതു്. അന്നു് പെസഹാവ്യാഴാഴ്ചയായിരുന്നു. ഉച്ചകഴിഞ്ഞു് കാൽകഴുകൽശുശ്രൂഷ പ. ബാവാതിരുമേനി നിർവ്വഹിച്ചു. ശുശ്രൂഷാവേളയിൽ എൻെറ പാദങ്ങളെ സ്പർശിച്ചപ്പോൾ എന്നിലുണ്ടായ ആദ്ധ്യാത്മികാനുഭൂതി വാക്കുകൾക്കതീതമാണു്.

പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാതിരുമനസ്സിനെക്കുറിച്ചോർക്കുമ്പോൾ

അദ്ദേഹം കൈ നീട്ടി. ഞാൻ ആ മോതിരത്തിൽ ചുംബിച്ചു. സമീപത്തായി മലങ്കരസഭയിലെ പ്രമുഖരായ ചിലരും ഇളമുറക്കാരായ ചില വൈദികരുംകൂടി നിന്നിരുന്നു. ഞാൻ കൈയ് മുത്തുന്നതു കണ്ടു് സുഹൃത്തുക്കളിൽ ഒരാൾ പറഞ്ഞു 'തിരുമേനീ അവരു നമ്മുടെ കൂട്ടത്തിൽ പെട്ടവരല്ല.' ഒട്ടും താമസിച്ചില്ല; അതിനു മറുപടികിട്ടി 'നമ്മുടെ കൂട്ടമെന്നും അവരുടെ കൂട്ടമെന്നും ഒന്നുമില്ല—എല്ലാം ഒരു കൂട്ടംതന്നെ.' ഞാൻ പെട്ടന്നു ഓർത്തുപോയി. സനാതനമായ സത്യത്തിൻെറ കാതലായ സത്യം! ഒരു ജാതി—ഒരു മതം ഒരു ദൈവം—മനുഷ്യനു്, ആ വേദനയുടെ നടുവിലും ഞങ്ങളോടു് തിരുമേനി കുശലപ്രശ്നങ്ങൾ നടത്തി. യാത്രപറയുമ്പോൾ രണ്ടു വലിയ ആപ്പിൾ പഴങ്ങൾ അദ്ദേഹം ഞങ്ങൾക്കു സമ്മാനിച്ചുകൊണ്ടു പറഞ്ഞു 'കൊണ്ടുപോയി തിന്നു് നന്നായി വാ. ദൈവം അനുഗ്രഹിക്കും'. എൻെറ ജീവിതത്തിൽ എനിക്കു ലഭിച്ച അംഗീകാരമാണു്, ഏററവും വലിയ സമ്മാനമാണു്, ആ രണ്ടു് ആപ്പിൾ പഴങ്ങൾ. രണ്ടായിരം വർഷങ്ങൾക്കു മുമ്പു് ബേതലഹേമിലെ പുൽക്കൂട്ടിൽവച്ചു് മനുഷ്യാകൃതി പൂണ്ടു് സ്വജീവിതത്തിലൂടെ സ്നേഹത്തിൻെറ മഹനീയ മാതൃകകാട്ടിയ ആ ആത്മീയ ചൈതന്യം എൻെറ കൺമുമ്പിൽ കണ്ടുകൊണ്ടു് ഞങ്ങൾ അന്നു് ആ സ്നേഹധനനോടു വിടവാങ്ങി. അതു്, ആ നിത്യ ജ്യോതിസ്സു് അനന്തതയിൽ ലയിക്കുന്നതിനു് കഷ്ടിച്ചു് ഒരാഴ്ച മുമ്പായിരുന്നു.

നിമിഷങ്ങൾ, ഓർമ്മയിൽനിന്നും മായാതെ തങ്ങിനില്ക്കുന്ന അനർഘനിമിഷങ്ങൾ എല്ലാവരുടെയും ജീവിതത്തിൽ കണ്ടേക്കും. പക്ഷേ, കാലംചെയ്ത കാതോലിക്കാബാവാതിരുമേനിയെ സന്ദർശിച്ച നിമിഷങ്ങൾ എൻെറ അന്തരാത്മാവിൽ ഉളവാക്കിയ ചലനങ്ങൾ ജന്മാന്തരങ്ങളിൽ പോലും എന്നിൽ തങ്ങിനില്ക്കും. തിരുമേനിയുടെ ജന്മശതാബ്ദിയിൽ ആ പാവനസ്മരണയ്ക്കുമുമ്പിൽ എൻെറ എളിയ ശ്രദ്ധാഞ്ജലികൾ.

Note: ലേഖകൻ ഇപ്പോൾ കോട്ടയം കളക്ടറാണു്. നന്ദിനി അദ്ദേഹത്തിൻെറ ഏക പുത്രിയാണു്. (പ.)

ഈ പേരിൽ ഏതു ഭാഗത്തിനാണു് അടിവരയിടത്തക്ക പ്രാധാന്യം എന്നു ഞാൻ ചിലപ്പോൾ ചിന്തിച്ചുനോക്കിയിട്ടുണ്ടു്. ഐ.സി. എസ്. എന്നതിനു് ഇൻഡ്യൻ സിവിൽ സർവ്വീസ് എന്നാണല്ലോ അർത്ഥം. ഇതിൽ ഐ. എന്നതിന്റെ താഴെ അടിവരയിട്ടാൽ ഇൻഡ്യാക്കാർക്കു് വേണ്ടത്ര പ്രാതിനിധ്യം ഇല്ലാത്തതിനാൽ അതു ശരിയാവുകയില്ലല്ലോ. 'സി' എന്നതിനു താഴെ വരയിട്ടാലും അതു ശരിയാവുന്നില്ല. സിവിൽ എന്നുവച്ചാൽ സൈനികമല്ലാത്ത എന്നാണു് അർത്ഥം. പക്ഷേ അന്നു നടന്നിരുന്നതു് സൈനികഭരണമായിരുന്നു. 'എസ്' എന്നതിനു താഴെ വരയിട്ടാൽ ഒട്ടും ശരിയാവുകയില്ല. കാരണം അതിൽ 'സേർവ്വീസ്' എന്നതിനോടു് യാതൊരു ബന്ധവുമില്ല, മർദ്ദനഭരണം ആയിരുന്നല്ലോ അന്നു്. പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ എന്നതിന്റെ താഴെ അടിവരയിടാൻ ശ്രമിച്ചാൽ പരിശുദ്ധ എന്നതിനായിരിക്കും കൂടുതൽ പ്രാധാന്യം ഞാൻ കല്പിക്കുക. കാരണം തിരുമേനി ഒരു മഹാ പരിശുദ്ധൻതന്നെ ആയിരുന്നു.

ആകർഷകമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു തിരുമേനി. ആ മുഖത്തു് ജ്വലിച്ചിരുന്ന ദിവ്യശോഭ ആരെയും ആകർഷിക്കുമായിരുന്നു. എഡിൻബറോ കോൺഫറൻസിൽ പങ്കെടുക്കുവാൻ പോയ തിരുമേനിയ്ക്കു് അവിടെവച്ചുണ്ടായ അനുഭവങ്ങൾ ഇന്നു് പരക്കെയറിയപ്പെടുന്ന കഥകളാണു്. ഈ പൗരസ്ത്യമഹാചാര്യനെ കണ്ടു് ദർശനസൗഭാഗ്യവും അനുഗ്രഹവും നേടുന്നതിനു് പാശ്ചാത്യർ കാട്ടിക്കൂട്ടിയ തിക്കും തിരക്കും തിരുമേനിയോടൊപ്പമുണ്ടായിരുന്ന പലരെയും അത്ഭുതപ്പെടുത്തി. സായ്പന്മാരും, മദാമ്മമാരും മുട്ടിന്മേൽ നിന്നുകൊണ്ടു് ഈ ദിവ്യപുരുഷനിൽനിന്നു് അനുഗ്രഹം പ്രാപിച്ച രംഗം അത്യന്തം ഹൃദയസ്പർശകമായിരുന്നു.

സ്കോട്ലണ്ടിലെ പ്രമുഖ പത്രങ്ങൾ ചിത്രങ്ങൾ സഹിതം ഈ വാർത്ത പ്രാധാന്യം കൊടുത്തു റിപ്പോർട്ടു് ചെയ്തിരുന്നു. എന്റെ ഒരു സ്നേഹിതൻ ഈ വാർത്ത പ്രസിദ്ധീകരിച്ചിരുന്ന ഒരു പത്രത്തിന്റെ കോപ്പി എനിക്കയച്ചുതന്നതു് ആഹ്ളാദവായ്പോടും അഭിമാനാതിരേകത്തോടുംകൂടിയാണു് ഞാൻ വായിച്ചതു്. ജാതിമതഭേദമെന്യേ സമസ്ത ജനങ്ങളുടെയും ആദരവു് ആർജ്ജിച്ചുപോന്ന അനുപമവ്യക്തിത്വത്തിന്റെ ഉടമസ്ഥനായിരുന്നു ആ ദിവ്യപുരുഷൻ എന്നതിനു് എത്ര വേണമെങ്കിലും ഉദാഹരണങ്ങൾ പറയാൻ കഴിയും. ഇപ്പോൾ ഞാൻ അവയിലേക്കു കടക്കുന്നില്ല.

നർമ്മബോധം തിരുമനസ്സിലെ ഏററവും വലിയ അനുഗ്രഹമായിരുന്നു. ഫലിതം പറയുന്നതുപോലെ തന്നെ ഫലിതം കേട്ടു് രസിക്കുന്നതിനും തിരുമേനിയുടെ കഴിവു് എടുത്തുപറയേണ്ടതാണു്. ഒരിക്കൽ എന്റെ പിതാവുമൊത്തു് വന്ദ്യവയോധികനായ ബ. കുലത്താക്കൽ തോമസ് കോർ എപ്പിസ്കോപ്പാ തിരുമേനിയെ സന്ദർശിച്ചു. സംസാരത്തിനിടയിൽ പിതാവു പറഞ്ഞു.

'അച്ചൻ വലിയ ഭാഗ്യവാനാ, നാലു തലമുറ കണ്ടയാളാണു്' എന്നു്.

'നാലല്ല, ആറു കാണട്ടെ' എന്നു തിരുമേനി പറഞ്ഞു. അപ്പോൾ അടുത്തു നിന്നിരുന്ന എന്റെ പിതാവു പറഞ്ഞു: 'അച്ചൻ എന്നും ആറു കാണുന്നുണ്ട' എന്നു്. ഇതു കേട്ടയുടൻ തിരുമേനി പൊട്ടിച്ചിരിച്ചു. പമ്പയാറിന്റെ തീരത്തു താമസിച്ചിരുന്ന അച്ചൻ ദിവസവും 'ആറു' കാണുന്നുണ്ടെന്നു പറഞ്ഞതിലെ ഫലിതം തിരുമേനിശരിക്കും ആസ്വദിച്ചു.

ഈശ്വരസാക്ഷാൽക്കാരം ലഭിക്കുന്നതിനു് ഭക്തിമാർഗ്ഗം എന്നും ജ്ഞാനമാർഗ്ഗം എന്നും രണ്ടു പ്രധാന മാർഗ്ഗങ്ങളുണ്ടു്. ഭക്തിമാർഗ്ഗത്തിലൂടെ ഈശ്വരസാക്ഷാൽക്കാരം നേടിയ തിരുമേനി ജ്ഞാനിയെന്നതിലുപരി വിജ്ഞാനിയായിരുന്നു. ശാസ്ത്രീയ പരീക്ഷണങ്ങൾ കൊണ്ടാണു് ജ്ഞാനം വികസിക്കുക. അങ്ങനെയുള്ളവരെ ജ്ഞാനികൾ എന്നു വിളിക്കാം. എന്നാൽ ദൈവാനുഗ്രഹത്തിലൂടെ ലബ്ധമാകുന്നതാണു് വിജ്ഞാനം. പ. ബാവാതിരുമേനി വിജ്ഞാനം ആർജ്ജിച്ചിരുന്നു. അനുഗ്രഹീതസിദ്ധികൾകൊണ്ടു് അതുല്യനായിരുന്ന ആ പുണ്യ പുരുഷന്റെ സ്മരണ എന്നെന്നും നമുക്കു പ്രചോദനം നൽകട്ടെ.

—0—

ബാവാതിരുമനസ്സിലെ ജന്മശതാബ്ദി സിമ്പോസിയത്തിൽ ചെയ്ത പ്രസംഗസംഗ്രഹം.

# ചില സ്മരണകൾ

(റവ. സി. വി. ജോൺ, പ്രിൻസിപ്പൽ, മാർത്തോമ്മാ വൈദികസെമിനാരി,

കാലംചെയ്ത മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മാരകഗ്രന്ഥത്തിൽ, തിരുമേനിയെപ്പററിയുള്ള ചില സ്മരണകൾ രേഖപ്പെടുത്തുവാൻ എനിക്ക് ഒരവസരം ലഭിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കയും, അതിന് അവസരം തന്ന ഭാരവാഹികളോട് കൃതജ്ഞത അറിയിക്കുകയും ചെയ്തുകൊള്ളുന്നു.

മ്ശിഹാതമ്പുരാന്റെ മുന്തിരിത്തോട്ടത്തിലെ വിശ്വസ്ത വേലക്കാരനും, ആടുകളുടെ പ്രധാന ഇടയനായ കർത്താവിന്റെ ശരീരമായ സഭയിലെ ആടുകളെ ജാഗ്രതയോടെ പാലിക്കയും, പച്ചയായ പുൽപ്പുറങ്ങളിൽ മേയിക്കയും ചെയ്ത ഒരു നല്ല ഇടയ ശ്രേഷ്ഠനമായിട്ടാണ് എനിക്കു തിരുമേനിയെ കാണുവാൻ കഴിഞ്ഞിട്ടുള്ളതു്. ദൈവവിളിക്കനുസരണമായി ജീവിക്കയും, അർപ്പണബുദ്ധിയോടെ സഭാശുശ്രൂഷയും, ഭരണസാരഥ്യവും നിറവേററുകയും ചെയ്ത സഭാപിതാക്കന്മാരുടെ പരമ്പരയിൽ തിരുമേനിക്കു് ഒരുന്നതസ്ഥാനമുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. സത്യമെന്നു തനിക്കു ബോദ്ധ്യപ്പെട്ടിരുന്ന കാര്യങ്ങളെ മുറുകെ പിടിക്കയും, വിശ്വാസാചാരങ്ങളിൽ തന്റേതായ പ്രത്യേക വീക്ഷണഗതി, ഉത്തമവിശ്വാസത്തോടെ പരിപാലിക്കയും ചെയ്തിരുന്നതിനാൽ, മററുള്ളവരോട് സഹിഷ്ണുതയില്ലായിരുന്നുവെന്നു് ചിലർ വിമർശിക്കുന്നതായി കേട്ടിട്ടുണ്ടു്. അതു് മനുഷ്യസാധാരണമായ ഒരു സവിശേഷത മാത്രമാണു്. തിരുമേനിയുടെ പരമാർത്ഥതയേയും, വിശ്വാസസ്ഥിരതയേയും എല്ലാവരും വിലമതിക്കുന്നതാണു്.

മാർത്തോമ്മാസഭയിലെ എപ്പിസ്കോപ്പാ തിരുമേനിമാരോടുകൂടെയും, തനിച്ചും ബാവാതിരുമേനിയെ സന്ദർശിപ്പാൻ എനിക്കവസരം ലഭിച്ചിട്ടുണ്ടു്. അതിൽ ചില സന്ദർഭങ്ങൾ എന്റെ സ്മരണയിൽ പൊന്തി നിൽക്കുന്നു. കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളായ ഓർത്തഡോക്സ് സുറിയാനിസഭ, മാർത്തോമ്മാ സുറിയാനിസഭ, ചർച്ച് ഓഫ് സൌത്തിൻഡ്യാ എന്നീ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ ഉന്നത ഗ്രേഡിലുള്ള ഒരു ഐക്യ വൈദിക കോളജ് സ്ഥാപിക്കുന്നതിനെപ്പററി മാർത്തോമ്മാസഭയുടെ നിർദ്ദേശപ്രകാരം ഒരു എപ്പിസ്കോപ്പാ തിരുമേനിയും ഞാനും കൂടെ ബാവാ തിരുമേനിയെ കണ്ടു് സംസാരിച്ച അവസരം ഞാനോർക്കുന്നു. ആദർശപരമായി അതു് അഭിലഷണീയമെങ്കിലും, പ്രായോഗികമായി അതു് നടപ്പിലാക്കുന്നതിനു സാദ്ധ്യമല്ല എന്നുള്ള പ്രതികരണമാണു് അന്നുണ്ടായിരുന്നതു്. അതിന്റെ അപ്രായോഗികതയ്ക്കുള്ള കാരണങ്ങൾ തുറന്നു പറയുന്നതിൽ തിരുമേനി മടികാണിച്ചില്ല. അതേപ്പററി അഭിപ്രായവ്യത്യാസമുണ്ടെങ്കിലും, തന്റെ അഭിപ്രായപ്രകടനത്തിൽ പ്രകാശിതമായ പരമാർത്ഥതയും, ആത്മാർത്ഥതയും ആരും ചോദ്യംചെയ്യുന്നവയല്ല. എക്യൂമെനിക്കൽ യുഗത്തിൽ ജീവിക്കുന്ന നാം ഇങ്ങനെയുള്ള വിഷയങ്ങളിൽ ഏതു വീക്ഷണഗതിയാണു് സ്വീകരിക്കേണ്ടതെന്നുള്ളതു് പുതിയ തലമുറയുടെ മുമ്പാകെ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു!

പൗരസ്ത്യാചാരങ്ങളിലും, ചിന്താഗതികളിലും തിരുമേനി അതീവ തല്പരനായിരുന്നുവെന്നു് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഓർത്തഡോക്സ് സഭയിലെ വൈദികരിൽ ചിലർ പാശ്ചാത്യരുടെ കാസ്സുക്കു് (കുപ്പായം) ധരിക്കുന്നതു് തിരുമേനിയുടെ കോപത്തെ ജ്വലിപ്പിക്കുന്ന ഒന്നായിരുന്നു. ചില അച്ചന്മാർ തൊപ്പി എപ്പോഴും ധരിക്കാത്തതിൽ തിരുമേനിക്കു് അമർഷമുണ്ടായിരുന്നു. ഒരിക്കൽ ക്രിസോസ്ററം തിരുമേനി, ബാവാതിരുമേനിയെ കാണുവാൻ ദേവലോകം അരമനയിലേക്കു പോകുന്നതിനു് എന്നെ ക്ഷണിച്ചു. ഞാൻ വൈദികസെമിനാരിയിൽനിന്നു് ഉടനെ വീട്ടിലേക്കു പോയി എന്റെ കാസ്സുക്കു് മാററി ഒരു ശുഭ്ര കമ്മീശും ധരിച്ചു് ദേവലോകം അരമനയിൽ, തിരുമേനിയോടുകൂടെ പോയി. ബാവാതിരുമേനി സന്തോഷത്തോടുകൂടെ ഞങ്ങളെ സ്വീകരിച്ചു. തിരുമേനിമാർ ഇരുവരും, ഇരുന്നതിനു ശേഷം ബാവാ തിരുമേനി എന്നെ അടിമുടി ഒന്നു കണ്ണോടിച്ചു് ഇപ്രകാരം പറഞ്ഞു: 'മെത്രാച്ചാ, ജോണച്ചന്റെ വേഷം എത്ര ഭംഗിയായിരിക്കുന്നു. ഈ നല്ല കമ്മീശിനു പകരം ചില അച്ചന്മാർ പാശ്ചാത്യരുടെ കുപ്പായവും മററും ധരിച്ചു് നടക്കുന്നതു കാണാറില്ലേ!' ക്രിസോസ്ററം തിരുമേനി പൊട്ടിച്ചി

# ആശ്വാസദായകനായ നല്ല ഇടയൻ

(കെ. എം. മാത്യു, മനോരമ ചീഫ് എഡിറ്റർ)

അടിയുറച്ച ഈശ്വരവിശ്വാസത്തിലും നിരന്തരമായ പ്രാർത്ഥനയിലും സ്പഷ്ടം ചെയ്ത ഒരു അതിധന്യമായ ഒരു ആദ്ധ്യാത്മിക ജീവിതത്തിന്റെ ഉടമയായിരുന്നു കാലംചെയ്ത പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനി. കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ പതറാത്ത ആത്മധൈര്യം വിടാതെ നാലു് ദശാബ്ദക്കാലത്തോളം മലങ്കരസഭാനൗകയുടെ ചുക്കാൻ പിടിച്ച മഹാ വിശുദ്ധനായ അദ്ദേഹത്തിന്റെ ജീവിതം സവിശേഷതകൾ നിറഞ്ഞതായിരുന്നു. സഭാമക്കളുടെ മനോമുകുരങ്ങളിൽ ഇന്നും ദിവ്യപ്രഭ ചൊരിഞ്ഞുനില്ക്കുന്ന ആ ദിവ്യരൂപം. ദൈവം തന്നെ ഏല്പിച്ച ഒരുപറ്റം കുഞ്ഞാടുകളെ എന്തെല്ലാം പ്രയാസങ്ങളും കഷ്ടപ്പാടുകളും സഹിക്കേണ്ടിവന്നിട്ടും ഹരിതാഭമായ മേച്ചിൽപുറങ്ങളിലൂടെത്തന്നെ മേയിച്ച ആ നല്ല ഇടയനെക്കുറിച്ചുള്ള സ്മരണതന്നെ എന്നും സഭയ്ക്കും സഭാമക്കൾക്കും ആശ്വാസദായകമാണ്. ആ കർമ്മയോഗിയെ അടുത്തറിയാനും അദ്ദേഹവുമായി സ്വതന്ത്രമായി ഇടപെടാനും അവസരം ലഭിച്ചിട്ടുള്ള എനിക്കു് വളരെയേറെ അനുഭവങ്ങളിലൂടെ മാത്രം ദിവ്യമായ ആ വ്യക്തിത്വത്തിന്റെ ആഴവും പരപ്പും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളു്.

തികഞ്ഞ ആജ്ഞാശക്തിയും അടിപതറാത്ത വിപദിധൈര്യവും, ശ്ലാഘനീയമായ മനസ്സമാധാനവും അനുകരണീയമായ ദീനാനുകമ്പയും, മറെറങ്ങും കാണാൻ കഴിയാത്ത വിശ്വാസത്തികവും കളങ്കലേശമില്ലാത്ത ജീവിത വിശുദ്ധിയും പ്രയാസങ്ങളുടെ നടുവിൽപോലും മങ്ങലേൽക്കാത്ത നർമ്മബോധവും ആരെയും ആകർഷിക്കത്തക്ക ഒരു രൂപഭംഗിയിലൊന്നായി ചേർന്ന സംശുദ്ധവും സമാകർഷകവുമായ ഒരു വ്യക്തിത്വമായിരുന്നു തിരുമേനിയുടേതു്. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഈ ഓരോ ഗുണവും വെളിവാക്കുന്ന ഒന്നിലേറെ സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ടു്.

കുസൃതിനിറഞ്ഞ കുട്ടിക്കാലത്തിനുശേഷം വളർന്നു പന്തലിച്ച പരിശുദ്ധമായ ആ ജീവിതം ദൈവഭക്തിയുടെയും സഭാസ്നേഹത്തിന്റെയും സമസൃഷ്ടികാരുണ്യത്തിന്റെയും പ്രതീകമായിത്തീർന്നു. എന്റെ മാതാവും തിരുമേനിയും സമപ്രായക്കാരും ചാർച്ചക്കാരും ആയിരുന്നു. എന്റെ പിതാവു് അദ്ദേഹത്തിന്റെ ഗുരുനാഥനും അമ്മയും തിരുമേനിയും ഒന്നിച്ചാണു് പഠിത്തവും കുട്ടിക്കാലവും കഴിച്ചതു്. തിരുമേനിയുടെ ബാലസഹജമായ കുസൃതിത്തരങ്ങളെക്കുറിച്ചു് ഒരു നൂറു കഥകൾ എന്റെ മാതാവിൽനിന്നു കേൾക്കാനിടയായിട്ടുണ്ടു്. ആ ബാലനാണു് പിൽക്കാലത്തു് ഒരു മഹാ സഭയുടെ നാഥനും പ്രാർത്ഥനാനിരതമായ ജീവിതത്തിന്റെ ഉടമയും പരിശുദ്ധനും ഒക്കെയായിത്തീർന്ന ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി.

## കോപിക്കും

ഇഷ്ടക്കേടു കണ്ടാൽ തിരുമേനി ഒട്ടും സഹിഷ്ണുമായിരുന്നില്ല. ഉടൻതന്നെ അതിനു തക്കതായ മറുപടിയും നല്കിയിരുന്നു. അല്ല സഭാസംബന്ധമായ കാര്യമാണെങ്കിൽ പറയാനുമില്ല. പെട്ടെന്നു് അദ്ദേഹം കോപകലുഷിതനാകും. കടുത്ത

---

റിച്ചു! നർമ്മസംഭാഷണത്തിൽ ഏർപ്പെടുന്നതിലും സല്ക്കരിക്കുന്നതിലും ബാവാ തിരുമേനിക്കു് വളരെ സന്തോഷമുണ്ടായിരുന്നു.

മാർത്തോമ്മാസഭയിലുള്ള അനേകം വ്യക്തികളോടും, വിശിഷ്യാ, യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയോടും ബാവാതിരുമേനി അടുത്ത ബന്ധം പുലർത്തിയിരുന്നുവെന്നുള്ളതു് ഒരു വാസ്തവമാണു്. വ്യക്തിപരമായ ബന്ധവും സ്നേഹവുമാണു് സഭാപരമായ ഐക്യത്തിലേക്കു് നമ്മെ വഴി നടത്തുന്നതു്.

തിരുമേനിയുടെ ജന്മശതാബ്ദി കൊണ്ടാടുന്ന ഈ സന്ദർഭത്തിൽ, തിരുമേനിയിൽ വിളങ്ങിയിരുന്ന പരമാർത്ഥതയും, സഭാസ്നേഹവും, വിശ്വാസസ്ഥിരതയും, ഭക്തിനിഷ്ഠയും മലങ്കരസഭയിലെ സർവ്വജനങ്ങൾക്കുമുണ്ടാകുവാൻ സഭാനാഥൻ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയിലെ എല്ലാവരോടുംകൂടെ ചേർന്നു് തിരുമേനിയുടെ പാവന സ്മരണയ്ക്കു് എന്റെ ആദരാഞ്ജലികൾ, ഈ ശുഭാവസരത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

—0—

ഭാഷയിൽ ശകാരിക്കും. പക്ഷെ ആ ക്ഷിപ്രകോപം അവിടംകൊണ്ടു തീരുകയോ ഇല്ലായിരുന്നു. പിന്നീടു് ആ കാര്യത്തെക്കുറിച്ചു് സഗൗരവം ചിന്തിക്കുകയും വ്യക്തമായ തീരുമാനം കൈക്കൊണ്ടു് അവരെ അതറിയിക്കുകയും ചെയ്യുക എന്നതു് തിരുമേനിയുടെ പ്രത്യേകതയായിരുന്നു. അതിനു് ഉദാഹരണം പലതുകൊണ്ടെങ്കിലും ഒന്നുമാത്രം ഇവിടെ സൂചിപ്പിക്കാം.

സഭ അന്നു് പ്രതിസന്ധിയെ അഭിമുഖീകരിച്ചിരുന്നു. ചിലർ തിരുമേനിയെ സമീപിച്ചു. അതിനു ഒരു പരിഹാരം പാത്രിയർക്കീസിനു് കാതോലിക്കാബാവാ ഒരെഴുത്തെഴുതുക എന്നതായിരുന്നു തിരുമേനിയെക്കൊണ്ടു പാത്രിയർക്കീസുബാവാതിരുമേനിക്കൊരു കത്തെഴുതിക്കുകയെന്നതായിരുന്നു അവരുടെ സന്ദർശനോദ്ദേശ്യം. കാര്യം കേട്ട മാത്രയിൽതന്നെ തിരുമേനി ചാടി എഴുന്നേററു. അവരെ വല്ലാതെ ശകാരിച്ചു, തല്ലാൻവരെ ചെന്നു. ഭഗ്നാശയരായി മടങ്ങിയ അവർ മററൊരവസരത്തിൽ വീണ്ടും അദ്ദേഹത്തെ ഇതേകാര്യത്തിനു സമീപിച്ചു. അന്നു് ആ കൂട്ടത്തിൽ പോകാൻ എനിക്കും ഭാഗ്യമുണ്ടായി. അപ്പോഴും തിരുമേനി ദേഷ്യപ്പെട്ടു. പക്ഷേ അദ്ദേഹത്തിലുണ്ടായിരുന്ന സ്വാതന്ത്ര്യം ഉപയോഗിച്ചു ഞാൻ പറഞ്ഞു 'തിരുമേനി, സഭയിലെ തർക്കത്തിനു് ഒരു രാജിയുണ്ടാക്കാതെ തിരുമേനി കടന്നുപോയാൽ ഈ സഭ ഛിന്നഭിന്നമായിപ്പോകും. തിരുമേനിയുടെ വിചാരം തിരുമേനിയുടെ കാലത്തു് കുഴപ്പം ഒന്നും ഉണ്ടാകത്തില്ല. അതു് കഴിഞ്ഞു് സ്വർഗ്ഗത്തിൽ സുഖമായി കഴിയാമെന്നായിരിക്കും. എന്നാൽ ഞങ്ങളുടെ കരച്ചിൽമൂലം സ്വർഗ്ഗത്തിൽ സമാധാനം കിട്ടാതെ തിരുമേനി വിഷമിക്കേണ്ടിവരും. സാധാരണഗതിയിൽ അദ്ദേഹത്തെ ശുണ്ഠിപിടിപ്പിക്കേണ്ടതാണു് ഈ വാചകം. പക്ഷെ അദ്ദേഹം ഇതു കേട്ട മാത്രയിൽ ചിരിക്കുകയാണു ചെയ്തതു്. രണ്ടു ദിവസം കഴിഞ്ഞപ്പോൾ സെക്രട്ടറി ശെമ്മാശ്ശനെ വിളിച്ചു് അവർ പറഞ്ഞപ്രകാരം പാത്രിയർക്കീസു ബാവാതിരുമേനിക്കു കത്തെഴുതുകയും ചെയ്തു. സഭയോടു താല്പര്യമുള്ളവർ പറഞ്ഞാൽ പെട്ടെന്നു് ദേഷ്യപ്പെട്ടാലും അതിനെപ്പററി ശാന്തനായി ആലോചിച്ചു് സമാധാനത്തിൽ തീരുമാനമെടുക്കുന്നതിന്റെ തെളിവാണല്ലോ ഇതു്.

## ദീനാനുകമ്പ

ദീനാനുകമ്പയായിരുന്നു തിരുമേനിയുടെ ഏററവും വലിയ ഗുണങ്ങളിലൊന്നു്. പാവങ്ങളോടു് ഇത്രയധികം കാരുണ്യവാനായ ഒരു സഭാനേതാവു് വേറെ ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല. ആ കാരുണ്യം വിളിച്ചറിയിക്കുന്ന ഒന്നുരണ്ടു സംഭവങ്ങൾ എന്റെ ഓർമ്മയിലെത്തുകയാണു്. ഞാൻ ബോംബയിലായിരുന്ന കാലം തിരുമേനി അവിടെ പള്ളിക്കൂദാശയ്ക്കായി വന്നു. അക്കൂട്ടത്തിൽ എന്റെ പുത്രന്റെ മാമോദീസായും നടത്താൻ തീരുമാനിച്ചു. ഇതറിഞ്ഞു വേറെ പല കുഞ്ഞുങ്ങളുടെയും മാതാപിതാക്കളും തിരുമേനിയെക്കൊണ്ടു മാമോദീസാ മുക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. തിരക്കു കൂടിവരുന്നതുകൊണ്ടു് അന്നത്തെ പള്ളിവികാരി പരിശുദ്ധ ബാവാ മാമോദീസാ മുക്കാൻ ഒരു കുട്ടിക്കു് 100 രൂപാ എന്ന നിരക്കിൽ ഫീസ് ഏർപ്പെടുത്തി. ഒരു സാധുവിനു് അതു കൊടുക്കാൻ ശേഷിയുണ്ടായിരുന്നില്ല. അതിനാൽ അയാളുടെ കുഞ്ഞിനെ തിരുമേനിയെക്കൊണ്ടു് അന്നു മാമോദീസാ മുക്കാൻ കഴിഞ്ഞില്ല. ബാക്കി പത്തു് കുട്ടികളെ ഒന്നിച്ചു തിരുമേനി മാമോദീസാ മുക്കി. രണ്ടു ദിവസം കഴിഞ്ഞു് പൂനയിൽവച്ചാണു് തിരുമേനി ഈ വിവരം എങ്ങനെയോ അറിഞ്ഞതു്. അദ്ദേഹം ഒട്ടും അമാന്തിച്ചില്ല. ബോംബയിൽ മടങ്ങിവന്നു് ആ സാധുശിശുവിനെ മാമോദീസാ മുക്കുകയും ഒരു വിശേഷാൽ കുർബ്ബാന അർപ്പിക്കുകയും ചെയ്തു. അന്നു് ആ വികാരിക്കു കേൾക്കേണ്ടിവന്ന ശകാരത്തിനു കണക്കില്ലായിരുന്നു.

കോട്ടയത്തു് സമുദായം വക സ്ഥലത്തു് താമസിച്ചിരുന്നവരെ ഒഴിപ്പിക്കാൻ നടന്ന ശ്രമങ്ങൾ തിരുമേനി ഇടപെട്ട സംഭവം അദ്ദേഹത്തിന്റെ ദീനാനുകമ്പയ്ക്കു മറെറാരുദാഹരണമാണു്. കുടിയൊഴിപ്പിക്കാൻ കല്പനയായപ്പോൾ മനോരമ റോഡിൽ താമസിക്കുന്ന പച്ചമര എന്ന ആളിനെയും ബാവായ്ക്കുമൊക്കെ അറിയാവുന്ന ചുമ്മാറെന്ന ആളിനെയും ഇറക്കിവിടാൻ ശ്രമം നടന്നു. 'പാവപ്പെട്ട ചുമ്മാറിനെ മാത്രമേ അവിടെനിന്നു ഇറക്കിവിടുന്നുള്ളു. പണക്കാരുടെ നേരെ തിരിഞ്ഞുനോക്കുന്നപോലുമില്ല' എന്നായാരോ പറഞ്ഞു. ആ സാധുവിന്റെ മിഴിനീർ എന്റെ മനസ്സിനെ സ്പർശിച്ചു. ഉടൻതന്നെ ബാവാതിരുമേനിക്കൊരു എഴുത്തു കൊടുത്തയച്ചു. അതിൽ മേല്പറഞ്ഞ വാചകം എഴുതിയിരുന്നു. ആ കത്തു വായിച്ചു ഉടൻതന്നെ തിരുമേനി ബന്ധപ്പെട്ടവർക്കു ഒരു കത്തു കൊടുത്തയച്ചു. ആ കത്തിലെ അന്ത്യവാചകം ആ എഴുത്തിലും ഉദ്ധരിച്ചുകൊണ്ടു തിരുമേനി തറപ്പിച്ചെഴുതി— 'ഒരു തരത്തിലും ചുമ്മാറിനെ അവിടെനിന്നും ഇറക്കിവിടരുതു്' ആ സാധുവിനെക്കുറിച്ചോർത്തപ്പോൾ ഒരു തീരുമാനമെടുക്കാൻ തിരുമേനിക്കു മറെറാന്നും ചിന്തിക്കേണ്ടതില്ലായിരുന്നു. ഇങ്ങനെ പോകുന്ന

# മഹച്ചരമ ശ്ലോകത്രയം ×

കാതോലിക്കാസ് ത്രിതീയൻ സുമഹിത ചരിതൻ സത്യവിശ്വാസമേത്തും
കററം കൂടാതെ കാത്തോരമരപരിവൃഢത്തൃപ്പദാംഭോജഭക്തൻ
പൃത്ഥ്വീവാസം വെടിഞ്ഞു, തിരുവടിയുടെ കഞ്ഞാട്ടുകൾ ശഷ്പവല്ലീ-
മൈതാനം കണ്ടിടാതിങ്ങലയുവതിനഹോ കാലമിന്നെത്തിയല്ലോ.

II

പോയീ പൌരസ്ത്യ സൂര്യൻ പുനരൊരുദിനവും വന്നുദിക്കാത്ത മട്ടിൽ
പോയീ പൌരസ്ത്യ ചന്ദ്രൻ പുനരൊരു നിശയും ദീപ്തമാക്കാത്ത മട്ടിൽ.
പോയീ പൌരാണികശ്രീ സഭയുടെ മകുടം ഹന്ത വല്ലാതെ വററി-
പ്പോയീ കാരുണ്യ ദിവ്യാമൃതജല ലതികാജാലലോലം സമുദ്രം.

III

കാണുമ്പോഴൊക്കെ മന്ദസ്മിത രുചി വിതറി പ്രോല്ലസിച്ചോരു വക്ത്രം
കാണാനാവാതെ കണ്ണീർപ്പുഴയിലഖിലരും നീന്തി മാഴ്കുന്നു പാരം.
കാണാനെത്തുന്നവർക്കുൾത്തളിരലമുണരുംമട്ടു നിത്യം പൊഴിക്കും
ചേണോലും വാണി കേൾക്കാനിനി ജനമെവിടെപ്പോകുമെല്ലാം കഴിഞ്ഞു.

× കാലം ചെയ്ത പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സിലെ കബറടക്കം സംബന്ധിച്ചു നടന്ന വിലാപയാത്രയിൽ പങ്കുകൊണ്ടു ജീപ്പിൽ സഞ്ചരിക്കുമ്പോൾ മഹാകവി പുത്തൻകാവു മാത്തൻ തരകൻ രചിച്ച ചരമശ്ലോകങ്ങളാണിവ—പത്രാധിപർ.

അദ്ദേഹത്തിന്റെ ദീനാനുകമ്പയുടെ ദൃഷ്ടാന്തങ്ങൾ.

## സ്വത്തു്

സമുദായത്തിന്റെ സ്വത്തിൽ ഒരു ചില്ലിക്കാശു പോലും മറെറാരു രീതിയിൽ നഷ്ടപ്പെടരുതെന്നു നിർബന്ധമുള്ളവനായിരുന്നു തിരുമേനി. സ്വന്തം കുടുംബാംഗങ്ങളിൽ പലരും വിഷമതയിലും പ്രയാസത്തിലും പട്ടിണിയിൽ പോലും കഴിഞ്ഞുകൂടിയിരുന്നെങ്കിലും സഭവക ഒരു ചില്ലിപ്പൈസ പോലും കൊടുത്തു് അവരെ സഹായിക്കാൻ തിരുമേനി മുതിർന്നിരുന്നില്ല. സമുദായത്തിന്റെ പണം സമുദായത്തിനു മാത്രമുള്ളതാണു്. മററാർക്കും അതിനവകാശമില്ല. മറെറാരു വിധത്തിൽ അതു ചെലവഴിക്കുന്നതു ശരിയുമല്ല എന്നു് അദ്ദേഹം അടിയുറച്ചു വിശ്വസിച്ചു വർത്തിച്ചിരുന്നു.

## ചിന്തിച്ചു

ഏതു കാര്യത്തിലും അഗാധമായ ചിന്തയിലൂടെ വ്യക്തമായ ഒരു തീരുമാനം കൈക്കൊള്ളുവാൻ തിരുമേനി മടിച്ചിരുന്നില്ല. സ്വന്തം തീരുമാനത്തിൽ ഉറച്ചു നിൽക്കാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. പല സന്ദർഭങ്ങളിലും അതു തെററാണെന്നു തോന്നാമെങ്കിലും അദ്ദേഹത്തെ എതിർത്തു പറയാൻ ഒരാളും സമുദായത്തിൽ ഉണ്ടായിരുന്നതുമില്ല. ആർക്കും അതിനു സാധിച്ചിരുന്നില്ല എന്നു പറയുന്നതാവും ശരി. അത്രയ്ക്കു കാന്തശക്തിയുള്ള ഒരു വ്യക്തിത്വമായിരുന്നു തിരുമേനിയുടേതു്. അത്രയ്ക്കു പ്രാഭവ്യമുള്ള ഒരു തേജസ്സായിരുന്നു ആ മുഖത്തു് കളിയാടിയിരുന്നതു്. അത്രയ്ക്കു് ആജ്ഞാശക്തിയായിരുന്നു ആ നയനങ്ങൾക്കു് ഉണ്ടായിരുന്നതു്.

ദൈവികമായ ഒരു വരം പ്രസംഗത്തെ സംബന്ധിച്ചിടത്തോളം തിരുമേനിക്കു ലഭിച്ചിരുന്നു എന്നു വേണം വിശ്വസിക്കുവാൻ. പ്രതിസന്ധികളെ നേരിട്ടോ, വിജയാഹ്ലാദം ഉൾക്കൊണ്ടോ, പരാജയഭാരം പേറിക്കൊണ്ടോ പ്രസംഗിക്കേണ്ടിവന്ന ഒരൊററ സന്ദർഭത്തിൽ പോലും അദ്ദേഹത്തിനു് ഒരു പതർച്ചയോ വാക്കുകളിൽ സമനിലയില്ലായ്മയോ സംഭവിച്ചിട്ടില്ല. അല്ലാത്ത അവസരങ്ങളിൽ പലപ്പോഴും വ്യതിപ്പോകാറുള്ള ആ വാഗ്വിലാസം ഇത്തരം സന്ദർഭങ്ങളിൽ തികച്ചും വ്യക്തവും ശക്തവും സമഞ്ജസവുമായിരിക്കും. ഒരു പാഴ്വാക്കുപോലും ആ നാവിൽനിന്നു വീണിട്ടില്ല.

കുർബ്ബാനയിലും പ്രാർത്ഥനയിലും മററും തെററു വരുത്തുന്ന ശെമ്മാശ്ശന്മാർക്കും ശുശ്രൂഷക്കാർക്കും തിരുമേനിയിൽനിന്നേല്ക്കേണ്ടിവന്നിട്ടുള്ള ശിക്ഷ ലഘുവായിരുന്നില്ല. അദ്ദേഹത്തിന്റെ വിശ്വാസാദർശ്യത്തെയും ഭക്തി പാരവശ്യത്തെയും വിശദീകരിക്കാൻ ഇതിൽ കൂടുതലെന്തുവേണം. [ആത്മീയമായിട്ടുള്ള ഈ നിഷ്ഠ ബാഹ്യമായും അദ്ദേഹം പാലിച്ചിരുന്നു.

# ദൈവരാജ്യം പിടിച്ചെടുത്ത കർമ്മയോഗി

(തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ)

മനുഷ്യജീവിതത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് മനുഷ്യനുതന്നെ ഉണ്ടായിരുന്ന ധാരണ നഷ്ടപ്പെട്ട ഒരു കാലത്താണ് നാം ഇന്നു ജീവിക്കുന്നത്. ആയതിനാൽ കളങ്കമില്ലാത്ത ഒരു ജീവിതം ജീവനേക്കാൾ വിലയേറിയതാകുന്നു എന്ന മഹദ്വാക്യം ഇന്നു മനുഷ്യനു ദുർഗ്രാഹ്യമാണ്. മനുഷ്യൻ സൗന്ദര്യത്തെ ആസ്വദിക്കുന്നവനാണ്, ആരാധിക്കുന്നവനാണ്. എല്ലാം ശരിയായി യോജിച്ചിരിക്കുന്ന ഒരു വസ്തുവിലാണല്ലോ നാം സൗന്ദര്യം ദർശിക്കുന്നത്. ഒരു റോസാപുഷ്പം ഉദാഹരണമായെടുക്കാം. അതിന്റെ ആകൃതി, നിറം, മണം, ഇവയെല്ലാം സമ്യക്കാകുംവണ്ണം യോജിച്ചിരിക്കുന്നതിനാൽ അതു മനോഹരമെന്നു മനുഷ്യൻ വിധിച്ചിരിക്കുന്നു. ഇതുപോലെ ദൈവത്തിന്റെ സൃഷ്ടിയായ എല്ലാ ചരാചരങ്ങളിലും നാം അഴകിനെ ദർശിക്കുന്നുണ്ട്. ഒരു മനുഷ്യനെ സംബന്ധിച്ചും ജീവനേക്കാൾ ജീവിതം ശ്രേഷ്ഠമാണെന്നുള്ള ബോധം ഉള്ള വ്യക്തികൾ ശ്രേഷ്ഠരായി കാണപ്പെടുകതന്നെ ചെയ്യും. നേരെമറിച്ച് ജീവൻ നിലനിർത്തത്തക്കവണ്ണം എങ്ങനെയും ജീവിച്ചാൽ മതിയെന്നു ചിന്തിക്കുന്നവർക്ക് ശ്രേഷ്ഠത സ്വപ്നം കാണാൻപോലും സാധിക്കയില്ല. ദീർഘായുസ്സല്ല ഒരു മനുഷ്യന്റെ ശ്രേഷ്ഠതക്കു കാരണം നേരെമറിച്ച് സുകൃതങ്ങളാൽ മനോഹരമാക്കപ്പെട്ട ഒരു ജീവിതമാണ് അവന്റെ ശ്രേഷ്ഠതയ്ക്കു നിദാനം എന്നുള്ള തത്വമാണ് മനുഷ്യൻ ഗ്രഹിക്കേണ്ടത്.

കാലംചെയ്ത പ. ബാവാതിരുമേനിയെ സംബന്ധിച്ചു ചിന്തിക്കുമ്പോൾ ഈ വസ്തുതയാണ് എന്റെ മനസ്സിലേക്കു കയറിവരുന്നത്. ജീവിതം മനോഹരമായ ഒരു സ്ഫടിക വസ്തുവിനെപ്പോലെയാണ് അദ്ദേഹം കണ്ടിരുന്നത്. വിലയേറിയ ആ സ്ഫടിക വസ്തുവിനെക്കുറിച്ച് രണ്ടു കാര്യങ്ങൾ എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. ഒന്നാമത് അഴുക്കുപിടിച്ച് അതിന്റെ മനോഹരമായ അവസ്ഥ നഷ്ടപ്പെടാതെ സൂക്ഷിക്കണം. രണ്ടാമതായിട്ട് അത് താഴെവീണാൽ ഉടഞ്ഞുപോകുന്നതാകകൊണ്ട് വളരെ കരുതലോടെ കൈകാര്യംചെയ്യണം. ഈ ദർശനത്തിൽക്കൂടിയാണ് തിരുമേനി തന്റെ ജീവിതവും കൈകാര്യം ചെയ്തിരുന്നതെന്നുള്ളത് അദ്ദേഹത്തെ അടുത്തറിയാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ളവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള ഒരു വസ്തുതയാണ്.

## ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട നേതാവ്

ഏതൊരു വ്യക്തിയുടേയും ജീവിതത്തിന്റെ വിജയം ലക്ഷ്യബോധത്തോടുകൂടി നയിക്കുമ്പോഴാണ് സാധിതപ്രായമാകുന്നത്. പ. തിരുമേനിക്ക് താൻ ദൈവത്താൽ വിളിക്കപ്പെട്ടവനും തെരഞ്ഞെടുക്കപ്പെട്ടവനുമാണെന്നുള്ള ആ ഉറച്ച ബോധ്യം എപ്പോഴും ഉണ്ടായിരുന്നു. അതുകൊണ്ട് ആ വിളിക്ക്, തെരഞ്ഞെടുപ്പിന്, അനുയോജ്യമായ വിധത്തിലോ അതിലുപരിയായോ ജീവിക്കുക എന്നുള്ളത് തന്റെ ഏററം വലിയ ഉത്തരവാദിത്വമായിരുന്നു എന്നു തിരുമേനിയുടെ ജീവിതം വീക്ഷിക്കുന്നവർക്ക് മനസ്സിലാക്കാൻ പ്രയാസമില്ലായിരുന്നു. പരുമല തിരുമേനിയെ മാതൃകയാക്കി ജീവിച്ച ബാവാതിരുമേനി മരണപര്യന്തം അതിൽനിന്നു വ്യതിചലിക്കാതിരിക്കാൻ വളരെ ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടായിരിക്കണം പ. പരുമല തിരുമേനിക്ക് പരുമല ദയറായുടേയും വസ്തുക്കളുടേയും ചുമതല വഹിക്കുന്നതിന് പൗലൂസ് റമ്പാനിൽ (പ. ബാവാതിരുമേനി) തന്റെ പിൻഗാമിയെ കണ്ടെത്താൻ കഴിഞ്ഞത്.

## പരുമലതിരുമേനിയുടെ സാക്ഷ്യം

"നമ്മുടെ കർത്താവായ ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമ്മുടെ വാത്സല്യവാനായ ആത്മീയ പുത്രൻ ബഹുമാനപ്പെട്ട പൗലൂസ് റമ്പാച്ചനിൽ എല്ലാക്കാലവും നിലനിൽക്കട്ടെ.....പരുമല സെമിനാരിയും വസ്തുവകകളും ഉൾപ്പെടെ നമുക്കുള്ള സകലത്തേയും പ്രിയനെ ഏല്പിക്കുവാൻ നാം അത്യാകാംക്ഷയോടെ കാത്തിരിക്കുന്നു. ഇന്ന് പ്രിയനെക്കുറിച്ചുള്ള ആലോചന ദൈവം നമുക്കു തന്നു. മഹോന്നതനും ദയാലുവുമായ ദൈവത്തിന്റെ നാമത്തിൽ പ്രിയൻ വന്നുചേരുന്നതിനും നമ്മുടെ കർത്താവേശുമ്ശിഹായുടെ സ്നേഹത്തിൽ നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന ക്ലേശങ്ങളിൽ നമ്മെ സഹായിക്കുന്നതിനുമായി ദൈവതിരുനാമത്തിൽ നാം പ്രിയനെ വിളിക്കുന്നു......."

(1076 ചിങ്ങം 23-ാംനു- വെള്ളിയാഴ്ച പരുമല സിമ്മനാരിയിൽനിന്ന്).

## അകംപോലെ പുറവും

വസ്ത്രം, മുറി, പരിസരങ്ങൾ എന്നുവേണ്ട എല്ലാംതന്നെ വളരെ വൃത്തിയായും ശുചിയായും ഇരിക്കണം, സൂക്ഷിക്കണമെന്നുള്ളതു് തിരുമേനിക്കു് വളരെ നിർബ്ബന്ധമുള്ള കാര്യമായിരുന്നു. ഈ നിർബ്ബന്ധം പള്ളിയുടേയും അതിലെ ഉപകരണങ്ങളുടെ സൂക്ഷിപ്പിലും താൻ കാണിച്ചിരുന്നു. അതിനു വിപരീതമായി കണ്ടാൽ തിരുമേനി കോപിക്കുക സാധാരണമായിരുന്നു. ഈ വിശുദ്ധീകരണം ആന്തരീകമായും സൂക്ഷിപ്പാൻ തിരുമനസ്സുകൊണ്ടു് വളരെ ജാഗ്രത പുലർത്തിയിരുന്നു. നോമ്പ്, നമസ്കാരം, ഉപവാസം, കുമ്പിടീൽ, വി. കുമ്പസാരം ഇതിലെല്ലാം തിരുമേനി കാണിച്ചിട്ടുള്ള നിഷ്ഠയും തീക്ഷ്ണതയും വളരെ മാതൃകാപരമായിരുന്നു. മോശയുടെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു എന്നു പറയുന്നതുപോലെ ഈ ആത്മീയാനുഷ്ഠാനങ്ങളിൽ അദ്ദേഹം വളരെ മുഖശോഭയുള്ളവനായി കാണപ്പെട്ടിരുന്നു. കൈയ്യിൽ ധനമുള്ളവനു മാത്രമേ ആവശ്യക്കാർക്കു കൊടുക്കാൻ സാധിക്കയുള്ളല്ലോ. അതുപോലെതന്നെയാണു് ആത്മീയധനവും. മററുള്ളവർക്കു കൊടുപ്പാൻ തക്കവണ്ണം പ. തിരുമേനി ആത്മീയധനം ധാരാളം സമ്പാദിച്ചവനായിരുന്നു എന്നതു് ഒരു യാഥാർത്ഥ്യം മാത്രമാണു്. ഇന്നും തൻെറ സ്വർഗ്ഗീയ മദ്ധ്യസ്ഥതയിൽ വിശ്വസിക്കുന്നവർക്കു് ധാരാളം അനുഭവപ്പെടുന്ന ഒരു കാര്യമാണു് അതു്.

## വിട്ടുവീഴ്ചയില്ല

ജീവിതത്തിൽ തന്നിൽ മാത്രമല്ല, മററുള്ളവരിലും ആത്മീയ നിലവാരം ഉയർന്നുകാണണമെന്നു് നിർബ്ബന്ധമുള്ള തിരുമേനി തെററുകൾ കാണുന്നിടത്തു് ഒരിക്കലും രമ്യതപ്പെട്ടിരുന്നില്ല. തെററു കാണപ്പെടുന്നതു് ആരിൽതന്നെയായാലും ആയതു് സ്ഥലസമയഭേദമെന്യേ തിരുത്തുന്നതിനോ ശാസിക്കുന്നതിനോ താൻ മടിച്ചിരുന്നും ഇല്ല. ഇതു് ഒരു പക്ഷെ പലർക്കും രുചിക്കാത്ത ഒരു കാര്യമായി തോന്നാമെങ്കിലും, പിൽക്കാലത്തു് അവരുടെ ജീവിതത്തിൽ നല്ല മാർഗ്ഗദർശനം നല്കുന്നതിനു് അവ ഉപകരിച്ചിട്ടുണ്ടെന്നു് അനുഭവസ്ഥർ പറയുന്ന ഒരു സത്യമാണു്. 'നീതിമാൻ എന്നെ ശാസിക്കുന്നതു് എൻെറ തലയ്ക്കു് എണ്ണ' എന്ന വേദവാക്യം എത്രയോ അന്വർത്ഥമാണെന്നു് അവർ പറയാറുണ്ടു്.

## പ്രാർത്ഥനാമല്ലൻ

'യാക്കോബു ദൈവത്തോടു മല്ലുപിടിച്ചു' എന്നു വി. വേദപുസ്തകത്തിൽ നാം വായിക്കുന്നതുപോലെ പ്രാർത്ഥനയിലും മററു് ആത്മീയ അനുഷ്ഠാനങ്ങളിലും തിരുമേനി ഒരു മല്ലൻതന്നെ ആയിരുന്നു. പ. പിതാക്കന്മാരിൽ നിന്നു പ്രാപിച്ചിട്ടുള്ളതും പഠിച്ചിട്ടുള്ളതുമായ വിശ്വാസങ്ങൾ, ആചാരങ്ങൾ ആദിയായവയുടെ അനുഷ്ഠാനത്തിൽ തന്നോടുതന്നെ അദ്ദേഹം ഒരു ദാക്ഷിണ്യവും കാണിച്ചിരുന്നില്ല. പ്രായാധിക്യമോ ക്ഷീണമോ ആവക കാര്യങ്ങൾക്കൊന്നും തടസ്സമായിരുന്നില്ല. ബലാല്ക്കാരികൾ ദൈവരാജ്യം പിടിച്ചടക്കുന്നു എന്ന വസ്തുത അതിൻെറ അക്ഷരാർത്ഥത്തിൽ തന്നെ മനസ്സിലാക്കിക്കൊണ്ടു് ആജീവനാന്തം ദൈവരാജ്യത്തിനുവേണ്ടി രാപകൽ പണിയെടുത്തു എന്നതിൽ അദ്ദേഹംതന്നെ അഭിമാനം കൊള്ളുന്നുണ്ടാകും. സഭയെ മേയിപ്പാൻ തക്കവണ്ണം നല്ല ഒരു നേതാവിനെ ദൈവംതമ്പുരാൻ അദ്ദേഹത്തിൽ കണ്ടിരുന്നു എന്നുള്ളതു് തൻെറ ജീവിതംകൊണ്ടുതന്നെ അദ്ദേഹം തെളിയിച്ചു. സഭാനൗകയെ കലങ്ങിമറിഞ്ഞ ഓളങ്ങൾക്കിടയിൽകൂടി സുരക്ഷിതമായി നയിച്ച പ. തിരുമേനി ഒരു കർമ്മയോഗിതന്നെയായിരുന്നു. തൻെറ ജീവനേക്കാൾ സഭയേയും സഭാനാഥനായ കർത്താവിനേയും താൻ സ്നേഹിച്ചു എന്നു് ആ കർമ്മയോഗി സ്വജീവിതംകൊണ്ടു് മററുള്ളവർക്കു് കാണിച്ചുകൊടുക്കുകതന്നെ ചെയ്തു.

ആ പരിശുദ്ധൻെറ പ്രാർത്ഥന പ. സഭയ്ക്കും സഭാമക്കൾക്കും കോട്ടയായിരിക്കട്ടെ.

--0--

## ടെലഗ്രാഫ് ഓഫീസിൽ തിരക്കു്

കോട്ടയം. ജന. 3. കാതോലിക്കാബാവാ തിരുമേനി കാലംചെയ്തതു സംബന്ധിച്ചു നൂററിനാല്പതിൽപരം ഫോണോഗ്രാമുകൾ മൂന്നര മണിക്കൂറുകൾക്കുള്ളിൽ കോട്ടയത്തുനിന്നു് ഇതര കേന്ദ്രങ്ങളിലേയ്ക്കു് അയയ്ക്കുകയുണ്ടായി. ഇത്രയേറെ ഫോണോഗ്രാമുകൾ ഇതിനുമുമ്പു് ഒരിക്കലും കോട്ടയത്തുനിന്നു് അയയ്ക്കപ്പെട്ടിട്ടില്ല. ഇതിൽ മുപ്പത്തൊൻപതെണ്ണം വിദേശരാഷ്ട്രങ്ങളിലേയ്ക്കായിരുന്നു. ഫോണോഗ്രാമുകൾ കിട്ടിയ നിമിഷത്തിൽതന്നെ ലക്ഷ്യസ്ഥാനത്തേക്കയ്ക്കുന്നതിൽ ടെലഗ്രാഫ് ഓഫീസിലെ പ്രവർത്തകർ ശുഷ്കാന്തി പ്രകടിപ്പിക്കുകയുണ്ടായി. സാധാരണ ഈ സമയത്തു പ്രവർത്തിക്കുന്നതിൻെറ അഞ്ചിരട്ടി സ്ററാഫ് നിയോഗിക്കപ്പെട്ടു. ഒരു ലൈൻ മാത്രം പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാനത്തു മൂന്നു ലൈൻ പ്രവർത്തിക്കപ്പെട്ടു. (സ്വ. റി. മനോരമ)

# പണ്ഡിതനും പരിശുദ്ധനും

(ഫാ. പോൾ വറുഗീസ്)

കാലംചെയ്ത നി. വ. ദി. മ. ശ്രീ മോറാൻ മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ ആറാം ശ്രാദ്ധദിനം അവിടുത്തെ ആത്മീയമക്കൾ ആഘോഷിക്കുകയാണല്ലോ. സംഭവബഹുലമായ ഒരു ജീവിതത്തിന്റെ ഉടമയായ ആ പൗരസ്ത്യ പുണ്യ സൂനത്തിന്റെ സുഗന്ധം ഇന്നും ഹൃദയങ്ങളെ കോൾമയിർകൊള്ളിക്കുന്നു. ഓർമ്മചുരുളുകൾ നിവർത്തുമ്പോൾ ശ്രവണപുടങ്ങളിൽ മുഴങ്ങുന്ന ആ ഉജ്ജ്വല ശബ്ദത്തിന്റെ മാറ്റൊലിയും, മനോമുകരത്തിൽ ശോഭിക്കുന്ന ആ ദിവ്യ മുഖകാന്തിയും ഒരിക്കലും വിസ്മൃതമാകുകയില്ല. അറിവും അനുഭവവും ചേർന്നു കത്തിജ്വലിച്ച ആ ദിവ്യ ദീപത്തിന്റെ ദീപ്തി അനേകായിരങ്ങളുടെ ഹൃദയത്തിൽ ആളിപ്പടർന്ന അഗ്നിയും, അന്ധകാരത്തെ മാററിയ ഉദയസൂര്യനും ആയിരുന്നു. അക്കൂട്ടത്തിൽ ഒരാൾ എന്ന അഭിമാനത്തോടെ എന്റെ ആത്മീയ പിതാവും ഗുരുവും ആയിരുന്ന പരിശുദ്ധ ബാവാതിരുമേനിയുടെ ജീവിതത്തിലേയ്ക്കു് ഒന്നു കണ്ണയച്ചുകൊള്ളട്ടെ.

എന്റെ ബാല്യകാലത്തു് പലപ്പോഴും തിരുമേനിയെ കണ്ടിട്ടുണ്ടെങ്കിലും, ആദ്യമായിട്ടു് അടുത്തു സംസാരിക്കുവാൻ സാധിച്ചതു് വളരെക്കാലത്തിനു ശേഷമാണു്. ആദ്യമായി അദ്ദേഹത്തോടു് സംസാരിക്കാൻ ഇടയായ സന്ദർഭം എനിക്കു മറക്കുവാൻ സാധ്യമല്ല. ഞാൻ ഒരു അത്മായക്കാരനായിരിയ്ക്കുമ്പോൾ, കുറേക്കാലത്തെ വിദേശവാസത്തിനുശേഷം നാട്ടിൽ തിരിച്ചെത്തിയ സന്ദർഭം. സഭയിൽ വാദങ്ങളും കലഹങ്ങളും മൂർഛിച്ചിരുന്നതിനാൽ ഹൃദയവേദനയോടെ മാത്രമേ അതിനെക്കുറിച്ചു് ചിന്തിക്കുവാൻ സാധിച്ചിരുന്നുള്ളു. അന്നു് സഭാസമാധാനത്തിനുവേണ്ടി, ചിലയാളുകൾ ചേർന്നു നടത്തിയ പ്രാർത്ഥനായജ്ഞങ്ങൾ എന്നെ വളരെ ആകർഷിച്ചു. ഒരിക്കൽ അതൊന്നു നേരിൽ കാണുവാനായി കോട്ടയത്തു വന്നു. അപ്പോൾ, അപ്രതീക്ഷിതമായി അന്നവിടെ കൂടിയിരുന്നവർക്കു് വേദപുസ്തകാധിഷ്ഠിതമായ ഉത്ബോധനം നൽകുവാൻ ഞാൻ നിർബ്ബന്ധിതനായി. ഏതാനും ദിവസങ്ങൾ അങ്ങനെ ക്ലാസുകൾ എടുത്തപ്പോഴേയ്ക്കും ഈ വിവരം കാതോലിക്കേററു് അരമനയിൽ പ. ബാവായുടെ കാതുകളിൽ എത്തി. അമേരിക്കയിലോ എങ്ങോ പഠിച്ചുവന്ന ഒരുവൻ തന്റെ സഭയിൽ വേദപുസ്തകവും വിശ്വാസവും പഠിപ്പിക്കുന്നതിൽ അവിടുത്തേയ്ക്കു് സഹിച്ചില്ല. ചിലരോടൊക്കെ ഇക്കാര്യം തിരുമേനി പറഞ്ഞു. അന്നു് ഫാ. കെ. ഫിലിപ്പോസായിരുന്ന ഇന്നത്തെ തെയോഫിലോസ് തിരുമേനി എന്നോടക്കാര്യം പറഞ്ഞു. എത്രയും വേഗം ചെന്നു് ഒന്നു കാണുന്നതായിരിക്കും ഉത്തമം എന്നു് അദ്ദേഹം ഉപദേശിച്ചു. അതിൻപ്രകാരം ഉള്ളിൽ ഭയാശങ്കകളോടെ ബഹു. ഫിലിപ്പോസച്ചനാൽ അനുഗതനായി അരമനയിൽഎത്തി. എന്താണു് സംഭവിക്കാൻ പോകുന്നതെന്നു് ഞങ്ങൾക്കു് യാതൊരു വിവരവുമില്ലായിരുന്നു. ബഹു. അച്ചൻ എന്നെ തിരുമേനിയ്ക്കു പരിചയപ്പെടുത്തി. പ്രതിയെ തനിച്ചു തന്റെ മുമ്പാകെ നിർത്തിയിട്ടു അച്ചനോടു പൊയ്ക്കൊള്ളുവാൻ കല്പിച്ചു. ഒരു പായ് നിവർത്തി നിലത്തു് ഇട്ടിട്ടു് അതിൽ ഇരിപ്പാൻ എന്നോടു പറഞ്ഞു. പിന്നീടു് ഏതാനും മണിക്കൂറുകൾ വി. വേദപുസ്തകത്തെയും, സഭയെയും സംബന്ധിച്ചു് പത്തിരുനൂറു ചോദ്യങ്ങൾ ചോദിച്ചു. ഓരോ ചോദ്യത്തിന്റെയും ആഴവും പരപ്പും എന്നെഅതിശയിപ്പിച്ചു. തിരുമേനിയുടെ അഗാധമായ വേദപാണ്ഡിത്യവും, ഓർത്തഡോക്സ് സഭയുടെ ദൈവവചന വ്യാഖ്യാനവും പ്രത്യേകം വ്യക്തമാക്കുന്നവയായിരുന്നു ആ ചോദ്യങ്ങൾ. എന്റെ ഉത്തരങ്ങളിൽ സന്തുഷ്ടനായ തിരുമേനി പിന്നീടു് അച്ചനെ വിളിച്ചിട്ടു് ''ഇയാൾ ഒരു ഓർത്തഡോക്സുകാരൻ തന്നെയാണു്'' എന്നു പറഞ്ഞപ്പോഴാണു് എന്റെ ശ്വാസം നേരെവീണതു്. തിരുമേനിയിൽ ആനന്ദവും, അഭിമാനവും, ഭക്തിയും നിറഞ്ഞു് ഞാൻ തിരിച്ചുപോന്നു. അന്നു് എന്റെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു. അവിടെ ഒരു പുതിയ ബന്ധം ജന്മമെടുത്തു. അങ്ങനെ സഭയിലെ പൗരോഹിത്യസ്ഥാനത്തേയ്ക്കു് വിളിച്ചു്, അതിലേയ്ക്കുള്ള ഓരോ പടവും പിടിച്ചുകയററി അവിടെ പ്രവേശിപ്പിച്ചതു് വന്ദ്യ തിരുമേനിയായിരുന്നു. പിന്നീടു അവിടുന്നുമായി ഇടപെടുവാൻ ലഭിച്ച അനേകം അവസരങ്ങളിൽ അദ്ദേഹത്തെക്കുറിച്ചു് പഠി

കുവാൻ കഴിഞ്ഞതിൽ ചില സംഗതികൾ ഇവിടെ പറഞ്ഞുകൊള്ളട്ടെ.

ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ പരമലക്ഷ്യം എന്താണെന്നുള്ളതു് തിരുമേനി മനസ്സിലാക്കി ജീവിതത്തിൽ ആ ലക്ഷ്യം അദ്ദേഹം സാക്ഷാത്ക്കരിച്ചു. പാശ്ചാത്യസഭയുടേതിൽ നിന്നു് വ്യത്യസ്തമായി, പൗരസ്ത്യസഭ മുഖ്യമായും ഉത്ഘോഷിക്കുന്ന ഈ ലക്ഷ്യം അവിടുത്തെ ജീവിതയാഥാർത്ഥ്യമായിരുന്നു. ദൈവസാദൃശ്യം പ്രാപിച്ചിട്ടുള്ള മനുഷ്യമക്കൾ, ആ സാദൃശ്യത്തിൽ കൂടുതൽ കൂടുതൽ വളർന്നു് ശോഭിച്ചു്, പൂർണ്ണനന്മയായി ദൈവത്തിന്റെ അതേ സ്വഭാവവുമായി അനുരൂപപ്പെടുക; അഥവാ, ദൈവീകരിയ്ക്കപ്പെടുക; അങ്ങനെ ദൈവാനുരൂപിയാകുവാനുള്ള, മനുഷ്യമക്കൾക്കായുള്ള ദൈവവിളിയെ അറിഞ്ഞു്, സ്വീകരിച്ചു്, മാതൃകയായിത്തീർന്ന പിതാവാണു് പ. ബാവാതിരുമേനി. വിശുദ്ധിയിലും, ആത്മശിക്ഷണത്തിലും, തപോനിഷ്ഠയിലും അനുദിനം വളർന്നു്, ദൈവസാന്നിധ്യത്തെ ജീവിതത്തിൽ എപ്പോഴും അവിടുന്നു് അനുഭവിച്ചറിഞ്ഞിട്ടുണ്ടു്. മാലാഖമാരുടേയും, പരിശുദ്ധ പിതാക്കന്മാരുടേയും ഇടയിലേക്കു് പലപ്പോഴും ബോധവികാരങ്ങൾ ലയിച്ചു്, ആത്മീയഹർഷം പൊഴിച്ച അവസരങ്ങൾ അവിടുത്തെ ജീവിതത്തിൽ അനവധിയായിരുന്നു. ''അവങ്കലേയ്ക്കു നോക്കിയവർ പ്രകാശിതരായി'' എന്ന സങ്കീർത്തനക്കാരന്റെ വാക്യത്തെ പ്രത്യക്ഷത്തിൽ ഞാൻ ദർശിച്ചതു് പ. ബാവാതിരുമേനിയിലായിരുന്നു. (എഡിൻബർഗ് സമ്മേളനത്തിലെ കാര്യം സുവിദിതമാണല്ലോ)

ഓർത്തഡോക്സ് വിശ്വാസത്തിന്റെ മൂർത്തീമത്ഭാവമായിട്ടാണു് തിരുമേനിയെ ഓർക്കുവാൻ കഴിയുന്നതു്. ഓർത്തഡോക്സ് വിശ്വാസത്തിന്റെ അതുല്യതയും, പ്രാമാണ്യതയും എന്തെന്നും എവിടെയെന്നും തിരുമേനിയ്ക്കു് വളരെ വക്തമായറിയാമായിരുന്നു. കേവലം ബുദ്ധിപരമായ വേദജ്ഞാനമല്ലാ വിശ്വാസം എന്നു് അവിടുത്തേയ്ക്കറിയാമായിരുന്നു. ജീവിതത്തിലും ആരാധനയിലും സമജ്ഞസമായി സമ്മേളിച്ച വേദജ്ഞാനമായിരുന്നു തിരുമേനിയുടേതു്. വിശ്വാസപരമായ പാണ്ഡിത്യവും ജീവിതപരിശുദ്ധിയും ഒന്നിച്ചു ചേർന്നിണങ്ങിയ ഒരു അസാമാന്യവ്യക്തിയായിരുന്നു പ. ബാവാതിരുമേനി എന്നു പറഞ്ഞാൽ അതു് അതിശയോക്തിയല്ല. സഭയിൽ സത്യവിശ്വാസത്തിന്റെ ഭദ്രതയെക്കുറിച്ചു് തിരുമേനി വളരെയധികം ശ്രദ്ധാലുവായിരുന്നു എന്നതു് മുമ്പു പറഞ്ഞ സംഭവത്തിൽനിന്നു് വ്യക്തമാണല്ലോ. സഭയിൽ സത്യവിശ്വാസസംരക്ഷണയെക്കുറിച്ചു് ചിലപ്പോൾ അവിടുന്നു് ആശങ്കാകുലനായും തീരാറുണ്ടായിരുന്നു. ഒരിക്കൽ തിരുമേനി എന്നോടിപ്രകാരം പറഞ്ഞു. 'എടോ, നിനക്കറിയില്ലേ എന്നെപ്പോലെയുള്ള ഒരു മെത്രാപ്പോലീത്തായുടെ പ്രയാസം? ഈ സഭയിൽ സത്യവിശ്വാസം പാലിക്കപ്പെടുമോ, ആവോ? സത്യവിശ്വാസം അറിയാവുന്നവരായി കുറേപ്പേരെ കണ്ടിട്ടു മരിക്കാൻ സാധിച്ചിരുന്നുവെങ്കിൽ!.

സുവിശേഷഘോഷണം, സാധാരണയായി ആളുകളുടെ അടുക്കലേയ്ക്കാണു്. എന്നാൽ തിരുമേനിയിൽ സുവിശേഷഘോഷണം മറെറാരു രൂപം പ്രാപിക്കുന്നതായി കാണാം. 19–ാം നൂററാണ്ടിൽ റഷ്യൻ വനാന്തരത്തിൽ തപസു ചെയ്തിരുന്ന വി. സെർഗിയുസിൽനിന്നു് ആശ്വാസവും ഉപദേശവും തേടുവാൻ ആ വനത്തിലേയ്ക്കു് തടിച്ചുകൂടിയ നാനാജാതിമതസ്ഥരേപ്പോലെ, പ. ബാവാതിരുമേനിയിൽനിന്നു് യഥാർത്ഥ ക്രൈസ്തവസന്ദേശം സ്വീകരിച്ച വിവിധ ജാതിമതസ്ഥരായ നൂറുകണക്കിനാളുകൾ ഉണ്ടു്.

പ. ബാവാതിരുമേനിയുമായി പരിചയപ്പെട്ടപ്പോൾ അനുഭവവേദ്യമായിത്തീർന്ന ഒരു സംഗതി ഉണ്ടു്. എന്തു് പ്രയാസത്തോടും, ഹൃദയതകർച്ചയോടുംകൂടി അവിടെ ചെന്നാലും എല്ലാം മറന്നിട്ടു് എന്തൊന്നില്ലാത്ത ഒരു ലാളിത്യം അനുഭവപ്പെടും. ഭാരവും പ്രയാസവും പമ്പകടന്നു് ഏതോ സ്വർഗ്ഗീയ സന്തോഷത്തിന്റെ പാരാവാരത്തിൽ നീന്തിത്തുടിയ്ക്കുന്ന അനുഭവമാണു് അവിടെ സ്വാഗതം ചെയ്യുന്നതു്. യഥാർത്ഥ ദൈവമനുഷ്യരുടെ ലക്ഷണം തന്നെയായിരുന്നു അതു്. അവരുടെ സാന്നിധ്യം, ദുഃഖത്തെയും പ്രയാസത്തെയും ദൂരെപ്പായിയ്ക്കും.

മററുള്ളവരോടുള്ള തിരുമേനിയുടെ പെരുമാററം എത്രമാത്രം ആകർഷകവും ആത്മാർത്ഥവുമായിരുന്നു എന്നു് വിവരിക്കേണ്ട ആവശ്യമില്ലല്ലോ. ഒരു വ്യക്തിയെ കണ്ടാൽ അവൻ യഥാർത്ഥത്തിൽ എങ്ങനെയുള്ളവൻ എന്നു ഗ്രഹിക്കുവാൻ തിരുമേനിയ്ക്കു് അസാമാന്യകഴിവുണ്ടായിരുന്നു. യാതൊരു കൂസലുമില്ലാതെ നർമ്മബോധത്തോടും, ഔചിത്യമായും ഉള്ള സംസാരവും, പെരുമാററവും ചക്രവർത്തിമാരെയും, പ്രധാനമന്ത്രിമാരെയും മുതൽ സാധുജനങ്ങളെയും ഹഠാദാകർഷിച്ചിരുന്നു. എത്യോപ്യൻ ചക്രവർത്തി ഹെയിലിസലാസി സന്ദർശിച്ചപ്പോൾ ബാവാതിരുമേനി അദ്ദേഹത്തോടു് പറ

# സ്ഥിതപ്രജ്ഞനായ തിരുമേനി

(കെ. പി. കെ. പിഷാരടി)

കാലം ചെയ്ത കാതോലിക്കാബാവാ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ തിരുമേനിയുടെ ജന്മശതാബ്ദി ഈ വർഷമാണെന്നു് എനിക്കു നല്ല ഓർമ്മയുണ്ടു്. എന്റെ പത്രപ്രവർത്തകാചാര്യനായ കെ. സി. മാമ്മൻമാപ്പിളയും തിരുമേനിയും സമവയസ്കരാണെന്നു് എനിക്കറിയാമായിരുന്നു. മാമ്മൻമാപ്പിളയുടെ ജന്മശതാബ്ദി അതർഹിക്കുന്ന ആർഭാടത്തോടുകൂടി കൊണ്ടാടാൻ അദ്ദേഹത്തിന്റെ സീമന്തപുത്രൻ കെ. എം. ചെറിയാന്റെ ചരമം മൂലമുണ്ടായ ശോകാന്തരീക്ഷം അനുവദിച്ചില്ല. എങ്കിലും കേരളത്തിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമാറു് ഒരു സിമ്പോസിയം മുഖേന അതു് അനുസ്മരിക്കപ്പെട്ടു. എന്നാൽ പ. ബസ്സേലിയോസു് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാതിരുമേനിയുടെ ജന്മശതാബ്ദി അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെടുമെന്നായിരുന്നു എന്റെ പ്രതീക്ഷ. അതോടനുബന്ധിച്ചു് ഒരു സുവനീർ പ്രസിദ്ധപ്പെടുത്തുന്നുണ്ടെന്നറിഞ്ഞപ്പോൾ എനിക്കു സന്തോഷം തോന്നി. അതിൽ ഒരു അനുസ്മരണം എഴുതാനുള്ള ക്ഷണം ലഭിച്ചപ്പോൾ അല്പം അന്ധാളിപ്പു തോന്നാതിരുന്നില്ല.

മലയാളമനോരമയിലെ പത്രാധിപസമിതി അംഗമെന്ന നിലയിൽ തിരുമേനിയെപ്പറ്റി വളരെ

ഞ്ഞ വാക്യം ഇപ്പോഴും ഹൃദയത്തിൽ തങ്ങിനില്ക്കുന്നു. 'യെറുശലേം ദേവാലയത്തിൽവച്ചു് ശിശുവായ യേശുവിനെ കണ്ട വൃദ്ധനായ ശിമെയോന്റെ പ്രതീതിയാണു് എനിയ്ക്കു് ഇന്നു് അങ്ങയെ കണ്ടപ്പോൾ' നോക്കൂ എത്ര താഴ്മയുള്ളതും, അർത്ഥഗർഭവുമായ സംസാരം! ചക്രവർത്തി ഉടൻ മറുപടി പറഞ്ഞതിതാണു് 'അവിടുത്തേപ്പോലെ പരിശുദ്ധനായ ഒരു മനുഷ്യനെ കാണുവാൻ സാധിക്കുന്നതു് ഒരു രാജാവിനുപോലും മഹാഭാഗ്യമാണു്.'

ആരാധനയായിരുന്ന അവിടുത്തെ ജീവിതത്തിന്റെ പരമപ്രധാനം. നിഷ്ഠയോടും, ക്രമത്തോടും, ഔചിത്യമായും ആരാധന നടത്തപ്പെടുന്നതിനുവേണ്ടിയായിരുന്നു, തിരുമേനി കോപിച്ചിട്ടുണ്ടെങ്കിൽ അതിൽ ഭൂരിഭാഗവും.

ഇങ്ങനെ അദ്ദേഹത്തിന്റെ ജീവിതത്തിലെ വിവിധ ഗുണങ്ങളെ പാടിപ്പുകഴ്ത്തുന്നതുകൊണ്ടു മാത്രം നമ്മുടെ സ്മരണാഞ്ജലി പൂർണ്ണമാകയില്ല. ഇന്നു്, ഇപ്പോൾ, നമ്മുടെയിടയിൽ. നമ്മെ കാണുന്ന ആ പിതാവു് നമ്മോടു് എന്തു പറയുന്നു എന്നു ശ്രദ്ധിക്കുവാൻ ഹൃദയപൂർവ്വമായ ക്ഷമ നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. സഭയുടെ ശാശ്വത സമാധാനത്തിനുവേണ്ടിയുള്ള അവിടുത്തെ ഒടുങ്ങാത്ത ദാഹം ഞാൻ ഇവിടെ വിവരിക്കേണ്ടയാവശ്യമില്ല. സമർത്ഥമായ നേതൃത്വത്തിൽ, സഭാനൗകയെ സമാധാനത്തിന്റെ കരയ്ക്കു് അണച്ചിട്ടു് മൺമറഞ്ഞ തിരുമേനി, ആ സമാധാനത്തിനുവേണ്ടി വ്യക്തിപരമായി എല്ലാ ത്യാഗവും സഹിക്കുവാൻ സന്നദ്ധനായിരുന്നു. തനിക്കു് എതിരായി നില്ക്കുന്നവർക്കായി മനഃപൂർവ്വം സഭയുടെ വിശ്വാസത്തിനും പാരമ്പര്യത്തിനും വിരുദ്ധമാകാത്ത വിധത്തിൽ ത്യാഗങ്ങൾ സഹിയ്ക്കുവാൻ തിരുമേനി വളരെ ഉൽസാഹിയായിരുന്നു. ഇന്നു് സഭാന്തരീക്ഷം വീണ്ടും കാർമ്മേഘാവൃതമായിരിക്കയാണു്. നാം ഇന്നു് സന്തോഷത്തോടെ തിരുമേനിയുടെ നൂറാം ജന്മദിനം ആഘോഷിക്കുമ്പോൾ, സമയത്തിന്റെ തിരശീലയ്ക്കുള്ളിൽ അവിടുന്നു് തേങ്ങുകയാണെന്നു് ഓർക്കണം. ദൈവത്തിന്റെ ഈ സഭ പിളർന്നു നശിയ്ക്കുവാൻ തക്കവണ്ണം പലതും സംഭവിച്ചുകഴിഞ്ഞു. പക്ഷേ സഭ ഇന്നും പൊട്ടിച്ചിതറാത്തതു് നമ്മുടെ ആരുടെയും കഴിവും അറിവുംകൊണ്ടല്ല എന്നോർക്കണം. സഭയ്ക്കുവേണ്ടി രാത്രിയാമങ്ങളിൽ കണ്ണീരൊഴുക്കിയ ആ പരിശുദ്ധന്റെ കണ്ണുകളിൽക്കൂടി ഇന്നും മറ്റൊരു തരത്തിൽ പുറപ്പെടുന്ന ജലനദികളും, ഹൃദയത്തിൽ നിന്നുയരുന്ന മദ്ധ്യസ്ഥതയും ആണു് ഇതിനെ ഇന്നും നിലനിർത്തുന്നതു് എന്നു് പരിപൂർണ്ണമായി വിശ്വസിക്കുന്ന ഒരാളാണു ഞാൻ. ആ പിതാവു് മൺമറഞ്ഞതിനുശേഷം മലങ്കര സഭ ഒരു വിധത്തിൽ അനാഥത്വം അനുഭവിക്കയാണെന്നു പറഞ്ഞാൽ അതൊട്ടും അതിശയോക്തിയാകയില്ല. അവിടുന്നു നല്കിയ നേതൃത്വമാതൃകയും അവിടുന്നു വിശ്വസിച്ച വിശ്വാസമാതൃകയും, പിൻതുടരുവാൻ ആത്മാർത്ഥമായി സഭയാകമാനം പ്രതിജ്ഞയെടുക്കുമെങ്കിൽ അവിടുത്തെ നൂറാം ജന്മദിനം ലക്ഷ്യസാഫല്യം അണയും.

കൂലംകഷമായി പഠിക്കാനും, തിരുമേനിയുടെ നിരവധി പ്രസംഗങ്ങൾ റിപ്പോർട്ടു ചെയ്യാനും തിരുമേനിക്ക് അനുകൂലവും പ്രതികൂലവുമായ ഒട്ടുവളരെ റിപ്പോർട്ടുകൾ കൈകാര്യം ചെയ്യാനും എനിക്ക് അവസരമുണ്ടായിട്ടുണ്ട്. അങ്ങനെ തിരുമേനിയുമായി ഒരു മമതാബന്ധംതന്നെ ദീർഘകാലം എനിക്കുണ്ടായിരുന്നു. എന്നാൽ തിരുമേനിയുമായി നേരിട്ടിടപെടാനോ, ഉററസമ്പർക്കം പുലർത്താനോ ഉള്ള സന്ദർഭങ്ങൾ സ്വാഭാവികമായി വിരളമായിരുന്നു. എങ്കിലും മനോരമ ഓഫീസിൽ ഇങ്ങനെ ഒരുവനുണ്ടെന്നും യാഥാസ്ഥിതിക ഹിന്ദുവാണെങ്കിലും ഓർത്തഡോക്സുസഭയുടെ സുഹൃത്താണെന്നും തിരുമേനി ധരിച്ചുവച്ചിരുന്നുവെന്ന് എനിക്കു സൂക്ഷ്മമായറിയാം. രാത്രി എത്ര വൈകിയാണെങ്കിലും ഫോണിൽ വിളിച്ച് ഒരു വാർത്ത എന്നെ അറിയിച്ചാൽ പിറേറന്നു മനോരമയിൽ വേണ്ടത്ര പ്രാധാന്യം നല്കി അതു് പ്രസിദ്ധപ്പെടുത്തിക്കൊള്ളുമെന്നൊരു വിശ്വാസം എന്നെപ്പററി തിരുമേനിക്കുണ്ടായിരുന്നുവെന്നും അതു് ആരോടും പരസ്യമായി പറയാൻ അദ്ദേഹം മടിക്കാറില്ലായിരുന്നുവെന്നുമുള്ള വസ്തുത ഞാനിന്നും അല്പം അഭിമാനത്തോടുകൂടി അനുസ്മരിക്കാറുണ്ട്.

മലയാളമനോരമ ഓർത്തഡോക്സ് സഭയുടെ വക്താവായി അംഗീകരിക്കപ്പെട്ടിരുന്ന കാലത്താണു സഭാകാര്യങ്ങൾ സമഗ്രമായി പഠിക്കാൻ ഞാൻ നിർബന്ധിതനായതു്. ഇന്ത്യ സ്വാതന്ത്ര്യസമരത്തിൽ മുഴുകിയിരുന്ന അക്കാലത്തു ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യ സമ്പാദനത്തിനുള്ള ഒരു സുധീരസമരത്തിന്റെ സർവ്വസൈന്യാധിപനായ ബസ്സേലിയോസുഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാതിരുമേനിയെ വീക്ഷിച്ചിരുന്നവരിൽ ഒരുവനാണു ഞാൻ. അതുകൊണ്ടുകൂടിയായിരിക്കണം തിരുമേനിയുടെ ആരാധകവൃന്ദത്തിൽ ഞാനും ഉൾപ്പെട്ടതു്.

പാത്രിയർക്കീസു ബാവാതിരുമേനിയുടെ അന്ത്യോഖ്യാ ആത്മീയ മേലദ്ധ്യക്ഷത അംഗീകരിച്ചുകൊണ്ടുതന്നെ കാതോലിക്കേററിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി വീട്ടുവീഴ്ചയില്ലാതെ നടത്തിയ ആ ഐതിഹാസികസമരത്തിന്റെ ഉള്ളറകളിലേയ്ക്കു് എത്തിനോക്കുവാൻ ഞാനിപ്പോൾ ഉദ്യമിക്കുന്നില്ല. പരേതനായ ബി. കൃഷ്ണയ്യർ കോട്ടയംജില്ലാ ജഡ്ജിയായിരുന്ന കാലത്തുപ്രഖ്യാപിച്ച സമുദായക്കേസ്സുവിധി പഠിക്കാനും റിപ്പോർട്ടു ചെയ്യാനും അവസരം ലഭിച്ച എനിക്കു പിന്നീടുണ്ടായ ഹൈക്കോടതിവിധിയും സുപ്രീംകോടതിവിധികളുമൊക്കെ ഇന്നും ഏറെക്കുറെ ഹൃദിസ്ഥങ്ങളാണു്. അവയിലെല്ലാം തിങ്ങിനിറഞ്ഞു നില്ക്കുന്ന തിരുമേനിയുടെ വ്യക്തിപ്രഭാവം ഞാനിന്നും തെളിഞ്ഞു കാണുന്നു. പരിപൂർണ്ണമായ ദൈവാശ്രയത്തിൽ നിന്നുമാത്രം കൈവരുന്ന ആ മനക്കരുത്തും കൂസലില്ലായ്മയും ശരിയെന്നു താൻ വിശ്വസിക്കുന്നതു് എവിടെവച്ചും വെട്ടിത്തുറന്നു പറയാനുള്ള തന്റേടവും ഒരിക്കലും അടിപതറാത്ത വിപദിധൈര്യവും മററ് അധികമാരിലും ദൃശ്യമല്ല.

തിരുമേനി ശ്രീമദ് ഭഗവദ്ഗീത വായിച്ചിട്ടുണ്ടോ എന്നു് എനിക്കറിഞ്ഞുകൂടാ. ഉണ്ടെങ്കിലുമില്ലെങ്കിലും, അതിൽ പറയുന്ന 'സ്ഥിതപ്രജ്ഞ'ന്റെ ലക്ഷണങ്ങളെല്ലാം ഒത്തിണങ്ങിയ ഒരു മഹാനായിരുന്നു തിരുമേനി എന്നു് എനിക്കു പലപ്പോഴും തോന്നിട്ടുണ്ട്.

ദു:ഖേഷ്വനുദ്വിഗ്നമനാ:
സുഖേഷു വിഗതസ്പൃഹ:
വീതരാഗഭയക്രോധ:
സ്ഥിതിധീർമ്മുനിരുച്യതേ
യ: സർവ്വത്രാനഭിസ്നേഹ
സ്തത്തത് പ്രാപ്യശുഭാശുഭം
നാഭിനന്ദതി ന ദ്വേഷ്ടി
തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ
യദാ സംഹരതേ ചായം
കൂർമ്മോംഗാനീവ സർവ്വശ:
ഇന്ദ്രിയാണീന്ദ്രിയാർത്ഥേഭ്യ
സ്തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ

(ഭഗവദ്ഗീത. അദ്ധ്യായം 2 ശ്ലോകം 56, 57, 58.)

രാഗമാകട്ടെ, ഭയമാകട്ടെ, ക്രോധമാകട്ടെ ഇല്ലാത്തവനായും ദു:ഖങ്ങൾ ഉണ്ടാകുമ്പോൾ ക്ഷോഭിക്കാത്ത മനസ്സോടുകൂടിയവനായും സുഖമുണ്ടാകുമ്പോൾ അവയിൽ ആഗ്രഹമില്ലാത്തവനായും വർത്തിക്കുന്ന യോഗി സ്ഥിതപ്രജ്ഞൻ എന്നു പറയപ്പെടുന്നു.

യാതൊരുവൻ സർവ്വത്തിലും സ്നേഹമില്ലാത്തവനായി, ശുഭമാകട്ടെ, അശുഭമാകട്ടെ വന്നുചേർന്നിട്ടുള്ളവയിൽ ഹർഷമുണ്ടാകാതിരിക്കുകയും ദ്വേഷമുണ്ടാകാതിരിക്കുകയും ചെയ്തു വർത്തിക്കുന്നുവോ അപ്രകാരമുള്ള സ്ഥിതപ്രജ്ഞന്റെ ജ്ഞാനം സ്ഥിരതയെ പ്രാപിച്ചതാകുന്നു.

ഈ വ്യുത്ഥിതനായ സ്ഥിതപ്രജ്ഞൻ സർവ്വത്തിലും എല്ലാ ഇന്ദ്രിയങ്ങളെയും ഇന്ദ്രിയങ്ങളുടെ വിഷയങ്ങളിൽനിന്ന് ആമ അവയവങ്ങളെ എന്നവണ്ണം യാതൊരു സമയം അനായാസമായി പിൻവലിക്കുന്നുവോ അപ്പോൾ അപ്രകാരമുള്ളവന്റെ പ്രജ്ഞ സ്ഥിരമായതാകുന്നു.

എന്നാണു മേലുദ്ധരിച്ച ശ്ലോകങ്ങളുടെ സ

# ദേവലോകത്തെ രാജാവ്

(ഡി. സി. കിഴക്കേമുറി)

കാലം ചെയ്ത മാർ ബസ്സേലിയോസ് തിരുമേനിയെപ്പററി കുറച്ചു വരികൾ ഈ ജന്മശതാബ്ദി സ്മാരകഗ്രന്ഥത്തിലേക്കു എഴുതണമെന്നു സഖറിയാ അച്ചൻ ആവശ്യപ്പെട്ടപ്പോൾ പെട്ടെന്നു തോന്നിയതു് എനിക്കതിനു എന്തു അർഹതയുണ്ടു് എന്നാണു്. എത്ര ആലോചിച്ചിട്ടും ആ സംശയം മാറിയിട്ടില്ല. അർഹതയില്ല എന്നതു് ഒരു സത്യമത്രെ.

ദേവലോകത്തിൻെറ ഏററവും അടുത്ത അയൽവാസി എന്നതു മാത്രമേ ഒരു ന്യായമായി പറയാനാവൂ. ദേവലോകം അരമനയും എൻെറ വീടുമായി കഷ്ടിച്ചു ആറു വാര ദൂരമേയുള്ളു. എന്നാൽ ബസ്സേലിയോസ് തിരുമേനിയുടെ സാമീപ്യം അത്രയധികമൊന്നും ലഭിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുമില്ല. 1964 ജനുവരി ഒന്നാം തീയതി വൈകുന്നേരമാണു് ഞാൻ ദേവലോകത്തു താമസം തുടങ്ങിയതു്. അപ്പോൾ തിരുമേനി അത്യാസന്ന നിലയിലായിരുന്നു. മൂന്നാം തീയതി വെളുപ്പിനു അദ്ദേഹം ദിവംഗതനായി. ആ സമയത്തു അവിടെ ഉണ്ടായിരുന്ന അപൂർവ്വം പേരിൽ എൻെറ ഭാര്യയും ഉൾപ്പെടുന്നു. അടുത്ത നിമിഷത്തിൽ ഞാനുമെത്തി.

രാവിലെ മുതൽ നാടിൻെറ നാനാഭാഗങ്ങളിൽ നിന്നുണ്ടായ ജനപ്രവാഹത്തെപ്പററി ചിന്തിക്കാനേ വയ്യാ. അരമനപ്പുറവും റോഡുമെല്ലാം കവിഞ്ഞു് 'പ്രവാഹം' പരിസരങ്ങളിലേക്കായി. സാമാന്യം ഭേദപ്പെട്ട ഒരു ഉദ്യാനമുണ്ടായിരുന്നു എനിക്കു്. താമസം തുടങ്ങി നാല്പത്തിയെട്ടു മണിക്കൂറിനകം തന്നെ അതിൻെറ മുക്കാലും മേല്പറഞ്ഞ പ്രവാഹത്തിൽ മുങ്ങിപ്പോയി. ഞങ്ങളുടെ കിണററിൽനിന്നു പമ്പു ചെയ്താണു വെള്ളമെടുത്തിരുന്നതു്. മുററത്തും പരിസരങ്ങളിലുമായി ഉണ്ടായിരുന്ന മൂന്നാലു ടാപ്പുകളുടെ ചുവട്ടിൽ ബക്കററുകളും ടംബ്ളേറുകളും ആവശ്യാനുസരണം വച്ചിരുന്നു. കുറച്ചു മണിക്കൂറുകൾക്കുള്ളിൽ അഞ്ചാറടി വെള്ളമുണ്ടായിരുന്ന കിണറു് ശൂന്യമായി!

ഒരു നേതാവിനു അന്ത്യോപചാരമർപ്പിക്കാനായി കേരളത്തിൽ കൂടിയിട്ടുള്ള ഏററവും വലിയ ജനക്കൂട്ടങ്ങളിലൊന്നായിരുന്നു, ജനുവരി മൂന്നും നാലും തീയതികളിൽ ദേവലോകത്തു കൂടിയതു്.

1962-ലും 63-ലുമായി അഞ്ചോ ആറോ പ്രാവശ്യം മാത്രമേ ബാവാതിരുമേനിയെ നേരിട്ടു കാണാൻ എനിക്കു ഇടയായിട്ടുള്ളു. അതും വളരെക്കുറച്ചു മിനിട്ടുകൾ മാത്രം. അതിൽതന്നെ ഒന്നോ രണ്ടോ പ്രാവശ്യം ഞാൻ തനിച്ചാണു് കണ്ടിട്ടുള്ളതു് മററു സമയങ്ങളിൽ അദ്ദേഹത്തെ ദൈവതുല്യം ബഹുമാനിച്ചിരുന്ന പാപ്പിവൈദ്യനെപ്പോലുള്ള ഭക്തന്മാരുമൊത്താണു്. ആരെയും അത്രയധികം ആരാധിക്കുന്ന പ്രകൃതക്കാരനല്ലാത്ത ഞാൻ കുറച്ചൊന്നു് അകലെനിന്നുകൊണ്ടു മാത്രമേ അദ്ദേഹത്തെ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുള്ളു.

ആദ്യമായി അദ്ദേഹത്തെ കണ്ടതു് എന്നാണെന്നു എനിക്കിപ്പോൾ ഓർമ്മയില്ല. എങ്കിലും അന്നു എൻെറ മനസ്സിലുണ്ടായ ധാരണയെപ്പററി ഓർമ്മയുണ്ടു്. ഒരു ഉന്നതനായ വൈദിക ശ്രേഷ്ഠൻ എന്നതിലുപരി എനിക്കുണ്ടായ തോന്നൽ ഉഗ്രനായ ഒരു ഭരണാധികാരി എന്നാണു്. ആ പാദകേസരവും ആകാരസൗഷ്ഠവവും ശബ്ദഗാംഭീര്യവും പെരുമാററവുമെല്ലാംകൂടി കണ്ടപ്പോൾ നമ്മുടെ ചില പഴയ രാജാക്കന്മാരെപ്പററിയാണു് എനിക്കോർമ്മ വന്നതു്. ചക്രവർത്തിയോഗമെന്നും രാജയോഗമെന്നും മററും പറഞ്ഞുകേട്ടിട്ടുള്ളതു്, ശരിയെന്നു് തോന്നിയിട്ടുണ്ടു്. ബാവായെ കാണുമ്പോഴെല്ലാം അദ്ദേഹത്തിൻെറ അസാധാരണമായ ആജ്ഞാശക്തിയെപ്പററി പലപ്പോഴും അത്ഭുതത്തോടുകൂടിയാണു് ഞാൻ കേട്ടിട്ടുള്ളതു്. ചിലപ്പോഴൊക്കെ സർദാർ പട്ടേലിനെ ഓർമ്മിക്കാനും അതു ഇടയാക്കിയിട്ടുണ്ടു്.

മേല്പറഞ്ഞ എല്ലാവിധ ഗാംഭീര്യങ്ങൾക്കുമിടയിൽതന്നെ നല്ല നർമ്മബോധവുമുണ്ടായിരുന്നു അദ്ദേഹത്തിനു് ഫലിതം ആസ്വദിക്കാൻ തനിയെ കഴിവുമായിരുന്നു. പലപ്പോഴും അതു മറച്ചുവയ്ക്കാൻ ശ്രമിച്ചിട്ടില്ലേ എന്നു് സംശയമുണ്ടു്. പ്രസംഗത്തിലും സംസാരത്തിലുമൊക്കെ ആ നർമ്മബോധം കാണാം. ചില സമയത്തു അതു തുളച്ചുകയറുന്നതായിരിക്കുമെങ്കിലും.

മാർ ബസ്സേലിയോസ് തിരുമേനിയെ നേരിട്ടു കാണുന്നതിനു വളരെ മുമ്പുതന്നെ അദ്ദേഹത്തെ

---

രാംശം. സർവ്വസംഗപരിത്യാഗികളായി ഈശ്വര സാക്ഷാൽക്കാരം നേടിയ അവധൂതന്മാർക്കു് അനുരൂപമായ നിർവ്വചനങ്ങളുണ്ടാവാം. ഇതെല്ലാം തികച്ചും അർഹിക്കുന്ന ഋഷിതുല്യനായിരുന്നു സ്തന്ത്യപുരുഷനെന്നു് എനിക്കു പലപ്പോഴും അനുഭവബോധ്യമായിട്ടുണ്ടു്. അദ്ദേഹത്തെപ്പററിയുള്ള ഏതൊരു സ്മരണയും ഓർത്തഡോക്സ് സഭയ്ക്കു മാത്രമല്ല, ക്രൈസ്തവർക്കു മാത്രമല്ല, കേരളീയർക്കും ദേശാഭിമാനികളായ ഭാരതീയർക്കു് എല്ലാംതന്നെയും ആവേശപ്രദമാണു്.

പുണ്യചരിതനായ ആ വന്ദ്യതിരുമേനിയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ഈയുള്ളവൻെറ എളിയ ആദരാഞ്ജലിയും അർപ്പിച്ചുകൊള്ളട്ടെ.

–0–

പ്പററി വളരെയേറെ കേട്ടിട്ടുണ്ട്. ആരംഭത്തിലേ ഞാൻ ധരിച്ചുവച്ചിരുന്നതു് കാതോലിക്കാബാവായെന്നു വച്ചാൽ അതീവഘനഗംഭീരനായ ഒരു ഭരണാധികാരിയെന്നാണ്. ആ ധാരണ മാറിയതു് വിനയത്തിൻെറ മൂർത്തീഭാവമായ ഇന്നത്തെ കാതോലിക്കാബാവായെ പരിചയപ്പെടാനിടയായതിൽ പിന്നീടു മാത്രമാണ്. മാർ ഔഗേൻ തിരുമേനിയെപ്പററി 'വിനയം കുറച്ചു കൂടുതലാണ് എന്നൊരു കുഴപ്പം' ഉള്ളതായി ബസ്സേലിയോസ് തിരുമേനി പ്രസ്താവിച്ചതായി കേട്ടിട്ടുണ്ട്. നേരമ്പോക്കിനുവേണ്ടിയാവാം അദ്ദേഹം അങ്ങനെ പറഞ്ഞതു്. എങ്കിൽ കൂടി അതിനിടയിലുള്ളതു് 'ഗാംഭീര്യ'ത്തെപ്പററി തനിക്കുള്ള മതിപ്പാണ്.

മേൽ പറഞ്ഞ ഗാംഭീര്യമെല്ലാം ഒരു വശത്തു്. അതേസമയം ഇതിനെല്ലാം ഒരു മറുവശവുമുണ്ടായിരുന്നു. മലങ്കരനസ്രാണികൾ (അഞ്ചാം വാല്യം) എന്ന ബൃഹദ് ചരിത്രഗ്രന്ഥത്തിൽ തിരുമേനിയെപ്പററിയുള്ള ഒരു ചിത്രീകരണം ഇവിടെ പകർത്തിയാൽ ഈ 'രണ്ടു വശങ്ങളും' ഏറെക്കുറെ വ്യക്തമാക്കാൻ കഴിയുമെന്നു തോന്നുന്നു.

''കരിങ്കല്ലുപോലെ ഉറപ്പുള്ള ഒരു വശവും, കാററിൽ ചാഞ്ചാടുന്ന ഞാങ്ങണപോലെ അസ്ഥിരമായ മറെറാരു വശവും; എന്താപത്തുവന്നാലും കുലുങ്ങാത്ത ഒരു വശവും, നിസ്സാര കാര്യങ്ങൾകൊണ്ടു ക്ഷണത്തിൽ ചഞ്ചലിക്കുന്ന മറെറാരു വശവും; കൊച്ചു കുഞ്ഞുങ്ങളുടേതുപോലെ കളങ്കരഹിതമായ ഒരു വശവും, ചാണക്യതുല്യതന്ത്രപൂർണ്ണമായ മറെറാരു വശവും അദ്ദേഹത്തിൻെറ സ്വഭാവത്തിൽ ഒരേസമയം ദൃശ്യമാകുമായിരുന്നു.''

എന്തെല്ലാം 'വശങ്ങൾ' ഉണ്ടെങ്കിലും എൻെറ മനസ്സിൽ തങ്ങിനില്ക്കുന്ന ചിത്രം 'രാജകീയ വശ'ത്തെപ്പററിയുള്ളതാണ്. ഒരു രാജാവിൻെറ എല്ലാവിധ പ്രൗഢികളോടുംകൂടിത്തന്നെ അദ്ദേഹം, ജീവിതം നയിച്ചു. പരാജയത്തിൻെറ പാതാളത്തിലെത്തിയെന്നു മററുള്ളവർ ധരിച്ച ഘട്ടങ്ങളിലും അദ്ദേഹം, തൻേറടമുള്ള രാജാവായിത്തന്നെ ജീവിച്ചു. ഒരു 'രണ്ടാം ദേവലോകം' സൃഷ്ടിച്ചു് അവിടത്തെ രാജാവായി അദ്ദേഹം വാഴ്ച നടത്തി. അവിടെത്തന്നെ 'ദേവലോകപ്രാപ്തി' വരിക്കയും ചെയ്തു. മരിച്ചിട്ടു പത്തുവർഷത്തോളമായെങ്കിലും ഇന്നും അദ്ദേഹം ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു.

ദേവലോകത്തെ രാജാവു് ഇങ്ങനെ അനേക നൂററാണ്ടുകൾ ജീവിക്കട്ടെ.

---

# അറിയിപ്പ്

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻബാവാ തിരുമനസ്സിലെ ജന്മശതാബ്ദി സ്മാരകമായി മലങ്കരസഭാ മാസികയുടെ ജൂൺ ജൂലൈ ലക്കങ്ങൾ ചേർത്തു പ്രസിദ്ധപ്പെടുത്തിയ ഈ സോവനീർ 200-ൽപ്പരം പേജുകളോടുകൂടി ഇത്രയും മനോഹരമായി ചെയ്തതിന് ഉദ്ദേശിച്ചതിൽ കൂടുതൽ സമയവും, കാലതാമസവും, അച്ചടിയും ഒക്കെ വേണ്ടി വന്നു. കുറഞ്ഞതു് ഏഴു രൂപാ വില വരുന്ന ഈ ഗ്രന്ഥം മലങ്കര സഭാ മാസികാ വരിക്കാർക്കു് സൌജന്യമായിട്ടാണ് അയയ്ക്കുന്നതു്.

ജൂലൈ 16-ാം തീയതി, തിരുമനസ്സിലെ ജന്മദിനത്തിൽതന്നെ സോവനീർ പ്രസിദ്ധപ്പെടുത്തണമെന്നു് വിചാരിച്ചിരുന്നെങ്കിലും ഒരു മാസം കഴിഞ്ഞു മാത്രമാണ് അതു പ്രസിദ്ധപ്പെടുത്താൻ തയ്യാറായതു്. കാലതാമസം നേരിട്ടതിൻെറ കാരണം. സോവനീർ കാണുമ്പോൾ തന്നെ മനസ്സിലാകുന്നതാണ്. ഇത്രയും താമസിച്ചു പ്രസിദ്ധപ്പെടുത്തേണ്ടി വന്നതുകൊണ്ടു് പതിവുപോലെയുള്ള മാസിക ആഗസ്റ്റ് 15-ാം തീയതി പ്രസിദ്ധപ്പെടുത്തുക പ്രയാസമായി തീർന്നിരിക്കുന്നു. **ആകയാൽ ആഗസ്റ്റ് ലക്കം മാസിക പുറപ്പെടുന്നതല്ല.**

കഴിഞ്ഞ വർഷം വരിസംഖ്യ അടയ്ക്കാത്ത നല്ല ഒരു പങ്കു് ആളുകൾ മാസികാ വരിക്കാരിൽ ഉണ്ട്. അവർ കഴിയുന്നതും വേഗം കുടിശ്ശികയും സൌകര്യമുള്ള പക്ഷം ഈ വർഷത്തെ വരിസംഖ്യയും ചേർത്തു് അയച്ചുതരണമെന്നു് അഭ്യർത്ഥിക്കുന്നു. ബാവാ തിരുമനസ്സിലെ ജന്മശതാബ്ദി സ്പെഷ്യലായി ഈ ലക്കങ്ങൾ പ്രസിദ്ധപ്പെടുത്തിയതുകൊണ്ടു് മാസികയിൽ ചേർക്കുന്നതിന് ലഭിച്ചിട്ടുള്ള വാർത്തകളും, കുറിപ്പുകളും, ലേഖനങ്ങളും മററും ഇതിൽ പ്രസിദ്ധപ്പെടുത്തുന്നതിന സാധിച്ചിട്ടില്ല. അത്യാവശ്യമുള്ള വാർത്തകൾ സെപ്റ്റംബർ ലക്കത്തിൽ ചേർക്കാമെന്നു വിചാരിക്കുന്നു. മുൻ ലേഖനങ്ങളുടെ തുടർച്ചയും, പത്രാധിപ സമിതി അംഗീകരിക്കുന്ന ഇതര ലേഖനങ്ങളും തുടർന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

എന്ന്,

മാനേജർ.

# സഭയെ സമാധാനത്തിൽ എത്തിച്ച സാരഥി

(ഫാ. ററി. സി. ജേക്കബ്)

**[പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയുമായി ദീർഘകാലം ഏററവും അടുത്ത സമ്പർക്കം പുലർത്തിയിരുന്ന മാനേജരച്ചന്റെ സത്യസന്ധവും ലളിതസുന്ദരവുമായ ഒരു വിലയിരുത്തലാണ് ''സഭയെ സമാധാനത്തിൽ എത്തിച്ച സാരഥി'' എന്ന ഈ ലേഖനം.]**

കൊല്ലം നാല്പതു കഴിഞ്ഞു. മലങ്കരസഭാ ഭാസുരൻ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി കാലംചെയ്യുന്നതിന് ഒരു വർഷം മുമ്പാണത്. തിരുമേനിയുടെ കല്പനപ്രകാരമാണ 1933–ൽ ഞാൻ പഴയസെമിനാരിയിൽ താമസമാക്കിയത്. ഭാഗ്യസ്മരണാർഹനായ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയുമായി അന്നുമുതൽ വളരെയടുത്ത സമ്പർക്കം പുലർത്തുന്നതിനും തിരുമേനിയെ ശുശ്രൂഷിക്കുന്നതിനും എനിക്കു ഭാഗ്യം ലഭിച്ചു. വിശുദ്ധ സഭയുടെ വിശ്വാസാചാരങ്ങളും, പാരമ്പര്യങ്ങളും മുതലായവ ഈഷൽഭേദമെന്യേ ഇത്രത്തോളം പാലിക്കുകയും ആചരിക്കുകയും ചെയ്തിട്ടുള്ള മറെറാരു മഹാപുരോഹിതനെയും എനിക്കു അറിവില്ല. അതുപോലെതന്നെ സഭയിലെ കർമ്മാനുഷ്ഠാനങ്ങൾ ഇത്രയധികം ഭംഗിയായും ആകർഷകമായും നിർവ്വഹിക്കുന്നതിൽ നിർബന്ധമുണ്ടായിരുന്ന മറെറാരാളെയും എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല. പള്ളികളിലും പൊതുവേദികളിലും തിരുമേനി ചെയ്തിരുന്ന പ്രസംഗങ്ങൾ, ഗുണദോഷങ്ങളും സന്ദർഭോചിതങ്ങളും പുതിയ ആശയങ്ങളാൽ ധന്യവും ആയിരുന്നു. മുൻകൂട്ടി പ്രസംഗം തയ്യാറാക്കുന്ന സ്വഭാവം തിരുമേനിക്കില്ലായിരുന്നു. പറയാനുള്ളത് അപ്പഴപ്പോൾ തോന്നുമെന്നും, അതു തിരുമേനിയിൽ കുടികൊണ്ടിരുന്ന ദിവ്യശക്തിയുടെ ഫലമാണെന്നും പറഞ്ഞാൽ അതിനു തെററില്ല.

വളരെയധികം അഗ്നിപരീക്ഷകളിലൂടെ കടന്നുപോകുകയും പല വിഷമഘട്ടങ്ങളിലും പതറാതെ സഭയെ നയിക്കുകയും സഭാസമാധാനത്തിന്റെ തിരുമുററത്തു സഭാമക്കളെ അടുപ്പിക്കുകയും ചെയ്ത തിരുമേനി സന്തോഷത്തോടും ചാരിതാർത്ഥ്യത്തോടുമാണ് ഇവിടെനിന്നു കടന്നുപോയത്. അങ്ങനെ യഥാർത്ഥത്തിൽ ഓട്ടം തികയ്ക്കുകയും വിശ്വാസം കാക്കുകയും രാജകീയ കിരീടം പ്രാപിക്കുകയും ചെയ്ത തിരുമേനിയുടെ ജീവിതത്തിലേക്കു ഒന്നു കടന്നുനോക്കുകയാണ് ഈ ചെറിയ ലേഖനത്തിന്റെ ലക്ഷ്യം.

വേദപുസ്തകപരിജ്ഞാനം, സഭാചരിത്രം, തീയോളജി മുതലായവയിലുള്ള തിരുമനസ്സിലെ വ്യുല്പത്തി ഓരോ സന്ദർഭത്തിലുമുള്ള തിരുമനസ്സിലെ പ്രസംഗങ്ങളിലും സംസാരത്തിലും പ്രകടമാകുന്നു. വേദപുസ്തകത്തിലെ കാര്യങ്ങളെക്കുറിച്ചും വാക്യങ്ങളെക്കുറിച്ചും തിരുമേനി ദൈവശാസ്ത്രജ്ഞന്മാരുമായി പലപ്പോഴും സംസാരിക്കുമായിരുന്നു. തിരുമേനിയുടെ ആശയപ്രകടനം പലരെയും അൽഭുതസ്തബ്ധരാക്കിയിട്ടുള്ള സന്ദർഭങ്ങളും ഉണ്ടായിരുന്നു. 1961–ൽ ഡൽഹിയിൽവച്ചു നടത്തപ്പെട്ട സഭകളുടെ അഖിലലോക ജനറൽ അസംബ്ളിയിൽ സംബന്ധിച്ചശേഷം ബാവാ തിരുമേനിയെ സന്ദർശിച്ച വിദേശസഭാപ്രതിനിധികളുടെ കൂട്ടത്തിൽ റഷ്യൻ ഓർത്തഡോക്സ് സഭയിലെ ഒരു പ്രധാന വേദശാസ്ത്രപണ്ഡിതനായ റവ. ഫാ. ഫ്ളോറൊസ്ക്കിയും ഉണ്ടായിരുന്നു. 1937–ൽ എഡിൻബറോയിൽവച്ചു നടത്തപ്പെട്ട **Faith and Order** സമ്മേളനത്തിൽ അദ്ദേഹവും സംബന്ധിച്ചിരുന്നു. ബാവാതിരുമേനിയെ കോൺഫറൻസിനുശേഷം ആദ്യമായിട്ടാണ് അദ്ദേഹം കാണുന്നത്. സംസാരവേളയിൽ 'കർത്താവിന്റെ ഇരുസ്വഭാവവും ഏകസ്വഭാവവും' എന്ന വിഷയത്തെപ്പററി പണ്ഡിതോചിതമായി ബാവാ തിരുമേനി അവിടെ കൂടിയിരുന്ന വിവിധ സഭകളിലെ വേദശാസ്ത്രജ്ഞന്മാരുമായി ചർച്ചകൾ നടത്തിയതു ഫാ. ഫ്ളോറസ്കി അനുസ്മരിപ്പിക്കുകയുണ്ടായി.

## വ്രതനിഷ്ഠ

വിശുദ്ധ കർമ്മാനുഷ്ഠാനങ്ങൾ എത്രയും ഭംഗിയാക്കിത്തീർക്കുന്നതിനുള്ള പ്രത്യേകതാല്പര്യം തിരുമനസ്സിലേക്കുണ്ടായിരുന്നു എന്നു മുമ്പു പറഞ്ഞ

ല്ലാ. ഉദാഹരണമായി വി. കുർബ്ബാന അനുഷ്ഠിക്കുന്ന അവസരത്തിൽ തിരുമേനി മുഴുവനായി അതിൽത്തന്നെ ലയിക്കുമായിരുന്നു. ചുററുപാടും എന്തൊക്കെ സംഭവിച്ചാലും ആ കർമ്മം പൂർത്തിയാകുന്നതുവരെ തിരുമേനി അറിയുകയില്ല. ഇതുപോലെ ശ്രദ്ധ പതറാത്ത മററു് ആളുകളെ നമുക്കു കാണുവാൻ പ്രയാസമാണു്. കർമ്മാനുഷ്ഠാനത്തിനു പ്രവേശിച്ചുകഴിഞ്ഞാൽ ആൾതന്നെ വ്യത്യാസപ്പെടും. തിരുമനസ്സിലെ, മുഖശോഭ കൂടും, ശബ്ദം ഉയരും. വായിൽ പല്ലുകൾ ഒന്നുമില്ലെങ്കിലും വായിക്കുന്നതും പാടുന്നതും പറയുന്നതുമെല്ലാം വളരെ സ്ഫുടവും ആകർഷകവുമായിരിക്കും. മററു ആരെങ്കിലും കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ തിരുമേനി സന്നിഹിതനായിരുന്നാൽ തിരുമേനി അതിൽതന്നെ ലയിച്ചിരിക്കുന്നതായേ നമുക്കു കാണുവാൻ കഴികയുള്ളു. കർമ്മം അനുഷ്ഠിക്കുന്ന ആൾ ആരുതന്നെ ആയാലും ഏതെങ്കിലും വാക്കോ ആംഗികമോ തെററിപ്പോയാൽ അപ്പോൾതന്നെ തിരുമേനി അതു തിരുത്തിക്കൊടുക്കും. കൂടാതെ അതവസാനിച്ചാൽ തിരുമേനി കാർമ്മികനെ വിളിച്ചു ഗുണദോഷിക്കയും തെററു തിരുത്തിക്കൊടുക്കുകയും പതിവുമായിരുന്നു. തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു് നിത്യപരിചയം ഇല്ലാതിരുന്ന വളരെയധികം പേർക്കും പേടിയുമായിരുന്നു. 'കർമ്മം വികർമ്മമാക്കരുതു്' എന്നുള്ള ഒരു പല്ലവി തിരുമേനി ഉപയോഗിച്ചിരുന്നു.

**ഒരുക്കം**

ഏതെങ്കിലും ഒരു ആത്മീയ ശുശ്രൂഷ നടത്തുന്നതിനു് കാലേക്കൂട്ടിയെ ഒരുങ്ങുക എന്നതു് നിർബ്ബന്ധമായിരുന്നു. തിരുമേനിയേപ്പോലെ ഒട്ടധികം പട്ടംകൊടയും പള്ളിക്കൂദാശയും മററു കൂദാശകളും നടത്തിയിട്ടുള്ള ഒരു മെത്രാപ്പോലീത്തായെ വേറെ കാണുകയില്ല. എന്നിരുന്നാലും ആവക ശുശ്രൂഷകൾ നടത്തുന്നതിനു രണ്ടുമൂന്നു ദിവസങ്ങൾക്കു മുമ്പുതന്നെ തിരുമേനി ക്രമങ്ങൾ എഴുതിയിട്ടുള്ള പുസ്തകങ്ങൾ എടുത്തു് വായിച്ചു മനസ്സിലാക്കി നോക്കിവയ്ക്കുമായിരുന്നു. ജനനപ്പെരുന്നാൾ, ഓശാന, പെസഹാ, ദുഃഖവെള്ളിയാഴ്ച, ഉയിർപ്പു് മുതലായ പെരുന്നാളുകളുടെ ക്രമങ്ങളും, മാമോദീസാ, വിവാഹം മുതലായ കൂദാശകൾപോലും നടത്തുന്നതിനു മുമ്പു് ഈ രീതിയിലുള്ള ഒരുക്കം തിരുമേനിക്കു് ഉണ്ടായിരുന്നു.

സാധാരണ ഉപയോഗിക്കുന്ന വസ്ത്രങ്ങൾ തിരുമേനി വി. കുർബ്ബാനയ്ക്കു് ഒരിക്കലും ഉപയോഗിച്ചിട്ടില്ല. വി. കുർബ്ബാനയ്ക്കു പോകുമ്പോൾ ഉപയോഗിക്കുന്ന വെള്ളക്കുപ്പായവും (കമ്മീസു്) ചുവന്ന കുപ്പായവും ഒക്കെ അതിനു മാത്രമായി വേർതിരിച്ചുവച്ചിട്ടുള്ളതായിരിക്കും.

പ്രസംഗങ്ങൾക്കു് ഒഴിച്ചു് മറെറല്ലാ കാര്യത്തിനും തിരുമേനി പ്രത്യേകം ഒരുങ്ങുക പതിവായിരുന്നു. ശനിയാഴ്ചതോറും നഖംവെട്ടി വൃത്തിയാക്കും. അപ്പോഴെ അറിയാം ഞായറാഴ്ച തിരുമേനിയാണു് വി. കുർബ്ബാന ചൊല്ലുന്നതെന്നു്. രാത്രിയിൽ വേദപുസ്തകവായനയും സുത്താറാ നമസ്കാരവും രഹസ്യപ്രാർത്ഥനയും കഴിഞ്ഞു് കട്ടിലിൽ നെട്ടുകെയും കുറുകെയും മൂന്നു കുരിശു വരച്ചശേഷമാണു് ഉറങ്ങാൻ കിടക്കുക.

കൃത്യസമയങ്ങളിൽ പള്ളിയിൽപോയി പ്രാർത്ഥിക്കുന്നതിൽ തിരുമേനി നിഷ്ഠ പാലിച്ചിരുന്നു. എത്ര താമസിച്ചു കിടന്നാലും പാതിരാത്രിയിൽ എഴുന്നേററുള്ള പ്രാർത്ഥന ഒരു ദിവസംപോലും തിരുമേനി മുടക്കിയിട്ടില്ല. അതുപോലെതന്നെ യാമപ്രാർത്ഥനകളും രഹസ്യപ്രാർത്ഥനകളും മുടക്കംകൂടാതെ നടത്തിയിരുന്നു. ഞായറാഴ്ചകളിലും മാറാനായപ്പെരുന്നാളുകളിലും ചില പരിശുദ്ധന്മാരുടെ ഓർമ്മദിവസങ്ങളിലും മിക്കവാറും തിരുമേനിതന്നെയാണു വി. കുർബ്ബാന അർപ്പിച്ചുവന്നിരുന്നതു്. പ. ദൈവമാതാവിന്റെ ഓർമ്മപ്പെരുന്നാളുകളിൽ ഒരു ദിവസമെങ്കിലും തിരുമേനി വി. കുർബ്ബാന അർപ്പിക്കാതെ ഇരുന്നിട്ടുണ്ടോയെന്നു സംശയമാണു്. പരിശുദ്ധ ദൈവമാതാവിൽ തിരുമേനി സങ്കേതം പ്രാപിച്ചിരുന്നു. ഒരു വർഷം യൽദോപെരുന്നാളിനോടടുത്തു് മുൻപറഞ്ഞ പ്രകാരം ഒരുക്കത്തിൽ കഴിഞ്ഞിരുന്ന തിരുമേനിക്കു് രാത്രിയിൽ യേശുകുഞ്ഞിനെ കയ്യിൽ എടുത്തുകൊണ്ടു നിൽക്കുന്ന മാതാവു് പ്രത്യക്ഷപ്പെടുകയും യേശുകുഞ്ഞു്: 'യൗസേഫ് എന്റെ അപ്പനല്ല, മറിയം എന്റെ അമ്മയാണു്' എന്നു പറഞ്ഞു. അപ്പോഴേക്കും താൻ ഉണർന്നു നോക്കിയപ്പോൾ ആരെയും കണ്ടില്ലെന്നും തിരുമേനി പറയുകയുണ്ടായി. ഇതു തിരുമേനി എന്നോടും മററു പലരോടും പറഞ്ഞിട്ടുള്ള സംഗതിയാണു്. ഇതിനുശേഷം മാതാവിനോടുള്ള തിരുമനസ്സിലെ ഭക്തി എത്രമാത്രം വർദ്ധിക്കുകയുണ്ടായി എന്നു് രേഖപ്പെടുത്തുക അസാദ്ധ്യമാണു്. വി. കുർബ്ബാന കഴിഞ്ഞുവരുന്ന മിക്കവാറും പട്ടക്കാരും മേല്പട്ടക്കാരും ക്ഷീണവാന്മാരായിട്ടാണു കാണപ്പെടുന്നതു്. എന്നാൽ പരിശുദ്ധ തിരുമേനി ഉൽസാഹവാനായും പ്രസന്നവാനായുമാണു കാണപ്പെടുന്നതു്. വി. നോമ്പിന്റെ ആചരണങ്ങൾക്കു ലാഘവം

വരുത്തണമെന്നു മുറവിളി കൂട്ടിക്കൊണ്ടിരുന്നവരുടെ ശബ്ദം തിരുമേനി ശ്രദ്ധിച്ചില്ല. വേലി പൊളിക്കുന്നവനെ പാമ്പു കടിക്കുമെന്നാണ് തിരുമേനി മറുപടി പറഞ്ഞിരുന്നതു്. തിരുമേനി വളരെ അസുഖത്തിൽ കിടന്നപ്പോൾപോലും നോമ്പു ലംഘിച്ചു വർജ്ജ്യവസ്തുക്കൾ ഒന്നും കഴിച്ചില്ല. ഡോക്ടർമാർ നിർദ്ദേശിച്ചിട്ടും പാൽപോലും കഴിച്ചില്ല. 90-ാം വയസ്സിലും (1963-ൽ) ദുഃഖവെള്ളിയാഴ്ച രാവിലെ മുതൽ 4 1/2 മണിവരെ വെള്ളംപോലുംകുടിക്കാതെയാണ് ദീർഘമായ ശുശ്രൂഷകൾ നടത്തിയതു്. അത്രയ്ക്കു നിഷ്ഠയുണ്ടായിരുന്നു തിരുമേനിക്കു്.

പ. ബാവായെപ്പോലെ ശുചിത്വം പാലിച്ചിരുന്ന ഒരു മഹാൻ പരുമല തിരുമേനി മാത്രമായിരുന്നുവെന്നു കേട്ടിട്ടുണ്ടു്. പരുമല തിരുമേനിയുടെ വാൽസല്യ ശിഷ്യനായിരുന്ന ബാവാ തിരുമേനിക്കു് തന്റെ ഗുരുവിനെ വെല്ലുന്ന തരത്തിലുള്ള ശുചിത്വം ഉണ്ടായിരുന്നു. ഉപയോഗിക്കുന്ന സാധനങ്ങൾ, ധരിക്കുന്ന വസ്ത്രങ്ങൾ ദേഹം മനസ്സ എന്നിവ എപ്പോഴും വൃത്തിയുള്ളവയും ശുചിത്വമുള്ളവയും ആയിരിക്കും. പള്ളിയിൽ ഉപയോഗിക്കുന്ന വടി, സ്ലീബാ, ധൂപക്കുറ്റി മുതലായ ഉപകരണങ്ങൾ പോലും മാസത്തിൽ ഒരിക്കലെങ്കിലും സോപ്പിട്ടു കഴുകാതെ ഇരുന്നിട്ടില്ലെന്നുള്ളതും സ്മരണീയമാണു്. മറ്റേതെങ്കിലും സ്ഥലത്തു ചെന്നാൽ പോലും അവിടം വൃത്തികേടായി കിടക്കുന്നതു കണ്ടാൽ ഉടമസ്ഥരെ വിളിച്ചു ശാസിക്കുന്നതു കണ്ടിട്ടുണ്ടു്. തിരുമേനി ഭക്ഷണം കഴിക്കുന്നതു പോലും കണ്ടാൽ അതിനും പ്രത്യേകതയുണ്ടു്. ഭക്ഷണം കഴിയ്ക്കുമ്പോൾ അവയുടെ ഒരു ചെറിയ കഷണംപോലും മേശമേൽ വീഴാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഭക്ഷണം കഴിഞ്ഞതിനുശേഷം സോപ്പും വെള്ളവും ഉപയോഗിച്ചു കയ്യും മുഖവും നല്ലതുപോലെ കഴുകുകയും, നല്ല വെള്ളത്തുണിതൂവാലകൊണ്ടു വൃത്തിയായി തുടയ്ക്കുകയും ചെയ്യും. തിരുമനസ്സിലെ മനസ്സും പരിശുദ്ധമായിരുന്നു. ക്രമമായി കുമ്പസ്സാരം നടത്തുക എന്നതു് തിരുമേനി നിർബ്ബന്ധമായി പാലിച്ചിരുന്നു. കുമ്പസ്സാരപിതാവായി ഒരാൾ തന്നെ ആയിരിക്കണം എന്ന തത്വവും പാലിച്ചിരുന്നു. സഭയുടെ മഹാപുരോഹിതനായിരുന്നെങ്കിലും ഒരു പുരോഹിതന്റെ അടുത്തു് കുമ്പസ്സാരം നടത്തുന്നതിൽ ഒട്ടും മടികാണിച്ചിരുന്നില്ല. കുറഞ്ഞതു് മാസത്തിൽ ഒരിക്കലെങ്കിലും തിരുമേനി കുമ്പസാരിക്കുമായിരുന്നു.

തിരുമേനി ചുറ്റുപാടുമുള്ള മറ്റുള്ളവരും അവരുടെ എല്ലാ കാര്യങ്ങളിലും വൃത്തിയായിരിക്കണമെന്നു നിർബ്ബന്ധമുണ്ടായിരുന്നു. അസൂയ അല്പംപോലും തിരുമേനിയിൽ ഉണ്ടായിരുന്നില്ല. മറ്റുള്ളവരുടെ നന്മയിൽ എപ്പോഴും സന്തുഷ്ടനായിരുന്നു.

ആരെങ്കിലും ഏഷണി പറയുന്നതിനോ ദുഷിക്കുന്നതിനോ ഇടയായാൽ അപ്പോൾത്തന്നെ അവരെ വിളിച്ചു ശാസിക്കുകയും ഗുണദോഷിക്കുകയും ചെയ്യും. ആ കാര്യം പിന്നീടു ഒരു മാത്രപോലും തിരുമേനിയുടെ മനസ്സിൽ വയ്ക്കുകയില്ല. എത്ര വഴക്കു പറഞ്ഞാലും ശാസിച്ചാലും തിരുമേനിയോടു ആർക്കും ഒരു ഭക്തികുറവും വഴക്കും ഉണ്ടായിരിക്കയില്ല. തിരുമേനി നിർമ്മല ഹൃദയനാണെന്നുള്ളതു അപരിചിതർക്കുപോലും മനസ്സിലാകുവാൻ പ്രയാസമുണ്ടായിരുന്നില്ല.

## സന്ദർശനം

എന്തെങ്കിലും കാര്യങ്ങൾക്കു ആരെങ്കിലും വന്നാൽ തിരുമേനിയെ സമീപിപ്പാൻ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. അരമനയോടുള്ള തിരുമനസ്സിലെ സമീപനം എല്ലാവർക്കും മാതൃകയാണു്. അസമയത്തുപോലും വരുന്ന ആളുകൾക്കു് എന്തെങ്കിലും കൊടുത്തുവോ എന്നും അവർ വിശന്നാണോ വരുന്നതെന്നും തിരുമേനി അന്വേഷിക്കുമായിരുന്നു. പ്രാർത്ഥനയുടെയും കർമ്മാനുഷ്ഠാനങ്ങളുടെയും സമയമൊഴിച്ചുള്ള എല്ലാ അവസരങ്ങളിലും തിരുമേനിയെ സമീപിക്കുന്നതിനു ആർക്കും സ്വാതന്ത്ര്യമുണ്ടായിരുന്നു. പാതിരാത്രിക്കുപോലും ദൂരസ്ഥലങ്ങളിൽനിന്നു് ആളുകൾ വന്നു കാര്യങ്ങൾ സാധിച്ചുപോകുന്നതു ഞാൻ കണ്ടിട്ടുള്ളതാണു്.

ഒരു ദിവസം വളരെ ദൂരെനിന്നു മാന്യനായ ഒരാൾ സെമിനാരിയിൽ വന്നു. ആ സമയത്തു തിരുമേനി പാതിരാത്രിയുടെ നമസ്കാരം നടത്തിക്കൊണ്ടിരിക്കയായിരുന്നു. നമസ്കാരം കഴിഞ്ഞു തിരുമേനി എഴുന്നേറ്റപ്പോൾ അദ്ദേഹം തിരുമേനിയുടെ മുറിയിൽ കയറി അദ്ദേഹം വന്ന കാര്യത്തെക്കുറിച്ചു തിരുമേനിയുമായി സംസാരിച്ചു. പാതിരാത്രിയിൽ ആരാണു തിരുമേനിയുമായി സംസാരിക്കുന്നതെന്നറിവാൻ അടുത്ത മുറിയിൽനിന്നു ഞാൻ അങ്ങോട്ടു ചെന്നു. എന്നെ കണ്ട ഉടനെ ഇദ്ദേഹം ഭക്ഷണം കഴിച്ചിട്ടില്ല, ഉടനെ എന്തെങ്കിലും കൊടുക്കണമെന്നു കല്പിച്ചു. ഞാൻ വിഷമിച്ചു. വേലക്കാർ എല്ലാവരും കിടന്നു നല്ല

ഉറക്കമാണു. കർക്കടകമാസം കാലം. തുള്ളി തോരാത്ത മഴയും. ഒടുവിൽ ഞാൻ തന്നെ പാതിരാത്രി സമയത്തുചെന്നു വേലക്കാരെ വിളിച്ചുണർത്തി കാപ്പിയും പുട്ടും ഉണ്ടാക്കിച്ചുകൊടുത്തു് അദ്ദേഹത്തെ തൃപ്തനാക്കി പറഞ്ഞയച്ചു. ആരെങ്കിലും വന്നാൽ അവർക്കു ഭക്ഷണം എന്തെങ്കിലും കൊടുക്കണമെന്നുള്ള തിരുമേനിക്കു നിർബ്ബന്ധമുണ്ടായിരുന്നു. സെമിനാരിയിലായാലും പള്ളികളിലായാലും എന്തെങ്കിലും ഉണ്ടോ എന്നു തിരുമേനി അന്വേഷിക്കയില്ല. അതൊക്കെയും ചുമതലക്കാർ കരുതിക്കൊള്ളണമെന്നുള്ളതായിരുന്നു തിരുമേനിയുടെ ഉദ്ദേശം. ഇതുമൂലം പല അവസരങ്ങളിലും വിഷമിക്കുന്നതിനു എനിക്കും ഇടയായിട്ടുണ്ടു്.

പാവപ്പെട്ടവരെ സഹായിക്കേണ്ടതു തിരുമേനിയുടെ ചുമതലയാണെന്നു തിരുമേനി വിശ്വസിച്ചിരുന്നു. തിരുമേനി വളരെക്കാലം താമസിച്ചിരുന്ന പഴയസെമിനാരിയുടെ ചുറ്റുപാടുമുള്ള നിർദ്ധനരായ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ തിരുമേനി അതീവ ശ്രദ്ധാലുവായിരുന്നു. പല കുട്ടികളെയും സ്കൂളിലും കോളജിലും അയച്ചു തിരുമേനി പഠിപ്പിച്ചു. ആ കുട്ടികളിൽ മിക്കപേരും ഇപ്പോൾ നാട്ടിലും വിദേശത്തും ഓരോ ജോലിയിൽ ഏർപ്പെട്ടു അവരുടെ കുടുംബം പുലർത്തിക്കൊണ്ടിരിക്കുന്നതു എനിക്കു നേരിട്ടു അറിയാവുന്ന പരമാർത്ഥമാണു്.

## അഗ്നി പരീക്ഷകൾ

തിരുമേനി ജീവിതത്തിൽ വളരെയധികം അഗ്നി പരീക്ഷകളിൽക്കൂടി കടന്നു പോയിട്ടുണ്ടു്. പരീക്ഷണങ്ങൾക്കു പരിഹാരമായി തിരുമേനി കണ്ടിരുന്നതു് തന്റെ ഗുരുവായ പ. പരുമല തിരുമേനിയുടെ കബറിടമായിരുന്നു. പല വിഷമപ്രശ്നങ്ങൾക്കും തിരുമേനി പരുമല എത്തി പരിഹാരമാർഗ്ഗം കണ്ടെത്തി സന്തോഷവാനായി തിരിച്ചുവന്നു് സഭാംഗങ്ങൾക്കു് സധൈര്യം നേതൃത്വം നൽകിയ രംഗങ്ങൾ വിരളമല്ല. പരുമല നിന്നു തിരിച്ചു വരുമ്പോൾ തിരുമേനി പ്രസന്നവദനനും ഉൽസാഹഭരിതനുമായിട്ടാണു കാണപ്പെട്ടിട്ടുള്ളതു്. എല്ലാവിധ പ്രയാസങ്ങളും നീങ്ങിയതായും അനുഭവപ്പെടും. പരാജയത്തിൽ കലാശിക്കുമെന്നു വിചാരിച്ചിരുന്ന പല സംഗതികളും ഇതുമൂലം വിജയത്തിൽ പര്യവസാനിച്ചതായി കാണാം.

വട്ടിപ്പണക്കേസു്, ഹൈക്കോടതിയിൽ തോറ്റു സെമിനാരിയും സ്വത്തുക്കളും വിധി നടത്തി എടുക്കുന്നതിനു എതിർ കക്ഷികൾ തീവ്ര ശ്രമം ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ തിരുമേനി കല്ക്കട്ടായിൽ ആയിരുന്നു. കേസു് തോററുപോയെന്നും തിരുമേനി ഉടനെ തിരിച്ചുവരണമെന്നും കാണിച്ചു ഞങ്ങൾ കമ്പി അടിച്ചു. നിങ്ങൾ ഭയപ്പെടാതെ ധൈര്യമായിരിപ്പിൻ, ഇതു തോൽവിയല്ല സത്യം വിജയിക്കുമെന്നുള്ളതായിരുന്നു തിരുമേനിയുടെ മറുപടി. തിരുമേനി ഉടനെ നാട്ടിലേയ്ക്കു പുറപ്പെട്ടു. തിരുമേനിയുടെ ആഗമനവാർത്ത ജനങ്ങൾ അറിഞ്ഞു. തിരുമേനിയെ എതിരേററു പഴയസെമിനാരിയിലേയ്ക്കു കൊണ്ടുവരുന്നതിനു നിശ്ചയിച്ചു. അടൂർ മുതൽ കോട്ടയം എം. ഡി. സെമിനാരിവരെയുള്ള തിരുമനസ്സിലെ ജൈത്രയാത്ര അന്നു കണ്ടിട്ടുള്ളവർ പലരും ഇന്നുമുണ്ടു്. പരാജിതന്റെ ഈ ജൈത്രയാത്രപോലെയുള്ള ഒരു ഘോഷയാത്ര അതിനു മുൻപും അതിനു ശേഷവും കോട്ടയം പട്ടണം ദർശിച്ചിട്ടില്ല. ജനതതിക്കു തിരുമേനിയിലുണ്ടായിരുന്ന വിശ്വാസവും ഭക്തിയും എത്രമാത്രമായിരുന്നുവെന്നുള്ള ഒരു സാക്ഷ്യമായിരുന്നു ഈ സ്വീകരണം.

## ഗുരുഭക്തി

വട്ടശ്ശേരിൽ തിരുമേനിയും മട്ടയ്ക്കൽ അച്ചനും ബാവാതിരുമേനിയുടെ മൽപാന്മാർ ആയിരുന്നു. ബാവാതിരുമേനി മെത്രാനായി കുണ്ടറ സെമിനാരിയിൽ താമസിക്കുമ്പോൾ പലപ്പോഴും പഴയസെമിനാരിയിൽ എത്തി മൽപാന്മാരെ കാണും. എത്രയും വിനീതമായും താഴ്മയായുമാണു തിരുമേനി അവരുടെ അടുക്കൽ വർത്തിച്ചിരുന്നതെന്നു കാണുവാൻ എനിക്കു പല അവസരങ്ങളും ലഭിച്ചിട്ടുണ്ടു്. സിംഹതുല്യനായ തിരുമേനി അവരുടെ അടുക്കൽ വെറും കുഞ്ഞാടുതന്നെ ആയിരുന്നു. നിന്നുകൊണ്ടല്ലാതെ അവരുടെ അടുക്കൽ ഇരുന്നുകൊണ്ടു തിരുമേനി സംസാരിച്ചിട്ടുള്ളതായി ഞാൻ കണ്ടിട്ടില്ല. അവരോടുണ്ടായിരുന്ന തിരുമനസ്സിലെ ഭയവും ഭക്തിയും ഇന്നത്തെ ഗുരുശിഷ്യന്മാർക്കു മാതൃക ആയിരിക്കേണ്ടതാണു്. ചുവന്ന കുപ്പായവും പുറംകുപ്പായവും ധരിക്കാതെ തിരുമേനി പള്ളിയിൽ പോകുന്ന പതിവില്ല. അതുപോലെതന്നെ ചുവന്ന കുപ്പായവും പുറംകുപ്പായവും ധരിക്കാതെയൊ, കറുത്ത കുപ്പായം ഇട്ട ഒന്നോ രണ്ടോ ശെമ്മാശന്മാരും കുറഞ്ഞതു ഒരു വേലക്കാരനും കൂടാതെയോ തിരുമേനി ഒരിടത്തും യാത്ര ചെയ്തിട്ടില്ല. എല്ലാ ദിവസവും വൈകിട്ടു വേദപുസ്തകത്തിൽനിന്നും—പഴയനിയമത്തിലെയും പുതിയനിയമത്തിലെയും സങ്കീർത്തനത്തിലെയും—ഓരോ

അദ്ധ്യായം വായിപ്പിച്ച് ധ്യാനിക്കുന്ന പതിവും തിരുമേനിക്കുണ്ടായിരുന്നു. കൗമ്മാ പ്രാർത്ഥന സമയത്തെ കുമ്പിടീലും അൻപതു നോമ്പിലെ 40 കുമ്പിടീലും തിരുമേനി പാലിച്ചിരുന്നു. ശെമ്മാശ്ശന്മാരും അച്ചന്മാരും കുമ്പിടാതെ കാണപ്പെട്ടാൽ അവരെ ശാസിക്കുമായിരുന്നു.

കൂടെയുള്ളവർക്കൊ ആശ്രിതർക്കോ എന്തെങ്കിലും അസുഖമാണെന്നറിഞ്ഞാൽ തിരുമേനി അവരെപ്പററി അന്വേഷിക്കയും എപ്പോഴും അവരുടെ അടുക്കൽ പോയി വിവരങ്ങൾ അന്വേഷിക്കയും ചെയ്തിരുന്നു. അവർക്കുവേണ്ടി എന്തും ചെയ്യുന്നതിനും ചികിൽസിപ്പിക്കുന്നതിനും തിരുമേനി ഉൽസാഹപൂർവ്വം പ്രവർത്തിക്കുമായിരുന്നു. ഇങ്ങനെ ആശ്രിത വാൽസല്യത്തിന്റെയും കരുണയുടെയും സ്നേഹത്തിന്റെയും ഒരു മൂർത്തീഭാവമായിരുന്ന ബാവാ തിരുമേനി.

## വിശ്വസ്തൻ

വളരെയധികം ആജ്ഞാ ശക്തിയുണ്ടായിരുന്ന തിരുമേനി കൊടുക്കുന്നതും തിരുമേനിക്കു ലഭിക്കുന്നതുമായ ചെറുതും വലുതുമായ എല്ലാ സംഖ്യകളും അപ്പഴപ്പോൾ കണക്കെഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ നിർബ്ബന്ധമായിരുന്നു. ദിവസവും ഡയറിക്കുറിപ്പു എഴുതുന്നതിലും തിരുമേനി നിഷ്ഠ പാലിച്ചിരുന്നു. തിരുമനസ്സിലേയ്ക്കു സംഭാവനയായും മററു വിധത്തിലും കിട്ടിയിരുന്ന സംഖ്യകൾ സഭാ തലവനെന്ന നിലയിൽ ലഭിക്കുന്നതാണെന്നും അതൊരു ട്രസ്ററാണെന്നും സഭയുടെ ആവശ്യങ്ങൾക്കല്ലാതെ സ്നേഹിതർക്കോ ബന്ധുക്കൾക്കോ വീട്ടുകാർക്കോ കൊടുത്തു അവരെ സഹായിക്കുന്നതു ട്രസ്ററു ലംഘനവും ദൈവതിരുമുമ്പാകെ ശിക്ഷാർഹവുമാണെന്നും ആവക മുതലുകൾ കൊടുത്തു സഹായിക്കുന്നതു അവരെ അധഃപതിപ്പിക്കയേ ഉള്ളുവെന്നു മാണു പലപ്പോഴും ഞങ്ങളോടു പറഞ്ഞിട്ടുള്ളതു്.

## അഭൌമിക ശക്തി

തെരുവിന്റെ നടുക്കുണ്ടായിരുന്ന ഒരു പള്ളിയിൽ തിരുമേനി താമസിച്ച അവസരത്തിൽ ആ തെരുവിലെ ഒരു കടയ്ക്കു തീ പിടിച്ചു. നട്ടുച്ച സമയം തീ ആളിക്കത്തി തുടങ്ങി. ആളുകൾ കൂട്ട നിലവിളി തുടങ്ങി. തിരുമേനി നോക്കുമ്പോൾ തീ കത്തിജ്വലിക്കുന്നു. ഉടനെ തിരുമേനി നെഞ്ചത്തടിച്ചു എന്റെ ദൈവമേ എന്നു പറഞ്ഞുകൊണ്ടു സ്ളീബാ എടുത്തു് തീ കത്തിക്കൊണ്ടിരുന്ന സ്ഥലത്തേക്കു നോക്കി അഗ്നിയെ വിലക്കി. ഒട്ടും താമസിയാതെ അതിശയകരമാംവിധം തീ കെട്ടു

പ്രാർത്ഥനയിലുള്ള തിരുമേനിയുടെ വിശ്വാസമാണു ഇതിനു കാരണം. ഈ വിവരം തെക്കൻദേശത്തു ഇപ്പോഴും സംസാരവിഷയമാണ്. ആ ദേശങ്ങളിൽ അന്നുമുതൽ തിരുമേനിയോടുള്ള ഭക്തിയും വിശ്വാസവും ശതഗുണീഭവിച്ചു.

തിരുമേനി കാലംചെയ്യുന്നതിനു കുറച്ചു നാളുകൾക്കുമുമ്പു കോട്ടയത്തുനിന്നും സ്ഥലം മാറിപ്പോകുന്ന ഒരു ഉയർന്ന ഉദ്യോഗസ്ഥനും ഭാര്യയും തിരുമേനിയുടെ അടുക്കൽവന്നു സ്ഥലമാററക്കാര്യവും മററും സംസാരവിഷയമാക്കി. അപ്പോൾ കുട്ടികൾ എത്രയുണ്ടു് എന്നു ചോദിക്കുവാനിടയായതു് ആഗതരെ വിഷാദമൂകരാക്കി. ഈ ഭാവഭേദം മനസ്സിലാക്കിയ തിരുമനസ്സുകൊണ്ടു് എന്താ കുട്ടികളാരും ഇല്ലേ എന്നു് സ്നേഹാർദ്രതയോടെ ചോദിക്കവെ, ഇല്ല എന്നു് മനോവ്യഥയോടുകൂടെ അവർ തിരുമനസ്സുണർത്തിച്ചു. അപ്പോൾ അടുത്തുനിന്നവരിൽ അവരെ കൂടുതലായി പരിചയമുണ്ടായിരുന്ന ഒരു ശെമ്മാശ്ശൻ തിരുമേനി അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നാണു അവരുടെ ആഗ്രഹമെന്നുണർത്തിച്ചു. തിരുമനസ്സുകൊണ്ടു കുറച്ചുസമയത്തേക്കു മൗനമായി ഇരുന്നശേഷം ദൈവം കരുണചെയ്യും എന്നു അവരെ ആശീർവ്വദിച്ചു അനുഗ്രഹിച്ചു ഒരോ ആപ്പിളും കൊടുത്തു യാത്രയാക്കുകയും ചെയ്തു. അൽഭുതമെന്നു പറയട്ടെ. അടുത്തകൊല്ലം അവർക്കു ഒരു കുട്ടി ജനിച്ചു. ഏവർക്കും സന്തോഷമേകിക്കൊണ്ടു കുട്ടി വളർന്നുവരുന്നു. ഇപ്പോഴാകട്ടെ വേറൊരു കുട്ടികൂടി ഇല്ലല്ലോ എന്നുള്ള ദുഃഖം മാത്രം അവശേഷിക്കുന്നു.

തിരുമേനിയുടെ കബറിങ്കൽ വന്നു പ്രാർത്ഥിക്കുന്ന പലർക്കും പലവിധ അനുഭവങ്ങളും ആഗ്രഹസാദ്ധ്യതകളും ഉണ്ടായിക്കൊണ്ടിരിക്കുന്നതായും അറിവാൻ കഴിഞ്ഞിട്ടുണ്ടു്, ജനനം മുതലെ നടക്കാൻ കഴിയാതിരുന്ന ഒരു കൊച്ചനെ (ഏകദേശം പന്ത്രണ്ടു വയസ്സ്)കബറിങ്കൽ കൊണ്ടുവന്നു പ്രാർത്ഥിക്കയും നേർച്ചകാഴ്ചകൾ അർപ്പിക്കയും ചെയ്തതിനുശേഷം അവൻ തന്നത്താൻ ആരുടെയും സഹായം കൂടാതെ നടന്നു വീട്ടിൽപോയ ഒരു സംഭവം ഇവിടെ പലർക്കും അറിയാവുന്നതാണ്, ഇങ്ങനെ തിരുമേനിയുടെ ജീവിതകാലത്തും അതിനു ശേഷവും പലർക്കും പല അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടു്, ഇതൊക്കെയും തിരുമേനിയിൽ വിളങ്ങിയിരുന്ന ദൈവാശ്രയത്തിന്റെ അനന്തരഫലങ്ങളാണ്.

## ധന്യവാൻ

ബാവാതിരുമേനിയെപ്പോലെ വി. സഭയിൽ ഇത്രയധികം പട്ടക്കാരെയും മെത്രാന്മാരേയും അഭി

# അവിസ്മരണീയമായ ഒരു അനുഭവസാക്ഷ്യം

(ലെഫ്. കേണൽ ഡോ. എ. ജി. ഡേവിഡ്)

തൃശിനാപ്പള്ളിയിൽനിന്ന് 33 മൈൽ കിഴക്കുള്ള പുതുക്കോട്ട ജനറൽ ആശുപത്രിയിൽ പ്രധാന മെഡിക്കൽ ഓഫീസറായി ഞാനും, അതേ പട്ടണത്തിൽ റാണീസ് ആശുപത്രിയിൽ മെഡിക്കൽ ഓഫീസറായി എന്റെ ഭാര്യ ഡോ. സാറാമ്മയും സേവനം നടത്തിക്കൊണ്ടിരുന്ന കാലങ്ങളിൽ, തൃശനാപ്പള്ളി പൊന്നയ്യാ ഹൈസ്കൂളും പരിസരത്തുള്ള പള്ളിയിൽ ഞങ്ങൾ ഞായറാഴ്ചകളിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുക പതിവായിരുന്നു. 1952 സെപ്റ്റംബർ മാസത്തിൽ മോറാൻ മോർ ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാബാവാതിരുമേനി മദ്രാസിൽനിന്ന് ചികിത്സ കഴിഞ്ഞ് നാട്ടിലേക്ക് തിരികെപ്പോകുന്നവഴി തൃശനാപ്പള്ളിയിൽ കുറെ ദിവസങ്ങൾ താമസിക്കുമെന്നും ഞായറാഴ്ച പള്ളിയിൽ വി: കുർബ്ബാന അർപ്പിക്കുമെന്നും ഞങ്ങളെ മുൻകൂട്ടി മാർ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനി അറിയിച്ചിരുന്നു. അതനുസരിച്ച് തൃശനാപ്പള്ളിയിലേയ്ക്കു പുതുക്കോട്ടനിന്ന് ഞാനും ഭാര്യയും പത്തു വയസ്സുള്ള മകൾ ഹെലനും കൂടി യാത്ര തിരിച്ചു. ഞായറാഴ്ച രാവിലെ കാറിൽ ഞങ്ങൾ പുറപ്പെട്ടു. തൃശിനാപ്പള്ളിയെത്തി അവിടെയുള്ള ബസ്സാറിൽ കയറി ഒരു കൂട ഓറഞ്ചും ഒരു കൂട ആപ്പിളും വാങ്ങി കാറിൽവച്ചു യാത്ര തുടർന്നു പള്ളിയിലെത്തി. വി. കുർബ്ബാനയ്ക്കുശേഷം അങ്കണത്തിൽ എഴുന്നെള്ളിയിരുന്ന ബാവാതിരുമേനിക്ക് അവിടെ കൂടിയിരുന്ന ഓരോരുത്തരേയും മാർ ദീവന്നാസ്യോസ് തിരുമേനി പരിചയപ്പെടുത്തിക്കൊണ്ടിരുന്നു. ഞങ്ങളേയും പിന്നീട് വിളിച്ചു. ഞങ്ങൾ കൈമുത്തി, ഓറഞ്ചു കൂടയും ആപ്പിൾ കൂടയും തിരുമുൽക്കാഴ്ചയായി സമർപ്പിച്ചു.

ഒരു കൂട തുറക്കുവാൻ ബാവാതിരുമേനി കല്പിച്ചു. ഓറഞ്ചുകൂട ഞങ്ങൾ തുറന്നു. അതിൽനിന്ന് അവിടെ കൂടിയിരുന്ന എല്ലാവർക്കും തിരുമേനി ഓരോ ഓറഞ്ചു എടുത്തുകൊടുത്തു. അനന്തരം മറ്റെ കൂടയിൽ എന്താണ് എന്നു ബാവാതിരുമേനി ചോദിച്ചു. ആപ്പിൾ എന്നു ഞങ്ങൾ പറഞ്ഞു. 'എനിക്കു അതു വളരെ ഇഷ്ടമാണ്. ആ കൂട എടുത്തു മുറിയിൽ സൂക്ഷിക്കു' എന്നു തിരുമേനി ശെമ്മാശനോടു കല്പിച്ചു. ബാവാതിരുമേനി എന്റെ മകൾ ഹെലനെ വിളിച്ചു മുമ്പിൽ നിർത്തി, 'നിന്റെ പേരു എന്തു' എന്നു ചോദിച്ചു. ഹെലീനാ എന്നു കുട്ടി ഉത്തരം പറഞ്ഞു.

രണ്ടാമത്തെ ചോദ്യം:— ''നീ വലുതാകുമ്പോൾ ആരായിത്തീരണമെന്നു നീ ആഗ്രഹിക്കുന്നു,'' ഒരു പ്രിൻസിപ്പാൾ ആയിത്തീരുവാൻ ഞാനാഗ്രഹിക്കുന്നുവെന്നു മകൾ ഉത്തരം കൊടുത്തു.

ബാവാ തിരുമനി കുട്ടിയുടെ തലയിൽ കൈ വച്ചു, ആ പുണ്യവാൻ പ്രാർത്ഥിച്ചു അനുഗ്രഹിച്ചു. ഞങ്ങൾ കൈമുത്തി തിരികെ പുതുക്കോട്ടയിലേക്കു പോയി. ഹെലന്റെ ജീവിതം പുതുശക്തിയോടുകൂടി രണ്ടാം ഘട്ടത്തിലേക്കു പ്രവേശിച്ചു.

ബാവാതിരുമേനിയുടെ അനുഗ്രഹം ലഭിച്ചു, രണ്ടു മാസക്കാലം കഴിഞ്ഞു ഊട്ടിയിൽവച്ച് ഒരു അഖിലേന്ത്യാ മൽസരപരീക്ഷയിൽ, ജൂണിയർ വിഭാഗത്തിൽ ഹെലൻ ഒന്നാം റാങ്കിൽ ജയിച്ചു.

---

ഷേകം ചെയ്തിട്ടുള്ള ഒരു തിരുമേനി ഉണ്ടായിട്ടില്ല. വളരെയധികം പള്ളികൾ സ്ഥാപിക്കുകയും പള്ളിക്കൂദാശകൾ നടത്തുകയും ചെയ്തു. ഇപ്പോഴും ജീവിച്ചിരിക്കുന്നവരും 50 വയസ്സിൽ കുറവില്ലാത്തവരുമായ മിക്ക പട്ടക്കാരും തിരുമേനിയിൽനിന്ന് പട്ടമേറ്റിട്ടുള്ളവരാണ്. അതുപോലെ തിരുമേനി 9 പേർക്ക് മെത്രാൻപട്ടം കൊടുത്തു. അതിൽ നാലു മെത്രാപ്പോലീത്തന്മാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഇവർ എല്ലാവരും അവരുടെ വി: കുർബ്ബാനകളിലും പ്രാർത്ഥനകളിലും തിരുമേനിയെ ഓർക്കുകയും പ്രത്യേകം പ്രാർത്ഥിക്കയും ചെയ്യുന്നുണ്ട്. ഇതു അവർക്കു അനുഗ്രഹവും തിരുമേനിക്കു ഭാഗ്യവുമാണ്. ദൈവം വി: സഭയുടെ ആവശ്യാനുസരണം ഓരോ സന്ദർഭത്തിൽ അതിനു പറ്റിയ ആളുകളെ കണ്ടുപിടിച്ചുകൊള്ളും. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, കാലം ചെയ്ത ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ എന്നിവർ സഭയെ നയിക്കുന്നതിനു ദൈവം നിയോഗിച്ചവരാണെന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല.

—0—

# സ്പന്ദിക്കുന്ന സ്മരണകൾ

(കെ. വി. മാമ്മൻ, മനോരമ)

പ്രതിസന്ധികളെ അടിയുറച്ച ദൈവാശ്രയത്തിലധിഷ്ഠിതമായ ധീരതയോടുകൂടി നേരിടുകയും വിഷമതകളെ മന്ദസ്മിതത്തോടുകൂടി അവഗണിക്കുകയും സഭാ നൗകയെ സമാധാനത്തിന്റെ തുറമുഖത്ത് അടുപ്പിക്കുകയും ചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് കാതോലിക്കാ ബാവായോടു സഭാംഗങ്ങൾക്കുള്ള കടപ്പാടിന്റെ വില നിർണ്ണയിക്കാൻ എളുപ്പമല്ല.

സഭയിലെ പുണ്യപിതാക്കന്മാരുടെ കാലടികളിൽ നടക്കുകയും ഋഷിതുല്യമായ ജീവിതം നയിക്കുകയും വിശ്വാസാചാരങ്ങൾ അക്ഷരംപ്രതി പാലിക്കുകയും കർമ്മാനുഷ്ഠാനങ്ങൾ ആരാധകരിൽ അദ്ധ്യാത്മിക പ്രേരണ ജനിപ്പിക്കത്തക്ക വിധത്തിൽ അത്യന്തം ആകർഷകമായി അർപ്പിക്കുകയും ചെയ്തിട്ടുള്ള തിരുമേനി എല്ലാവർക്കും മാതൃകയായിട്ടാണ് അവശേഷിക്കുന്നത്. പ്രമാണവും പ്രവൃത്തിയും പൊരുത്തപ്പെടുത്തി ധന്യമായ ജീവിതം നയിച്ച ഈ സഭാസാരഥി മലങ്കര സഭയ്ക്കും കാതോലിക്കാ സിംഹാസനത്തിനും ദേശാന്തരങ്ങളിലും മാററു കൂട്ടിയശേഷമാണ, ജീവിച്ചിരിക്കുമ്പോൾ ആർക്കും കടക്കാനാവാത്ത പരദേശത്തേക്കു പറന്നു പോയതു്.

മുഖത്ത് അഭൗമിക പ്രകാശവും നാവിൽ അതുല്യമായ ആജ്ഞാ ശക്തിയും മനസ്സിൽ ഈശ്വര ചൈതന്യവും ഹൃദയത്തിൽ നൈർമ്മല്യവും നിറഞ്ഞു നിന്നിരുന്ന തിരുമേനി സഭയുടെ ഒരു ശക്തി ദുർഗ്ഗംതന്നെയായിരുന്നു. ഇന്ന് അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത സഭയ്ക്കു ഒരു കോട്ടയമാണ്.

തിരുമേനിയെപ്പററിയുള്ള എന്റെ എളിയതും ഇളയതുമായ ചില സ്മരണകളുടെ ചുരുളുകൾ നിവർത്തു നോക്കുകയെന്നതാണ് ഈ ലഘു ലേഖനത്തിന്റെ ലക്ഷ്യം.

× × × ×

കാൽ നൂററാണ്ടുകഴിഞ്ഞു. ഞാൻ പത്തനംതിട്ട കാതോലിക്കേററ് ഹൈസ്കൂളിൽ ഫോർത്തുഫോറത്തിൽ പഠിക്കുകയാണ്. ബാവാതിരുമേനി അന്നൊരുദിവസം സ്കൂൾ സന്ദർശിക്കാൻ എത്തി ഹെഡ്മാസ്ററരായിരുന്ന എൻ. ജി. കുര്യൻസാറുമൊന്നിച്ചു(പിന്നീടു് വൈദികനാകുകയും 1964–ഡിസംബർ 23–നു നിര്യാതനാകുകയും ചെയ്ത ഫാ. എൻ. ജി. കുര്യൻ) എല്ലാ ക്ലാസ്സുകളിലും കയറിയിറങ്ങി. ഞങ്ങളുടെ ക്ലാസ്സിൽ തിരുമേനി കടന്നുവന്നത് ഞാനിപ്പോഴും നല്ലവണ്ണം ഓർമ്മിക്കുന്നു. ഞങ്ങൾക്കു് ഇംഗ്ലീഷ് ക്ലാസ്സായിരുന്നു. നാഗർ കോവിൽ സ്വദേശിയായ ഒരു ബ്രാഹ്മണ യുവാവായിരുന്നു ക്ലാസ്സ് എടുത്തുകൊണ്ടിരുന്നത്. തിരുമേനി ചുവന്ന കുപ്പായവും അതിനു മുകളിൽ ഒരു സ്വർണ്ണക്കുരിശുമാലയും ആകർഷകമാം വിധം ധരിച്ചിരുന്നു. തിരുമേനി തെക്കെ വരാന്തയിൽ എത്തുന്നതിനു മുമ്പു തന്നെ കുട്ടികൾ കൈകൂപ്പി ഭക്ത്യാദരപൂർവ്വം നിശ്ശബ്ദരായി എഴുന്നേററു നിന്നുകഴിഞ്ഞു. അദ്ധ്യാപകനായ സ്വാമിയും വളരെയധികം ബഹു

---

പ്രതിവർഷം 1500 രൂപ സ്കോളർഷിപ്പും ഉണ്ടു. പബ്ളിക്ക സ്കൂളിൽ പ്രവേശനവും കരസ്ഥമാക്കി. തുടർന്നുള്ള പഠനക്ളാസ്സുകളിലെല്ലാം പ്രശസ്തമായി ജയിച്ചു. ആംഗലസാഹിത്യം ഐശ്ചികമെടുത്ത് മദ്രാസ് സർവ്വകലാശാലയിൽനിന്നു് ഒന്നാം റാങ്കിൽ ബി. ഏ. ജയിച്ചു. തുടർന്ന് അതേ കോളജിൽനിന്ന് ഡിസ്റിംഗ്ഷനോടുകൂടി എം. എ. ബിരുദം നേടിയ ഹെലൻ അടുത്ത വർഷം മാവേലിക്കര കോളജിൽ നിയമിതയായി. ബാവാതിരുമേനിയുടെ അനുഗ്രഹം സഫലമായി. ഹെലൻ മുടങ്ങാതെ ആ പുണ്യവാന്റെ മദ്ധ്യസ്ഥതയിൽ ദൈവമുമ്പാകെ പ്രാർത്ഥനയോടുകൂടി പരിശ്രമം തുടർന്നു. ഐ. എ. എസ്., ഐ. എഫ്. എസ്. എന്നീ പരീക്ഷകളിൽ ചേർന്നു രണ്ടിലും പ്രശസ്തമായി ജയിച്ചു. ഇപ്പോൾ ഒന്നാം സെക്രട്ടറിയായി ലണ്ടൻ ഹൈക്കമ്മീഷൻ ഓഫീസിൽ ജോലി ചെയ്യുന്നു.

ഈ കുട്ടിയുടെ സകല ഉയർച്ചകൾക്കും കാരണം കാലംചെയ്ത പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവാ തിരുമനസ്സിലെ കുറഞ്ഞൊരുവഴി ലഭിച്ച അനുഗ്രഹം ആകുന്നുവെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

ഡോ. ജോൺമത്തായി എന്ന ആളിന്റെ ഭാര്യാപദം അലങ്കരിക്കുന്ന ഹെലന് ഇപ്പോൾ ഒരു പുത്രനും ഒരു പുത്രിയുമുണ്ടു്.

—0—

Telegran ; KAKAVEE Telephone : 2436

# SUSAN INDUSTRY
# &
# ENGINEERING WORKS

## MANUFACTURERS OF ALL VARIETIES
## OF STEEL FURNITURE

Cabinets/Almirhas, Tables, Chairs, Racks, Cradles, Sofa-cum-beds, Settees, Cots, Hospital Beds; etc. etc. in up to date Styles.

Orders for special fittings like Mirrors, Electroplated rods for cabinets, tables and teapoys with Sun Mica deceratives, settees and sofa-cum-beds with high quality foam rexin and foam rubber, will be accepted.

Our Workshop entertains all kinds of Job Works.

Proprietors : **K. K. VARUGESE & SONS**, Post Box No. 90, Thumpoly, Alleppey, Kerala.

Sole Selling Agents,
**SUSAN AGENCIES**,
Near Iron Bridge,
Alleppey. Phone No : 2260

മാനത്തോടുകൂടി കൂപ്പുകൈയോടെയാണു പ. ബാവായെ സ്വീകരിച്ചത്. ബാവാതിരുമേനി സ്വാമിയോട് എന്തോ ചോദിച്ചു. മലയാളം ശരിക്ക് അറിഞ്ഞുകൂടാതിരുന്ന സ്വാമി ഇംഗ്ലീഷിലാണു മറുപടി നൽകിയത്. ഇംഗ്ലീഷുകാരേപ്പോലെ തന്നെ സ്വാമി ഇംഗ്ലീഷ് പറയുമായിരുന്നു. ''മതി, അധികം സായിപ്പാകാതെ'' എന്നു ബാവാ പ്രസ്താവിച്ചു ശേഷം അടുത്ത ക്ലാസ്സിലേക്കു നടന്നു. സ്വാമിക്കു ബാവാതിരുമേനി പറഞ്ഞ കാര്യം മനസ്സിലായോ എന്നു നിശ്ചയമില്ല. സ്വാമിക്കു മലയാളം അറിഞ്ഞുകൂടാ എന്ന കാര്യം ബാവാതിരുമേനിക്കും മനസ്സിലായിരിക്കാനിടയില്ല. ബാവാതിരുമേനിയെ അന്നാണു ഞാൻ ശരിക്കു കണ്ടത്.

× × × ×

സമുദായക്കേസ് അന്നു നടന്നുകൊണ്ടിരുന്നതിനാൽ അതു സംബന്ധിച്ച വാർത്തകൾ പൗരപ്രഭയിലും, പൗരധ്വനിയിലും വായിക്കുക പതിവായിരുന്നു. പ. ബാവായുടെ പ്രസംഗങ്ങളും ബ്ലോക്കുകളും പത്രസ്ഥലം അപഹരിച്ചുകൊണ്ടിരുന്നതും ഓർക്കുന്നു.

× × × ×

പിന്നീട് ബാവാതിരുമേനിയെ ഞാൻ ശരിക്കു കണ്ടതു പുത്തൻകാവിൽ വച്ചാണ്. സമുദായക്കേസ് തിരുകൊച്ചി ഹൈക്കോടതിയിൽ ബാവാതിരുമേനിക്കു ജയമായി വിധിച്ചതിനെ തുടർന്നു അടൂർ നിന്നു കോട്ടയംവരെ നടത്തപ്പെട്ട സ്വീകരണ ഘോഷയാത്ര കാണുന്നതിനാണു ഞാൻ പുത്തൻകാവു തെരുവിൽ വന്നതു. കേസുവിധി കേട്ടപ്പോൾ കർക്കട്ടായിൽവച്ചു ബാവാതിരുമേനി പ്രസ്താവിച്ച ''ഇതു അന്ത്യ വിധിയല്ല, സത്യം ജയിക്കും'' എന്ന വാക്കുകൾ വലിയക്ഷരത്തിൽ മലയാള മനോരമയിൽ വന്നതും മറ്റും ഇന്നത്തേപ്പോലെ ഓർക്കുന്നുണ്ട്. തിരുമേനിയുടെ വാക്കുകൾ അനുയായികൾക്കും അനുയായികളുടെ അതുല്യമായ സ്വീകരണം തിരുമേനിക്കും ഒരുപോലെ ആത്മവിശ്വാസം പകർന്നു എന്നതാണു സത്യം.

× × × ×

കേസുവിധിയെ തുടർന്നു കുറുപ്പുംപടിയിൽ നടത്തപ്പെട്ട സ്വീകരണ സമ്മേളനത്തിൽ, സി. എം. എസ്. കോളേജിൽ പഠിച്ചിരുന്ന ഞങ്ങളും പ്രത്യേക ബസ്സു മാർഗ്ഗം പങ്കെടുത്തതും പെരുമ്പാവൂർ മുതൽ കുറുപ്പുംപടി വരെ നടന്ന പ്രതിഷേധ പ്രകടനങ്ങളും പോലീസു കാവലും മറ്റും ഓർമ്മയിൽ പച്ചപിടിച്ചു നില്ക്കുകയാണ്.

അന്നു ബാവാതിരുമേനിക്കു പിന്തുണ നൽകിക്കൊണ്ടു കെ. സി. മാമ്മൻമാപ്പിള വി. കെ. മാത്യൂസ് റമ്പാൻ (ഇപ്പോഴത്തെ നിയുക്ത കാതോലിക്കോസ്) സി. ഐ. തൈനാൻ: സി. എം. സ്റ്റീഫൻ, റ്റി. എസ്. എബ്രഹാം കോർ എപ്പിസ്കോപ്പാ മുതലായവർ ചെയ്ത ഉശിരൻ പ്രസംഗങ്ങളുടെ മാറ്റൊലികൾ ഇന്നും ശ്രോതാക്കളുടെ മാനസ്സസരസ്സുകളിൽ കല്ലോലങ്ങൾ സൃഷ്ടിക്കുന്നുണ്ടാവും. ചിലർ സഭയെ നശിപ്പിക്കാൻ ചെയ്യുന്ന ശ്രമങ്ങളെ പ. ബാവാതിരുമേനി സങ്കടപൂർവ്വം വിവരിച്ചു.

വർഷങ്ങൾ കടന്നുപോയി. 1953-ൽ മലയാളമനോരമ സ്റ്റാഫിൽ ചേർന്നതിനു ശേഷം പലപ്രാവശ്യം പ. ബാവാതിരുമേനിയെ സന്ദർശിക്കുന്നതിനും തിരുമേനി പങ്കെടുത്തിട്ടുള്ള സമ്മേളനങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനും എനിക്കു അവസരം ലഭിച്ചിട്ടുണ്ട്.

കോട്ടയത്തെ മാമ്മൻമാപ്പിളഹാളിന്റെ ശിലാസ്ഥാപനം നടന്ന ദിവസം കേന്ദ്രമന്ത്രിയായിരുന്ന ടി. ടി. കൃഷ്ണമാചാരിയായിരുന്നു ശിലാസ്ഥാപനം നിർവഹിച്ചത്. ശിലാസ്ഥാപനയോഗത്തിൽ വായിക്കുന്നതിനുള്ള പ. കാതോലിക്കാബാവായുടെ സന്ദേശം വാങ്ങുന്നതിനുള്ള ചുമതല മനോരമയുടെ അന്നത്തെ മാനേജരായിരുന്ന ശ്രീ. എൻ. എം. എബ്രഹാം എന്നെ ഏൽപ്പിച്ചു. ഞാൻ കാതോലിക്കേറ്റ് അരമനയിൽ എത്തി. മനോരമയിൽനിന്നു ഞാൻ ചെന്ന വിവരവും സന്ദേശക്കാര്യവും ശ്രീ. റ്റി. വി. ജോർജ്ജ് നെടുമാവ് (പരേതനായ ഫാ. റ്റി. വി. ജോർജ്ജ്) ബാവാതിരുമേനിയെ അറിയിച്ചു. ഈ അവസരത്തിൽ അവിടെ എത്തിയ ബാവാതിരുമേനിയുടെ അന്നത്തെ അസിസ്റ്റന്റ് ട്രസ്റ്റിയായിരുന്ന തുമ്പമൺ ഭദ്രാസനത്തിന്റെ ദാനിയേൽ മാർ ഫീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനി സന്ദേശത്തിന് അംഗീകാരം വാങ്ങി ഏല്പിച്ചു തന്നു.

മലയാളമനോരമയ്ക്കുവേണ്ടി ഞാൻ ബാവാതിരുമേനിയെ അവസാനമായി സന്ദർശിച്ചതു തിരുമേനിയുടെ 90-ാം ജന്മദിനത്തോടനുബന്ധിച്ചാണ്. തിരുമേനിയുടെ ഏതാനും ഫോട്ടോകൾ എടുക്കുന്നതിനു മനോരമ സ്റ്റാഫ് ഫോട്ടോഗ്രാഫർ എം. കെ. ജോണും അരമനയിൽ

# ഏതോ ഒരവാച്യമായ ആകർഷണശക്തി

(ഫാ. എം. വി. ജോർജ്ജ്)

എന്റെ ബാല്യപ്രായം മുതൽ എനിക്കു പ. ബാവാതിരുമേനിയെ അറിയാമായിരുന്നു. എന്നും ഒരേ പ്രായാധിക്യമുള്ള ആ നരച്ച വെള്ളിനൂലുപോലുള്ള താടിമീശയും രൂപഭംഗിയും എന്നെ ഹഠാദാകർഷിച്ചിരുന്നു. മാവേലിക്കരെക്കൂടി ഒരു വലിയ വരവേല്പു അദ്ദേഹത്തിനു നൽകിയപ്പോൾ കണ്ട രൂപമാണ് എനിക്കു ആദ്യം ഓർമ്മ വരുന്നത്. അന്ന് ഞാൻ ഒരു ബാലനായിരുന്നു മാത്രമല്ലാതെ വർഷം ഓർമ്മയില്ല. 1948 ആഗസ്റ്റു 7–ാം തീയതി വൈകിട്ട് പഴയസെമിനാരിയുടെ മേടയിൽ വച്ച് എനിക്കു കുപ്പായം വാഴ്ത്തിത്തന്ന് ഗുണദോഷിച്ച് അനുഗ്രഹിച്ചതും, പിറ്റെദിവസം ഇപ്പോഴത്തെ പ. ബാവാതിരുമേനി എനിക്കു കോറൂയോ പട്ടം തന്നപ്പോൾ മുകളിൽ മാളികയിൽ ഇരുന്ന് ആ ശുശ്രൂഷയിൽ സംബന്ധിച്ചതും മുതലുള്ള കഴിഞ്ഞ 25 വർഷത്തിനുള്ളിൽ എത്ര നൂറു പ്രാവശ്യം പ. ബാവായും ഞാനും കൂടി സംസാരിച്ചുകാണും! ഞാൻ അമേരിക്കയിലേക്കു പോയതിനു മൂന്നു ദിവസം മുമ്പു മാത്രം പട്ടം ഏററു പോകുവാനുള്ള പ്രത്യേക കാരണം, എന്റെ പത്തിച്ചിറ ഇടവകവികാരിയായിരുന്ന മാമ്മൂട്ടിൽ അലക്സാണ്ടർ അച്ചനും ശ്രീ. ജോർജ്ജു വള്ളക്കാലിലും കൂടെ പ. ബാവാതിരുമേനിയെ കണ്ട് എന്നെ പട്ടം തന്നു വിടണമെന്ന് അപേക്ഷിച്ചതായിരുന്നു. ഞാൻ ജബൽപ്പൂരിൽവച്ചു ബി. ഡി. പാസ്സായി നിൽക്കുന്ന കാലം. ഞാൻ ഒരു നടപടിയും അതിനായി എടുക്കാതെ എന്നെ വികാരി വിളിച്ച് പട്ടമേല്ക്കേണ്ട തീയതി അറിയിച്ചപ്പോൾ അതു ദൈവവിളിയായി ഞാൻ സ്വീകരിക്കുകയാണുണ്ടായത്. അനന്തരം എന്നെ പൂർണ്ണ ശെമ്മാശ്ശനാക്കിയതും കശ്ശീശ്ശാ ആക്കിയതും ദേവലോകം അരമനച്ചാപ്പലിൽ വച്ച് പ. ബാവാതിരുമേനിതന്നെ ആയിരുന്നു. ഈ ചെറു ലേഖനത്തിൽ ചില സ്മരണകൾ മാത്രം കുറിക്കട്ടെ.

(1) 1951–ൽ ഞാൻ അമേരിക്കയിൽ നിന്നു തിരികെ വന്ന ശേഷം ആദ്യം ചെയ്ത കൃത്യം പരുമല സെമിനാരിയിൽ പോയി പ. ബാവായെ കണ്ട് അനുഗ്രഹം പ്രാപിക്കുകയായിരുന്നു. അന്ന് 'നമ്മുടെ സഭ ഇങ്ങനെ കിടന്നാൽ പോരാ' എന്നുള്ള എന്റെ ആവേശം ഒരു നീണ്ട പ്രസംഗംവഴി ഞാൻ തിരുമനസ്സറിയിച്ചപ്പോൾ എനിക്കു തന്ന മറുപടി ഇപ്പോഴും ഞാൻ ഓർക്കുന്നു. 'നാം ഇവിടെ ഒരു സഭയായി നിലനില്ക്കാൻ തുടങ്ങിയിട്ട് എത്ര വർഷമായി?... നാം മുടിഞ്ഞു, മുടിഞ്ഞു എന്ന് എല്ലാവരും പറഞ്ഞിട്ടും, ഇപ്പോഴും നാം ഇവിടെ ഉണ്ടോ'. പ. ബാവാ ഒരു വിശ്വാസധീരനായിരുന്നതിനാൽ നിരാശ ഒരിക്കലും അദ്ദേഹത്തിന്റെ സ്വഭാവത്തിലില്ലായിരുന്നു. വട്ടിപ്പണക്കേസ്

---

എത്തി. ഞങ്ങൾ ചെന്ന വിവരം മാനേജരച്ചനും റവ. ജി. സഖറിയാ ശെമ്മാശ്ശനും ബാവാതിരുമേനിയെ അറിയിച്ചു.

ഫോട്ടോ എടുക്കുന്നതും അതു പ്രസിദ്ധീകരിച്ചു കാണുന്നതും യാത്രചെയ്യുന്നതും തിരുമേനിക്കു വളരെ ഇഷ്ടമുള്ള കാര്യങ്ങളായിരുന്നു. ഫോട്ടോയുടെ കാര്യം പറഞ്ഞ ഉടനെ തിരുമേനി നല്ല കുപ്പായം ധരിച്ചു. വടിയും മുടിയും സ്ലീബായും ഉടൻ എടുക്കാൻ നിർദ്ദേശം നൽകപ്പെട്ടു. പെട്ടെന്ന് ഒരുങ്ങിയ തിരുമേനി അരമനയുടെ വരാന്തയിൽ ഇറങ്ങി നിൽക്കണമെന്ന ഫോട്ടോഗ്രാഫറുടെ അഭ്യർത്ഥന ഒരു കൊച്ചു കുട്ടിയെപ്പോലെ അനുസരിച്ചു. ശ്രീ. ജോണിന്റെ ക്യാമറ പല തവണ പ്രകാശം പരത്തി. ഫിലിം മിക്കവാറും തീർന്നിട്ടും ഫോട്ടോഎടുപ്പു കഴിഞ്ഞില്ലെന്ന മട്ടിൽ തിരുമേനി നിൽക്കുകയാണ്. ഈ തക്കം നോക്കി ഞാൻ തിരുമേനിയുടെ സമീപത്തേക്കു നീങ്ങിനിന്ന് ഒരു പടം എടുപ്പിച്ചു. തിരുമേനിക്ക് ഇതെല്ലാം വളരെ ഇഷ്ടമായി. ''മതിയോ'' എന്നു തിരുമേനി ചോദിച്ചുകൊണ്ടു ചിരിച്ചു. ഒടുവിൽ ഫോട്ടോഗ്രാഫറോട് 'നീ എടുത്തതിന്റെയെല്ലാം ഓരോ കോപ്പി നമുക്കു തരണം' 'എല്ലാം തന്നുകൊള്ളാം, എന്നു ജോൺ വിനീതമായി മറുപടി നൽകി.

ഞങ്ങൾ സന്തുഷ്ടരായി തിരിച്ചുപോന്നു. അന്നെടുത്ത പൂർണ്ണകായ ചിത്രങ്ങളിൽ ഒന്നാണ് തിരുമേനി കാലം ചെയ്തതിന്റെ പിറേറദിവസം മലയാളമനോരമയിൽ പ്രസിദ്ധപ്പെടുത്തിയ തിരുമേനിയുടെ 'തൊണ്ണൂറു വർഷത്തെ സംഭവബഹുലമായ ജീവിതം' ഉൾക്കൊണ്ടതു്.

തോററപ്പോൾ 'സകലവും നന്മയ്ക്ക്' എന്ന് കൽക്കട്ടായിൽവച്ച് പറഞ്ഞതും ആ വിശ്വാസത്താലാണ്.

2) ഞാൻ ശെമ്മാശനായിരുന്ന കാലത്ത് വെല്ലൂർആശുപത്രിയിൽ ഓപ്പറേഷനുവേണ്ടി പോകുവാൻ തുടങ്ങിയപ്പോൾ യാത്ര ചോദിക്കുവാൻ ദേവലോകത്തുചെന്നു. എന്നെ പ്രാർത്ഥിച്ചുവിട്ടതു കൂടാതെ അൻപതു രൂപയും തന്നാണ് യാത്ര അയച്ചത്. ആ തുകയെ തന്ന സംഭാവനയുടെ പിറകെ വന്ന പല സംഭാവനകളാൽ ഞാൻ വെല്ലൂരിൽനിന്നും മടങ്ങുമ്പോൾ ചെലവിൽ അധികം വരവു കാണുകയും, ആ മിച്ചം ബ. സി. ഇ. ജോർജ്ജ് അച്ചനെ ഏല്പിച്ചത് അവിടെയും വളർന്ന് പല രോഗികൾക്കു സഹായകമാകുകയും, ബ. അച്ചന്റെ മരണപത്രികപ്രകാരം 1048 രൂപാ അദ്ദേഹത്തിന്റെ പിതാവ് ആദ്യം എന്നെ ഏല്പിച്ചത് പിന്നീട് ഫാദർ സി. ഇ. ജോർജ്ജ് മെമ്മോറിയൽ സ്കോളർഷിപ്പ് ലോൺ ഫണ്ടായി ഇപ്പോഴും തുടരുകയും ചെയ്യുന്നു. ആ സ്നേഹസംഭാവന തുടർന്നും ലോകത്തിനു ഗുണംചെയ്യട്ടെ.

(3) ഒരിക്കൽ കണ്ടറ സെമിനാറിയിൽ വച്ച് ഞാൻ പ. ബാവാതിരുമേനിയെ കണ്ടു. അന്നു ഞാൻ ധരിച്ചിരുന്നത് ഒരു കാസ്സക്ക് ആയിരുന്നു. അതു പാശ്ചാത്യ വേഷമാണെന്നും അതു കൊണ്ടു തീയിടണമെന്നും എന്നെ ശാസിച്ചു. ഞാൻ ആ കാസക്ക് തീയിട്ടില്ലെങ്കിലും അതു കീറിയശേഷം പിന്നെ വേറെ കാസ്സയ്ക്ക് തൈച്ചിട്ടില്ല. കമ്മീസ് എന്റെ യാത്രയ്ക്കു കൂടുതൽ സൗകര്യമായി തോന്നുന്നു.

(4) ''<u>ഞങ്ങൾ വിശ്വസിക്കുന്നു</u>'' എന്ന എന്റെ പുസ്തകത്തിന്റെ ഒരു പ്രതിയുമായി ഞാൻ ആദ്യം ദേവലോകത്ത് എത്തി. പ. ബാവാതിരുമേനിക്ക് അതു ഭക്തിപുരസ്സരം സമർപ്പിച്ചിട്ടു ഞാൻ മടങ്ങി. അടുത്ത പ്രാവശ്യം ചെന്നപ്പോൾ അതിലെ ഒരു തെററു ഭാഗം ആ വന്ദ്യ പിതാവ് എനിക്കു ബോദ്ധ്യപ്പെടുത്തി. പൊതു പൗരോഹിത്യത്തെക്കുറിച്ചു പറയുന്നിടത്ത് 'സ്ഥാനി' എന്ന വാക്ക് ഉപയോഗിക്കരുത് എന്നതായിരുന്നു പ. ബാവായുടെ നിർദ്ദേശം, ഞാൻ അത് അടുത്ത പതിപ്പിൽ തിരുത്തുകയും ചെയ്തിട്ടുണ്ട്. ദൈവശാസ്ത്രപരമായ വിഷയങ്ങൾ ഞങ്ങൾ പരസ്പരം ചർച്ച ചെയ്യാൻ കിട്ടിയ അവസരം ഒന്നും ഞാൻ പാഴാക്കിയിട്ടില്ല. പ. പിതാവിനും അതിൽ വലിയ താല്പര്യമായിരുന്നു. ദൈവമാതാവിന്റെ അമലോത്ഭവത്തിന്നെതിരായി. ''കൃപനിറഞ്ഞവളെ നി[illegible] സമാധാനം'' എന്ന ഏകവാക്യം മതിയെന്ന് തിരുമേനി വിശ്വസിച്ചിരുന്നു. 'കൃപ' അനർഹർക്കുള്ളതാണെന്നതാണു കാരണം. പരിശുദ്ധാത്മാവിന്റെ പുറപ്പാട് ''പിതാവിൽനിന്നും'' എന്നു നമ്മുടെ കർത്താവു കല്പിച്ചിരിക്കെ(യോഹ. 14: 26) ഒരു എക്യുമെനിക്കൽ കൗൺസിലിനു പോലും 'പുത്രനിൽ നിന്നുംകൂടെ' (ഫിലിയോക്കെ) എന്നു ചേർക്കുവാൻ അധികാരമില്ല എന്നു പ. ബാവാ എന്നോടു പറഞ്ഞിട്ടുണ്ട്. മറ്റൊരിക്കൽ ''നമ്മുടെ കർത്താവു വരുമ്പോൾ ദൈവമാതാവ് ഉയിർത്തെഴുന്നേൽക്കുമോ?'' എന്നു ഞാൻ ബാവായോടു ചോദിച്ചപ്പോൾ ''ഉയിർത്തെഴുന്നേല്ക്കും'' എന്ന മറുപടിയാണ് എനിക്കു തന്നത്. മാതാവിന്റെ വാങ്ങിപ്പു കൊണ്ടു സഭയിൽനിന്നും ത്രിത്വത്തിലേക്ക് മാതാവ് മാററപ്പെട്ടു എന്ന ചിന്തിക്കരുതെന്ന അഗാധസത്യമാണ് ആ മറുപടിയിൽ അടങ്ങിയിരുന്നത്. വി. വേദപുസ്തകം ഇത്രയധികം പഠിച്ചിട്ടുള്ള മറ്റൊരു പിതാവിനെ എനിക്കു നേരിട്ടു പരിചയമില്ല. ഏതു ചോദ്യത്തിനും തിരുമേനിക്കുത്തരമുണ്ടായിരുന്നു.

(5) ബ. ററി. ജി. സഖറിയാ ശെമ്മാച്ചനെക്കൊണ്ടു (ഇപ്പോൾ അച്ചൻ) ചിലപ്പോൾ ബാവാ എന്നെ ദേവലോകത്തേക്കു വിളിപ്പിക്കുമായിരുന്നു. തുടരെ കാണുവാനുള്ള ആഗ്രഹം ആ വിളിയുടെ പിറകിലുണ്ടായിരുന്നു. ഒരിക്കൽ ഞാൻ ചെന്നപ്പോൾ എന്നെ കൈ മുത്തിച്ചില്ല. വഴക്കുപറഞ്ഞു കല്പിക്കയാണ്: 'താൻ എന്നെ കാണാൻ വരണ്ടാ, എന്നെ കാണാൻ വേറെ പലരും ഉണ്ടു....' പിന്നെ ശാന്തതയിൽ, 'ഇന്നു ഞാൻ തന്റെ കാര്യവും കുട്ടിയപ്പന്റെ (മാളിയേക്കൽ) കാര്യവും ഓർത്തു, കുട്ടിയപ്പൻ വന്നിട്ടു പോയി. ഇപ്പോൾ താനും വന്നു'. ആ വഴക്കിന്റെ മാധുര്യം ചില്ലറയല്ലായിരുന്നു. ഞാൻ ഏറെ നേരം സംസാരിച്ചു, പലഹാരവും തൃക്കൈയിൽനിന്നു വാങ്ങി ഭക്ഷിച്ചിട്ട് കൈ മുത്തി മടങ്ങി. 'പിതൃതുല്യമായ വഴക്ക്' സ്നേഹത്തിൽനിന്നുള്ളത് ഇതുപോലെ അനുഭവിക്കുവാൻ സാധിച്ചത് എത്രയോ ഭാഗ്യം.

6) വൈദികസെമിനാരിയുടെ വൈസ്പ്രിൻസിപ്പാൾ എന്ന നിലയിൽ കാതോലിക്കാദിനത്തിൽനിന്നുള്ള വിഹിതം വാങ്ങുവാൻ എന്നെയാണ് പ്രിൻസിപ്പാൾ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പലപ്പോഴും ബാവായുടെ അടുക്കലേക്ക് അയയ്ക്കാറുണ്ടായിരുന്നത്.

*With respectful regards*



*K. M. Cherian (Jr)*

---

*With Best Compliments from:*

★

**RADHAS**

**Kottayam**

**&**

**Quilon**

ആദ്യം കുറെ വഴക്കു കേട്ടാലും ആ കാര്യം സാധിച്ചുകൊണ്ടുതന്നെ പോരാം. വഴക്കും കേട്ട് അവിടെ നിന്നു പോകരുത്. ബാവായുടെ ഈ സമീപനം എനിക്ക് അറിയാമെന്ന് ശ്രീ. ഇ. ജെ. ജോസഫും മറ്റും കളിയാക്കിപ്പറയുമായിരുന്നു. വൈദിക സെമിനാരി തിരുമേനിയുടെ first love ആയിരുന്നു. ഞാൻ ഒരിക്കൽ കാലിൽ പരുവായി എം. ഡി. സെമിനാരിയിൽ കിടക്കുമ്പോൾ, വിവരമറിഞ്ഞ് ആ നല്ല പിതാവ് അവിടെ വന്നു. 'തന്നെ കാണുവാനാണു വന്നത്' എന്ന വാചകം ഇപ്പോഴും മധുരമായി തോന്നുന്നു. മിക്കവാറും വർഷാരംഭത്തിൽ ശെമ്മാശന്മാരെയും കൊണ്ടു ഞാൻ ദേവലോകത്തു പോകുമായിരുന്നു. ഏതെങ്കിലും ശെമ്മാശന്റെ തലമുടികൾ നീളം കൂടുതലായി കണ്ടാൽ വഴക്കു നിശ്ചയം. ശെമ്മാശന്മാർക്ക് ബാവായെ എത്ര പേടിയും സ്നേഹവും ആയിരുന്നു!

(7) 1961-ൽ ഞാൻ സെറാമ്പൂരിലേക്ക് മാക്കിസൻ സ്കോളർ ആയി പോയി. ആദ്യം ബാവാ അനുവദിച്ചില്ല. ഒടുവിൽ ബീഹാറിൽ ഒരു സുവിശേഷവയൽ നോക്കാൻകൂടിയാണെന്നു പറഞ്ഞപ്പോൾ അനുവദിച്ചു. ഞാൻ രണ്ടു വർഷം കഴിഞ്ഞു റാഞ്ചി മിഷനും ഒന്നും തുടങ്ങാതെ മടങ്ങിവന്നപ്പോൾ ബാവാ കല്പിക്കയാണ്: 'ഞാൻ വിചാരിച്ചു താൻ പോയപ്പോൾ സുവിശേഷവേല വല്ലതും നടക്കുമെന്ന്. താനും ഇങ്ങു പോരുന്നോ'? ആ ചോദ്യം ഇന്നും എന്നെ ദുഃഖിപ്പിക്കുന്നു. സുവിശേഷവേല പ. പിതാവിനു വലിയ താല്പര്യമായിരുന്നു. സെന്റ് പോൾസ് സുവിശേഷസംഘത്തിന്റെ പരമാധികാരിയായിരിക്കയും അതിന്റെ നിയമാവലിക്ക് അനുമതി തരികയും ചെയ്തു. സുവിശേഷാലയം പണിതപ്പോൾ അതിന്റെ മുമ്പിലെ ചെറിയ കുരിശ് ദേവലോകം പള്ളിയിലേതാണ്, പ.ബാവാ തന്നതാണ്. പുതുപ്പാടി ബാലഭവനിലേക്കു പിരിച്ച തുകയിൽ നൂറു രൂപാ പ. പിതാവിന്റെ തൃക്കരത്തിൽ നിന്നു വാങ്ങിക്കൊണ്ടാണ് ബ. പി. എം. തോമസ് അച്ചൻ ആദ്യമായി പുതുപ്പാടിയിലെ പണികൾ നടത്തുവാനായി പോയത്. ബ. പി. റ്റി. ചെറിയാൻ അച്ചൻ ഉത്തരേന്ത്യൻ മിഷ്യനു പോയപ്പോൾ ഞങ്ങൾ ഒരുമിച്ചു പരുമലപ്പോകയും ബാവാ അച്ചനെ ഗുണദോഷിച്ച് അനുഗ്രഹിച്ച് പ്രാർത്ഥിച്ചു വിടുകയും ചെയ്തു.

ഒരിക്കൽ ബാവാ എന്നോടിങ്ങനെ പറഞ്ഞു: 'പരുമലത്തിരുമേനിയുടെ കാലത്ത് പുലയർക്കെല്ലാം സഭയിൽ ചേരണമെന്നുണ്ടായിരുന്നു. നമ്മുടെ സുറിയാനിക്കാർക്ക് അത് ഇഷ്ടമല്ലായിരുന്നു. ഇപ്പോൾ അവരെല്ലാം കമ്യൂണിസത്തിലും പോയി'.

എന്റെ സ്മരണകൾ എഴുതിപ്പോയാൽ ഒരു ചെറുപുസ്തകംതന്നെ എഴുതാം. ആ പരിശുദ്ധനിൽനിന്നും ലഭിച്ചിട്ടുള്ള ഉത്തേജനം അവർണ്ണനീയവും അവാച്യവുമാണ്. അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന മലങ്കരസഭ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ വളർന്നു പുഷ്പിച്ച് ഫലം കായിച്ച് ഭാരതത്തെയെങ്കിലും യേശുമിശിഹായുടെ രക്ഷയുടെ തണലിലും ഫലാനുഭവത്തിലും സഹായിക്കട്ടെ. പ്രിയ തിരുമേനീ, ബലഹീനനായ എനിക്കുവേണ്ടിയും പ്രാർത്ഥിക്കണെ.

—0—

Excuse delay

**FOR FAVOURS RECEIVED**



A firm Believer, Bombay. P. C. E., M, G. M. H. S. Tiruvella. Mrs. Achamma Abraham, Seccundrabad.

# Padinjarekara Agencies (Private) Ltd.

Post Box No. 22, KOTTAYAM-686 001

(KERALA STATE)

Telegrams:

**"PADINJAR"**

Telephones: 3286/3287

**(PBX WITH 9 EXTNS.)**

Managing Directors.

**P. C. CHERIAN M. A., B. L.**

**P. C. ABRAHAM B. A., B. COM., LL. B.**

Technical Advisor.

**K. C. SEKAR B. A., F. I. R. I.**

(Retd. Ghemist, Rubber Research Institute of Malaya)

# LATEX

The Oldest & Largest Manufacturers In India

Of

Standard Quality 35 % & 60 % & Latex

Stocks available with us and our Distributors:

**India Coffee & Tea Distributing Co. Ltd.**

"Jeevan Udyog"
278, Dr. D. Naoroji Road
BOMBAY 400 001

Telegrams: "TEACOFFEE"
Telephone: 264793

**India Coffee & Tea Distributing Co. Ltd.**

Below Hotel Airlines
'Jeevan Mansions.' Ram Nagar
NEW DELHI-110 055

Telegrams: "EMEMFOAM"
Telephone: 278876

സ്ഥാപനങ്ങളും മുതലുകളും വിട്ടുകിട്ടുന്നതിന് 1113–ൽ ഉണ്ടായ സമുദായക്കേസ്സും, റിസീവർ ഹർജിയും, നിരണം മെത്രാപ്പോലീത്താ മാർ സേവേറിയോസിൻെറ റോമ്മാസഭാപ്രവേശനവും മററും തിരുമേനിയെ എത്രമാത്രം പ്രയാസപ്പെടുത്തിയിരുന്നു എന്നു് ഊഹിക്കാമല്ലോ.

[illegible] ആരെയും വിഷമിപ്പിക്കാവുന്ന ഈ പരീക്ഷണഘട്ടങ്ങളിലെല്ലാം തിരുമേനിയുടെ ആലംബം ദൈവികനടത്തിപ്പിലുള്ള അദ്ദേഹത്തിൻെറ പതറാത്ത വിശ്വാസം മാത്രമായിരുന്നു. പ്രയാസങ്ങളും പരീക്ഷണങ്ങളും നേരിടുമ്പോഴും ആ വിശ്വാസം അദ്ദേഹത്തിനു പകർന്നുകൊടുത്ത പരുമലയിലെ പരിശുദ്ധ പിതാവിൻെറ സന്നിധാനത്തിലേക്കു് അദ്ദേഹം പൊയ്ക്കൊണ്ടിരുന്നതും തൻെറ ഗുരുവിൻെറ സന്നിധിയിൽനിന്നു് ആശ്വാസവും ശക്തിയും പുതുക്കുകയും ചെയ്തിരുന്നതും ഒരു രഹസ്യമല്ലല്ലോ.

## ദൈവ നടത്തിപ്പ്

തിരുമേനിയെപ്പോലെതന്നെ ദൈവ നടത്തിപ്പിൽ സംശയത്തിൻെറ ലേശംപോലുമില്ലാതെ വിശ്വസിച്ചിരുന്ന മററു മെത്രാപ്പോലീത്താമാരും സഭയിൽ ഉണ്ടായിരുന്നതു തിരുമേനിയുടെ വലിയ ഒരനുഗ്രഹമായിരുന്നു. രോഗിയായിക്കഴിഞ്ഞിരുന്ന പാമ്പാടിതിരുമേനിയെക്കാണ്മാൻ എൻെറ കുടുംബവുമൊത്തു പോയി കണ്ട ഒരവസരം ഓത്തുപോകുയാണു്. ആ അവസരത്തിൽ ഞങ്ങളല്ലാതെ മററാരും തിരുമേനിയുടെ അടുത്തുണ്ടായിരുന്നില്ല. സന്ദർഭവശാൽ ദൈവമില്ലെന്നു പറയുന്ന ഒരു കൂട്ടം ആളുകളുടെ കാര്യം സംസാരവിഷയമായി. തിരുമേനി പെട്ടെന്നു് വ്യാകുലപ്പെടുകയും കണ്ണുകളിൽനിന്നു ധാരധാരയായി കണ്ണീരൊഴുക്കുകയും ചെയ്തു. ''ദൈവം ഇല്ലെന്നു പറയുന്ന ആളുകളുണ്ടല്ലോ അയ്യോ അങ്ങനെയും ഉണ്ടല്ലോ'' എന്നു പറഞ്ഞു നെഞ്ചത്തു് കൈകൊണ്ടു് ഇടിക്കുകയും മനോവേദനപ്പെടുകയും ചെയ്തതു് ഞങ്ങൾ കണ്ടു. ഇക്കാലങ്ങളിൽ ദൈവമുണ്ടെന്നു് സംശയത്തിൻെറ കണികപോലുമില്ലാതെ വിശ്വസിക്കുകയും, ദൈവ വിശ്വാസമില്ലാത്തവരുണ്ടെന്നു് ഓർക്കുമ്പോൾ ദുഃഖപ്പെട്ടു് നിലവിളിക്കുകയും ചെയ്യുന്ന മററാരെങ്കിലുമുണ്ടോ എന്നുതന്നെ സംശയിച്ചുപോകുയാണു്.

ദീർഘകാലം അസ്വാസ്ഥ്യവിധേയനായി കഴിഞ്ഞിരുന്ന മാർ തേവോദോസിയോസ് തിരുമേനിയെ മാങ്ങാനം ദയറായിൽപ്പോയി കണ്ട മറെറാരവസരംകൂടി ഓർമ്മയിൽ വരുന്നു. തിരുമേനിക്കു ജീവിതത്തിലുണ്ടായ പല പ്രയാസങ്ങളെക്കുറിച്ചും പ്രത്യേകിച്ചും ആർച്ച്ബിഷപ്പ് മാർ ഈവാനിയോസിൽനിന്നുമുണ്ടായ പല കഠിന പ്രയാസങ്ങളെയും പററി എനിയ്ക്കു് നേരിട്ടറിവുള്ളതാണു്. അദ്ദേഹത്തിൻെറ എല്ലാ ദിനചര്യകൾക്കുപോലും പരസഹായം ആവശ്യമായി. സാധാരണക്കാരാണെങ്കിൽ [illegible] അതൃപ്തിയുമായിക്കഴിയേണ്ടുന്ന ഒരു സന്ദർഭമായിരുന്നു അതു്. പിന്നിട്ട ജീവിതത്തെക്കുറിച്ചു ദൈവത്തോടു് അദ്ദേഹം തികച്ചും നന്ദിയുള്ളവനായിരുന്നു. അദ്ദേഹത്തിനു് സാധാരണമായിരുന്നവിധം ഇംഗ്ലീഷിലും മലയാളത്തിലും ആവർത്തിച്ചാവർത്തിച്ചു പറഞ്ഞതു് ഇങ്ങനെയാണു്. "He has done me any wrong. He has not-don me any wrong. He was only good to me. I have only to he greatful to Him. ദൈവം എനിക്കു് ഒരു ദോഷവും ചെയ്തിട്ടില്ല. നന്മമാത്രമെ ചെയ്തിട്ടുള്ളൂ.

FOR FAVOURS RECEIVED



പൌലോസ്, യോഹന്നാൻ
പൈനാടത്തു്

Lizy Thazhumpal.

Thomas Koshy
N. Delhi

എനിയ്ക്ക് നന്ദിയ്ക്ക്മാത്രമേ അവകാശമുള്ളു.'' ദൈവവിധേയനായ ഒരു പരിശുദ്ധനല്ലാതെ സാധാരണക്കാരിൽ ആർക്കു അങ്ങിനെ പറയാൻ സാധിക്കും? ബാവാതിരുമേനിയുടേയും സഹപ്രവർത്തകരായിരുന്ന മററു തിരുമേനിമാരുടെയും മററും പതറാത്ത ദൈവവിശ്വാസമായിരിക്കാം മലങ്കരസഭയെ നിലനിറുത്തിയതും പരിരക്ഷിക്കുന്നതുമായ ശാശ്വത ശക്തി. തിരുമേനിയിൽ പ്രകടമായി കണ്ട മറെറാരു സവിശേഷത വ്യവസ്ഥകളൊ കരാറൊ ഒന്നുംകൂടാതെ തന്നെ അദ്ദേഹം സഭയെ സ്നേഹിച്ചിരുന്നതും തന്റെ ചാർച്ചക്കാരെക്കാളുമധികമായി സഭാംഗങ്ങളെയും, അതിൽ പ്രവർത്തിച്ചിരുന്നവരെയും സ്നേഹിച്ചിരുന്നു എന്നുള്ളതുമാണ്. അദ്ദേഹത്തിന് ലഭിച്ചിരുന്ന ബഹുജന പിന്തുണയുടെ, പ്രധാന ഹേതു അതായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

—0—

**ദൈവത്തിൽ ആശ്രയിച്ച അതുല്യമഹാചാര്യൻ**

# ചിന്തിപ്പിക്കുന്ന ചില സജീവ സ്മരണകൾ

**(കെ. എം. ചെറിയാൻ, ജൂണിയർ)**

കാലംചെയ്ത ഭാഗ്യസ്മരണാർഹനായ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വീതിയൻ കാതോലിക്കാബാവാ തിരുമേനിയുമായി ഞാൻ ഒരു വിദ്യാർത്ഥിയായിരുന്നകാലംമുതലേ എനിക്കു അടുത്തിടപെടാൻ അവസരം ലഭിച്ചിട്ടുള്ളതു് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. തിരുമേനിയിൽ വിളങ്ങിയിരുന്ന ഗുണഗണങ്ങൾ ആരെയും ആകർഷിക്കുകയും പലരിലും സൽപ്രേരണകൾ ചെലുത്തുകയും ചെയ്തിട്ടുണ്ടു്. ചില സംഭവങ്ങൾ എന്റെ ഓർമ്മയിൽ പച്ചപിടിച്ചുനിൽക്കുന്നതു ഞാൻ പകത്തുകയാണ്.

ഗുരുക്കന്മാരെ ഇത്രയധികം ബഹുമാനിച്ചിട്ടുള്ള ഒരു മഹാപുരോഹിതനെ ഞാൻ കണ്ടിട്ടില്ല. പരുമല തിരുമേനിയും, വട്ടശ്ശേരിൽ തിരുമേനിയും ഇരിക്കുന്ന സ്ഥാനത്തു തിരുമേനി ഒരിക്കലും അവരോടൊപ്പം ഇരിക്കാതെ നിന്നിട്ടേയുള്ളു. 1929–ൽ കാതോലിക്കാ അഭിഷേകവും വട്ടശ്ശേരിൽ തിരുമേനിയെ പഴയ സെമിനാരിയിൽവച്ചു കാണുമ്പോൾ ബാവാതിരുമേനി ഒപ്പം ഇരുന്നിട്ടില്ല. കാപ്പയും മററു വസ്ത്രങ്ങളും ഇത്രയധികം വൃത്തിയായി സൂക്ഷിക്കുകയും ധരിക്കുകയും ചെയ്യുന്ന മറെറാരു തിരുമേനിയേയും എനിക്കറിവില്ല. ദീനക്കിടക്കയിലും മസനപ്സ ശരിയായിട്ടാണോ കിടക്കുന്നതു് എന്നു തപ്പിനോക്കുമായിരുന്നു. പരുമല തിരുമേനിയുടെ ഒരു കാപ്പ കാതോലിക്കാബാവായ്ക്കു ലഭിച്ചിരുന്നതാണ് അദ്ദേഹത്തെ കബറടക്കിയപ്പോൾ ബാവായുടെ മുൻ നിർദ്ദേശാനുസരണം ഉപയോഗിച്ചതു്.

മാർ ഏലിയാചാപ്പലിലെ ഒരു വ്യക്തി ഒരിക്കൽ തിരുമേനിക്കു് ഒരു പുറംകുപ്പായവും ചുവന്ന കുപ്പായവും കൊടുത്തിരുന്നു. അതിനുശേഷം ഏലിയാചാപ്പൽ സന്ദർശിച്ച പല അവസരങ്ങളിലും ആ വസ്ത്രങ്ങൾതന്നെ ഉപയോഗിക്കുന്നതിൽ തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നതായി അറിയാം.

തന്റെ മുൻഗാമികളുടെ ഓർമ്മപ്പെരുന്നാളുകളിൽ സംബന്ധിക്കുക തിരുമേനിക്കു നിർബന്ധമായിരുന്നു. വിദേശ പര്യടനവേളയിലും ഓർമ്മപ്പെരുന്നാളുകളിൽ സംബന്ധിക്കത്തക്കവണ്ണമാണു തിരുമേനി യാത്രാസമയം ക്രമീകരിച്ചതു്. കാലം ചെയ്യുന്നതിനു ഒരു വർഷം മുമ്പുവരെ—1963 വരെ—തിരുമേനി മുൻഗാമികളുടെ എല്ലാ ഓർമ്മപ്പെരുനാളുകളിലും സംബന്ധിക്കുകയും പരുമല തിരുമേനിയുടെ ഓർമ്മദിവസങ്ങളിലും പരുമലപ്പള്ളിയിൽ വി. കുർബ്ബാന ചൊല്ലുകയും ചെയ്തിട്ടുണ്ടു്.

തിരുമേനി നല്ല ഭക്ഷണം ശരിക്കു കഴിക്കുന്ന ആളായിരുന്നു. പ്രമേഹമുണ്ടായിട്ടും നല്ലതുപോലെ ഭക്ഷിച്ചുവന്നു. ചില ഭക്ഷണസാധനങ്ങൾ ഒഴിവാക്കണമെന്ന് ഒരിക്കൽ പറഞ്ഞപ്പോൾ സാരമില്ല ''ഡബിൾ ഇൻസുലിൻ'' കുത്തിവച്ചോ എന്നാണു തിരുമേനി മറുപടി പറഞ്ഞതു്. ആരു

വന്നാലും അവർക്കും ഭക്ഷണം കൊടുക്കും. പുട്ടിൽ തേനൊഴിച്ചു കഴിക്കുന്നതു തിരുമേനിക്കു ഇഷ്ടമായിരുന്നു. തിരുമേനി വാർദ്ധക്യസഹജമായ രോഗംമൂലം ആവശനായിരുന്ന ഒരവസരത്തിൽ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ കാതോലിക്കേറ്റ് അരമനയിൽ എത്തിയപ്പോൾ ബാവാതിരുമേനി പാൽക്കഞ്ഞി കുടിക്കാൻ തുടങ്ങുകയായിരുന്നു. ബാവാതിരുമേനി മെത്രാച്ചനെ അതു കാണിക്കുകയും തന്റെ മുമ്പിലിരുന്ന കഞ്ഞി മറ്റൊരു പാത്രത്തിൽ പകർത്തി അദ്ദേഹത്തിനുകൂടി കൊടുക്കുകയും ഇരുവരും ഉല്ലാസവാന്മാരായി അതു കഴിക്കുകയും ചെയ്തതായി ഓർക്കുന്നു.

ഇതര സഭാവിഭാഗങ്ങളിലെ തിരുമേനിമാരോടു വളരെയധികം ബഹുമാനമുണ്ടായിരുന്ന ബാവാതിരുമേനിക്ക്. ബിഷപ്പ് ജേക്കബ് പട്ടം ഏറ്റുവരികയായിരുന്നു. എങ്ങനെ സ്വീകരിക്കണമെന്ന് ഏലിയാചാപ്പലിന്റെ സെക്രട്ടറി എന്ന നിലയിൽ ചോദിച്ചപ്പോൾ ''എപ്പിസ്കോപ്പയെ സ്വീകരിക്കുന്നതുപോലെ മെഴുകുതിരി കൊളുത്തി സ്വീകരിക്കണമെന്ന്'' നിർദ്ദേശിക്കുകയും അപ്രകാരം ചെയ്യുകയും ഹാരമണിയിക്കുകയും ഉണ്ടായി. പിന്നീട് ബിഷപ്പ് ജേക്കബ് തിരുമേനിയെ ബാവാതിരുമേനി പഴയ സെമിനാരിയിലേക്കു ക്ഷണിച്ചു സ്വീകരിക്കുകയും സൽക്കരിക്കുകയും ഒരു രത്നഖചിത മോതിരം സമ്മാനിക്കുകയും ചെയ്തു. ബിഷപ്പ് ജേക്കബുമായി വലിയ സ്നേഹബന്ധം പുലർത്തിയിരുന്ന ബാവാതിരുമേനി 'എന്റെ ബിഷപ്പ്'' എന്നായിരുന്നു അദ്ദേഹത്തെപ്പറ്റി പരാമർശിക്കാറുണ്ടായിരുന്നത്.

അതിഥികൾ വന്നാൽ അവരെ എഴുന്നേറ്റു സ്വീകരിക്കുന്ന സ്വഭാവമായിരുന്നു പ. ബാവായുടേത്. തന്റെ ഗുരുവായിരുന്ന കെ. സി. മാമ്മൻ മാപ്പിളയും അതുപോലെ പ്രായമുള്ള ചില അവൈദികരും ചെല്ലുമ്പോഴും തിരുമേനി അവരെ എഴുന്നേറ്റുനിന്നു സ്വീകരിക്കുകയും ഇരുത്തി സംസാരിക്കുകയും ചെയ്യുമായിരുന്നു. അതിഥികൾ പോകുമ്പോഴും തിരുമേനി എഴുന്നേറ്റു അവരെ കുറച്ചുദൂരം അനുയാത്ര ചെയ്തു പറഞ്ഞയയ്ക്കും. ഒരിക്കൽ സി. പി. മാത്തൻ ദേവലോകത്തു ചെന്നപ്പോൾ ഒറ്റക്കിരിക്കാൻ മടിച്ച അദ്ദേഹത്തെ ''ഇരിക്കു, ഉണ്ണീ'' എന്നു പറഞ്ഞു പിടിച്ചിരുത്തി വർത്തമാനം പറയുന്നതു കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇരുത്താതെ തിരുമേനി ഒന്നും പറയാറുമില്ല. കൊച്ചു മെത്രാച്ചന്മാർ വന്നാലും തിരുമേനി എഴുന്നേറ്റുനിന്നു മാത്രമേ സ്വീകരിക്കുകയുള്ളു. തനിക്കും കൊച്ചു മെത്രാച്ചനും പട്ടത്വത്തിൽ ഒരേ സ്ഥാനമാണുള്ളതെന്നും അധികാരത്തിലാണു വ്യത്യാസമുള്ളതെന്നും തിരുമേനി മനസ്സിലാക്കി പ്രവർത്തിച്ചിരുന്നതാണ് ഇതിന്റെ കാരണം.

രാഷ്ട്രീയ നേതാക്കന്മാരേയും തിരുമേനി വളരെ ബഹുമാനിച്ചിരുന്നു. ജവഹർലാൽ നെഹ്റു, മന്നത്തുപത്മനാഭൻ എന്നിവരെ സ്വീകരിച്ച രംഗങ്ങൾ ഇന്നലത്തെപ്പോലെ ഓർക്കുന്നു. എത്ര സന്തോഷത്തോടും സൗഹൃദത്തോടുംകൂടെയാണ് തിരുമേനി അവരെ സ്വീകരിച്ചതെന്നു പറയാൻ പ്രയാസമാണ്. ഒരു വേനൽക്കാലത്തു തിരുമേനി മൂന്നാറിൽ പോയി ഏതാനും ദിവസങ്ങൾ വിശ്രമിച്ചു. വലിയനോമ്പു കാലമായിരുന്നു. തിരിച്ചുവന്നപ്പോൾ കോട്ടയത്തു വലിയ ചൂടു തോന്നി. തിരുമേനി എന്നെ വിളിപ്പിച്ചു. ഞാൻ ചെന്നു, കുറച്ചുദിവസംകൂടെ മൂന്നാറിൽ താമസിക്കാഞ്ഞതെന്താണെന്നു ചോദിച്ചു. അതിനു തിരുമേനി പറഞ്ഞ മറുപടി 'അവിടെ തണുപ്പുകൊണ്ടു വല്ലാതെ ഉറങ്ങും. പാതിരായ്ക്കും വെളുപ്പാൻകാലത്തും എഴുന്നേറ്റു പ്രാർത്ഥിക്കാൻ പ്രയാസമാണ്'' എന്നത്രെ. നിവൃത്തിയുണ്ടെങ്കിൽ ഞായറാഴ്ചയും മാറാനായപ്പെരുന്നാളുകളിലും തിരുമേനി വി. കുർബ്ബാന ചൊല്ലാതിരിക്കയില്ല. ചൊല്ലാത്ത ദിവസം ഓച്ചൻ ചെല്ലിയാലും തിരുമേനി കസേരയിൽ ഇരുന്നു കുർബ്ബാന കാണുക പതിവില്ലായിരുന്നു. ക്ഷീണം തോന്നിയാൽ ത്രോണോസിൽ പിടിച്ചുനിൽക്കും. കുർബ്ബാനവേളയിൽ കാർമ്മികൻ വരുത്തുന്ന തെറ്റുകൾ അപ്പോഴപ്പോൾ തിരുത്തണമെന്നും തിരുമേനിക്കു നിർബന്ധമുണ്ടായിരുന്നു.

തിരുമേനിയുടെ വാർദ്ധക്യത്തിൽ അദ്ദേഹത്തിന്റെ കാലിൽ ബാധിച്ചിരുന്ന ഗാംഗറിൻ എന്ന രോഗം സ്വല്പം കൂടി. തന്റെ ഡോക്ടറായ പി. എം. പൗലൂസ് തിരുമേനിയെ സന്ദർശിച്ചു വിശുദ്ധ കുർബ്ബാന അർപ്പിക്കാതിരുന്നാൽ കൊള്ളാമെന്നു നിർദ്ദേശിച്ചു. അപ്പോൾ 'കുർബ്ബാന ചൊല്ലി ഒരാളും മരിച്ചിട്ടില്ല' എന്ന മറുപടിയാണു ഡോക്ടർക്കു ലഭിച്ചതു.

സഭയിൽ ശാശ്വതമായ സമാധാനം കൈവന്നശേഷം 1958–ൽ ആലുവായിലെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കാതോലിക്കേറ്റ് അരമനയിൽ വി. കുർബ്ബാന അർപ്പിച്ചു. ബാവാതിരുമേനിക്കു വളരെ സന്തോഷമായി. തിരുമേനിക്ക് എന്തു കൊടുക്കണമെന്നാരാഞ്ഞപ്പോൾ ''ഇന്നത്തെ കാണിക്ക കൊടുക്കുക'' എന്നു ബാവാ

# റബർ തോട്ടങ്ങളുടെ ഡയറക്ടററി

ഇന്ത്യയിലെ റബർ തോട്ടങ്ങളുടെ വിശദ വിവരങ്ങളടങ്ങിയ ഡയറക്ടററിയുടെ പുതിയ പതിപ്പ് റബർ ബോർഡു് തയ്യാറാക്കി വരികയാണു്. ഇതിനകം, ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത തോട്ടങ്ങൾ ഉടനടി രജിസ്ററർ ചെയ്യാൻ കൃഷിക്കാർ ശ്രദ്ധിക്കണം. രജിസ്ട്രേഷനിൽ ഉടമസ്ഥതയെ സംബന്ധിച്ചോ, വിസ്തീർണ്ണത്തെ സംബന്ധിച്ചോ, മററു വിവരങ്ങളിലോ മാററങ്ങളുണ്ടായിട്ടുണ്ടെങ്കിൽ വിവരം ഉടനടി ബന്ധപ്പെട്ട റബർ ബോർഡ് റീജിയിണൽ ആഫീസിലെ ഡപ്യൂട്ടി ഡവലപ്പ്മെൻറാഫീസറെ അറിയിച്ചാൽ ശരിയായ വിവരങ്ങൾ ഡയറക്ടറിയിൽ ഉൾപ്പെടുത്താൻ കഴിയും.

---

റബർ ബോർഡ് പ്രസിദ്ധപ്പെടുത്തുന്നതു്.

അന്ന് ഒരു നല്ല സംഖ്യ കാണിക്കയായി ലഭിച്ചിരുന്നു.

1963–ൽ ആണ് തിരുമേനി അവസാനമായി പെസഹാവ്യാഴാഴ്ച 'കാൽകഴുകൽ ശുശ്രൂഷ' നടത്തിയത്. ബുധനാഴ്ച വരെയും കാൽകഴുകൽ ശുശ്രൂഷ നടത്തേണ്ടതില്ലെന്നാണ് തീരുമാനിച്ചിരുന്നത്. പക്ഷെ ബുധനാഴ്ച വൈകിട്ടു വിളിച്ചുപറഞ്ഞു, ശുശ്രൂഷ നടത്താൻ പോകുകയാണെന്ന്. അടുത്ത കൊല്ലം നടത്തുമോ എന്നു നിശ്ചയമില്ല; അതുകൊണ്ടു നാളെ നടത്തണം' തിരുമേനി പറഞ്ഞു. അടുത്ത കൊല്ലത്തെ പെസഹാവ്യാഴാഴ്ചയ്ക്കു മുമ്പ് അദ്ദേഹം കടന്നുപോയി. സമുദായത്തിൽ അറിയേണ്ട വകകളും ശക്തികളുമുള്ള മിക്ക വ്യക്തികളെയും അവരുടെ കുടുംബ ബന്ധവും തിരുമേനിക്ക് ഏറെക്കുറെ അറിയാമായിരുന്നു. മരിക്കുന്നതു വരെയും നല്ല ഓർമ്മശക്തിയും ഉണ്ടായിരുന്നു. മാർ ഏലിയാചാപ്പലിന്റെ സെമിത്തേരി പള്ളിയായ ലാസറസ് ചാപ്പൽ കൂദാശ നടക്കുന്ന ദിവസം. കൂദാശ കഴിഞ്ഞ് അവിടെവച്ചു ഒരു കപ്പ് കാപ്പി കൊടുത്തപ്പോൾ അതിനു ചൂടു കുടിപ്പോയെന്നു പറഞ്ഞു. മാർ ഏലിയാചാപ്പലിൽ സജ്ജീകരിച്ചിരുന്ന കാപ്പിമേശയിൽ പങ്കെടുക്കാതെ തിരുമേനി 'വിടടാ കാർ കിഴക്കോട്ടു്' എന്നു പറഞ്ഞു ദേവലോകത്തേക്ക് പോയതും ഓർക്കുന്നു. തിരുമേനി എന്നെ പിറേറദിവസം ദേവലോകത്തേക്കു വിളിപ്പിച്ചു കാപ്പികുടി പ്രശ്നത്തിലുള്ള ഞങ്ങളുടെ പ്രയാസം തന്ത്രപൂർവ്വം കാര്യങ്ങൾ പറഞ്ഞു ചിരിച്ചു പരിഹരിച്ചു.

ബാവാതിരുമേനിക്കു പല ബാങ്കുകളിൽ പല ഇനങ്ങളിലായി അക്കൗണ്ടുകൾ ഉണ്ടായിരുന്നു. സമുദായത്തിന്റെ പണം വിശ്വസ്തതയോടുകൂടി മാത്രമെ തിരുമേനി കൈകാര്യം ചെയ്തിട്ടുള്ളു.

ഒരിക്കൽ ഞാൻ ദേവലോകത്തു ചെന്നപ്പോൾ തിരുമേനി തന്റെ കുടുംബത്തിലുള്ള ഒരാളോട് 'ഇറങ്ങടാ പുറത്തു്' എന്നു ഗർജ്ജിക്കുന്നതു കേട്ടു ഞാൻ മുറിയിൽ ചെന്നപ്പോൾ 'കൊച്ചുഞ്ഞുഞ്ഞി ഇവനെ അറിയുമോ? ഇവൻ എന്റെ ബന്ധത്തിൽപ്പെട്ടവനാണ്. കാശു ചോദിക്കാൻ വന്നിരിക്കുകയാണ്. അയാൾക്കുള്ള അന്നത്തെ ബസ്സുകൂലിയായ എട്ടണ സന്തത സഹചാരിയായ തുവാലയുടെ അററത്തു കെട്ടിവച്ചിരുന്ന താക്കോൽകൊണ്ടു് മേശപ്പുറത്തിരുന്ന പെട്ടി തുറന്ന് എടുത്തു കൊടുക്കാൻ എന്നോടു പറയുകയും ഞാൻ തിരുമേനി പറഞ്ഞതുപോലെ നിശ്ചിത സ്ഥാനത്തുനിന്നു എട്ടണ എടുത്തു കൊടുക്കുകയും ചെയ്തു. തിരുവല്ലായിൽനിന്നു നാലഞ്ചു മൈലകലെ പോകേണ്ട അയാൾ അവിടെനിന്നു നടന്നു പൊയ്ക്കൊള്ളും എന്നും തിരുമേനി എന്നോടു പറഞ്ഞു.

1953 മെയ് 15. മാർ ഏലിയാച്ചാപ്പലിൽവച്ച് അഞ്ചു മെത്രാന്മാരെ ഒന്നിച്ചു വാഴിച്ച ദിവസം അതിൽ സംബന്ധിച്ച മുഖ്യമന്ത്രി എ. ജെ. ജോണും, മന്ത്രി കെ. എം. കോരയും മററും ബാവാതിരുമേനിയുടെ ഗാംഭീര്യം നിറഞ്ഞ ശബ്ദത്തിലുള്ള ഓക്സിയോസ് വിളി കേട്ടപ്പോൾ അതു് ടേപ്പ്റിക്കാർഡ് ചെയ്തതാണോ എന്ന് എന്നോട് ആരായുകയുണ്ടായി. അഞ്ചു മെത്രാന്മാർക്കും തിരുമേനി തന്നെ മൂന്നു പ്രാവശ്യം ഓക്സിയോസ് വിളിച്ചു.

തിരുകൊച്ചി ഹൈക്കോടതിയിൽ സമുദായ കേസ്സു തോററ അവസരമാണ്. എന്റെ വീട്ടിൽ വന്ന രണ്ടു തമിഴ ജോൽസ്യന്മാരോട് എന്റെ അച്ചായൻ (പരേതനായ കെ. സി. മാത്യു) ബാവാതിരുമേനിയുടെ ഗ്രഹനിലയെപ്പററി സാന്ദർഭികമായി ചോദിച്ചു. അപ്പോൾ അവർ അതു് ഒരു മഹാമുനിയുടേതാണെന്നും, അദ്ദേഹം മരിച്ചോ—ഇല്ല—എന്നും അദ്ദേഹത്തിനു ചക്രവർത്തിയോഗമാണുള്ളതെന്നും പറഞ്ഞതും ഞാനോർക്കുന്നു. സുപ്രിംകോടതിയിൽ സമുദായക്കേസ്സു നടക്കുന്ന കാലത്തു തിരുമേനി ഒരു സ്വപ്നം കണ്ടതായി പിറേറദിവസം രാവിലെ പറഞ്ഞു. പരേതരായ കൊച്ചുമാമ്മൻ വക്കീലും, ഇലഞ്ഞിക്കലെ ഉതുപ്പച്ചനും വന്നു കേസിൽ നമുക്കു യാതൊരു ദോഷവും വരികയില്ലെന്നു ബാവാതിരുമേനിയോടു പറഞ്ഞുവെന്നാണു സ്വപ്നസാരം.

ചിത്രമെഴുത്ത് കെ. എം. വറുഗീസിന്റെ ഒരു പുത്രന് അദ്ദേഹത്തെക്കാൾ കൂടുതൽ വിക്കുണ്ടായിരുന്നു. ഒരിക്കൽ മാവേലിക്കര പുതിയകാവു പള്ളിയിൽവച്ച് ഈ വിവരം ചിത്രമെഴുത്തു കെ. എം. വറുഗീസ് പ. ബാവായെ ധരിപ്പിച്ചു. 'നാളെ കർബ്ബാനയുണ്ടു് അവനും വരട്ടെ' എന്നു ബാവാ കല്പിച്ചു. പിറേറദിവസം രാവിലെ വി: കർബ്ബാനയിൽ അവനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും കാസാ കഴുകിയ വെള്ളം തിരുമേനി ആ യുവാവിന്റെ വായിൽ ഒഴിച്ചുകൊടുക്കുകയും അവന്റെ വിക്കു മാറുകയും ചെയ്തതായി ചിത്രമെഴുത്തുതന്നെ എന്റെ അച്ചായനോടു പറഞ്ഞതും ഞാൻ കേട്ടിട്ടുണ്ടു്. തിരുമേനിയുടെ കബറിങ്കൽ ചെന്നു പ്രാർത്ഥന നടത്തിയിട്ടുള്ള എനിക്കും മററു പലർക്കും പല നല്ല അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതായി പറയാൻ സാധിക്കും.

# പൌരസ്ത്യ സൂര്യൻ അഥവാ പുണ്യശ്ലോകനായ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കോസ്

(ഫാ. കെ. ഗീവറുഗീസ്, അഞ്ചൽ)

1873 ജൂൺ 16 മലങ്കരയ്ക്ക് മറക്കാനാകാത്ത മനോജ്ഞ ദിനം. പാശ്ചാത്യ പൌരസ്ത്യ രാജ്യങ്ങളിൽ അറിയപ്പെട്ടിരുന്ന ആരുടെയും ആത്മാർത്ഥമായ ആദരങ്ങളെ ആർജ്ജിച്ചിരുന്ന അകൃത്രിമ സൌന്ദര്യധാമം അന്നുദയം ചെയ്തു.

ആകാശം പ്രശാന്തമായിരുന്നു. നക്ഷത്ര രമണീയമായിരുന്നു. പ്രഭാതത്തിൽ പ്രത്യക്ഷപ്പെടുന്ന പെരുമീൻ ഉദിച്ചുയർന്നിരുന്നു. കുക്കുട പാറാവുകാർ ഗംഭീരകാഹളം മുഴക്കിയിരുന്നു. നിശീഥിനിയുടെ നീണ്ട നിദ്രയിൽനിന്നും ലോകം ഉണരാറായിരുന്നു. പൂർവ്വദിങ്ങ് മുഖത്തു് രക്തച്ഛവി പകർന്നിരുന്നു. അവിടം ഒരു പ്രസവത്തിന് ഒരുങ്ങുകയായിരുന്നു. അപ്പോളിതാ കോട്ടയത്തിനടുത്തുള്ള കുർച്ചിയിലെ പുരാതനമായ കല്ലാശ്ശേരി ഭവനത്തിൽ ഒരു പ്രസവം നടന്നിരിക്കുന്നു.

പ്രഭാതത്തിൽ വിടരുന്ന സുന്ദര സുരഭിലസുമങ്ങളുടെ മധുര സൌരഭ്യം പരിസരങ്ങളിൽ പരത്തിക്കൊണ്ടു് ചക്രവാളച്ചുറിവുകളിൽ നിന്നും ഇടതടവില്ലാതെ കടന്നുവന്ന പാവന പവനൻ ഭൂജാതനായ ശിശുവിന്റെ ആദ്യസ്വരങ്ങളേയും വഹിച്ചുകൊണ്ടു് പ്രാചിയുടെ പ്രാന്തങ്ങളിലേയ്ക്ക് പ്രയാണം ചെയ്തു.

അനിതര സാധാരണമായ വ്യക്തി പ്രാഭവം, ദൈവഭക്തി, ബുദ്ധിശക്തി, ഇവകളോടെ ബാലൻ വളർന്നു, വിദ്യാർത്ഥിയായി, യുവാവായി, വൈദിക കുമാരനായി, ആചാര്യനായി, സന്യാസത്വം സ്വീകരിച്ച റമ്പാനായി, മെത്രാപ്പോലീത്തായായി, കിഴക്കിന്റെ കാതോലിക്കോസായി.

---

പ്രാർത്ഥനകൾക്കും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുമുള്ള ശക്തി എത്രമാത്രമുണ്ടെന്നു തിരുമേനിയുമായുള്ള സമ്പർക്കം മൂലം എനിക്കു കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ദൈവത്തിൽ ആശ്രയിക്കുന്ന ഒരു വ്യക്തിയേയും ദൈവം കൈവിടുകയില്ലെന്നുള്ള സാധനപാഠമാണു തിരുമേനിയുടെ പുണ്യജീവിതത്തിന്റെ പ്രധാനപ്പെട്ട ഒരു സന്ദേശം.

മോറാൻ മോർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കോസ്! ആത്മ ചേതനയ്ക്കുണർവ്വൂറുന്ന ഭിഷഗ്വര പ്രവീണൻ. ക്രൈസ്തവ മൂല്യങ്ങൾക്ക് അകൃത്രിമ ഭാവഭംഗികൾ പകർന്നുകൊടുത്ത കലാകാരൻ. സത്യ ക്രിസ്തീയ ജീവിത വിജയത്തിനു് ചൂടും വെളിച്ചവും നിർല്ലോഭം നൽകിയ നിസ്തുലൻ. നീണ്ട വർഷങ്ങളിലെ നിസ്വാർത്ഥ സേവനങ്ങളാൽ നിർമ്മലയായ സഭാ മാതാവിനു് നിസീമവും നിരുപമവുമായ നിസർഗ്ഗ നിക്ഷേപങ്ങളർപ്പിച്ച കർമ്മയോഗി. മാനിതയായ മലങ്കരസഭയുടെ മഹത്വത്തിനു് മനം മടുക്കാതെ മരണംവരെ മനമുറവു് പ്രവർത്തിച്ചു് വിജയിച്ച വിജിഗീഷു. അറിവോടെ അപഥ സഞ്ചാരം ചെയ്തിരുന്ന അധർമ്മികളോടു് ആത്മവിശ്വാസത്തോടെ അനവരതം അടരാടി വിജയിച്ച ആത്മധീരൻ. ജീവിതവും സാഹചര്യങ്ങളുംകൂടി സൃഷ്ടിക്കുന്ന മനുഷ്യത്വത്തെ അതിന്റെ മഹത്വത്തിലെത്തിക്കുവാൻ മാലിന്യമേശാത്ത മാർഗ്ഗനിർദ്ദേശം മനക്കരുത്തോടെ പ്രഘോഷിച്ച പ്രവാചക പ്രവീണൻ. അനർഗ്ഗളം വിനിർഗ്ഗളിക്കുന്ന ആത്മസൌന്ദര്യത്തിന്റെ നൈസർഗ്ഗിക സമ്പത്താൽ അനേകരെ ആത്മപ്രഭാവത്തിലേയ്ക്ക് അനുസ്യൂതം ആകർഷിക്കാൻ അനായാസം സാധിച്ചിരുന്ന ആത്മ പ്രാഭവൻ. കാറ്റും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ ഉയർന്നമർന്ന ഓളപ്പാത്തികളിൽക്കൂടെ മലങ്കര സഭാനൗകയെ സസൂക്ഷ്മം നയിച്ചു് സുരക്ഷിത സങ്കേതമണച്ച സുസമ്മതനായ സുപ്രസിദ്ധ നാവികൻ. വി. സഭയുടെ വിജയകരമായ നടത്തിപ്പിനു് ആരെക്കാളും അധികമായി അനേകരെ ആചാര്യന്മാരായും ശ്രേഷ്ഠാചാര്യന്മാരായും അവരോധിച്ചു് അസൂയാവഹമായ അഭിവൃദ്ധി കൈവരിച്ച ഭാവനാസമ്പന്നനായ ഭരണധുരന്ധരൻ. നിഷ്കളങ്കമായ സ്നേഹത്താലും നിസ്വാർത്ഥമായ സേവനങ്ങളാലും നിഷ്പക്ഷമായ അഭിപ്രായങ്ങളാലും നിസ്സീമമായ ദൈവാശ്രയത്താലും നിർമ്മലമായ ആദർശപ്രേമത്താലും സർവ്വ ജനാദരണീയനായിരുന്ന സമാരാധ്യൻ. അതുല്യമായ ആശ്രിത

വാൽസല്യഫലമായി അനർഹ സ്ഥാനങ്ങളിൽ എത്തിയിട്ടുള്ള സ്വാർത്ഥമതികളായ കൃതഘ്നരിൽനിന്ന് അനുഭവിക്കേണ്ടി വന്നിട്ടുള്ള സ്നേഹശൂന്യതകളെ അനുകമ്പയോടെ അവഗണിച്ചിരുന്ന വിശാലവീക്ഷണ വിചക്ഷണൻ. ഈ ജന്മദിനത്തിൽ ആ സ്നേഹ പാരാവാരപ്പരപ്പിന്റെ മുമ്പിൽ നമ്രശിരസ്കരായി നിന്ന് കൂപ്പുകൈയ്കൾ ഉയർത്താം.

ഇന്ന് കേരളത്തിലെ ഒരു പ്രമുഖവ്യവസായ കേന്ദ്രമായിരിക്കുന്ന കുണ്ടറ കേവലമൊരു കുഗ്രാമമായിരുന്ന കാലത്ത് കൊല്ലം ഭദ്രാസനാസ്ഥാനമായി കുണ്ടറയെ കണ്ടറിഞ്ഞ ഭാവനാസമ്പന്നനായിരുന്ന അദ്ദേഹം. ഹൃദയത്തിന്റെ അവസാന തുടിപ്പും രക്തത്തിന്റെ അവസാനതുള്ളിയും ആത്മാർത്ഥതയോടെ സഭയ്ക്കുവേണ്ടി അർപ്പിച്ച ത്യാഗിവര്യനായ യോഗീശ്വരനുമായിരുന്നു.

അചഞ്ചലമായ വിശ്വാസനിഷ്ഠയും നിരന്തരമായ പ്രാർത്ഥനകളും സ്വയ ശുദ്ധീകരണാർത്ഥമുള്ള വ്രതാനുഷ്ഠാനങ്ങളും ക്രിസ്തീയ ജീവിതവിജയത്തിന്റെ മാനദണ്ഡങ്ങളായി വിശ്വസിച്ചിരുന്ന ആ ഭക്തകോകിലത്തെ അടിനയ വിദഗ്ദ്ധരായ ചില കപട ഭക്തരും അനുകരണ പണ്ഡിതരായ ചില സംസ്കാരശൂന്യരും ദ്രവ്യാഗ്രഹികളായ ചില സ്ഥാനമോഹികളും ചുററിപ്പററി, വട്ടം കറങ്ങി നിൽക്കുമായിരുന്നു. പാപഭാരത്തിന്റെ പര്യായങ്ങളായി അധഃപതിച്ചിട്ടുള്ള അത്തരം പരീശരുടെ നെറുകമേലും അപ്പോസ്തോലികാശിർവ്വാദങ്ങൾ പകർന്നിട്ടുണ്ടായിരിക്കാം. ദൈവം മരുഭൂമിയിലും മഹാമേരുവിലും മഹാസമുദ്രങ്ങളിലും മഴ പെയ്യിക്കുന്നു. ദുഷ്ടനും ശിഷ്ടനും ഒന്നുപോലെ ദാഹനീർ നൽകുന്നു.

അന്യപ്രകാശത്തിൽ വർണ്ണവൈചിത്ര്യം കാണിച്ചഹങ്കരിക്കുന്ന അവജ്ഞാർഹരായ അനഭിജ്ഞരെയല്ല; അവശന്മാരുടെയും ആർത്തന്മാരുടെയും കണ്ണുനീർച്ചോലയിൽ കഴുകിയെടുത്ത കനക നാണയങ്ങളെ ഭദ്രമായി ഒതുക്കിക്കൊണ്ട് പുഞ്ചിരി വിരിയുന്ന മുഖത്തോടെ ശൂന്യമായ കൈയ്ത്തലം ഉയർത്തിക്കാണിക്കുന്ന നേതാക്കളേയുമല്ല; യാഥാർത്ഥ്യത്തിന്റെ പരുപരുത്ത പാതകളിൽ കൂടെ പിറുപിറുപ്പു് കൂടാതെ നടന്നിട്ടുത്ത്, സ്വന്തം വിയർപ്പു് നീരിൽ തുടച്ചെടുത്ത നാണയങ്ങൾ നിസ്സഹായനായ സഹോദര സവിധത്തിൽ നീട്ടികൊടുക്കുന്ന അവധൂതന്മാരെയാണ് അദ്ദേഹം വിഭാവനം ചെയ്തിരുന്നത്.

അദ്ദേഹം ഇൻഡ്യൻ ഓർത്തഡോക്സ് സഭയുടെ ഹൃദയത്തുടിപ്പായിരുന്നു. സഭയ്ക്കാകമാനം ചൂടും വെളിച്ചവും നൽകിയ അപ്പോസ്തോലിക ദീപസ്തംഭമായിരുന്നു. വിശുദ്ധ സഭയുടെ വിപത്കാലങ്ങളിൽ വിസ്മയനീയമായ വിപദി ധൈര്യം കാണിച്ച വീരനേതാവായിരുന്നു. വിശ്വാസാചാരങ്ങളിൽ വ്യത്യാസം വരുത്താതെ വിശുദ്ധിയിൽ കാത്തുസൂക്ഷിച്ച വേദശാസ്ത്രപരായണപാരംഗതനായിരുന്നു. സഭയ്ക്കുവേണ്ടി സ്വജീവിതമർപ്പിച്ച സത്യമണവാളനായിരുന്നു. മലങ്കര സഭയുടെ മഹത്തായ മാററ് പ്രാചിപ്രതീചികളിലെത്തിച്ച മംഗളാപദാനമനോഹരനായിരുന്നു.

പാവനചരിതനായ പരിശുദ്ധ പിതാവേ! ആ മധുരമംഗളമന്ദഹാസം ഇന്നും സ്മരണ മണ്ഡ

FOR FAVOURS RECEIVED



Mariamma Koshy, Puthussery.

Mrs. Saramma Chacko Nullacath, Valparai.

P. P. Abraham Sabarmati

രോഗശാന്തിക്ക് Thomas Abraham, Kodukulanji.

Mariamma Daniel Bombay.

# ഭക്തിശിരോമണിയായ തിരുമേനി

(ററി. എസ്. ഏബ്രഹാം കോറെപ്പിസ്കോപ്പാ, വൈദിക ട്രസ്ററി)

ഭാഗ്യസ്മരണാർഹനായ നി. വ. ദി. മ. ശ്രീ മോറാൻ മോർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ ജന്മശതാബ്ദി സ്മാരകമായി ഒരു സൂവനീർ പ്രസിദ്ധീകരിക്കാനുള്ള തീരുമാനം സമുചിതവും സ്വാഗതാർഹവും സന്തോഷപ്രദവുമാണ്. പരിശുദ്ധനായ തിരുമേനിയെപ്പററിയുള്ള പാവനസ്മരണ മലങ്കര സഭാംഗങ്ങളിൽ ഒരിക്കലും മാഞ്ഞുപോകാതെ ദൈനംദിനം വളർന്നു വികസിച്ച് എക്കാലവും നിലനിൽക്കും. ജീവിതവിശുദ്ധിയും വിജയവും നേടാൻ അതു മുഖാന്തിരവുമത്രെ. ജീവിതകാലത്ത് തിരുമനസ്സിലെ പ്രാർത്ഥനയും അനുഗ്രഹവും ആശീർവാദവും അനേകായിരങ്ങൾക്ക് ശാരീരികവും മാനസികവുമായ ദൗർബല്യത്തെ നിററനിച്ച് സന്തോഷവും സംതൃപ്തിയും ആത്മീയ ശക്തിയും പ്രദാനം ചെയ്തിട്ടുണ്ട്. ഇന്നും പരിശുദ്ധതിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ശരണപ്പെടുന്ന അനേകായിരങ്ങൾ അൽഭുതമായവിധം ഉദ്ദിഷ്ടകാര്യലബ്ധിയും അനുഗ്രഹവും പ്രാപിച്ചുപോരുന്നു.

എനിക്കു തിരുമേനിയുമായി സുദീർഘമായ ബന്ധമാണുള്ളത്. പതിനെട്ടാമത്തെ വയസ്സിൽ ഞാൻ ശെമ്മാശുപട്ടം ഏററു. അന്ന് കൊല്ലം നിരണം ഭദ്രാസന ഇടവകകളുടെ മെത്രാപ്പോലീത്താ ആയിരുന്ന തിരുമേനിയാണ് എനിക്കു പട്ടം നൽകിയത്. ശെമ്മാശുപട്ടം മുതൽ കോർ എപ്പിസ്കോപ്പാസ്ഥാനംവരെയുള്ള എല്ലാ പട്ടവും തിരുമേനിയിൽനിന്നാണ് എനിക്കു ലഭിച്ചത്. ശെമ്മാശ് പട്ടം ഏററശേഷം പഴയസെമിനാരിയിൽ പോകുന്നതിനു മുമ്പ് ഞാൻ പരുമലസെമ്മിനാരിയിൽ ചെന്ന് തിരുമേനിയെ കണ്ടു. അന്ന് അവിടെ താമസിക്കാൻ തിരുമേനി കല്പിച്ചു. കല്പന പ്രകാരം തിരുമനസ്സിലെ മുറിയിൽ ഒരു ഭാഗത്തു ഞാൻ കിടന്നു. പാതിരായുടെ നമസ്കാരത്തിനു ശേഷം തിരുമേനി എന്നെ വിളിച്ചുണർത്തി, ഒരു വൈദികൻെറ ജീവിതവിജയത്തിന് അനിർവാര്യവും അവശ്യം അറിഞ്ഞിരിക്കേണ്ടതും അനുഷ്ഠിക്കേണ്ടതുമായ ജീവിതനിഷ്ഠകളെയും നടപടിക്രമങ്ങളെയും കുറിച്ച് ദീർഘസമയം ഗുണദോഷിച്ചു. തിരുമേനിയുടെ ഗുണദോഷവും പ്രാർത്ഥനയും അനുഗ്രഹവുമാണ് എൻെറ എല്ലാ നന്മയ്ക്കും ജീവിതവിജയത്തിനും മുഖാന്തിരമെന്നു ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

ഏതെങ്കിലും പിശകുകളൊ അപാകതയൊ കണ്ടാൽ ശാസിക്കുകയൊ ശിക്ഷിക്കുകയൊ ചെയ്യുന്ന സ്വഭാവമായിരുന്നു തിരുമേനിക്കുണ്ടായിരുന്നത്. എന്നെ സംബന്ധിച്ചിടത്തോളം തിരുമേനിക്ക് അഹിതം തോന്നത്തക്കവിധത്തിലുള്ള ഒരു പെരുമാററവും എൻെറ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്നത് ഒരു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. ഒരിക്കലും തിരുമേനി എന്നെ ശാസിക്കാനിടയായിട്ടില്ല. അതേസമയം തിരുമനസ്സിലെ അത്യുദാരവും അളവററതുമായ വാൽസല്യത്തിന് അർഹനാകുവാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്.

കാപട്യവും കപടഭക്തിയും തിരുമേനി കഠിനമായി വെറുത്തിരുന്നു. നീതിക്കും ധർമ്മത്തിനും വേണ്ടി വിട്ടുവീഴ്ചയില്ലാതെ പൊരുതുന്ന സ്വഭാവമായിരുന്നു തിരുമേനിയുടേത്. സത്യസന്ധതയും നൈർമ്മല്യവും ജീവിതനിഷ്ഠയും വൈദികരുൾപ്പെടെ എല്ലാവരിലും ഉണ്ടായിരിക്കണമെന്നു തിരുമേനി ആഗ്രഹിക്കുകയും അതിനാവശ്യമായ ഗുണദോഷം നൽകുന്നതിൽ ജാഗ്രത പ്രകടിപ്പിക്കുകയും ചെയ്തുപോന്നിരുന്നു. ആർദ്രസ്വഭാവിയും നിർമ്മലഹൃദയനുമായിരുന്ന തിരുമേനി ക്ഷിപ്രകോപിയും കൂടിയായിരുന്നു. അനാവശ്യമെന്നും ന്യായവിരുദ്ധമെന്നും തിരുമേനിക്കു തോന്നുന്ന നടപടികളുണ്ടായാൽ അതു് ആരിൽനിന്നായാലും തിരുമേനി കഠിനമായി ശാസിക്കും. സഭയുടെയും ജനതയുടെയും നന്മയും ക്ഷേമവുമായിരുന്നു തിരുമേനിയുടെ ലക്ഷ്യം. ശാസനയും ശിക്ഷയും ആരുടെ നേരെയുണ്ടാകുന്നുവോ അവർക്കുവേണ്ടി ആർദ്രഹൃദയ

---

വങ്ങളിൽ മായാതെ നിൽക്കുന്നു; ആയിരമായിരങ്ങളിൽ അനവദ്യമായ ആവേശം പകരുന്നു. ആ പാവന പാദപത്മ പരാഗപടലങ്ങൾ മൂർദ്ധാവി[illegible]ത്തുകൊണ്ടു ''മലങ്കരമക്കളൊ''യ ജനലക്ഷങ്ങൾ ഈ മഹത്തായ ജന്മദിനത്തിൽ പ്രാർത്ഥിക്കുന്നു; ''ആ പാവനനാമം സ്വർഗ്ഗത്തിലും ഭൂമിയിലും മഹത്വപ്പെടട്ടെ''. ''അവിടത്തെ പ്രാർത്ഥനകൾ ഞങ്ങൾക്ക് കോട്ടയായിരിക്കട്ടെ''

—oo—

നായ തിരുമേനി നിശയുടെ ഏകാന്തതയിൽ കണ്ണുനീരോടുകൂടി പ്രാർത്ഥിക്കുമായിരുന്നു.

തിരുമേനി ഓരോരുത്തരെയും നേരാംവണ്ണം ശരിയായി മനസ്സിലാക്കിയിരുന്നു. മററുള്ളവരുടെ നേരെ താല്പര്യപൂർവ്വമായ കരുതലുണ്ടായിരുന്നു തിരുമേനിക്കു്. തിരുമനസ്സിലെ വാൽസല്യപൂർവ്വമായ കരുതലിന്റെ ഗുണഫലം അനുഭവിച്ചിട്ടുള്ള അനേകം പേർ ആ മധുരസ്മരണകൾ അയവിറക്കിക്കൊണ്ടു് തിരുമനസ്സിലെ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടു കഴിയുന്നു. തിരുമനസ്സിലെ വാൽസല്യപൂർവ്വമായ കരുതലിന്റെ വലിയ അനുഭവസ്ഥനാണു ഞാൻ. കഴിഞ്ഞ മഹായുദ്ധം യൂറോപ്പിൽ ആരംഭിച്ച കാലത്തു് മലയായിലെ നമ്മുടെ ഇടവകക്കാരുടെ ചുമതലയ്ക്കു് എന്നെ അയയ്ക്കാൻ മാർ തേവോദോസ്യോസ് തിരുമേനി ആഗ്രഹിച്ചു. ബാവാതിരുമേനി അനുവദിച്ചാൽ പോകാമെന്നു ഞാൻ സമ്മതിച്ചു. തേവോദോസ്യോസ് തിരുമേനി വിവരം ബാവാതിരുമേനിയെ അറിയിച്ചു. 'അയാൾ പോകണ്ടാ' എന്നാണു് ബാവാ കല്പിച്ചതു്. കുറെ കഴിഞ്ഞു യുദ്ധം പൂർവ്വദേശത്തും വ്യാപിച്ചു. ജപ്പാൻ സിംഗപ്പൂർ പിടിച്ചു. എല്ലാം തകരാറിലായി. കുറെ നാൾ കഴിഞ്ഞു് ഒരു ദിവസം യാത്രാമദ്ധ്യേ തിരുമേനി എന്നോടു് ഇങ്ങനെ കല്പിച്ചു. 'സിംഗപ്പൂരിനു പോകണ്ടാ എന്നു ഞാൻ പറഞ്ഞപ്പോൾ വിഷമം തോന്നി അല്ലേ? യുദ്ധം ആരംഭിച്ചിരുന്നതിനാൽ അതു് സിംഗപ്പൂർ ഉൾപ്പെട്ട കിഴക്കൻ രാജ്യങ്ങളെയും ബാധിക്കുമെന്നു് എനിക്കു തോന്നി. ഇപ്പോൾ എങ്ങനെയിരിക്കുന്നു! ഒരു കാതോലിക്കാ മരിച്ചാൽ മറെറാരു കാതോലിക്കാ വാഴിക്കപ്പെടും. വിവാഹിതനായ ഒരു പട്ടക്കാരൻ മരിച്ചാൽ അയാളുടെ കുഞ്ഞുങ്ങൾക്കു പിതാവു നഷ്ടപ്പെടും. ആ കുറവു നികത്തപ്പെടാൻ സാദ്ധ്യമല്ലല്ലോ'. തിരുമനസ്സിലെ ദീർഘവീക്ഷണവും കരുതലും വാൽസല്യവും എത്ര വലുതു്. ഇങ്ങനെ ഒട്ടേറെ സംഭവങ്ങളും അനുഭവങ്ങളും തിരുമനസ്സിലെ പൈതൃക വാൽസല്യത്താൽ എനിക്കുണ്ടായിട്ടുണ്ടു്. ലേഖന ദൈർഘ്യം അനുവദിക്കുന്നില്ല അവയൊക്കെ രേഖപ്പെടുത്താൻ.

പ. ബാവാതിരുമേനി ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു. ധ്യാനിച്ചു പ്രാർത്ഥിക്കുന്ന രീതിയാണു് തിരുമേനി സ്വീകരിച്ചിരുന്നതു്. യാമപ്രാർത്ഥനകൾ നിശ്ചിതസമയത്തുതന്നെ എത്തിക്കുന്നതിൽ വലിയ നിഷ്ഠ പാലിച്ചിരുന്നു. രാത്രിയുടെ ഏകാന്തതയിൽ കണ്ണുനീരോടുകൂടി ദീർഘസമയം തനിച്ചു പ്രാർത്ഥിക്കുന്നതു് തിരുമേനിയുടെ പതിവും സ്വഭാവവുമായിരുന്നു. നോമ്പിന്റെ വ്രതാനുഷ്ഠാനങ്ങളിൽ തിരുമേനിക്കുണ്ടായിരുന്ന നിഷ്ഠ ഇന്നത്തെ തലമുറയ്ക്കു ചിന്തിക്കാൻകൂടി കഴിയാത്തവിധം കഠിനമായിരുന്നു. വാർദ്ധക്യത്തിലെ അവശതയിൽപോലും അണുവിട വ്യതിചലിച്ചിരുന്നില്ല.

തിരുമനസ്സിലെ ജീവിതചര്യ ഏററവും മാതൃകാപരമായിരുന്നു. ദേവാലയങ്ങളോടനുബന്ധിച്ച കെട്ടിടങ്ങളിൽ മാത്രമേ തിരുമേനി രാത്രികാലങ്ങളിൽ ഉറങ്ങീട്ടുള്ളു. വളരെ വാർദ്ധക്യത്തിലിരുന്ന മാതാപിതാക്കളെ കാണാൻ കുറിച്ചി


## FOR FAVOURS RECEIVED



രോഗശാന്തിക്കു് ശോശാമ്മ ജോൺ, പത്തനംതിട്ട

Excuse delay K. C. Achamma, Bihar.

Mrs. Leena Kurian, Kuwait.

Achamma John, കല്ലുവളയത്തിൽ Kunnam.

പള്ളിയിൽനിന്നു വീട്ടിൽ എഴുന്നെള്ളിയാൽ രാത്രിക്കു മുമ്പു മടങ്ങിപ്പോകുന്ന പതിവാണ് അവലംബിച്ചിരുന്നതു്. എല്ലാവരോടും സ്നേഹവും വാത്സല്യവുമുണ്ടായിരുന്നെങ്കിലും സ്ത്രീകളോടു തനിച്ചു സംസാരിക്കുന്നതിൽ തിരുമേനി വിമുഖത പ്രകടിപ്പിച്ചിരുന്നു. ദയറായ ജീവിത പ്രമാണങ്ങൾക്കു മനസാ വാചാ കർമ്മണാ ഭംഗമുണ്ടാകരുതെന്നു നിഷ്ഠ തിരുമേനിയെ സദാ ഭരിച്ചിരുന്നു.

സ്ഥാനത്തിനനുസരിച്ച വേഷവിധാനങ്ങളിൽ പ്രത്യേക ശ്രദ്ധാലുവായ തിരുമേനി ശുചിത്വത്തിൽ പ്രത്യേകം നിഷ്കർഷിച്ചിരുന്നു. സ്ഥാനമഹിമയ്ക്കും ഇടിവുതട്ടാത്ത വിധത്തിലായിരുന്നു തിരുമേനിയുടെ വർത്തമാനരീതി. ശുചിയായ ലളിതഭക്ഷണമാണ് തിരുമേനി ഇഷ്ടപ്പെട്ടിരുന്നതു്. കൂടെയുള്ളവരുടെ സുഖസൗകര്യങ്ങളിൽ എപ്പോഴും ശ്രദ്ധാലുവുമായിരുന്നു. പള്ളിയും പരിസരങ്ങളും മദ്ബഹായും ത്രോണോസും, വി. കുർബ്ബാനയ്ക്കുള്ള എല്ലാ അനുസാരികളും ഏററവും ഭംഗിയും വൃത്തിയുള്ളതുമായിരിക്കണമെന്നു തിരുമേനിക്കു നിർബന്ധമുണ്ടായിരുന്നു.

തിരുമനസ്സിലെ ആരാധന ഭക്തിനിർഭരവും, ആരുടെയും ശ്രദ്ധയെ ആകർഷിക്കുകയും, ഹൃദയത്തെ കവരുകയും ചെയ്യത്തക്കവണ്ണം ഇമ്പകരവും, ദൈവസംസർഗ്ഗം പ്രാപിക്കുന്ന—ആത്മാവിൽ ആഴ്ന്നിറങ്ങുന്ന—അനുഭവം പ്രദാനം ചെയ്യുന്നതുമായിരുന്നു. വി. കുർബ്ബാനാനുഷ്ഠാന വേളയിൽ ഒരു അത്ഭുതപ്രഭ തിരുമേനിയെ വലയം ചെയ്തിരിക്കുന്നതായി അനുഭവപ്പെട്ടും. പരിശുദ്ധ ബാവാതിരുമേനി സുറിയാനിഭാഷയിൽ അഗാധമായ അറിവും പാണ്ഡിത്യവും സമാർജ്ജിച്ചിരുന്നു. വേദശാസ്ത്രപണ്ഡിതനായ തിരുമേനി സുറിയാനിസഭയിലെ കാനോൻവിദഗ്ധരിൽ അഗ്രഗണ്യനായിരുന്നു. വേദപുസ്തകവും സഭാപരമായ ഇതര ഗ്രന്ഥങ്ങളും പ്രത്യേകസമയം വേർതിരിച്ചു മുടങ്ങാതെ പാരായണം ചെയ്തിരുന്നു. വേദപുസ്തകത്തിലെ വാക്യങ്ങൾ തിരുമേനിക്കു മനഃപാഠമായിരുന്നു. സന്ദർഭത്തിനനുസരിച്ച് അവ ഉദ്ധരിക്കുന്നതിനു പ്രത്യേക കഴിവുമുണ്ടായിരുന്നു. ആർദ്രഹൃദയനായ തിരുമേനി കഷ്ടതയും പ്രയാസവും അനുഭവിക്കുന്നവരെ യഥായോഗ്യം സഹായിച്ചുപോന്നു. സൽപാത്രത്തിൽ ദാനം ചെയ്യുന്നതിൽ തിരുമേനി ഒരു മാതൃകതന്നെയായിരുന്നു.

സമയനിഷ്ഠ പാലിക്കുന്നതിൽ തിരുമനസ്സുകൊണ്ടു പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വൈസ്രോയി ഇർവിൻപ്രഭു തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ തിരുവനന്തപുരത്തെ നമ്മുടെ പള്ളിയിൽ വി. കുർബ്ബാനയിൽ സംബന്ധിച്ചു. നാൽപത്തിയഞ്ചു മിനിററാണ് അദ്ദേഹത്തിന്റെ പ്രസ്തുത പരിപാടിക്കു നിശ്ചയിച്ചിരുന്നതു്. ബാവാതിരുമേനിയാണ് വി. കുർബ്ബാന അർപ്പിക്കുന്നതു്. ഞാൻ ശുശ്രൂഷകനും. വിവിധ സഭകളിൽപെട്ട പ്രമുഖ വ്യക്തികൾ ആരാധനയിൽ പ്രത്യേക ക്ഷണപ്രകാരം സംബന്ധിച്ചിരുന്നു. നിശ്ചിത സമയംകൊണ്ടു ബാവാതിരുമേനി വിശുദ്ധ കുർബ്ബാന പൂർത്തിയാക്കുമോ എന്ന ഒരു സന്ദേഹം സഭാനേതൃത്വത്തിലുള്ള പലർക്കുമുണ്ടായിരുന്നു. എല്ലാവരെയും അത്ഭുതപ്പെടുത്തുമാറു് സമയത്തിനു മൂന്നു മിനിററു മുമ്പ് വി. കുർബ്ബാന പൂർത്തിയാക്കുകയും, അവശേഷിച്ച രണ്ടുമിനിററ് വൈസ്രോയിയുമായി കുശലപ്രശ്നം നടത്തുകയും ചെയ്തു. പ്രസ്തുത ആരാധനയിൽ സംബന്ധിച്ച പ്രോട്ടസ്ററൻറു സഭാംഗമായ ഒരു പ്രമുഖ വ്യക്തി അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് സ്വപിതാവിനോട് 'അപ്പച്ചാ ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്നതു് കാതോലിക്കാബാവാതിരുമനസ്സിലെ വിശുദ്ധ കുർബ്ബാനയിൽ ഇന്നു ഞാൻ കണ്ടു' എന്നു പറയുകയുണ്ടായി.

വിശ്വാസസ്ഥിരതയും സ്ഥൈര്യവും അചഞ്ചലതയും തിരുമേനിയിൽ രൂഢമൂലമായിരുന്നു. അടിസ്ഥാനപ്രമാണങ്ങളിലും വിശ്വാസകാര്യങ്ങളിലും ഒരിക്കലും ഒരു വിട്ടുവീഴ്ചയും തിരുമേനി സമ്മതിച്ചിരുന്നില്ല. കാതോലിക്കേററിന്റെ മഹിമയ്ക്കും നിലനില്പിനുംവേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കാൻ തിരുമേനി സന്നദ്ധനായിരുന്നു. പക്ഷേ ആദർശത്തിൽനിന്നു വ്യതിചലിക്കാനോ ഭീഷണിക്കു വഴങ്ങാനോ തിരുമേനി സന്നദ്ധനല്ലായിരുന്നു. വിഷമകരവും സങ്കീർണ്ണവുമായ പ്രശ്നങ്ങൾ ആവിർഭവിക്കുമ്പോൾ, വിഷമങ്ങളും പ്രയാസങ്ങളും നേരിടുമ്പോൾ, ദൈവത്തിൽ പൂർണ്ണമായി ശരണപ്പെടുകയും, പരുമലയെത്തി തന്റെ ഗുരുനാഥനും പരിശുദ്ധനുമായ മാർ ഗ്രീഗോറിയോസു തിരുമേനിയുടെ കബറിങ്കൽ മുട്ടുകുത്തി കണ്ണുനീരോടുകൂടി അഭയയാചന നടത്തുകയും ആശ്വാസം കണ്ടെത്തുകയും ചെയ്യുക തിരുമേനിയുടെ പതിവായിരുന്നു.

ഗുരുഭക്തിയിൽ അദ്വിതീയനായിരുന്നു തിരുമേനി. സഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനിയുടെ വാത്സല്യശിഷ്യനായിരുന്ന തിരുമേനി, സഭയുടെ പരമോന്നതമേലദ്ധ്യക്ഷനായ കാതോലിക്കായായി അവരോധിതനായശേഷവും, ഒരു ഉത്തമ

# വി. കുമ്പസാരത്തെപ്പററി പ. ബാവാതിരുമേനി

(ഫാദർ എം. എസ്സ്. ഉമ്മൻ, റിട്ടയാർഡ് ഹൈസ്കൂൾ ഹെഡ്മാസ്ററർ)

ഉച്ച തിരിഞ്ഞു; ചൂട് ശമിച്ചില്ല. ദൈവം തോട്ടത്തിൽ കൂടി നടക്കുന്ന ശബ്ദം മനുഷ്യൻ കേട്ടു. ആദമേ, ആദമേ, നീ എവിടെയാകുന്നു എന്ന് മധുരമനോഹരമായ ഒരു വിളി മുഴങ്ങി. വൃക്ഷങ്ങളിലൊളിഞ്ഞുകൊണ്ടുനിന്ന ആദ്യ മാനുഷർ സ്രഷ്ടാവിന്റെ ശബ്ദം പുറപ്പെട്ട ദിക്കിനെ നോക്കി അനങ്ങാതെ നിന്നു. മന്ദമാരുതൻ ദൈവം തോട്ടത്തിൽ എത്തിയെന്ന സന്ദേശം ആയിരമായിരം ശാഖോപശാഖകളിൽ അതിവേഗത്തിൽ എത്തിച്ചു. പക്ഷിവൃന്ദങ്ങൾ കളകളശബ്ദത്തിലൂടെ സ്വാഗതഗാനം മുഴക്കി. തോട്ടത്തെ നനച്ചുകൊണ്ടിരുന്ന അരുവികൾ കാട്ടും മേട്ടും പാറയും കൂററൻ വൃക്ഷങ്ങളും തട്ടിത്തകർത്തു് സ്രഷ്ടാവിനെ ഒരു നോക്കു കണ്ടു് ജന്മസാഫല്യം നേടുവാൻ ഇരമ്പി പാഞ്ഞുകൊണ്ടിരുന്നു. കാററിൽ ആടിക്കൊണ്ടിരുന്ന വൃക്ഷക്കൊമ്പുകളിൽനിന്നും ചെടികളുടെയും ലതകളുടെയും ശാഖോപശാഖകളിൽനിന്നും കൂട്ടത്തോടെ നിപതിച്ച പുഷ്പങ്ങൾ പുഷ്പവൃഷ്ടി നടത്തി അവയുടെ നന്ദി പ്രകടിപ്പിച്ചു.

നന്ദികെട്ട മനുഷ്യനും ഭാര്യയും ഈ സ്വർഗ്ഗനാഥന്റെ വിളിയെ ചെവിക്കൊള്ളാതെ മരച്ചുവട്ടിൽ ഒളിച്ചുകളി നടത്തി.

തോട്ടത്തിൽവച്ചു് മനുഷ്യനും ഭാര്യയും കുമ്പസാരിക്കുന്നതിനു വിളിക്കപ്പെട്ടു; പക്ഷേ അവരാകട്ടെ സത്യവും പൂർണ്ണവുമായ കുമ്പസാരത്തിൽനിന്നും തെററിമാറി. ആദാം സ്ത്രീയേയും സ്ത്രീ സർപ്പത്തെയും പഴിച്ചു. പാപത്തിന്റെ ചുമതല ഇരുവരും ഏറെറടുത്തില്ല. ഈ നാടകം കുമ്പസാര ലോകത്തിൽ എത്രയോ വൻതോതിൽ ഇന്നും ആവർത്തിക്കപ്പെടുന്നു.

അവരവർ ചെയ്യുന്ന കുററത്തിനും അവരവർക്കു നേരിടുന്ന ആപത്തുകൾക്കും പരാജയങ്ങൾക്കും ചുമതല അന്യരിൽ ചാരുന്നതിനു വർദ്ധിച്ചുവരുന്ന പ്രവണത ഏദൻതോട്ടത്തിൽ ഉത്ഘാടനം ചെയ്തതാണ്. ആകയാൽ സത്യവും സമ്പൂർണ്ണവുമായ കുററസമ്മതത്തിനും പശ്ചാത്താപത്തിനും വിസമ്മതിച്ച ആദ്യമനുഷ്യർക്ക് ദൈവംതമ്പുരാൻ എങ്ങനെ വി. കുർബ്ബാന നിഷേധിച്ചു എന്നു് പരിശുദ്ധ ബാവാതിരുമേനിയുടെ വാക്കുകളിൽ വായിക്കുക.

പരിശുദ്ധ ബാവാതിരുമേനിയോടു് ഒരച്ചൻ എന്റെ സാന്നിദ്ധ്യത്തിൽ ചോദിച്ചു: 'പെസഹാ കുർബ്ബാന എല്ലാവർക്കും ഭക്ഷിക്കാം; വി. കുമ്പസാരം അത്യാവശ്യമല്ല. അച്ചന്മാർ വേണേൽ കൈവച്ചു് പാപമോചനം തന്നേക്കട്ടെ' എന്നിങ്ങനെ മനുഷ്യർ പറയുന്നല്ലോ തിരുമേനീ, ഞങ്ങൾ അച്ചന്മാർ എന്തു ചെയ്യും? പരിശുദ്ധ ബാവാതിരുമേനി അസ്വസ്ഥനായി കാണപ്പെട്ടു. അല്പം എഴുന്നേററിരുന്നു; ചാരുകസേരയുടെ കൈകളിൽ അവിടുത്തെ കൈകൾ ഉറപ്പിച്ചു. എന്നിട്ടിപ്രകാരം പറഞ്ഞു. 'ഇപ്പോഴത്തെ ചെറുപ്പക്കാർക്കു വിശ്വാസം കുറഞ്ഞുപോയി. അവർക്കു വേണ്ടപോലെ ചൊല്ലിക്കൊടുക്കാനും ആളില്ല. കുരിശു വരയ്ക്കുന്നവർ ചുരുക്കം; ആമ്മീൻ പറയുന്നവർ അതിനേക്കാൾ ചുരുക്കം. നമസ്ക്കാരം അറിയാവുന്നവരുടെ എണ്ണവും കുറഞ്ഞുപോയി. സത്യമായും പൂർണ്ണമായും കുമ്പസാരിക്കാത്തവനു് പൂർണ്ണ മോചനം ഇല്ല; വി. കുർബ്ബാന അനുഭവിപ്പാൻ അവകാശവും ഇല്ല. ആദ്യ മാതാപിതാക്കന്മാർ പാപം ഒളിച്ചുവെച്ചു. പാപം ഏററുപറഞ്ഞില്ല; പാപത്തെപ്പററി ദുഃഖം കാണിച്ചുമില്ല. ദൈവംതമ്പുരാൻ അവരെ തോട്ടത്തിൽനിന്നും ആട്ടിപ്പുറത്താക്കി ജീവവൃക്ഷത്തിന്റെ ഫലം അവർക്കു നിഷേധിച്ചു. തോട്ടത്തിൽ കാവൽക്കാരെയും ഏർപ്പെടുത്തി. ദൈവം നിഷേധിച്ചതിനെ നമുക്കു കൊടുക്കാൻ പററുമോ? അതുകൊണ്ടു് വാസ്തവമായി കുമ്പസാരിക്കാത്തവർക്കു് വി. കുർബ്ബാന കൊടുക്കാൻ പാടില്ല'.

---

ശിഷ്യൻ ഗുരുവിനോടെന്നപോലും ബഹുമാനവും ആദരവും പ്രകടിപ്പിച്ചു് ഒരു വലിയ മാതൃകതന്നെ സൃഷ്ടിച്ചിട്ടുണ്ടു്. ദിവംഗതനായ പ. തിരുമേനി സഭയുടെ ക്ഷേമത്തിനും നിലനില്പിനും ആഭ്യന്തര സ്വാതന്ത്ര്യത്തിനുംവേണ്ടി അർപ്പിതബുദ്ധിയോടുകൂടി നിസ്വാർത്ഥനായി ദീർഘകാലം വീറോടെ പോരാടി വിജയശ്രീലാളിതനായി ഭാഗ്യമരണം പ്രാപിച്ചു. ഭാഗ്യസ്മരണാർഹനായ പരിശുദ്ധ തിരുമേനിയുടെ പ്രാർത്ഥനയിൽ നമുക്കു് അഭയം തേടാം.

—0—

# DIAMOND IS RARE

# VEMBANAD WHITE PORTLAND CEMENT

★

Manufactured out of

**PURE, COSTLY AND RARE RAW MATERIALS**

IS NOT PLENTEOUS EITHER

USE IT SPARINGLY AND

ONLY FOR TOP QUALITY JOBS

★

Manufactured by:

**THE TRAVANCORE CEMENTS LTD.,**

KOTTAYAM - 13, KERALA STATE.

# ചിത്രകലയിൽ എന്റെ ഗുരു

(ആർട്ടിസ്റ്റ് ബേബി)

എന്റെ എളിയ ചിത്രകലാജീവിതത്തിന്റെ ആരംഭകാലത്ത്, കാലംചെയ്ത പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഒരു ചിത്രം എഴുതി. പ്രസ്തുത ചിത്രം നേരിൽ കണ്ട ഇപ്പോഴത്തെ പരുമല സെമിനാരി മാനേജർ ബഹുമാനപ്പെട്ട മാത്യൂസ് അച്ചൻ, കാലം ചെയ്ത–പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയുടെ ഒരു വലിയ ചിത്രം എഴുതുവാൻ എന്നെ ഏല്പിച്ചു. എന്റെ കലാജീവിതത്തിൽ എനിക്കു ലഭിച്ച ആദ്യത്തെ ഒരു വലിയ ഓർഡർ ആയിരുന്നു അത്.

ആരുടെ ചിത്രമാണോ എഴുതേണ്ടത് ആ മഹാരഥന്റെ തേജോമയമായ തിരുമുഖം നേരിൽ ദർശിച്ച് പഠിക്കുവാനായി ബലഹീനനായ ഞാൻ 1963 ഡിസംബർ 22-ാം നു- ദേവലോകം അരമനയിലെത്തി.

അരമനക്കെട്ടിടത്തിന്റെ ആദ്യത്തെ മുറിയുടെ വാതിൽക്കൽ നിന്നുകൊണ്ടു് അകത്തേയ്ക്ക് നോക്കിയപ്പോൾ ചാരുകസേരയിൽ ഒരു ദിവ്യരൂപം ചാരിക്കിടക്കുന്നു. ആ തിരുമുഖത്തെ ദിവ്യജ്യോതിസ് കണ്ടപ്പോൾ, തിരുമുമ്പിൽ എങ്ങനെ നിന്ന് സംസാരിക്കും, ദർശിക്കും എന്നുള്ള അമ്പരപ്പു് എന്നിലുളവായി. തിരുമേനി എന്നെ കണ്ടു്.

പൊടുന്നനവേ ഇടിനാദംപോലെ ഒരു ശബ്ദം മുറിക്കുള്ളിൽനിന്ന് ഉയർന്നു.

'' ആരാണ് അത് ''.

അതു കേട്ടപ്പോൾ ഒരു മിന്നൽപിണർ എന്നിൽ കൂടി കടന്നതുപോലെ ഒരു തോന്നൽ,

എന്റെ കാൽമുട്ടുകൾ രണ്ടും കൂട്ടിമുട്ടി. ഉള്ളംകാൽ മുതൽ ശിരസ്സുവരെ തരിച്ചുപോയി. നിമിഷങ്ങളോളം ഇതികർത്തവ്യതാ മൂഢനായി നിന്ന ശേഷം, എന്റെ ചുണ്ടുകൾ ചലിപ്പിച്ചു.

അടിയൻ ചെങ്ങന്നൂർ നിന്നുവരുകയാണ്, പരുമല സെമിനാരിയിലെ മാനേജരച്ചൻ ഇങ്ങോട്ടു പറഞ്ഞയച്ചതാണ് എന്ന് ഒരു വിധത്തിൽ പറഞ്ഞൊപ്പിച്ചു.

എന്തിനാണ് വന്നത്, അതല്പം ശാന്തമായ ശബ്ദമായിതിനാൽ ഞാൻ ഒന്നാശ്വസിച്ചു. വീണ്ടും മറുപടി പറയാൻ സ്വല്പം ധൈര്യം കിട്ടി, ഞാൻ പറഞ്ഞു.

അടിയൻ തിരുമേനിയെ ഒന്നു കാണാൻ വന്നതാണ്. എന്റെ യാത്രയുടെ ഉദ്ദേശ്യവും അതോടൊപ്പം ഞാൻ വ്യക്തമാക്കി.

ഇത്രയും സമയത്തിനുള്ളിൽ തിരുമേനിയുടെ കാലിൽ നല്ലവണ്ണം വേദന ഉണ്ടെന്ന്, ഇടയ്ക്കുള്ള ചലനങ്ങളും, മുഖഭാവവും കണ്ടതിൽനിന്നു ഞാൻ മനസ്സിലാക്കി. സംസാരമദ്ധ്യേ മിനിട്ടുകളോളം മയങ്ങുകയും, ഉണരുകയും ചെയ്യുന്നതുപോലെയും തോന്നി.

പെട്ടെന്നൊരു ചോദ്യം.

നിന്റെ പേരെന്താണ്?

ബേബി എന്നാണ് സാധാരണ വിളിക്കുന്നത് എങ്കിലും, അങ്ങനെയുള്ള പേരുകൾ തിരുമേനിക്ക് ഇഷ്ടമല്ലെന്ന് നേരത്തെ അറിയാമായിരുന്നതുകൊണ്ടു്, മാമോദീസാനാമമായ ജോസഫു് എന്നു പറഞ്ഞു.

പെട്ടെന്ന് തല തിരിച്ച് പുറകിൽനിന്നിരുന്ന–അച്ചനോടായി ചോദിച്ചു.

ആരാണടോ ജോസഫു്?

പ്രത്യുത്തരമായി അച്ചൻ പറഞ്ഞു–

'' ഒരു തച്ചുപണിക്കാരനാണേ '' പ്രതീക്ഷിച്ച ഉത്തരം ലഭിച്ച എന്ന ചാരിതാർത്ഥ്യത്തോടെ ആ ശിരസ്സ് കുലുക്കി ഒന്നു ചിരിച്ചു.

അടുത്ത ചോദ്യം.

നീ എവിടെയാണ് ചിത്രമെഴുത്ത് പഠിച്ചത്!

ഞാൻ പറഞ്ഞു അടിയനു ശാസ്ത്രീയമായി ചിത്ര

---

സങ്കീർത്തനപ്പുസ്തകം 45-ൽ ഒന്നാം വാക്യത്തിൽ പറയുന്നതുപോലെ 'എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു' എന്നുള്ളത് പരിശുദ്ധ ബാവാതിരുമേനിയെ സംബന്ധിച്ചിടത്തോളം തികച്ചും അന്വർത്ഥമായിരുന്നു. സംശയങ്ങൾ ദൂരീകരിക്കാനും തെറ്റുകളെ ചൂണ്ടിക്കാണിച്ചു മുഖം നോക്കാതെ ശാസിക്കാനും ദൈവവചനങ്ങളും ദൈവീക സംഭവങ്ങളും ഉദ്ധരിച്ച് ഉപദേശിക്കാനും അതുല്യമായ ഒരു കഴിവ് പരിശുദ്ധ തിരുമേനിക്കുണ്ടായിരുന്നു എന്ന് ആയിരമായിരം അനുഭവസ്ഥർ എന്നോടൊപ്പം ചേർന്ന് സാക്ഷിക്കുമെന്ന് എനിക്കുറപ്പുണ്ടു്.

—൦—

മെഴുത്തു് അഭ്യസിക്കുവാനുള്ള ഭാഗ്യം ഉണ്ടായില്ല. പറഞ്ഞു തീരുംമുമ്പേ അല്പം ശബ്ദം ഉയർത്തി ക്കൊണ്ടു് തിരുമേനി ചോദിക്കുകയാണു്.

പിന്നെ എങ്ങനെയാണു് നീ ചായങ്ങൾ കുഴയ്ക്കുന്നതും, നിറങ്ങൾ അറിയുന്നതും,

അല്പം പരുങ്ങലോടെ ഞാൻ പറഞ്ഞു ഒരു വംതമ്പുരാൻ ജന്മസിദ്ധമായിത്തന്ന ഒരു കലാവാസനയും, ചെറിയ ചിത്രങ്ങളും മററും എഴുതിയുള്ള ഒരു പരിശീലനവും കൊണ്ടാണേ. എന്നാൽ ശരി. പരുമല തിരുമേനിയുടെ ഒരു ചിത്രം നീ എനിക്കു വരച്ചുതരണം. തരാമോ? ''വരച്ചുതരാമേ'', ഞാൻ പറഞ്ഞു.

അല്പം നർമ്മരസം കലർത്തി തിരുമേനി പറയുകയാണു് ഞാൻ പ്രതിഫലമായി രൂപായൊന്നും തരുകയില്ല കേട്ടോ?

ഞാൻ പറഞ്ഞു. അടിയനു് അവിടുത്തെ അനുഗ്രഹം മതി!

ചാരിക്കിടന്ന തിരുമേനി മുമ്പോട്ടു നിവർന്നിരുന്നു് തോളുകൾ കുലുക്കി പൊട്ടിച്ചിരിച്ചുകൊണ്ടു് കല്പിച്ചു.

അങ്ങനെയാണെങ്കിൽ അതു നല്ല ''ലാഭക്കച്ചവടം ആണല്ലോ''.

അപ്പോൾ ഞാനും ബഹുമാനപ്പെട്ട അച്ചനും ആ ഫലിതം തുളുമ്പുന്ന വചനങ്ങൾ കേട്ടു് അടക്കി ചിരിച്ചുപോയി.

ഇത്രയും ആയപ്പോഴേയ്ക്കും, മുറിയുടെ മൂലയിൽ ചാരിവച്ചിരുന്ന തിരുമേനിയുടെ ഒരു വലിയ ചിത്രം എന്നെ ചൂണ്ടിക്കാണിച്ചതിനുശേഷം, ആലസ്യവിധേയനായ തിരുമേനി പരസഹായം കൂടാതെ എഴുന്നേററു വന്നു് ചിത്രത്തിൽ മൂടിയിട്ടിരുന്ന തുണി എടുത്തശേഷം ചിത്രം എന്നെ കാണിച്ചു. (പ്രസ്തുത ചിത്രം അരമനയുടെ സ്റെറയർ കേസിനു മുകളിൽ ഇപ്പോൾ പ്രതിഷ്ഠിച്ചിരിക്കുകയാണു്). എന്നിട്ടു പറഞ്ഞു. ഇതു് മാവേലിക്കര ആർട്ടിസ്ററു് തമ്പുരാൻ എഴുതിയതാണു്, മാവേലിക്കരെ നമ്മുടെ പറമ്പിലച്ചൻ എനിക്കു സംഭാവനയായി വരപ്പിച്ചു തന്നതാണു്. ഇതിന്റെ വില ആയിരം രൂപയാണു്.

ഇതു് കൊള്ളാമോ? ഒരു ചോദ്യം.

അടിയൻ ഈ ചിത്രത്തിനു് അഭിപ്രായം പറയാൻ കഴിവുള്ളവനല്ലാ എങ്കിലും നന്നായിരിക്കുന്നു എന്നു് പറഞ്ഞു.

തിരികെ വന്നു് കസേരയിൽ ഇരുന്നപ്പോൾ ഞാൻ പറഞ്ഞു. അടിയനെ ഒന്നു് അനുഗ്രഹിക്കേണമേ! എന്നു്.

ഉടനെ തറയിൽ മുട്ടു കുത്തി നമ്രശിരസ്കനായി ഞാൻ ഇരുന്നു.

നിമിഷങ്ങൾക്കകം, ആ അനുഗ്രഹിക്കപ്പെട്ട തൃക്കരം എന്റെ തലമേൽ വച്ചു. രണ്ടു മൂന്നു മിനിട്ടുനേരം കൈ അനങ്ങുന്നുമില്ല, ശബ്ദവുമില്ല.

ഞാൻ ചിന്തിച്ചു, തിരുമേനി ഉറങ്ങുകയാണോ ഞാൻ തല ഉയർത്തണമോ?

തല ഉയർത്തിയാൽ കൈ തെററി താഴേക്കു് പോകുകയില്ലേ?

അങ്ങനെ സംഭവിച്ചാൽ, അനുഗ്രഹത്തിനു പകരം അതു ശാപമാകുകയില്ലേ?

പലപല ചിന്തകൾ പെട്ടെന്നു് എന്നിൽക്കൂടി മിന്നിമറഞ്ഞു. രണ്ടും കല്പിച്ചു ഞാൻ ഒരേ ഇരിപ്പു് ഇരുന്നു.

FOR FAVOURS RECEIVED



Mrs. Mary Varghese, Mavelikara.    V. K. Koshy, Kuwait.

കവിത

# ആ കബറിങ്കൽ......

(ഫാ. ജോർജ്ജ് കളീയ്ക്കൽ, പാതിക്കാട്ട്)

1. അന്നുഞാനങ്ങെത്തിയാ, ക്കബറിൻ പാർശ്വേനിന്ന-
ങ്ങുന്നതാശയൻ മഹാൻ, താതന്റെ പാദംപൂകി
അല്പൽതീർന്നെഴുന്നേററു, കൺകളിൽനിന്നും വാർന്ന-
ങ്ങുള്ളിൽനിന്നൊഴുകിയാ, കണ്ണുനീരർപ്പിച്ചു ഞാൻ

2. കൺമുമ്പിൽനിൽക്കുന്നതാം, പുണ്യനാം താതൻതന്റെ
കൺകളിൽത്തന്നെ നോക്കീ, നിന്നുഞാൻ ധ്യാനിച്ചുപോയ്
ധ്യാനത്തിന്നിടയിലാ, ക്കബറിന്നുള്ളിൽ വാഴും
താതന്റെ ധന്യാത്മമാം, ജീവിതം കണ്ടു ഞാനും.

× × ×

3. ശുദ്ധരാം പിതാക്കന്മാരൊക്കയും സേവിക്കുന്നാ
ശുദ്ധനാം താതൻ ദൈവം, നൽകിയോരനുഗ്രഹാൽ
ശുഭ്രമാം വേഷംധരിച്ചർപ്പിതാൽ ശോഭിച്ചുള്ളാ
ശുദ്ധനാം പിതാവത്രേ, കൺമുമ്പിൽ തെളിയുന്നു!

4. വിശ്വാസസംരക്ഷകൻ വിശ്വദാർശനീകൻതാൻ
വിശ്വാസവീരൻതന്നേ വിമലൻ വിശുദ്ധനും
സഭയെസ്നേഹിച്ചപോലാരെയും സ്നേഹിക്കാതെ
സഭയ്ക്കായ് ജീവൻനൽകീ സഭയെപ്പാലിച്ചവൻ

5. പാമ്പിനേപ്പോൽ ബുദ്ധിമാൻ, പ്രാവിനേപ്പോൽ നിർമ്മലൻ
പ്രാർത്ഥനാനിരതനും, പ്രാപ്തനാം നയജ്ഞനും

---

ഉദ്ദേശം നാലഞ്ചു മിനിട്ടു കഴിഞ്ഞപ്പോൾ കൈ ചലിച്ചു, എന്റെ നെററിയിൽ തള്ളവിരൽ കൊണ്ടു് മൂന്നു് പ്രാവശ്യം കുരിശടയാളം ഇട്ടു. ഞാൻ സന്തോഷാധിക്യത്താൽ പൊട്ടിക്കരഞ്ഞുപോയി.

അന്നേരമാണു്, ബലഹീനനായ, ശാസ്ത്രീയമായ കഴിവുകൾ നേടാത്ത, എന്റെ നന്മയ്ക്കായി അത്രയും, സമയം, ആ ശ്രേഷ്ഠ മഹാപുരോഹിതൻ പ്രാർത്ഥിക്കുകയായിരുന്നു എന്നു് മനസ്സിലായതു്.

എന്റെ ജീവിതത്തിലെ അവിസ്മരണീയമായ ആ രംഗം, എന്റെ ചിത്രകലാഭ്യാസത്തിന്റെ തുടക്കം ആയിരുന്നു.

ചിത്രമെഴുത്തു് പഠിക്കാത്ത ആ അഭിവന്ദ്യഗുരുവിന്റെ അകമഴിഞ്ഞ അനുഗ്രഹമാണു്, എന്നെ ഒരു ചിത്രകാരനാക്കിയതു് എന്നു് ഞാൻ വിശ്വസിക്കുന്നു.

പരിപാവനനായ ആ കർമ്മയോഗിയുടെ, അനേകം ചിത്രങ്ങൾ ഞാൻ ഇതിനോടകം എഴുതിക്കഴിഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ അന്തിമാഭിലാഷമായ, പരുമലതിരുമേനിയുടെ ചിത്രം എഴുതി ബാവാ തിരുമേനിക്കു കൊടുക്കുവാനുള്ള ഭാഗ്യം എനിക്കു് ഉണ്ടായില്ല. കാരണം അന്നേക്കു് പന്ത്രണ്ടു് ദിവസം കഴിഞ്ഞപ്പോൾ (1964 ജനുവരി 3–നു്) ആധന്യ-ജീവിതം അവസാനിച്ചു. ഇപ്പോഴും പാലററിൽ നിന്നും ബ്രഷുകൊണ്ടു് ചായം ചാലിച്ചെടുക്കുമ്പോൾ പരിശുദ്ധനായ പൊന്നു തിരുമേനിയെ, എന്റെ ഗുരുനാഥനെ ഞാൻ ഓർക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത നമുക്കു കോട്ടയായിരിക്കട്ടെ!

പ്രശസ്ത കോംവികാർക്കായ്, പ്രസംഗപാരംഗതൻ
പാഷാണ്ഡഭോഷന്മാർക്കോ, തികഞ്ഞ വേദജ്ഞാനി.

6. ആചാരമനുഷ്ഠാന കർമ്മാദികളൊക്കെയും
ആചാര്യപദവികൾ കോട്ടമേല്പിക്കാത്തോൻതാൻ
നോമ്പിലും വ്രതത്തിലും, ശ്രേഷ്ഠമാം നിഷ്ഠയൊത്താ
ജീവിതം നയിച്ചീടും പുണ്യനാം തിരുമേനി!

7. ആരു തന്നായീടിലും ഭയന്നേനിൽക്കു മുന്നിൽ
ആരിലും സ്നേഹം വീശു—ന്നാഴമായ്ത്തന്നേനൂനം.
വ്യക്തിയായ് ജീവിച്ചിട്ടും, ശക്തിയായ് പ്രവർത്തിക്കും
വ്യക്തമാം രൂപംതന്നെ ശുദ്ധനാം താതൻ ഭവാൻ!!

8. ആരെയും മുഖം നോക്കാതെന്നുമേ കല്പിച്ചീടു—
ന്നാജ്ഞയാണവിടത്തെ തിരുവായ് മൊഴികളിൽ
കോപിച്ചാലുടൻതന്നേ ദുഃഖവും പുറപ്പെടും
കോപിക്കിൽ സിംഹിക്കൊപ്പം, ദുഃഖിക്കിൽ കുഞ്ഞാടുപോൽ

9. ദൂരെനിന്നവിടത്തെ ജീവിതം ദർശിച്ചീടിൽ
ദൂരവെ കാണും ഘോരസിംഹമാണെന്നേ തോന്നൂ
അടുത്തണഞ്ഞീടിലോ ശാന്തനാം കുഞ്ഞാടുപോൽ
അതുതാനത്രേ താതൻ, പൂജ്യനാം പുണ്യാത്മജൻ!!

10. വിജയം കൈവന്നാലും വിനയം വിടാതുള്ളോൻ
വിജയാഹ്ളാദം മൂലം, ആരെയും ഞെരുക്കാത്തോൻ
വിശുദ്ധൻ താനെങ്കിലും, വിളിച്ചുഘോഷിക്കാത്തോൻ
വിശുദ്ധ പാത്രംതന്നേ തെരഞ്ഞെടുത്തവൻ.

11. ആനനം തന്നിൽകാണും ദിവ്യമാം പ്രഭാപൂരം
ആനന്ദം തരും നിത്യം സംശയം വേണ്ടാ, നൂനം
ആ ദിവ്യ ജ്യോതിസ്സാകും തേജഃപുഞ്ജമേ കാൺമൂ
ആ ദിവ്യസാന്നിദ്ധ്യത്തിൽ ഞാനൊന്നു നമിച്ചോട്ടേ!!

× × ×

12. ദിവ്യനാം താതൻ തന്റെ ഭവ്യമാം കബറിങ്കൽ
നിന്നനേരമൊക്കെയും മറ്റൊന്നുമറിഞ്ഞില്ലാ
ദിവ്യമാം കരങ്ങളാംതൻ കീഴിലായ് നിന്നെന്നപോ—
ലിന്നിതാ ഞാനും ശിരസ്സൊന്നുമേ നമിക്കുന്നു.

13. വന്ദ്യമാമീന്നാറാകും ജന്മനാം ദിനംതന്നിൽ
വന്ദ്യനാം പിതാവേ ഞാനിന്നിതാ നമിക്കുന്നു
എന്നെയും തിരുമുമ്പിൽ വരുന്നോരെല്ലാരേയും
ധന്യമായനുഗ്രഹിച്ചയക്കണമേ പ്രഭോ.

14. നൂറുനൂറു പൂക്കളാം സ്നേഹത്താൽ കരുത്തുള്ളാ
നൂതനങ്ങളായുള്ളാ മാല്യങ്ങളർപ്പിച്ചോട്ടേ
കുറവും കുറ്റങ്ങളതൊക്കെയും നിറഞ്ഞുള്ളോ—
രെന്നെഞാൻ സമർപ്പിപ്പൂ തൃക്കയ്യാൽവാഴ്ത്തൂ താതാ!!

(കേക.)

# പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രസംഗം

(1962 ഡിസം, 10–ാം തീയതി 5 മണിക്ക് കോട്ടയം മാർ ഏലിയാചാപ്പലിന്റെ പുരോഭാഗത്തു സജ്ജമാക്കിയിരുന്ന വിശാലമായ പന്തലിൽവച്ച് മലങ്കരസഭ സന്ദർശിച്ച വിവിധ ഓർത്തഡോക്സ് സഭാപ്രതിനിധികളായ പ്രശസ്താതിഥികളുടെ ബഹുമാനാർത്ഥം പ. കാതോലിക്കാബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്ന സ്വീകരണ മഹായോഗം.)

## പ. കാതോലിക്കാബാവാ തിരുമേനി ചെയ്ത പ്രസംഗം

പ്രിയരെ,

നമ്മുടെ സഭയെ സന്ദർശിപ്പാൻ വന്നിരിക്കുന്ന ബഹുമാനപ്പെട്ട സഹോദരന്മാരെ സ്വാഗതം ചെയ്യുന്നതിനും അവരോടുള്ള നമ്മുടെ സ്നേഹബഹുമാനങ്ങളും പ്രദർശിപ്പിക്കുന്നതിനുമാണ് നാം ഇവിടെ കൂടിയിരിക്കുന്നത്,

നമ്മുടെ സഭ ആരംഭംമുതലേ ഓർത്തഡോക്സാണ്. ഇൻഡ്യയുടെ തെക്കേ കോണിൽ പുരാതനകാലം മുതൽ സ്ഥിതിചെയ്യുന്ന ഈ സഭയെപ്പറ്റി നമ്മുടെ ഈ സഹോദരന്മാർക്കു കേട്ടറിവു മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ നേരിട്ടു കണ്ട് അറിയുന്നതിനാണ് അവർ വന്നിട്ടുള്ളത്. നമ്മുടെ സഭയുടെ സ്ഥാപകനായ പ. തോമ്മാശ്ലീഹാ കേട്ടു വിശ്വസിക്കാതെ കണ്ടു വിശ്വസിച്ച ആളാണല്ലോ. ആകയാൽ ഇവർ നമ്മുടെ സഭയെ കണ്ട് അറിയുന്നതിനു വന്നിരിക്കുന്നതിൽ നമുക്കു സന്തോഷമാണുള്ളത്. ഉയിർത്തെഴുന്നേററ നമ്മുടെ കർത്താവിന്റെ വിലാവിൽ തൊട്ടുനോക്കിയിട്ട്–ആ ആൾ ''എന്റെ കർത്താവും എന്റെ ദൈവവു''മാണെന്ന് അപ്പോസ്തോലൻ വിശ്വസിച്ച് ഏററുപറഞ്ഞു. ആ വിശ്വാസമാണ് നമ്മുടെ പിതാവു നമുക്ക് ഏല്പിച്ചു തന്നിരിക്കുന്നത്. അതാണു സത്യവിശ്വാസം, ഈ വിശ്വാസത്തിൽ എന്തെങ്കിലും കുറവുള്ളതായി കാണുവാൻ ആർക്കും സാധിക്കുന്നതല്ല.

ഏകദേശം രണ്ടായിരം വർഷക്കാലമായി നമ്മുടെ സഭ ഇവിടെ നിലനില്ക്കുന്നു എന്നുള്ളതു് പലർക്കും അത്ഭുതമാണ്. എന്നാൽ പീഡയും ഞെരുക്കവും കൂടാതെയല്ല, നാം കടന്നുപോന്നിട്ടുള്ളതു്. പക്ഷേ, ഒരു പ്രത്യേകതയുണ്ടു്; നമ്മുടെ സഹോദരന്മാർ എന്നു പറഞ്ഞ് ഇവിടെ വന്ന വിദേശികളിൽ നിന്നാണ് നമുക്കു പീഡ സഹിക്കേണ്ടിവന്നതു്. അവർ വിശ്വാസത്തിൽ നമ്മോടു യോജിപ്പുള്ളവരല്ലായിരുന്നു. അതു് ആദ്യം നാം ശരിയായി മനസ്സിലാക്കാതിരുന്നതിനാൽ അവർ നമ്മുടെ സഹോദരന്മാരാണെന്നു വിചാരിച്ചുപോയി. എന്നാൽ അവരുടെ ഉദ്ദേശം നമ്മുടെ വിശ്വാസത്തിൽനിന്നും നമ്മെ വഴിതെററിച്ച് അവരിലേക്കു പരിവർത്തനം ചെയ്യിക്കുക എന്നുള്ളതായിരുന്നു. ''കുഞ്ഞാടുകളുടെ വേഷത്തിൽ വരുന്ന ഓനായിക്കളെ സൂക്ഷിച്ചുകൊൾവിൻ'' എന്നു നമ്മുടെ കർത്താവു് അരുളിച്ചെയ്തിട്ടുള്ളപ്രകാരം, അവരുടെ ഉദ്ദേശത്തെ നാം മനസ്സിലാക്കിയപ്പോൾ നാം നമ്മുടെ വിശ്വാസത്തിൽ മുറുകെപിടിച്ചു നിന്നു, ദുഃഖകരം ചില പട്ടക്കാരും ജനങ്ങളും അവരുടെ പിന്നാലെ പോയിയെങ്കിലും സഭയായി നാം ഉറച്ചുനിൽക്കുകതന്നെ ചെയ്തു, സത്യവിശ്വാസം സംരക്ഷിക്കുന്നതിനുള്ള പരിശ്രമത്തിൽ അവരിൽനിന്നും വളരെ പീഡകൾ സഹിക്കുവാൻ നമുക്കിടയായി. ഓർത്തഡോക്സ് സഭയാകുന്ന ഈ ഭവനം വിശ്വാസമാകുന്ന പാറമേൽ പണിയപ്പെട്ടതാകയാൽ പാതാളഗോപുരങ്ങൾക്ക് ഇതിനെ തകർക്കുവാൻ സാധിച്ചില്ല. നമ്മുടെ വിശ്വാസത്തോട് എതിർത്തു ജയിക്കാൻ സാധിക്കാഞ്ഞതുകൊണ്ടു്, വിശ്വാസസത്യങ്ങളടങ്ങിയ നമ്മുടെ വിലയേറിയ ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു മുഴുവൻ അവർ അഗ്നിക്കിരയാക്കി, X ഇതു ചെയ്തതു് ഇൻഡ്യയിൽ പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടിവന്ന റോമൻ ബിഷപ്പായ മെനേസ്സിസും കൂട്ടരും ആയിരുന്നു. രാഷ്ട്രീയമായ ശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. അന്നത്തെ നമ്മുടെ മെത്രാൻ, മെനേസ്സിസ് മെത്രാന്റെ കാർക്കരിവീണ് അവ നശിപ്പിക്കരുതേ എന്നു കേണപേക്ഷിച്ചു. പക്ഷെ ഒരു പ്രയോജനവുമുണ്ടായില്ല. വഴിയിൽകൂടി കടന്നുപോകുന്നവരോട് 'നിങ്ങൾ ഇതു കാണുന്നില്ലയോ' എന്നു പറഞ്ഞ് അദ്ദേഹം ഉച്ച

X മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ by E. M. Philip (old editon page 107 കാണുക. – Ed )

# നിങ്ങൾക്കുവേണ്ടി

## കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡു സ്കീമിന്റെ ഭവനനിർമ്മാണ പദ്ധതികൾ

താണ വരുമാനക്കാർക്കും ഇടത്തരക്കാർക്കും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും
അനുയോജ്യമായ ഭവനങ്ങൾ ഹൗസിംഗ് ബോർഡ് വാഗ്ദാനം ചെയ്യുന്നു.

ഹൗസിംഗ് ബോർഡിന്റെ ഇപ്പോൾ നിലവിലിരിക്കുന്ന സ്കീമുകളിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ഥലം, വീട്, പ്ലാറ്റ് ആവശ്യമുള്ളവർ ബന്ധപ്പെട്ട റീജണൽ എഞ്ചിനീയറുടെ ആഫീസുകളിൽ അന്വേഷിക്കുക.

തിരുവനന്തപുരം യൂണിറ്റ്:– 1) മെഡിക്കൽകോളേജു സ്കീം (പ്ലാറ്റുകൾ) 2) പേരൂർക്കട സ്കീം. 3) പി. ടി. പി. നഗർ. (തിരുമല) 4) ഉള്ളൂർസ്കീം. 5) കൈതവന സ്കീം. (ആലപ്പുഴ)

എറണാകുളം യൂണിറ്റ്:– 1) കഞ്ഞിക്കുഴി സ്കീം. (കോട്ടയം) 2) അയ്യന്തോൾ. (തൃശൂർ)

### ഉടൻതന്നെ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്ന മററു സ്കീമുകൾ

തിരുവനന്തപുരം യൂണിററ്:– ചാക്ക, അമ്പലംമുക്ക്, തേവള്ളി (കൊല്ലം), പണ്ഡിററ് കോളനി.

എറണാകുളം യൂണിററ്:– 1) ഇളംകുളം. 2) ഫോർട്ടുകൊച്ചി.

കോഴിക്കോട്ട യൂണിററ്:– 1) പാലക്കാട്ട സ്കീം. 2) മലപ്പുറം സ്കീം. 3) മലപ്പറമ്പ്. 4) ഇരഞ്ഞിപ്പാലം (കോഴിക്കോട്). 5) തലാബ് (കണ്ണൂർ).

### അന്വേഷണങ്ങൾക്ക്:

കേരള ഹൗസിംഗ് ബോർഡ് ഹെഡ് ആഫീസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തമ്പാനൂർ, തിരുവനന്തപുരം, ഫോൺ. 5225, 5050.

തിരുവനന്തപുരം യൂണിററ്:– M. G. Road, തിരുവനന്തപുരം–1. ഫോൺ. 5001.

കൊച്ചിൻ ഹൗസിംഗ് യൂണിററ്:– മഹാത്മാഗാന്ധി റോഡ്, എറണാകുളം. ഫോൺ. 32052.

കോഴിക്കോട് ഹൗസിംഗ് യൂണിററ്:– ചെറൂട്ടി റോഡ്, കോഴിക്കോട്, ഫോൺ. 2125.

കെ. ററി. ജേക്കബ് ചെയർമാൻ.



PHONE: 3198.
GRAMS: 'ROYCE'

**ROYCE BROTHERS,**
**M. D. COMMERCIAL CENTRE,**
**KOTTAYAM.**
(WHOLESALERS & RETAILERS.)

**AN IDEAL SHOPPING CENTRE FOR:**

Fascinating Range of Crockeries: Glasswares: Cutlery: Kitchenwares & Appliances: Plastic Goods Etc.

*Distributors:–* Associated Gallas Industries Ltd. & C.B Glass Works.

*Authorised Stockists of:–* Bengal Potteries: Hitkari Potteries:

*Approved Dealers For:*
V. I. P. Luggage:

*Agente Of:–* Koolfoam (Private) Ltd, For Mattresses, Pillows & Cushions.

NOVELTISE & PRESENTATION ARTICLSE OUR SPECIALITY.



ശാസ്ത്രീയമായി ചെയ്തിട്ടുള്ള
ആയുർവ്വേദ ഔഷധങ്ങൾക്കും
വിദഗ്ദ്ധമായ ചികിൽസയ്ക്കും

★

# എസ്സ്. ജി. എ. ഫാർമസി

★

**(PROPS: BIPHA DRUG LABORATORIES)**

കളരിക്കൽ ബസ്സാർ, കോട്ടയം.

Phone:

Office: 3447 Res: 3613.

ത്തിൽ നിലവിളിച്ചു; ഭയം കെട്ടു വീണു. പുസ്തകങ്ങൾ മാത്രമല്ല വിലയേറിയ അനേകം റിക്കാർട്ടുകളും അവർ ദഹിപ്പിച്ചുകളഞ്ഞു. മെത്രാന്റെ അപേക്ഷയും നിലവിളിയുമെല്ലാം അവഗണിക്കപ്പെട്ടു. നശിപ്പിക്കപ്പെടാത്ത പുരാതനം ചില പുസ്തകങ്ങളും റിക്കാർട്ടുകളും മെത്രാൻ കടമറ്റം പള്ളിയിൽ കൊണ്ടുപോയി വച്ചു. അന്നു കോട്ടയം പഴയസിമ്മനാരി പണിയിക്കപ്പെട്ടിരുന്നില്ല. സിമ്മനാരി സ്ഥാപിച്ചശേഷം അവ കടമറ്റത്തുനിന്നും കോട്ടയം പഴയ സിമ്മനാരിയിലേക്കു മാറ്റി. മൂന്നാമത്തെ നിലയിൽ ഭിത്തിഅലമാരിയിൽ സൂക്ഷിച്ചു. പക്ഷെ, അപകടവും കാലക്കേടും അതുകൊണ്ടും തീർന്നില്ല. റോമാക്കാരുടെ ശേഷം ഇവിടെ വന്നതു് പ്രോട്ടസ്റ്റന്റു മിഷ്യനറിമാരായിരുന്നു. ഒരു മിഷ്യനറിയായ ഫിറ്റ്സായ്പ്പു് അന്നത്തെ മലങ്കരമെത്രാപ്പോലീത്താ അവിടെ ഇല്ലാതിരുന്നതക്കം നോക്കി സിമ്മനാരിയിൽ എത്തി അവിടെ സൂക്ഷിച്ചിരുന്ന ഗ്രന്ഥങ്ങൾ അപഹരിച്ചുകൊണ്ടുപോയി x. ആ ഭിത്തിയോടുചേർന്നുള്ള അലമാരികൾമാത്രം ശേഷിച്ചു. അവ ഇപ്പോഴും സിമ്മനാരിയിൽ കാണാം. നാം നമ്മുടെ ചെറുപ്പകാലത്തു് കോട്ടയം സി. എം. എസ്. കോളേജിൽ പഠിക്കുമ്പോൾ, ഇങ്ങനെ അപഹരിച്ചുകൊണ്ടുപോയ പല പുസ്തകങ്ങളും കോളേജ് ലൈബ്രറിയിൽ കണ്ടിട്ടുണ്ടു്. അവയിലെല്ലാം 'മത്തോമ്മാൻ മെത്രാൻവക' എന്നു് (പഴയ മലയാള അക്ഷരത്തിൽ) എഴുതിയിട്ടുണ്ടു്. അവ തിരിച്ചു തരുവാൻ നമ്മൾ ആവശ്യപ്പെട്ടു. അവരുടെ ആർച്ചുബിഷപ്പിനോടും ഹോം കമ്മററിയോടും അപേക്ഷിച്ചു. എങ്കിലും ഒന്നുപോലും തിരിച്ചുകിട്ടിയില്ല. അവയും പിന്നീടു ദഹിപ്പിക്കപ്പെടുകയാണുണ്ടായതു് X എന്നത്രെ അറിയാനിടയായതു്.

അക്കാലങ്ങളിൽ നാം വിശ്വാസത്തിൽ ഉറച്ചു നിന്നില്ലായിരുന്നുവെങ്കിൽ ഇന്നു് ഓർത്തഡോക്സ് വിശ്വാസം ഇൻഡ്യയിൽ കാണുകയില്ലായിരുന്നു. എന്നാൽ ഇപ്പോൾ നമ്മുടെ മുമ്പാകെയിരിക്കുന്ന ഈ സഹോദരന്മാർ ഓർത്തഡോക്സുകാരും ഓർത്തഡോക്സ് വിശ്വാസത്തെ വിലമതിക്കുന്നവരുമാണു്. പോർട്ടുഗീസുകാരും, സി. എം. എസ്. മിഷ്യനറിമാരും ഇവിടെ വന്നു് സഭകളുണ്ടാക്കി. ഇവരാരും ആ ഉദ്ദേശത്തിൽ വന്നിട്ടുള്ളവരല്ല. ഇവർ നമ്മുടെ യഥാർത്ഥ സ്നേഹിതന്മാരാണു്. പുരാതനമായ നമ്മുടെ സഭയോടുള്ള സ്നേഹമാണു് അവരെ ഇവിടേക്കു് ആനയിച്ചതു്. കുറെ നാൾ മുമ്പു് റുമേനിയായിലെ പാത്രിയർക്കീസു് നമുക്കു വിലയേറിയ അനേകം സമ്മാനങ്ങൾ അയച്ചുതരികയുണ്ടായി! അതിനു മുമ്പുതന്നെ ഞങ്ങൾ പരസ്പരം കത്തുകൾ അയച്ചു് സൗഹൃദം പുലർത്തിക്കൊണ്ടിരുന്നു. ഇപ്പോൾ എക്യുമിനിക്കൽ പാത്രിയർക്കീസിന്റെ പ്രതിനിധികളും ഇവിടെ സന്നിഹിതരായിട്ടുണ്ടു്. അദ്ദേഹം പ്രതിനിധികൾ വശം സ്നേഹത്തിന്റെ ലേഖനവും സമ്മാനങ്ങളും നമുക്കു് അയച്ചുതന്നിരിക്കുന്നു. നാം ഇപ്പോൾ ധരിച്ചിരിക്കുന്ന മാലയും മെഡലും അദ്ദേഹത്തിന്റെ സമ്മാനമാണു്. മററു പാത്രിയർക്കേറ്റുകളിൽനിന്നുള്ള സ്നേഹപൂർവ്വമായ സമ്മാനങ്ങളും നമുക്കു കിട്ടിയിട്ടുണ്ടു്. ഇവ നന്ദിപൂർവ്വം നാം സ്വീകരിക്കുന്നു. അവർ തന്നത്ര വിലപ്പിടിപ്പുള്ള സമ്മാനങ്ങൾ അങ്ങോട്ടു കൊടുപ്പാൻ നമുക്കില്ല. അവരുടെ ഈ സ്നേഹത്തിനു നാം എന്നും നന്ദിയുള്ളവരായിരിക്കും.

നമ്മുടെ സഭ ധനപരമായി പാവപ്പെട്ടതാണു്. എന്നാൽ വിശ്വാസത്തിൽ നാം സമ്പന്നരാണു്. ആകയാൽ നമ്മുടെ സഭയുടെ വിശ്വാസം വിട്ടു് മറെറാരു വിശ്വാസം സ്വീകരിക്കുകയോ, നമ്മുടെ സഭവിട്ടു് മറെറാന്നിൽ ചേരുകയോ ചെയ്യേണ്ട ആവശ്യം നമുക്കില്ല. മുൻകാലത്തു് ഗ്രീക്കു സഭയും നമ്മുടെ സഭയും പരസ്പരം പീഡിപ്പിച്ചിരുന്നു. എന്നാൽ ഇന്നാകട്ടെ അവർ നമ്മുടെ വിശ്വാസം ശരിയാണെന്നു സമ്മതിക്കുകയും നമ്മെ സ്നേഹിക്കുകയും ചെയ്യുന്നു. അന്നും ഇന്നും നാം സത്യവിശ്വാസം മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നു. നാം നമ്മുടെ വിശ്വാസം മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നതാണു് ഈ സ്നേഹത്തിനു കാരണം. മാനുഷികമായ അറിവിലും ജ്ഞാനത്തിലും ലോകപ്രകാരമുള്ള ബഹുമാനത്തിലും ആശ്രയിച്ചുകൊണ്ടു് പഴയ വിശ്വാസത്തെ നാം തള്ളിക്കളഞ്ഞിരുന്നെങ്കിൽ ഇന്നു് നാം ഈവിധത്തിൽ ആദരിക്കപ്പെടുകയില്ലായിരുന്നു.

പുരാതനവും സത്യവുമായ വിശ്വാസം പിതാവായ ദൈവം പത്രോസിനു വെളിപ്പെടുത്തി. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹായാകുന്നു എന്നു വി. പത്രോസ് വിശ്വസിച്ചേററുപറഞ്ഞു. ആ വിശ്വാസത്തിന്മേൽ പുത്രനായ ദൈവം തന്റെ

---

x മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ by E. M. Philip (old edition page 216) കാണുക) (Ld)

X മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ by E. M. Philip (old edition page 267) കാണുക. (Ed)

# കാതോലിക്കാബാവാ തിരുമേനിയും പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയും

(ഡോ. പി. എം. പൗലൂസ്)

സ്വർഗ്ഗലോകം പൂകിയ നമ്മുടെ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാബാവാതിരുമേനിയെപ്പററി ഒരു ഓർമ്മക്കുറിപ്പ് എഴുതണമെന്ന ആവശ്യപ്പെട്ടുകൊണ്ടു് ബ. സഖറിയ അച്ചൻ അയച്ച എഴുത്തു കിട്ടി. ബലഹീനനും പാപിയുമായ ഞാൻ അതിന് അർഹനാണോ എന്ന് സംശയിക്കുന്നു. ഏതായാലും ബ. അച്ചൻ എഴുതിയതുകൊണ്ടു്, ഞാൻ അനുസരണമില്ലാത്തവനായി എന്ന് വരാതിരിക്കുവാൻവേണ്ടി രണ്ടു വാക്കുകൾ എഴുതിഅയയ്ക്കുന്നു.

ഞാൻ ഒരു ഡോക്ടർ ആയതുകൊണ്ടു എനിക്കു കിട്ടിയ ഏററവും വലിയ അനുഗ്രഹം രണ്ടു പുണ്യപ്രഭാവന്മാരെ പരിചരിക്കുവാൻ സാധിച്ചു എന്നതാണ്. ഒന്ന് നമ്മുടെ പ. ബാവാതിരുമേനിയും മറേറതു് നമ്മുടെ ആലുവായിലെ അത്താനാസ്യോസ് തിരുമേനിയും. പാപപങ്കിലമായ എൻെറ ജീവിതം വിജയത്തിൽനിന്നു വിജയത്തിലേക്കു് പൊയ്ക്കൊണ്ടിരിക്കുന്നതു് ഈ പുണ്യവാന്മാരുടെ അനുഗ്രഹംകൊണ്ടാണെന്നു് ഞാൻ വിശ്വസിക്കുന്നു.

നമ്മുടെ പ. ബാവായെ ഞാൻ ആദ്യം കാണുന്നതു് പരുമലവച്ചാണ്. പരുമല തിരുമേനി കുറച്ചുനാൾ കുറുപ്പംപടിക്കൽ എഴുന്നെള്ളി താമസിച്ചിട്ടുള്ളതുകൊണ്ടു് അതിനടുത്ത നാട്ടുകാരായ ഞങ്ങൾക്ക് ആ ദിവ്യനോടു് ഒരു ബഹുമാനം ഉണ്ടായിരുന്നു, അതുകൊണ്ടു് ഇടയ്ക്കു് അവിടെ പോകുമായിരുന്നു. അതുപോലെ നമ്മുടെ പ. ബാവായുമായി എൻെറ പിതാവിനു് അടുത്ത ബന്ധമുണ്ടായിരുന്നതുകൊണ്ടു് ഇടയ്ക്കു അദ്ദേഹത്തേയും പോയി കാണുമായിരുന്നു. അതേസമയം എൻെറ കുടുംബം കടുത്ത പാത്രിയർക്കീസുകക്ഷിക്കാരുമായിരുന്നു. അങ്ങിനെ ഒരിക്കൽ പരുമല വി. കബറിങ്കലേക്ക് ഒരു തീർത്ഥയാത്ര നടത്താനും അതേസമയം പ. ബാവായെ കാണാനും പ്രോഗ്രാം ഇട്ടു. അന്നു് എനിക്കു് കേവലം പത്തു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. മുഴുവൻ പാത്രിയർക്കീസുകക്ഷിയായ ഞാൻ

---

സഭയെ പണിയിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേററ ദൈവപുത്രൻെറ ശരീരത്തിൽ—വിലാവിൽ—തൊട്ടുനോക്കിക്കൊണ്ടു് വിശുദ്ധ തോമ്മാശ്ലീഹാ 'എൻെറ കർത്താവും എൻെറ ദൈവവുമേ' എന്നു് ഏററുപറഞ്ഞു് സത്യവിശ്വാസം പ്രഖ്യാപനം ചെയ്തു. മനുഷ്യപുത്രൻെറ ശരീരത്തിൽ തൊട്ടുനോക്കിക്കൊണ്ടു് വെളിപ്പെടുത്തിയ വിശ്വാസമാണിതു് എന്നു നാം ഓർക്കണം. നമ്മുടെ കർത്താവിൻെറ ദൈവത്വത്തെയും മനുഷ്യത്വത്തെയും വേർതിരിച്ചു നിർത്തിയല്ല ഈ പ്രഖ്യാപനം. ദൈവം നമ്മുടെ പിതാവും നാമെല്ലാവരും സഹോദരന്മാരുമാണ്. ആ നിലയിൽ നമുക്കു പരസ്പരം ആദരിക്കാം. നാം അവരോടു ചേരുകയോ അവർ നമ്മോടു ചേരുകയോ എന്ന ഒരു പ്രശ്നം ഇല്ല. അവരും നാമും ഒന്നായിരിക്ക എന്നുള്ളതാണ്. 'പിതാവേ, നാം ഒന്നായിരിക്കുന്നവണ്ണം ഇവരും നമ്മിൽ ഒന്നാകേണമേ' എന്നു നമ്മുടെ കർത്താവു പ്രാർത്ഥിക്കുന്നു. അങ്ങനെ നാമെല്ലാവരും ഒന്നായിരിക്കുന്നതിനു നമുക്കു പ്രാർത്ഥിക്കാം. റോമാക്കാരും, പ്രോട്ടസ്റ്റൻറു വിഭാഗങ്ങളും നമ്മെ പരിവർത്തനം ചെയ്യിക്കാൻ ശ്രമിക്കുന്നവണ്ണമല്ല, പിന്നെയോ ക്രിസ്തീയ സാഹോദര്യത്തിലും ക്ഷമാശീലതയിലും തമ്മിൽ തമ്മിൽ സ്വീകരിച്ചു് ഒന്നായിരിക്കുക എന്നത്രെ.

അഭിവന്ദ്യരായ സഹോദരന്മാരെ, നിങ്ങളോടു ഞങ്ങൾക്കു വലുതായ നന്ദിയും കടപ്പാടുമുണ്ടു്. എക്യുമിനിക്കൽ പാത്രിയർക്കീസും, റഷ്യ, റുമേനിയാ, ഗ്രീക്കു്, അലക്സന്ത്റിയാ എന്നീ പാത്രിയർക്കേററിലെ പാത്രിയർക്കീസന്മാരും തന്നിട്ടുള്ള സ്നേഹത്തിൻെറ വിലയേറിയ സമ്മാനങ്ങളെ നാം നന്ദിപൂർവ്വം സ്വീകരിച്ചിരിക്കുന്നു. നമ്മുടെ കൃതജ്ഞത നിങ്ങൾ ഈ പാത്രിയർക്കീസന്മാരെയും സഭകളെയും അറിയിക്കണമെന്നു നാം വീണ്ടും അഭ്യർത്ഥിക്കുന്നു. നമ്മുടെ കൃതജ്ഞതയുടെ സ്മാരകമായി നാം എളിയ തോതിലെങ്കിലും നൽകുന്ന സമ്മാനങ്ങൾ നിങ്ങൾ അഭിവന്ദ്യരായ പാത്രിയർക്കീസന്മാർക്കു സമർപ്പിക്കുമെന്നു നാം വിശ്വസിക്കുന്നു.

സ്വല്പം പൂച്ഛത്തോടെയാണ് ഈ 'കാതോലിക്കായെ' കാണുവാൻ മുറിയിൽ കയറിയതു്. അതുകൊണ്ടുതന്നെ ഞാൻ കൈമുത്താതെ പുറകോട്ടു മാറിനിന്നു. പ. തിരുമേനി അതു മനസ്സാലാക്കി:–

''ഇവനാരാടോ?''—എന്നു് അപ്പനോടു് ചോദിച്ചു.

'മൂത്ത മകനാണു്' എന്നു് അപ്പൻ മറുപടി പറഞ്ഞു.

''അവനെന്താ മാറി നില്ക്കുന്നതു്?= അച്ചന്മാരെയും മെത്രാച്ചന്മാരെയും ഒക്കെ ഭയമാണോ? പള്ളിയിലുംമററും കൊണ്ടുപോവുകയില്ലെ എന്നു് തിരുമേനി ചോദിച്ചുതീരുന്നതിനുമുമ്പു് ഞാൻതന്നെ മറുപടി പറഞ്ഞു:–

''എനിക്കു് അച്ചന്മാരേയും മെത്രാച്ചന്മാരേയും പേടിയൊന്നുമില്ല. പക്ഷേ ഞാൻ ഇഷ്ടപ്പെടുന്ന മെത്രാച്ചൻ ആലുവായിലെ വലിയ തിരുമേനി മാത്രമാണു്''

ഒരു ഊറിയ ചിരി ആ മുഖത്തു പരന്നതു് ഞാൻ കണ്ടു.

''എടാ! ഞാനും മെത്രാച്ചനാണു്. ഇങ്ങടുത്തുവാ! എന്നു് കല്പിച്ചപ്പോഠം ധിക്കരിക്കുവാൻ ധൈര്യമുണ്ടായില്ല. അടുത്തുചെന്നു് കൈ മുത്തി.

'നീ ഏതു ക്ളാസ്സിലാ പഠിക്കുന്നതു്?'

'അഞ്ചാം ക്ളാസ്സിൽ'

'തോററിട്ടുണ്ടോ?'

'ഇല്ല.'

'പഠിച്ചു്—നന്നായി വാ. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ'.

ബ. എൻെറ അച്ചാ–ആ അനുഗ്രഹം എന്നിൽ അക്ഷരംപ്രതി ഫലപ്രദമായി എന്നു് ഓർക്കുമ്പോഠം എൻെറ കണ്ണുകഠം നിറയുകയാണു്. കലീനമെങ്കിലും കേവലം ഒരു കൃഷീവലകുടുംബത്തിൽ ജനിച്ചു് വളർന്ന ഞാൻ F. R. C. S. വരെ പഠിക്കുവാൻ സാധിച്ചെങ്കിൽ അതു് ആ വാക്കുകളുടെ ഫലമാണു് എന്നു ഞാൻ വിശ്വസിക്കുന്നു.

പിന്നെ തിരുമേനിയെ ഞാൻ കാണുന്നതു് 1945–ൽ ആണു്. അന്നു് എനിക്കു് 23 വയസ്സുണ്ടു്. എം. എം. ജോർജ്ജ് അന്നു് കോട്ടയം ഡി. എസ്. പി യാണു്. അദ്ദേഹത്തിൻെറ മകളും ഞാനുമായിട്ടുള്ള കല്യാണ ആലോചന, പെണ്ണുകാണുവാൻ ഞങ്ങഠം കോട്ടയത്തു വന്നു. 'കാഴ്ച കഴിഞ്ഞു്' പഴയ സെമിനാരിയിൽ വന്നു. തിരുമേനിയുടെ മുറിയിൽ കയറി എല്ലാവരും കൈമുത്തി. വന്ന കാര്യങ്ങളെപ്പററി അപ്പൻ തിരുമേനിയോടു സംസാരിച്ചു. എല്ലാം കേട്ടശേഷം എന്നെ നോക്കി:–

'നീ എന്തിനാടാ പെണ്ണുകാണാൻ വന്നതു്; കാർന്നോന്മാർ കണ്ടാൽ പോരേ?' എന്നൊരു ചോദ്യം.

അതിനു് ഞാൻ മറുപടി പറയേണ്ടിവന്നില്ല. പെണ്ണുകാണുവാൻ വരേണ്ട ആവശ്യമില്ലെന്നും, അപ്പനും, അമ്മാച്ചനും കണ്ടാൽ മതിയെന്നും ഞാൻ പറഞ്ഞതാണു്–അതു് അവർ സമ്മതിക്കാത്തതുകൊണ്ടാണു് ഞാൻ പോന്നതു്. അതുകൊണ്ടു് ആ രീതിയിൽ അപ്പൻ മറുപടി പറഞ്ഞു. കേഠക്കേണ്ടതു് കേഠക്കുകയും ചെയ്തു. ഞാൻ സന്തോഷിച്ചു.

'കണ്ടിട്ടെന്തായി?' അടുത്ത ചോദ്യം.

'തരക്കേടില്ല! അടുത്ത കൊല്ലം കല്യാണം കഴിക്കാമെന്നു പറഞ്ഞുപോന്നു. അവനു് നാളെ മദ്രാസിനു പോകണം.

'എന്തു്–മത്തായി! അടുത്ത കൊല്ലമോ? നീ എന്തിനാ പിന്നെ ഈ പെണ്ണുകാണാൻ പോന്നതു്. ഇതിനിടയ്ക്കു് അവഠം ഉരുണ്ടുവീണു കാലൊടിഞ്ഞാൽ നിങ്ങഠം കെട്ടുമോ? അവൻ കെട്ടിയിട്ടു പോയാൽ മതി. ഒരാഴ്ച അവധി എടുക്കട്ടെ.

'അച്ചോ'—

മാനേജരച്ചൻ പ്രത്യക്ഷനായി.

' ആ ഡി. എസ്. പി. യുടെ വീട്ടിൽ വിളിച്ചുപറ ഇവർ കല്യാണം ഉറപ്പിക്കുവാൻ അങ്ങോട്ടു ചെല്ലുന്നെന്നു്–അവൻ ഒരു മർത്തോമ്മാക്കാരനാ–പോട്ടേ–നമ്മുടെ കരുവററാ അച്ചൻെറ കൊച്ചു മകളല്ലെ. നടക്കട്ടെ' അത്ഭുതംതന്നെ കല്പനപോലെ എല്ലാം നടന്നു.

അങ്ങിനെ കല്യാണവും കഴിഞ്ഞു് ഒരാഴ്ചയ്ക്കകം ഞാൻ മദ്രാസിനും മടങ്ങി.

പിന്ന ഞാൻ തിരുമേനിയെ കണ്ടതു് 1949–ൽ ആണു്. 1947–ൽ എം. ബി. ബി. എസ്. പാസ്സായി രണ്ടു വർഷം തിരുവനന്തപുരത്തു് ജോലിയും കഴിഞ്ഞു് കോട്ടയം ജില്ലാ ആശുപത്രിയിൽ ഏ. ആർ. എം. ഒ. ആയി നിയമിതനായിവന്നു് ജോലിയിൽ പ്രവേശിച്ച ശേഷം അന്നുതന്നെ ഞാൻ പഴയസെമ്മിനാരിയിൽ പോയി. മുറിയിൽ ചെന്നപ്പോഠം തിരുമേനി സന്ധ്യനമസ്ക്കാരം കഴിഞ്ഞു് വിശ്രമിക്കുകയാണു്'. കൈ മുത്തിയശേഷം ഞാൻ സ്വയം പരിചയപ്പെടുത്തി. രണ്ടു മിനിട്ടു നേരം തിരുമേനി ചിന്താവിഷ്ടനായി. സ്നേഹം, സന്തോഷം, സംതൃപ്തി എന്നീ ഭാവഭേദങ്ങഠം മാറി മാറി ആ മുഖത്തു് വരുന്നതു് ഞാൻ കണ്ടു. അതിനിടയിൽ ഒരു ചെറിയ സംഭീതിയും.

എന്നോട്ട് ഇരിക്കുവാൻ പറഞ്ഞു. എനിക്കു പത്തു വയസ്സുള്ളപ്പോൾ പരുമലവച്ച് 'പട്ടത്വം ഇല്ലാത്തയാൾ' എന്ന് വിശ്വസിച്ച് കൈമുത്താതെ പുറകോട്ടുമാറിനിന്ന ഞാൻ ഇന്ന് ആ പരിശുദ്ധന്റെ മുമ്പിൽ നില്ക്കുവാൻ പോലും ഭയപ്പെട്ടു. ഇതിന് ഒരുതരത്തിൽ കാരണക്കാരൻ ആലുവായിലെ മാർ അത്താനാസ്യോസ് തിരുമേനിതന്നെയാണ്. പ. ബാവായെ കാണുന്നതുപോലെ ഇടയ്ക്കു ഞാൻ അത്താനാസ്യോസ് തിരുമേനിയേയും കാണുമായിരുന്നു. പരുമലയിലെ ആദ്യത്തെ കൂടിക്കാഴ്ചയെപ്പററി ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം സ്നേഹവായ്പോടെ പറഞ്ഞു—'മകനേ' നിന്നെ കാതോലിക്കാ വിളിച്ചില്ലല്ലോ; വിളിക്കാതെ പോയതല്ലേ—പോയാൽ ബഹുമാനിക്കണം. അല്ലെങ്കിൽ പോകരുത്. നാം എന്നും വി. കുർബ്ബാന മദ്ധ്യേ ചൊല്ലുന്നത് ഓർക്കുന്നുണ്ടോ:—

'ആദ്യാചാര്യത്വം കൈക്കൊണ്ടഹറോൻ
മൂശയൊടൊന്നിച്ച്
സ്ക്കറിയായ്ക്കതുനല്കി മൂശാ,
സ്ക്കറിയാ, യോഹന്നാനേകി,
യോഹന്നാൻ കർത്താവിന്നും,
കർത്താ തൻ ശ്ളീഹന്മാർക്കും
നാനാ സൃഷ്ടിവിഭാഗങ്ങൾ
ക്കേകി ശ്ളീഹന്മാർ.

ബ. അച്ചാ—ഞാൻ ഓർക്കുകയാണ് ഇന്നത്തേ നമ്മുടെ പ. സഭയുടെ പ്രതിസന്ധിയിൽ എത്ര അർത്ഥവത്താണ് ഈ ഗീതം. അതും എന്നെ പാടിക്കേൾപ്പിച്ചത് മാർ അത്താനാസ്യോസ് തിരുമേനി.

ഞാൻ തുടരട്ടെ—പ. ബാവാ മാനേജരച്ചനെ നോക്കി—ബ. അച്ചൻ എനിക്കു കസേര നീക്കിയിട്ടുതന്നു. ഞാൻ ഇരുന്നു. തിരുമേനി ബ. അച്ചനെ ഒന്നുകൂടി നോക്കി. ബ. അച്ചൻ മുറിയിൽ നിന്നു പോയി.

ചാരിക്കിടന്നിരുന്ന കസേരയിൽതന്നേ മുമ്പോട്ട് എഴുന്നേററിരുന്ന് ഏററവും സ്നേഹമസൃണമായ ഭാഷയിൽ തിരുമേനി എന്നോടു സംസാരിച്ചു. കോട്ടയത്തെ എന്റെ ഔദ്യോഗിക ജീവിതം വിജയപ്രദമായിത്തീരണമെങ്കിൽ ഞാൻ എന്തു ചെയ്യണമെന്നാണ് പറഞ്ഞുതന്നത്. കോട്ടയത്തെ വലിയവരും ചെറിയവരുമായ പല വ്യക്തികളേയും പററി പ്രതിപാദിച്ചു. അവരിൽ ഓരോരുത്തരോടും പെരുമാറേണ്ട വിധവും പറഞ്ഞുതന്നു. 25 വർഷങ്ങൾക്കു ശേഷം ഞാൻ പുറകോട്ടു നോക്കുമ്പോൾ കോട്ടയത്ത് അന്ന് ജീവിച്ചിരുന്നവരും ഇന്ന് ജീവിക്കുന്നവരുമായ പലരുടേയും ഓരോ രോമം വരേ പ. ബാവാതിരുമേനി എണ്ണിയിരുന്നു എന്ന് എനിക്കു തോന്നിപ്പോകുന്നു. അവരിൽ ഓരോരുത്തരുടെയും ഭാവിയെപ്പററി, അവരുടെ സന്തതി പരമ്പരകളെപ്പററി, എന്നോട് അന്ന് പ. തിരുമേനി പറഞ്ഞത് അക്ഷരംപ്രതി സത്യമായിരുന്നു.

വിയർത്തു് ഒലിച്ച്, വികാര പരവശനായി ഞാൻ ആ പുണ്യവാന്റെ മുമ്പിൽ മുട്ടു കുത്തി. എന്റെ തലയിൽ കൈവച്ച് മൗനമായി പ്രാർത്ഥിച്ചശേഷം ''താൻ പൊയ്ക്കോ—തന്നെ ദൈവം നോക്കിക്കൊള്ളും'' എന്നു പറഞ്ഞു.

ഞാൻ അടുത്ത അഞ്ചര വർഷം കോട്ടയത്ത് ജോലിയിൽ ഇരുന്നു. ഞാൻ കോട്ടയത്ത് ഒരു വിജയമായിരുന്നെങ്കിൽ അത് ഈ ഉപദേശത്തിന്റെയും ഈ അനുഗ്രഹത്തിന്റെയും ഫലമാണെന്ന് ഞാൻ വിശ്വസിക്കുന്നു, അതുപോലെ എനിക്കു പററിയ പരാജയങ്ങൾ പ. തിരുമേനിയുടെ ഉപദേശത്തിന് വിരുദ്ധമായി ചില കൂട്ടുകെട്ടുകളിൽ പെട്ടുപോയതുകൊണ്ടാണെന്നുള്ള സത്യം ഞാൻ വിസ്മരിക്കുന്നില്ല.

ഈ അഞ്ചു വർഷങ്ങൾക്കിടയിൽ പരിശുദ്ധ തിരുമേനിക്കു കാര്യമായ അസുഖമൊന്നും ഉണ്ടായില്ല. എന്നാലും ഞാൻ ആഴ്ചയിൽ ഒരിക്കലെങ്കിലും കാണുകയും തിരുമേനിയെ പരിശോധിക്കുകയും ചെയ്തിരുന്നു. ഒരു ദിവസം ചെന്നപ്പോൾ കാലിൽ ഒരു പരു. അന്നുമുതൽ എന്നും രണ്ടു നേരവും ഞാൻ പോകുകമായിരുന്നു. തിരുമേനിയുടെ കാർ, ഡ്രൈവർ തോമസ് കൊണ്ടുവരും.

മാർ അത്താനാസ്യോസ് തിരുമേനി കോട്ടയം സിംഹാസനപ്പള്ളിയിൽ വന്നു താമസിച്ചിരുന്ന ഒരു ദിവസം രാവിലെ ഞാൻ പഴയ സെമിനാരിയിൽ പോകുവാൻ കാറിൽ കയറുമ്പോൾ സിംഹാസനപ്പള്ളിയിൽ നിന്നും ആൾ വന്നു—തിരുമേനിക്ക് സുഖമില്ല, അതിലെ ചെല്ലണമെന്നു പറഞ്ഞു. ഞാൻ ആദ്യം അവിടെ ഇറങ്ങി. തിരുമേനിക്ക് ന്യൂമോണിയാ ആയിരുന്നു. ഡോ.പി. ററി. തോമസ് പാലാമ്പടവും, ഡോ. ററി. എസ്. തോമസ് താമരപ്പള്ളിയും അവിടെ ഉണ്ടായിരുന്നു. വേണ്ടതുപോലെ ചെയ്തിട്ട് പഴയ സെമിനാരിയിലേയ്ക്ക് പോയി പ. ബാവായേയും കണ്ടിട്ടു മടങ്ങിപ്പോന്നു.

വൈകുന്നേരം തോമസിനോട് കാർ കൊണ്ടുവരേണ്ട എന്നു പറഞ്ഞിരുന്നു. പ. ബാവായുടെ കാറും കൊണ്ട് സിംഹാസന പള്ളിയിൽ പോകേണ്ട എന്നു വിചാരിച്ചാണ് അങ്ങിനെ പറഞ്ഞത്.

വൈകുന്നേരം എന്റെ കാറിൽ സിംഹാസനപ്പള്ളിയിലും, പഴയ സെമിനാരിയിലും പോയി. ഞാൻ ചെല്ലുമ്പോൾ പ. ബാവാ തിരുമേനി സെമിനാരിയുടെ മുകളിൽ നിന്നു് എന്നേയും, എന്റെ കാറും കണ്ടു. ഞാൻ മുകളിൽ ചെന്നപ്പോൾ കേൾക്കാം ബ. മാനേജരച്ചനോടു് ബഹളം—''എടോ, അവനു് വരുവാൻ ഇവിടെനിന്നു് കാർ അയച്ചുകൂടേ'' എന്നും മററും പറഞ്ഞു് വഴക്കു്. ഞാൻ ചെന്നു കയറിയപ്പോൾ ബ. മാനേജരച്ചൻ ദയനീയമായ ഒരു നോട്ടം. കൈമുത്തിയശേഷം ഞാൻ നിന്നു. ബ. അച്ചനോടുള്ള വഴക്കുപറച്ചിൽ നിന്നപ്പോൾ ഞാൻ പറഞ്ഞു കാറു് അയയ്ക്കണ്ട എന്നു് അടിയൻ പറഞ്ഞതാണു്. സിംഹാസനപ്പള്ളിയിൽ പോകണമായിരുന്നു. അത്താനാസ്യോസു് തിരുമേനിക്കു് സുഖമില്ല.

ഞാൻ പറഞ്ഞു് തീരുന്നതിനു് മുമ്പു് പ. തിരുമേനി പെട്ടെന്നു് മുമ്പോട്ടു നീങ്ങി. ഏകദേശം എന്നെ തള്ളിയിട്ടുകൊണ്ടു് ''ആബൂനു് എന്തു പററി'' എന്നു ചോദിച്ചു. ഞാൻ വിവരമെല്ലാം പറഞ്ഞു—

''കൊള്ളാം—തനിക്കു് ഈ കാറിൽ അവിടെയും പോകാം, ഇതു് എന്റെ കാറാണു്. എനിക്കു് ഇഷ്ടമുള്ളിടത്തു് അയയ്ക്കും. പെണ്ണുങ്ങളെ കയററരുതു് എന്നു മാത്രം'' എന്നു പറഞ്ഞു. തിരുമേനിയുടെ കാറിൽ ഒരിക്കലും ഒരു സ്ത്രീ യാത്ര ചെയ്തിട്ടില്ല എന്നതു് ഒരു സത്യമാണു്.

അന്നുമുതൽ പഴയ സെമിനാരിയിൽ ചെന്നാൽ ആദ്യത്തെ ചോദ്യം ''ആബൂനു് എങ്ങിനെ ഇരിക്കുന്നു'' എന്നായിരിക്കും......പ. ബാവായുടെ സുഖക്കേടു മാറിയിട്ടും സിംഹാസനപ്പള്ളിയിൽ പോകുവാൻ കാർ അയച്ചിരുന്നു. പാലാമ്പടത്തു നിന്നും കാർ വരുമായിരുന്നു. വേണ്ടെന്നു പറഞ്ഞിട്ടും, പ. ബാവാ സമ്മതിച്ചില്ല. അവിടെ പോയി തിരുമേനിയെ കണ്ട ശേഷം ബാവായേയും വന്നു കണ്ടു് വിവരം പറയണമെന്നും ശട്ടം കെട്ടിയിരുന്നു. അങ്ങിനെ ഞാൻ പൊയ്ക്കൊണ്ടും ഇരുന്നു.

അതുപോലെ പിറേറദിവസം ഞാൻ സിംഹാസനപ്പള്ളിയിൽ പോയതു് പ. ബാവായുടെ കാറിലാണു്—അതു് വലിയ കാറായതുകൊണ്ടു് മുററത്തു് കയറുകയില്ല. പുറത്തു നിറുത്തിയിട്ടു് ഞാൻ നടന്നാണു് അകത്തു ചെന്നതു്. സാധാരണ കാറിന്റെ ഒച്ച കേട്ടാണു് ഞാൻ ചെന്ന വിവരം തിരുമേനി അറിയുന്നതു്. അതുകൊണ്ടു് ഞാൻ മുറിയിൽ ചെന്നു്, മുട്ടുകുത്തി, പേരു പറഞ്ഞപ്പോൾ ''നീ നടന്നാണോ വന്നതു്, കാറിന്റെ ഒച്ച കേട്ടില്ലല്ലോ'' എന്നു പറഞ്ഞു.

ഞാൻ പ. ബാവാ തിരുമേനിയുടെ കാറിലാണു് വന്നതു് അതു് താഴെ ഇട്ടിരിക്കുകയാണു് എന്നു പറഞ്ഞിട്ടു് ബാവാതിരുമേനിയുമായി തലേദിവസം ഉണ്ടായ സംഭാഷണത്തെപ്പററി പറഞ്ഞു. പരവശനായി കട്ടലിൽ കിടന്നിരുന്ന തിരുമേനി എണീക്കുവാൻ ശ്രമിക്കുന്നതു കണ്ടു് ഞാൻ താങ്ങി ഇരുത്തി. എണീററിരുന്നു് രണ്ടു മിനിട്ടു് കരഞ്ഞു. തിരുമേനിക്കു് ഈ അവസരങ്ങളിൽ സാധാരണ വരാറുള്ള ഭാവവ്യത്യാസങ്ങൾ എല്ലാവർക്കും അറിയാവുന്നതായതുകൊണ്ടു് ഞാൻ അതിനെപ്പററി കൂടുതൽ എഴുതുന്നില്ല.

''ആബൂനെന്താ—കൂടുതൽ വല്ലതും ആണോടാ'' എന്നു് ചോദിച്ചു. ഞാൻ വിവരമെല്ലാം പറഞ്ഞു. അന്നുമുതൽ ഞാൻ സിംഹാസനപ്പള്ളിയിൽ ചെല്ലുമ്പോൾ ആദ്യത്തെ ചോദ്യം ''ആബൂനു് എങ്ങിനെ ഉണ്ടെടാ'' എന്നായിരിക്കും.

മാർ അത്താനാസ്യോസു് തിരുമേനി കാലം ചെയ്ത ദിവസം ഞാൻ ഓർക്കുകയാണു്. രാവിലെ ഞാൻ എഴുന്നേററപ്പോൾ തന്നെ മനോരമയിൽ നിന്നു് ആരോ വന്നു് എന്നോടു് ദേവലോകത്തു് ചെല്ലുവാൻ പ. ബാവാ കല്പിച്ചു എന്നു് പറഞ്ഞു. ഞാൻ ചെന്നപ്പോൾ ''എടോ, ആലുവായ്ക്കു പോകണമല്ലൊ -താനും വരണം—പതിനൊന്നു മണിക്കു് തയ്യാറായി തന്റെ പടിയ്ക്കൽ നിന്നാൽ മതി'' എന്നു പറഞ്ഞു.

അതനുസരിച്ചു് ഞാൻ തയ്യാറായി നിന്നു. എന്നാൽ ബാവാ തിരുമേനി ആലുവായ്ക്കു പോകുന്നതിനു് കോട്ടയത്തെ ചില നേതാക്കൾ എതിരായിരുന്നു. മററൊന്നുകൊണ്ടുമല്ല. അവിടെ ചെന്നാൽ കിട്ടുന്ന സ്വീകരണം ഏതു തരത്തിലായിരിക്കും. കാണുവാൻ അനുവദിക്കുമോ എന്നും മററും അവർ സംശയിച്ചു. മാർ യൂലിയോസു് തിരുമേനി കാലം ചെയ്തപ്പോൾ ബാവാ ദാമല്ലൂർ ചെന്നപ്പോൾ ഉണ്ടായ അനുഭവം വെച്ചു നോക്കുമ്പോൾ അവർ സംശയിച്ചതിലും തെററില്ല. ആ സംഭവത്തിനു് മുമ്പാണു് അത്താനാസ്യോസു് തിരുമേനി കാലം ചെയ്തതു് എന്നു് എനിക്കു് ഓർമ്മയുണ്ടു്.

ഏതായാലും 11 മണിക്കു് യാത്ര നടന്നില്ല. എന്നോടു പൊയ്ക്കൊള്ളുവാനും പറഞ്ഞു. ഞാൻ പോയി. നേതാക്കന്മാരും പിരിഞ്ഞു. ഉച്ചതിരിഞ്ഞശേഷം കഴിഞ്ഞു്, ഒന്നു വിശ്രമിച്ചശേഷം തിരുമേനി ആലുവായ്ക്കു പോകുന്നതിനുതന്നെ നിശ്ചയിച്ചു. കോട്ടയത്തുനിന്നും പല കാറുകളിലായി വൈദികര

*With Best Compliments from:*

★

# TRAVANCORE TIMBERS
# &
# PRODUCTS

Post Box No. 6

KOTTAYAM - KERALA

★

*The Largest Manufacturs & Exporters*
*Of Plywood Products*

Telegram: TIMBEROD

Office. 3628
3629
2387
Res. 2003

ടക്കം കുറെ ആളുകളും തിരുമേനിയോടുകൂടി ആലുവായിക്കു തിരിച്ചു. ആലുവാ ററി. ബി. യിലെത്തി വിശ്രമിച്ചശേഷം ബാവായും പരിവാരങ്ങളും സന്ധ്യയോടുകൂടി സെമിനാരി ചാപ്പലിൽഎത്തി അത്താനാസ്യോസ് തിരുമനസ്സിലെ മൃതദേഹം സന്ദർശിച്ചു പ്രാർത്ഥന നടത്തി. ബാവാ മൃതദേഹത്തിനു മുമ്പിൽ രണ്ടു മിനിട്ടു മൌനമായി നിന്നിട്ട് [illegible] ചോദിച്ചു. അതു് ഉയർത്തി പിടിച്ച് മുഖം നല്ലപോലെ നോക്കി കണ്ടശേഷം കൈമുത്തി. അപ്പോൾ മാർ ഗ്രീഗോറിയോസ്, മാർ സേവേറിയോസ്, മാർ ക്ലീമീസ് തിരുമേനിമാർ അവിടെ ഉണ്ടായിരുന്നു. ആലുവാ സെമിനാരിയിൽ ഈ സന്ദർശനം സംബന്ധിച്ച് അണിയറയിൽ ചില സംസാരങ്ങൾ ഉണ്ടായെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം അതു് ഹൃദയസ്പർശകമായ ഒരു രംഗം തന്നെയായിരുന്നു.

ബ. അച്ചാ, ഞാൻ പറയുകയാണ്—ഇവർ രണ്ടുപേരും പരിശുദ്ധന്മാരായിരുന്നു. ഒരു സംഭവം ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്. പ. അത്താനാസ്യോസ് തിരുമേനി കാലംചെയ്യുമ്പോൾ പാത്രിയർക്കീസ് കക്ഷിക്കാർ കേസ്സ് ജയിച്ച് നില്ക്കുകയാണ്. ആ സമാധാനത്തോടെ അദ്ദേഹം കാലംചെയ്തു. അതു കഴിഞ്ഞ് കാതോലിക്കാബാവാ സുപ്രീംകോടതിയിൽ കേസ്സ് ജയിച്ചശേഷം പ. പാത്രിയർക്കീസു ബാവായും പ. കാതോലിക്കാബാവായും തമ്മിൽ പരസ്പരം സ്വീകരണവും കഴിഞ്ഞു് സഭാസമാധാനം സ്ഥാപിക്കപ്പെട്ട് മലങ്കരസഭയുടെ ഏകമാന തലവനായി സർവ്വരാലും അംഗീകരിക്കപ്പെട്ട് സമാധാനത്തോടെ കാലംചെയ്തു. ഇതിനെല്ലാം വലിയ അർത്ഥമുണ്ട്.

ബ്രഹ്മചാരിയായ എനിക്ക് ഇവരെ രണ്ടുപേരേയും വളരെ അടുത്ത് അറിയാമായിരുന്നു. അവർ തമ്മിൽ ഉണ്ടായിരുന്ന സ്നേഹവും, തമ്മിൽ തമ്മിൽ ഉണ്ടായിരുന്ന ബഹുമാനവും, മതിപ്പും എത്രമാത്രമായിരുന്നെന്ന് അറിയാവുന്നവർ അധികം പേർ കാണുകയില്ല. ഞാൻ അതു് നല്ലപോലെ കണ്ടവനാണ്. ഇവരെ തമ്മിൽ കേസ് പറയിച്ച നേതാക്കളുടെ നേരെ ഞാൻ വിരൽ ചൂണ്ടുകയാണ്. നിങ്ങൾ വിവാഹിതരായപ്പോഴോ, നിങ്ങളുടെ മക്കളേയും, കൊച്ചുമക്കളേയും വിവാഹം കഴിപ്പിച്ചപ്പോഴോ, നിങ്ങൾ ആ കൈവെപ്പിനെപ്പററിയും, പട്ടത്തെപ്പററിയും, മൂറോനെപ്പററിയും ചിന്തിച്ചിട്ടുണ്ടോ? ഒരിക്കലും ഇല്ല.

ഈ രണ്ടു പരിശുദ്ധന്മാരെ തമ്മിൽ പിണക്കി കോടതി കയററിയതിൻെറ ശാപം ആ തലമുറയും നമ്മുടെ പ. സഭയും അനുഭവിച്ചുകഴിഞ്ഞു. ഇനിയും അതിനു മുതിരാതിരിക്കുന്നതായിരിക്കും നമുക്കും നമ്മുടെ സന്തതികൾക്കും നല്ലതു്.

## പട്ടംകൊട

എം. ഡി. സെമിനാരിയിൽവച്ചു നടന്ന അഞ്ചു മെത്രാച്ചന്മാരുടെ പട്ടംകൊട നമ്മുടെ സഭയ്ക്കു പൊതുവേയും, ദേവലോകത്തു് പ്രത്യേകിച്ചും ഒരു പെരുനാളായിരുന്നല്ലോ. എന്നാൽ ആ ദിവസങ്ങളിൽ പ. ബാവായോടു് അടുത്തു പെരുമാറിയിരുന്ന ഞങ്ങൾക്ക് ഉണ്ടായിരുന്ന മനഃപ്രയാസം വളരെ വലുതായിരുന്നു. അതേസമയത്തു് പ. തിരുമേനിയുടെ വിശ്വാസസ്ഥിരത, നോമ്പിലും ഉപവാസത്തിലുമുള്ള വിശ്വാസം, ആരോഗ്യംപോലും അവഗണിച്ചുള്ള വ്രതം എന്നിവ കണ്ടു് ഞാൻ ഭ്രമിച്ചുപോയി. ഇതിനെല്ലാം ഇടകലർത്തി തിരുമേനിയുടെ നർമ്മബോധം എന്നെ വളരെ ചിരിപ്പിക്കുകയും ചെയ്തു.

ആ ദിവസങ്ങളിൽ വൈകുന്നേരം പ്രാർത്ഥനയും കഴിഞ്ഞു് ഇരിക്കുമ്പോൾ ആരെങ്കിലും വന്നാൽ—അയാൾ വലിയവനാകട്ടെ, ചെറിയവനാകട്ടെ—'എടോ! തൻെറ അഭിപ്രായമെന്താ? ആരൊക്കെയാ നമ്മുടെ മെത്രാന്മാരാകേണ്ടതു്?' എന്നൊരു ചോദ്യം.

'അതു തീരുമാനിക്കേണ്ടതു് ഞാനാണ്'—എന്ന് മററുള്ളവർ മനസ്സിലാക്കത്തക്കവണ്ണമാണ് ആ ചോദ്യം. ചിലർ അതുപോലെ മറുപടിയും പറയും. ചിലർ ചില പേരുകൾ പറയും. അപ്പോൾ പ. ബാവാതിരുമേനി ചില മറുചോദ്യങ്ങൾ ചോദിക്കലായി. പിന്നെ കേട്ടുനിൽക്കുന്നവർക്ക് ഒരു തമാശയാണ്. ചൂണ്ട എറിഞ്ഞു കുടുക്കുന്നതുപോലെ എത്ര മഹാരഥന്മാരെയാണ് പ. തിരുമേനി ഈ കാര്യത്തിൽ ശരിപ്പെടുത്തിയിട്ടുള്ളതെന്നോ! ഞാൻ ചിലരുടെ ദയനീയസ്ഥിതി കണ്ടു് വളരെ ചിരിച്ചിട്ടുണ്ടു്.

'അഭിപ്രായം ആർക്കും പറയാം—അന്ത്യതീരുമാനം എൻേറതാണ്' എന്നായിരുന്നു പ. ബാവായുടെ അഭിപ്രായം. അതു ശരിയാണോ എന്നു സ്വയം പരിശോധിക്കുവാൻവേണ്ടിയുള്ള ചോദ്യങ്ങളായിരുന്നു ഇതെല്ലാം. 'തെററു് എനിക്കും പററിക്കൂടെന്നില്ല' എന്ന സ്വഭാവം സമ്മതം.

പ. തിരുമേനി എന്നെയും വിട്ടില്ല. ഒരു ദിവസം എന്നോടും ഇതേ ചോദ്യം ചോദിച്ചു. മററുള്ളവരുടെ അനുഭവം കണ്ടിട്ടുള്ള ഞാൻ പറഞ്ഞു

# ഉള്ളാട്ടിൽ ചിറ്റ് ഫണ്ട്സ്

## പ്രൈവറ്റ് ലിമിറ്റഡ്

രജി. ഓഫീസ്: 150 മൗണ്ട് റോഡ്,
മദ്രാസ് 600006.
ഫോൺ: 811688.

ഹെഡ് ഓഫീസ്:
കോട്ടയം.
ഫോൺ: 3074, റെസി: 3682.

**20000, 10000, 5000, 2000, 1000 രൂപാ**

മുതലുകളോടുകൂടി 40 മാസം കൊണ്ടവസാനിക്കുന്ന

**പ്രതിമാസ ലേലച്ചിട്ടി**

ഞങ്ങളുടെ കോട്ടയം ഓഫീസിൽ ഉടനെ ആരംഭിക്കുന്നു.

ആദ്യലേലം: 4-6-1973.

ചിട്ടിയിൽ ചേരണമെന്നാഗ്രഹിക്കുന്നവർ ഉടൻതന്നെ ഫാറം പൂരിപ്പിച്ച്
ജൂൺ 1-ാം തീയതിക്കകം കോട്ടയം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

ഐസക്ക് തോമസ്, മാനേജിംഗ് ഡയറക്ടർ.

---

## നാഷണൽ സീഡ്സ് കോർപ്പറേഷൻ

(കേന്ദ്ര ഗവ: സ്ഥാപനം)

അത്യുല്പാദന ശേഷിയുള്ള

**നെൽവിത്തുകൾ,**

എല്ലാ വിധ കീട നാശിനികൾ, മരുന്നു
തളി യന്ത്രങ്ങൾ മുതലായവയ്ക്ക്

മാതു ആൻഡ് മാതു
മാർക്കറ്റ്, കോട്ടയം-1.
ഫോൺ. 4286.

---

PHONE 4292

## GLASS HOUSE
## M.D. COMMERCIAL CENTRE

**K. K. ROAD, KOTTAYAM-1.**

*Dealers in:-*

Sheet glass, Mirrors, Laminated sheets, Acrylic plastic sheets, Aluminium channels, Fittings, Door handles, Mowicol, Themicol etc.

**WHOLE SALES & RETAILS.**

‘അതെല്ലാം തിരുമേനി നിശ്ചയിക്കേണ്ടകാര്യമാണ്. പൂച്ചയ്ക്കെന്തു് പൊന്നുരുക്കുന്നിടത്തു കാര്യം’.

‘ഓ! എന്താടോ, പൂച്ചയോ? താൻ പൂച്ചയൊന്നുമല്ല. തനിക്ക് എല്ലാവരേയും അറിയാം. അതുകൊണ്ടാണ് ചോദിച്ചതു്. താനും ഒരു ലിസ്റ്റു തരണം’ എന്നു പറഞ്ഞു. തിരുമേനിയുടെ ചിന്താഗതി എന്താണെന്ന് അറിയാവുന്ന ഞങ്ങൾ രണ്ടുമൂന്നു പേർ കൂടി ആലോചിച്ച് ഞാനും കൊടുത്തു ഒരു ലിസ്റ്റ്.

ഇപ്പോൾ ആലോചിച്ചിട്ട് ഞാൻ എന്തു പമ്പരവിഡ്ഢിയായിരുന്നു എന്നു തോന്നിപ്പോകുന്നു. മലങ്കര ഓർത്തഡോക്സ് സഭയെ ഭരിക്കേണ്ട മേല്പട്ടക്കാർ ആരായിരിക്കണമെന്ന് തീരുമാനിക്കേണ്ടതു് ഡോ. പൌലോസോ. മണ്ടത്തരത്തിനു് ഒരു അതിരു വേണ്ടേ?

പക്ഷേ, എന്തായാലും ഞാൻ കൊടുത്ത ലിസ്റ്റിൽ ഒരാൾ ഒഴിച്ച് എല്ലാവരേയും വാഴിച്ചു. ഒരാളെ വാഴിക്കാതിരുന്നതിനെപ്പററി പിന്നീടൊരിക്കൽ എന്നോടു പറയുകയും ചെയ്തു. അതു് പിന്നാലെ ഞാൻ എഴുതുന്നുണ്ട്.

## ആ നോമ്പ്

മെത്രാൻ പട്ടംകൊടയ്ക്കു മുമ്പ് 40 ദിവസം നമ്മുടെ കർത്താവു നോക്കിയതുപോലെ വലിയ നോമ്പും ഉപവാസവുമാണ് പ. ബാവാ നോക്കിയതു്. വയോവൃദ്ധനായ ആ പ്രമേഹരോഗി നോക്കുന്ന നോമ്പും, എടുക്കുന്ന ഉപവാസവും കണ്ട് ഞാൻ ഭയന്നു പോയി. ഒഴിവില്ലാതെ ദിവസവും മൂന്നു പ്രാവശ്യം ഞാൻ തിരുമേനിയെ പരിശോധിച്ചിരുന്നു. 30—ാം ദിവസം ആയപ്പോൾ ഈ മനുഷ്യൻ എങ്ങിനെ ജീവിച്ചിരിക്കുന്നു എന്ന് എനിക്കുതന്നെ സംശയമായി. മൂത്രം, രക്തസമ്മർദ്ദം, നാഡിമിടിപ്പ് എന്നിവ നോക്കിയിട്ട് എനിക്കു ഭയമായി. കാലിൽ നല്ലവണ്ണം നീരും. പ്രാർത്ഥന കഴിഞ്ഞ് മുറിയിൽ വന്നപ്പോൾ ഞാൻ പറഞ്ഞു:— ‘ഇനിയും 10 ദിവസം കൂടി ഉണ്ട്. ഇങ്ങിനെ പോയാൽ പട്ടംകൊട ഒന്നും നടക്കുകയില്ല’.

ദേഷ്യപ്പെട്ടന്നെങ്കിൽ ആകട്ടെ എന്നു വിചാരിച്ചുകൊണ്ടുതന്നെയാണ് ഞാൻ പറഞ്ഞതു്. ഞാൻ അത്രമാത്രം ചിന്താക്കുഴപ്പത്തിലായിരുന്നു.

ഞാൻ ഇതിനു മുമ്പ് ഒരിക്കൽ കണ്ട അതേ ഭാവവ്യത്യാസങ്ങൾ ആ മുഖത്തു വന്നു. സ്നേഹം, സന്തോഷം, സംതൃപ്തി അവയുടെ കൂടെ സ്വല്പം പുച്ഛരസംകൂടി കലർത്തി പറഞ്ഞു. ‘ഓ— താനങ്ങു തീരുമാനിച്ചുകഴിഞ്ഞോ? ഞാൻ പട്ടം കൊടുക്കുകയില്ലെന്ന്. ശരി, സംഭവിച്ചോട്ടെ. എനിക്കു് പട്ടം കൊടുക്കുവാൻ യോഗ്യതയുണ്ടോ എന്ന് തീരുമാനിക്കേണ്ടതു് ദൈവംതമ്പുരാനാണ്. എനിക്കു യോഗ്യതയുണ്ടെങ്കിൽ ദൈവംതമ്പുരാൻ ബലം തന്നുകൊള്ളും. ഇല്ലെങ്കിൽ വേണ്ടാ. എന്റെ നാല്പതു ദിനനോമ്പു. താൻ വിഷമിക്കണ്ടാ’ എന്നു പറഞ്ഞു.

(കുറിപ്പ്. ഇതും, പ. തിരുമേനിയുടെ അന്ത്യസുഖക്കേടു തുടങ്ങിയപ്പോൾ എന്നോടു പറഞ്ഞതും ദയവുചെയ്തു കൂട്ടി വായിക്കുക. അപ്പോൾ നിങ്ങൾക്കു് പ. ബാവായെ ശരിയായി മനസ്സിലാകും).

ഈ സമയത്തു് പട്ടംകൊടയ്ക്കു് ധരിക്കേണ്ട കാപ്പ മുതലായ തി. വസ്ത്രങ്ങൾ ഒരാൾ കൊണ്ടുവന്നു. എല്ലാം നോക്കി പറഞ്ഞു: ‘എടോ, കണ്ടോ—ഞാൻ മണവാളനാണ്. ഇതെല്ലാം ഇട്ടുകൊണ്ട് ഞാൻ പട്ടം കൊടുക്കും. താൻ കണ്ടോ’.

പട്ടംകൊട ഒരു കുഴപ്പംകൂടാതെ നടന്നു. പക്ഷേ വലിയ കുഴപ്പങ്ങൾ ഉണ്ടാകുമായിരുന്നു എന്ന് ഞാൻ ഉൾപ്പെടെ പലരും വിചാരിച്ചു. ഞങ്ങൾ ബുദ്ധിയില്ലാത്ത കന്യകമാരേപ്പോലെയായിപ്പോയി.

## തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി

പട്ടംകൊടയ്ക്കു് ഏതാനും ആഴ്ചകൾക്കു മുമ്പ് നിരണം ഇടവകയുടെ കാലംചെയ്ത ദീവന്നാസ്യോസ് തിരുമേനി വെല്ലൂർനിന്നും വന്നു. കഴുത്തിലെ ഓപ്പറേഷൻ കഴിഞ്ഞു വന്നതാണ്. പട്ടംകൊടയ്ക്കു് തിരുമേനിക്കുംകൂടി വി. മദ്ബഹായിൽ ഇരിക്കണമെന്ന് നിർബ്ബന്ധമായി. 'പൌലോച്ചൻ പറയട്ടെ മെത്രാച്ചനു് അതിനു് ആരോഗ്യമുണ്ടെന്നു്. എന്നാൽ സമ്മതിക്കാം' എന്നായിരുന്നു ബാവായുടെ മറുപടി.

പട്ടംകൊടയുടെ തലേദിവസം രാത്രി 10 മണിക്കു് ദീവന്നാസ്യോസ് തിരുമേനിക്കു് ആലസ്യം വർദ്ധിച്ചു. പെട്ടെന്നു ബോധം കെട്ടു. ഞാനും കോട്ടയത്തുണ്ടായിരുന്ന പ്രധാന ഡോക്ടർമാരും രാത്രി ദേവലോകത്തു് ഓടിയെത്തി. അന്നു് തിരുമേനി കാലംചെയ്താൽ പിറേറദിവസം പട്ടംകൊട—ഞങ്ങൾ എല്ലാവരുംകൂടി നോക്കിയിട്ടും തിരുമേനിയുടെ രോഗം എന്താണെന്നു മനസ്സിലായില്ല. രാത്രി മുഴുവൻ ആ മുറിയിൽ ഓരോന്നു ചെയ്തുകൊണ്ട് ഞാൻ കഴിച്ചുകൂട്ടി. പ. ബാവാ തിരുമേനിയെ അറിയിച്ചില്ല. തിരുമേനി പഴയ

സെമിനാരിയിൽ ആയിരുന്നു. അൽഭുതമെന്നു പറയട്ടെ വെളുപ്പിന് 4 മണിക്ക് തിരുമേനിക്കു ബോധം വീണു. പിന്നെ കുഴപ്പം ഒന്നും ഉണ്ടായില്ല. എങ്കിലും പട്ടംകൊടയിൽ സംബന്ധിക്കണമെന്നുള്ള ആഗ്രഹം സാധിച്ചില്ല. ആ രാത്രി അനുഭവിച്ച മനോവേദന ഞാൻ ഒരിക്കലും മറക്കുകയില്ല.

## മാർ തേവോദോസ്യോസ് തിരുമേനി

ഇന്നത്തെ ബാവാ—മാർ തീമോത്തിയോസ് തിരുമേനിയും— അന്ന് നല്ല സുഖമില്ലാതെ ദേവലോകത്തു് ഉണ്ട്. പട്ടംകൊടയിൽ സംബന്ധിക്കണമെന്ന ആഗ്രഹത്തിൽ വന്നതാണ്. പക്ഷെ ദേഹാസ്വാസ്ഥ്യംമൂലം അദ്ദേഹത്തിനും അതു സാധിച്ചില്ല. പട്ടംകൊട കഴിഞ്ഞ് എം. ഡി. സെമിനാരിയിൽനിന്ന് പഴയ സെമിനാരിയിലേക്കുള്ള ഘോഷയാത്ര. ഞാൻ ഈസ്റ്റേൺ സിററിസൺ ബാങ്കിന്റെ മുകളിൽനിന്ന് അതു കണ്ടുകൊണ്ടു നിൽക്കുമ്പോൾ ദേവലോകത്തുനിന്നു വിളി— 'ഉടൻ എത്തണം. തേവോദോസ്യോസ് തിരുമേനിക്കു അസുഖം വർദ്ധിച്ചിരിക്കുന്നു' കാർ കൊണ്ടുപോകുവാൻ അസാദ്ധ്യം. ഞാൻ മനോരമയുടെ കിഴക്കുവശത്തുള്ള റോഡിൽകൂടി താഴോട്ടു പോയി. വയലിൽകൂടി ഓടി ദേവലോകത്തെത്തി. തിരുമേനിക്ക് ശ്വാസംമുട്ടൽ. പ്രസ്സ്—130—ഏകദേശം അഞ്ചു മണിക്കൂർ അവിടെയിരുന്ന് വേണ്ട ശുശ്രൂഷകൾ ചെയ്തു.

## വെല്ലൂർക്ക് യാത്ര. ഓപ്പറേഷൻ

ഒരു ഇരുപത്തഞ്ചുനോമ്പിൽ ശനിയാഴ്ച വൈകുന്നേരം ഞാൻ ദേവലോകത്തുചെന്നു. തിരുമേനിക്കു കഠിന നോമ്പാണ്. ഉച്ചനിൽക്കുകയാണ്. പാലോ മോരോ ഉപയോഗിക്കുന്നുമില്ല. ഞാൻ ചെന്നപ്പോൾ ബ. മാനേജരച്ചൻ പറഞ്ഞു, ''ചുമയാണ്. അതുകൊണ്ട് സ്വല്പം പിണക്കത്തിലാണ്, നാളെ ചൊല്ലുവാൻ സാധിക്കുകയില്ലെന്ന്''

ഞങ്ങൾക്കറിയാം പിണങ്ങിയാൽ ആന പിണങ്ങിയതുപോലെയാണെന്ന്. അകത്തു കയറുവാൻ ധൈര്യപ്പെട്ടില്ല. കുറച്ചു കഴിഞ്ഞപ്പോൾ കുശിനിക്കാരൻ വന്നു പറഞ്ഞു, ഞാൻ ചെന്നിട്ടുണ്ടെങ്കിൽ അകത്തു ചെല്ലുവാൻ കല്പിച്ചെന്ന്. ഞാൻ കയറിച്ചെന്ന് കൈമുത്തി.

'എടോ ചൊമയാ— നാളെ ചൊല്ലണ്ടേ? താൻ എന്താ ചികത്സയാണ് ഈ ചെയ്യുന്നതു്' എന്നായി.

'അതു് ഈ ഉച്ചനിൽപ്പും, നോമ്പും, ഉഷ്ണവും എല്ലാംകൂടി ഉണ്ടായതാണ്, നാളെ കർബ്ബാന ചൊല്ലേണ്ടാ. പള്ളിയിൽ പോയാൽ മതിയല്ലോ. എന്ന് ഞാൻ പറഞ്ഞു.

'എടാ, പിശാശേ, കടക്കെടാ പുറത്ത്—നിനക്ക് നോയിമ്പും കുമ്പസാരവും ഒന്നും ഇല്ലായിരിക്കും. നീ എന്നേയും തെററിക്കുവാൻ വന്നിരിക്കുകയാണ്' എന്നായി.

ഞാൻ അവിടെത്തന്നെ നിന്നു. കുറച്ചുകഴിഞ്ഞപ്പോൾ തിരുമേനി പറഞ്ഞു— 'എടാ—ഞാൻ എന്തൊക്കെയോ പറഞ്ഞതു്. ഓ—സാരമില്ല. തന്നോടല്ല. അതു ചൊല്ലണ്ട എന്ന്. ശരി വേണ്ടെന്നു വെച്ചേക്കാം സുഖമുണ്ടെങ്കിൽ ചൊല്ലും. എന്തായാലും ചുമ എത്രയും വേഗം മാറുവാൻ മരുന്നു താ'

ചുമയ്ക്ക് മരുന്നു കൊടുത്തു. പിറേറദിവസം വി. കുർബ്ബാന ചൊല്ലി ഒരു പ്രസംഗവും പറഞ്ഞു.

FOR FAVOURS RECEIVED



Mrs. Mary Varghese, Mavelikara. Sosamma Easo, Eraviperoor.

ഉച്ചമേശയും വിശ്രമവും കഴിഞ്ഞു് എഴുന്നേററപ്പോഠം മൂത്രം പോകയില്ല. ഉടനെ എന്നെ വിവരം അറിയിച്ചു. ഞാൻ ഓടിയെത്തി. കിടക്കമുറിയുടെ അടുത്തുള്ള ബാത്തുറൂമിൽ ഒരു പാത്രത്തിൽ മൂത്രം ഒഴിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. തിരുമേനിയുടെ വേലക്കാരൻ ഉണ്ണി പറഞ്ഞു ഡോക്ടർ വന്നെന്നു്. ഉടനെ സംസാരമായി. 'എടോ—താൻ വന്നോ. എന്തു് വിഷമമാണെടോ, താൻ എനിക്കു തന്നതു്. മൂത്രം പോകുന്നില്ലല്ലോ'. സുഖമില്ലാതിരിക്കെ കുർബ്ബാന ചൊല്ലിയതുകൊണ്ടാണെന്നു പറയുവാൻ തോന്നിയെങ്കിലും അത്രയ്ക്കു ധൈര്യം ഉണ്ടായില്ല. കുറച്ചുകഴിഞ്ഞപ്പോഠം തന്നത്താൻ പറഞ്ഞു' അല്ലെങ്കിൽ ഇന്നലെ ചൊല്ലുകയും മററും ചെയ്തു് വിയത്തുകൊണ്ടായിരിക്കും.

'അടിയൻ അതു പറയുവാൻ മടിച്ചതാണു്' എന്നു് ഞാൻ പറഞ്ഞു. ചില ചോദ്യങ്ങഠക്കു് ഞാൻ 'അടിയൻ എന്നു് മറുപടി പറഞ്ഞുകൊണ്ടിരുന്നു. മൂത്രം പോകാതെ വേദനയായി. ഉടനെ 'താൻ അടിയൻ എന്നു പറഞ്ഞു് അവിടെ നിന്നാൽ എൻെറ മൂത്രം പോകുമോ' എന്നായി.

'മൂത്രം എടുക്കണം' എന്നു് ഞാൻ പറഞ്ഞു. അതിനു് മറുപടി ഒരു ആട്ടു് ആയിരുന്നു. ഞാൻ മുറിക്കു പുറത്തിറങ്ങി. 5 മിനുട്ടു കഴിഞ്ഞപ്പോഠം—

'ശെമ്മാശേ, അവൻ പോയോ എനിക്കു വലിയ ദേഷ്യമാ, അല്ലേ. അവനേ വിളിച്ചേ' എന്നോടു ദേഷ്യപ്പെട്ടതിൽ തിരുമേനിക്കുള്ള പ്രയാസവും എന്നോടുള്ള വാത്സല്യവും ആ വിളിയിൽ സ്പഷ്ടമായിരുന്നു.

ശുദ്ധന്മാർക്കുള്ള ശുണ്ഠി—ഉടനേ ഉള്ള ക്ഷമാപണം—ഇതു് പ. തിരുമേനിയുടെ ഒരു പ്രത്യേകതയായിരുന്നു. അതു് അറിഞ്ഞുകൂടാത്തവർ പലരും പിണങ്ങിപ്പോയിട്ടുണ്ടു്.

ഏതായാലും അന്നു് മൂത്രമെടുത്തു് ട്യൂബ് ഇട്ടു. എത്രയും വേഗം വെല്ലൂർക്കു് അയയ്ക്കുവാനുള്ള ഏർപ്പാടുകളും ചെയ്തു. വെല്ലൂർനിന്നും ഡോ. കാർമ്മനെയുംകൊണ്ടു് ഡോ. പി. കോശി പിറെറദിവസം എത്തി. ഡോ. കോശിയാണു് തിരുമേനിയെ വെല്ലൂർക്കു കൊണ്ടുപോയതു്

പോകുന്നതിനു മുമ്പും ദേവലോകം അരമന ചാപ്പലിൽ പ്രാർത്ഥനയും കഴിഞ്ഞു് ഇറങ്ങിവന്നിട്ടു് സങ്കടത്തോടുകൂടി അവിടെ കൂടിയിരുന്ന ഒരു ചെറിയകൂട്ടം ആളുകളോടായി മൊഴിഞ്ഞു:—

''നിങ്ങഠം എനിക്കുവേണ്ടി കരയേണ്ട. അതു തൊററാണു്. ഞാൻ ഒരു വലിയ ഓപ്പറേഷനു പോകുകയാണെന്നു് അറിയാം. ഞാൻ ഇഹലോകത്തിൽ ചെയ്തുതീർക്കേണ്ട ജോലികഠം ചെയ്തുകഴിഞ്ഞിട്ടുണ്ടെങ്കിൽ പിതാവു് എന്നെ വിളിക്കും. അപ്പോഠം ഞാൻ അങ്ങോട്ടു പോകും. മടങ്ങിവരികയില്ല. നേരേമറിച്ചു്, പിതാവിനു് എന്നേ ഈ മുന്തിരിത്തോട്ടത്തിൽ ഇനിയും ജോലിക്കു് വേണമെങ്കിൽ, എന്നേ മടക്കി അയയ്ക്കും. എല്ലാം ദൈവത്തിൻെറ ഇഷ്ടം.'' എന്തു് വിശ്വാസ സ്ഥിരത. ഞാൻ മററു് ആരിലും ഇത്രമാത്രം വിശ്വാസ സ്ഥിരത കണ്ടിട്ടില്ല

തിരുമേനി ഓപ്പറേഷൻ കഴിഞ്ഞു് സുഖമായി മടങ്ങിവരുകയും ചെയ്തു. ഇതിനിടയ്ക്കു് ഞാൻ എഫ്. ആർ. സി. എസ്. പഠിക്കുവാൻ ഇംഗ്ളണ്ടിൽ പോകുവാൻ തീരുമാനിച്ചു. ചെന്നുകണ്ടു് യാത്രചോദിച്ചു. തിരുമേനി കൈയിൽ ഇട്ടിരുന്ന മോതിരം ഊരി എൻെറ വിരലിൽ ഇട്ടിട്ടു് ഈ മോതിരം താൻ ഓർക്കുന്നുണ്ടോ. ഇതു് മെത്രാച്ചന്മാരെ വാഴിച്ചപ്പോഠം പണികഴിപ്പിച്ചതാണു്. ഇതു് തനിക്കിരിക്കട്ടെ, താൻ അന്നു തന്ന ലിസ്ററിൽ ഒരാളേക്കൂടി വാഴിക്കുന്നുണ്ടു്. അതിനു് ഞാൻ കാണുമോ എന്നു് അറിഞ്ഞുകൂടാ പക്ഷേ അതും നടക്കണം'' എന്നു പറഞ്ഞു. അതു് നടക്കുകയും ചെയ്തു.

''താൻ വേഗം പോയി പാസ്സായി വരണം, എനിക്കു് തന്നേക്കൊണ്ടു് ഇനിയും ആവശ്യം വരും'' എന്നു പറഞ്ഞു. ആ വചനങ്ങഠം എത്രമാത്രം അർത്ഥവത്തായിത്തീർന്നു എന്നു് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഞാൻ എഫ്. ആർ. സി. എസ്. പാസ്സായിവന്നു് കോട്ടയത്തുതന്നേ വീണ്ടും ജോലിയിൽ പ്രവേശിച്ചു. അന്നുതന്നേ പ. തിരുമേനിയെ പോയി കണ്ടു. പിന്നെ ആഴ്ചയിൽ രണ്ടു പ്രാവശ്യമെങ്കിലും കാണുമായിരുന്നു. തിരുമേനിയുടെ ഒരു സഹോദരി എൻെറ പിതാമഹിയാണു്. അവർക്കു സുഖമില്ലാതെ കോട്ടയത്തു് എൻെറകൂടെ വീട്ടിൽ ഉണ്ടായിരുന്നു. അവരേ കാണുവാൻ തിരുമേനി ചിലപ്പോഠം ഒക്കെ എൻെറ വീട്ടിൽ വന്നിരുന്നു.

## അന്ത്യ അസുഖം

ഒരുദിവസം തിരുമേനി പ്രാർത്ഥിക്കുവാൻ എഴുന്നേററപ്പോഠം ഒരു കാലിൻെറ പെരുവിരൽ കസേരയിൽ മുട്ടി. വലിയ വേദനതോന്നി. അപ്പോഠംതന്നെ എന്നേവിളിച്ചു. ഞാൻ ചെന്നു നോക്കി

# മുത്തൂററ് എം. ജോർജ്ജ് & ബ്രദേഴ്സ്

## ബാങ്കേഴ്സ്, കോഴഞ്ചേരി

സ്വർണ്ണപ്പണയത്തിന്മേൽ പണം കടം കൊടുക്കുന്നതും ചെക്ക്, ഡ്രാഫ്റ്റ് മുതലായവ ക്യാഷ് ചെയ്തു കൊടുക്കുന്നതുമാണ്.

1972 ജനുവരി 1 മുതലുള്ള പുതുക്കിയ പലിശനിരക്ക് താഴെ കാണിച്ചിരിക്കുന്നു.

| | | |
|---|---|---|
| സേവിംഗ്സ് ബാങ്ക് | ഡിപ്പോസിററ് | 4½ % |
| 7 ദിവസത്തെ നോട്ടീസ് | ഡിപ്പോസിററ് | 6 % |
| 15 ദിവസത്തെ നോട്ടീസ് | ഡിപ്പോസിററ് | 6½ % |
| 3 മാസത്തെ സ്ഥിരം | ഡിപ്പോസിററ് | 7 % |
| 6 മാസത്തെ സ്ഥിരം | ഡിപ്പോസിററ് | 7½ % |
| 12 മാസത്തെ സ്ഥിരം | ഡിപ്പോസിററ് | 8 % |
| 24 മാസത്തെ സ്ഥിരം | ഡിപ്പോസിററ് | 8½ % |
| 36 മാസത്തെ സ്ഥിരം | ഡിപ്പോസിററ് | 9 % |

Props:- M. George, M. Mathew, Mathew M. Thomas.

യപ്പോൾ വലിയ കുഴപ്പമൊന്നും കണ്ടില്ല. പിറേറ ദിവസം എക്സറേ പരിശോധനയും നടത്തി. കുഴപ്പങ്ങൾ ഒന്നും കണ്ടില്ല. വിവരം സമുദായട്രസ്ററി ഉപ്പൂട്ടിലെ കുഞ്ഞച്ചനേയും അറിയിച്ചു. പിന്നെ പരസ്യപ്പെടുത്തിയില്ല.

പ. ബാവാതിരുമേനിക്കു എന്നിൽ പരിപൂർണ്ണ വിശ്വാസം ഉണ്ടായിരുന്നു. എന്നാലും സമുദായത്തിലെ ഒരു ഉന്നത വ്യക്തി ആരും പറയാതെ ആരോടും പറയാതെ ഒരു വലിയവനായ ഡോക്ടറെ വിളിച്ചുകൊണ്ടുവന്നു. അദ്ദേഹം വിളിച്ചതും തെററു്, ആ ഡോക്ടർ എൻെറ അനുവാദം കൂടാതെ വന്നതും തെററു്. ഈ വക സംഗതികളിൽ പ. തിരുമേനിക്കും ചില നിർബന്ധങ്ങൾ ഉണ്ടായിരുന്നു. അവർ അകത്തുവന്നു് തിരുമേനിയെ കണ്ടു് വിവരം പറഞ്ഞു.

'വേറേ ഡോക്ടറെ വിളിക്കുന്ന കാര്യം പൗലോച്ചൻ ഒന്നും പറഞ്ഞില്ലല്ലൊ. പിന്നെ എന്തിനാ എന്നു ചോദിച്ചു.

കൊണ്ടുവന്ന ആൾ പറഞ്ഞു 'തിരുമേനി— അടിയൻ വിവരം അറിഞ്ഞപ്പോൾ ഭയപ്പെട്ടുപോയി. അതുകൊണ്ടു് വിളിച്ചുകൊണ്ടുവന്നതാണു്.'

'അതു സാരമില്ല അവൻ പറയാതെ മററാരും എന്നെ പരിശോധിക്കുവാൻ ഞാൻ സമ്മതിക്കുകയില്ല. അതിൻെറ ആവശ്യവും ഇല്ല. താൻ ചെയ്തതു് തെററായിപ്പോയി'—എന്നു പറഞ്ഞിട്ടു് ഡോക്ടറോടു് തിരിഞ്ഞു് ഡോക്ടർ തെററിദ്ധരിക്കരുതു്—ഞാൻ പറയുന്നതാണു് അതിൻെറ ശരിയായ രീതി എന്നാണു് എനിക്കു തോന്നുന്നതു്. എന്നു പറഞ്ഞു.

'അതേ'—എന്നു് മറുപടി പറഞ്ഞു അദ്ദേഹം പുറത്തിറങ്ങി.

(കുറിപ്പു്. ഈ സംസാരം ഞാൻ കേട്ടതല്ല. പ. ബാവാ പറഞ്ഞും, വന്ന ഡോക്ടർ പറഞ്ഞും അറിഞ്ഞതാണു്. രണ്ടുപേരും പറഞ്ഞതു് ഒരേ രീതിയിലുമാണു്.)

അന്നു വൈകുന്നേരം പതിവുപോലെ ഞാൻ ദേവലോകത്തു പോയി. കാൽ പരിശോധിച്ചു. വലത്തുകാലിൽ പെരുവിരലിൻെറ അററത്തു് ഒരു കരുവാളിപ്പു മാത്രം. 'ഓ—സാരമില്ല' എന്നു് ഞാൻ പറഞ്ഞു.

തിരുമേനി കുറച്ചുസമയത്തേക്കു് ഒന്നും മിണ്ടിയില്ല. അതുകഴിഞ്ഞു് എന്നെ നോക്കി ഒന്നു ചിരിച്ചു. എന്നിട്ടു പറഞ്ഞു:—ഓ—സാരമില്ല. എടോ—താൻ ഒരു മണ്ടനാ. ഇതു് എന്നെ കൊണ്ടുപോകുവാൻ വന്നതാണു്. ഞാൻ പോകുവാൻ തയ്യാറുമാണു്. എന്നെ ഇന്നലെ രാത്രി പ. കന്യാസ്ത്രീ അമ്മ വിളിച്ചു 'മകനേ—പോരേണ്ട സമയമായി, ഒരുങ്ങിക്കൊള്ളുക'— എന്നു പറഞ്ഞു—ആ വിളികേട്ടു് പെട്ടെന്നു് എഴുന്നേററുകൊണ്ടാണു് കാലിനു് ഇതു പററിയതു്. അതുകൊണ്ടു് എൻെറ ചികിത്സയുടെ ചുമതല താൻ മാത്രമായി ഇനി എടുക്കേണ്ട. തന്നെ കുററം പറയുവാൻ നോക്കി ഇരിക്കുന്നവരുണ്ടു്. അതുകൊണ്ടു് ആരേ വേണമെങ്കിലും വിളിച്ചുകൊള്ളുവാൻ പറയുക. പിന്നെ—ഞാൻ മററുവല്ല സ്ഥലത്തും പോണോ; എന്നെ നോക്കേണ്ടതു് ആരാണു് എന്നൊക്കെ തീരുമാനിക്കേണ്ടതു് ഞാനാണല്ലോ താൻ എനിക്കുവേണ്ടി കുറച്ചു ബുദ്ധിമുട്ടേണ്ടി വരും' എന്നു പറഞ്ഞു.

തിരുമേനിയുടെ മുറിയുടെ അടുത്തുള്ള വരാന്തയിലേക്കു് ഞാൻ മാറി. ഞാൻ വല്ലാതെ വിയർക്കുന്നുണ്ടായിരുന്നു. എനിക്കു ഒരു വല്ലാത്ത അനുഭവം. ഡ്റൈവർ തോമസ്സു് ഇതു കണ്ടു് എൻെറ അടുത്തു് വന്നു നിന്നു. ഒന്നും പറഞ്ഞില്ല.

കുറച്ചു കഴിഞ്ഞു് എഴുന്നേററു് മാനേജരച്ചൻെറ മുറിയിൽ പോയി ഒരു കാപ്പി കുടിച്ചു. എന്നിട്ടു് വിവരങ്ങളെല്ലാം അച്ചനോടും മണലിൽ അച്ചനോടും, സഖറിയാ ശെമ്മാശ്ശനോടും പറഞ്ഞു. സമുദായട്രസ്ററി കുഞ്ഞച്ചനേയും സെക്രട്ടറി ബേബിയേയും വിളിച്ചു. അവരും ഉടൻ വന്നു. എല്ലാവരുമായി ആലോചിച്ചു് ആദ്യത്തെ മെഡിക്കൽ ബുള്ളററിൻ ബലഹീനനായ ഞാൻ ഒപ്പിട്ടു് മനോരമയ്ക്കു കൊടുത്തു. മററു ഡോക്ടർമാരെ വരുത്തുവാൻ ഇടപാടുകളും ചെയ്തു.

കന്തീലാ ഇതിനിടയിൽ തിരുമേനി തൻെറ കുമ്പസാരപിതാവിനെ വിളിച്ചു് കുമ്പസാരിച്ചു. കുർബ്ബാനയും കൈക്കൊണ്ടു. ഇതു് ഞങ്ങളൊന്നും അറിഞ്ഞില്ല. തിരുമനസ്സിലെ രോഗം ഗുരുതരമാണെന്നും സൌഖ്യം പ്രാപിക്കുക അത്ര എളുപ്പമല്ലെന്നും തിരുമേനിയ്ക്കു ബോദ്ധ്യമായിരുന്നു.

'എനിക്കു് സുഖക്കേടു്; നിങ്ങൾക്കു് പെരുന്നാളു്; കന്തീലാ നടത്തിയില്ലെങ്കിൽ നാളേയ്ക്കു് മോശമായിരിക്കും. ഉടനെ നടത്തണം. കന്തീലാ കഴിഞ്ഞാൽ എൻെറ അസുഖത്തിനു കുറെ ആശ്വാസം ലഭിക്കും. ഞാൻ എൻെറ മുറിയിൽ ഇരിക്കുകയേ ഉള്ളൂ. താൻ ഇവിടെ കാണുകയും വേണം.' എന്നു പറഞ്ഞു.

അങ്ങിനെ കന്തീലാ നടന്നു. പൌലൂസ് മാർ പീലക്സീനോസ് തിരുമേനി ഒഴിച്ചു് എല്ലാ

*With The Compliments Of:*

# N. & B. PRODUCTS

**201, PARK STREET,**
**CALCUTTA-17**
Phone: 44-3539

*Selling Agents for:*

## National Organic Chemical Industries Ltd.

(1) Shell Non-Ionic Detergent PGN (100%)
(2) Teepol B 300

*Sole Agents in West Bengal for:*

## Hazarat & Co., Bombay

*Manufacturers of:*

Emco Gum for Sizeing & Finishing in Textile Industry
Meypro Gum in Textile Printing

**DEALERS IN ALL KINDS OF TEXTILE FINISHING PRODUCTS**

മെത്രാച്ചന്മാരും ശതക്കണക്കിന് വൈദികരും വലിയ ജനക്കൂട്ടവും അതിൽ സംബന്ധിച്ചു. തിരുമേനി കിടപ്പുമുറിയിൽ കട്ടിലിൽ കിഴക്കോട്ടു മുഖമായി കുറകെ ചാരിയിരുന്ന് ആ ശുശ്രൂഷയിൽ പങ്കുകൊണ്ടു. ഞാൻ ആ കട്ടിലിന്റെ പുറകിലും നിന്നു, കല്പിച്ചതുപോലെ കന്തീലാ കഴിഞ്ഞ് ഏതാനും ആഴ്ചകളിൽ തിരുമേനിക്ക് പെട്ടെന്ന് ആശ്വാസം ലഭിക്കുകയുണ്ടായി.

## പൗലോസ് പീലക്സീനോസ്—

തിരുമേനിയുടെ ഈ അന്ത്യസുഖക്കേടുകളുടെ നാളിൽ ഒരു ദിവസം ഞാൻ ചെന്നപ്പോൾ 'എനിക്ക് പൗലോസ് പീലക്സീനോസിനെ ഒന്നു കാണണം' എന്നു പറഞ്ഞു, ഇതിനെപ്പറ്റി തിരുമേനി നേരത്തേ പറഞ്ഞുപോലും. പക്ഷേ സഭയിലെ ചില നേതാക്കൾ അതിന് എതിരായിരുന്നു. അപ്പോൾ പറഞ്ഞു:— എടോ അതുകൂടി കഴിഞ്ഞാലേ എന്റെ കുമ്പസാരം പരിപൂർണ്ണമാകുകയുള്ളൂ. ഞാൻ കുമ്പസാരിക്കേണ്ടത് എങ്ങിനെയാണെന്ന് നിങ്ങളാണോ എന്നെ പഠിപ്പിക്കേണ്ടത് 'എന്ന് ചോദിച്ചു.

അങ്ങിനെ ആ കൂടിക്കാഴ്ചയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യുവാൻ ദേവലോകം നിർബന്ധിതമായി. കന്തീലാശുശ്രൂഷയുടെ ദിവസംപോലെ അന്നും ഞാൻ തിരുമേനിയുടെ പുറകിൽതന്നേ നിൽക്കുന്നുണ്ടായിരുന്നു.

ബാവാതിരുമേനി ഇരിപ്പുമുറിയിൽ ഒരു കസേരയിൽ തെക്കോട്ട് അഭിമുഖമായി ഇരിക്കുന്നു. മറ്റെല്ലാ മെത്രാച്ചന്മാരും ഒരു അർദ്ധവൃത്തത്തിൽ കസേരകളിൽ ബാവായെ അഭിമുഖമായി ഇരിക്കുന്നു.

പൗലോസ് പീലക്സീനോസ് തിരുമേനിക്ക് ഒരു കസേര ഒരുക്കി ഇട്ടിരിക്കുന്നു.

തിരുമേനി വരുവാൻ കുറച്ചു താമസിച്ചു. അരമുക്കാൽ മണിക്കൂർ കഴിഞ്ഞ് അദ്ദേഹം വന്നപ്പോൾ ക്ലീമ്മീസ് തിരുമേനി പറഞ്ഞു: 'വരുകയില്ല എന്ന് വിചാരിച്ചുപോയി'.

'സ്വല്പം താമസിച്ചു' എന്ന് പീലക്സീനോസ് മെത്രാച്ചൻ മറുപടി പറഞ്ഞു.

അപ്പോൾ ബാവാ പറയുകയാണ് 'ക്ലീമ്മീസ് തിരുമേനി എവിടെ എങ്കിലും പോകണം എന്ന് തോന്നിയാൽ ആസ്മാ വന്നു എന്നു പറഞ്ഞു രക്ഷപെടാം. മെത്രാച്ചന് അങ്ങിനെ വല്ല സുഖക്കേടുമുണ്ടോ. ആവശ്യംപോലെ വരികയും പോകുകയും ചെയ്യുന്നതിനായിട്ട്''.

നോക്കു ആ നർമ്മബോധം, മരിക്കുവാൻ കാൽ നീട്ടി ഇരിക്കുമ്പോൾ പോലും. ഏതായാലും അത് ഒരു കൂട്ടച്ചിരിക്കു ഇട നൽകി.

ഇതു കഴിഞ്ഞ് ബാവാതിരുമേനി പീലക്സീനോസ് മെത്രാച്ചനോടായി.

'ആബൂനേ—എന്റെ കാൽ കണ്ടോ? ഇവൻ പറയുന്നു ഇതു സാരമില്ലെന്ന് ഇവനേ അറിയാമോ?

'പൗലോസിനെ സംഭ്രോസ്കൂളും പഠിപ്പിച്ചതു ഞാനാണ്'' എന്ന് തിരുമേനി പറഞ്ഞു.

''ആ, അതിന്റെ ഗുണം അവനിൽ ഉണ്ട്''. എന്ന മറുപടിയും. തിരുമേനിയുടെ ഗുണഗണങ്ങളെപ്പറ്റി ഒരു അംഗീകാരമായിരുന്നു അത്.

'ഏതായാലും എനിക്ക് ഒരു കാര്യം പറയുവാനാണ് വിളിച്ചത്.' ഞാൻ വിളിക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഞാൻ അറിഞ്ഞോ അറിയാതെയോ മനസ്സോടെയോ അല്ലാതെയോ വാക്കിലോ, പ്രവൃത്തിയിലോ മെത്രാച്ചനോട് വല്ല തെറ്റും ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. പിന്നെ ഇവിടെ നാം എല്ലാവരുംകൂടി ഇരിക്കുന്നതുപോലെ സ്വർഗ്ഗത്തിലും നാം ഒരുമിച്ചു ഇരുന്നാൽ കൊള്ളാമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ അത് എങ്ങിനെ സാധിക്കുമെന്നതിനേപ്പറ്റി സംസാരിക്കുവാൻ ഞാൻ ഇപ്പോൾ ശക്തനല്ല. മറ്റു മെത്രാച്ചന്മാർ ഇവിടെ ഉണ്ട്. ഇഷ്ടമാണെങ്കിൽ അവരുമായി സംസാരിക്കാം—എന്നു പറഞ്ഞ് ഒരു സുറിയാനി പെങ്കീസാ പുസ്തകം സമ്മാനവും കൊടുത്ത് ആ രംഗം അവസാനിപ്പിച്ചു.

ഇതിന് മെത്രാച്ചനിൽ നിന്നുമുണ്ടായ പ്രതികരണത്തെപ്പറ്റി എല്ലാവർക്കുമറിയാവുന്നതുകൊണ്ടും അതിനേപ്പറ്റി ഇവിടെ എഴുതുന്നത് പ്രസക്തമല്ലാത്തതുകൊണ്ടും അതിന് മുതിരുന്നില്ല.

പ. ബാവായുടെ അസുഖം കൂടിത്തന്നേ വന്നു. പരുമലപ്പെരുനാളും അടുത്തു. പെരുനാളിന് (നവംബർ 2) പോകണമെന്ന് നിർബന്ധമായി. എനിക്ക് അതു അത്ര സമ്മതമായിരുന്നില്ല. അപ്പോൾ പറഞ്ഞു' എടോ ഞാൻ തന്റെ രോഗി. താൻ പറയുന്നതെല്ലാം ഞാൻ കേൾക്കുന്നുമുണ്ട്. പക്ഷേ എന്റെ ആത്മീക കാര്യങ്ങളിൽ താൻ ഇടപെടുന്നത് നല്ലതല്ല. ഈ വർഷംകൂടിയേ എനിക്ക് പരുമലെ പോകുവാൻ സാധിക്കുകയുള്ളൂ. എന്റെ ഗുരുവായ പരുമല തിരുമേനിയുടെ പെരുനാളിൽ സംബന്ധിക്കുക ഇതുവരെ മുടങ്ങിയിട്ടില്ല. അതുകൊണ്ട് പോകണം എന്നു പറഞ്ഞു.

പെരുനാൾ ഒരു ശനിയാഴ്ച ആയിരുന്നു. പെരുനാൾ ദിവസം പോകാതെ പിറ്റേദിവസം ഞായ

*With the Best Compliments of:*

★

# MODERN ROADWAYS CORPORATION

★

PHO: H. O. 34-2720 BRANCH: 2936

Branch Office:
**MAIN ROAD**
**ROURKELA - 1**

Head Office:
**9, AMARTOLLA LANE**
**CALCUTTA - 1.**

---

# SERVICE WITH A SMILE

Our Customer is more than a customer to us. That is why our Customers at our doors are received with a smile and treated in a regal manner.

Like an individual, the Syndicate Bank too has a personality of its own – 'Cordial, Helpful, Courteous'. It is in the excellence of service that we treat our Customers as Kings. This is the secret behind our having lakhs of accounts.

OUR MOTTO is: **NO MAN IS TOO SMALL FOR A BANK ACCOUNT.**

## SYNDICATE BANK

Head Office: **MANIPAL** (MYSORE STATE)

Branches: OVER 570

K.K.PAI, MANAGING DIRECTOR

# പുണ്യാത്മാവായ നല്ല ഇടയൻ

(ഡോ. ജോർജ്ജ് മട്ടയ്ക്കൽ, നിരണം)

മാർ തോമ്മാശ്ലീഹായുടെ മഹിമയേറിയ പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിൽ പ്രഭാപൂരം പരത്തിക്കൊണ്ട് മുപ്പത്തിയഞ്ചു വർഷക്കാലം, അപ്പോസ്തോലിക കാലം മുതലുള്ള പൗർവ്വിക പിതാക്കന്മാരുടെ സ്തുതി ചൊല്ലപ്പെട്ട സത്യവിശ്വാസസത്യവും സഭയുടെ പൗർവ്വികാചാരങ്ങളെയും അണുവിട വ്യതിചലിപ്പിക്കാതെ സശ്രദ്ധം പരിരക്ഷിച്ചു സൂക്ഷിക്കേണ്ട! എന്തു ത്യാഗവും അനുഷ്ഠിക്കുവാൻ സന്നദ്ധനുമായിരുന്ന നല്ല ഇടയനായിരുന്നു കാലം ചെയ്ത പ. കാതോലിക്കാ

---

റാഴ്ച രാവിലെ പോയിട്ടു പോരികയാണു നല്ലതു് എന്നു് ഞാൻ അഭിപ്രായപ്പെടുകയും തിരുമേനി അതു് സമ്മതിക്കുകയും ചെയ്തു. അങ്ങിനെ പോയി. ഞായറാഴ്ച ദാനിയേൽ മാർ പീലക്സീനോസ് തിരുമേനി വി. കുർബ്ബാന അർപ്പിച്ചു. ബാവാ ആദ്യവസാനം അതിൽ സംബന്ധിക്കുകയും വി. കുർബ്ബാന അനുഭവിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞു് മടങ്ങി വന്നു. ഒരു കുഴപ്പവും ഉണ്ടായില്ല.

പിറേറദിവസം പറഞ്ഞു, എടോ എന്റെ എല്ലാ ചുമതലകളും പൂർത്തിയായി, ആഗ്രഹങ്ങളും നിറവേറി. ഇനി എത്രയും വേഗം വിളിക്കപ്പെടണമെന്നേ പ്രാർത്ഥനയുള്ളൂ.'

എത്ര മനസ്സമാധാനത്തോടും ധൈര്യത്തോടുംകൂടിയാണു് തിരുമേനി മരണത്തെ അഭിമുഖീകരിച്ചതു് എന്നു് ഓർക്കുമ്പോൾ ഞാൻ ചൂളിപ്പോകുന്നു.

തിരുമേനി കല്പിച്ചു. 'എടോ പിതാവിങ്കലേക്കു പോകുവാൻ ഇഷ്ടപ്പെടാത്ത പുത്രൻ ചീത്തയാകുന്നു. എന്തിനു് ഭയപ്പെടുന്നു'.

തിരുമേനിയെ ചികിത്സിക്കുന്നതിനു് എന്നെ സമർത്ഥരായ മററു പല ഡോക്ടറന്മാരും സഹായിച്ചിട്ടുണ്ടു്. ഡോ. പാപ്പച്ചൻ, ഡോ. താമരപ്പള്ളി, ഡോ. പൊതുവാൾ, ഡോ. എം. സി. മാത്യൂസ്, ഡോ. കെ. സി. പോൾ, ഡോ. പി. കോശി, ഡോ. ചാക്കോ ജോർജ്ജ്, ഡോ. മാത്യു സഖറിയാ, ഡോ. ഏ. സി. വർഗീസ് എന്നിവർ അവരിൽ ചിലർ മാത്രമാണു്. ഇവർക്കെല്ലാവർക്കും തിരുമേനിയെ വലിയ മതിപ്പും ബഹുമാനവും ആയിരുന്നു. ഞാൻ കോട്ടയത്തു് ഇല്ലാതിരുന്ന അവസരങ്ങളിലെല്ലാം ഡോ. കെ. സി. പോളും ഡോ. പാപ്പച്ചനുമാണു് അധികവും തിരുമേനിയെ നോക്കിയിരുന്നതു്.

മരണത്തോടു് അടുത്തുകൊണ്ടു് കഴിച്ചുകൂട്ടിയ ആ ദിവസങ്ങളിൽപോലും വൈകുന്നേരം അരമണിക്കൂറെങ്കിലും തിരുമേനി നമ്മുടെ പ. സഭയെപ്പററിയും. വിശ്വാസാചാരങ്ങളെപ്പററിയും, സുറിയാനിക്രിസ്ത്യാനിയുടെ സ്വഭാവവിശേഷങ്ങളെപ്പററിയും മററും സാരഗർഭമായ രീതിയിൽ, വളരെ നർമ്മരസം കലർത്തി പ്രതിപാദിക്കുമായിരുന്നു. ആ നിമിഷങ്ങൾ ഞങ്ങളുടെ ജീവിതത്തിലെ ഒരിക്കലും മറക്കുവാനാവാത്ത നിമിഷങ്ങളാണു്. ഒരു മാസംകൊണ്ടു് തിരുമേനി തന്നെ കല്പിച്ചു തയ്യാറാക്കിയ ആ അന്ത്യകല്പനയിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാംതന്നെ അങ്ങിനെ ഞങ്ങൾക്കു പകർന്നു തന്നിട്ടുണ്ടു്.

മരണത്തോടടുത്തപ്പോഴും തിരുമേനി കട്ടിലിൽ കിഴക്കോട്ടു് അഭിമുഖമായി ചാരിയിരിക്കുകയായിരുന്നു. ഒരു മരണവെപ്രാളവും കാണിക്കാതെ ശാന്തമായ ആ പുണ്യദേഹി ദേഹത്തോടു് വേർപെട്ടു. അങ്ങിനെ ആ സ്വർഗ്ഗപ്രഭാവന്റെ ആത്മാവു് നമ്മിൽനിന്നും പറന്നുയർന്നു് യഥാർത്ഥ ദേവലോകം പൂകി എന്നു വിശ്വസിക്കാം.

ഞാൻ തിരുമേനിയുടെ ഒരു ഫോട്ടോ സൂക്ഷിച്ചിട്ടില്ല. അതിന്റെ ആവശ്യമുണ്ടെന്നു് എനിക്കു് തോന്നീട്ടില്ല. തിരുമേനി എപ്പോഴും ഞങ്ങളുടെ കൂടെ-എന്റെ ചെറിയ ഗൃഹത്തിൽ ഉണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ഞങ്ങൾ ചെയ്യുന്ന പാപങ്ങളുടെ നേരേ കണ്ണടച്ചുകൊണ്ടു് ഞങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. എനിക്കു് സുഖമില്ലാതെ മരണത്തോടു് മല്ലിട്ടുകൊണ്ടു് കുറേനാൾ കിടന്നപ്പോൾ മററാരും അന്വേഷിച്ചു് വന്നില്ലെങ്കിലും തിരുമേനി അവിടെ ഉണ്ടായിരുന്നു. ആ കുന്തിരിക്കത്തിന്റെ മണത്തിലൂടെ എനിക്കു അതു് അനുഭവപ്പെട്ടതാണു്.

ആ നീതിമാന്റെ ഓർമ്മ നമുക്കു് വാഴ്‌വിനായി തീരട്ടെ എന്നു പ്രാർത്ഥിക്കാം.

—0—

*With Best Compliments From:*

# DOOARS TRANSPORT

134/1, MAHATMA GANDHI ROAD

**CALCUTTA-7**

Gram: 'AIROFOILS' Telephone Nos. 34-8343 (3 lines)

★ **A VITAL LINK BETWEEN INDIA AND NEPAL**

*Main Branches:*

Bombay, Ahmedabad, Poona, Madras,

Bangalore, Hyderabad, Gauhati, Jorhat, Tinsukia,

Imphal, Delhi, Kanpur, Lucknow, Patna, Muzaffarpur,

Kathmandu, Birganj Biratnagar Etc. Etc.

ബാവാ തിരുമേനി. ജാതിമതഭേദമെന്യേ തന്നോടിടപെട്ടിട്ടുള്ള ഏവർക്കും തന്നെ ആദരിക്കുവാനല്ലാതെ കഴിവില്ലാതിരുന്ന സ്വർഗ്ഗീയ ചൈതന്യപ്രഭാവവാനും, കുദാശാനുഷ്ഠാനങ്ങളിൽ ദൈവിക സംസർഗ്ഗം വാസ്തവമായി കണ്ട് അറിഞ്ഞ് അനുഭവിച്ചിരുന്ന പുണ്യാത്മാവുമായിരുന്ന മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ തിരുമേനി കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് ഇപ്പോൾ പത്തു വർഷത്തോളമായിരിക്കുന്ന ഈ കാലയളവിൽ ജൂൺ 16–ാം തീയതി തിരുമേനിയുടെ നൂറാം ജന്മദിനം സ്മരിച്ചാഘോഷിക്കുകയാണ്. ഈ അവസരത്തിൽ, വളരെ ചെറുപ്പം മുതൽക്കേ ഈ പരിശുദ്ധ പിതാവിനോടു ബന്ധപ്പെടുന്നതിനും, അഞ്ചു വർഷക്കാലത്തോളം സെക്രട്ടറി എന്ന നിലയിൽ കൂടെ താമസിച്ചു സേവനം ചെയ്യുന്നതിനും ഭാഗ്യം ലഭിച്ച ഞാൻ എന്റെ ഏതാനും അനുഭവസ്മരണകൾ കുറിക്കട്ടെ.

ഉദ്ദേശം 40 വർഷം മുമ്പ് ഒരു നാൾ, എന്റെ വല്യപ്പച്ചൻ ദിവംഗതനായ മട്ടയ്ക്കൽ പത്രോസു കത്തനാരവർകൾക്കു കന്തീലാ ശുശ്രൂഷ നടത്തുന്നതിനായി നിരണം പള്ളിയിൽ എഴുന്നെള്ളിയിരുന്ന പരിശുദ്ധ ബാവാതിരുമേനിയെ ഞങ്ങളുടെ കുടുംബത്തേയ്ക്കു ആനയിക്കുവാൻ എന്റെ പിതാവ് മട്ടയ്ക്കൽ അലക്സന്ത്റയോസ് കത്തനാർ അവർകളുമൊന്നിച്ച് അന്നു രാവിലെ ഞാനും പള്ളിയിൽ എത്തി. തിരുമേനിയെ കണ്ടു കൈമുത്തി അടങ്ങി നിൽക്കവെ എന്റെ കൈ രണ്ടും ഒരുമിച്ചു നീട്ടുവാൻ കല്പിച്ചു. കല്പനപ്രകാരം നീട്ടപ്പെട്ട, എട്ടു വയസ്സു മാത്രം പ്രായമായിരുന്ന എന്റെ ഇളം കൈകളെ നാരങ്ങമിഠായികൊണ്ടു നിറച്ച ശേഷം ഹൃദ്യമായി ചിരിച്ച ആ ചിരിയും തുടർന്ന് മേനാവിൽ ഞങ്ങളുടെ വീട്ടിലേയ്ക്കുള്ള എഴുന്നെള്ളത്തുമാണ് പരിശുദ്ധ പിതാവുമായുള്ള എന്റെ ബന്ധത്തിൽ ഒന്നാമത്തെ സംഭവമായി ഞാൻ ഓർക്കുന്നത്. വന്ദ്യ വയോധികനായിരുന്ന എന്റെ വല്യപ്പച്ചന്റെ ആഗ്രഹപ്രകാരം ഒൻപതാമത്തെ വയസ്സിൽ എന്നെ കോറൂയോ ശെമ്മാശ്ശനായി പട്ടംകെട്ടിയതും പരിശുദ്ധ ബാവാതിരുമേനിയാണ്. പിന്നീടു പല പ്രാവശ്യവും ഞാൻ തിരുമേനിയെ ചെന്നു കണ്ട് കൈ മുത്തി അനുഗ്രഹം പ്രാപിച്ചിട്ടുണ്ടെങ്കിലും കോളജ് വിദ്യാഭ്യാസാർത്ഥം കോട്ടയം പഴയ സെമിനാരിയിൽ ഞാൻ താമസമായതു മുതൽക്കാണ് പ. ബാവാതിരുമേനിയുമായി കൂടുതൽ അടുത്തു പെരുമാറുന്നതിനും തിരുമേനിയിൽനിന്നു പഠിക്കുന്നതിനും എനിക്കു സൗകര്യം ലഭിച്ചതു്.

തിരുമേനിയുടെ വന്ദ്യപിതാവിന്റെ ഓർമ്മ ദിവസം പതിവുപോലെ കുർബ്ബാന ചൊല്ലുന്നതിനുവേണ്ടി ഒരു പ്രാവശ്യം കുറിച്ചി പള്ളിയിലേക്കു എഴുന്നെള്ളിയ പരിശുദ്ധ ബാവാതിരുമേനിയുമൊന്നിച്ച് ഞാനും പോയിരുന്നു. സെക്രട്ടറിയെന്ന നിലയിൽ തിരുമേനിയുമൊന്നിച്ചുള്ള എന്റെ ആദ്യയാത്രയായിരുന്നു അതു്. പള്ളിയുടെ തെക്കുവശത്തുള്ള ഇരുനിലമാളികയിലായിരുന്നു അവിടെ താമസിച്ചിരുന്നതു്. അവിടെവച്ചു സന്ദർഭവശാൽ തിരുമേനി എന്നോടു കല്പിച്ചുപറഞ്ഞപ്പോഴാണ് ആ മാളിക നിൽക്കുന്ന സ്ഥലം സ്വന്ത കുടുംബത്തിൽനിന്ന് വീതപ്രകാരം തനിക്കു അവകാശപ്പെട്ടു കിട്ടിയതാണെന്നും അതു തിരുമേനി ദാനമായി പള്ളിക്കു വിട്ടുകൊടുത്തതാണെന്നും എനിക്കു മനസ്സിലായതു്. സഭയ്ക്കുവേണ്ടി തന്റെ സർവ്വവും ഉഴിഞ്ഞുവയ്ക്കുവാൻ തക്കവണ്ണം അത്രയ്ക്കു സഭയെ സ്നേഹിച്ചിരുന്ന ഒരു മഹാത്മാവായിരുന്നു പരിശുദ്ധ തിരുമേനി എന്നതല്ലെ തന്റെ പൈതൃകസ്വത്തിന്റെ ഈ ദാനവും മറ്റും വ്യക്തമാക്കുന്നതു്. തിരുമേനിയുടെ അഗാധമായ സഭാസ്നേഹത്തെ വിളിച്ചറിയിക്കുന്ന വേറെയും പല ചെയ്തികൾ എന്റെ അറിവിൽ പെട്ടതായുണ്ട്. അവ ഇവിടെ വിവരിക്കുന്നില്ല.

## ചിട്ടയുള്ള ജീവിതം

പരിശുദ്ധ തിരുമേനിയുടെ ചിട്ടയുള്ള ജീവിതക്രമം—പ്രത്യേകിച്ചും ആത്മീയ കാര്യങ്ങളിൽ—ഏററവും ശ്ലാഘനീയവും അനുകരണീയവുമായിരുന്നു. യാമപ്രാർത്ഥനകൾ കൃത്യമായി ക്ളിപ്തസമയങ്ങളിൽ നടത്തുന്നതിൽനിന്നും അദ്ദേഹത്തെ വ്യതിചലിപ്പിക്കുവാൻ യാതൊരു സാഹചര്യത്തിനും സാദ്ധ്യമായിരുന്നില്ല. ഏതു സമയത്തെയെങ്കിലും നമസ്ക്കാരസമയത്തു് വാഹനത്തിൽ യാത്ര ചെയ്യുകയാണെന്നു വന്നാൽതന്നെയും ആ വാഹനത്തിൽ ഇരുന്നുകൊണ്ടുതന്നെ നമസ്ക്കാരം നടത്തുമായിരുന്നു. 1951—ൽ ബോംബെ പള്ളി കൂദാശയ്ക്കായി തിരുമേനി ട്രെയിനിൽ യാത്ര ചെയ്ത വേളയിൽ പോലും യാമപ്രാർത്ഥനകൾ അതാതു യാമത്തിൽ നിർവ്വഹിച്ചിരുന്നു എന്നു മാത്രമല്ല പാതിരാത്രിയുടെ നമസ്ക്കാരം രാത്രി 12—നും ഒന്നിനും ഇടയ്ക്കു മുടങ്ങാതെ നടത്തിയിരുന്നു എന്ന് അന്നു കൂടെ ഉണ്ടായിരുന്ന ശെമ്മാശ്ശനിൽനിന്നും എനിക്കു് മനസ്സിലാക്കുന്നതിനു സാധിച്ചിട്ടുണ്ട്.

പഴയ സെമിനാരിയിൽ താമസിക്കുന്ന ഭിവ

*With Best Compliments Of:*

**C. K. DAS & Co.,**

**47C, Shakespheare Sarani**

**CALCUTTA-17**

സങ്ങളിലെല്ലാം തന്നെ പഴയ നിയമത്തിൽനിന്നും പുതിയ നിയമത്തിൽനിന്നും സങ്കീർത്തനങ്ങളിൽനിന്നും ഓരോ അദ്ധ്യായം വായിച്ചു കേൾക്കുമായിരുന്നു. ഈ വേദപുസ്തകവായനയിലുണ്ടായിരുന്ന ഒരു പ്രത്യേകത വായിച്ചു കേൾപ്പിക്കുന്ന ആളിന് അതു വളരെ പ്രയോജനകരമായിരുന്നു എന്നുള്ളതാണ്. കാരണം, വായിക്കുന്ന ഭാഗത്തെക്കുറിച്ചു തിരുമേനി സ്വയമായും വായനക്കാരൻ ആവശ്യപ്പെടുന്നതിനനുസരിച്ചും വിവരണങ്ങളും വ്യാഖ്യാനങ്ങളും പറഞ്ഞുകൊടുക്കുമായിരുന്നു. വേദപുസ്തകസംബന്ധമായും കൂദാശാപരമായും ഞാൻ പഠിച്ചിട്ടുള്ളതിൽ ഭൂരിഭാഗവും മേൽപറഞ്ഞ പ്രകാരം പരിശുദ്ധ ബാവാ തിരുമേനിയിൽനിന്നുമാണെന്ന് അഭിമാനപൂർവ്വം രേഖപ്പെടുത്തുന്നു. തിരുമേനി ഒരിക്കൽ എന്നോടു കല്പിച്ചു ചോദിച്ചു. 'എടോ, നമ്മുടെ കൂദാശകളിൽ പലതിലും ധൂപക്കുററിയും അതുപോലെ മററു ചിലവയും കൈയിലെടുത്ത് രണ്ടു പ്രാവശ്യം ഇടത്തേക്കും തുടർന്ന് ഒരു പ്രാവശ്യം വലത്തേക്കും ചുററുന്നതിന്റെ അർത്ഥമെന്താണെന്നറിയാമോ?' എനിക്കറിവില്ല എന്നറിയിച്ചു. രണ്ടു പ്രാവശ്യം ഇടത്തേക്കു ചുററുന്നതിൽ ഒന്നാമത്തേത് ആദ്യമനുഷ്യനായ ആദത്തിന്റെ പാപത്തേയും രണ്ടാമത്തേത് സ്വന്ത പാപത്തേയും കുറിക്കുന്നു. അങ്ങനെ രണ്ടു വിധത്തിൽ ഇടത്തേതിന്റെ മക്കളായിത്തീർന്ന നമ്മെ കർത്താവിന്റെ രക്ഷാകരമായ ബലിയാൽ വലത്തേതിന്റെ മക്കളാക്കിയതിനെ ഓർത്ത് ഒരു പ്രാവശ്യം വലത്തേക്കു ചുററുന്നതാകുന്നു എന്നു തിരുമേനി കല്പിച്ചതിൽനിന്നുമാണ് ആ വിവരം ഞാൻ മനസ്സിലാക്കിയത്. ഇതുപോലെ അപ്രധാനമെന്നു ചിലർക്കെങ്കിലും തോന്നാവുന്നതും യഥാർത്ഥത്തിൽ പലർക്കും അർത്ഥം അറിഞ്ഞുകൂടാത്തതുമായ വളരെയേറെ കാര്യങ്ങൾ തിരുമേനിയിൽനിന്നു മനസ്സിലാക്കുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ട്.

## ചില അനുഭവങ്ങൾ

തിരുമേനി ഹൃദയം തുറന്ന് അനുഗ്രഹിക്കുകയും ആ അനുഗ്രഹങ്ങൾ അനുഗ്രഹീതരിൽ നിലനില്ക്കുകയും ചെയ്യുന്ന അനുഭവങ്ങൾ എടുത്തു പറയേണ്ട മറെറാരു സംഗതിയാണ്. പ്രസംഗിക്കുന്നതിനും വൈദിക കർമ്മാനുഷ്ഠാനങ്ങൾ ശരിക്കു നടത്തുന്നതിനും ബാവായുടെ അനുഗ്രഹം ഉണ്ടായത് ഞാനാസ്വദിച്ചുകൊണ്ടിരിക്കുന്നു.

ബാവാ തിരുമേനി കുന്നംകുളം പഴയ പള്ളിയിൽ താമസിച്ചിരുന്ന ഒരവസരത്തിൽ അവിടെ അടുത്തു നടന്ന സാമാന്യം വലിയൊരു യോഗത്തിൽ എന്നെ ഒരു പ്രസംഗകനായി ക്ഷണിച്ചു. അന്നുവരെയും പ്രസംഗിച്ചിട്ടില്ലാത്ത, പ്രസംഗം എന്താണെന്നറിയാത്ത ഞാൻ ക്ഷണം നിരാകരിച്ചു. യോഗഭാരവാഹികൾ തിരുമേനിയെ വിവരം ധരിപ്പിച്ച് എന്നെ യോഗത്തിനു പറഞ്ഞയയ്ക്കുവാനപേക്ഷിച്ചു. എന്റെ നിസ്സഹായാവസ്ഥ ഞാൻ തിരുമേനിയെ അറിയിച്ചതു തിരുമേനിക്കു ബോദ്ധ്യപ്പെട്ടു. എന്നിരുന്നാലും യോഗഭാരവാഹികളുടെ നിർബ്ബന്ധം ഏറിയപ്പോൾ തിരുമേനി എന്നെ വിളിച്ചു കല്പിക്കയാണ്. ''താൻ എന്റെ കൂടെ നില്ക്കുന്നവനല്ലേ, അതുമതി. ഇവരുടെ കൂടെപ്പോയി പ്രസംഗിക്കു''. കല്പന സ്വീകരിച്ച് കൈമുത്തി ഞാൻ പോയി എന്റെ ജീവിതത്തിൽ ആദ്യമായി ഒരു സദസ്സിൽ പ്രസംഗിച്ചു. തിരുമേനിയുടെ അനുഗ്രഹത്തിൽനിന്നു ചെയ്ത ആ പ്രസംഗം ഒരു നല്ല പ്രാസംഗികന്റേതിനോടു കിടപിടിക്കുന്നതായിരുന്നു എന്ന് യോഗഭാരവാഹികൾ പിന്നീടു തിരുമേനിയെ അറിയിക്കുന്നതു ഞാൻ കേട്ടു. വി. കുർബ്ബാനതക്സാ മുതലായ ക്രമങ്ങൾ എന്നെ പഠിപ്പിച്ചശേഷവും ഇതുപോലെയുള്ള അനുഗ്രഹ വചനങ്ങൾ തിരുമേനി ഉച്ചരിക്കുകയുണ്ടായി, ''താൻ എന്റെ കൂടെ നിന്ന് എല്ലാം കണ്ടതല്ലേ, തനിക്കതുമതി'' എന്ന്. എന്റെ എല്ലാ ചെയ്തികളിലും ഈ അനുഗ്രഹം ഇന്നും സഫലമായിക്കൊണ്ടിരിക്കുന്നു.

പരിശുദ്ധ തിരുമേനി കുഞ്ഞുങ്ങളോടു വളരെയേറെ വാത്സല്യമുള്ളവനായിട്ടാണു കാണപ്പെട്ടിട്ടുള്ളത്. കോട്ടയം പഴയ സെമിനാരിയിൽ തിരുമേനിയുടെ പരിലാളനയിൽ നടത്തിവന്നിരുന്ന സൺഡേസ്കൂളിലെ കുട്ടികൾ ക്ളാസ്സുകൾക്കുശേഷം തിരുമുമ്പാകെവന്നു നിരന്നുനില്ക്കുന്നതും തിരുമേനി തന്നെ അവർക്കോരോരുത്തർക്കും പലഹാരങ്ങൾ വിതരണം ചെയ്യുന്നതും തിരുമുമ്പിൽ വച്ചു തന്നെ അവർ അതു് ആഹരിക്കുന്നതും നോക്കി നിന്ന് ഹൃദയംഗമായി സന്തോഷിക്കുന്നതും ഒരു പ്രത്യേക കാഴ്ച തന്നെയായിരുന്നു. ഓരോ പള്ളി സന്ദർശിക്കുമ്പോഴും സന്നിധിയിൽ വരുന്ന കുഞ്ഞുങ്ങൾക്ക് എന്തെങ്കിലുമൊക്കെ കൊടുക്കുന്നതു തിരുമേനിക്കു വളരെ സന്തോഷമായിരുന്നു.

പ്രായോഗിക ജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട പല കാര്യങ്ങളും ഉപദേശരൂപേണ തിരുമേനിയിൽ നിന്നു കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാകിലും പള്ളിയിലായിരുന്ന ഒരു ദിവസം പുറത്തിറങ്ങി കുറച്ചു നടന്നശേഷം തിരിച്ചുവന്നപ്പോൾ

LET YOUR

CARGO BE

BIRD WITH

ROAD BIRD

# ROAD BIRD PRIVATE LTD.

Regd. Office: 5, Jawharlal Nehru Road.
Metro Cinema Building Second Floor
CALCUTTA-13

Gram: ROADBIRD

Branches:

New Delhi, Baroda
Bombay, Indore,
Ahmedabad, Kanpur

Associates for South India:

Hindustan Corporation (Hyd.)
Private Limited.
P. O. Domalguda, Hyderabad (A. P)

എന്നോട്, 'താൻ എവിടെയായിരുന്നു? എന്തെല്ലാം വാങ്ങിച്ചു,'' എന്നു കല്പിച്ചു ചോദിച്ചു. വെറുതേ കറെ നടന്നതേയുള്ളു ഒന്നും വാങ്ങിയില്ല എന്നു ഞാൻ അറിയിച്ചു. ചോ:– ''പട്ടണത്തിൽ പോയി സാധനങ്ങളൊക്കെ വാങ്ങിക്കുവാൻ തനിക്കറിയാമോ?'' ഉത്ത:– ''കറെ രൂപയുമായി ചെന്നു സാധനങ്ങൾ നോക്കി വില പറഞ്ഞു വാങ്ങിയാൽ മതിയല്ലോ.'' ഉടനെ തിരുമേനി കല്പിക്കയാണ് ''ഇപ്പോഴത്തെ പിള്ളാർക്ക യാതൊന്നും അറിയുകയില്ല, ഒന്നാമതായി തനിക്ക എന്താണ് ആവശ്യമായിട്ടുള്ളതു് എന്തൊക്കെയാണ വാങ്ങേണ്ടതു് എന്നിവയെപ്പററി ഒരുദ്ദേശം വേണം. വേണ്ട സാധനങ്ങളുടെ ഒരു ലിസ്ററു തയ്യാറാക്കണം. അതിനു മൊത്തം എന്തു വേണ്ടിവരുമെന്നുള്ള ഒരു ധാരണയിൽ അതിനനുസരണമായ പണവും എടുത്തുകൊണ്ടുപോയി ലിസ്ററനുസരിച്ചുള്ള സാധനങ്ങൾ വാങ്ങണം. അല്ലാതെ താൻ പറഞ്ഞതുപോലെ വ്യക്തമായ ഉദ്ദേശ്യമില്ലാതെ പണവുമായി പോയാൽ കണ്ണിൽ കാണുന്നതെല്ലാം ആവശ്യമായിതോന്നി അവയൊക്കെ വാങ്ങിച്ചു കൈയിലെ പണം തീരും. വീട്ടിൽ വന്നു നോക്കുമ്പോൾ അത്യാവശ്യപ്പെട്ട സാധനങ്ങൾ വാങ്ങിയിരിക്കയുമില്ല''. തിരുമേനിയുടെ ഈ ഉപദേശം വളരെ വിലപ്പെട്ടതാണെന്നു് എൻെറ അനുഭവത്തിൽനിന്നു് എനിക്ക പറയാൻ സാധിക്കും. ആദ്ധ്യാത്മിക കാര്യങ്ങളിലും ഇപ്രകാരമുള്ള പല ഉപദേശങ്ങളും തിരുമേനിയിൽനിന്നു കേട്ടിട്ടുണ്ട്. ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ചു് പഠിക്കേണ്ടതു് സഭയിൽനിന്നുമാണെന്നുള്ളതിനെ സംബന്ധിച്ചു് തിരുമേനി കല്പിച്ചിട്ടുള്ളതു് ഇപ്രകാരമാണ്. അറിവിൽ പൂർണ്ണത പ്രാപിച്ചിട്ടുള്ളതു് ഇപ്രകാരമാണ്. ആരെങ്കിലും എന്തെങ്കിലും കാര്യങ്ങളെ സംബന്ധിച്ചു സംശയം ചോദിച്ചാൽ അവയെപ്പററി ശരിയായി പഠിച്ചിട്ടുണ്ടെങ്കിലല്ലാതെ മറുപടി പറയരുതു്. സ്വന്ത ഇഷ്ടപ്രകാരം തോന്നുന്ന വ്യാഖ്യാനങ്ങൾ പറഞ്ഞുകൂടാ. അറിവില്ലാത്ത കാര്യങ്ങൾ അറിയുകയില്ലെന്നു സമ്മതിക്കുന്നതു് യാതൊരു വിധത്തിലും ഒരു കുറവാകയില്ല. അറിവില്ലാത്ത കാര്യത്തെപ്പററി സഭയിൽനിന്ന് അന്വേഷിച്ച് അറിയുക പഠിക്കയും വേണം. ക്രിസ്തുവിൻെറ ജനനം നക്ഷത്രം മുഖേന അറിഞ്ഞ വിദ്വാന്മാർ ഹേറോദാവിൻെറ കൊട്ടാരത്തിൽ എത്തി ശിശുവിനെ അന്വേഷിച്ചു. എന്നാൽ വിദ്വാന്മാർ പറഞ്ഞ വിവരം ശരിയാണെന്നു് ഹേറോദാവു വിശ്വസിച്ചതു് പരീശന്മാരും ശാസ്ത്രിമാരും ഉൾപ്പെട്ട സഭയെ വിളിച്ചു കൂട്ടുകയും ആ സഭ കല്പിക്കയും ചെയ്തപ്പോൾ മാത്രമാണ്. അങ്ങിനെ സഭയിൽനിന്നു പഠിക്കയും സഭയെ അനുസരിക്കയും ചെയ്യേണ്ടതു സഭാംഗങ്ങൾ ഏവരുടെയും ചുമതയാണെന്നായിരുന്നു ആ ഉപദേശം.

## തമാശകൾ:-

ഘനഗാംഭീര്യമുള്ള ആ പ്രശോഭിത മുഖത്തുനിന്നു ചിലപ്പോഴെല്ലാം ചില തമാശകളും കേട്ടിട്ടുണ്ട്. ഒരിക്കൽ തോട്ടയ്ക്കാട്ടുപള്ളിയിൽ വച്ചു സന്ധ്യ കഴിഞ്ഞു് തിരുമേനിയുടെ അടുത്തു നിലത്തിരുന്നു് ഒരു റാന്തൽ വിളക്കിൻെറ വെളിച്ചത്തിൽ ഞാൻ പത്രം വായിച്ചു കേൾപ്പിക്കയായിരുന്നു. തിരുമേനിക്ക അത്താഴമേശയ്ക്ക സമയമായ വിവരം വേലക്കാരൻ എന്നോട് ആംഗ്യം കാട്ടിയതനുസരിച്ചു് ''മേശ തയ്യാറായി'' എന്നു ഞാനറിയിച്ചു. ഉടനെ ഒരു ചോദ്യം ''മേശ പ്ളാവാണോ തേക്കാ


**FOR FAVOURS RECEIVED**



Kunjumon, Alice, Dino, Jemmu Kashmir.

## കടന്തോട്ടിൽ ചിട്ടി

## ചെങ്ങന്നൂർ

(1942–ൽ സ്ഥാപിതം)

PHone: Office: 391
Res: 291

പുതിയ ചിട്ടി ഉടനെ ആരംഭിക്കുന്നു

A. 6000 രൂ. B. 4000 രൂ.

C. 2000 രൂ. D. 1000 രൂ.

കടന്തോട്ടിൽ ജോൺ ചെറിയാൻ

---

**THE KERALA TAILORING HOUSE**

K. K. ROAD, KOTTAYAM

PrOP: **V. V. JOSEPH**

N. B. All tailoring works will be executed here beautifully and responsibly.

---

നല്ല ഇനം ചെരുപ്പുകൾക്കും, ഷൂസുകൾക്കും, സൂട്ട് കേസുകൾക്കും, തുകല്യകൾക്കും സമീപിക്കുക

## ബി. എസ്സ്. സി. സ്റ്റോർസ്

ചെങ്ങന്നൂർ

---

Best Compliments of

*Mr.* **THOMAS VARGHESE**

**KUTHIRAVATTATHU**

**KALLISSERY**

---

PHONE: 3787

*With the Best Compliments of*

## GEORGE MATHEW

**MALIEKAL, KOTTAYAM.**

---

സ്വർണ്ണാഭരണങ്ങൾക്ക്

## ജയിംസ് ജ്യൂവലറി

ചെങ്ങന്നൂർ

ഫോൺ: Res: 202
Off: 201

---

Best Compliments of

*Mr.* **P. C. MATHAI**

**CHENGANNOOR**

ണോ?'' എന്നു്. തുടർന്നു തിരുമേനി മേശയ്ക്കായി എഴുന്നേല്ക്കാൻ ഭാവിച്ചപ്പോൾ ഞാനും എഴുന്നേററു മാററുവാൻ ശ്രമിക്കവേ ഞാൻ വീഴുവാൻ ഭാവിച്ചു. അതെന്താണെന്നു തിരുമേനി ചോദിച്ചപ്പോൾ ''കാലു പെരുത്തുപോയി'' എന്നു ഞാൻ പറഞ്ഞയുടനെ തിരുമേനി ചോദിക്കുകയാണു് ''അപ്പോൾ ഇതുവരെക്കിപ്പെട്ടത്ര കാലുണ്ടു്'' എന്നു്. ഇതു കേട്ടു നിന്നവരെല്ലാം ചിരിച്ചുപോയി.

ആലുവാ വട്ടശ്ശേരി സമ്മേളനച്ചടങ്ങുകൾ കഴിഞ്ഞു് കോട്ടയം പഴയ സെമിനാരിയിൽ എത്തിയ തിരുമേനിക്കു് വലിയ ക്ഷീണവും ദാഹവും തോന്നി. ഡോക്ടറന്മാർ വന്നു പരിശോധിച്ചതിൽ തിരുമേനിക്കു് ഡയബററിക് രോഗം പിടിപെട്ടെന്നു പറയുകയും ഭക്ഷണക്രമീകരണം നിശ്ചയിക്കുകയും ചെയ്തു. പഴങ്ങളൊന്നും ഇനി കഴിക്കരുതെന്നു നിർദ്ദേശിച്ചപ്പോൾ പറയുകയാണു് ''ആദാമിനു് ഒരു പഴമെ വിലക്കപ്പെട്ടിരുന്നുള്ളു. എനിക്കാകട്ടെ എല്ലാ പഴങ്ങളും വിലക്കപ്പെട്ടിരിക്കുകയാണോ'' എന്നു്.

തിരുമേനിക്കു സ്നേഹമുണ്ടായിരുന്നവരോടു സ്വന്ത പിതാവിനോടെന്നപോലെയുള്ള ചേതോവികാരങ്ങളാണു് ഉണ്ടായിരുന്നതു്. പുത്തൻകാവു് മാർ പീലക്സീനോസ് തിരുമേനിയുടെ മൃതദേഹം പഴയ സെമിനാരിയിൽ നിന്നു് കബറടക്കത്തിനായി പുത്തൻകാവിലേയ്ക്കു കൊണ്ടുപോകുന്നതിനാരംഭിക്കവേ പ. ബാവാ തിരുമേനി മൃതദേഹം വഹിച്ചിരുന്ന വാഹനത്തിലേയ്ക്കു ബദ്ധപ്പെട്ടു കയറി മൃതശരീരത്തെ കെട്ടിപ്പിടിച്ചു ചെയ്ത അന്ത്യ ആലിംഗനം, കണ്ണീരൊപ്പിക്കൊണ്ടു് ആ വാഹനത്തിൽനിന്നു് ഇറങ്ങുന്ന കാഴ്ച ഇവ കണ്ടു് അവിടെ കൂടിയിരുന്ന അനേകായിരങ്ങൾ വാവിട്ടു നിലവിളിക്കുന്നതിനിടയാക്കിയ ആ രംഗം, വാത്സല്യ പുത്രന്റെ വേർപാടിൽ ആ പിതാവു് എത്രമാത്രം ചഞ്ചല മാനസ്സനായി എന്നു വിളിച്ചറിയിക്കുന്നതായിരുന്നു.

പരിശുദ്ധ ബാവാതിരുമേനിയുടെ വ്യക്തിത്വം, ശൈലീരീതി, ജാതിമതഭേദമെന്യേ എല്ലാവരോടുമുള്ള പെരുമാറ്റം ഇടപെടലുകൾ എന്നിവയിലുള്ള അനുകരണീയമായ പ്രത്യേകതകൾ, ആത്മീയാചാരാനുഷ്ഠാനങ്ങളിൽ തന്റെ ഗുരുവായിരുന്ന പരിശുദ്ധ പരുമല തിരുമേനിയെപ്പോലെയുള്ള തീക്ഷ്ണത എന്നിങ്ങനെ പരിശുദ്ധ തിരുമേനിയിൽ വിളങ്ങിക്കൊണ്ടിരുന്ന വിജ്ഞാനപ്രദങ്ങളായ അനേക കാര്യങ്ങൾ എന്റെ സ്മരണയിൽ മായാതെ നിലകൊള്ളുന്നുണ്ടു്.

1949 സെപ്റ്റംബർ 1-ാം തീയതി നിരണം പള്ളിയിൽവച്ചു് എന്നെ വൈദികനായി പട്ടം കെട്ടുകയും അടുത്ത ദിവസം തിരുസാന്നിദ്ധ്യത്തിൽതന്നെ പുത്തൻ കുർബ്ബാന ചൊല്ലിക്കയും ചെയ്ത എന്റെ വാത്സല്യ പിതാവും ഗുരുവുമായിരുന്ന പരിശുദ്ധ ബാവാതിരുമേനിയെ ഓർക്കാതെ ഒരു കുർബ്ബാനപോലും ഇന്നേയോളം ഞാൻ ചൊല്ലിയിട്ടില്ല. ഞാൻ നടത്തുന്ന എല്ലാ കർമ്മാനുഷ്ഠാനങ്ങളിലും തിരുമേനിയുടെ അദൃശ്യമായ സാന്നിദ്ധ്യം അനുഭവപ്പെടാറുണ്ടെന്നും തിരുമേനിയുടെ മദ്ധ്യസ്ഥത വളരെയേറെ വിലപ്പെട്ടതാണെന്നുമുള്ള പരമാർത്ഥംകൂടി പറഞ്ഞുകൊള്ളട്ടെ. തിരുമേനിയുടെ പ്രാർത്ഥന എന്നാളും നമുക്കു കോട്ടയായിരിക്കട്ടെ.

—0—

**FOR FAVOURS RECEIVED**



**Kunjumon, Alice, Dino.**

**P. M. Mathew, Abudhabi.**

*With Best Compliments from:*

# Western Commercial Corporation

*Distributors for:*

**National Organic Chemical Industries Ltd.**

*Dealers:*

CHEMICALS ★ SOLVENTS ★ SYNTHETIC RESINS

P-464, Radha Bazar Lane, Calcutta-1

Phone: 22.6395, 22-4240

Gram: VALIACO

# വഴികാട്ടി.

(സഭാകവി സി. പി. ചാണ്ടി.)

കല്ലാശ്ശേരിത്തറവാട്ട്—
''കല്ലിന്മേൽ പണിതൊരുവീട്ട്''—
കല്ലായിരമതിനും ''മൂല—
ക്കല്ലാ''യ്മിന്നിയ പുണ്യനിധേ!
വല്ലാതല്ലല്ല നമ്മെയഹോ
കൊല്ലാതങ്ങനെ കൊന്നപ്പോഴും
''എല്ലാം നന്മയ്ക്കെ''ന്ന വിധി—
ച്ചുല്ലാസം നൽകിയ താതാ!
ചൊല്ലേറുന്ന മലങ്കരതൻ
സ്വർല്ലോകോന്നത ഗോപുരമേ!
നല്ല മലങ്കര മുന്തിരിതൻ—
വല്ലിവളർത്തിയ വല്ലഭനേ!
പുല്ലും വെള്ളവുമനവരതം
തെല്ലും കുറവില്ലാതരുളി
അല്ലൽപ്പാടണ തീണ്ടാമൽ -
ഫുല്ലാനന്ദമൊടാടുകളെ
ശല്യമൊഴിച്ചു നയിച്ചോനേ!
നല്ലൊരു നായകനാമടിയാ!
പൊല്ലാത്തവനാം സാത്താനെ
വെല്ലും മഹിമനിറഞ്ഞോനേ!

''പാലും തേനും പാഞ്ഞൊഴുകും''
ശ്രീല''കനാന''വകാശിപ്പാൻ
പാലകനായ് നിന്നിജ്ജനത—
യ്ക്കാലംബം നൽകിയ താതാ!

പെരുകിവരും തിരമാലകളിൽ,
പെരുമഴയിൽ, ചുഴലിക്കാററിൽ,
ഞെരുഞെരെ മിന്നിടുമിടിവാളിൽ,
കരകാണാത്ത നടുക്കടലിൽ,
കരിമുകിലിന്റെ മുഴക്കത്തിൽ,
ദുരിതം മുററും കൂററിരുളിൽ,
ശരണം തിരുസഭയാം നൗക—
യ്ക്കരുളിയ മാലുമിമൗലിമണേ!

ആ ഘനഗംഭീരധ്വനിയും,
പ്രോജ്വല ശാന്തമുഖപ്രഭയും,
ഉദ്ധീര മാധുര്യോദാരതയും,
ആ വ്രതനിഷ്ഠയുമാർദ്രതയും.

പാരാവാര ഗഭീരതയും,
നീലാകാശ വിശാലതയും,

*With Best regards*



*from:*

**BHAGYODAYAM PRESS**

PULIKEEZHU

**TIRUVELLA**

---

*With the Best Compliments from:*

★

**THE MALABAR TIMBER COMPANY**

**EXPORTERS OF INDIAN FANCY WOODS**

★

Cable Address:
'TIMBERWOOD' ERNAKULAM
Telephone No. Office: 35410
Res: 33460

BANERJI ROAD ERNAKULAM
Cochin–682011
SOUTH INDIA

# തിരുമേനിയുടെ നർമ്മബോധം

(എൻ. എം. ഏബ്രഹാം)

ചിരസ്മരണീയനായ ഗീവറുഗീസു ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയുടെ ജന്മശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ചു പ്രസിദ്ധപ്പെടുത്തുന്ന സ്മാരകഗ്രന്ഥത്തിൽ തിരുമേനിയുടെ അത്യുജ്ജ്വലവും, വർണ്ണശബളവുമായ മഹൽജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന പല ലേഖനങ്ങൾ ഉണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. വ്യക്തിപരമായി തിരുമേനിയുമായി ബന്ധപ്പെടാൻ ഇടയായിട്ടുള്ള ചില സന്ദർഭങ്ങൾ അനുസ്മരിക്കുവാനാണു ഈ ലേഖനത്തിൽ ഞാൻ ഉദ്യമിക്കുന്നതു്. അതു ആ സന്ദർഭങ്ങളുടെ പ്രാധാന്യംകൊണ്ടൊന്നുമല്ല. ചരിത്രപരമായി അവയ്ക്കു വലിയ പ്രാധാന്യവുമില്ലായിരിക്കാം. എങ്കിലും തിരുമേനിയുടെ വിശിഷ്ട ജീവിതത്തിലേക്കു് എത്തിനോക്കാനും, ആ പുണ്യജീവിതത്തിന്റെ മേന്മകൾ മനസ്സിലാക്കുവാനും സഹായിക്കുന്ന ചില സംഭവങ്ങളാണു ഞാൻ വിവരിക്കുന്നതു്.

തിരുമേനിയുടെ സുപ്രസിദ്ധമായ നർമ്മബോധം വ്യക്തമാക്കുന്ന ഒരു സംഭവം ആദ്യമായി വിവരിക്കാം. ഏതാണ്ടു് നാല്പതു കൊല്ലം മുമ്പു് 1931-ൽ ആണെന്നു തോന്നുന്നു കോൺഫറൻസിന്റെ സെക്രട്ടറിസ്ഥാനം ഞാൻ ഏറെറടുത്തു. അതുവരെ പൂർണ്ണസമയവും ആ ജോലിക്കു ചെലവഴിക്കുന്ന ഫുൾടൈം സെക്രട്ടറിമാരല്ല ഉണ്ടായിരുന്നതു്. അദ്ധ്യാപകജോലികൂടി ഉണ്ടായിരുന്ന പാർടൈം സെക്രട്ടറിമാർ ആ ജോലി നിർവഹിച്ചുപോന്നിരുന്നു. ദിവംഗതനായ ശ്രീ. കെ. സി. ചാക്കോയുടെയും മററും പ്രത്യേകാഭിലാഷവും ആലോചനയുമനുസരിച്ചു ഒരു ഫുൾടൈം സെക്രട്ടറിയെ നിയമിക്കണമെന്നു കോൺഫറൻസ് നിശ്ചയിച്ചു. നാലഞ്ചു മാസങ്ങൾ കാത്തിരുന്നിട്ടും അതിനൊരാളെ ലഭിക്കാഞ്ഞതിനാൽ അന്നൊരു ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന ഞാൻ സ്കൂളിൽ നിന്നു അവധിയെടുത്തു സെക്രട്ടറിസ്ഥാനം സ്വീകരിച്ചു. ഞാൻ വിദ്യാലയങ്ങളും ചില പള്ളികളും സന്ദർശിക്കണമെന്നായിരുന്നു പരിപാടി. ബാവാ തിരുമേനി കോൺഫറൻസിന്റെ രക്ഷാധികാരിയായിരുന്നതിനാൽ തിരുമേനിയുടെ ഒരു കല്പന പള്ളികൾക്കും മററും അയയ്ക്കുന്നതു എന്റെ പ്രവത്തനത്തിനു സഹായകമാണെന്നു തോന്നി. അതിനുവേണ്ടി ഞാൻ തിരുമേനിയെ സമീപിച്ചു. അപ്പോൾ തിരുമേനി ചോദിച്ചു ''ഞാൻ എന്തിനാണു കല്പന തരുന്നതു്. എനിക്കു കോൺഫറൻസുമായി ഒരു ബന്ധവുമില്ല''.

ഞാൻ—തിരുമേനിയാണു് കോൺഫറൻസിന്റെ പേട്രൺ. തിരു—അതെ പേട്രൺ!! എന്നു വച്ചാലെന്താ അർത്ഥം? വിട്ടുള്ള് (വിട്ടിൽ) പിടിച്ചവനെന്നല്ലെ അതിന്റെയർത്ഥം? ഞാൻ (ചിരിയടക്കിക്കൊണ്ടു) — കോൺഫറൻസിന്റെ ഏററവും വലിയ സ്ഥാനം പേട്രണാണുള്ളതു്.

തിരു—സ്ഥാനം പറഞ്ഞതുകൊണ്ടെന്തുണ്ടു്. പേട്രണു് വല്ല അധികാരവും ഉണ്ടോ? ഞാൻ

---

ധന്യപിതാവേ! താവകമാം
സദ്ഗുണധോരണി മഹനീയം!

× × ×

പൊരിഞ്ഞപോരിനെ നേരിടുവാൻ,
തരത്തിനോട്ടം തികവാക്കാൻ,
ശരിക്കു വിശ്വാസം കാപ്പാൻ,
കരസ്ഥമാക്കാൻ ജയമകുടം

മാമോദീസാത്തൊട്ടിമുതൽ
മതിമോഹനമാം കബറുവരെ
മിന്നും തൃപ്പദമുദ്രകൾ താൻ
മക്കൾക്കെന്നും വഴികാട്ടി.

*With Best Compliments from:*

D. C. MOTORS & AUTOMOBILES

AUTOMOBILE ENGINEERS & DEALERS

Approved Garage of the Government of Kerala

K. K. ROAD, KOTTAYAM

Phone: 2081

ഇപ്പോൾ പറയുകയാണ. ഇനിയുംമുതൽ കോൺഫ്റൻസ് നടത്തേണ്ടതില്ലെന്ന്. അതു നടക്കുമോ?

ഞാൻ—തിരുമേനി പേടണ്ട അല്ലെങ്കിൽ നന്നെയും ഇന്നു കല്പിക്കുകയാണു കോൺഫ്റൻസ് വേണ്ടെന്ന്, എങ്കിൽ പിന്നെ ആരു ഇതു നടത്താൻ ഉൽസാഹിക്കും. ആ നിമിഷത്തിൽ കോൺഫ്റൻസു അവസാനിക്കും.

മറുപടി കേട്ടപ്പോൾ തിരുമേനി ചിരിച്ചു സംതൃപ്തി പ്രകടിപ്പിച്ചു. ശെമ്മാശ്ശനെ വിളിച്ചു കല്പന എഴുതാൻ ഉത്തരക്ഷണത്തിൽ കല്പിക്കയും ചെയ്തു.

മറ്റൊരു അവസരത്തിലും തിരുമേനി പ്രകടിപ്പിച്ച നർമ്മബോധം ഞാൻ ഓർക്കുകയാണ്. ഒന്നു രണ്ടു സ്നേഹിതരും ഞാനും കൂടി പഴയ സെമിനാരിയിൽ തിരുമേനിയുമായി സംസാരിച്ചുകൊണ്ടിരുന്നു. അതിലൊരാൾ തിരുമേനിയുടെ സന്തത സഹചാരി ആയ ആൾ ആയിരുന്നു. എന്തോ ഒരു പ്രശ്നം സംബന്ധിച്ചു തിരുമേനി ഒരഭിപ്രായം പറഞ്ഞു. ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നുണ്ടോയെന്നു ചോദിച്ചു. ഞാൻ മിണ്ടാതെ നിന്നു. മറ്റെയാളിനോടു തിരുമേനി തിരിഞ്ഞു അഭിപ്രായം ചോദിച്ചു. തിരുമേനി പറഞ്ഞതു വളരെ ശരിയാണെന്നു അയാൾ മറുപടി കൊടുത്തു. തിരുമേനി പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞതിങ്ങനെയാണ്. ''ഇവൻ കണിയാനാണ്. എന്നെ തൃപ്തിപ്പെടുത്താൻ മാത്രം ഇവൻ പറഞ്ഞതാണ്. അവന്റെയും മനസ്സിലിരിക്കുന്നതു്. ഏബ്രഹാമിന്റെ മനസ്സിലുള്ളതു തന്നെയാണ്. എന്നോടു യോജിക്കാത്തതുകൊണ്ടല്ലെ ഏബ്രഹാം മറുപടി പറയാതെ നിന്നതു്?''

ഇംഗ്ളണ്ടിൽ എഡിൻബറോ കോൺഫ്റൻസിൽ സംബന്ധിക്കുവാൻ തിരുമേനി പോയപ്പോൾ തിരുമേനി പറഞ്ഞ ഫലിതങ്ങൾ വളരെപ്പേരെ ആകർഷിച്ചിരുന്നു. ശ്രീ. എം. തൊമ്മനിൽനിന്നു കേട്ട ഒരു കഥ ഇതാണ്. Bad Cock എന്ന ഒരു സായിപ്പിനെ ആരോ തിരുമേനിക്കു പരിചയപ്പെടുത്തി. തിരുമേനി അദ്ദേഹത്തിന്റെ മുഖത്തേക്കു നോക്കിയശേഷം അദ്ദേഹം Bad Cock അല്ല Good Cock ആണെന്നു പറഞ്ഞുവത്രെ.

തിരുമേനിയുടെ ഏററവും പ്രസിദ്ധമായ ഫലിതം പഴയ സെമിനാരിയിൽവച്ചു കാലംചെയ്ത മാർ യൂലിയോസ് തിരുമേനിയോടു പറഞ്ഞതാണ്. ബാവാ തിരുമേനിയും യൂലിയോസ് തിരുമേനിയും സഭാ സമാധാന പുനഃസ്ഥാപനത്തിനു മുമ്പു പരസ്പര സ്വീകരണ കല്പനകളുടെ കൈമാററം നടത്തിയതു് 1958 ഡിസംബർ 16–ാം തീയതി രാത്രി പഴയ സെമിനാരി ചാപ്പലിന്റെ മദ്ബഹായിൽവച്ച് ആയിരുന്നല്ലൊ. അപ്പോൾ മാർ യൂലിയോസ് തിരുമേനി പറഞ്ഞു 'ഞാൻ നല്കിയ കവർ വളരെ വലുതാണല്ലൊ'. അതേ സമയം ബാവാ നല്കിയതു് തീരെ ചെറിയ കവറും. അതിനു ബാവാതിരുമേനി ഉടനുത്തരം നല്കിയതു ''ചെറുതാണെങ്കിലും കാന്താരിയാണ്''. മാർ യൂലിയോസ് തിരുമേനി ഉൾപ്പെടെ എല്ലാവരും പൊട്ടിച്ചിരിച്ചുപോയി.

ഇങ്ങനെ നർമ്മരസം തുളുമ്പുന്ന അനേകം സംഭാഷണങ്ങളെക്കുറിച്ചു പലർക്കും ഓർക്കുവാൻ കഴിഞ്ഞേക്കാം. തിരുമേനിയുടെ വ്യക്തിമാഹാത്മ്യത്തെ പ്രസ്പഷ്ടമാക്കുന്ന ഒന്നു രണ്ടു സംഭവങ്ങൾ കൂടി വിവരിച്ചശേഷം ഈ ചെറുലേഖനം ഞാൻ


**FOR FAVOURS RECEIVED**



Aleyamma Thomas, Payyampallil, Mallappally. P. Mathew, Nariyapuram. John Mathai, Kallachery. തങ്കമ്മ വർഗീസ്, കൈപ്പള്ളിൽ.

ഉപസംഹരിക്കാം. കർമ്മാനുഷ്ഠാനങ്ങൾ വെറും ബാഹ്യപ്രകടനങ്ങളോ ശിക്ഷണങ്ങളോ മാത്രമായിരുന്നില്ല തിരുമേനിക്ക്. ഒരിക്കൽ തിരുമേനി എന്നോടു പറഞ്ഞ ഒരു വസ്തുത വിനോദം കലർന്ന അല്പം കൗതുകത്തോടുകൂടിയാണു ഞാൻ ആദ്യം വീക്ഷിച്ചത്. പിന്നീടു തിരുമേനിക്കു നമ്മുടെ ദിവ്യകർമ്മങ്ങളിലും മറ്റുമുള്ള അവഗാഢമായ ശ്രദ്ധയ്ക്കും അവയിൽ താദാത്മ്യം പ്രാപിക്കാനുള്ള കഴിവും തപ:ശക്തിയും മനസ്സിലാക്കാൻ സാധിച്ചതോടെയാണ് എന്നോടു പറഞ്ഞ സംഭവത്തിന്റെ മഹത്വം ദർശിക്കുവാൻ എനിക്കു കഴിഞ്ഞത്. കാലംചെയ്ത (ബഥനി) മാർ തേയോഫിലോസ് മെത്രാച്ചൻ എന്റെ പിതൃസഹോദരീപുത്രനായിരുന്നു. അദ്ദേഹം ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുമൊരുമിച്ചു റോമാസഭയിൽ ചേർന്നശേഷം ഒരിക്കൽ ഞാൻ ബാവാ തിരുമേനിയുമായി ഈ സഭാപരിവർത്തനത്തെക്കുറിച്ചു സംസാരിക്കുവാനിടയായി. അന്നു തിരുമേനി എന്നോടു പറഞ്ഞതു ഇപ്രകാരം സംഗ്രഹിക്കാം.

''പാമ്പാടി മെത്രാച്ചനും മാർ തേയോഫിലോസ് മെത്രാച്ചനും ഒരുമിച്ചാണല്ലോ ഞാൻ പട്ടം കൊടുത്തത്. എന്റെ ഒരു വശത്തു പാമ്പാടി മെത്രാച്ചനും മറ്റെവശത്തു തേയോഫിലോസ് മെത്രാച്ചനും മുട്ടുകുത്തിനിന്നു. ഞാൻ പരിശുദ്ധാത്മ നൽവരത്തിനുള്ള പ്രാർത്ഥനകളും നടത്തിക്കൊണ്ടിരുന്നപ്പോൾ പാമ്പാടി മെത്രാച്ചൻ നിന്ന വശത്തു പരിശുദ്ധാത്മാവിന്റെ ആവാസം ഉടനടി പ്രാപിച്ചതായി എനിക്കു ബോദ്ധ്യം വന്നു. എന്നാൽ മറ്റെവശത്തു ദീർഘനേരം നിന്നിട്ടും ആ ബോദ്ധ്യം എന്റെ ഉള്ളിൽ തട്ടിയില്ല. എന്താണതിന്റെ കാരണമെന്നു ഞാൻ അന്നു മുതൽ പിന്തിക്കുക പതിവായിരുന്നു. അദ്ദേഹം സഭ വിട്ടു റോമാസഭയിൽ ചേർന്നപ്പോഴാണ് ആ അനുഭവത്തിന്റെ രഹസ്യം എനിക്കു മനസ്സിലായത്''.

തിരുമേനിക്കു പരിശുദ്ധാത്മാവിന്റെ ആവാസത്തിനു വേണ്ടിയുള്ള പ്രാർത്ഥനയും കൈ ആഘോഷിച്ചുകൊണ്ടുള്ള കർമ്മാനുഷ്ഠാനങ്ങളും വെറും ചടങ്ങുകളായിരുന്നില്ല. ഒരിക്കൽ തിരുമേനി കുർബ്ബാന അനുഷ്ഠിച്ചുകൊണ്ടിരുന്നപ്പോൾ അപ്പ വീഞ്ഞുകൾ തിരുശരീര രക്തങ്ങളാക്കി മാറുന്നതിനുള്ള പ്രാർത്ഥനയും, കൈ ആവസിപ്പിച്ചുകൊണ്ടുള്ള കർമ്മവും പതിവിലധികനേരം നീണ്ടുനിന്നു. കുർബ്ബാന കഴിഞ്ഞപ്പോൾ അന്നു അധികനേരം അങ്ങനെ പ്രാർത്ഥിച്ചതെന്താണെന്നു ഒരു പട്ടക്കാരൻ തിരുമേനിയോടു ചോദിച്ചു. ''പരിശുദ്ധാത്മാവു ആവസിച്ചോ എനിക്കു ബോദ്ധ്യമുണ്ടാവണ്ടേ അതുവരെ ഞാൻ പ്രാർത്ഥന തുടർന്നു'' എന്നായിരുന്നു തിരുമേനിയുടെ മറുപടി. ഇന്നത്തെ യുക്തിവാദ സാഹചര്യത്തിൽ ഈ മറുപടി കേട്ടു നെറ്റി ചുളിക്കുന്നവർ കണ്ടേക്കാം. എന്നാൽ തികഞ്ഞ ആത്മാർത്ഥതയും ദൈവവിശ്വാസവും ഉണ്ടായിരുന്ന തിരുമേനിക്കു അവ പൂർണ്ണമായ അനുഭവ യാഥാർത്ഥ്യങ്ങളായിരുന്നു.

സഭാസംവാദങ്ങളിലും പ്രശ്നങ്ങളിലും ഞാൻ ചർച്ച്‌വീക്കിലിയിൽ കൂടി പ്രകടിപ്പിച്ചിരുന്ന അഭിപ്രായങ്ങൾ തിരുമേനിക്കു ചിലപ്പോൾ അഹിതകാരണങ്ങളായി ഭവിച്ചിട്ടുണ്ട്. അപ്പോഴെല്ലാം തിരുമേനി എന്നെ കണക്കിനു വഴക്കു പറഞ്ഞതു കേട്ടുവന്ന് പല സ്നേഹിതരും എന്റെയടുക്കൽ പറഞ്ഞിട്ടുണ്ട്. ചിലപ്പോൾ തിരുമേനിയെ കാണേണ്ടയാവശ്യം നേരിട്ടാലും തിരുമേനിയുടെ പരിഭവം ഭയന്ന് ഞാൻ പോകാൻ മടിക്കുമായിരുന്നു. ഒരിക്കൽ തിരുമേനി എന്നെ കാണണമെന്നാവശ്യപ്പെടുന്നതായി സെക്രട്ടറിയച്ചൻ ഫോണിൽ അറിയിച്ചു. അന്ന് എനിക്ക് അത്യാവശ്യമായി കോയമ്പത്തൂർക്കു പോകേണ്ടിയിരുന്നതിനാൽ നാലഞ്ചു ദിവസം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ തിരുമേനിയെ ചെന്നു കണ്ടുകൊള്ളാമെന്ന് അച്ചനെ ഞാൻ അറിയിച്ചിരുന്നു. എന്നാൽ തിരിച്ചു വന്നതിനു ശേഷവും സാവകാശമായി തിരുമേനിയെ ചെന്നു കാണാൻ കഴിയാതെ ഏതാനും ദിവസങ്ങൾ കൂടി കഴിഞ്ഞു. ഒരു ദിവസം അപ്രതീക്ഷിതമായി തിരുമേനിയുടെ കാർ മനോരമയാപ്പീസിന്റെ മുൻവശം വന്നു നിന്നു. ഞാൻ പെട്ടെന്ന് ഇറങ്ങിച്ചെന്നു കൈമുത്തി. 'നിന്നെ കാണാനാണു ഞാൻ വന്നതു്'' എന്നു കല്പിച്ചപ്പോൾ എനിക്കുണ്ടായ ലജ്ജാഭാരം എത്രയെന്നു വർണ്ണിക്കാവതല്ല. തന്റെ ഗുരുവായ യശശ്ശരീരനായ മാമ്മൻ മാപ്പിളയുടെ ഒരു പ്രതിമ മനോരമയുടെ മുൻവശം സ്ഥാപിക്കപ്പെട്ടിരുന്നതു് കാണാനാണു തിരുമേനി വന്നതു്. എന്നാൽ എന്നെ നേരിട്ടു കാണുമ്പോൾ വാൽസല്യപൂർവ്വമായ സംഭാഷണങ്ങൾ അല്ലാതെ നടന്നിട്ടില്ല. ചില കാര്യങ്ങൾക്കുവേണ്ടി ഞാൻ സമീപിച്ചിട്ടുള്ളപ്പോൾ ആദ്യം എതിർപ്പു പ്രകടിപ്പിച്ചിരുന്ന തിരുമേനി പിന്നീട് അഭ്യർത്ഥനപ്രകാരം പ്രവർത്തിച്ച് അനുഗ്രഹിച്ചയയ്ക്കുകയായിരുന്നു പതിവ്. അതിലൊരു സന്ദർഭം എനിക്കൊരിക്കലും വിസ്മരിക്കുവാനാവാത്ത വിധം പരിപാവനമായി ഞാൻ എന്നും വിലമതിച്ചുപോരുന്നു. ശ്രീ. കെ. സി. ചാക്കോ നടത്തിയ അവസാനത്തെ

കാതോലിക്കാബാവാ തിരുമേനിയുടെ:—

# ഒരു നൂററാണ്ടു കാലത്തെ സംഭവബഹുലമായ മഹജ്ജീവിതം

പ്രതികൂലസാഹചര്യങ്ങളെ ദൈവാശ്രയത്തോടും ധീരതയോടും നേരിട്ടു മലങ്കര സീറിയൻ ഓർത്ത ഡോക്സ് സഭയെ സംഭവബഹുലമായ സുദീർഘകാലം മെത്രാൻ, മലങ്കര മെത്രാപ്പോലീത്താ, കാതോലിക്കോസ് എന്നീ നിലകളിൽ ഭരിച്ച പ. കാതോലിക്കാബാവാ തിരുമേനിയെപ്പോലെ വ്യക്തിപ്രഭാവവും ദീർഘായുസ്സും കൊണ്ടനുഗ്രഹിക്കപ്പെട്ട കർമ്മയോഗിയും ഭാഗ്യശാലിയും ആയ മറെറാരു മേല്പട്ടക്കാരൻ മലങ്കരയുടെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല.

ദീർഘകാലം കക്ഷിമത്സരങ്ങളും ഉരുൾപ്പോരുകളും നിലവിലിരുന്ന സഭാനൗകയെ കോളിളക്കം നിറഞ്ഞ കടലിൽകൂടി നയിച്ച് സമാധാനത്തിന്റെയും ശാന്തിയുടെയും തുറമുഖത്തെത്തിക്കുവാൻ തിരുമേനിക്കു കഴിഞ്ഞു. ആഴമായ ദൈവവിശ്വാസത്തിലും ഓർത്തഡോക്സ് സഭയുടെ അനുപമമായ പാരമ്പര്യങ്ങളിലും പ്രാർത്ഥനാജീവിതത്തിലും അടിയുറച്ചു നിന്ന ഈ മഹാചാര്യന്റെ ജീവിതത്തിൽനിന്ന് അടർത്തി മാററാനാവാത്ത വിധമാണ് ആധുനിക സുറിയാനിസഭയുടെ ചരിത്രം കെട്ടുപിണഞ്ഞു കിടക്കുന്നത്. സഭയുമായി അത്രമാത്രം തിരുമേനിയുടെ ജീവിതം താദാത്മ്യം പ്രാപിച്ചിട്ടുണ്ട്. മഹത്തായ തപശ്ചര്യകൊണ്ട് ഋഷിതുല്യനായ തിരുമേനിക്ക് തൊണ്ണൂററൊന്നു

---

സഭാസമാധാനശ്രമത്തോടനുബന്ധിച്ചുള്ള ഒരു സംഭവമാണത്. ശ്രീ. ചാക്കോ തിരുവനന്തപുരത്തു ചെന്ന് മറുകക്ഷിയിലെ നേതാവായിരുന്ന കെ. പി. ഏബ്രഹാം വക്കീലുമായി സംഭാഷണമാരംഭിച്ചപ്പോൾ അദ്ദേഹം ഒരു വ്യവസ്ഥ ഉന്നയിച്ചു. മുൻപ് പല സന്ധിവ്യവസ്ഥകൾ ഉണ്ടായിട്ടുണ്ടെന്നും അവയെല്ലാം പരാജയപ്പെട്ടത് കാതോലിക്കാപക്ഷം അവയിൽനിന്നു പിന്മാറിയതുകൊണ്ടാണെന്നും, അതുകൊണ്ടു തക്കതായ ഉറപ്പുകൾ കൈകാര്യത്തിൽ ഇല്ലാതെ സന്ധിസംഭാഷണങ്ങൾ തുടരുന്നതുകൊണ്ട് ഫലമില്ലെന്നുമായിരുന്നു ശ്രീ. ഏബ്രഹാമിന്റെ വാദം. അതിനാൽ ശ്രീ. ചാക്കോയും ശ്രീ. ഏബ്രഹാമും തമ്മിൽ നടത്തുന്ന സംഭാഷണങ്ങളുടെ ഫലമായി രൂപവൽക്കരിക്കുന്ന സന്ധിവ്യവസ്ഥകൾ കാതോലിക്കാബാവാ തിരുമേനി അംഗീകരിക്കുമെന്നു രേഖാമൂലം ഉറപ്പു വേണമെന്നും, ശ്രീ. ചാക്കോയെ തിരുമേനി അധികാരപ്പെടുത്തിയ കത്തില്ലാതെ സംഭാഷണങ്ങൾക്കു താൻ സന്നദ്ധനല്ലെന്നുമായിരുന്നു ശ്രീ. ഏബ്രഹാം തറപ്പിച്ചു പറഞ്ഞത്. ബാവാതിരുമേനി നൽകുന്ന കത്തു മാതിരി മറെറാരു കത്ത് മാർ യൂലിയോസ് തിരുമേനിയിൽനിന്ന് താനും വാങ്ങിക്കൊള്ളാമെന്ന് ശ്രീ. ഏബ്രഹാം ഉറപ്പു നൽകി. ബാവാ തിരുമേനിയിൽനിന്ന് അങ്ങനെയൊരു കത്ത് വാങ്ങാൻ ശ്രമിക്കണമെന്നുതന്നെ ശ്രീ. ചാക്കോ തീരുമാനിച്ചു. അദ്ദേഹം എന്നെ കോട്ടയത്തേക്ക് അയയ്ക്കുകയും, ശ്രീ. കെ. എം. ചെറിയാനുമൊരുമിച്ച് ബാവാതിരുമേനിയെ കണ്ടു നിവേദനം നടത്തുവാൻ നിയോഗിക്കുകയും ചെയ്തു. ശ്രീ. ചെറിയാനും ഞാനുംകൂടി തിരുമേനിയെ കണ്ടു. ഒട്ടും ആശയില്ലാതെ ഞങ്ങൾ കുറെനേരം തിരുമേനിയുടെ അടുക്കൽ വാദിച്ചു. വ്യവസ്ഥകൾ കാണാതെ എങ്ങനെ അങ്ങനെയൊരു ഉറപ്പു നൽകും എന്നെല്ലാം യുക്തിപൂർവ്വം തിരുമേനിയും വാദിച്ചു ഞങ്ങളെ മടക്കി. അവസാനം നിരാശരായി ഞങ്ങൾ പോകുവാൻ ഭാവിച്ചപ്പോൾ തിരുമേനി കല്പിച്ചതിങ്ങനെയാണ്. 'കുട്ടി (അതാണ് ശ്രീ ചാക്കോയുടെ ഓമനപ്പേര്) ആവശ്യപ്പെട്ടതല്ലേ ഞാൻ എഴുതി തരാം'. തിരുമേനിക്കു ശ്രീ. ചാക്കോയെക്കുറിച്ചുള്ള സ്നേഹവിശ്വാസങ്ങൾ എത്രമാത്രമായിരുന്നുവെന്ന് എനിക്കു വെളിപ്പെട്ട ഒരു സന്ദർഭമായിരുന്നു അത്. തിരുമേനി എഴുതി തന്നു. പക്ഷേ മാർ യൂലിയോസ് തിരുമേനിയിൽനിന്ന് എഴുത്തു വാങ്ങാനുള്ള ശ്രമത്തിൽ ശ്രീ. കെ. പി. ഏബ്രഹാം പരാജയപ്പെട്ടു. അങ്ങനെ ആ സന്ധിശ്രമം പര്യവസാനിച്ചു.

ഇങ്ങനെ നിർമ്മല ഹൃദയനും സ്നേഹസമ്പന്നനുമായിരുന്ന തിരുമേനി ശത്രുക്കളുടെ പോലും അകൈതവമായ സ്നേഹബഹുമാനാദരങ്ങൾക്കു പാത്രീഭൂതനും, മലങ്കര ഭരിച്ച മേല്പട്ടക്കാരിൽ ഏററവും പ്രശസ്തനും വിജയശ്രീലാളിതനുമായിത്തീർന്നെങ്കിൽ അതിലെന്താണ് അത്ഭുതം തോന്നേണ്ടതായിട്ടുള്ളത്.

—0—

# St. GEORGE STORES

M. L. ROAD

**KOTTAYAM.**

Telegrams: GEORGSAINI

Shop Tel: 2055

DEALERS IN:

Mardwares
Paints
Building Equipments
Agricultural Implements
and
Sanitaryware (Parry)

STOCKISTS:

Goodlass Nerolac Paints
Acetic acid
Ramco Asbestos Sheet
Ramco Cements
Gleamcem Cement Paints

---

*With Best Compliments from:*

K.G.THOMAS VAIDYAN. Proprietor

# AUTO NOVELTY

**BEACH ROAD, QUILON**

Branch–: N. H. ROAD, KARUNAGAPPALLY.

Specialists in Auto Parts & Accessories in Quilon District.

വയസ്സു കഴിഞ്ഞിരുന്നു എങ്കിലും പ്രായാധിക്യമോ തന്മൂലമുള്ള ശാരീരിക ക്ലേശങ്ങളോ ആദ്ധ്യാത്മിക ചൈതന്യം വിന്യസിച്ചിരുന്ന തേജോജ്വലമായ തിരുമേനിയുടെ മുഖത്തു് നിഴൽ വീശിയിരുന്നില്ല.

## സമുന്നത വ്യക്തിത്വം

ആരെയും ഹഠാദാകർഷിക്കുന്ന അനുപമസുന്ദരമായ ഒരു സമുന്നത വ്യക്തിത്വമാണു് തിരുമേനിക്കുണ്ടായിരുന്നതു്. ആദ്ധ്യാത്മിക സിദ്ധിവിശേഷങ്ങളും ആജ്ഞാശക്തിയും കൂടികൊണ്ടിരുന്ന ആ വ്യക്തിത്വമാണു് സഭയുടെ പ്രതിസന്ധിഘട്ടങ്ങളിലും പ്രശോഭിച്ചു നിന്നിരുന്നതു്. ഒരിക്കൽ മാത്രം കണ്ടിട്ടുള്ള വ്യക്തികൾക്കും തിരുമേനിയുടെ ചിത്രം വിസ്മരിക്കാനാവില്ല. തിരുമേനി എവിടെ ചെന്നാലും അസംഖ്യം ആളുകൾ അദ്ദേഹത്തെ ഒരു നോക്കു കാണുവാൻ ഓടി എത്തും. കൈ മുത്തി അനുഗ്രഹം പ്രാപിച്ചുകഴിയുമ്പോൾ അവർക്കു ഒരു പുണ്യതീർത്ഥത്തിൽ എത്തിച്ചേർന്ന അനുഭൂതിവിശേഷമാണുണ്ടാകുന്നതു്. പാണ്ഡിത്യത്തെയും ധനത്തിന്റെ പ്രതാപത്തെയും എല്ലാം വെല്ലുന്നതും നിർവ്വചിക്കാനാവാത്തതുമാണു് തിരുമേനിയുടെ ഈ വ്യക്തി മഹത്വം.

## 28 വർഷം മുമ്പു്

ലണ്ടനിൽ വച്ചും. പാരീസിൽ വച്ചും, ജറുശലേമിൽവച്ചും, എഡിൻബറോയിൽവച്ചും മാത്രമല്ല തിരുമേനി സന്ദർശിച്ചിട്ടുള്ള എല്ലാ നഗരങ്ങളിൽ വച്ചും മലങ്കരസഭയ്ക്കു് മാനവും മതിപ്പും അനായാസേന നേടിക്കൊടുത്തിട്ടുണ്ടെന്നു പറയാം. ഇംഗ്ളണ്ടിൽവച്ചും മററും ശതക്കണക്കിനാളുകൾ തിരുമേനിയുടെ കരം ചുംബിച്ചനുഗ്രഹം പ്രാപിക്കുകയുണ്ടായി. വിദേശ സന്ദർശനവേളയിൽ പ്രമുഖ പത്രിനിധികൾ തിരുമേനിയുമായി അഭിമുഖസംഭാഷണം നടത്തി തിരുമേനിയെ മുക്തകണ്ഠം അഭിനന്ദിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തുക പതിവായിരുന്നു. എഡിൻബറോ സന്ദർശനത്തെപ്പററി 1937 ഓഗസ്ററു് 7–ാം തീയതി പ്രശസ്തമായ 'ഡെയിലി റെക്കോഡ് ആൻഡ് മെയിൽ' എന്ന പത്രം ഇങ്ങനെ എഴുതി: 'എഡിൻബറോയിൽ ആഗതനായിരിക്കുന്ന ഏററവും ദർശനീയനായ അതിഥിയുടെ ഹസ്തലിഖിതം വാങ്ങുവാൻ തടിച്ചുകൂടിയ ജനപ്പെരുപ്പം മൂലം അവർ പരസ്പരം തള്ളി മറിഞ്ഞുവീണുപോയി. ഒരു പാത്രിയർക്കീസിനടുത്ത അന്തസ്സോടും കാരുണ്യകിരണങ്ങൾ പൊഴിയുന്ന കണ്ണുകളോടും വിശിഷ്ടമായ വേഷഭൂഷകളോടും ആ അതിഥി സ്കോട്ട്ലണ്ടിന്റെ തലസ്ഥാന നഗരിയിലെ രാജവീഥിയിൽക്കൂടി നടന്നു. കയ്യൊപ്പു് വേണ്ടവർക്കു് അതും, ഹസ്തദാനം വേണ്ടവർക്കു് അതും, അനുഗ്രഹം അർത്ഥിച്ചവർക്കു് അതും അദ്ദേഹം ലോഭമെന്യേ നൽകി.................................... ശുഭ്രമായ തലപ്പാവു് ഭംഗിയായി ചുററി വച്ചിരിക്കുന്നു. കഴുത്തിൽ കിടക്കുന്ന രത്നഖചിതമായ കുരിശു് സൂര്യപ്രഭയിൽ മിന്നി പ്രകാശിക്കുന്നു. തോളിലും ഒരു വിശേഷവസ്ത്രം ഉണ്ടു്. മതസൂചകമായ ഒരു മുദ്ര ഒരു സുവർണ്ണ ശൃംഖലയിൽ തൂങ്ങിക്കിടക്കുന്നു. മീശ കുറെ നരച്ചിട്ടുണ്ടു്'.

ഇരുപത്തെട്ടു വർഷം മുമ്പു നടന്ന വർണ്ണനയാണിതു്.

ലളിതവും നിഷ്കളങ്കവുമായ ജീവിതം, സഭയിലും ദൈവത്തിലും അപ്പോസ്തോലികകാലത്തെപ്പോലെയുള്ള അടിയുറച്ച വിശ്വാസം, നിഷ്ഠ

**FOR FAVOURS RECEIVED**



K. M. M. Chennithala.

Telephone: 37

# ANNA ALUMINIUM COMPANY

KIZHAKKAMBALAM – ALWAYE

★

MANUFACTURERS OF:-

PURE ALUMINIUM CIRCLES, SHEETS & UTENSILS

★

Proprietor M. C. JACOB

യോടുകൂടിയ നമസ്കാരവും പ്രാർത്ഥനയും, വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിലുള്ള സംശയരഹിതമായ ആശ്രയം, ആന്തരികമായ വിനയം എന്നിവയാണ് തിരുമേനിയുടെ അതുല്യമായ വ്യക്തിപ്രഭാവത്തിന്റെ അടിസ്ഥാന ശിലകൾ.

സ്വജീവിതത്തിലും സഭയിലും പ്രയാസങ്ങളും പ്രതിസന്ധിഘട്ടങ്ങളും ഉണ്ടാകുമ്പോഴെല്ലാം തിരുമേനി തന്റെ ഗുരുവായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കബറിങ്കലെത്തി പ്രാർത്ഥനയിലും ധ്യാനത്തിലും സമയം ചെലവഴിക്കുക പതിവായിരുന്നു. കഴിഞ്ഞ നവംബറിലും തിരുമേനി ആ വിശുദ്ധന്റെ ചരമവാർഷികപ്പെരുനാളിൽ സംബന്ധിച്ചു. നിർമ്മലമായ ജീവിതത്തിനുള്ള വഴി പരുമല തിരുമേനിയാണ് ഈ സിദ്ധനു കാണിച്ചുകൊടുത്തത്. ആ ഗുരുശിഷ്യബന്ധവും അനുപമമായിത്തന്നെ അവശേഷിക്കുന്നു.

## വ്രതനിഷ്ഠ

വിശുദ്ധ കൂദാശകളിലും അവ അനുഷ്ഠിക്കുന്ന വിധത്തിലും തിരുമേനിക്കുള്ള പ്രത്യേക താല്പര്യവും ശ്രദ്ധയും തിരുമേനി അനുഷ്ഠിക്കുന്ന കർമ്മാദികളുടെ മനോഹാരിതയും മാറ്റും അനന്യസാധാരണമാണ്. തിരുമേനി അർപ്പിക്കുന്ന വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുന്ന ഭക്തജനങ്ങൾക്ക് സ്വർഗ്ഗീയമായ ഒരനുഭൂതിയാണ് ലഭിക്കുന്നത്. തിരുമേനി വിശുദ്ധ കർമ്മങ്ങളിൽ നിമഗ്നനായി കൂദാശകൾ നിർവഹിക്കുന്ന രംഗങ്ങൾ ആർക്കും വിസ്മരിക്കാൻ ആവില്ല.

തന്റെ മുൻഗാമികളിൽ ചിലരെപ്പോലെ തിരുമേനി മേധാശക്തിയിലും പാണ്ഡിത്യത്തിലും തുല്യനായിരുന്നില്ലെങ്കിലും പ്രതിസന്ധിഘട്ടങ്ങളിൽ അന്യാദൃശമായ സിദ്ധികൾ തിരുമേനി പ്രദർശിപ്പിച്ചിരുന്നു. തന്ത്രശാലികളും ബുദ്ധിശാലികളും പരാജയപ്പെട്ട കർമ്മമണ്ഡലങ്ങളിൽ തിരുമേനി വിജയം നേടി.

അര ശതാബ്ദക്കാലം നീണ്ടുനിന്ന സമുദായ കേസ് സഭയെയും അതിന്റെ പ്രവർത്തനങ്ങളെയും ക്ഷീണിപ്പിച്ചു എന്നു വിശ്വസിക്കുന്ന തിരുമേനി 'കേസ്സ് സഭയെ മുടിച്ചു' എന്നു പലപ്പോഴും പറയാറുണ്ടായിരുന്നു. വഴക്കും കേസ്സും തീർന്ന് എല്ലാവരും ഒന്നായി യോജിച്ച് പ്രവർത്തിക്കണം എന്നായിരുന്നു തിരുമേനിയുടെ ആഗ്രഹം.

സഭയെ ബലഹീനമാക്കിക്കൊണ്ടിരുന്ന കേസ്സുകൾ തുടരുന്ന കാലത്തും പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, കാതോലിക്കേറ്റ് ഹൈസ്കൂളുകൾ, അരമന മുതലായ വലിയ സ്ഥാപനങ്ങൾ സഭാംഗങ്ങളുടെയും സഭാനേതാക്കന്മാരുടെയും സമ്പൂർണ്ണ സഹായസഹകരണത്തോടുകൂടി തിരുമേനിക്കു സമ്പാദിക്കുവാൻ കഴിഞ്ഞു. പട്ടം കൊടുക്കുക, പുതിയ പള്ളികൾ കൂദാശ ചെയ്യുക എന്നിവ തിരുമേനിക്കു വളരെ ഇഷ്ടമുള്ള കാര്യങ്ങളായിരുന്നു. കർമ്മാദികളുടെ ദൈർഘ്യമോ, കായക്ലേശമോ പ്രായാധിക്യമോ ഒന്നും ഇതിനു തടസ്സമായി നിന്നിട്ടില്ല. തിരുമേനിയെപ്പോലെ ഇത്രയധികം മെത്രാന്മാരെ വാഴിക്കുകയും, വൈദികർക്കും ശെമ്മാശ്ശന്മാർക്കും പട്ടം കൊടുക്കുകയും, പള്ളികളും കുരിശിൻതൊട്ടികളും കൂദാശ ചെയ്യുകയും ചെയ്തിട്ടുള്ള മറ്റൊരു മഹാചാര്യനെയും പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ കാണാൻ സാദ്ധ്യമല്ലതന്നെ.

## സുറിയാനി പണ്ഡിതൻ

എട്ടാമത്തെ വയസ്സിൽ പരുമല സെമിനാരിയിൽ എത്തി മാർ ഗ്രീഗോറിയോസ് തിരുമേനി

FOR FAVOURS RECEIVED



Chinnamma Cherian, Banglore. K. V. Varghese, K. V. Joy.

## 8, 10, 12 പോയിൻറ് മലയാളം

## ഇംഗ്ലീഷ് എന്നീ ടൈപ്പുകൾക്കും

## 14, 18, പോയിൻറ് മലയാളം

(പുതിയ ലിപി) **ടൈപ്പുകൾക്കും**

## ആവശ്യപ്പെടുക

Manager,

ST. FRANCIS SALES PRESS

(Deepika)

KOTTAYAM – 686001.

PHONE. 3494



'റാലി', ഉഷ, ക്രോംടൺ, ജി. ഇ. സി., വി■യാ എന്നീ മികച്ചതരം ഫാനുകളുടെയും അംഗീകൃത വ്യാപാരി

**ബീനാ ഇലക്ട്രിക്കൽസ്. പ്രൈവററ് ബസ്സ്സ്റ്റാൻറ്, ചങ്ങനാശ്ശേരി**

എല്ലാവിധ ഇലക്ട്രിക് ഉപകരണങ്ങൾക്കും, പ്രസൻേറഷൻ സെററുകൾക്കും, നിങ്ങളുടെ വീടുകൾ മനോഹരമായി വൈദ്യുതീകരിക്കുന്നതിനും ഞങ്ങളെ സമീപിക്കുക.

**ബീനാ ഇലക്ട്രിക്കൽസ്, ചങ്ങനാശ്ശേരി**



**അതിമനോഹരങ്ങളായ ചിത്രത്തയ്യലുകൾക്ക്**

കാപ്പ, വിരിക്കൂട്ടുകൾ, ചിത്തോല, തിരിശ്ശീല, മുത്തുക്കുടകൾ, പത്രസീൻ, ശീലമുടി, മസ്നപ്സാ തുടങ്ങിയ എല്ലാവിധ തയ്യലുകളും ഓർഡർ അനുസരിച്ച് എത്രയും ഭംഗിയായിട്ടും കൃത്യസമയത്തും ചെയ്തു കൊടുക്കപ്പെടും.

50 വർഷത്തിലേറെ പരിജ്ഞാനവും ഓർത്തഡോക്സ് സ്പെഷ്യൽ തയ്യൽക്കാരുമടങ്ങിയ സ്ഥാപനം

**പുളിക്കൽ ബ്രദേഴ്സ് എംബ്രോയിഡറി വർക്സ്, പാലസ് വാർഡ്**

ചങ്ങനാശ്ശേരി, കേരളാ, S. Inida

N. B. പേർഷ്യൻ ഡിസൈനുകൾ ധാരാളം എത്തിച്ചേർന്നിരിക്കുന്നു.



കാപ്പ, വിരിക്കൂട്ട്, ചിത്തോല, പള്ളിമാകാം, ശോശപ്പ, കബറുവാന, ശീലമുടി, മസ്നപ്സ മുതലായ എല്ലാത്തിരുവസ്ത്രങ്ങളും മനോഹരമായ എംബ്രോയിഡറിപ്പണികളോടുകൂടി ഉൗടററ കസവു പണികളിൽ അതിവിദഗ്ദ്ധരായ ജോലിക്കാരാൽ കൃത്യസമയത്തു ചെയ്തു കിട്ടുന്നതിന് ഓർമ്മിക്കേണ്ട വിലാസം:

**SHIRLEY ARTS**

Palace Ward, Changanacherry.

Artist: Thomas Sebastian, Kalayil.



**VANIAPURACKAL JEWELLERS**

Kavala, Changanacherry

ഉത്തരവാദിത്വമുള്ള

22 കാരററ് സ്വർണ്ണാഭരണങ്ങൾക്ക്

വാണിയപ്പുരക്കൽ ജൂവലേഴ്സ്

കവല, ചങ്ങനാശ്ശേരി.



**KERALA KALA MANDIR**

(Registered, State Aided)

Opposite Bishop Palace

CHANGANACHERRY, KERALA.

Prop: Artist JOHNSON.

**പള്ളി ആവശ്യങ്ങൾക്ക് !!**

വിവിധ ഡിസൈനുകളിൽ ത്രോണോസുകൾ, രൂപക്കൂടുകൾ, സക്രാരികൾ, മുത്തുക്കുടകൾ തുടങ്ങിയവ നിർമ്മിച്ചു കിട്ടുന്നതിന് സമീപിക്കുക.

കളറിലും ബ്ളാക്ക് വൈററിലും ഫോട്ടോകൾ വരച്ചുകൊടുക്കുന്നതും പള്ളി പെയിൻറിംഗുകൾ വിദഗ്ദ്ധരായ ജോലിക്കാരെ അയച്ച് ഞങ്ങളുടെ ഉത്തരവാദിത്വത്തിൽ നിർവ്വഹിച്ചു കൊടുക്കുന്നതുമാണ്.

ഇൻഡ്യയുടെയും വിദേശരാജ്യങ്ങളുടെയും മെഡലുകളും, വിവിധ അവാർഡുകളും, രാജപ്രമുഖൻ, നെഹ്റു തുടങ്ങിയവരുടെ കീർത്തിമുദ്രകളും കരസ്ഥമാക്കിയ കലാകാരന്മാരടങ്ങിയ പ്രമുഖസ്ഥാപനം

N. B. ഷോറൂം പ്രതിമകളും ഗാർഡൻ പ്രതിമകളും നിർമ്മിച്ചുകൊടുക്കുന്നതാണ്.

വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ എന്നിവരുടെ കീഴിൽ സുറിയാനിപഠനം ആരംഭിച്ച കാതോലിക്കാബാവാ തിരുമേനിക്കു് സുറിയാനിഭാഷയിലുള്ള വ്യുല്പത്തിയും വൈദികരുടെ സുറിയാനിഭാഷാപഠനത്തിലുള്ള നിഷ്ക്കർഷയും സുറിയാനി രീതിയിലുള്ള ആരാധനാക്രമങ്ങളോടുള്ള താല്പര്യവും പ്രസിദ്ധമാണ്.

തിരുമേനി റമ്പാനായി പഴയ സെമിനാരിയിൽ താമസിക്കുന്ന കാലത്തു് പർദൈസാ, മാർ യൂഹാനോൻ മ്റഹമ്മൊനൊ മുതലായ ചില അമൂല്യ സുറിയാനിഗ്രന്ഥങ്ങൾ ഭാഷാന്തരം ചെയ്യുകയും, രഹസ്യപ്രാർത്ഥനകൾ, സഹദേന്മാരുടെ ചരിത്രം എന്നീ പുസ്തകങ്ങൾ രചിക്കുകയും ചെയ്തു. സുറിയാനി ശരിക്കറിയാവുന്ന വൈദികരോടു തിരുമേനിക്കു് അല്പം മമത കൂടുതൽ ഉണ്ടെന്നും തോന്നിയിട്ടുണ്ടു്, 50 വർഷം മുമ്പു് മൂക്കഞ്ചേരിൽ എം. പി. പത്രോസ് ശെമ്മാശനും (ഇപ്പോൾ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) പുലിക്കോട്ടിൽ ജോസഫ് ശെമ്മാശ്ശനുംകൂടി നമ്മുടെ പ്രൂമിയോൻ മഹാകവി വള്ളത്തോളിന്റെ സഹായത്തോടുകൂടി മലയാളത്തിൽ തർജ്ജമചെയ്തു. ഒരിക്കൽ പരുമലപ്പെരുനാളിനു മലയാളത്തിലുള്ള പ്രൂമിയോൻ വിൽക്കവേ അന്ന് മാർ ഗ്രീഗോറിയോസ് മെത്രാനായിരുന്ന പ. കാതോലിക്കാബാവാ തിരുമേനി കച്ചവടക്കാരെ അടിച്ചോടിച്ച കാര്യം മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇതെല്ലാം തിരുമേനിയുടെ സുറിയാനിപ്രേമത്തെ കുറിക്കുന്ന കാര്യങ്ങളാണ്.

## സമുദായക്കേസുകൾ.

തിരുമേനിയുടെ ഭരണകാലത്തിന്റെ സിംഹഭാഗവും സമുദായക്കേസുകളിൽ ശ്രദ്ധ പതിപ്പിക്കേണ്ടിവന്നു. അവ നടത്തിക്കൊണ്ടുപോകുന്നതിനുള്ള സാമ്പത്തിക ഭാരങ്ങളും ക്ലേശങ്ങളും തിരുമേനിയെ വേദനിപ്പിച്ചിരുന്നു. പല പ്രാവശ്യം കോടതിവിധികൾ പ്രതികൂലമായി പരിണമിക്കുകയുണ്ടായിട്ടുണ്ടു്. എങ്കിലും വിപദ്ധൈര്യത്തോടും ദൈവാശ്രയത്തോടും അങ്ങനെയുള്ള സന്ദർഭങ്ങൾ തരണം ചെയ്യുവാൻ തിരുമേനിക്കു കഴിഞ്ഞു. 1951–ൽ തിരുമേനി കർക്കാട്ടായിൽ ആയിരുന്നപ്പോഴാണ് അന്ന് ഹൈക്കോടതി വിധി തിരുമേനിക്കെതിരായി പ്രഖ്യാപിക്കപ്പെട്ടതു്. ഉത്തരേന്ത്യൻ പര്യടനം മതിയാക്കി വേഗം നാട്ടിലേക്കു തിരിച്ചുവന്ന തിരുമേനിക്കു ജനങ്ങൾ അതിഗംഭീരമായ ഒരു സ്വീകരണം കൊട്ടാരക്കര മുതൽ കോട്ടയം വരെ നൽകി. കോട്ടയത്തു് എം. ഡി. സെമിനാരിയിൽവച്ചു നടത്തപ്പെട്ട മഹായോഗവും പിന്നീടു് കുറുപ്പുമ്പടി, പാമ്പാക്കുട, പിറവം, പള്ളിക്കര മുതലായ സഭാകേന്ദ്രങ്ങളിൽ നടന്ന പ്രചരണയോഗങ്ങളുമെല്ലാം സഭാചരിത്രത്തിലെ സുപ്രധാന സംഭവങ്ങളാണ്.

സമുദായവസ്തുക്കൾ തിരുമേനിയുടെ അധികാരനിയന്ത്രണങ്ങളിൽ നിന്നു കൈവിടേണ്ടി വരുമെന്നു ശങ്കിക്കപ്പെട്ട ഒരു സന്ദർഭത്തിൽ യശ്ശശരീരനായ ശ്രീ. കെ. സി. മാമ്മൻമാപ്പിളയുടെ നേതൃത്വത്തിൽ നടന്ന സഹകരണത്തിന് അഭൂതപൂർവമായ ധനശേഖരണമാണ് സമുദായാംഗങ്ങളിൽനിന്നുണ്ടായതു്. ഒരാഴ്ചയ്ക്കുള്ളിൽ ഒന്നാലക്ഷം രൂപാ ശേഖരിച്ചു ദേവലോകം അരമന സ്ഥിതി ചെയ്യുന്ന ഏഴേക്കർ വിസ്തീർണ്ണമുള്ള മനോഹരമായ കുന്നിൻപരപ്പും പഴയ അരമനക്കെട്ടിടവും വാങ്ങുവാൻ സാധിച്ചു.

## സഭാസമാധാനം

സമുദായക്കേസ്സിൽ സുപ്രീംകോടതി വിധി തിരുമേനിക്കനുകൂലമായി ഭവിച്ചു. തിരുമേനിയുടെ സമുദായ ക്ഷേമ പരിശ്രമങ്ങളിൽ തിരുമേനിക്കു സന്തോഷം നൽകിയ ഒരു സംഭവമായിരുന്നു അതെങ്കിലും തിരുമേനിയുടെ മഹൽ ജീവിതത്തിൽ യഥാർത്ഥവും ശാശ്വതവുമായ ആനന്ദം നൽകിയതു് 1958 ഡിസംബർ 16–ാം തീയതിയിലെ ചരിത്രം സൃഷ്ടിച്ച സഭാസമാധാനമായിരുന്നു. പ. അന്ത്യോഖ്യാപാത്രിയർക്കീസു യാക്കൂബ് തൃതീയൻ തിരുമേനി അയച്ചുതന്ന സ്വീകരണ കല്പനയും തിരുമേനിയുടെ മറുപടിയും പരസ്പരം പഴയ സെമിനാരി ചാപ്പലിൽവച്ചു കൈമാറിയതു അന്നായിരുന്നു. സുറിയാനി സഭയ്ക്കു മംഗളകരമായ ഒരു ഭാവി വാഗ്ദാനം ചെയ്ത ആ സംഭവം തിരുമേനിയുടെ ഒരു ജീവിത ലക്ഷ്യത്തിന്റെ നേട്ടമായിരുന്നു.

## സമാധാനശ്രമങ്ങൾ

മലങ്കര സഭയിലെ മൽസരങ്ങൾ അവസാനിപ്പിക്കുന്നതിനു വേണ്ടി നടത്തപ്പെട്ട എല്ലാ പരിശ്രമങ്ങളിലും ബാവാതിരുമേനി ആത്മാർത്ഥമായി പങ്കെടുക്കുകയും വളരെയധികം ത്യാഗങ്ങൾ സഹിക്കുന്നതിനു സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. പല തവണ ഇരുകക്ഷിയിലെയും നേതാക്കന്മാരുമായി സുദീർഘമായ ചർച്ചയും നടത്തി. 1943-ൽ മാർ യൂലിയോസ് തിരുമേനിയുമൊന്നിച്ചു ഹോംസിലെത്തി കാലം ചെയ്ത

*With Best Regards*



*from:*

# P. J. CORPORATION

**CLEARING, FORWARDING & TRANSPORTING AGENTS**

**ANAVATHIL, MATTANCHERRY, COCHIN-2**

**KERALA, S. INDIA.**

Grams: PEEJECO. Phone: Office–25007, Res: 31948

Branch: NEAR RLY: STATION, NAGAMPADOM, KOTTAYAM

Phone: 2474

അപ്രേം പ്രഥമൻ ബാവാതിരുമേനിയുമായി ആലോചന നടത്തി. പക്ഷെ ആ തീർത്ഥയാത്രയും ഫലപ്രദമായില്ല. ആ കൊല്ലം ഒക്ടോബർ 10-ാം തീയതി തിരിച്ചെത്തിയ ബാവാതിരുമേനിക്കു മലങ്കരയിലുടനീളം സ്വീകരണങ്ങൾ നൽകപ്പെട്ടു.

## മലങ്കര മെത്രാപ്പോലീത്താ

അക്കൊല്ലം തന്നെ ഡിസംബർ 26-ാം തീയതി കാതോലിക്കാബാവായെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. തുടർന്ന തിരുവനന്തപുരം, ആലുവാ, ചിങ്ങവനം തുടങ്ങിയ സ്ഥലങ്ങളിൽവച്ചു നടത്തപ്പെട്ട പ്രതികക്ഷനിർദ്ദേശങ്ങളായ ആലോചനകളിലും ബിഷപ്പ് ഗോർ, ഇർവിൻപ്രഭു, ബിഷപ്പ് പെക്കൻഹാം വാൽഷ് എന്നിവരുടെ ശ്രമങ്ങളിലും കോട്ടയത്തുവച്ചു നടത്തപ്പെട്ട ഐതിഹാസികമായ പീസ്‌ലീഗിന്റെ ശ്രമത്തിലും ബാവാതിരുമേനി എടുത്ത സഹായകമായ നിലപാട ശ്ലാഘനീയമായ ആധുനിക സംഭവങ്ങളാകയാൽ ഇവിടെ വിവരിക്കുന്നില്ല.

സഭാസമാധാനപുനസ്ഥാപനത്തിനു തുടർന്ന പുത്തൻകാവിൽവച്ചു നടത്തപ്പെട്ട അസോസ്യേഷൻ യോഗത്തിനും സംയുക്തസ്വീകരണങ്ങൾക്കും ശേഷം സഭയിലെ ശാന്തതയിൽ സന്തോഷിച്ചുകൊണ്ടിരിക്കവേ അവിടവിടെ ചില അസ്വാസ്ഥ്യങ്ങൾ നേരിട്ടതിൽ ബാവാ തിരുമേനിക്കു വളരെ കുണ്ഠിതം ഉണ്ടായി.

## ക്രിസ്തീയ ചൈതന്യം

സുന്നഹദോസുമായി വിട്ടുനിന്ന പൗലൂസ് മാർ പീലക്സീനോസ് തിരുമേനിയെ ഇക്കഴിഞ്ഞ സെപ്തംബർ 13-ാം തീയതി വെള്ളിയാഴ്ച കാതോലിക്കേറ്റ് അരമനയിൽ ക്ഷണിച്ചു വരുത്തി സംഭാഷണം നടത്തിയതും ഒടുവിൽ പൗലൂസ് മാർ പീലക്സീനോസ് തിരുമേനിയോട് തന്റെ ജീവാവസാനം അടുത്തിരിക്കയാണെന്നും എല്ലാവരേയും ഒന്നു കണ്ടു യാത്രപറഞ്ഞിട്ടു പോകാമെന്നു കരുതി ക്ഷണിച്ചതാണെന്നും പറഞ്ഞുകൊണ്ട് 'ഞാൻ മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും നിങ്ങൾക്കെല്ലാം അസുഖകരമായോ വേദനാജനകമായോ എന്തെങ്കിലും തരത്തിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവ നിങ്ങൾ ക്ഷമിക്കുകയും മറക്കുകയും ചെയ്യണം' എന്നു പ്രസ്താവിച്ചതു ബാവാതിരുമേനിയുടെ മാത്രമല്ല മലങ്കരസഭയുടെ ചരിത്രത്തിലെ ക്രിസ്തീയചൈതന്യത്തിന്റെ യഥാർത്ഥ ബഹിർസ്ഫുരണവും തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട വചനങ്ങളും ആണ്. ശിഷ്യഗണത്തിന്റെ കാലുകഴുകിയ ഗുരുവിന്റെ മഹത്തായ മാതൃകയാണ മലങ്കരയുടെ മഹാചാര്യൻ ഇവിടെ അനുകരിച്ചിരിക്കുന്നത്.

ഇത്രയധികം പ്രശസ്താതിഥികളെ സ്വീകരിക്കുന്നതിനും സൽക്കരിക്കുന്നതിനും ഭാഗ്യം സിദ്ധിച്ചിട്ടുള്ള വളരെയധികം മഹാചാര്യന്മാർ ഉണ്ടായിട്ടില്ല. തെരഞ്ഞെടുപ്പു പ്രചരണാർത്ഥം 1953 ഫെബ്രുവരി 3-ാം തീയതി കോട്ടയത്തെത്തിയ നെഹ്റുവിനെ എം. ഡി. സെമിനാരിയിൽ വച്ചു ബാവാതിരുമേനി ഹാരമണിയിച്ചു സ്വീകരിച്ചു. എത്യോപ്യയിലെ ഹെയ്‌ലി സെലാസി ചക്രവർത്തി, തിരുക്കൊച്ചിയിലെ രാജാക്കന്മാർ, ഗവർണ്ണർ രാമകൃഷ്ണറാവു, വൈസ്രോയി ആയിരുന്ന ഇർവിൻപ്രഭു, എത്യോപ്യൻ അംബാസഡർ, സൈപ്രസ് പ്രസിഡന്റു് ആർച്ചുബി

FOR FAVOURS RECEIVED



Binny Kunjachen, Mathew Philip. Nandini Mines. Chocko Abraham, കോഴിച്ചാൽ K. G. Varghese. Yohannan Philipose Nandini Mines.

STUDENTS' CENTRE
Arts & SCIENCE COLLEGE
പ്രൈ. ബസ്സ്റ്റാൻറിനു സമീപം
Changanacherry-1

*Classes for:-*

SSLC PDC; BA/B SC/BCOM
M.A. (Sangar & Venketesware
Universities)

Well-equipped labaratory
-Excellent library.

Principal
THOMAS JOSEPH M. A. (Litt) B. Ed.

*Best Compliments from:*

K. C. JACOB
QUILON

PHONE: 3453

While at Kottayam

V

VISIT:-
HOTEL WOODLANDS
VEGETARIAN & NON VEGETARIAN
NEAR MUNICIPAL BUS STAND, KOTTAYAM.

A firm renowred Over "87" years of Service in Quality Printing and Publishing; has won many National Awards.

★

S.T. REDDIAR & SONS

★

QUILON. ALLEPPEY. ERNAKULAM.

ഷപ്പ് മക്കാറിയോസ്, അർമ്മീനിയൻസഭയിലെ വസ്ക്കൻ തിരുമേനി, പോളാഡിയൻ തിരുമേനി, ന്യൂഡൽഹിയിലെ ആഗോള ക്രൈസ്തവ സമ്മേളനത്തിൽ പങ്കെടുത്ത റഷ്യൻ സഭാമേലദ്ധ്യക്ഷന്മാരുൾപ്പെടെയുള്ള പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെ ബിഷപ്പന്മാർ, കേരളത്തിലെ സഹോദര സഭകളിലെ ബിഷപ്പന്മാർ, മന്നത്തു പത്മനാഭൻ തുടങ്ങിയ ഹൈന്ദവ നേതാക്കന്മാർ എന്നിവരെല്ലാം പ്രശസ്തരായ സന്ദർശകരുടെ നീണ്ട ലിസ്റ്റിൽ ഉൾപ്പെടുന്നു. തിരുമേനിയുടെ വ്യക്തിത്വവും നർമ്മബോധവും സന്ദർശകരെയെല്ലാം ആനന്ദിപ്പിച്ചിട്ടുണ്ട്.



പ. ബാവാ തിരുമേനിയും ലേഖകനായ കെ. വി. മാമ്മനും

## നർമ്മോക്തികൾ

സന്ദർഭത്തിനൊത്ത സംഭാഷണം നടത്താനും പ്രസംഗിക്കാനുമുള്ള കഴിവുപോലെ തന്നെ സംഭാഷണ മദ്ധ്യേ സരസമായ നർമ്മോക്തികൾ സന്ദർഭോചിതമായി പറയുന്നതിനും ബാവാതിരുമേനിക്കുള്ള കഴിവു ഒന്നു വേറെയായിരുന്നു. നിഷ്കളങ്കതനിറഞ്ഞ ഈ ഫലിതങ്ങളുടെ അർത്ഥം മനസ്സിലാക്കാത്ത ചിലർക്കു ചില തെററിദ്ധാരണകളും-ഉണ്ടായെന്നു വരാം. തന്നെത്തന്നെ നിസ്സാരനാക്കിമററുള്ളവരിൽ ചിരി ജനിപ്പിക്കുന്നതിനും തിരുമേനി വിസ്മരിക്കാറില്ലായിരുന്നു.

ഏതാനും മാസങ്ങൾക്കു മുമ്പു ശ്രീ മന്നത്തു പത്മനാഭൻ ബാവാതിരുമേനിയെ സന്ദർശിച്ചു കുശലപ്രശ്നങ്ങൾ നടത്തുകയുണ്ടായി. ആ അവസരത്തിൽ ഭാര്യ സുഖമായി ഇരിക്കുന്നുവോ എന്നുള്ള തിരുമേനിയുടെ അന്വേഷണത്തിന് അവർക്ക് എപ്പോഴും സുഖക്കേടാണെന്നും ഭാര്യയുണ്ടെങ്കിൽ സുഖക്കേടുമുണ്ടെന്നും ശ്രീ. മന്നം മറുപടി പറഞ്ഞു. 'പിള്ളാരുണ്ടെങ്കിൽ പറയുകയും വേണ്ടാ' എന്നു ബാവാ തിരുമേനി പെട്ടെന്നു പ്രതിവചിച്ചു.

അതുപോലെ തന്നെ അടുത്തകാലത്തു ഇന്ത്യയിലെ എത്യോപ്യൻ അംബാസഡർ തിരുമേനിയെ സന്ദർശിച്ച അവസരത്തിൽ കുശലപ്രശ്നങ്ങൾക്കു ശേഷം അംബാസഡർ കാപ്പി കുടിക്കാനായി പോയി. ആ അവസരത്തിൽ എത്യോപ്യാക്കാർക്കു കടുത്ത കാപ്പിയാണിഷ്ടമെന്നു പറഞ്ഞതു കേട്ട് 'ചുമ്മാതല്ല അയാൾ കറുത്തിരിക്കുന്നതു്' എന്നത്രേ ബാവാ പറഞ്ഞതു്.

മരിക്കുന്നതിന് ഏതാനും മാസങ്ങൾക്കു മുമ്പു മുതലേ തന്റെ ജീവാവസാനം അടുത്തു എന്നു ബാവാതിരുമേനി മററുള്ളവരോടു സാധാരണ പറയാറുണ്ടായിരുന്നു. കാലം ചെയ്തു കഴിയുമ്പോൾ തന്റെ മൃതദേഹം എവിടെ അടക്കണമെന്നുള്ളതിനെപ്പററിയും തിരുമേനി മുൻകൂർ നിർദ്ദേശം നൽകിയിരുന്നു. കബറടക്കത്തിനായി കാതോലിക്കേററ് അരമനയുടെ ഒരു ഭാഗം തിരുമേനി കാണിച്ചുകൊടുത്തപ്പോൾ അതിനടുത്ത ഒരു സ്ഥലം മററു ചിലർ നിർദ്ദേശിച്ചു. അപ്പോൾ താൻ നിർദ്ദേശിച്ച സ്ഥലം തന്നെ മതിയെന്നും അവിടെ നല്ല കാററുള്ളതാണ് ആ സ്ഥലം തെരഞ്ഞെടുക്കാനുള്ള കാരണമെന്നും തിരുമേനി ചിരിച്ചുകൊണ്ടു പറഞ്ഞു.

[പ. കാതോലിക്കാബാവാ തിരുമേനി കാലം ചെയ്തതിനെ തുടർന്നു് ശ്രീ. കെ. വി. മാമ്മൻ തയ്യാറാക്കിയതും മനോരമയിൽ പ്രസിദ്ധപ്പെടുത്തിയതുമാണ് ഈ ലേഖനം].

VISIT ! VISIT ! VISIT !

# JOSEPH HILARY & CO.,

## CHINNAKADA, QUILON-1.

Phone: 2783.

*for:-*

I) all your requirements in general goods, school and office stationery, painting and drawing materials, engineering and polytechnic Students' requirements.
II) catholic religious articles.
III) sports cups and medals.
IV) crockery, glassware and tinned foods.
V) presentation articles / novelties for all occassions,
VI) soft drinks / beverages.
VII) amul fresh butter and cheese in packets.
VIII) cold storage items of KEKE bacon factory which includes beef, minced meat, chicken, fresh pork bacon, sausages, ham and lard.

Make it a pleasure always to do shopping with Joseph Hilary & Co., who stands for quality, whose rates are competetive and service quick and courteous.

---

*With Best Compliments from:*

★

THOMAS ABRAHAM
&
SONS

**CHEMISTS & DRUGGISTS**

TRIVANDRUM

PHONE: 8373 RESI: 8474

*With best Compliments from:*

**The Travancore Automobiles Private Ltd.,**

Statue Road,
TRIVANDRUM-1.

PHONE: 2254

*Authorised Dealers for:-*

**LAMBRETTA PRODUCTS**

Genuine for Spares Scooters, Morris Minor cars, Chrysler Group cars and Trucks Batteries Tyres and Tubes for all Popular Makes.

# യുഗപ്രഭാവനായ തിരുമേനി

(ഇ. കെ. അലക്സാണ്ടർ, എരുത്തിക്കൽ)

കാലംചെയ്ത ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാതിരുമേനിയെപ്പററി ഓർക്കുമ്പോൾ' എൻെറ ഓർമ്മയിൽ ഓടിയെത്തുന്നത് ആ ദിവ്യപുരുഷൻെറ ആകാര സൗഷ്ഠവവും ഗംഭീരശബ്ദവുമാണ്. വിശാലമായ ഫാലദേശം, എടുത്ത നാസിക, തീക്ഷ്ണമായ നോട്ടം, വെള്ളിക്കമ്പികൾപോലുള്ള ശ്മശ്രുക്കൾ എന്നിവയാൽ ശോഭിതമായിരുന്ന ആ മുഖത്ത് ഒരു ദിവ്യത്വം സദാ ഓളംവെട്ടിക്കൊണ്ടിരുന്നു. ഇടിനാദംപോലുള്ള ശബ്ദം സന്ദർശകരിൽ എന്തെന്നില്ലാത്ത ഒരു അനുഭൂതിയാണ് ഉളവാക്കിയിരുന്നത്. ഒരു ദിവ്യാവതാരം അല്ലെങ്കിൽതന്നെ, ഈശ്വര ചൈതന്യത്തിൻെറ ഒരു മൂർത്തീഭാവമായിരുന്നു തിരുമേനി. ഈശ്വരനിൽ അടിയുറച്ച വിശ്വാസത്തോടുകൂടി ഒരു അർപ്പിത ജീവിതമാണ് ആ പുണ്യപുരുഷൻ നയിച്ചിരുന്നത്.

അതിനൊരു ഉദാഹരണം പറയാം. സമുദായക്കേസ് തിരുമേനിക്കെതിരായി കേരളഹൈക്കോടതിയിൽ വിധിക്കപ്പെട്ടു. ആ വിധി പ്രഖ്യാപിച്ചതിൻെറ തലേന്നാൾ രാത്രി തിരുമേനി ബോംബയിൽനിന്നു കൽക്കട്ടയിലേക്കു ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. ഉറക്കത്തിൽനിന്നുണർന്ന കൂടെയുണ്ടായിരുന്ന സഖറിയാ ശെമ്മാശ്ശനോട് അദ്ദേഹം പറഞ്ഞു. ''ഉറക്കത്തിൽ ഒരു ദിവ്യപുരുഷൻ എൻെറ അടുത്തുവന്ന് കേസ് നമുക്കെതിരായി ഹൈക്കോടതി വിധിച്ചു. പക്ഷെ ഇതൊരു പരാജയമല്ല. ഒരു പോയിൻറിൽ അവസാനം നാം വിജയിക്കും. ദൈവം നമ്മെ കൈവിടുകയില്ല.'' എന്ന്.

ദൈവത്തിൽ തനിക്കുണ്ടായിരുന്ന അടിയുറച്ച വിശ്വാസത്തിൻെറ നിദർശനമായിരുന്നു അത്. അദ്ദേഹത്തിൻെറ ആ സുദൃഢ വിശ്വാസം സഫലീകൃതമായി എന്ന് അനന്തര സംഭവങ്ങൾ തെളിയിക്കുന്നുണ്ടല്ലോ. അവസാനം 1958-ൽ കേസു സുപ്രീം കോടതിയിൽ വിധി പറയുകയും Res-judicata ദോഷംമൂലം എതിർകക്ഷികളുടെ വാദമുഖങ്ങൾ തള്ളപ്പെടുകയും തിരുമേനി വിജയം വരിക്കുകയും ചെയ്തപ്പോൾ 1951-ൽ ആ ദിവ്യ പുരുഷൻ പറഞ്ഞതായ ആ ഒരു പോയിൻറ് Res-judicata ആയിരുന്നല്ലോ എന്ന് തിരുമേനി കല്പിക്കുകയുണ്ടായി. അതിഗംഭീരനെങ്കിലും ചിലപ്പോൾ, കോപാവേശനായി അദ്ദേഹം പൊട്ടിത്തെറിക്കുമായിരുന്നു. എങ്കിലും കോപമടങ്ങുമ്പോൾ ഒരു കുഞ്ഞാടിനെപ്പോലെ വർത്തിക്കുകയും ചെയ്യുക തിരുമേനിയുടെ പ്രകൃതമായിരുന്നു.

ഒരു സംഭവം ഉദ്ധരിക്കട്ടെ. രണ്ടു ദശവർഷക്കാലം മുൻപ് പുത്തനങ്ങാടി കുരിശുപള്ളി മൈതാനത്തിൽ, പീസ്ലീഗിൻെറ ആഭിമുഖ്യത്തിൽ ഉപവാസയജ്ഞം നടക്കുന്ന അവസരം. സമാധാനം കൈവരുത്തുന്നതിനുവേണ്ടി, നേതാക്കന്മാരുടെ ആശീർവാദത്തോടുകൂടി, പീസ്'ലീഗ് എക്സിക്യൂട്ടീവ് കമ്മററി ചില വ്യവസ്ഥകൾ രൂപ


**FOR FAVOURS RECEIVED**



Koshy Mathai & Family,
Nandini Mines

Mariamma George, Nandini Mines.

*Best Compliments from:*

# BABY STORES
## Ulloor
## TRIVANDRUM

---

കേരളക്കരയിലെ ഏററവും പുരാതനമായ ചിട്ടി സ്ഥാപനം

# THE TRAVANCORE P. E. V. BANKERS CHITTY FUND

**ARATTUPZHA-CHENGANNUR, KERALA.**

(Established 1932) Phone No. 354.

**ഈ സ്ഥാപനത്തിൽനിന്നും നാല്പതിൽപരം കൊല്ലങ്ങളായി പ്രശസ്തമാംവണ്ണം ചിട്ടികൾ നടത്തി വരുന്നതാകുന്നു.**

## പ്രതിമാസ ലേലച്ചിട്ടി

250 രൂ. വീതം 40 തവണ മുതൽ രൂ. 10,000. 50 രൂ. വീതം 40 തവണ മുതൽ രൂ. 2000.
125 രൂ. വീതം 40 തവണ മുതൽ രൂ. 5000. 25 രൂ. വീതം 40 തവണ മുതൽ രൂ. 1000.

25 രൂപായുടെ ഏതു ഗുണനസംഖ്യയ്ക്കും ചേരാവുന്നതാണ്.

പ്രതിമാസം പണമടയ്ക്കുന്നതിനു സൗകര്യമില്ലാത്തവർ യാതൊരു പലിശ കൂടാതെയും വീതപ്പലിശയ്ക്ക നഷ്ടം വരാതെയും മൂന്നു മാസത്തിലൊരിക്കൽ പണമടച്ചാൽ മതിയാകും. കച്ചവടക്കാർക്കും, ബിസിനസുകാർക്കും പ്രതിമാസം അടയ്ക്കുവാനുള്ള സംഖ്യ പ്രതിദിനമുള്ള ചെറിയ തുകകളായി അടയ്ക്കാവുന്നതാണ്.

### പ്രതിമാസ മൂല്യനിക്ഷേപം

| തുക | മാസതവണ | മൊത്തം വരുന്ന സംഖ്യ | ഒടുവിൽ കിട്ടുന്ന സംഖ്യ |
|---|---|---|---|
| 5 രൂ. | 36 മാസം | 180 രൂ. | 200 രൂ. |
| 10 ,, | ,, | 360 ,, | 400 ,, |
| 25 ,, | ,, | 900 ,, | 1000 ,, |
| 125 ,, | ,, | 4500 ,, | 5000 ,, |
| 250 ,, | ,, | 9000 ,, | 10000 ,, |

5 രൂപായുടെ ഏതു ഗുണനസംഖ്യയും അടയ്ക്കാവുന്നതാണ്

പ്രതിമാസ ചിട്ടിയ്ക്കും പ്രതിമാസ മൂല്യനിക്ഷേപത്തിനും അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും പ്രത്യേക സൗജന്യങ്ങൾ, ആകർഷനീയമായ പലിശനിരക്കിൽ ഡിപ്പോസിററുകൾ സ്വീകരിക്കപ്പെടും.

3 മാസം അവധി ആണെങ്കിൽ പലിശ 6 ശതമാനം 6 മാസം അവധി ആണെങ്കിൽ പലിശ 7 ശതമാനം
12 മാസം അവധി ആണെങ്കിൽ പലിശ 8 ശതമാനം 24 മാസം അവധി ആണെങ്കിൽ പലിശ 9 ശതമാനം

സ്വർണ്ണം പണയത്തിന്മേൽ മിതമായ പലിശയ്ക്ക പണം കടം കൊടുക്കുന്നതാണ്.

N. B: പ്രതിമാസ ശമ്പളത്തിന്മേലും കമ്മീഷൻ വ്യവസ്ഥയിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

Managing Proprietor: വക്കീൽ പി. ഈ. വർക്കി. പിലാവിലക്കണ്ടത്തിൽ വീട്,

ആറാട്ടുപുഴ, ചെങ്ങന്നൂർ P. O., കേരളാ.

വൽക്കരിച്ചു. അതു് തിരുമേനിയെക്കൊണ്ടു ഒപ്പിടുവിക്കുന്നതിനു് നിയോഗിച്ച കമ്മററിയിൽ ഞാനും അംഗമായിരുന്നു. കമ്മററിക്കാർ ഒരു അപരാഹ്നത്തിൽ തിരുമേനിയെ കാണുന്നതിനുവേണ്ടി പഴയ സെമിനാരിയിലേക്കു തിരിച്ചു. ഞങ്ങൾ സെമിനാരികവാടത്തിൽ ചെന്നപ്പോൾ, കർബ്ബാനകഴിഞ്ഞു് തിരുമേനി അനുചരന്മാരൊടൊത്തു് സ്വന്തം മുറിയിലേക്കു നീങ്ങുകയായിരുന്നു. ഞങ്ങളെക്കണ്ടപ്പോൾതന്നെ, വിവരങ്ങൾ പത്രദ്വാരാ അറിഞ്ഞിരുന്ന തിരുമേനിയുടെ മുഖം അരുണാഭമായി. സാവധാനത്തിൽ ഞങ്ങൾ ആ യോഗിവര്യനെ പിൻതുടർന്നു. മുറിയിൽ ചെന്നുകയറിയ ഉടൻ അദ്ദേഹം ഞങ്ങളിൽ ഒരാളുടെ നേരെ തിരിഞ്ഞു അതിനിശിതമായി കയർത്തു സംസാരിച്ചു. അനന്തരം തിരിഞ്ഞുനോക്കിയപ്പോൾ അദ്ദേഹം കണ്ടതു് എന്നെയാണു്. 'ങാ, നീയും ഇവരുടെ കൂടെയുണ്ടോ? മാറിനില്ക്കടാ അങ്ങോട്ടു്.' ഞാൻ പഞ്ചപുച്ഛമടക്കി വിനീതനായി നിലകൊണ്ടു. വീണ്ടും തിരുമേനി 'മാറിനില്ക്കടാ ആ ഭിത്തിയുടെ അടുത്തേക്കു്.' ഞാൻ മാറിനിന്നു. 'കൈകെട്ടിനില്ക്കടാ' തിരുമേനി വീണ്ടും ഗർജ്ജിച്ചു. ഒരു അനുസരണമുള്ള കുട്ടിയെപ്പോലെ ഞാൻ കൈകെട്ടി ചുമരോടു ചേർന്നുനിന്നു. അരനാഴികനേരം ഗുണദോഷമായിട്ടും ശാസനാരൂപേണയും തിരുമേനി ഞങ്ങളോടു് സംസാരിച്ചു. അപ്പോൾ തിരുമേനിയുടെ ഉഗ്രകോപം ശാന്തമായി മാറുന്നതു് കാണായി. തിരുമേനി കല്പിച്ചു. 'നിങ്ങൾക്കെന്താണു് വേണ്ടതു്. ഞാൻ ഒപ്പിട്ടുതരണമോ?' ഞങ്ങൾ കൊണ്ടുചെന്ന കടലാസ്സുകൾ തിരുമേനിയുടെ സന്നിധിയിലേക്കു് സമർപ്പിക്കപ്പെട്ടു. ഒട്ടും മടിക്കാതെ ആ ആർദ്രമാനസൻ അവയിൽ ഒപ്പുവച്ചു തിരികെതന്നു.

തിരുമേനി, സ്നേഹ വത്സലനും, കരുണാനിധിയുമായിരുന്നു. ഒരിക്കൽ പുത്തനങ്ങാടി കുരിശുപള്ളിയിലെ പുതുഞായറാഴ്ചപ്പെരുന്നാളിൽ ഞങ്ങൾ തിരുമേനിയെ ക്ഷണിച്ചുകൊണ്ടുപോയി. വി. കർബ്ബാനയ്ക്കു ശേഷം മേശ ഒരുക്കിയിരുന്നതു് പള്ളിക്കു പടിഞ്ഞാറുവശത്തുള്ള പാഠശാലയിലായിരുന്നു. മേശകഴിഞ്ഞു തിരുമേനി തിരികെ പള്ളിയിലേക്കു വരികയാണു്. ഇടയ്ക്കു രണ്ടു മൂന്നു നടകളുണ്ടു്. ആ നടകൾ ചവിട്ടിക്കടക്കവെ, അദ്ദേഹം പെട്ടന്നു വേച്ചുപോയി, തിരുമേനിയെ സാവധാനത്തിൽ നയിച്ചുകൊണ്ടിരുന്ന ഞാൻ ഉത്തരക്ഷണത്തിൽ ഭയാശങ്കയോടെ ആ വന്ദ്യപിതാവിനെ താങ്ങിപ്പിടിച്ചു. ഒരു അയ്മേനി തന്നെ സ്പർശിക്കുന്നതു് അദ്ദേഹത്തിനു് ഒട്ടും ഹിതകരമായിരിക്കില്ല എന്നറിയാമായിരുന്നതുകൊണ്ടാണു് എനിക്കു ഭയാശങ്കയുണ്ടായതു്. പക്ഷെ ആ സ്നേഹസമ്പന്നന്റെ പ്രതികരണമിതായിരുന്നു. 'എടാ നിന്നെ ഇപ്പോൾ അങ്ങോട്ടെങ്ങും കാണുന്നില്ലല്ലോ. നിങ്ങളൊക്കെയല്ലാതെ എനിക്കു മററാരാണുള്ളതു്.' ശ്രേഷ്ഠതയുടെ ഉത്തുംഗശ്രേണിയിൽ വിഹരിച്ചിരുന്ന തിരുമേനിയെവിടെ! കേവലം മണ്ണിരയായ എന്റെ നിലപാടെന്തു്? പക്ഷെ സ്നേഹവായ്പിന്റേയും കരുണാതിരേകത്തിന്റേയും കനക നാണയങ്ങൾ ആ യോഗിവര്യൻ വാരി വിതറിയിരുന്നു.

ആ തേജഃപുഞ്ജം പൊലിഞ്ഞുപോയി. മലങ്കരസഭയ്ക്കു തികച്ചും സഹിക്കാൻ പാടില്ലാത്ത ഒരു അഘാതമായിരുന്നു അതു്. പക്ഷെ വാർദ്ധക്യത്തിന്റെ പരമകോടിയിലെത്തിയിരുന്ന ആ പുണ്യാത്മാവിന്റെ വേർപാടിൽ പരാതിപറവാൻ നമുക്കാർക്കും അവകാശമില്ല. ആ വൈദിക ശ്രേഷ്ഠന്റെ കാലടികളെ അദ്ദേഹത്തിന്റെ അനുഗാമികൾ പിൻതുടരുമെങ്കിൽ മലങ്കരസഭ കൂടുതൽ ധന്യമാകും സംശയമില്ല.

FOR FAVOURS RECEIVED



A firm Believer, Bombay. Aleykutty, Rewa. O. Joseph.

ആശംസകളോടെ:



# പുന്തല ചിട്ടിഫണ്ട്

അടൂർ ടൂറിസ്റ്റ് ഹോം

P. B No. 4

ഫോൺ

| ഓഫീസ് | വീട് |
|---|---|
| 245 | 354 |

---

*With the Best Compliments from:*

Telegram: LATEX. Office: 2472.

Telephone: 3630.

Res. 4082.

**K. U. THOMAS & CO.,**

LICENSED DEALERS IN

RAW RUBBER, LATEX, CREPE SOLE,

BLACK PEPPER Etc.

Post Box No. 61.

**KOTTAYAM, KERALA STATE.**

---

വസ്ത്രങ്ങൾക്ക്

★

**രാജാസ്**

ഫോൺ: 313 **ചെങ്ങന്നൂർ.**

---

PHONE at:– 2893

**ST. THOMAS EMBROIDERY WORKS**

NEAR THE BASELIUS COLLEGE,

Erayilkadavu Road, Kottayam–1

**Proprietor:– P. T. Davasia**

പള്ളിക്കാർക്കും, പട്ടക്കാർക്കും ആവശ്യമായ ചിത്തോല, കാപ്പ, കാസക്ക് മുതലായവ ഏറ്റവും ഭംഗിയായും കൃത്യസമയത്തും ലഭിക്കുന്നതിന് ഒരു പുതിയ സ്ഥാപനം--കോട്ടയം ബസ്സേലിയോസ് കോളേജിന് തെക്കുപടിഞ്ഞാറായി കാലായിൽ കവലയിൽ ആരംഭിച്ചിരിക്കുന്നു. കസവു പണികൾ ഞങ്ങളുടെ പ്രത്യേകതയാണ്.

---

Specialists in Marble, Granite and Other Stones Monumental, Architectural and Ecclesiastical Sculptors.

**PLEASE CONTACT,**
**ANGELO ARTS**

Parampuzha, P. O., Kottayam–4

FOR YOUR REQUIREMENTS

(For tomb–stones, wall tablets, name plates, foundation stones etc. etc. in marble, granite and in various other stones

# കേരള 'കപ്പദോക്യ'യിലെ ആധുനിക ബസ്സേലിയോസ്

(സി. സഖറിയാ റമ്പാൻ, താബോർ ദയറാ, പത്തനാപുരം)

ദൈവ ഭക്തനും സന്യാസി ശ്രേഷ്ഠനും പണ്ഡിതാഗ്രേസരനും മഹാപുരോഹിതനുമായി ക്രിസ്താബ്ദം നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ ബസ്സേലിയോസ്, 'കപ്പദോക്യൻ പിതാക്കന്മാർ' എന്നറിയപ്പെടുന്നവരിൽ ഒരാളായിരുന്നു. ആധുനിക ദയറാ പ്രസ്ഥാനത്തിന്റെ ജനയിതാവെന്ന് അപരനാമം ആർജ്ജിച്ചിട്ടുള്ള ഇദ്ദേഹം സ്വന്തം ജീവിതംകൊണ്ടുതന്നെ ഉത്തമദയറാ മാർഗ്ഗം പിൻതലമുറകൾക്ക് കാട്ടിക്കൊടുത്തു. സുമാർ നൂറു വർഷങ്ങൾക്കപ്പുറം ജനിച്ച്, ബാല്യം മുതൽക്കേ ഭക്തി മാർഗ്ഗത്തിൽ ചരിച്ച്, വൈദിക പദവി സ്വീകരിച്ച്, സത്യദയറാ ജീവിതത്തിൽ മുന്നേറി, പണ്ഡിതനും ഭരണനിപുണനുമായി അര ശതാബ്ദക്കാലം മഹാപുരോഹിതനും മൂന്നു ദശവർഷങ്ങളിലധികം പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയുടെ പരമാദ്ധ്യക്ഷനുമായി വിരാജിച്ചശേഷം ഒൻപതു കൊല്ലങ്ങൾക്കു മുമ്പ് കബറടങ്ങിയ ഭാഗ്യസ്മരണാർഹനായ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവാ എന്തുകൊണ്ടും നാലാം നൂറ്റാണ്ടിലെ മാർ ബസ്സേലിയോസിനോട് തുലനം ചെയ്യപ്പെടാവുന്ന ഒരു മഹൽ വ്യക്തിതന്നെയായിരുന്നു. നമ്മുടെ സഭയിലെ മേൽപ്പട്ടക്കാർ മഹാ പൗരോഹിത്യസ്ഥാനം പ്രാപിക്കുന്നതിനു മുമ്പു ദയറായസ്ഥാനം (റമ്പാൻ) സ്വീകരിക്കണമെന്നുള്ളത് ഒരു പാരമ്പര്യമായി തീർന്നിട്ടുണ്ട്. മേൽപ്പട്ടസ്ഥാനം ഏററശേഷവും അവർ ദയറായക്കാരായി തുടരുകയാണല്ലോ. കപ്പദോക്യയിലെ മാർ ബസ്സേലിയോസിനെപ്പോലെ വ്രതനിഷ്ഠയായ ദയറായ ജീവിതം നയിച്ച ഒരാളായിരുന്നു നമ്മുടെ ബാവാതിരുമേനി.

നമ്മുടെ സഭയിൽ ദയറായപ്രസ്ഥാനം വേണ്ടത്ര അഭിവൃദ്ധിപ്പെട്ടിട്ടില്ല. 'യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും' എന്ന പ്രവാചക വാക്യപ്രകാരം ആത്മിക ഉന്മേഷം പ്രാപിക്കുന്നതിനുള്ള നിഷ്ഠാധിഷ്ഠിതമായ ജീവിതമാണ് ദയറായ്സാ. 'ഉയരത്തിൽ നിന്നും ശക്തിപ്രാപിക്കുവോളം ഊർശ്ലേമിൽതന്നെ പാർപ്പിൻ' എന്ന കർത്തൃകല്പനയും ഇതിന്റെ അടിസ്ഥാന തത്വംതന്നെ. പരസ്യവേല ആരംഭിക്കുന്നതിനു മുമ്പ് പരിശുദ്ധാത്മദാനം പ്രാപിക്കണം. ദയറായ ജീവിതകാലത്തു പ്രാപിക്കുന്ന ശക്തി സഭാഭരണകാര്യങ്ങളിൽ മേൽപ്പട്ടക്കാർക്ക് സഹായകമായിത്തീരും.

## ധാരണ തെററ്

അവിവാഹിതരായി ജീവിക്കുന്ന വൈദികരെല്ലാം, അവരെവിടെ താമസിച്ചാലും, ദയറായക്കാരാണെന്നൊരു ധാരണ സാധാരണ ആളുകളുടെ ഇടയിൽ പരന്നിട്ടുണ്ട്, അതു ശരിയല്ല. അങ്ങിനെയെങ്കിൽ അവിവാഹിതരായ ആത്മായക്കാരും ദയറായക്കാരെന്ന് കരുതപ്പെടുകയും അറിയപ്പെടുകയും വേണ്ടതാണ്. അവിവാഹിതരായിരിക്കുക എന്നതു് ദയറായ (സന്യാസ) ജീവിതത്തിന്റെ

FOR FAVOURS RECEIVED Excuse delay



Annamma Koshy, New Delhi. രോഗശമനം, കെ. വി. മാത്യു.

**PERSONALIZED SERVICE**..............

is the secret of our **GROWTH**

We do not differntiate our customers in our **SERVICE.**

All are alike under the roofsof

# THE SOUTH INDIAN BANK LIMITED.

(Regd. Office: **TRICHUR**)

A trial will convince you.

× × × ×

All types of banking business transacted.

Branches spread over the States of

**KERALA, TAMILNAD, MYSORE, & PONDICHERY.**

Our Branches in Kottayam Dist.

| | |
|---|---|
| Ayarkunnam | Kozhuvanal |
| Bharananganam | Kumarakom |
| Changanachery | Palai |
| Kanjirapally | Pathanad |
| Kottayam | Vaikom |

Our new branch at **ATHIRAMPUZHA** will be opened very shortly.

JACOB KALLIATH B. A., B. L.
CHAIRMAN.

ഒരു സാമാന്യ വ്രതം മാത്രമാണ്. അനുസരണം, ദാരിദ്ര്യം, ചാരിത്ര്യം (അവിവാഹിത ജീവിതം) വിനയം, ക്രിസ്തീയ സ്നേഹം എന്നീ വ്രതങ്ങൾ പ്രതിജ്ഞാബദ്ധരായി സ്വീകരിക്കുന്നവരാണ് ദയറായക്കാർ. ദയറായ ജീവിതം സമൂഹ ജീവിതമാണ്. ആദിമസഭയിൽ ഈഹിദായക്കാർ (ഏകാന്തവാസികൾ) എന്നൊരുകൂട്ടം സന്യാസികൾ ഉണ്ടായിരുന്നു. ഇന്ന് അങ്ങനെയുള്ളവർ ഇല്ലെന്നുതന്നെ പറയാം. ഈഹിദായക്കാരായി വനാന്തരങ്ങളിൽ അവിടവിടെ വസിച്ചിരുന്ന സന്യാസികളെ കൂട്ടിച്ചേർത്താണ് കപ്പദോക്യയിലെ മാർ ബസ്സേലിയോസ് സമൂഹജീവിതമാകുന്ന ദയറായപ്രസ്ഥാനം കെട്ടിപ്പടുത്തതു്. ക്രിസ്തീയജീവിതം പ്രായോഗികമാക്കാൻ കഴിയുന്നതു് സമൂഹജീവിതത്തിൽ മാത്രമാണെന്ന് മാർ ബസ്സേലിയോസ് സമർത്ഥിച്ചു. പരസ്പരം പാദങ്ങൾ കഴുകുക, മററുള്ളവരുടെ ബലഹീനതകളെ വഹിക്കുക, അന്യരിൽനിന്ന് അകാരണമായി ഉണ്ടാകുന്ന അവഹേളനങ്ങൾപോലും ക്ഷമിക്കുക, സൗമ്യരായവരെ മാത്രമല്ല കർക്കശന്മാരെയും അനുസരിക്കുക എന്നിത്യാദി പ്രമാണങ്ങൾ പ്രാവർത്തികമാക്കുന്നതു് സമൂഹജീവിതത്തിൽ മാത്രമാണല്ലോ. ഒരു മേലാവിന്റെ കീഴിൽ അനുസരണത്തിൽ ജീവിക്കുകയെന്നതു് ദയറായ ജീവിതത്തിന്റെ പ്രത്യേകതയാണെന്നു് ഇതിൽനിന്നു മനസ്സിലാക്കാവുന്നതാണല്ലോ. മേൽ പറഞ്ഞ വ്രതങ്ങൾ സ്വീകരിക്കാതെ അവിവാഹിതരായി ജീവിക്കുന്നവർ അവിവാഹിതർ എന്നുമാത്രം വിളിക്കപ്പെടേണ്ടതാണ്, ദയറായക്കാർ എന്ന സംജ്ഞയ്ക്കവർ അർഹരല്ലല്ലോ.

## ഗ്രീക്ക് അറിഞ്ഞിരുന്ന

ദയറായ ജീവിതത്തിന്റെ മേന്മയെക്കുറിച്ച് അറിവും വിശ്വാസവും, ഭക്തിയുമുള്ള ഒരാളായിരുന്നു നമ്മുടെ കാലംചെയ്ത പ. ബാവാ തിരുമേനി. ഏകനായി ഇരിക്കുമ്പോഴും തിരുമേനി ഉരുവിട്ടുകൊണ്ടിരുന്ന ഒരു പ്രാർത്ഥനാശകലം ഉണ്ട്. 'യീഹീദോയോ ദയറോയോ; സ്ളൂസ്ളൂൻ ശ്ലോ തെഹവേലാൻ' (യീഹീദാ ദയറാക്കാരാ, പ്രാർത്ഥന കേട്ടുകൊള്ളേണമേ) പ്രശ്നങ്ങളുടെയും പ്രലോഭനങ്ങളുടെയും മദ്ധ്യത്തിൽ ഈ പ്രാർത്ഥന അദ്ദേഹത്തിനു സമാധാനവും ആശ്വാസവും നല്കിയിരുന്നു. പ്രാർത്ഥന, ധ്യാനം മുതലായ ആദ്ധ്യാത്മികാഭ്യാസങ്ങൾ വഴിയായി ദൈവസംസർഗ്ഗത്തിൽ കഴിയുകയെന്നതാണ് ദയറായ ജീവിതത്തിന്റെ ഉത്കൃഷ്ടമായ വശം. പ്രാർത്ഥനയിൽ ദൈവത്തോടു സംസാരിക്കയും ധ്യാനത്തിൽ ദൈവത്തിൽനിന്നു കേൾക്കുകയും ചെയ്യുന്നതാണ് ഈ സംസർഗ്ഗം. ദയറായക്കാരും, മേല്പട്ടക്കാരും, പട്ടക്കാരും ദൈവാലയ പരിസരങ്ങളിൽ താമസിക്കുകയും യാമപ്രാർത്ഥനകൾ പള്ളിയിൽതന്നെ നടത്തുകയും ചെയ്യുന്ന പതിവാണ് അപ്പോസ്തോലികകാലംമുതൽ നമുക്കുള്ളതു്. വി. പത്രോസും. വി, യോഹന്നാനും യാമപ്രാർത്ഥനയ്ക്കായി ദൈവാലയത്തിൽ പോകുമ്പോഴാണല്ലോ മുടന്തനെ സൗഖ്യപ്പെടുത്തുന്നതു്. ഇക്കാര്യത്തിൽ ,കാലംചെയ്ത പ. ബാവാ തിരുമേനി വളരെ നിഷ്ഠ പ്രകടിപ്പിച്ചിരുന്നു. ഉചിതമായ സ്ഥാനവസ്ത്രങ്ങളണിഞ്ഞു് അതതു യാമപ്രാർത്ഥനകൾ നടത്തുന്നതിൽ തിരുമേനിക്കു് നിർബന്ധമുണ്ടായിരുന്നു. അവശനിലയിലാകു

FOR FAVOURS RECEIVED



P. C. Eapen, Vennikulam

വർഗീസ് ആംഗമൂഴി.

C. M. Oonney പാറമ്പുഴ.

Telegram: AMBASSADOR Telephone: 3293
3294

# HOTEL AMBASSADOR

## KOTTAYAM

★

**THE ONLY TOURIST HOTEL IN THE TOWN**

(Approved by Government of India)

*Air Conditioned Rooms Available*

*Dishes:-*

**WESTERN, INDIAN, CHINES.**

---

*With Best Compliments from:*

# VELLAPALLY BROTHERS

## KOTTAYAM

Phone: 2404

ന്നുവരെയും തിരുമേനി നമസ്കാരങ്ങൾക്ക് പള്ളിയകത്തു പൊയ്ക്കൊണ്ടിരുന്നതു് തിരുമേനിയോടുകൂടെ പാർത്തവർക്കും സന്ദർശകർക്കും ഒരുപോലെ മാതൃകാപരമായിരുന്നു. കാനോനിക നമസ്കാരങ്ങൾ സമ്പൂർണ്ണമായി നടത്തുന്നതിലും തിരുമേനി ജാഗ്രത പ്രദർശിപ്പിച്ചിരുന്നു. ദയറായക്കാർ ദൈവത്തിൽ വസിക്കുന്നവരാണ്. ''രക്തത്തിൽ തങ്ങളുടെ അങ്കികളെ വെളുപ്പിച്ചവരായി കുഞ്ഞാടിനോടുകൂടെ സദാ സഞ്ചരിക്കുന്ന'' സഹദേന്മാരുടെ കൂട്ടത്തിലാണ് അവരുടേയും ഓഹരി. ക്രിസ്തുവിനെ സാക്ഷിച്ചതുമൂലം മരണം പ്രാപിച്ചവരാണ് സഹദേന്മാർ. ''നിന്നെപ്രതി നാംതോറും ഞങ്ങൾ കൊല്ലപ്പെടുന്നു. അറുക്കുവാനുള്ള ആടുകളെപ്പോലെ ഞങ്ങൾ കൊണ്ടുപോകപ്പെടുന്നു'' എന്ന പ്രമാണപ്രകാരം സ്വയത്തെ ബലികഴിച്ചുകൊണ്ട് ജീവിക്കുന്നവരാണ് ദയറായക്കാർ. അവർ ലോകത്തിനു മരിച്ച് ക്രിസ്തുവിനു് ജീവിക്കുന്നവരാണ്. ''Christ died on the Cross for us; We have to live on the Cross for Him.'' ഒരു രാജകൊട്ടാരത്തിൽ പല തരക്കാരായുള്ള സേവകരുണ്ട്. അതിൽ രാജാവിന്റെ പള്ളിയറയിൽ വാതിൽ കാവൽക്കാരായി ജാഗരൂകരായിരിക്കുന്നവർക്ക് പ്രത്യേക സ്ഥാനമാണുള്ളത്. ഇതുപോലെ ദൈവഭവനത്തിലെ അന്തേവാസികളാണ് ദയറായക്കാർ. ''രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നില്ക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമായുള്ളവരെ കർത്താവിനെ സ്തുതിപ്പിൻ.'' എന്ന് സങ്കീർത്തനക്കാരൻ പറയുന്നതു് ഇവരെ കുറിച്ചാണ്.

## സ്ഥാനവസ്ത്രങ്ങൾ

സ്ഥാനയോഗ്യമായ വസ്ത്രങ്ങളോടുകൂടിത്തന്നെ യാമപ്രാർത്ഥനകളിലും കൂദാശാനുഷ്ഠാനങ്ങളിലും സംബന്ധിക്കണമെന്നു കാലംചെയ്ത തിരുമേനി നിഷ്കർഷിച്ചിരുന്നു. അണുവിട വ്യത്യാസംകൂടാതെ തിരുമേനി അതു പാലിച്ചുകൊണ്ടും ഇരുന്നു. ഇതിനു മതിയായ കാരണമുണ്ട്. വൈദികർ, ദയറായക്കാർ, മേല്പട്ടക്കാർ എന്നിവരെ സംബന്ധിച്ചിടത്തോളം യാമപ്രാർത്ഥനകൾ അവരുടെ ഓഫീസ് ആണ്. യാമപ്രാർത്ഥനകൾക്ക് സഹായിക്കാനും സഹകരിയ്ക്കാനും മറ്റുമാണ് പട്ടക്കാർ, ശെമ്മാശ്ശന്മാർ തുടങ്ങിയവർ തിരുമേനിമാരോടുകൂടെ നിവസിക്കുന്നതു്. അവർ ഒരു സമൂഹമായിട്ടാണ് ജീവിക്കേണ്ടതു്. കേവലം പ്രാർത്ഥിക്കേണ്ടിയാണെന്ന് ചിലർ പറയാറുണ്ട്. ഓഫീസിൽ ജോലിക്ക് ഹാജരാകേണ്ടതു് അതിനു യോഗ്യമായ വസ്ത്രം ധരിച്ചുകൊണ്ടായിരിക്കണം. ഓഫീസിൽ ഹാജരാകാതിരിക്കുക, കൃത്യസമയം കഴിഞ്ഞ് ഹാജരാകുക, ഓഫീസ് സമയങ്ങളിൽ ഇതര കാര്യങ്ങളിൽ വ്യാപൃതരായിരിക്കുക, അവധിയ്ക്കപേക്ഷിക്കാതെ മുടങ്ങുക മുതലായവ ഏറ്റവും കുറ്റകരമായിട്ടാണ് ഗണിക്കപ്പെടുന്നതു്. യാമപ്രാർത്ഥനകളിൽ മടക്കം വരുത്തുക അലസത കാണിക്കുക മുതലായവയും ഗൗരവമേറിയ കാര്യങ്ങളാണ്. എന്നാൽ പലരും ഇതിന്റെ അർത്ഥവും ഗൗരവവും വേണ്ടതുപോലെ ഗ്രഹിക്കാതെ ഇക്കാര്യങ്ങളിൽ വൈകല്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. ഈ രീതിയെ തിരുമേനി അതിനിശിതമായി ശാസിക്കുകയും ശ്രേഷ്ഠമായ മാതൃക സ്വന്തം ജീവിതത്തിൽ കാണിക്കുകയും ചെയ്തിരുന്നു.

വൈദികർ, ദയറായക്കാർ, മേല്പട്ടക്കാർ തുടങ്ങിയവർക്ക് വിധിക്കപ്പെട്ടിരിക്കുന്ന പ്രത്യേക

FOR FAVOURS RECEIVED




Shyni Shaji Ponnu Baby — Nagaland.

Phone: 162

# SIMONS FOUNDRY & ENGINEERING WORKS

ANJAR, UKTCH (GUJARAT)

Manufacturser
&
Suppliers of
LATEST MODEL
Spacer & Lock type
Full circle
RETREADING & RESOLING
MACHINES,
Vulcanizing Machines,
Boilers,
Air Compressors,
Buffing Machine (3 H. P.)
and other
Tools & Accessories
for
Tyre Retreading Industry



*Importani features of* ***our Machine*:**

1. Lock rings are used to fix the Matrix in the mchaine instead of nut-bolt system. So easy aud time-saving replacement of matrices of different sizes can be done.
2. Spacer rings are provided for undersize and oversize tyres along with each set of Matrices.
3. **Hydrolically opened;**

വേഷവിധാനങ്ങൾ ഉണ്ടെന്നുള്ളതു പരസ്യമായി ഏവർക്കും അറിവുള്ളതാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം വസ്ത്രധാരണാരീതികളാണുള്ളതു്. സ്ത്രീകൾ പുരുഷന്മാരെപ്പോലെയോ, പുരുഷന്മാർ സ്ത്രീകളെപ്പോലെയോ വസ്ത്രധാരണം ചെയ്തുകാണപ്പെടുന്നതു് അപലപനീയമല്ലെ. വൈദികർ അവരവരുടെ സ്ഥാനോചിതമായ വസ്ത്രങ്ങൾ ധരിക്കേണ്ടതാണ്. വൈദിക സ്ഥാനികൾ, അത്മായക്കാരെപ്പോലെ മുണ്ടുടുത്തും ഷർട്ടു ധരിച്ചും കാണപ്പെടുന്നതു് അവഹേളനാർഹമാണ്. സ്മര്യപുരുഷനെ സംബന്ധിച്ചിടത്തോളം അപ്രകാരമുള്ള വേഷമാററസമ്പ്രദായങ്ങൾ 'മരണകരമായ' പാപങ്ങൾപോലെ നിഷിദ്ധമായിരുന്നു.

## വിശുദ്ധി

ദയറായക്കാരിൽ രൂഢമൂലമായി കാണപ്പെടേണ്ട മറെറാരു ഗുണം 'വിശുദ്ധി'(ചാരിത്ര്യം) എന്നതാണ്. 'ഹൃദയവിശുദ്ധിയുള്ളവർ ദൈവത്തെ കാണു'മെന്നുള്ള കർത്താവിന്റെ പ്രസ്താവനയും ''ദൈവത്തിന്റെ ഇഷ്ടമോ, നിങ്ങളുടെ ശുദ്ധീകരണമാകുന്നു'' എന്നുള്ള വി. പൗലൂസിന്റെ പ്രസ്താവനയുമാണ് ക്രിസ്ത്യാനിയുടെ ജീവിതവിശുദ്ധിക്കു് ആധാരം. കാലംചെയ്ത പ. കാതോലിക്കാബാവാതിരുമേനി ബാഹ്യവും ആന്തരീയവുമായ വിശുദ്ധിയ്ക്കു് ഒരു പര്യായം തന്നെയായിരുന്നു. 'Cleanliness is next to Godliness' എന്ന ആപ്തവാക്യം തിരുമേനിയിൽ അന്വർത്ഥമായിരുന്നു. ശാരീരികമായ ശുചിത്വം, ധരിക്കുന്ന വസ്ത്രങ്ങളുടെ നൈർമ്മല്യം, ക്രമീകരണം ഇവകളിൽ തിരുമേനിയ്ക്കു് വളരെ നിഷ്ഠയുണ്ടായിരുന്നു. ഹൃദയശുദ്ധി അദ്ദേഹത്തിന്റെ ഒരു പ്രത്യേകത ആയിരുന്നു. മാനസികവും ആത്മീയവുമായ ശുദ്ധീകരണം അദ്ദേഹം അന്യൂനം പാലിച്ചിരുന്നു. വി. കുമ്പസാരം എന്നതു് തിരുമേനിയെ സംബന്ധിച്ചിടത്തോളം ഒരു ആചാരമല്ല അനുഭവമായിരുന്നു. എന്തെങ്കിലും നിസ്സാരമായ ഒരു കളങ്കം പററിയതായി ബോദ്ധ്യപ്പെട്ടാൽ അപ്പഴപ്പോൾ വി. കുമ്പസാരം നടത്തുന്നതിലും അദ്ദേഹം ശുഷ്കാന്തി കാണിച്ചിരുന്നു. ഇതു് തിരുമേനിയുമായി അടുത്തു സമ്പർക്കം പുലർത്തിയിരുന്നവർക്കെല്ലാം പ്രചോദനം നല്കുന്ന മാതൃകയായിരുന്നു. പ്രത്യേകിച്ചു് ദയറായക്കാർ ക്രിസ്തുവിന്റെ ശ്രേഷ്ഠ മണവാട്ടികളാണ്. പുറംകുപ്പായമാകുന്ന മൂടുപടം ധരിക്കുന്നതുമൂലം ക്രിസ്തുവിന്റെതുമാത്രമായ മണവാട്ടിസ്ഥാനം അവർ പ്രാപിച്ചിരിക്കുകയാണ്. മണവാട്ടി എപ്രകാരം അവളുടെ മണവാളനെ മാത്രം പ്രീതിപ്പെടുത്താൻ ശ്രദ്ധാലുവായിരിക്കുന്നുവോ അതുപോലെ ക്രിസ്തുവിനു് ഉചിതമായ ജീവിതത്താൽ ദയറായക്കാർ അവരുടെ മണവാളനായ ക്രിസ്തുവിനെ പ്രീതിപ്പെടുത്തുന്ന ജീവിതം നയിക്കേണ്ടതാണ്. ഇതു് അനുസ്മരിക്കുവാനായിട്ടാണ് ദയറായക്കാർ പരസ്യമായി സഞ്ചരിക്കുമ്പോൾ (മേല്പട്ടക്കാർ ഉൾപ്പെടെ) പുറംകുപ്പായം അണിഞ്ഞിരിക്കണമെന്നു നിഷ്കർഷിക്കുന്നതു്. നമ്മുടെ സ്മര്യപുരുഷനായ പിതാവു് ഇക്കാര്യത്തിൽ വളരെ അധികം നിഷ്ഠ പാലിച്ചിരുന്നു.

അനുസരണം, വിനയം, സ്നേഹം, ഇവയെല്ലാം പര്യായങ്ങളെന്നപോലെ പരസ്പരം ബന്ധപ്പെട്ടവയാണ്. വിനയം, സ്നേഹം ഇവയിൽ

FOR FAVOURS RECEIVED



Dr. A. G. David | Dr. Saramma David | Mrs. Helen Mathai, I.F.S. | Mr. & Mrs. Eipe Cherian Katpadi. | George Thomas & Family.

*With the Best Compliments from:*

**CHAKKUNNY & CO.,**

10 / 300. S. M. STREET

CALICUT – 1. Phone. 4302

ഓർമ്മിക്കുക

**പുലിക്കോട്ടിൽ സ്റ്റോഴ്സ്.**

**മിഠായി തെരുവ്**

**കോഴിക്കോട്–1.**

വിവിധതരത്തിലുള്ള പെട്രോമെക്സുകളും,
സ്റ്റൗവ്വുകളും, ടോർച്ചുകളും.
ഇവയുടെ സ്പെയർ പാർട്ടുസുകളും, സിഗർ
ലൈററ് പാർട്ടുസുകളും, സ്റ്റേഷനറി
സാമാനങ്ങളും മുതലായവ മൊത്തമാ
യും ചില്ലറയായും വിററുവരുന്നു.

Phone No: 3617
Post Box No: 35

*With the Best Compliments of*

★

**VAZHIKATTI**

A MAGAZINE DEALING WITH TOPICS OF COMMON INTEREST.

P. O. BOX–25. TRIVANDRUM–1.

Published from Trivandrum.

Telephone: 62244

*With the Best Compliments from:*

V

MOOLEPAT STATIONERY

**CALICUT-1.**

കൂടിയാണ് യഥാർത്ഥമായ അനുസരണം പ്രത്യക്ഷമാകുന്നത്. ദൈവത്തിന്റേയും, സഭയുടേയും, മേലുള്ളവരുടേയും കല്പനകൾ അക്ഷരംപ്രതി അനുസരിക്കുന്നത് യഥാർത്ഥമായ വിനയത്തിന്റേയും ദൈവത്തോടും സഭയോടുമുള്ള സ്നേഹത്തിന്റേയും ലക്ഷണമാകുന്നു.

ദയറായക്കാരുടെ വ്രതങ്ങളിൽ പ്രധാനമായ ഒന്നാണ് സന്തോഷത്തോടുകൂടി ദാരിദ്ര്യം സ്വാഗതം ചെയ്യുക എന്നുള്ളത്. നമ്മുടെ തിരുമേനിമാർ വലിയ കാറുകളിൽ സഞ്ചരിക്കുന്നു, വിലയേറിയ കുപ്പായങ്ങൾ, കാപ്പകൾ മുതലായവ ധരിക്കുന്നു എന്നൊക്കെ ചില സമത്വവാദികൾ കുറ്റപ്പെടുത്താറുണ്ട്. ബാഹ്യമായി അവർ അങ്ങിനെ കാണപ്പെട്ടാലും, അവരുടെ സാക്ഷാൽ ജീവിതം ലളിതവും ദാരിദ്ര്യോചിതവും ആയിരിക്കും. അനുഭവത്തിൽ അങ്ങിനെയാണ് കാണപ്പെടുന്നതും. ഭക്ഷണകാര്യങ്ങളിൽ സുഖലോലുപരായി ആരുംതന്നെ കഴിയുന്നില്ല. പ്രത്യുത നോമ്പും കമ്പിടീലും മറ്റുംകൊണ്ട് സ്വയം നിയന്ത്രിക്കുന്നവരും ത്യാഗനിർഭരമായി ജീവിക്കുന്നവരുമാണവർ. അവരുടെ പ്രായത്തിനോ അദ്ധ്വാനത്തിനോ യോജിച്ച രീതിയിലുള്ള സംരക്ഷണംപോലും ലഭിക്കാത്തവരായിട്ടാണ് മിക്കവരും കഴിഞ്ഞുകൂടുന്നതും. ഇല്ലായ്മകൊണ്ടോ ആരും നല്കാഞ്ഞിട്ടോ അല്ല; സ്വയം അവർ സ്വാഗതംചെയ്യുന്ന രീതിയാണത്. ''എല്ലാം ഉള്ളവർ എങ്കിലും ഒന്നും ഇല്ലാത്തവരെപ്പോലെ'' കഴിയുന്നതാണ് ദാരിദ്ര്യവ്രതത്തിന്റെ ശ്രേഷ്ഠത.

മാർ ബസ്സേലിയോസ് മാർ അപ്രേം എന്നീ പിതാക്കന്മാരെ സംബന്ധിക്കുന്ന ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ മാർ അപ്രേം മാർ ബസ്സേലിയോസ്സിനെ കാണാൻ പോയി. വി. കുർബ്ബാന അർപ്പിച്ചുകൊണ്ടുനിൽക്കുന്ന മാർ ബസ്സേലിയോസ് രാജോചിതവും സ്വർണ്ണവർണ്ണമുള്ളതുമായ അംശവസ്ത്രങ്ങൾ ധരിച്ചിരിക്കുന്നതുകണ്ടപ്പോൾ മാർ അപ്രേമിന് വെറുപ്പുതോന്നി, എന്നാൽ പ്രസംഗത്തിനായി പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നപ്പോൾ, ഒരു വെള്ളിപ്രാവ് മാർ ബസ്സേലിയോസ്സിന്റെ നാവിൽ വചനങ്ങൾ കൊടുക്കുന്നതുപോലെ മാർ അപ്രേം കണ്ടു. മാർ ബസ്സേലിയോസ്സിനെ നേരിട്ടു കണ്ടശേഷമേ തിരിച്ചുപോകാവൂ എന്ന് ഒരു അശരീരിശബ്ദം മാർ അപ്രേം കേൾക്കുകയും ചെയ്തു. വി. കുർബ്ബാന കഴിഞ്ഞ് മാർ അപ്രേം, പിതാവിനെ കണ്ട് ഉണ്ടായ കാര്യങ്ങളെല്ലാം അറിയിച്ചു. മാർ ബസ്സേലിയോസ്സാകട്ടെ താൻ ധരിച്ചിരുന്ന വിലയേറിയ വസ്ത്രങ്ങൾ മാറ്റിയിട്ട് തന്റെ ശരീരത്തിൽ ഇറുക്കമായി ധരിച്ചിരുന്ന പരുപരുത്തതും, ശരീരത്തെ ഉളയ്ക്കുന്നമാതിരി മുള്ളുകൾ നിറത്തിയിരുന്നതുമായ വസ്ത്രം മാർ അപ്രേമിനെ കാണിച്ചു. അപ്രേം അമ്പരന്നുപോയി; ബാഹ്യമായി കണ്ടതിന്റെ അടിസ്ഥാനത്തിൽ വിധിയ്ക്കാനിടയായതിൽ അദ്ദേഹം പശ്ചാത്തപിച്ചു. ആന്തരമായി ഒരുത്തമ ദയറായക്കാരനായിട്ടത്രെ കപ്പദോക്യയിലെ മാർ ബസ്സേലിയോസ് ജീവിച്ചത്. അതുപോലെതന്നെ ലളിതവും വ്രതനിഷ്ഠവുമായ ജീവിതം നയിച്ച കബറടങ്ങിയ നമ്മുടെ അഭിവന്ദ്യ പിതാവ് ആധുനിക യുഗത്തിലെ 'കപ്പദോക്യൻ' ബസ്സേലിയോസ്സ് എന്ന നാമത്തിന് സർവ്വപ്രകാരേണയും അർഹനത്രെ.

**FOR FAVOURS RECEIVED**



**A firm Believer, Kualalumpur.**

# ജയഭാരതം ആര്യവൈദ്യശാല (രജി:)

## H. O. പുനലൂർ

Grams: 'JAYABHARAT'

ഫോൺ: ഓഫീസ്: 10
ഫാക്ടറി: 61
റെസി: 184

### ബ്രാഞ്ചുകൾ

**തിരുവനന്തപുരം**
തൈക്കാട്ടാശുപത്രി ജംഗ്ഷൻ
ഫോൺ: 5136

**കൊല്ലം**
ചാമക്കടമുക്ക് ഫോൺ: 4176

**മദ്രാസ്**
16, എ. വില്ലേജ് റോഡ്
നുങ്കംപാക്കം (മാർക്കറ്റിനു സമീപം)

**ബാംഗ്ളൂർ**
22/7, ഹോസ്പിറ്റൽ റോഡ്
ശിവാജിനഗർ ഫോൺ: 27106

**ആലപ്പുഴ**
പിച്ചുഅയ്യർ ജംഗ്ഷൻ

**കോഴിക്കോട്**
എരഞ്ഞിപ്പാലം
കോഴിക്കോട്—6

**കോട്ടയം**
കെ. കെ. റോഡ്
(ശീമാട്ടിക്കു സമീപം)

## പ്രസിദ്ധങ്ങളായ ഞങ്ങളുടെ ഔഷധങ്ങൾ

### 1. വാജീകരണസുധ

നാഡിഞരമ്പുകളുടെ ക്ഷീണം മാറുന്നതിനും ബുദ്ധിയും
കാന്തിയുമുള്ള സന്താനങ്ങളെ പ്രദാനം ചെയ്യുന്നതിനും

### 2. പ്രസൂതികാസുധ

പ്രസവരക്ഷക്ക് അത്യുത്തമം.
നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കുന്നു,

### 3. കരിങ്കുരങ്ങുരസായനം

ഹേമന്ദങ്ങൾ മാറ്റാൻ ആബാലവൃദ്ധം
ജനങ്ങൾക്കും ഉത്തമമായതു്.

### 4. അമൃതപ്രാശരസായനം

ശരീരപുഷ്ടിക്കും
രക്തവർദ്ധനവിനും.

### 5. പോത്തിൻദ്രാവകം

എല്ലാവിധ കാസരോഗങ്ങളും
നിശ്ശേഷം നീക്കുന്നു.

### 6. ശോഭാഔഷധസോപ്പ്

കരപ്പൻവ്യാധിമാറ്റി
കുഞ്ഞുങ്ങളുടെ സൗന്ദര്യവും
ശോഭയും നിലനിർത്തുന്നതിന്

ചീഫ്ഫിസിഷ്യൻ ആൻഡ് മാനേജിംഗ് പാർട്ട്ണർ

## പി. ഒ. തോമസ് വൈദ്യൻ, വൈദ്യകലാനിധി

**ബ്രാഞ്ചുകളിൽനിന്നും; ഏജൻസികൾ, സ്റ്റോക്കിസ്റ്റുകൾ എന്നിവർക്ക്
ആകർഷകമായ വ്യവസ്ഥയിൽ ഔഷധം നൽകുന്നതാണ്.**

# ഒരനുസ്മരണ

(ഫാ. ഗീവർഗീസ് പണിക്കർ)

സുവിശേഷ ഭാഗ്യാഷ്ടകത്തിൽ പെട്ട 'ആത്മാവിൽ ദരിദ്രതയുള്ളവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു' എന്ന ഗിരിപ്രഭാഷണം, കാലം ചെയ്ത പ. കാതോലിക്കാബാവാതിരുമേനിയിൽ അന്വർത്ഥമാകുന്നു. ആത്മദരിദ്രനാകുക എന്നതു് വലിയ ഭാഗ്യമാണ്. അവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്നതു നമ്മുടെ കർത്താവു സ്വർഗ്ഗരാജ്യം. മറ്റൊന്നു ദീർഘായുസ്സാണ്. ദീർഘകാലത്തെ ഭൗതികജീവിതം മാത്രമല്ല ഈ വചനത്തിലെ എന്റെ വിവക്ഷ. പുനരുജ്ജീവിതംകൊണ്ടു മാഞ്ഞുപോകാത്ത ആയുസ്സുണ്ടായിരിക്കുക എന്നുകൂടിയാണ്. സുദീർഘമായ ആയുസ്സും ആചന്ദ്രതാരം നിലനിൽക്കുന്ന ആയുസ്സും തിരുമേനിക്കുണ്ട്; ആരും അതു നിഷേധിക്കയില്ല. എല്ലാംകൊണ്ടും ഭാഗ്യസ്മരണാർഹനായ തിരുമേനി സ്നിഗ്ദ്ധഗംഭീരനായിരുന്നു. ജീവിതനൈർമ്മല്യംകൊണ്ടും ഏവരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു ഭാജനവുമായിരുന്നു പ. തിരുമേനി. തിരുമേനിയെ എനിക്കു വിശേഷിപ്പിക്കാവുന്നതു ദീർഘദർശിപ്രമുഖനായ മോശയോടാണ്. പ്രശ്നങ്ങളും ദൈവസന്നിധിയിൽവച്ചു പരിഹാരം കണ്ടുകൊണ്ടാണു് തിരുമേനി ജീവിച്ചതു്. കാറ്റും കാറും കൊണ്ടു ഇളകിമറിയുന്ന ആഴിപോലെ, സഭാന്തരീക്ഷത്തിൽ അനുനിമിഷം ആഞ്ഞടിച്ച പ്രചണ്ഡവാതങ്ങളേയും പ്രശ്നങ്ങളേയും തിരുമേനി അഭിമുഖീകരിച്ചതു ദൈവതൃക്കരസമർപ്പിതമനസ്കനായിട്ടായിരുന്നു. പതറാത്ത ദൈവാശ്രയം തിരുമേനിയെ നിലനിർത്തി.

ഉന്നതമായ തറവാടിത്തവും കളങ്കമില്ലാത്ത ജീവിതവും തന്നെ സമീപിക്കുന്ന ആർക്കും കാണാമായിരുന്നു. മുഖം നോക്കാതെ ശാസിക്കുന്നവനമായിരുന്നു തിരുമേനി. ഭയബഹുമാനാദരവോടെയല്ലാതെ ആരും തിരുമേനിയെ സമീപിക്കുമായിരുന്നില്ല. സ്വജനങ്ങൾക്കു തിരുമേനി കണ്ണിലുണ്ണിയായിരുന്നു. ഇസ്രായേലിന്റെ മധുരഗായകൻ എന്ന ദാവീദിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന പ്രകാരമായിരുന്നു എന്നെപ്പോലുള്ളവർക്കു പ. തിരുമേനി. ആരോടും തിരുമേനി ശത്രുത്വം വച്ചു പുലർത്തിയില്ല. നിർദ്ദാക്ഷിണ്യമായിരുന്നു പലപ്പോഴും തിരുമേനിയുടെ ശാസനകൾ എങ്കിലും അനന്തരക്ഷണത്തിൽ ദയാർദ്രസംപുഷ്ടനമാകുമദ്ദേഹം.

എന്നെ സംബന്ധിക്കുന്ന ഒരു കാര്യം ഓർക്കുന്നു. ഞാൻ തീരെ പയ്യനാണ്. ആ കാലത്തു എന്റെ മാതൃഭവനത്തിലായിരുന്നു വളർന്നതു്. അന്നു തിരുമേനി [illegible] സെമിനാരിയിൽ മിക്കവാറുമുണ്ടായിരിക്കും. ഒരു ദിവസം വൈകുന്നേരം സെമിനാരിക്കടുത്തു ഉരിയരിക്കുന്നിൽ കളത്തിൽ ഞാൻ കളിക്കാൻ പോയി. തിരുമേനി സ്കൂളിന്റെ തെക്കേ വരാന്തയിൽ പരേതനായ ഐസക്കുസാറുമായി സംസാരിച്ചുകൊണ്ടു നിൽക്കയാണ്. ബാല്യകാലത്തിന്റെ വിശേഷതകൊണ്ടു ഞാൻ തിരു

**FOR FAVOURS RECEIVED**



Nency & Vency, Puthencavu. Mrs. P. Jacob, Poona.

*With Best Regards*



*from:*

BELGIUM GLASS HOUSE

KOTTAYAM

**Phone:** 3727 **Res:** 2898

---

*With Best Compliments from:*

**Victory Press And Sales Depot**

*Kottayam*

Phone No. 4120 Res: 2057

**Printers And Paper Merchants**

# തൂക്കുമരത്തിൽനിന്നുള്ള

## അപേക്ഷയും

# ആശ്വാസത്തിൻെറ മറുപടിയും

(ഫാ. ററി. ജി. സഖറിയ)

**കത്തു്:—**

പരിശുദ്ധ ബാവാ തിരുമനസ്സിലെ തൃക്കൈ മുത്തി ഉണർത്തിക്കുന്നതു്.

ഈ എഴുത്തു് എഴുതുന്നതു് അയ്മനത്തു് തെക്കേക്കരിയിൽ മരിച്ചുപോയ കൊച്ചിൻെറ മകൻ ജേക്കബ്ബ് എന്ന തിരുമനസ്സിലെ ആത്മീയ പുത്രനാണു്.

വികാരാവേശംകൊണ്ടും പെട്ടെന്നുണ്ടായ കോപം നിമിത്തവും അടിയൻ അവിവേകമായി ഒരു കൊലക്കേസിൽ ഉൾപ്പെടുന്നതിനും അതിനു ശിക്ഷയായി അടിയനെ തൂക്കിലിടുവാൻ ഈയിടെ കോട്ടയം സെഷ്യൻസ് കോർട്ടിൽനിന്നും വിധിയുണ്ടായ നിർഭാഗ്യവാനായ മഹാപാപിയാണു് അടിയൻ. ഈ വിധിയിന്മേൽ അടിയൻെറ ആളുകൾ എറണാകുളം ഹൈക്കോർട്ടിൽ അപ്പീൽ ബോധിപ്പിച്ചിരിക്കുകയാണു്. അടിയൻ അറിവോടും അറിവു കൂടാതെയും ദൈവത്തെയും ദൈവപ്രതിപുരുഷനായ തിരുമേനിയെയും മററും പല പ്രകാരത്തിൽ പീഡിപ്പിച്ചിട്ടുള്ളവനാണു്. അങ്ങനെ അടിയൻെറ പാപങ്ങളെപ്പററി ഓർക്കാനും മാപ്പു് ഇരക്കാനുമുള്ള സന്ദർഭമാണു് ഈ ശിക്ഷകൊണ്ടു് അടിയനു ലഭിച്ചിരിക്കുന്നതെന്നു് അടിയൻ പൂർണ്ണമായി വിശ്വസിക്കുന്നു.

---

മേനിയെ കരുതാതെ മുമ്പിൽകൂടെ ഓടിപ്പോയി. അതു കണ്ട തിരുമേനി കൈകൊട്ടി വിളിച്ചു. ഞാൻ ഭയന്നില്ല അടുത്തു ചെന്നു; എൻെറ മാതുലനുമുണ്ടായിരുന്നു. ടിയാനിൽനിന്നും എന്നെക്കുറിച്ചു കേട്ടു കല്പിച്ചു എടാ നിനക്കു പഠിത്തം കഴിയുമ്പോൾ ഞാൻ പട്ടം തരാം. വ്യക്തമായി ഓർക്കുന്നില്ല, മലയാളം ആറിലോ ഏഴിലോ പഠിക്കുകയായിരുന്നു ഞാൻ. ആ കല്പനയാണു എന്നെ ആ സ്ഥാനത്തെത്തിച്ചതു്. എന്നെ തിരുമേനി മറന്നില്ല. ഈ സംഗതിയിൽ കാലം ചെയ്ത മാർ ദീവന്നാസ്യോസ് തിരുമേനിയും കൃതജ്ഞതയോടെ സ്മരിക്കപ്പെടേണ്ട ഒരു വന്ദ്യദേഹമാണു് എന്നെ സംബന്ധിച്ചിടത്തോളവും.

പരിശുദ്ധനായ പരുമലയതിവര്യൻെറ പരിശുദ്ധ പാദാരവിന്ദങ്ങളിൽ പരിലസത്പരിമളോപദേശാമൃതം പാനം ചെയ്തു് പാരിനു പരമോപദേശം നല്കിയ തിരുമേനി മൺമറഞ്ഞു എങ്കിലും സജീവനാണു്. അദ്ദേഹത്തെ ഒന്നു കാണുകയും പരിചയിക്കുകയും ചെയ്ത ആരും അദ്ദേഹത്തെ മറക്കുകയില്ല. ആരുടെയും ഹൃദയാന്തരാളങ്ങളിൽനിന്നും അദ്ദേഹം മാഞ്ഞുപോകയുമില്ല.

മേഘനിർഘോഷ സമാനമായിരുന്ന തിരുമേനിയുടെ ശബ്ദം. ഇന്നുവരെയും താദൃശമായ ഒരു നാദം ആരിൽനിന്നും ഞാൻ കേട്ടിട്ടില്ല. അതു സംഗീതമാധുരിയാർന്നതായിരുന്നില്ലെങ്കിലും ആകർഷകമായിരുന്നു. സ്ഥാനോചിത വേഷമണിഞ്ഞു നില്ക്കുന്ന തിരുമേനിയെ ഉന്നതത്തിലെ മാലാഖമാർ പോലും നോക്കുമായിരുന്നില്ലേ എന്നു ഞാൻ സന്ദേഹിക്കുകയാണു്. മിന്നൽപിണരിനൊത്ത മുഖവിലാസവും ശബ്ദഗാംഭീര്യവും തിരുമേനിയിൽ ഇണങ്ങി ഇഴുകിപ്പരിലസിച്ച രണ്ടു പ്രത്യേകതകളായിരുന്നു.

ആർഷഭാരതത്തിൻെറ അനുഗ്രഹീത സന്താനവും പ. സഭയുടെ അഭിമാനഭാജനവും ആയിരുന്ന തിരുമേനി. വി. മാർത്തോമ്മാശ്ലീഹായുടെ പിൻഗാമിയായ തിരുമേനിയുടെ കാലത്തോടെ മലങ്കര സഭ ദിഗന്തവിശ്രാന്തകീർത്തിയാർജ്ജിച്ചു കഴിഞ്ഞു.

പലർക്കും സാദ്ധ്യമാകാഞ്ഞതും തിരുമേനിയെ കാണുവാൻ ഭാഗ്യം സിദ്ധിച്ചതുമായ ഒന്നാണു മലങ്കരസഭാസമാധാനം. അടുത്തവരും അകന്നിരുന്നവരും യോജിച്ച ആ സുന്ദരമായ അന്തരീക്ഷത്തിൽ ഭാഗ്യമോടെ ദിവംഗതനായ പ. തിരുമേനി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ. കർത്താവേ, അപേക്ഷ കൈക്കൊള്ളണമെ.

ആശംസകളോടെ:-



# തെക്കേടത്ത് സ്റ്റോർസ്

## പത്തനാപുരം

ഫോൺ:- കട: 32

വീട്: 94

ബ്രാഞ്ച്:- കൂടൽ

## സി. സി. വി. ചിട്ടി ഫണ്ട്

ചെങ്ങന്നൂർ

40 മാസച്ചിട്ടി, പ്രാരംഭകർത്താവ് – വീണ്ടും ഉടൻ ആരംഭിക്കുന്നു.

—എത്ര വിദൂരതയിലുള്ളവർക്കും അനായാസേന കാര്യസാദ്ധ്യം—

-സേവനപരമായ പ്രവർത്തനം പ്രതീക്ഷിക്കാം—

5000, 3000, 2000, 1000, രൂ. വീതം-

വരിയോല ആവശ്യപ്പെടുക:–

Prop:– C. C. Varughese.

നന്ദിപൂർവ്വം



ആക്ഷേപരഹിതവും, സംതൃപ്തികരവുമായ നടത്തിപ്പിൽ ദൈവത്തെ സ്തുതിക്കുന്നു. —ആ പരിപാലനം തരണം ചെയ്ത് പ്രവർത്തിക്കാൻ— 23 വർഷം, മുൻപ് ... വിതറി തന്ന പരി: പിതാവിന്റെ ഇഷ്ടതാബ്ദി വേളയിൽ, അപാരമായ നന്ദി തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

കുട്ടികൾക്ക് സമ്മാനം നൽകാൻ

ജോയൻ കുമരകത്തിന്റെ

## ബാലസാഹിത്യ ഗ്രന്ഥങ്ങൾ

| | Rs. | Ps. |
|---|---|---|
| പുതുവൽസരയപ്പൂന്റെ പൂക്കൂട | 1 | 00 |
| പൊൻപുഴയും പൊന്നോണവും | 1 | 25 |
| വാനമ്പാടികളും കൊച്ചു മാലാഖമാരും | 1 | 00 |
| കുഞ്ഞിക്കാറ്റും കുഞ്ഞോമനയും | 1 | 25 |
| ഓണ നിലാവിൽ | 1 | 25 |
| സാൻറായോസും തേൻകുരുവികളും | 1 | 25 |
| കൊച്ചുസായിപ്പും കൊച്ചൗസേപ്പും | 1 | 25 |
| പ്രഭാത നക്ഷത്രം | 1 | 25 |
| ഓമനക്കുട്ടനും ഓണത്തുമ്പികളും | 1 | 50 |
| വയലിലെ ലില്ലി | 1 | 50 |
| കുഞ്ഞിച്ചായന്റെ കത്തുകളും കഥകളും | 1 | 00 |
| ചാച്ചായുടെ പൂന്തോട്ടം | | 80 |
| കുങ്കുമപ്പൂക്കാരാ (രണ്ടാം പതിപ്പ്) | 2 | 00 |

എൻ.ബി.എസ്, സി.എൽ. എസ്. ദീപിക, ഗുരുനാഥൻ, ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ് തുടങ്ങി എല്ലാ പ്രമുഖ ബുക്ക് സ്റ്റാളുകളിലും ലഭിക്കുന്നു.

അന്ധമായ അന്ത്യോക്യാഭക്തികൊണ്ട് അറിവില്ലാത്ത അടിയങ്ങൾ നേതാക്കന്മാരെന്നു വിശ്വസിച്ചിരുന്ന ആളുകളുടെ ദുരാലോചനയിൽ പെട്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും തിരുമനസ്സിനെയും പ്രയാസപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ അറിവില്ലാതെ പലതും പ്രവർത്തിച്ച കൂട്ടത്തിൽ തിരുമനസ്സുകൊണ്ട് കല്ലുങ്കത്ര പള്ളിയിൽ എഴുന്നെള്ളിയ അവസരത്തിൽ അടിയങ്ങൾ തിരുമനസ്സിലെ നേർക്കു കാണിച്ച ബഹുമാനക്കുറവിൽ അടിയൻ യഥാർത്ഥമായി ദുഃഖിക്കുകയും, തിരുമനസ്സിലെ തൃക്കൈ മുത്തി പാപിയായ അടിയനോടു ക്ഷമിക്കണമേ എന്ന് യാചിക്കുകയും അടിയന്റെ ബലഹീനതയെയും ആലംബം ഒന്നുമില്ലാത്ത അടിയന്റെ കുടുംബത്തേയും നിർദ്ദോഷികളായ അഞ്ചാറു കുഞ്ഞുങ്ങളെയും ഓർത്ത് അടിയന്റെ തെറ്റുകൾ ക്ഷമിക്കണമെന്നും ഇനിയും ഒരു സത്യക്രിസ്ത്യാനി ആകത്തീർന്ന് തെറ്റുകൾക്കു തക്ക പ്രായശ്ചിത്തം ചെയ്യുന്നതിന് ഒരവസരം ഉണ്ടാക്കിത്തരുന്നതിന് ദൈവത്തോട് അവിടുത്തെ പ്രാർത്ഥനയിൽ മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുന്നു. കുരിശിൽവച്ച് ഈശോതമ്പുരാൻ തന്റെ ശത്രുക്കൾക്കുവേണ്ടിപ്പോലും അവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ അവരോടു ക്ഷമിക്കണമേ എന്നു പ്രാർത്ഥിച്ചതുപോലെ പാപികളായ അടിയങ്ങളുടെ തെറ്റുകൾ ക്ഷമിക്കുന്നതിന് തിരുമനസ്സുകൊണ്ട് പ്രാർത്ഥിക്കണമെന്നും അവിടുത്തെ തൃപ്പാദത്തിൽ പിടിച്ചുകൊണ്ട് നടത്തുന്ന യാചന സ്നേഹനിധിയായ തിരുമനസ്സുകൊണ്ട് തള്ളിക്കളയുകയില്ലെന്നും വിശ്വസിക്കുന്നു.

പ്രായാധിക്യത്താൽ ക്ഷീണിതനായിരിക്കുന്ന തിരുമേനിയെ ഇനിയും കൂടുതലായി എഴുതി വിഷമിപ്പിക്കുന്നില്ല. അടിയന്റെ സമാധാനത്തിനുവേണ്ടി തെറ്റുകളെ ക്ഷമിച്ചിരിക്കുന്നു എന്നും അടിയനെ തിരുമനസ്സിലെ പ്രാർത്ഥനയിൽ ഓർക്കുമെന്ന് അറിയിച്ചുകൊണ്ടും രണ്ടു വാക്കു കല്പിച്ചു മറുപടി അയയ്ക്കണമെന്നു യാചിച്ചുകൊണ്ടും മഹാപാപിയായ അടിയൻ നിർത്തുന്നു.

എന്ന് അവിടുത്തെ ആത്മീയ പുത്രൻ ററി. ജെ. ജേക്കബ്ബ്

അടിയന്റെ മേൽവിലാസം:— ജോൺ ജേക്കബ്ബ്, ഏകാന്തം നമ്പർ 9148, സെൻട്രൽ ജയിൽ, തിരുവനന്തപുരം—12. 2–9–1963

## ബാവാ തിരുമനസ്സിലെ മറുപടി

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ അയ്മനത്തു തെക്കേക്കരിയിൽ ജോൺ ജേക്കബിനു വാഴ്വ്.

പ്രിയനെ, നിന്റെ എഴുത്തു കിട്ടി. നീ നമുക്കു വിരോധമായി എന്തെങ്കിലും ചെയ്തതായി നാം അറിഞ്ഞിരുന്നില്ല. എന്നാൽ ഏതാനം ദിവസങ്ങൾക്കു മുമ്പ് നിന്റെ അമ്മായിഅപ്പനും നിന്റെ ഭാര്യയും കുഞ്ഞുങ്ങളും കൂടി ഇവിടെ വന്ന് നിന്റെ വിവരങ്ങൾ പറഞ്ഞപ്പോഴാണ് നാം അറിഞ്ഞത്. അപ്പോൾതന്നെ നാം നിന്നോടു ക്ഷമിക്കുകയും ചെയ്തു. നിന്നോടു നമുക്കു യാതൊരു വിരോധവുമില്ല.

നമ്മുടെ കർത്താവ് പാപികളെ രക്ഷിക്കാനാണ് ലോകത്തിലേക്കു വന്നത്. അനുതപിക്കുന്ന പാപിയുടെ എല്ലാ തെറ്റുകളും താൻ ക്ഷമിക്കും. നീ സങ്കടത്തോടും കണ്ണുനീരോടും കൂടെ ദൈവമുമ്പാകെ

FOR FAVOURS RECEIVED



Kunjumole, Bahrain. Mr. & Mrs. Mani.




**DERMATOLOGISTS FIND**

**'AQUA SHEEBA'** bath lotion to be an "Efficient antiperspir-ant Deodarant with mild antiseptic properties". It has been found to be of special value as a bath lotion in preventing the Common Skin Ailments associated with pregnancy and tropical skin disorders like miliaria and pyod-ermia".



Telegram: GENSHIFORS

| | | | |
|---|---|---|---|
| Telephone: | W/Island | 6127, | 6456 |
| | Residence-Ekm. | 32258 | |
| | Manager—Cochin | 26123 | |

When you require efficient Service for

**WELL EQUIPPED BACKWATER**
*And* **ROAD TRANSPORTS**

Please refer to

**GENERAL SHIPPING**
**&**
**FORWARDING SERVICE**

Contractors & Commission Agents

**WILLINGDON ISLAND, COCHIN-3**



**ST. JOSEPH'S EMBROIDERY WORKS**
Changanacherry,
Prop. E. K. JOSEPH, ELAPUMKAL

We supply for the Alter cope, Veil, Dalma-tics chausible, Stola, Burse etc. etc.

All orders are executed promptly to the entire satisfaction of our customers. solicit your esteemed patronage.

×

മുത്തുക്കുടകൾ
Our Speciality





For Favours Received

★

**MANORAMA PICTURES**

T. B. Road

KOTTAYAM

നിന്നെത്തന്നെ സമർപ്പിക്കുകയും പാപങ്ങൾ ഏററുപറഞ്ഞു കുമ്പസാരിക്കുകയും നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുകയും ചെയ്യണം. വലത്തുഭാഗത്തെ കള്ളൻ അവന്റെ അന്ത്യനിമിഷത്തിൽ അനുതപിച്ചതു് നമ്മുടെ കർത്താവു് കൈക്കൊണ്ടപ്രകാരം നിന്റെ അനുതാപം ദൈവം കൈക്കൊള്ളട്ടെ. ദൈവാശ്രയത്തോടും പ്രത്യാശയോടും കൂടിയിരിക്കുക. നിനക്കും നിന്റെ കുടുംബത്തിനുംവേണ്ടി നാം പ്രത്യേകം പ്രാർത്ഥിക്കുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിന്റെമേലും നിന്റെ കുടുംബാംഗങ്ങളുടെ മേലും വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു് 1963 സെപ്റ്റംബർ 16–ാം തീയതി കോട്ടയം കാതോലിക്കേററു് അരമനയിൽനിന്നും.

(ഒപ്പു്)

1963 സെപ്റ്റംബർ ആദ്യം രോഗബാധിതനായ തിരുമേനി തീരെ അവശനിലയിൽ എത്തുന്നതുവരെയും ഔദ്യോഗികകൃത്യങ്ങൾ നിർവ്വഹിച്ചുകൊണ്ടുതന്നെയിരുന്നു എന്നുള്ളതിനു് ഒരു സാക്ഷ്യമാണു് 4–9–63–ൽ തിരുമേനിക്കു ലഭിച്ച കത്തിനു അധികം താമസിയാതെ 16–9–63–ൽതന്നെ മറുപടി അയച്ചതു്.

സെൻട്രൽ ജയിലിൽ കൊലക്കുററത്തിനു് തൂക്കാൻ വിധിക്കപ്പെട്ടു കിടക്കുന്ന ഒരുവന്റെ കത്തിനു മറുപടി അയയ്ക്കാമോ. അയച്ചാലത്തെ പ്രതികരണം എന്തായിരിക്കും എന്നൊക്കെ ടി കത്തു കിട്ടിയപ്പോൾ ഞാൻ ഉൾപ്പെടെ അന്നു് അരമനയിലുണ്ടായിരുന്ന പലരും ചിന്തിക്കുകയുണ്ടായി. മറുപടി അയയ്ക്കാതിരിക്കുകയായിരിക്കും നല്ലതെന്നു ചിലർ തിരുമനസ്സറിയിച്ചു. എന്നാൽ തിരുമേനി അവയെല്ലാം അവഗണിച്ചു് മി. റ്റി. വി. ജോർജ്ജിനെ (പിന്നീടു് നെടുമാവച്ചൻ) വിളിച്ചു മറുപടി പറഞ്ഞുകൊടുത്തു് എഴുതിച്ചു് ഒപ്പിട്ടു് അയയ്ക്കുകയായിരുന്നു ചെയ്തതു്.

ബാവാതിരുമേനി ഈ അപേക്ഷക്കാരനുവേണ്ടി ഹൃദയം നൊന്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു എന്നു് എനിക്കു നേരിട്ടറിവുള്ളതാണു്. 1964 ജനുവരി മൂന്നിനു തിരുമേനി കാലംചെയ്തു. വിവരം അറിഞ്ഞു് സെൻട്രൽ ജയിലിൽനിന്നും മി. ജേക്കബ്ബു് എന്റെ പേർക്കു് അയച്ച കത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു.

'പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു് പരലോകപ്രാപ്തനായതിൽ ഹൃദയംഗമായി ദുഃഖിക്കുകയും തിരുമനസ്സിലെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവിടത്തെ പ്രാർത്ഥനയാൽ എനിക്കു പാപമോചനം ഉണ്ടാവുകയും ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും എനിക്കു് ഉണ്ടാകുകയും ചെയ്യുമാറാകട്ടെ. പ. തിരുമേനിയുടെ മരണത്തിനു മുമ്പായി എനിക്കു് ആശീർവാദങ്ങളും അനുഗ്രഹങ്ങളും നൽകിക്കൊണ്ടു് അയച്ച കല്പന എനിക്കും എന്റെ കുടുംബത്തിനും എന്നേക്കും അനുഗ്രഹമായിത്തീരും. പരിശുദ്ധ ബാവാതിരുമേനി ചെയ്തതുപോലെ

## FOR FAVOURS RECEIVED



രോഗശാന്തിക്കു് ശോശാമ്മ തോമസ്, പാത്താമുട്ടം.



Mrs. Mary Varghese, Tanzania.



K. G Thomas, Mundackal Fairland.



Mr. & Mrs. Joy M.



A firm Believer, Mallassery.

# LOVE

LOVE is very patient and kind,
never jealous or envious,
never boastful or proud,
never haughty or selfish or rude.

Does not demand its own way,
is not irritable or touchy,
does not hold grudges
and will hardly even notice when others
do it wrong,
is never glad about injustice but rejoices
whenever truth wins out.

If you love someone you will be loyal
to him no matter what the cost,
you will always believe in him,
always expect the best from him
and always stand your ground in
defending him.

Bible-CORINTHIANS 13:4-7.

SPACE DONATED BY

P. C. ABRAHAM

STANDARD CASHEW INDUSTRIES

&

STANDARD DYE-CHEM INDUSTRIES

Head Office:

CHITTOOR ROAD, SEMETHERI MUKKU,

ERNAKULAM, COCHIN-18.

Phone: 33932

Telex: 046-280

Branch Office:

KADAPPAKADA

QUILON-8.

Phone: 2558

Phone: 4029

എനിക്കുവേണ്ടി പ്രാർത്ഥിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധ ബാവാ തിരുമനസ്സിലെ അടിയന്തിര ഓർമ്മദിവസത്തിലെ കുർബ്ബാനയിൽ എനിക്കുവേണ്ടിയും അപേക്ഷിക്കണമെ'.

## കല്ലുങ്കത്ര സംഭവം

സഭാസമാധാനത്തിനുശേഷം പ. ബാവാതിരുമേനി കല്ലുങ്കത്ര വലിയപള്ളിയിലേക്കു ക്ഷണിക്കപ്പെട്ടു. ഒരു കൂട്ടം ആളുകൾ തിരുമേനിയെ അവിടെ പ്രവേശിപ്പിക്കാതിരിക്കുന്നതിനു ശ്രമിച്ചു. മലങ്കരസഭയുടെ ആത്മീയവും ലൗകികവുമായ എല്ലാ അധികാരങ്ങളും നിക്ഷിപ്തമായിരിക്കുന്ന സഭാതലവൻ ഒരു പള്ളിയിൽ പ്രവേശിക്കുന്നതിനെ തടയുകയോ? നിയമസംരക്ഷണച്ചുമതലക്കാർ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു. തിരുമേനി കല്ലുങ്കത്ര പള്ളിയിലേക്കു് എഴുന്നെള്ളി. കറുത്ത കൊടികളാലും ആക്ഷേപ വാക്കുകളാലും അവിടെ ചിലർ പ്രകടനങ്ങൾ നടത്തി. പാവപ്പെട്ട ചിലർ ചില ഗൂഢസംഘത്തിന്റെ വലയിൽ പെട്ടുപോയി. അക്കൂട്ടത്തിൽ മി. ജേക്കബ്ബും ഉണ്ടായിരുന്നതായി കത്തിൽ കാണുന്നു.

ഏതാനും ആഴ്ചകൾപോലും കഴിഞ്ഞില്ല, ചില ദുരനുഭവങ്ങൾ പലർക്കും ഉണ്ടായിത്തുടങ്ങി. മി. ജേക്കബ് ഒരു കൊലക്കേസിൽ പ്രതിയായി. ........തൂക്കിലിടുവാൻ വിധിയായി......സെൻട്രൽ ജയിലിൽ അടയ്ക്കപ്പെട്ടു........

തെറ്റിനെപ്പറ്റി അയാൾക്കു ബോദ്ധ്യം വന്നു. വീട്ടുകാർ നേരിട്ടും അയാൾ കത്തുമൂലവും തിരുമേനിയോടു ക്ഷമ ചോദിച്ചു. പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. 'ഞാൻ കാരണമാണു് അവനു് ഇങ്ങനെ സംഭവിച്ചതു് എന്നു് അവന്റെ ക്ഷമായാചനകൊണ്ടു തോന്നിപ്പോകുമല്ലൊ. ഞാൻമൂലം അവൻ മരിക്കണമോ. അതു് ഒരിക്കലും പാടില്ല' എന്നു് പറഞ്ഞുകൊണ്ടു് അയാളുടെ വിടുതലിനുവേണ്ടി തിരുമേനി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കാലംചെയ്ത ശേഷവും പ്രാർത്ഥിക്കുന്നുണ്ടായിരുന്നു എന്നു വിശ്വസിക്കാം.

ഇൻഡ്യൻ പ്രസിഡണ്ടിന്റെയടുത്തു് മി. ജേക്കബ് ദയാഹർജി സമർപ്പിച്ചു. ദൈവതിരുമുമ്പാകെ പ. ബാവാതിരുമേനിയും ജേക്കബിനുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയിരിക്കാം. മി. ജേക്കബ് തൂക്കുമരത്തിൽനിന്നു രക്ഷപ്പെട്ടു. വിടുതൽ പ്രാപിച്ചു. ജയിൽവിമുക്തനായി. ഓടിവന്നു് കബറുങ്കൽ ഹൃദയം നിറഞ്ഞ സ്തോത്രങ്ങൾ അർപ്പിച്ചു.

'ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെയെന്നും, ക്ഷമിക്കുന്നതുപോലെ'യെന്നും രണ്ടു വിധത്തിൽ കർത്തൃപ്രാർത്ഥനയിൽ ചിലർ ചൊല്ലാറുണ്ടു്. ഇതു വ്യാഖ്യാനിച്ചു് തിരുമേനി പറയാറുണ്ടു് 'ക്ഷമിച്ചതുപോലെ' എന്നതാണു ശരി. നമുക്കു ക്ഷമ ലഭിക്കണമെങ്കിൽ നാം നേരത്തെ നമ്മോടു കുറ്റം ചെയ്തവരോടു ക്ഷമിച്ചിരിക്കണം. ഇതു് ജീവിതത്തിൽ പാലിച്ച കരുണാനിധിയായ ഒരു പിതാവായിരുന്നു പരിശുദ്ധ തിരുമേനി.

ക്ഷമിക്കുവാൻ തന്നെയല്ല ക്ഷമ ചോദിക്കുവാനും തിരുമേനി മടി കാണിച്ചിരുന്നില്ല. 1958–ൽ സുപ്രീംകോടതിവിധിക്കും പരസ്പര സ്വീകരണത്തിനും ശേഷം മലങ്കര സഭയിൽ ശാശ്വതസമാധാനം പുനസ്ഥാപിക്കപ്പെട്ടു. അതിൽ അസംതൃപ്തരായ ഒരു കൂട്ടർ സമാധാനത്തിനു തുരങ്കം വച്ചുകൊ

**FOR FAVOURS RECEIVED**



**Fr. M. A. Thomas, Tiruvella.**

**Fr. E. J. Abraham, Moolavattom.**

*With Best Compliments from:*

# M/s. BONAFIDE PACKERS.

MANUFACTURERS & SUPPLIERS OF:

Cartons, Cardboard Boxes, Corrugated Boxes, Liners & Rolls.

Works: 6–7, Swastik Industrial Estate,

178 C. S. T. ROAD, KALINA,
BOMBAY 400 029

Phone: 63 50 80

---

*With Best Compliments*

*F*
*R*
*O*
*M*

# M/S. GANDHI CONSTRUCTION COMPANY

BOMBAY

ണ്ടു് 'അന്ത്യോക്യൻ മൂവ്മെൻറ്' എന്ന ഒരു സംഘടന രൂപീകരിച്ചു. ഈ പ്രസ്ഥാനവുമായി കുറെയെല്ലാം സഹകരിച്ചിരുന്ന ഒരു മെത്രാപ്പോലീത്തായുടെമേൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ശിക്ഷണനടപടി എടുക്കാൻ നിർബ്ബന്ധിതമായി. സുന്നഹദോസ് തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന കല്പന ബാവാതിരുമനസ്സുകൊണ്ടു് അയച്ചു.

ഇങ്ങനെയിരിക്കുമ്പോഴാണു് മാർ ഏലിയാസ് യൂലിയോസ് മെത്രാപ്പോലീത്താ പെട്ടെന്ന ഹൃദ്രോഗബാധിതനായി കിടപ്പായെന്നറിഞ്ഞതു്. ഉടനേതന്നെ ബാവാതിരുമേനി പത്തനംതിട്ടെ എത്തി ദാനിയേൽ മാർ പീലക്സീനോസ് തിരുമേനിയുമൊന്നിച്ചു് മഞ്ഞിനിക്കര ദയറായിൽ മാർ യൂലിയോസ് തിരുമേനിയെ സന്ദർശിച്ചു. ഡോക്ടറന്മാരുടെ നിർദ്ദേശപ്രകാരം ഒന്നും സംസാരിക്കാതെ അദ്ദേഹം കട്ടിലിൽ കിടക്കുകയായിരുന്നു. ആലുവായിലെ മാർ ഗ്രീഗോറിയോസ്, മാർ ക്ലിമ്മീസ്, പൌലോസ് മാർ പീലക്സീനോസ് എന്നീ തിരുമേനിമാരും അദ്ദേഹത്തിന്റെ സമീപം ഉണ്ടായിരുന്നു. മൌനപ്രാർത്ഥന നടത്തിയ ശേഷം ബാവാതിരുമേനി തിരിച്ചുപോന്നു. സന്ധ്യാനമസ്കാരശേഷം ബാവാ മഞ്ഞിനിക്കരെ ചെന്ന അവസരത്തിൽ യൂലിയോസ് തിരുമേനിയുമായി നടത്തിയ സംഭാഷണം ആ അവസരത്തിൽ ഞാൻ ഓർത്തു. അന്നു ബാവാതിരുമേനിയുടെ രണ്ടു കാലുകളിലും നല്ലവണ്ണം നീരുണ്ടായിരുന്നു. 'എനിക്കു തീരെ സുഖമില്ല, കാലൊക്കെ കണ്ടില്ലേ' എന്നു പറഞ്ഞു് യൂലിയോസ് തിരുമേനിയെ കാലിലെ നീരു കാണിച്ചു. 'ഞാനും സുഖമില്ലാത്ത ആളാണു്', ഞാനായിരിക്കും ചിലപ്പോഴും നേരത്തെ കടന്നുപോകുന്നതു്. ഞാൻ മരിച്ചാൽ ആബൂൻ വേണം എന്നെ അടക്കാൻ' എന്നു യൂലിയോസ് തിരുമേനി പറയുകയുണ്ടായി.

ഏതാനും ദിവസങ്ങൾക്കുശേഷം യൂലിയോസ് തിരുമനസ്സിലെ രോഗത്തിനു് അല്പം ശമനം ഉണ്ടാകയും സന്ദർശകരെ കാണുന്നതിനും കുറെശ്ശെ സംസാരിക്കുന്നതിനും തക്ക സുഖം ലഭിക്കുകയും ചെയ്തു. ഹൃദ്രോഗമായിരുന്നതിനാൽ അപകട സാദ്ധ്യത ഏതു നേരവും ഉണ്ടാകാം എന്നുള്ളതുകൊണ്ടു് അദ്ദേഹത്തെ ഒന്നുകൂടി കണ്ടു് സംസാരിക്കണമെന്നു് ബാവാ ആഗ്രഹിക്കുകയും വിവരം മി. സി. ജെ. കുര്യൻ മൂലം അദ്ദേഹത്തെ അറിയിച്ചപ്പോൾ അദ്ദേഹം വളരെ സന്തുഷ്ടനാവുകയും അദ്ദേഹവും അതു് വളരെ ആഗ്രഹിക്കുന്ന ഒന്നാണെന്നു് പറയുകയും ചെയ്തതായി അറിഞ്ഞു. 1962 ഫെബ്രുവരി 13-ാം തീയതി ബാവാതിരുമേനി പരുമല സിമ്മനാരിയിലായിരുന്നു. 19-ാം തീയതി തിങ്കളാഴ്ച രാവിലെ തിരുമേനി മഞ്ഞിനിക്കരയ്ക്കു തിരിച്ചു. ആറാട്ടുപുഴ കഴിഞ്ഞു് ഒരു കാറപകടം ഉണ്ടായി മാർഗ്ഗതടസ്സം നേരിട്ടതിനാൽ ഉച്ചകഴിഞ്ഞു് മഞ്ഞിനിക്കരെക്കു പോകാമെന്നു നിശ്ചയിച്ചു് തിരിച്ചുവന്നു് പുത്തൻകാവു പള്ളിയിൽ വിശ്രമിച്ചു. അപ്പോഴാണു് യൂലിയോസ് തിരുമേനി പെട്ടെന്നു കാലം ചെയ്തു എന്ന വാർത്ത പുത്തൻകാവിൽ അറിഞ്ഞതു്. ഏതായാലും ഉച്ചകഴിഞ്ഞു് മാക്കാംകുന്നു പള്ളിയിൽ എത്തുകയും മഞ്ഞിനിക്കര ദയറായിൽ പോയി യൂലിയോസ് തിരുമനസ്സിലെ മൃതദേഹം സന്ദർശിക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തു. 5 മണിയോടുകൂടി അവിടെ എത്തുകയായിരിക്കും സെൽക

FOR FAVOURS RECEIVED



Mr. & Mrs. M. V. Mathai, Shahdol

Excuse delay ഒരു വിശ്വാസി ഗ്വാളിയോർ.

K. K. Joseph. Kochupurackal Alleppey.

PHONE: 432

# ELANJIMOOTTIL CHITTY FUND

## TIRUVALLA - 1

KERALA STATE

## 40 മാസംകൊണ്ടു് അവസാനിക്കുന്ന പ്രതിമാസ ലേലച്ചിട്ടി ആരംഭിക്കുന്നു.

ആദ്യലേലം 1973 സെപ്റ്റംബർ 3–നു്

| | | | | | | |
|---|---|---|---|---|---|---|
| A– | 100 | രൂപാ | വീതം | 40 | മാസം | – 4000– |
| B– | 50 | ,, | ,, | ,, | ,, | – 2000– |
| C– | 25 | ,, | ,, | ,, | ,, | – 1000– |
| D- | 12.50 | ,, | ,, | ,, | ,, | – 500– |

ബൈലാവുകളും മറ്റും ആവശ്യപ്പെടുക.

തലയാരം.

വറുഗീസ് എബ്രഹാം

ന്യപ്രദമെന്ന് ദയറായിൽനിന്നും അറിവും ലഭിച്ചു. 4. 30 കഴിഞ്ഞ് ദാനിയേൽ പീലക്സീനോസ് തിരുമേനിയും ഒന്നിച്ച് ബാവാതിരുമേനി മഞ്ഞിനിക്കരെ എത്തി. മ്റുതശരീരം ദയറാചാപ്പലിൽ മദ്ബഹായുടെ മുമ്പിൽ അഴിക്കകത്തു് ഒരു സിംഹാസനത്തിൽ ഇരുത്തിയിരുന്നു. തിരുമേനി പള്ളിയിൽ പ്രവേശിച്ച് അഴിക്കാലിനടുത്തുവരെ നടന്നുചെന്നിട്ട് അല്പസമയം മ്റുതദേഹത്തെ നോക്കിനിന്ന ശേഷം അഴിക്കാലിനകത്തു പ്രവേശിച്ച് മ്റതദേഹത്തിനടുത്തേക്കു നീങ്ങിയപ്പോൾ പാടില്ല എന്ന് ഒരു വിലക്ക്........ചില പട്ടക്കാരുടെ നേതൃത്വത്തിൽ .......പൌലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും അവിടെ ഉണ്ടായിരുന്നു. പെട്ടെന്ന ബാവാതിരുമേനി തിരിച്ചുപോന്നു, ........ ....... ........

1963 ആഗസ്റ്റ് 15–ാം തീയതി തിരുമേനി വി. കുർബ്ബാന ചൊല്ലി. അതു് തിരുമനസ്സിലെ അന്ത്യകുർബ്ബാനയായിരുന്നു. താമസിയാതെ തിരുമേനി രോഗബാധിതനാവുകയും രോഗം ഗുരുതരമെന്ന് തിരുമേനിക്കു ബോദ്ധ്യപ്പെടുകയും ചെയ്തു. തിരുമനസ്സിലേക്ക് ഒരാഗ്രഹം. അകന്നുനില്ക്കുന്ന പൌലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുമായി ഒരു അഭിമുഖസംഭാഷണം നടത്തണമെന്ന്. അന്ന് തിരുമേനിയെ കാണുവാൻ എത്തിയ കോനാട്ട് ബ. ഏബ്രഹാം മല്പാനോട് അതു് പറയുകയും മല്പാൻ അതു് മെത്രാപ്പോലീത്തായെ അറിയിച്ചിട്ട് വിവരം അറിയിക്കാമെന്ന് ഏൽക്കുകയും ചെയ്തു. ബ. മല്പാനച്ചൻ പ്രസ്തുത ദൌത്യവുമായി അദ്ദേഹത്തെ സമീപിക്കുകയും കൂടിക്കാഴ്ചയ്ക്കു് ദിവസം നിശ്ചയിക്കുകയും ചെയ്തു. സെപ്റ്റംബർ 13–ാം തീയതി രാവിലെ 9. 30 മണിക്ക് അദ്ദേഹം അരമനയിൽ എത്തി. എല്ലാ മെത്രാപ്പോലീത്തന്മാരെയും ആ സമയം അവിടെ ബാവാ വരുത്തിയിരുന്നു.

**മനോരമ റിപ്പോർട്ട്:**

കോട്ടയം സെ. 13– ആലസ്യവിധേയനായിരിക്കുന്ന പ. കാതോലിക്കാബാവാതിരുമേനിക്കു പൌലൂസ് മാർ പീലക്സീനോസ് തിരുമേനിയെ കാണണമെന്നും സംസാരിക്കണമെന്നുമുള്ള അഭിലാഷം അറിയിച്ചതനുസരിച്ചു പൗലൂസ് മാർ പീലക്സീനോസ് തിരുമേനി ഇന്നു രാവിലെ 9. 30–ന് കാതോലിക്കേറ്റ് അരമനയിൽ എത്തി. പ. കാതോലിക്കാബാവാതിരുമേനിയെ സന്ദർശിച്ചിരിക്കുന്നു.

വ. ദി. ശ്രീ. അപ്രേം റമ്പാനും, റവ. ഫാദർ പി. പി. ജോസഫും മാർ പീലക്സീനോസ് തിരുമേനിയെ അനുഗമിച്ചിരുന്നു.

പുതിയ അരമനയുടെ കവാടത്തിൽവച്ച് മാത്യൂസ് മാർ കൂറിലോസ് മാത്യൂസ് മാർ ഈവാനിയോസ്, ഏബ്രഹാം മാർ ക്ലീമീസ്, ദാനിയേൽ മാർ പീലക്സീനോസ് മുതലായ തിരുമേനിമാർ പൌലൂസ് മാർ പീലക്സീനോസ് തിരുമേനിയെ സ്വീകരിച്ചു കുശലാന്വേഷണം നടത്തുകയും ബാവാതിരുമേനിയുടെ സമീപത്തേക്കാനയിക്കുകയും ചെയ്തു.

പൌലൂസ് മാർ പീലക്സീനോസ് തിരുമേനിയെ 'വളരെ സന്തോഷം' എന്നു സുസ്മേരവദനനായി പറഞ്ഞുകൊണ്ടാണ് ബാവാതിരുമേനി സ്വീകരിച്ചതു്. അപ്പോൾ 'സൗഖ്യമായിരിക്കു

**FOR FAVOURS RECEIVED**



Jacob Thomas, Pathiyoor.


Daisy Thomas, Baroda.


Leelamma, Chengamanadu.


Annamma, Kottavattom.

*With the Best Compliments*



**FROM:**

**M/s. EECY CONSTRUCTIONS**
ENGINEERS & CONTRACTORS
**KOTTAYAM-5.**

Telephone
Res: 2153 Factory: 2904

---

## വൈദികനെ ആവശ്യമുണ്ട്

ഇന്ഡ്യയുടെ വടക്കുകിഴക്ക് അതിർത്തി പ്രദേശങ്ങളിൽ ആസ്സാമിൽ ഗോഹാട്ടിൽ പുതിയതായി പണി കഴിപ്പിക്കാൻ പോകുന്ന പള്ളി കേന്ദ്രമാക്കി ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാരങ്ങളും അനുസരിച്ച് ബാഹ്യകേരളമെത്രാപ്പോലീത്തായുടെ അധികാരത്തിൻ കീഴിൽ സേവനം നടത്തുവാൻ കഴിവും പ്രാപ്തിയും ഉള്ള 40 വയസ്സിൽ കവിയാത്ത ഒരു വൈദികനെ ഉടനെ ആവശ്യമുണ്ട്. സഭയുടെ ചട്ടപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നതാണ്. താല്പര്യമുള്ള വൈദികർ ദയവായി താഴെ കാണുന്ന അഡ്രസ്സിൽ എഴുതുക.

The Secretary,
Mar Gregoriose Orthodox Syrian Church.
100–A, Kumarpara
P. B. No. 140
GAUHAT–781001
ASSAM.

---

## S. H. കോളജ്

ചങ്ങനാശേരി

- വിജയശതമാനത്തിൽ ഏററവും മികച്ചത്!
- ക്ലാസ്സുകൾ **P. D. C., B. A., B. Sc., B. Com., S. S. L. C.**

AND POST B. A. (CALICUT)

**PRIVATE & REGULAR**

Fine Labs & Hostels

*Principal*

വോ എന്ന മാർ പീലക്സീനോസ് തിരുമേനി കുശലാന്വേഷണം നടത്തി. പ. ബാവാതിരുമേനി ഇങ്ങനെ തുടർന്നു: 'എനിക്കു തീരെ സുഖമില്ല. അവസാനമായി എല്ലാംകൊണ്ടും വിഷമമുള്ള സമയമാണ്. നിങ്ങളെ എല്ലാവരെയും ഒന്നു കണ്ടു യാത്ര ചോദിച്ചശേഷം പോകാം എന്നു വിചാരിച്ചാണു വിളിച്ചതു''.

ബാവാതിരുമേനിയെ ഒന്നു കാണാൻ വളരെ ആഗ്രഹിച്ചിരിക്കുകയായിരുന്നുവെന്നും, കല്പിച്ചതിൽ വളരെ സന്തോഷമുണ്ടെന്നും പൌലൂസ് മാർ പീലക്സീനോസ് തിരുമേനി പറഞ്ഞു.

തുടർന്ന് ബാവാതിരുമേനി വ. ദി. ശ്രീ. അപ്രേം റമ്പാച്ചനെ സമീപത്തേക്കു വിളിച്ചു സുറിയാനിയിൽ കുറച്ചുനേരം സൌഹാർദ്ദ സംഭാഷണം നടത്തി.

'മെത്രാച്ചനെ മുമ്പു കണ്ടതിൽ അല്പം കറുത്തിട്ടുണ്ടെന്നു തോന്നുന്നു'വെന്നു ബാവാതിരുമേനി പറഞ്ഞപ്പോൾ 'എനിക്കും പ്രായമായില്ലേ' എന്നു പീലക്സീനോസ് തിരുമേനി പ്രതിവചിച്ചു. എന്തുപ്രായമുണ്ടെന്നുള്ള ചോദ്യത്തിന് 50 വയസ്സ് എന്നു പീലക്സീനോസ് തിരുമേനി മറുപടി നൽകി. അപ്പോൾ 'കൊച്ചനാണല്ലോ. ഇനിയും 40 കൊല്ലംകൂടി ജീവിച്ചിരിക്കണമല്ലോ'.

'ഞാൻ മഹാപാപിയാണെന്നും, സഹോദരങ്ങളായ നിങ്ങളെല്ലാവരും എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും' ബാവാതിരുമേനി പ്രസ്താവിച്ചു. പതിനഞ്ചു മിനിറ്റോളം ദീർഘിച്ച ഈ സൌഹൃദ സംഭാഷണവേളയിൽ ദാനിയേൽ മാർ പീലക്സീനോസ്, എബ്രഹാം മാർ ക്ലീമീസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്തനാസ്യോസ്, മാത്യൂസ് മാർ കൂറിലോസ്, തോമാ മാർ ദീവന്നാസ്യോസ് എന്നീ തിരുമേനിമാരും സംബന്ധിച്ചിരുന്നു. ബാവാതിരുമേനിയുടെ ഫലിതങ്ങൾ തിരുമേനിമാരെയെല്ലാം വളരെയധികം ചിരിപ്പിച്ചു. സംഭാഷണാനന്തരം ബാവാതിരുമേനി വിശ്രമിക്കുന്നതിനും മറ്റു തിരുമേനിമാർ കാപ്പിമേശയ്ക്കും പോയി. സല്ക്കാരം കഴിഞ്ഞ് ബാവാ തിരുമേനി ഒഴിച്ചുള്ള തിരുമേനിമാർ അരമന ചാപ്പലിന്റെ പടിഞ്ഞാറെ വരാന്തയിൽ ഇരുന്നു ദീർഘനേരം സംഭാഷണം നടത്തുകയുണ്ടായി.

സംഭാഷണാനന്തരം പതിനൊന്നു മണിയോടെ പൌലൂസ് മാർ പീലക്സീനോസ് തിരുമേനിയും, വ. ദി. ശ്രീ. അപ്രേം റമ്പാച്ചനും ബാവാതിരുമേനിയോടു യാത്ര ചോദിക്കുവാനെത്തിയപ്പോൾ ബാവാതിരുമേനി സുറിയാനിയിൽ അച്ചടിപ്പിച്ചിട്ടുള്ള 'പെങ്കീസാ' പ്രാർത്ഥനാക്രമത്തിന്റെ ഓരോ പ്രതി അവർക്കു സമ്മാനിക്കയുണ്ടായി. യാത്ര പറഞ്ഞവസരത്തിൽ ബാവാതിരുമേനി 'എനിക്കുവേണ്ടി നിങ്ങളെല്ലാം പ്രാർത്ഥിക്കണമെന്ന്' വീണ്ടും പ്രസ്താവിച്ചു'.

'ഞാൻ അറിവോടും അറിവുകൂടാതെയും മനസ്സോടും മനസ്സുകൂടാതെയും എന്തെങ്കിലും തരത്തിൽ നിങ്ങൾക്ക് അസുഖകരമായും വേദനാജനകമായും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം നിങ്ങൾ ക്ഷമിക്കുകയും മറക്കുകയും ചെയ്യണം' എന്നും പ. ബാവാതിരുമേനി പ്രസ്താവിച്ചപ്പോൾ മാർ പീലക്സീനോസ് തിരുമേനി 'പ്രായവും പക്വതയുമുള്ള അവിടുന്ന് ഞങ്ങൾക്കാണു ക്ഷമ നൽകേണ്ടതെന്ന്'' മറുപടി പറഞ്ഞു. സമ്മാനത്തിനു കൃതജ്ഞ

FOR FAVOURS RECEIVED
രോഗശാന്തിക്ക്

V. G. Kurian & Family, Pulikeezhu.

*With Respectful Regards*



*from:*

**The Imperial Tyre Service**

**PUNALUR**

Phone: 65

| Branches: | | Phone: |
|---|---|---|
| QUILON | - | 3157 |
| THENKASI | - | 2372 |
| KOTTAYAM | - | 3963 |

പ്രകാശിപ്പിച്ചശേഷം പതിനൊന്നേകാൽ മണിയോടുകൂടി തിരുമേനിയും റമ്പാച്ചനും തിരിച്ചുപോയി.

ഒരു സഭയുടെ പരമാദ്ധ്യക്ഷനായ തിരുമേനി പ്രായംകൊണ്ടും സ്ഥാനംകൊണ്ടും എല്ലാം അത്യുന്നതപദവിയെ ആർജ്ജിച്ച ഒരു മഹാപുരോഹിതൻെറ മാതൃക എത്ര അനുകരണീയം.

**ചർച്ചുവീക്കിലി** അന്നു് (1963 സെ. 22) രേഖപ്പെടുത്തുകയാണു്: 'മലങ്കര സുറിയാനി സഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു മഹൽകൃത്യമാണു് മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനി സെപ്റ്റംബർ 13-ാം തീയതി ദേവലോകം അരമനയിൽവച്ചു നിർവ്വഹിച്ചിരിക്കുന്നതു്. ആലസ്യവിധേയനായ തിരുമേനി രോഗക്കിടക്കയിൽ പരസഹായത്തോടുകൂടി എഴുനേററിരുന്നു് കൂപ്പുകൈകളോടുകൂടി താഴെ പറയുന്ന വാക്കുകൾ ഉച്ചരിച്ചതു് ആ രംഗം വീക്ഷിച്ചുകൊണ്ടു നിന്നവരെയെല്ലാം രോമാഞ്ചകഞ്ചുകിതരാക്കിത്തീർത്തു. പലരുടെയും കണ്ണുകൾ അശ്രുകണങ്ങളാൽ നിറഞ്ഞു. 'ഞാൻ മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും നിങ്ങൾക്കെല്ലാം, അസുഖകരമായോ വേദനാജനകമായോ എന്തെങ്കിലും താത്തിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവ നിങ്ങൾ ക്ഷമിക്കുകയും മറക്കുകയും ചെയ്യണം'.

'നമ്മൾ സ്വർഗ്ഗത്തിൽ ദൈവതിരുമുമ്പാകെ ചെല്ലുമ്പോൾ, ഇന്നു നാം ഇവിടെ ഒരുമിച്ചിരിക്കുന്നതുപോലെ അവിടെയും കാണപ്പെടേണ്ടവരാണല്ലോ'.

ഹൃദയനൈർമ്മല്യത്തിൻെറയും വൈദഗ്ദ്ധ്യത്തിൻെറയും പ്രതീകമായി സമാദരിക്കപ്പെടുന്ന പ. ബാവാതിരുമേനി മാർ പീലക്സീനോസ് തിരുമേനിയെ സ്വീകരിച്ച രംഗം ഇത്രയും ഹൃദയംഗമമായി വർണ്ണിച്ചതു് അതിൻെറ ചരിത്രപ്രാധാന്യത്തെക്കരുതിയാണു്. തിരുമേനിയെ ഒരു ചരിത്രപുരുഷനായി ഞങ്ങൾ കരുതുന്നതു് തിരുമേനി സഭാഭരണത്തിൽ സുപ്രീംകോടതിവിധി സമ്പാദിച്ചു വിജയിച്ചതുകൊണ്ടല്ല, പല സന്ദർഭങ്ങളിലും ആരെയും വിസ്മയിപ്പിക്കുന്ന തരത്തിൽ സമാധാനപരമായ ഉന്നത നിലപാടു് പ്രകടിപ്പിക്കുന്ന പ്രസംഗങ്ങൾ ചെയ്യുവാനും, സംഭാഷണചാതുര്യം പ്രദർശിപ്പിക്കുവാനും തിരുമേനിക്കു് നൈസർഗ്ഗികമായുള്ള കഴിവുകൊണ്ടല്ല, തിരുമേനിക്കു സുറിയാനിഭാഷയിൽ ഉള്ള പാണ്ഡിത്യംകൊണ്ടല്ല, തിരുമേനിയേക്കാൾ കഴിവും സാമർത്ഥ്യവുംകൊണ്ടു് അംഗീകരിക്കപ്പെട്ട പ്രഗത്ഭരായ മുൻഗാമികൾക്കു സാധിക്കാൻ കഴിയാഞ്ഞ പലതും തിരുമേനിയുടെ സുദീർഘമായ ഭരണകാലത്തു് നേടിയതുകൊണ്ടുമല്ല, സുറിയാനിസഭയെ ദുർബലമാക്കി നശിപ്പിച്ചുകൊണ്ടിരുന്ന മത്സരങ്ങളും വഴക്കുകളും അവസാനിപ്പിക്കുവാൻ തിരുമേനി സ്വന്തം, പലനിർണ്ണായക സന്ദർഭങ്ങളിൽ ചെയ്ത ശ്രമങ്ങളെയും, ത്യാഗങ്ങളെയും അനുസ്മരിച്ചുകൊണ്ടാണു് തിരുമേനിക്കു് ചരിത്രത്തിൽ ലഭിച്ചിട്ടുള്ള മഹൽസ്ഥാനം ഞങ്ങൾ വിലയിരുത്തുന്നതു്.

തിരുമേനി പൗരസ്ത്യ കാതോലിക്കാസിംഹാസനത്തിൽ ആരൂഢനായ ശേഷം സഭാസമാധാനത്തിനുവേണ്ടി ശീമയാത്ര ചെയ്തു് പ. പാത്രിയർക്കീസ് ബാവാതിരുമേനിയുമായി നേരിട്ടു


FOR FAVOURS RECEIVED
രോഗശാന്തിക്കു്



V. G. Kurian & Family, Pulikeezhu.

*With Best Compliments*

Phone { Office – 24580
Resi. – 35283

ENDEAVOUR
COCHIN-2 } Grams



**FROM:**

**NATIONAL AGENCIES (COCHIN) PRIVATE LIMITED**

**LICENSED CUSTOM HOUSE AGENTS**

PACKING, MOVING, SHIPPING & CLEARING

BAZAAR ROAD, MATTANCHERRY

COCHIN-2, S INDIA

SHIPPING & CLEARING OF PERSONAL EFFECTS A SPECIALITY

---

MULTITRADES, QUILON

## ജീവിതത്തിന്റെ ലാഭനഷ്ടം

ഈശോമശിഹാ അരുളിച്ചെയ്തു:

"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?" മത്തായി 16:26

"കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും." അപ്പൊ. പ്രവൃത്തി. 4:13

"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." യോഹ. 1:12.

"ഇത്ര വലിയ രക്ഷയെ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?" എബ്രാ. 2:4.

പോസ്റ്റ് ബോക്സ് നമ്പർ 59,

കൊല്ലം – 1.

# മഹാസിദ്ധനായ മഹാപുരോഹിതൻ

(ഫാ. റ്റി. ഇ. ജോർജ്ജ്)

യഹോവായുടെ ദാസനായ മോശയുടെ മരണശേഷം യഹോവാ നൂന്റെ മകനായ യോശുവായോട് അരുളിച്ചെയ്തതു: '........നിന്റെ കാലത്തു് ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരെ നിൽക്കയില്ല'. 'ഞാൻ മോശയോടുകൂടി ഇരുന്നതു പോലെ നിന്നോടുകൂടെയും ഇരിക്കും ............' യോശുവാ 1: 1–7.

കാലം ചെയ്ത ബാവാതിരുമേനിയെപ്പറ്റി സ്മരിക്കുന്ന വേളയിൽ എന്റെ സ്മരണാമണ്ഡലത്തിൽ ഓടിയെത്തുന്ന ഒരു ചിന്ത മേലുദ്ധരിച്ച വാക്യങ്ങളിൽ കാണാം.

## 1. അജാതശത്രു എന്നു് വിശേഷിപ്പിക്കാവുന്ന ആത്മീക പുരോഹിത നേതാവു്

ഏതാണ്ട് അര ശതാബ്ദത്തിലേറെ നീണ്ടുനിന്ന ആ പുണ്യാത്മാവിന്റെ മഹാപുരോഹിത ഇടയപാലന സേവനകാലത്തു് അനുസ്യൂതമായി, ദൗർഭാഗ്യവശാൽ അടരാടേണ്ടിവന്ന ആയോധനത്തിൽ അദ്ദേഹത്തിനു ധാരാളം ശത്രുക്കൾ ഉണ്ടായിട്ടുണ്ടാവാമെങ്കിലും അവരിൽ ആരും ആ വശ്യചൈതന്യത്തിനെതിരായി തടശില പോലെ നില്ക്കാൻ ഇടയായിട്ടില്ല; ധൈര്യപ്പെട്ടിട്ടില്ല. അതു് യോശുവായിൽ ദൃശ്യമായിരുന്ന ഒരു സവിശേഷ ആത്മീക കൃപയായിരുന്നു. ഒരു സമരനേതാവായി ഒരു സമരനേതാവിന്റെ പിൻഗാമിയായി വിളിക്കപ്പെട്ടിരുന്ന ആ പ. പിതാവിനു് അപരിത്യാജ്യമായിരുന്ന ആ ദൈവകൃപ പ്രത്യേകമായി നല്കപ്പെട്ടു എന്നുതന്നെ കരുതാം.

വിശ്വാസകാര്യങ്ങളിൽ ഓർത്തഡോക്സ് സഭയുടെ അംഗീകൃതനിലയിൽനിന്നു് അണുമാത്രമെ

ചർച്ചകൾ നടത്തിയ വസ്തുത പലരും മറന്നിരിക്കും........'. തുടർന്നു് സഭാസമാധാനാർത്ഥം ബാവാതിരുമേനി വഹിച്ചിട്ടുള്ള സുപ്രധാന പങ്കിനെപ്പറ്റി ഉദാഹരണസഹിതം വിവരിച്ചിട്ടു് ചർച്ചു് വീക്കിലി ഇങ്ങനെ തുടരുന്നു: 'ബാവാതിരുമേനിയുടെ സമാധാനവാഞ്ഛയെയും, ത്യാഗസന്നദ്ധതയെയും മാറ്റു് 'വൃദ്ധൻ പുന്നൂസ്' എന്നു തിരുമേനിയെ വിളിച്ചു് പരിഹസിച്ചവർ അറിഞ്ഞില്ല. പക്ഷെ ദൈവം അതറിഞ്ഞു. ബാവാതിരുമേനിയുടെ ചില പ്രവർത്തനങ്ങളിലോ, സംസാരങ്ങളിലോ, നടപടികളിലോ വന്നിട്ടുള്ള ചില തെറ്റുകൾ ഞങ്ങൾ വിസ്മരിച്ചുകൊണ്ടല്ല ഈ ലേഖനം എഴുതുന്നതു്. എന്നാൽ അവയെല്ലാം വിസ്മൃതിയിൽ തള്ളുന്ന വിധത്തിൽ തിരുമേനിയുടെ വ്യക്തിമാഹാത്മ്യത്തിന്റെ പ്രഭാപൂരം സെപ്റ്റംബർ 13-ാം തീയതിയിലെ സംഭവത്തിൽ ഞങ്ങൾ ദർശിക്കുകയാണു്........ വീണ്ടും അസമാധാനവും കേസുകളും സൃഷ്ടിക്കാൻ ഇടയായതിൽ പൌലൂസ് മാർ പീലക്സീനോസ് തിരുമേനി ഒരു പ്രധാന പങ്കു വഹിച്ചിട്ടുണ്ടു്. പ. ബാവാതിരുമേനിയുമായി വിരുദ്ധനില സ്വീകരിച്ചു നിൽക്കുന്ന ആ തിരുമേനിയെ ക്ഷണിച്ചുവരുത്തി ക്ഷമാപണം ചെയ്യാൻ ഉദ്യുക്തനായ ബാവാതിരുമേനിയുടെ കൃത്യനിർവ്വഹണത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന മഹാമനസ്കത, സഭാസ്നേഹം,

വിനയം, അഹിതകരമെന്നു തോന്നാവുന്ന ദൈവഹിതത്തിനു കീഴ്പ്പെടാനുള്ള സന്നദ്ധത മുതലായവയുടെ മുമ്പിൽ ഞങ്ങൾ ആദരാഞ്ജലികൾ സമർപ്പിക്കുകയാണു്'.

പല പ്രശ്നങ്ങളിലും വളരെയധികം മഹാമനസ്കത പ്രകടിപ്പിച്ചിട്ടുള്ള ഒരു തിരുമേനിയായിരുന്നു അദ്ദേഹം. സുപ്രീം കോടതിവിധിക്കുശേഷം വിജയത്തിൽ ഒട്ടും ആഹ്ലാദിക്കാതെ ഭീമമായ കോടതിച്ചെലവു് പൂർണ്ണമായി ഇളച്ചുകൊടുത്തതും കുറുപ്പംപടിയിലെ പ്രതിഷേധപ്രകടനങ്ങൾ എല്ലാം വിസ്മരിച്ചുകൊണ്ടു് അവർ വീണ്ടും ക്ഷണിച്ചപ്പോൾ അവിടെയെത്തി വി. കുർബ്ബാന അർപ്പിച്ചു് അവരെ അനുഗ്രഹിച്ചതും തന്റെ ജീവിതസായാഹ്നത്തിലെ അവിസ്മരണീയമായ രണ്ടു് മഹൽ സംഭവങ്ങളാണു്.

ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിപ്പാനും, അനേകർക്കുവേണ്ടി തന്റെ ജീവനെ ബലികഴിപ്പാനും, സ്വർഗ്ഗോന്നതങ്ങളിൽനിന്നും താണിറങ്ങിവന്ന അരുമനാഥന്റെ മാതൃക കാണിച്ചുകൊണ്ടു് പ. ബാവാതിരുമേനി ക്ഷമിക്കുകയും, ക്ഷമ ചോദിക്കുകയും ചെയ്തു് ക്രിസ്തുവിന്റെ യഥാർത്ഥ സ്ഥാനാപതിയായി സ്വർഗ്ഗലോകം പൂകിയ ഒരു പുണ്യാത്മാവാണെന്നുള്ളതിനു സംശയമില്ല. തിരുമനസ്സിലെ മദ്ധ്യസ്ഥത മലങ്കര സഭയ്ക്കും സഭാംഗങ്ങൾക്കും കോട്ടയായിരിക്കട്ടെ.

*With Best Compliments from:*

★

# K. & K. AGENCIES

★

XXXIV/744 BANERJI ROAD

COCHIN-18

Dealers in Fiberglass,

Chopped Strand Mat, Polyer Resin,

Catalyst, Accelarator etc

കിലും ആശയത്തിലൊ, പ്രഭാഷണത്തിലൊ, ലേഖനങ്ങളിലൊ മററൊ വ്യത്യസ്താഭിപ്രായം പ്രകടിപ്പിച്ചെന്ന് തിരുമേനിക്കു തോന്നിയിട്ടുള്ളവരേയും, തലമുടി ക്രമാതീതമായി വളർത്താതിരിക്കുക മുതലായ പൗരാണിക സഭാപാരമ്പര്യങ്ങളെ ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്യുക തുടങ്ങിയ കാര്യങ്ങളിലും അദ്ദേഹം പലരെയും വളരെ നിശിതമായും കർശനമായും ശാസിക്കുന്നതു് പല സന്ദർഭങ്ങളിൽ കണ്ടിട്ടുണ്ട്. എന്നാൽ അങ്ങനെ ശാസിക്കപ്പെട്ട വ്യക്തികൾക്കാർക്കും തിരുമേനിയോടു് ഏതെങ്കിലും നീരസം ഉണ്ടായതായി മനസ്സിലാക്കിയിട്ടില്ല. പ്രത്യുത, പൂർവ്വാധികം സ്നേഹവും ബഹുമാനവുമാണ് ഉണ്ടായിട്ടുള്ളതു്.

സഭ രണ്ടായി പിരിഞ്ഞുനിന്ന കാലത്തു് എതിർഭാഗത്തു് നേതൃസ്ഥാനത്തു നിന്നിരുന്നവർക്കു പോലും തിരുമേനിയോടു് ബഹുമാനവും മതിപ്പുമായിരുന്നു. സഭാസമാധാനം ഉണ്ടായശേഷം തിരുമേനി, അങ്ങനെ എതിർഭാഗത്തു നിന്നിരുന്നവരെ യോജിച്ച സഭയിൽ മുൻപന്തിയിൽ കൊണ്ടുവരുകയും ചിലർക്കെല്ലാം ഉചിതമായ ബഹുമതികൾ നൽകി മാനിക്കുകയും ചെയ്തിരുന്നു. 'ജനരഞ്ജന' എന്ന, ഭരണകർത്താക്കൾക്കനുപേക്ഷണീയമായ ഗുണവും, തങ്കലേക്കാകർഷിക്കാനുള്ള (Magnetism) കഴിവും അകൃത്രിമമായി ദൈവികമായി തിരുമേനിക്കു് നൽകപ്പെട്ടിരുന്നു. അദ്ദേഹം മേലദ്ധ്യക്ഷനായ ആരംഭകാലത്തു് ഇല്ലാതിരുന്ന പല സിദ്ധിവിശേഷങ്ങളും വ്യക്തിത്വത്തിൻെറ സവിശേഷതകളും ക്രമേണ തിരുമേനി പ്രാപിച്ചു എന്നുതന്നെ പറയാം. 'യുദ്ധത്തിനു് എന്നെ ശക്തി ധരിപ്പിക്കേണമെ. എനിക്കെതിരായി നിൽക്കുന്നവർ എൻെറ മുൻപിൽ മുട്ടുകുത്തുകയും ചെയ്യണമെ' എന്നു് വി. ബലിക്കു് അംശവസ്ത്രങ്ങൾ ധരിക്കുമ്പോൾ ചൊല്ലാറുള്ള പ്രാർത്ഥന സുദീർഘമായ കാലത്തോളം ബലി അർപ്പിച്ചിട്ടുള്ള തിരുമേനിയെ സംബന്ധിച്ചിടത്തോളം സാർത്ഥകമായിരുന്നു.

## 2. മഹത്തായ വ്യക്തിമാഹാത്മ്യം

മഹൽ സ്ഥാനങ്ങളെ അലങ്കരിക്കുന്ന എല്ലാ വ്യക്തികൾക്കും വ്യക്തിമാഹാത്മ്യം ഉണ്ടായിരിക്കണമെന്നില്ല. എന്നാൽ വ്യക്തിമാഹാത്മ്യമുള്ള ഒരു മഹാത്മാവായിരുന്നു തിരുമേനി. മഹാന്മാർക്കേ മഹാത്മ്യം മനസ്സിലാക്കാൻ കഴിയൂ. മററു വ്യക്തികളിലുള്ള ശ്രേഷ്ഠതയും മാഹാത്മ്യവും വസ്തുനിഷ്ഠമായി വിലയിരുത്താനുള്ള കഴിവും തിരുമേനിക്കുണ്ടായിരുന്നു.

## 3. സഭാസ്നേഹം

ലേഖകൻ ഉൾപ്പെട്ട ക്ലാസ്സിലെ വൈദിക വിദ്യാർത്ഥികൾ ചേർന്നു് വർഷാരംഭത്തിൽ കാഴ്ചകളുമായി തിരുമേനിയെ കണ്ടു് ഉപചാരങ്ങളർപ്പിച്ചു്, കൈ മുത്തി അനുഗ്രഹം പ്രാപിക്കാൻ പോയ അവിസ്മരണീയമായ ഒരു രംഗമുണ്ടു്. ഞങ്ങൾ തിരുമേനിയുടെ മുൻപിൽ നിന്നു. 'ഓരോരുത്തരെയും ആപാദചൂഡം സൂക്ഷിച്ചു് നിരീക്ഷിച്ച ശേഷം, ഓരോരുത്തരോടും ചിലതെല്ലാം ചോദിച്ചു. അനന്തരം 'സഭ ആരുടേതാണു്? എന്നു് എല്ലാവരോടുമായി ഒരു ചോദ്യം തൊടുത്തുവിട്ടു. ചിലരെല്ലാം മൗനം അവലംബിച്ചു. ചിലർ, സഭ തിരുമേനിയുടേതാണു്; കർത്താവിൻെറ സഭയാണു്; മാർത്തോമ്മാശ്ലീഹായുടേതാണു് എന്നെല്ലാം മറുപടി പറഞ്ഞു. എന്നാൽ ഇതിലൊന്നും തിരുമേനി സംതൃപ്തനായില്ല. 'സഭ എൻേറതാണു്' എന്നു് ഓരോരുത്തരും പറയണം എന്നു് തിരുമേനി പഠിപ്പിച്ചു. ഇതു് ഒരു പുതിയ കാഴ്ചപ്പാടായി സഭയെപ്പററി തിരുമേനിയുടെ ജീവിതലക്ഷ്യ

FOR FAVOURS RECEIVED



John Thomas, Banglore. മറിയാമ്മ വർഗീസ്. Elsy, Zambia.

*With Best Compliments of*

M/S. **P. V. CHERIAN CHITTY FUND**

KOSAMATTAM PUTHENPURA

**KOTTAYAM-1**

Phone:

Office: 2409 Res: 2625 & 2880

---

*Best Regards*



*from:*

**ABRAHAM MATHEW**

*THOTTUVAYIL*

KOTTAYAM

# ഭാഗ്യവാനായ ബാവാതിരുമേനി

(പുത്തൻകാവ് മാത്തൻതരകൻ)

പരിശുദ്ധനും പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയുടെ പരമാദ്ധ്യക്ഷനുമായിരുന്ന നിതാന്ത വന്ദ്യ ദിവ്യ മഹാമഹിമശ്രീ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സിലെ ജീവിതകാലം സത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സമരത്തിന്റെയും വിശ്വാസപ്രഖ്യാപനത്തിന്റെയും സമുജ്ജ്വല ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള ഒരു ബൃഹത്ഗ്രന്ഥമാണ്. ക്രിസ്തുമതം ഒരു സ്വപ്നമല്ലെന്നും പ്രത്യുത അതൊരു സമരമാണെന്നുമത്രേ 'വെൽഡൻ ഫിലിപ്പ്' എന്ന ചിന്തകൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. പൈശാചികങ്ങളായ ശക്തികളോടുള്ള നിരന്തര സമരംകൊണ്ടു മാത്രമേ ക്രിസ്തുമതം ഒരുവനിൽ നിലനിൽക്കുകയുള്ളു. ഈ സമരത്തിന്റെ വിജയം അടിയുറച്ച വിശ്വാസത്തേയും ആത്മധൈര്യത്തെയും ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നത്. എന്താണ് വിശ്വാസം? 'വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു' എന്ന് എബ്രായ ലേഖനം പതിനൊന്നാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ കാണുന്നു. ആശിച്ച വിജയത്തെക്കുറിച്ചുള്ള ഉറപ്പും കാണാത്ത സമാധാനത്തെക്കുറിച്ചുള്ള നിശ്ചയവും ബാവാ തിരുമേനിക്കുണ്ടായിരുന്നു എന്ന് തിരുമനസ്സിലെ കർമ്മപരിപാടികൾ തെളിയിച്ചു.

ബാല്യത്തിൽ 'പൗലൂസ്' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ബാവാതിരുമേനി സഭാസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനശിലയും 'മലങ്കരസഭാഭാസുരൻ' എന്ന അപരാഭിധാനത്താൽ വിശ്വവിഖ്യാതനുമായിരുന്ന വട്ടശ്ശേരിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയുടെയും, ഭക്തോത്തംസമായ ചാത്തുരുത്തിൽ മെത്രാച്ചന്റെയും ശിക്ഷണത്തിൽ ശെമ്മാശ്ശനായും, കത്തനാരായും, റമ്പാച്ചനായും ഉയർന്നവന് 1912 സെപ്റ്റംബർ മാസം 8-ാം തീയതി മാർ 'ഗ്രീഗോറിയോസ്' എന്ന മഹനീയ നാമധേയത്തിൽ നിരണം ഇടവകയുടെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. അന്നു മുതൽ മലങ്കരസഭയിൽ ഒരു രണ്ടാം സ്നാപകയോഹന്നാന്റെ കാഹളനാദം മുഴങ്ങിത്തുടങ്ങി. സഭയുടെ വിശ്വാസാചാരങ്ങൾക്കെതിരായ പരിഷ്ക്കാരങ്ങളെയും പ്രവണതകളെയും നിർദ്ദയമായി സംഹരിക്കുന്നതിൽ അന്നു തൊട്ടേ തിരുമേനി ബദ്ധകങ്കണനായിരുന്നു. കുടുംബഭവനത്തെ അനുസ്മരിപ്പിക്കുമാറു് കല്ലാച്ചേരിത്തിരുമേനിയെന്നാണ് അക്കാലത്തു് അദ്ദേഹം പരക്കെ അറിയപ്പെട്ടിരുന്നതു്.

ഭക്താഗ്രണിയായിരുന്ന ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1902-ൽ പരുമല സിമ്മനാരിയിൽവച്ചു കാലംചെയ്തു. പരുമലപ്പള്ളിയിൽത്തന്നെ തിരുമേനി കബറടക്കപ്പെട്ടു. അന്നു മുതൽ പരുമലപ്പള്ളി ഓർത്തഡോക്സ് സഭാംഗങ്ങളുടെ ഒരു തീർത്ഥാടനകേന്ദ്രമായി മാറി. എല്ലാവർഷവും നവംബർ ഒന്നും രണ്ടും തീയതികളിലാണ് ചാത്തുരുത്തിത്തിരുമേനിയുടെ ചരമദിനം പെരുനാളായി കൊണ്ടാടുന്നത്. മാർ ഗ്രീഗോറിയോസ് തിരുമേനി നിരണം മെത്രാസനത്തിന്റെ ഭരണഭാരം വഹിച്ചുകൊണ്ടിരുന്ന കാലങ്ങളിൽ പരുമലപ്പെരുന്നാളിന്റെ മേൽനോട്ടം വഹിച്ചിരുന്നതു തിരുമേനിതന്നെയായിരുന്നു. പെരുന്നാളിൽ സംബന്ധിച്ചുകൊണ്ടിരുന്ന ജനങ്ങളുടെ സംഖ്യ വർഷംതോറും വർദ്ധിച്ചു. അതോടുകൂടി പെരുന്നാളിന്റെ ഭക്തിഭാവത്തിനു ശോഷണം തട്ടാനും തുടങ്ങി. അങ്ങനെയുള്ള ഒരു വർഷത്തെ പെരുന്നാൾദിവസത്തിന്റെ തലേ രാത്രിയിൽ ദേവാലയാങ്കണം അനേകംവകുപ്പിൽപ്പെട്ട ജനസഹസ്രങ്ങളാൽ നിറഞ്ഞുകവിഞ്ഞു.

---

പ്രസ്താവനയായി മനസ്സിലാക്കാം. മറ്റു സഭാംഗങ്ങളിലും ആ ധാരണയും വിശ്വാസവും അങ്കുരിപ്പിക്കുന്നതിലും തിരുമേനി സർവ്വഥാ വിജയിച്ചു.

## 4. അചഞ്ചലമായ അഭിപ്രായധീരത

പൊതു സ്വീകരണം ലഭിക്കുമോ, ലഭിക്കണം എന്നും മറ്റും ആലോചിച്ച് അദ്ദേഹം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാറില്ലായിരുന്നു. ദൈവഹിതപ്രകാരം സഭയുടെ നന്മയ്ക്കെന്നു തനിക്കു ബോദ്ധ്യമാകുന്ന അഭിപ്രായങ്ങൾ, പ്രത്യാഘാതങ്ങളെ വകവയ്ക്കാതെ ആ വന്ദ്യപിതാവ് പ്രകടിപ്പിക്കുമായിരുന്നു. അങ്ങനെ പ്രകടിപ്പിക്കപ്പെട്ട ആശയങ്ങൾക്ക് സാർവ്വത്രിക സ്വീകരണം സഭയിൽ ലഭിച്ചുവന്നിരുന്നു.

—0—

*With respectful regards*



FROM

Estd. 1947 Phone: 116

PHILIPS INSTITUTE OF COMMERCE

(RECOGNISED BY GOVERNMENT)

PUNALUR.

KERALA, INDIA.

*For Quality Handloom Fabrics*

IRANIMUTTOM HANDLOOM WEAVERS'

CO OPERATIVE SCOIETY

NO. C. S. 3434.

KARAMANA,

TRIVANDRUM - 2

FOR COMFORTABLE STAY

**KAYCEES**

The **MOST MODERN** and **LUXURIOUS LODGE** at **Y. M. C. A. ROAD**

KOTTAYAM

Phone: 3440

PHONE: 225 SHOP

162 } Residence
284

കൊല്ലമല

ഹാർഡ്വെയർ സ്റ്റോഴ്സ്

തിരുവല്ലാ

എസ്. സി. എസ്. കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഞങ്ങളുടെ കടയിൽനിന്നും കെട്ടിടം പണികൾക്ക് ആവശ്യമായ എല്ലാവിധ സാധനങ്ങളും മിതമായ വിലയ്ക്ക് ലഭിക്കുന്നതാണ്.

Stockists of:-

**Blundel Eomite Paints**

**Parry wares**

**Bayer pesticides**

**India Cements Etc Etc.**

കാപിശായനമദമത്തന്മാരായി കാണുന്നവരോടൊക്കെ കലഹംകൂട്ടാൻ വരുന്ന പെരുന്നാൾമൂട്ടന്മാർ, ധൂക്കാലിയിൽ ഘടിപ്പിച്ച കണ്ണാടിക്കൂട്ടിൽക്കൂടി കടലും കായലും, കാടും മലയും, ആംഗ്ലോ–ജർമൻ യുദ്ധവും, ഭാമമാരുടെ കതിരസവാരിയും, താളമേളങ്ങളോടുകൂടി പ്രദർശിപ്പിക്കുന്ന കാക്കാസിനിമാകമ്പനിക്കാർ, പരസ്പരം പണാപഹരണം നടത്തുന്ന കൊച്ചുപുസ്തകവായനക്കാർ, ആനമയിലൊട്ടകക്കാർ, കുലുക്കിക്കുത്തുകാർ, പകിടക്കാർ, ഭാഗ്യാവിളിക്കാർ, 'പായാസ' 'വില' പനക്കാർ, സർക്കസ്സുകാർ, പാമ്പാട്ടികൾ, പോക്കറ്റടിക്കാർ എന്നിങ്ങനെയുള്ള സർവ്വ സംഘങ്ങളും അവിടെ തടിച്ചുകൂടി. അതോടുകൂടി കരിമരുന്ന പ്രയോഗം മാത്രം കണ്ട് അനുഗ്രഹം പ്രാപിക്കാൻ വന്ന ആയിരക്കണക്കിനുള്ള പെണ്ണുങ്ങളും ആണുങ്ങളും. നേരം പാതിരാവോടടുത്തപ്പോൾ ജനക്കൂട്ടത്തിനിടയിൽ ഒരു സംഭ്രമം പരന്നു. അല്പ നിമിഷത്തിനുള്ളിൽ ചീട്ടുകളിക്കാരും, ചൂതാട്ടക്കാരും, നാടകകമ്പനിക്കാരും, പെരുന്നാൾമൂട്ടന്മാരും, കള്ളക്കച്ചവടക്കാരും ദേവാലയാങ്കണത്തിൽനിന്നും നാലുവഴിക്കും ഓടിത്തുടങ്ങി. അടുത്തുള്ള തോപ്പുകളിൽ ചിലർ ഒളിച്ചു. മറ്റു ചിലർ ആറ്റിലും തോട്ടിലും ചാടി മറുകര പറ്റി. കാരണം മറ്റൊന്നുമല്ലായിരുന്നു. കല്ലാശ്ശേരിത്തിരുമേനി ചൂരൽവടിയുമായി ദേവാലയാങ്കണത്തെ പിശാചിന്റെ നൃത്തരംഗമാക്കിത്തീർത്തുകൊണ്ടിരുന്നവരുടെ ഇടയിൽ ചുറ്റി നടക്കുന്നുണ്ടായിരുന്നു. ദീർഘകായനായ ആ ധീരവിരാഗിയുടെ വേത്രദണ്ഡതാഡനത്തിന്റെ രുചി അന്ന് അനേകരും അറിഞ്ഞിരിക്കണം. യെരുശലേം ദേവാലയത്തെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്ത യഹൂദന്മാരെ ക്രിസ്തുദേവൻ അവിടെനിന്നു നിഷ്കാസനം ചെയ്ത സംഭവത്തെ അനുസ്മരിപ്പിക്കുമാറുള്ള കൃത്യങ്ങളും കല്ലാശ്ശേരിത്തിരുമേനി പല പള്ളികളിലെ പെരുന്നാളുകളിലും നടത്തിയിട്ടുണ്ട്. തിരുമേനിയുടെ നിഷ്കപടമായ സഭാസ്നേഹത്തെയും വ്രതാനുഷ്ഠാനങ്ങളെക്കുറിച്ചും ജനങ്ങളുടെ ഇടയിൽ വലിയ മതിപ്പുണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ ധർമ്മാചരണവ്യഗ്രതയെ ആരും ചോദ്യം ചെയ്തിരുന്നില്ല. എന്നുതന്നെയുമല്ല ഒരുകാലം തൊട്ടുതന്നെ വൈദികരും, സഭാംഗങ്ങളും തിരുസന്നിധിയിൽ ഭയഭക്തിയോടുകൂടിത്തന്നെ പെരുമാറിത്തുടങ്ങുകയും ചെയ്തു.

അക്കാലത്ത് മലങ്കരസഭയുടെ സ്ഥാവരജംഗമസ്വത്തുക്കളിന്മേലുള്ള പരമാധികാരം പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസ് തിരുമേനിക്കായിരുന്നു. മലങ്കരമെത്രാപ്പോലീത്താ എന്ന പദവിയോടുകൂടി ഭരണം നടത്തിയിരുന്ന ആ തിരുമേനി 1909 ജൂലൈ 12-ാം തീയതി കാലം ചെയ്തു. തിരുമനസ്സിലെ അനന്തരഗാമിയായി സിദ്ധഭക്തനും ബുദ്ധിശക്തനുമായിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി മലങ്കരമെത്രാപ്പോലീത്താസ്ഥാനം കയ്യേറ്റു. 1910-ൽ പരിശുദ്ധ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ അന്ത്യോഖ്യയിൽനിന്നും മലങ്കരയിലെത്തി. സഭയുടെ പുരോഗതി അതിലെ വിവിധ ഘടകങ്ങൾ തമ്മിലുള്ള ഐക്യത്തെയും സൗഹൃദത്തെയും ആശ്രയിച്ചാണിരിക്കുന്നതെന്നും ഓർത്തഡോക്സ് സഭയുടെ ഒരു വലിയ ശക്തികേന്ദ്രമായ മലങ്കരയുടെ ഭരണം രാജ്യാന്തര മേഖല


FOR FAVOURS RECEIVED



Mathukutty, Kurichy.

Salikutty, Kumaranalloor.

N. K. Zachariah, Nagaland.

# METROPOLITAN INSTRUMENTS LIMITED

(MANUFACTURERS OF COUNTERS AND COUNTING DEVICES)

**Registered Office:**
24/263,
Syrian Church Road,
P. O. Box No. 70,
Trivandrum–1.
Tele phone – 60241/60029
Tele grams – 'PRECISION'

**Works:**
Chavadimukku,
Sreekaryam P. O.,
Trivandrum–17
Tele phone – 8326 & 8437
Tele grams – 'PRECISION'

**Central Sales Office:**
27, First Floor,
Tardeo Airconditioned
Market, Tardeo.
Post Box No 7945,
Bombay–34
Tele phone – 370481
Tele grams – 'ENCOUNTER'

ജിൻ ഉറപ്പിക്കാൻ ശ്രമിക്കുന്നു. സ്വാതന്ത്ര്യാഭിലാഷം സാർവ്വലൗകികമായി വളരാൻ ആരംഭിച്ച ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ ബുദ്ധിപൂർവ്വകമല്ലെന്നും ചിന്തിക്കുന്നതിനുള്ള ശാന്തത പരിശുദ്ധ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാതിരുമേനിക്കില്ലാതെപോയി. എന്നുതന്നെയുമല്ല മലങ്കരസഭ ലോകരക്ഷകനായ ക്രിസ്തുദേവന്റെ ശിഷ്യന്മാരിലൊരാളായ വിശുദ്ധ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതാണെന്നും, അതുകൊണ്ടുതന്നെ മലങ്കരസഭ സ്വതന്ത്രമാണെന്നും അതിന്റെ മേൽ ലോകത്തിലെ മറ്റു യാതൊരു സഭയ്ക്കും ഭരണം നടത്താൻ അവകാശമില്ലെന്നുമുള്ള ചരിത്രസത്യത്തേയും പാത്രിയർക്കീസ് ബാവാ നിർഭാഗ്യവശാൽ അവഗണിച്ചു. ആ അന്തരീക്ഷത്തിൽ എ. ഡി. 52-ാമാണ്ടു മുതൽ സ്വതന്ത്രമായി വളർന്നുവന്ന മലങ്കര ഓർത്തഡോക്സ് സഭയുടെമേൽ ലൗകികാധികാരം സ്ഥാപിക്കാൻ 1858 വർഷങ്ങളും മറികടന്നുകൊണ്ട് പരിശുദ്ധ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ സന്നദ്ധനായി. മലങ്കരയിലെ പള്ളികളും സ്ഥാവരജംഗമസ്വത്തുക്കളും പാത്രിയർക്കീസ്ബാവായുടെ പൂർണ്ണാധികാരത്തിൽ വിട്ടുകൊടുക്കണമെന്ന് അദ്ദേഹം മലങ്കരമെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിത്തിരുമേനിയോട് ആവശ്യപ്പെട്ടു. സ്വജീവനേക്കാൾ സഭാസ്വാതന്ത്ര്യത്തെയും, ചരിത്രസത്യത്തെയും സ്വാഭാവിക യുക്തിയെയും വിലമതിച്ചിരുന്ന മലങ്കരസഭാഭാസുരൻ പാത്രിയർക്കീസ്ബാവായുടെ അഭിലാഷത്തെ ആദരിച്ചില്ല. അടുത്ത നിമിഷത്തിൽതന്നെ പാത്രിയർക്കീസ്ബാവാ 'വൈദികകർമ്മ നിരോധനം' എന്ന നിശിതായുധം മലങ്കരമെത്രാപ്പോലീത്തായുടെ മേൽ പ്രയോഗിച്ചു. സ്വാഭിലാഷ പൂരണത്തിനുവേണ്ടി പാത്രിയർക്കീസ് ബാവാ പിന്നീട് സമീപിച്ചത് അന്ന് മെത്രാപ്പോലീത്താസ്ഥാനം ലഭിച്ചിരുന്ന പൗലൂസ് റമ്പാച്ചനെയാണ്. മലങ്കരസഭയുടെ "തീറാധാരം" എഴുതിക്കൊടുത്താൽ ധർമ്മാദ്ധ്യക്ഷപദവിയും മലങ്കര മെത്രാപ്പോലീത്താസ്ഥാനവും നൽകാമെന്ന് പാത്രിയർക്കീസ് ബാവ പൗലൂസ് റമ്പാച്ചനെ അറിയിച്ചു. ആരുടെ തൃപ്പാദത്തിലിരുന്ന വേദാഭ്യസനം നടത്തിയോ ആ മഹാചാര്യനെ മെത്രാൻസ്ഥാനമാകുന്ന വെള്ളിക്കാശുവാങ്ങി വിറ്റൊഴിക്കുന്നതിന് പൗലൂസ് റമ്പാച്ചൻ സന്നദ്ധനായില്ല. അബ്ദുള്ളാ ബാവാ, പൗലൂസ്റമ്പാച്ചന്റെ സതീർത്ഥ്യനും സന്മിത്രവുമായിരുന്ന പൗലൂസ് റമ്പാച്ചനെ മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ച് അദ്ദേഹത്തോട് മലങ്കരസഭയെ അടിമത്വത്തിലേക്കു തള്ളിവിടുവാനുള്ള ഉടമ്പടി വാങ്ങിച്ചു. അതോടുകൂടി മലങ്കര ഓർത്തഡോക്സ് സഭ രണ്ടായി പിളർന്നു.

രാഷ്ട്രീയ ശക്തിയുടെ ഗുരുലഘുത്വഭാവം മാറിമാറി കൈക്കൊണ്ടുവന്നിരുന്ന വിദേശസഭകളുടെ പ്രവേശനത്താലും സമ്മർദ്ദനങ്ങളാലും മലങ്കരസഭയ്ക്ക് അന്തരാന്തരാ അന്ത്യോഖ്യൻ ഓർത്തഡോക്സ് സഭയുമായി ആത്മീയ ബന്ധം പുലർത്തേണ്ടതായി വന്നിട്ടുണ്ട്. ആ ബന്ധം ലൗകികമാക്കിത്തീർക്കുന്നതിനുവേണ്ടി അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ ശ്രമിച്ചതിന്റെ ഫലമായിട്ടായിരുന്നു മലങ്കര ഓർത്തഡോക്സ് സഭ ഭിന്നിച്ചത്. ഈദൃശങ്ങളായ ഭിന്നതകൾ അന്ത്യോഖ്യായിലുമുണ്ടായിരുന്നു. പരിശുദ്ധ അബ്ദുള്ളാ പാത്രിയർക്കീസിന്റെ കാലത്തുതന്നെ അന്ത്യോഖ്യയിൽ കാനോനികമായി ഭരണം നടത്തിയിരുന്നത് പരിശുദ്ധ അബ്ദേദ്മിശിഹാ പാത്രിയ

FOR FAVOURS RECEIVED



Saramma Kuruvilla, Mal..yil Puthenveedu, Chengannur.

*With the Best Compliments from:*

★

**Dr. THOMAS MATHEW**

**KOCHUPURACKAL**

**KANJIKUZHY**

**KOTTAYAM - 4**

Hospital: 4237 Residence: 3351

---

**22 CT. സ്വർണ്ണാഭരണങ്ങൾക്ക്**

V

**എം. സി. ചാക്കോ**

**ജ്യൂവല്ലറി, തിരുവല്ലാ**

ഫോൺ: 419

*With the Best Compliments of:*

PHONE: 344 ESTD: 1942

**GENERAL MEDICAL STORES**

PHARMACEUTICAL DISTRIBUTORS

**TIRUVALLA**

Whole Sale Distributors

for

Sara - Squbbs Medicines.

ർക്കീസ് ബാവായായിരുന്നു. വട്ടശ്ശേരിത്തിരുമേനിയുടെമേൽ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ ഏൽപിച്ച മുടക്കമറ അബ്ദേദ്മിശിഹാബാവാ വലിച്ചുകീറി. എന്നു തന്നെയുമല്ല 1912-ൽ അദ്ദേഹം മലങ്കരയിൽ കാതോലിക്കാ സ്ഥാപനം പുനസ്ഥാപിക്കുകയും ചെയ്തു. പുന്നൂസ്റമ്പാച്ചനെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തതും പരിശുദ്ധ അബ്ദേദ്മിശിഹാ പാത്രിയർക്കീസ് ബാവാതന്നെ ആയിരുന്നു.

1929 ഫെബ്രുവരി 13-ാംനു- അന്ന് നിരണം, തുമ്പമൺ എന്നീ മെത്രാസനങ്ങളുടെ ഭരണാധികാരിയായിരുന്ന കല്ലാച്ചേരിൽ ഗ്രീഗോറിയോസ് തിരുമേനി ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ എന്ന പേരിൽ കിഴക്കൊക്കെയുടെയും കാതോലിക്കാ ബാവായായി വാഴിക്കപ്പെട്ടു. സഭാ ഭരണനിപുണനായിരുന്ന വട്ടശ്ശേരിത്തിരുമേനിയുടെ കാലശേഷം 1934 ഡിസംബർ 23-ാംനു- കാതോലിക്കാബാവാ തിരുമേനി മലങ്കര മെത്രാപ്പോലീത്തായായും തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ മലങ്കരസഭയുടെ ആത്മീയവും ലൗകികവുമായ പരമാധികാരിയായപ്പോൾ പാത്രിയർക്കീസ് വിഭാഗക്കാർ പൂർവ്വാധികം ക്ഷുഭിതരായി. അവർ അങ്കമാലി ഇടവകയുടെ പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയെ 1935 ഓഗസ്റ്റ് 22-ാംനു- മലങ്കരമെത്രാനായി തെരഞ്ഞെടുത്തു. അധികം താമസിയാതെ അത്താനാസ്യോസ് തിരുമേനിതന്നെ ഒന്നാം വാദിയായും കാതോലിക്കാബാവായെ ഒന്നാം പ്രതിയാക്കിയും കോട്ടയം ജില്ലാക്കോടതിയിൽ കേസും ആരംഭിച്ചു. അതു് 1938 ഫെബ്രുവരിയിലായിരുന്നു. കേസിൻെറ വിധി കാതോലിക്കാബാവായിക്കു് അനുകൂലമായിരുന്നു. പ്രസ്തുത വിധിയിന്മേൽ പാത്രിയർക്കീസ് കക്ഷി തിരുവിതാംകൂർ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. 1946-ൽ ഹൈക്കോടതി കാതോലിക്കാബാവായിക്കു് എതിരായി വിധി പ്രഖ്യാപിച്ചു. പിന്നീടു തിരുക്കൊച്ചി സംയോജനം നടന്നു. തിരുവിതാംകൂർ ഹൈക്കോടതിവിധിയുടെ പുനഃപരിശോധന നടത്തണമെന്നു കാണിച്ചു് കാതോലിക്കാബാവാ തിരുമേനി തിരുക്കൊച്ചി ഹൈക്കോടതിയിൽ അപേക്ഷ സമർപ്പിച്ചു. 1951-ൽ തിരുക്കൊച്ചി ഹൈക്കോടതി പ്രസ്തുത അപേക്ഷ തള്ളിക്കളഞ്ഞു. അതോടുകൂടി മലങ്കരസ്വത്തുക്കൾ മുഴുവനും, കാതോലിക്കാ ബാവാതിരുമനസ്സിലെ ആസ്ഥാനം തന്നെയും നഷ്ടപ്പെട്ടു എന്ന നില വന്നു. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ ആമൂലാഗ്രം വെട്ടിനുറുക്കിയ ആ വിധി പ്രഖ്യാപിച്ചപ്പോൾ ബാവാതിരുമേനി കൽക്കട്ടായിലായിരുന്നു. പ്രസ്തുത വിധി മലങ്കരയിലുള്ള സ്വസന്താനങ്ങളിൽ എന്തെല്ലാം പ്രതികരണങ്ങളാണ് ജനിപ്പിച്ചിരിക്കുന്നതെന്നു ചിന്തിച്ചു് അസ്വസ്ഥനാകാൻ തിരുമേനി മുതിർന്നില്ല. പള്ളികളും സ്വത്തുക്കളും സ്ഥാനമാനങ്ങളും അധികാരാവകാശങ്ങളും നഷ്ടപ്പെട്ട നിലയിൽ കേരളത്തിൽ എങ്ങനെ കാലുകുത്തും എന്ന് വിശ്വാസവീരനായ തിരുമേനി സംശയിച്ചില്ല. 'കാഴ്ചയാൽ അല്ല വിശ്വാസത്താലത്രെ ഞങ്ങൾ നടക്കുന്നതു്' എന്നിങ്ങനെ അപ്പോസ്തോലനായ പൗലോസ് കോരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം അഞ്ചാം അദ്ധ്യായത്തിലുള്ള വാക്യം തിരുമേനി ഓർത്തു. 'നാം കാണാത്തവയെ പ്രത്യയീകരിക്കുക എന്നുള്ളതത്രെ വിശ്വാസം; ഈ വിശ്വാസത്തിൻെറ പ്രതിഫലമോ നാം പ്രത്യയീകരിക്കുന്നവയെ കാണുക എന്നുള്ളതാകുന്നു.' വിശുദ്ധ ആഗസ്റ്റിൻ പറഞ്ഞിട്ടുള്ള പ്രസ്തുത വാക്യം തിരുമേനിയെ ധൈര്യപ്പെടുത്തി. തിരുമേനി കൽക്കട്ടായിൽനിന്നും കേരളത്തിലേക്കു തിരിച്ചു. അതിനിടയിൽ സഭാസ്നേഹമൂർത്തിയായിരുന്ന കെ. സി. മാമ്മൻമാപ്പിള, ശാന്തഗംഭീരനായിരുന്ന എം. സി. മാത്യു തുടങ്ങിയ മഹാരഥന്മാർ കോട്ടയത്തുതന്നെ പരിശുദ്ധ കാതോലിക്കാബാവാതിരുമേനിക്കു നിർബാധമായി അധിവസിക്കുവാൻ ദേവലോകം എന്ന പേരോടുകൂടി അതിമനോഹരമായ ഒരു അരമന സമ്പാദിച്ചുകഴിഞ്ഞിരുന്നു. ശത്രുക്കൾ കണ്ണുമിഴിച്ചു നോക്കിനിൽക്കവേ ജനലക്ഷങ്ങളുടെ സ്തോത്രാരവത്താൽ മുഖരിതമായ വായുമണ്ഡലത്തെ ഭേദിച്ചുകൊണ്ടു് മിശിഹാതമ്പുരാൻ നിർഭയനായി യേറുശലേം ദേവാലയത്തിലേക്കെഴുന്നള്ളിയതുപോലെ പരിശുദ്ധ കാതോലിക്കാബാവാ പരിവാരസമേതനായി വാഹനസഹസ്രങ്ങളുടെ അകമ്പടിയോടുകൂടി ദേവലോകം അരമനയിലേക്കു എഴുന്നള്ളി. അധികം താമസിയാതെതന്നെ ബാവാതിരുമേനി തിരുക്കൊച്ചി ഹൈക്കോടതി പുറപ്പെടുവിച്ച വിധിക്കെതിരായി സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. അപ്പോഴേക്കും രൂപം പ്രാപിച്ചുകഴിഞ്ഞ കേരളാ ഹൈക്കോടതി തന്നെ പ്രസ്തുത അപ്പീൽ കേട്ടു തീരുമാനിക്കാൻ സുപ്രീംകോടതി നിർദ്ദേശിച്ചു. പിന്നെയും ബാവാതിരുമേനിയുടെ റിവിഷൻ ഹർജി കേരളഹൈക്കോടതി തള്ളിക്കളഞ്ഞു. എന്നിട്ടും തിരുമേനി ഭയചകിതനായില്ല. കേരള വിധിക്കെതിരായിതിരു

With Respectful Regards



A Wellwisher


Kottayam

മനസ്സുകൊണ്ടു് സുപ്രീംകോടതിയിൽ ഒരു പുതിയ വാദമുഖം ഉന്നയിച്ചുകൊണ്ടു് വീണ്ടും കേസു ഫയൽ ചെയ്തു. 1958 സെപ്റ്റംബർ 12-ാം തീയതിയായിരുന്നു സുപ്രീംകോടതി ഈ കേസിന്റെ വിധി പ്രസ്താവിച്ചതു്. അന്നു് തിരുമേനിക്കു് 82 വയസ്സു തികഞ്ഞിരുന്നു. എന്നിട്ടും ബുദ്ധിക്കും ആലോചനയ്ക്കും യാതൊരു ക്ഷീണവും തട്ടിയിരുന്നില്ല. പൈശാചികശക്തികളെ മുഴുവൻ സ്തംഭിപ്പിച്ചും സത്യാനുയായികളേയും വിശ്വാസികളേയും ആഹ്ളാദിപ്പിച്ചുംകൊണ്ടു് സുപ്രീംകോടതി കാതോലിക്കാബാവാതിരുമേനിക്കു് അനുകൂലമായി വിധി പുറപ്പെടുവിച്ചു. അങ്ങനെ എത്രാണ്ടു് 1913-ൽ ആരംഭിച്ച സമുദായക്കേസ് മാർത്തോമ്മാശ്ളീഹായാൽ സ്ഥാപിക്കപ്പെട്ട മലങ്കര സഭയ്ക്കു് പൂർണ്ണ സ്വാതന്ത്ര്യവും ആഭ്യന്തരശക്തിയും നൽകിക്കൊണ്ടു് 1958-ൽ അവസാനിച്ചു. കാണാത്ത സത്യത്തെ വിശ്വസിച്ച തിരുമേനിക്കു് വിശ്വസിച്ച സത്യത്തെ കാണുവാൻ തക്ക ഭാഗ്യമുണ്ടായി.

കൊടുങ്കാറ്റു തട്ടി ബോധം മറഞ്ഞ മഹാസമുദ്രത്തിൽക്കൂടി ഓളപ്പാത്തിയിൽ വീണുരുണ്ടും, തിരമാലകളാൽ അന്തരീക്ഷത്തിൽ നിക്ഷേപിക്കപ്പെട്ടും പാറക്കെട്ടുകളിൽ തട്ടിയും മുന്നോട്ടുപോകുന്ന ഒരു കപ്പലിനെ എങ്ങനെങ്കിലും തരത്തിൽ ഒരു കരയിലെത്തിക്കാൻ ശ്രമിക്കുകയല്ലാതെ ആ കപ്പലിന്റെ പരിഷ്ക്കരണത്തിനോ വിപുലീകരണത്തിനോ അതിന്റെ കപ്പിത്താൻ ഒരിക്കലും സന്നദ്ധനാകാറില്ല. എന്നാൽ മലങ്കര ഓർത്തഡോക്സു് സഭയാകുന്ന മനൗകയുടെ നിയന്ത്രകൻ അതിനെ ഇടിയും മിന്നലുംകൊണ്ടു് ഭീകരവും പേമാറിയും പെരുങ്കാറ്റും കൊണ്ടു് പ്രക്ഷുബ്ധവും അടിയൊഴുക്കും അകവലിയും കൊണ്ടു് ആപൽക്കരവുമായിരുന്ന കോടതിക്കടലുകളിൽക്കൂടി നിർബാധം ഓടിച്ചു് സമാധാനമാകുന്ന തുറമുഖത്തു് അടുപ്പിച്ചു മാത്രമല്ല അതിന്റെ പ്രഭാപൂരത്താൽ പ്രപഞ്ചത്തെ തേജോമയമാക്കുകകൂടി ചെയ്തു.

1908-ൽ റമ്പാനായിരുന്ന കാലത്തുതന്നെ വിശുദ്ധനാടു സന്ദർശിക്കാൻ ഭാഗ്യം സിദ്ധിച്ച തിരുമേനിക്കു് 1937-ൽ എഡിൻബറോയിൽവച്ചു നടന്ന അഖിലലോക സഭാകൗൺസിലിൽ പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ പരമാധികാരിയായിത്തന്നെ സംബന്ധിക്കുവാൻ സാധിച്ചു. ശ്രുതാദ്ധ്യയന സമ്പന്നനായിരുന്ന തിരുമേനിയുടെ വ്യക്തിത്വവും ദേവത്വവും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വിവിധ ക്രൈസ്തവ സഭാപ്രതിനിധികളായി എഡിൻബറോ സമ്മേളനത്തിൽ സംബന്ധിച്ച എല്ലാവരേയും ഒന്നുപോലെ സമാകർഷിക്കുകയുണ്ടായി. ലോകത്തിലെ വിദ്യാലയമണ്ഡലങ്ങളുടെ താഴികക്കുടമായി പ്രശോഭിക്കുന്ന കെയിംബ്രിഡ്ജ് സർവ്വകലാശാലയും ബാവാതിരുമനസ്സുകൊണ്ടു് അക്കാലത്തു സന്ദർശിച്ചു. എഡിൻബറോയിൽനിന്നുള്ള മടക്കയാത്രയിൽ യൂഗോസ്ലോവിയാ, ഇററലി, ഈജിപ്തു് സിലോൺ മുതലായ രാജ്യങ്ങളും സന്ദർശിക്കുന്നതിനും, അതാതു രാജ്യങ്ങളിലെ സമുന്നതന്മാരായ വ്യക്തികളുടെ സ്നേഹാദരവുകൾ സമ്പാദിക്കുന്നതിനും തിരുമേനിക്കു കഴിഞ്ഞിട്ടുണ്ടു്. പാശ്ചാത്യപൗരസ്ത്യ നാടുകളിലൂടെയുള്ള തിരുമേനിയുടെ പര്യടനത്തിന്റെ ഫലമായി വളരെയധികം സഭാമേലദ്ധ്യക്ഷന്മാരുമായും ഭരണാധികാരികളുമായും പരിചയപ്പെടുന്നതിനു ബാവാതിരുമേനിക്കു സാധിച്ചിട്ടുണ്ടെന്നു മാത്രമല്ല അവരിൽ അനേകരും തിരുമേനിയെ നേരിട്ടു സന്ദർശിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതും സ്മരണീയമാണു്.

**FOR FAVOURS RECEIVED**



**A Firm Believer, Meenkunnam. Achiyamma Chacko, Kurudamannil.**

*With Best Compliments from:*

# N. K. PODUVAL & COMPANY

## ENGINEERS & MERCHANTS

**KOTTAYAM** **COCHIN - 11**

---

ഷാവാലസ് & കമ്പനിയുടെ

# നക്ഷത്രമാർക്ക്

കന്നുകാലി, കോഴി തീററകൾ, വളങ്ങൾ, സ്പ്രെയറുകൾ,

കീടനാശിനികൾ തുടങ്ങിയവയ്ക്ക് സമീപിക്കുക

## ഉപ്പൂട്ടിൽ ഏജൻസീസ്

കളരിക്കൽ ബസ്സാർ; കോട്ടയം-1

**Phone:** 2570

അർമ്മീനിയൻ കാതോലിക്കോസ് വസ്കൻ, അമേരിക്കൻ ആർച്ചുബിഷോപ്പ് ഈയാക്കോവോസ്, എത്യോപ്യൻ ആബൂനാ തേയോഫിലോസ്, റഷ്യൻ ആർച്ചുബിഷോപ്പ് നിക്കോദീം, ലണ്ടനിലെ ആർച്ചുബിഷോപ്പ് ആൻറണിബ്ളൂം, അലക്സന്ത്റിയായിലെ മാർ യൂഹാനീസ്, ആഥൻസിലെ സ്പിരിഡോൺ, റൂമേനിയായിലെ ജസ്റ്റിൻ, യറുശലേം പാത്രിയർക്കീസ് ഡൊഡേറിയൻ, ലബാനോനിലെ ആർച്ചുബിഷോപ്പ് പൊളാടിയോൻ മുതലായവർ പ. കാതോലിക്കാബാവായെ സന്ദർശിച്ചിട്ടുള്ള മഹാചാര്യന്മാരാണ്. കൂടാതെ ഭാരതകേസരി മന്നത്തു പത്മനാഭൻ തുടങ്ങിയ സമുദായ നേതാക്കന്മാരും, കേരളത്തിൻെറ ഭരണഭാരം വഹിച്ചിട്ടുള്ള പല മന്ത്രിമാരും ബാവാതിരുമേനിയെ നേരിട്ടു സന്ദർശിച്ച് തിരുമേനിയിൽനിന്നും അനുഗ്രഹം പ്രാപിച്ചിട്ടുള്ളവരാണ്. പ്രതാപശാലിയായ തിരുമേനിക്കു പല സന്ദർഭങ്ങളിലായി കേരളാഗവർണർമാരായ രാമകൃഷ്ണറാവു, വി. വി. ഗിരി, ബോംബേ ഗവർണറായിരുന്ന മഹാരാജസിംഗ്, സിലോൺ ഗവർണർ, ഹാലിഫാക്സ് പ്രഭു, ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിററ് ജവഹർലാൽ നെഹ്റു, ഇൻഡ്യാവൈസ്രോയിയായിരുന്ന ഇർവിൻപ്രഭു, എത്യോപ്യൻ ചക്രവർത്തിയായ ഹെയ്ലി സെലാസി, സൈപ്രസ് പ്രസിഡൻറ് ആർച്ചുബിഷോപ്പ് മക്കാറിയോസ് എന്നിങ്ങനേയുള്ള നിരവധി രാഷ്ട്രഭരണതന്ത്രജ്ഞന്മാരുമായും വിശ്വവിഖ്യാതന്മാരുമായും പരിചയപ്പെടുന്നതിനും സൗഹാർദ്ദസംഭാഷണം നടത്തുന്നതിനുമുള്ള മഹാഭാഗ്യവും കൈവന്നിട്ടുണ്ട്.

ക്രൈസ്തവസഭാമേലദ്ധ്യക്ഷന്മാരിൽ ഇത്രയധികം ലോകവിശ്രുതിയും മഹാജനസമ്മാന്യതയും നേടുന്നതിനു പരിശുദ്ധ കാതോലിക്കാബാവയ്ക്കു സാധിച്ചതു് തിരുമനസ്സിലെ നിസ്സീമവും, നിഷ്കപടവുമായ ദൈവഭക്തിയും സത്യനിഷ്ഠയും, പ്രതാനുഷ്ഠാന തീക്ഷ്ണതയും സമഭാവനയുംകൊണ്ടു മാത്രമാണ്. തിരുമനസ്സിലെ പ്രാർത്ഥനകളും ബലിപൂജാദി കർമ്മങ്ങളും ആരാധകലക്ഷങ്ങളിൽ ദൈവസാന്നിദ്ധ്യപ്രതീതി ജനിപ്പിച്ചിട്ടുണ്ട്. ശാന്തഗംഭീരമായ ശബ്ദവും ആശംബ്ദത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ഭക്തിമാധുര്യവുംകൊണ്ട് തിരുമനസ്സിലെ സ്തോത്രഗീതങ്ങൾ സ്വർഗ്ഗീയമാലാഖമാരെപ്പോലും ശ്രോതാക്കളാക്കിയിരുന്നു. തിരുമേനിയുടെ വിശുദ്ധ കർബ്ബാന അതിൽ സംബന്ധിച്ചിട്ടുള്ള അക്രൈസ്തവരായ രാജ്യഭരണകർത്താക്കളേയും സമുന്നതരായ ലോകനേതാക്കന്മാരെയും ഭക്തിവിവശരാക്കിയിട്ടുണ്ടെന്ന് അവരുടെ പ്രസ്താവനകളും എഴുത്തുകളും സാക്ഷ്യം വഹിക്കുന്നു.

സുറിയാനിസഭയിലും ഓർത്തഡോക്സ് വിശ്വാസാചാരങ്ങളുടങ്ങിയ പ്രമാണഗ്രന്ഥങ്ങളിലും ഇത്രവളരെ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള തിരുമേനിമാർ വിരളമാണ്. സുറിയാനിഗ്രന്ഥങ്ങൾ പലതും മലയാളത്തിലേക്കു വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തിയാൽ കൊള്ളാമെന്നു തിരുമേനിക്കു് ആഗ്രഹമുണ്ടായിരുന്നു. സഹദേന്മാരുടെ പരിത്രം, രഹസ്യപ്രാർത്ഥനകൾ, പറുദൈസ, മാർ യൂഹാനോൻ മാംദാനായുടെ ചരിത്രം എന്നിവ തിരുമേനി തർജ്ജമ ചെയ്തിട്ടുള്ളവയാണ്. ഓർത്തഡോക്സ് സഭാസംബന്ധമായി മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ഭാഷാപരമായും പ്രയോഗപരമായും പല വൈകല്യങ്ങളുണ്ടെന്ന് തിരുമേനിക്കറിയാമായിരുന്നു. ഒരിക്കൽ തിരുമേനി പുത്തൻകാവ് സെൻറ്മേരീസ് ദേവാലയത്തിൽ വരികയും ഒരാഴ്ചയോളം പള്ളിമുറിയിൽ താമസിക്കുകയുമുണ്ടായി. ആ സന്ദർഭത്തിൽ തിരുമേനിയുടെ നിർദ്ദേശപ്രകാരം ഞാൻ സുറിയാനിക്രിസ്ത്യാനികളുടെ നമസ്ക്കാരക്രമം എന്ന ഗ്രന്ഥത്തിലെ തെററുകൾ തിരുമേനിയുടെ സന്നിധിയിലിരുന്നു തിരുത്തി ആ ഗ്രന്ഥം പരിഷ്ക്കരിക്കുകയുണ്ടായി. തിരുവല്ലായിലുണ്ടായിരുന്ന എം. ജി. എം. പ്രസ്സിൽ ദിവ്യശ്രീ പുന്നൂസച്ചൻ ആ നമസ്ക്കാരപുസ്തകം അച്ചടിപ്പിക്കുകയും അതിൻെറ കോപ്പികൾ വിററഴിക്കുകയും ചെയ്തിട്ടുണ്ട്.

മലങ്കരസഭയുടെ പുരോഗതിക്ക് സഭാംഗങ്ങളായ ഒരു വിഭാഗം ജനങ്ങൾ നിരന്തരമായി പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നിട്ടും പരിശുദ്ധ കാതോലിക്കാബാവാതിരുമനസ്സിലെ ഭരണകാലത്തു് സഭയ്ക്ക് അഭൂതപൂർവ്വമായ വികാസമാണ് സിദ്ധിച്ചിട്ടുള്ളതു്. കേരളത്തിനു വെളിയിലും അധികം പള്ളികൾ സ്ഥാപിക്കാൻ കഴിഞ്ഞു. പത്തു പേരെ മെത്രാന്മാരായി വാഴിച്ചു അധികം പള്ളികളും വിദ്യാലയങ്ങളും സ്ഥാപിച്ചു. അവയ്ക്കെല്ലാം മകുടം ചാർത്തത്തക്കവണ്ണം ഉണ്ടായ ഒരു വലിയ സ്ഥാപനമാണ് പത്തനംതിട്ട കാതോലിക്കേററ് കോളജ്. കർമ്മയോഗിയായിരുന്ന പുത്തൻകാവ് ഗീവറുഗീസ് മാർ പീലക്സീനോസ് തിരുമേനിയുടെ ബുദ്ധിയിലാണ് പ്രസ്തുത സ്ഥാപനം ആദ്യമായി രൂപം പൂണ്ടതു്. തിരുമേനിയുടെ അപേക്ഷപ്രകാരം 195

*With the Best Compliments of*

★

**PHILIPS COFFEE & TEA**

**278 D. N. ROAD**

**BOMBAY-1**

ഏപ്രിൽമാസം 5-ാം തീയതി തിരുമേനിക്കു് യൂണിവേഴ്സിററിയിൽനിന്നും ഒരു കത്തു കിട്ടി. പുതിയ കോളജ് ആരംഭിക്കുന്നമെന്നു് ആഗ്രഹിക്കുന്നവർ അഞ്ചു ലക്ഷം രൂപാ കരുതൽധനമായി സർക്കാരിൽ കെട്ടിവയ്ക്കണമെന്നുള്ള നിർദ്ദേശമായിരുന്നു ആ കത്തിലുണ്ടായിരുന്നതു്. ആ കത്തിനു മറുപടി അയയ്ക്കാൻ സാധിക്കാത്ത തരത്തിൽ ജനകോടികളെ ബാഷ്പസാഗരത്തിൽ ആമഗ്നരാക്കിക്കൊണ്ടു് തിരുമേനി 1951 ഏപ്രിൽ 17-ാം തീയതി ദിവംഗതനായി. ഓർത്തഡോക്സ് സഭയുടെ ശക്തിദുർഗ്ഗം അതോടെ തകർന്നു എങ്കിലും പത്തനംതിട്ടയിലെ ചില പ്രമുഖ വ്യക്തികൾ ഓർത്തഡോക്സുസഭയ്ക്കു ലഭിച്ച ഒരപൂർവ്വ നിധി എന്ന നിലയിൽ കോളജുകാര്യത്തെ സംബന്ധിച്ചു് യൂണിവേഴ്സിററിയിൽനിന്നു വന്ന കത്തുമായി പ. കാതോലിക്കാബാവാതിരുമേനിയെ സമീപിച്ചു. സമുദായക്കേസു പ്രമാണിച്ചു പ്രതിവർഷം ലക്ഷക്കണക്കിനുള്ള രൂപാ ചെലവഴിച്ചുകൊണ്ടിരുന്ന ഓർത്തഡോക്സ് സഭയ്ക്കു് അഞ്ചു ലക്ഷം രൂപാ കെട്ടിവെച്ചു് ഒരു കോളജു തുടങ്ങുന്നതിനു അന്നു യാതൊരു നിവൃത്തിയുമില്ലായിരുന്നു. എങ്കിലും ബാവാതിരുമനസ്സുകൊണ്ടു് ഏതു തരത്തിലും കോളജു നടത്താമെന്നുള്ള സമ്മതം രേഖപ്പെടുത്തിയ കത്തു് യൂണിവേഴ്സിററിക്കയച്ചു.

കാലം ചെയ്ത ഗീവറുഗീസ് മാർ പീലക്സീനോസ് തിരുമേനിക്കു പകരമായി തുമ്പമൺ മെത്രാസനത്തിന്റെ ഭരണഭാരം വഹിച്ചിരുന്ന മാർ തീമോത്തിയോസ് തിരുമേനി (ഇന്നത്തെ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ) യുടെ നേതൃത്വത്തിൽ പത്തനംതിട്ട കാതോലിക്കേററു് കോളജിനു വേണ്ടി ഒരു കമ്മററി രൂപവൽകൃതമായി. അന്നു് പാളയംകോട്ടു് സെൻറു് ജോൺസ് കോളജിലെ പ്രൊഫസ്സറായി ജോലിനോക്കിവന്നിരുന്ന എനിക്കു് കാതോലിക്കേററു് കോളജുകമ്മററിയുടെ നിർബന്ധപ്രകാരം അതിന്റെ ഓർഗനൈസിംഗ് സെക്രട്ടറിയുടെ ചുമതല വഹിക്കേണ്ടിയിരുന്നു. പ്രവർത്തകന്മാരുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി 1952 ഓഗസ്ററു് 2-ാം തീയതി പത്തനംതിട്ടയിലെ മാക്കാംകുന്നിൽ പരിശുദ്ധ ബാവായുടെ മാനേജുമെൻറിൽ കാതോലിക്കേററു് കോളജു് സ്ഥാപിക്കുന്നതിനു സാധിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിലെ ഒരു സുവർണ്ണാദ്ധ്യായത്തിന്റെ പൂർത്തീകരണമായിരുന്നു കാതോലിക്കേററു് കോളജിന്റെ ആവിർഭാവം. കോളജിന്റെ ഉദ്ഘാടനകർമ്മത്തിനു മലങ്കരസഭയിലെ എല്ലാ മെത്രാപ്പോലീത്താമാരുടെയും സഹകരണത്തോടുകൂടി പരിശുദ്ധ കാതോലിക്കാബാവ തിരുമേനി വിശുദ്ധ കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കു ശേഷം ഏതാനും മണിക്കൂർ സമയത്തേക്കു് തിരുമേനി ആലസ്യവിധേയനാവുകയുണ്ടായി. എന്നാൽ ഉദ്ഘാടനസന്ദർഭമായപ്പോഴ് സർവ്വശക്തന്റെ മഹാകാരുണ്യത്താൽ പരിശുദ്ധ ബാവാതിരുമേനി പൂർവ്വാധികം ഊർജ്ജസ്വലനായി സുസ്മേരവദനനായി സമ്മേളനപ്രസംഗവേദിയിൽ സന്നിഹിതനായി. ഉദ്ഘാടകനായ രാജപ്രമുഖൻ ശ്രീ ചിത്തിര തിരുനാളിനെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുവാൻ ക്ഷണിച്ചു പ്രസംഗിച്ചതും ബാവാതിരുമേനി തന്നെയായിരുന്നു.

കോളജു് ആരംഭിച്ചു് രണ്ടു വർഷം കഴിഞ്ഞപ്പോൾ ആരംഭിച്ച ശാസ്ത്രവിഭാഗ കെട്ടിട

FOR FAVOURS RECEIVED



A Firm Believer, Kuwait.

ത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചതും പരിശുദ്ധ ബാവാതന്നെയായിരുന്നു.



കോളേജ് ഉത്ഘാടനം ചെയ്യുന്നതിന് രാജപ്രമുഖൻ തിരുമേനിയെ ക്ഷണിച്ചുകൊണ്ട് ബാവാ പ്രസംഗിക്കുന്നു.

പൗരസ്ത്യ ഓത്തഡോക്സ് സഭയുടെ പരമാധികാരിയായി സുദീർഘകാലം ജീവിച്ച പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായെക്കുറിച്ചു ചുരുങ്ങിയ രീതിയിൽ ഒരു ലേഖനം എഴുതുകയെന്നുള്ളത് അദ്ദേഹത്തിന്റെ വാൽസല്യ ഭാജനമായ ഒരു മകൻ എന്ന നിലയിൽ വർത്തിക്കുവാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള ഒരാൾക്കു സാദ്ധ്യമല്ല. തിരുമേനിയുടെ സ്വഭാവവിശേഷങ്ങൾ മാത്രം എടുത്തുപറഞ്ഞാലും അതൊരു പുസ്തകമായും തീരും. പുരാതനകാലങ്ങളിലെ മഹർഷിപുംഗവന്മാരെപ്പോലെ തിരുമേനി ചിലപ്പോൾ ക്ഷിപ്രകോപിയായി കാണാറുണ്ടായിരുന്നു. പ്രാർത്ഥനകളിലും ശുശ്രൂഷകളിലും തെറ്റു കാണുമ്പോഴായിരുന്നു തിരുമേനി കോപിക്കുക. സഭയുടെ ചട്ടങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന ഇടവകക്കാരോടും വ്യക്തികളോടും തിരുമേനി തട്ടിക്കേറുമായിരുന്നു. എന്നാൽ തിരുമേനിയുടെ കോപം മഞ്ഞുകട്ടപോലെ പെട്ടെന്ന് ഉരുകി ഒഴുകുകയും ചെയ്യുമായിരുന്നു. ശത്രുക്കളോടുപോലും തിരുമേനി വിരോധം വച്ചുപുലർത്തിയിരുന്നില്ല. ഒരിക്കൽ ഞാൻ അടുത്തു നിന്നിരുന്ന ഒരു സന്ദർഭത്തിൽ പുത്തൻകാവിലെ കൊച്ചുതിരുമേനി ഒരു പട്ടക്കാരന്റെ ക്രൂരമായ നടപടിയെക്കുറിച്ചു ബാവാതിരുമേനിയോടു പരാതി പറയുകയായിരുന്നു. ആ പട്ടക്കാരനെ സഭയിൽനിന്നും നീക്കം ചെയ്യുന്നതാണു നന്നെന്നുള്ള എന്റെ അഭിപ്രായം ഞാൻ വിനീതമായ സ്വരത്തിൽ അവിടെ പ്രകടിപ്പിക്കുകയുമുണ്ടായി. അപ്പോൾ മഹാകാരുണ്യവാനായ തിരുമേനി കല്പിച്ചതു 'മെത്രാച്ചാ, നാമെല്ലാവരും പരിശുദ്ധന്മാരല്ല, നമുക്കും തെറ്റുകുറ്റങ്ങൾ ഉണ്ടാകാം. അതുകൊണ്ടു നാം ആ കത്തനാരെ ശിക്ഷിക്കുന്നില്ല' എന്നാണ്. ഭക്തിയിലും തിരുമേനി അദ്വിതീയനായിരുന്നു. പതിനഞ്ചു വർഷം വന്ധ്യയായിരുന്നശേഷം പരിശുദ്ധ ബാവാതിരുമേനിയുടെ പ്രാർത്ഥനകൊണ്ടും അനുഗ്രഹംകൊണ്ടും ഒരു ഭാര്യ സന്താനവതിയായ സംഭവം അവരുടെ ഭർത്താവായ എന്റെ ഒരു സ്നേഹിതൻ ഈയിടെ എന്നോടു പറയുകയുണ്ടായി. ബാധകളും രോഗങ്ങളും തിരുമേനിയുടെ പ്രാർത്ഥനകളാൽ നീങ്ങിപ്പോയിട്ടുണ്ട്. ഭാഗ്യവാനായ തിരുമനസ്സിലെ പ്രാർത്ഥന ഇന്നും എന്നും മലങ്കരസഭയ്ക്കും അതിലെ അംഗങ്ങൾക്കും കോട്ടയായിരിക്കട്ടെ.

—0—

*With Best regards*



*from:*

**JACOB'S ARREATED WATERS KOTTAYAM**

## Bava Thirumeni:

# A Guiding Light For Ever

(Mrs. Achamma Mathai, Bombay)

It is in the fitness of things that a Souvenir should be published in memory of the Birth Centenary of His Holiness the late Catholicos Moran Mar Baselius Geevarghese II of the Orthodox Syrian Church in India. It is a gesture which will be greatly appreciated and welcomed by all those who had the good fortune to come in contact with His Holiness.

He was an outstanding personality. His tall stature, flowing white beard offset by the ceremonial robes of the Catholicos left an impression one could not easily forget. His face and voice enriched by fasting and prayer reflected a life of piety and holiness. The kissing of his ring followed usually by a blessing, gave the recipients a sense of spiritual wellbeing and inspired them with loyalty and devotion.

Eventhough I live most of my life outside Kerala, I have had the good fortune to meet His Holiness on several occasions and receive his blessings. One that stands out in my memory is when His Holiness accepted the invitation to consecrate the first Orthodox Syrian Church in Bombay.

The Governor of Bombay at the time was Raja Sir Maharaj Singh. His father belonged to theKaprithala family. He was one of the earliest to accept Christianity and in doing so had to renounce his claim to the Gadi of Kaprithala State. Rajkumari Amrit Kaur the Health Minister in the first cabinet of Independent India was his sister. Raja Maharaj Singh was a great admirer of the ancient Syrian Church and was deeply interested in its history and rituals. It was the chief subject of conversation whenever I met him. On hearing that His Holiness the Catholicos was to consecrate the church in Bombay,he and the Rani sahiba wished to be present on the occasion.

The Service was a very impressive one. His Holiness's personality and his rich deep voice added to the solemnity and dignity of the service. I noticed tears in the eyes of Rani Sahiba when His Holiness consecrated every door and window with the sign of the Cross in Holy Mooron. They told me afterwards that they were greatly impressed by the Service. At the reception given by theGovernor to HisHoliness, the Rani Sahiba came up to him and told him that it was not their fault that they were not the members of his church."Your church did not bring the message of Crist to Rajah." His Holiness smiled and blessed her.

If he was alive today it would have gladdened his heart to see how much

Tel: "ENDPAR" Phone: 3363

# ENOCH PHARMA

PHARMACEUTICAL MANUFACTURERS

QUILON-8, KERALA STATE

OUR PRODUCTS

TINCTURES, TABLETS. PUSHPAM EYE DROPS,
BORACIN ANTI-SEPTIC POWDER, CHAMPION SHARK LIVER OIL.
GLYCEROVINE, HISTARYL, EXPECTORANT, TERPEX COUGH SYRUP
NEURO-MALT-D

---

# WESTERN MEDICAL STORES

WHOLESALE CHEMISTS

QUILON-1

STOCKITS FOR:

| | |
|---|---|
| Pfizer Pharmaceuticals | Warner Hindustan Ltd. |
| Pfizer Veterinary | Himalaya Drug Co. |
| Tata Fison | Boehringer-Knoll |
| Geigy | Cadila |
| Enoch Pharma | Indo-German Alkaloids |
| Tablets Ltd | Indoco Remedies |
| M. A. C. Margarettes Pharma | Amrutanjan Ltd., |
| Nicholas of India Ltd. (Aspro etc) | Kaviraj N. N. Sen & Co. |

---

## Kerala Chemical & Biological Agency

Musaliar Building, Quilon-1

Phone: 3901 "Gram. MEDICINE"

DISTRIBUTORS/STOCKISTS FOR

May & Baker (India) Pvt. Ltd., Ethnor Limited,
Johnson & Johnson Ltd., Sarabai Chemicals (Squibb) Franco-Indian-Grimault
Indo-Pharma Pharmaceuticals Works Ltd.
Bengal Immunity Co. Ltd., Serum Institute of India
John Wyeth, Indian Drugs & Pharmaceuticals Standard Pharmaceuticals Ltd.

the membership of his church had grown in Bombay and the enthusiasm with which attempts are being made to establish churches in different parts of the city.

Unfortunately the years of his catholicate were years of struggle by the church to maintain its temporal and administrative independence. Just as our country fought for independence while prepared to remain within the commonwealth, the Orthodox syrian Church of India fought to maintain its temporal and administrative independence while acknowledging the spiritual affiliation to His Holiness the Patriarch of (Antioch? Damascus)

My husband and myself travelled by the same ship which took His Holiness the Catholicos on a peace making attempt with His Holiness the Patriarch. Unfortunately the outcome did not help in resolving the situation.

The struggle reached its climax when the dispute had to be referred to the Supreme Court at Delhi. We were at Delhi at the time and was able informally to explain the situation to those who were advocating the independence of the Church in India.

Once when I met His Holiness during this period he told me of a dream he had. He said that "John Vakil"- referring to myfather-appeared to him and assured him that there was no cause for anxiety and that all would be well. My father was a strong advocate of maintaining the independence of the church as far as its temporal and administrative matters were concerned. In my child hood this was a frequent subject of discussion in our house atTrivandrum where the leaders of theChurch gathered over a cup of coffee in the evenings. Even we children became familiar with the pros and cons of the subject. The decision of the Supreme Court confirmed the dream His Holiness had earlier.

His Holiness often spoke of the efficacy of prayer, prayer not merely as a supplication but as a time of meditation which brought you to the presence of God. Giving you strength and courage to overcome the weight of the cross that each of us is called to bear. On one occasion he advised us to hold tightly on to the Holy Mother. She is the best mediator to ease our suffering and sorrows.

We who have had the honour and privilege to meet His Holiness revere his memory and believe that he still guides the churh along the right path. While enabling the church to make its rich traditions, customs, beliefs, and rituals still richer through peace and concord within, by wise and restrained action make it also a forward looking movement in keeping with the rapid changes that are taking place at the present ime.

May the Church through the mediation of His Holiness become a still grater instrument of service peace and goodwill.

Phone: 349

# PEEDIKAIL STORES

PATHANAMTHITTA, (KERALA)

AUTHORISED DEALERS STOCKISTS FOR:-

SEWING MACHINES:– Singer and Sagar.

RADIOS:– Nelco, Remco, Telefunken, Telerad, And Standard.

FANS:- G. E. C., Coolhome, Crompton, Singer, and Orient Fans.

MOTORS & PUMPS:– El. P. EM. Deepwell Pumps; Crompton, G. E. C., Kirloskar, And Texmo.

AHUJA AMPLIFIERS, Microphones, and Other items.

DOMESTIC APPLIANCES:- Bajaj, Crest, Killicks, And Racold Domestic appliances like washing Machines, Water Heaters, Ovens, Hot plates, Cooking Range Etc.

ALLWYN REFRIGERATORS.

STEEL FURNITURE AND OFFICE EQUIPMENTS:– Eagle Susan, and Cromelite Steel Furniture and Office Equipments.

WIRING MATERIALS:– Best quality Wiring Materials, G.E.C. and Crompton light Fittings, Lightning arresters etc.

---

Special discount allowed for Institutions.

Presentation items our Speciality.

# പ. ബാവാ തിരുമേനി

(A. V. Zachariah M. A.)

## ഒളിമിന്നുന്ന ഓർമ്മകൾ

### I



ഇന്നും മറന്നില്ല—പൊന്നൊളി തൂകിയ
സുന്ദരമാമുഖം ഞങ്ങൾ
എന്നും മിഴികളിൽ—മിന്നിത്തെളിയുമാ
മിന്നൽപ്പിണറിന്റെ രൂപം (മിന്നൽ............ .

വെള്ളിത്തിരി പോലെ—തുള്ളിക്കളിച്ചൊരാ
വെള്ളയാം താടിരോമങ്ങൾ
ആദിമ നാളിലെ—ആചാര്യനാ—
മഹറോനുടെ താടിപോലായിരുന്നു (അഹറോ........

ഉന്നതമാ രൂപം—വെള്ളത്താടികൾമേൽ
പൊന്നിൻമറുകുകളെല്ലാം
കട്ടിച്ചില്ലാർന്നൊര—കണ്ണടയ്ക്കുള്ളിലെ
നോട്ടവുമിന്നും സ്മരിപ്പൂ ! (നോട്ടവുമിന്നും ........

ദന്തവിഹീനമായ്—ചന്തമെഴും ചിരി
എന്നെന്നും ചിത്തം കവർന്നു
എന്നും മുഴക്കമാണാസ്വരമാമുഖ—
ത്തെന്തൊരു ഗാംഭീര്യമായിരുന്നു! (എന്തൊ........

കർമ്മപ്രഭാവനാണെങ്കിലുമാമനം
നർമ്മരസം പൂണ്ടിരുന്നു
ധർമ്മനിഷ്ഠയ്ക്കൊരു ഭംഗം വരുത്താതെ
നിർമ്മലയോഗിയായ് വാണിരുന്നു (നിർമ്മല........

### II

## പുണ്യം തികഞ്ഞ പിതാവേ!

പുണ്യം തികഞ്ഞ പിതാവേ!
മണ്ണിലെ വാസം വെടിഞ്ഞു നീയിന്നു
വിണ്ണിന്റെ രാജ്യത്തിലായി (പുണ്യം........)

ജീവിതംകൊണ്ടൊരു—'ദേവലോകം' മണ്ണിൽ
ഭാവുക പൂർണ്ണമായ്—നീയുയർത്തി
ആ മൺതരിതോറും—നിന്നാത്മചേതന
രാവും പകലും തരിച്ചുനിന്നു (പുണ്യം........)

ശോകവും ഭാരവും പേറി വരുന്നോർക്കു
നോക്കുകൊണ്ടുൾക്കുളിരേകിനിന്നു
നാക്കിന്റെ തുമ്പിലെ—തേനിന്റെ തുള്ളികൾ
ആർക്കും മധുരം പകർന്നിരുന്നു (പുണ്യം........)

*With Best Compliments from:*

★

# V.O. MICHAEL

**71-C, GOVANDI ROAD,**
**CHEMBUR,**
**BOMBAY-400 071.** (A. S)
**BEHIND INDIAN BANK,**
**NEAR RLY. STN., CHEMBUR.**

Phone No:-
523635.
Office 526181.
Residence:- 527315.

★

*Please Contact:-*

× For all Real Estate problems:
× Construction, Purchase, Sale and Lease of Property, Land, Building Etc.
× Promotion of Housing Schemes.

# ഈശ്വരപ്രസാദവും ഫലിതവും

(വറുഗീസ്, കളത്തിൽ)

ജനശ്രദ്ധയെ പിടിച്ചുനിർത്തുന്ന ഈശ്വരപ്രസാദം ഭാഗ്യവാനായ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയന്റെ മുഖമുദ്ര് സദാ കളിയാടിക്കൊണ്ടിരുന്നു. തിരുമേനി ജീവിച്ചിരുന്ന കാലത്തുതന്നെ ഒരു പരിശുദ്ധനായി അദ്ദേഹത്തെ ജനങ്ങൾ അംഗീകരിച്ചിരുന്നു.

അദ്ദേഹം ഒരു പണ്ഡിതനായിരുന്നോ? അതേ, അല്ല— അദ്ദേഹം ഒരു ധനവാനായിരുന്നോ? അതേ, അല്ല— അദ്ദേഹം ഒരു പരിശുദ്ധനായിരുന്നോ? അതേ, അനുഭവസ്ഥന്മാർ ഇപ്പോഴും അങ്ങനെ വിശ്വസിക്കുന്നു: പറയുന്നു. പണ്ഡിതന്മാരും ധനാഢ്യന്മാരും പരിശുദ്ധതയോടുകൂടിയ ആ മുഖപ്രസാദത്തിന്റെ മുമ്പിൽ അസ്തപ്രഭന്മാരായിത്തീരുന്നു.

## കെ. സി. മാമ്മൻ മാപ്പിള

വിദ്വാന്മാരുടെയിടയിൽ മഹാ വിദ്വാനും, കുബേരന്മാരുടെയിടയിൽ പ്രതാപശാലിയും, ശതാവധാനിയും, മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ആയുഷ്കാലം മുഴുവൻ പടവെട്ടിയ ദേഹവുമായ കെ. സി. മാമ്മൻ മാപ്പിളയെപ്പറ്റി തിരുമേനിക്കു വലിയ മതിപ്പായിരുന്നു. അദ്ദേഹം തന്റെ ഗുരുനാഥനായിരുന്നുവെന്ന് തിരുമേനി അഭിമാനത്തോടുകൂടി പറയുന്നതു് ഈ ലേഖകൻ പല പ്രാവശ്യം കേട്ടിട്ടുണ്ട്. സഭാസംബന്ധമായ പ്രതിസന്ധികളെ നേരിടേണ്ടിവന്ന സന്ദർഭങ്ങളിൽ തിരുമേനി മാമ്മൻമാപ്പിളയുടെ ഉപദേശം തേടുമായിരുന്നു. അങ്ങനെയുള്ള മാമ്മൻമാപ്പിള പറയുന്ന ഏതെങ്കിലും അഭിപ്രായം പിടിക്കാതെ വന്നാൽ വെട്ടിത്തുറന്നു ശകാരിക്കയും ചെയ്യുമായിരുന്നു. ഒരിക്കൽ തിരുമേനിയുടെ മാനേജുമെന്റിലുള്ള ഒരു സ്കൂളിലെ അദ്ധ്യാപകന്റെ ശമ്പളക്കുടിശിക കൊടുക്കുന്നതിനെപ്പറ്റി പറയാൻ ഹെഡ്മാസ്റ്ററോടൊന്നിച്ച് മാമ്മൻമാപ്പിള തിരുമേനിയെ സമീപിച്ചു. മാമ്മൻമാപ്പിളയുടെ സംഭാഷണം ആരംഭിച്ചപ്പോൾത്തന്നെ പറയാൻപോകുന്നതെന്താണെന്നു തിരുമേനിക്കു മനസ്സിലായി. ഈ വിഷയത്തിൽ മാമ്മൻമാപ്പിള കൈകടത്തേണ്ട ആവശ്യമില്ലെന്നു പ. ബാവാ പറഞ്ഞു. ഉടനെതന്നെ മാമ്മൻമാപ്പിള കൈമുത്തി മനോരമയിലേക്കു മടങ്ങി. ശമ്പളക്കുടിശ്ശിക അദ്ധ്യാപകനു നിയമപരമായി കൊടുക്കേണ്ടിവരുമെന്നും, അതിനെതിരായി തിരുമേനി സ്വീകരിച്ച നിലപാട് തെറ്റാണെന്നും മറ്റും കാണിച്ച് മാമ്മൻമാപ്പിള ഒരു നീണ്ട കുറിപ്പ് എഴുതി അയച്ചു. ഈ എതിരഭിപ്രായം വായിച്ചുകേട്ടശേഷം അല്പനേരം ചിന്തിച്ചിരുന്നു. ശമ്പളക്കുടിശിക ഉടനെ കൊടുക്കണമെന്ന് ഉത്തരവായി.

## മനുഷ്യനും ഈശ്വരശക്തിയും

ഏതാനും ദിവസം കഴിഞ്ഞു് ബാവായുടെ ഈ നടപടിയെപ്പറ്റിയുള്ള മാമ്മൻമാപ്പിളയുടെ അഭിപ്രായം ഈ ലേഖകൻ ചോദിച്ചു.

മാമ്മൻമാപ്പിള പറഞ്ഞു:—ബാവായ്ക്കു് ഇങ്ങനെയുള്ള പ്രശ്നങ്ങൾ കേൾക്കുമ്പോൾ ദേഷ്യമുണ്ടാകും. ബാവായെ അടുത്തു പരിചയമില്ലെങ്കിൽ ഞാനും ദേഷ്യപ്പെടുമായിരുന്നു. ഏതായാലും നീ ചോദിച്ചതു നന്നായി. ബാവാ ആരാണെന്നു ഞാൻ പറഞ്ഞു മനസ്സിലാക്കിത്തരാം. ബാവാ ദൈവമല്ല, മനുഷ്യനാണ്. ബലഹീനതകളുള്ള മനുഷ്യനാണ് കോപിക്കുന്നതു്. എല്ലാ വശങ്ങളും പരിശോധിച്ചു നോക്കാതെ തീരുമാനങ്ങളെടുക്കുന്നതും, ഈ മനുഷ്യനാണ്. വലിയ ബുദ്ധിമാന്മാർപോലും എന്തെല്ലാം വിഡ്ഢിത്തങ്ങൾ കാണിക്കുന്നു? പിന്നെ വലിയ പഠിപ്പില്ലാത്ത ബാവായെ എന്തിനു കുറ്റപ്പെടുത്തുന്നു? നമ്മുടെ സഭയിലെ ഒരംഗം അച്ചന്റെയോ, മെത്രാന്റെയോ, ബാവായുടെയോ സ്ഥാനത്തേക്ക് ആരോഹണം ചെയ്യുന്നു. പക്ഷെ അവർ ദൈവത്തിന്റെ സ്ഥാനത്തേക്കല്ല ആരോഹണം ചെയ്യുന്നതു്. അതുകൊണ്ട് മനുഷ്യസഹജമായ എല്ലാ തെറ്റുകളും ഒരു വൈദികൻ ചെയ്തെന്നു വരാം. എന്നാൽ ഭക്തിയുള്ളവരിൽക്കൂടി ദൈവം സംസാരിക്കയും പ്രവർത്തിക്കയും ചെയ്യുന്നു. അങ്ങനെയുള്ള ഒരു ഭക്തനാണ് ബാവാ തിരുമേനി. ഭക്തിയിൽക്കൂടെ ജ്ഞാനത്തിന്റെ പരമപീഠം കയറിയ ഒരു സാധാരണ മനുഷ്യനാണ് അദ്ദേഹം. പുസ്തകങ്ങളിൽനിന്നല്ല അദ്ദേഹം ജ്ഞാനം സമ്പാദിച്ചതു്. വി. കുർബ്ബാനമദ്ധ്യേ അദ്ദേഹം ചെയ്തിട്ടുള്ള പ്രസംഗങ്ങൾ ഈ സത്യം തെളിയിച്ചിട്ടുണ്ട്. ഞാൻ അനേകം പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. അതിലൊന്നും കണ്ടിട്ടില്ലാത്ത ജ്ഞാനശകലങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ കാണാം. സമുദായത്തിന്റെ പ്രതി

Telephone: 3947
Res: 5194

**M. C. VARGHESE**

**FOOT WAER CENTRE.**

# DEALERS IN ALL KINDS OF FOOT WEARS
# &
# UMBRELLAS,

**PALAYAM ROAD, CALICUT - 1.**

ഞങ്ങളുടെ പ്രത്യേകത

ഇരട്ടക്കുതിരമാർക്ക് കുട – നിർമ്മാതാക്കൾ

---

**ജൂപെക്സ്. (*Calicut*)**
ഉയർന്ന ഭംഗിയായ സാധനങ്ങൾ

**ഹെയർ ഓയിൽ, സ്നോ,**
**ടാൽകം പൗഡർ;**

Pomades Kumkum-Agar bathies,
Soaps - Brilliantines.

---

എല്ലാത്തരം P. V. C. ചെരിപ്പുകൾക്കും
ഹവായ് ചെരിപ്പുകൾക്കും
ഞങ്ങളെ സമീപിക്കുക.

**വർഗീസ് & കമ്പനി**
**കമ്മത്ത് ലൈൻ.**

പാളയം റോഡ്, കോഴിക്കോട്.
ഫോൺ. 5414.

---

## L. C. MEDICALS

**M. C. ROAD**

**CHENGANNUR**

എല്ലാ വിധ ഇംഗ്ലീഷ് ഔഷധങ്ങളും
സർജിക്കൽ ഉപകരണങ്ങളും ഞങ്ങളെ
സമീപിക്കുക.

**എൽ. സി. മെഡിക്കൽസ്:**

---

With Best Compliments
from:

**LIGHT & STOVE**
**AGENCIES,**

10 / 181 MOIDEENPALLI ROAD,
CALICUT - 1
PHONE: 3877

സന്ധികളിൽ എന്താണ് ചെയ്യേണ്ടതെന്നോർത്തു വിഷമിക്കുമ്പോഴും പരുമലപ്പള്ളിയിലെത്തി കണ്ണീരോടെ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും പരുമലത്തിരുമേനിയുടെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ ശരണം പ്രാപിക്കയും സ്വയം ദൈവത്തിന്റെ മുമ്പാകെ പൂർണ്ണമായി സമർപ്പിക്കയും ചെയ്യുമ്പോഴാണ് ബാവായ്ക്ക് മനശ്ശാന്തിയുണ്ടാകുന്നതു്. ഇതിൽ ഒരു രഹസ്യമുണ്ട്. സ്വന്തം ബുദ്ധിയിലല്ല, ദൈവത്തിലാണ് അദ്ദേഹം ആശ്രയിക്കുന്നതു്. അവിടെ ബലഹീനനായ മനുഷ്യനെയും അത്ഭുതമായ ഈശ്വരശക്തിയെയും കാണാം. ഈ സത്യം ഞാൻ മനസ്സിലാക്കിയിട്ടുള്ളതുകൊണ്ട് ബാവായുടെ നടപടികളിലുള്ള ന്യൂനതകൾ അത്ര കാര്യമായിട്ട് ഞാൻ കരുതാറില്ല. ഒരാളോട് ഇപ്പോൾ ദേഷ്യപ്പെട്ടാൽ അടുത്ത നിമിഷത്തിൽ അയാളോട് വാത്സല്യപൂർവ്വം പെരുമാറുന്നതു് കാണാറില്ലേ?

മാമ്മൻ മാപ്പിളയുടെ ദീർഘമായ ഉപദേശത്തിന്റെ സംഗ്രഹമാണ് മേലുദ്ധരിച്ചതു്. വ്യക്തിപരമായ വിദ്വേഷമോ സ്ഥിരമായ കോപമോ തിരുമേനിക്ക് ആരോടുമുണ്ടായിരുന്നില്ല

## ബാവായെ എതിർത്ത ഒരു വ്യക്തി

പള്ളിസംബന്ധമായി ബാവായെ പലപ്പോഴും എതിർക്കുകയും ബാവായ്ക്കെതിരായി കേസു കൊടുക്കുകയും ചെയ്തുകൊണ്ടിരുന്ന ഒരു വ്യക്തിക്ക് ഒരു പ്രശ്നം പരിഹരിക്കുന്നതിനായി ബാവായുടെ സഹായം വേണ്ടിവന്നു. പ്രസ്തുത വ്യക്തി വക്കീലായിരുന്നതിനാൽ ബാവായെ നിയമപരമായ പലവിധത്തിലും ചോദ്യം ചെയ്തിരുന്നയാളാണ്. വക്കീൽ തന്റെ സുഹൃത്തുക്കളോടൊന്നിച്ച് ക്ഷമാപണക്കത്തുമായി ബാവായെ സമീപിച്ചു. തന്റെ മുഖം കാണുമ്പോൾ തന്നെ ബാവായ്ക്ക് അരിശം കയറി വല്ലതും പറഞ്ഞേക്കുമോയെന്ന് ഭയപ്പെട്ടാണ് അദ്ദേഹം ചെന്നതു്. കത്തു് വായിച്ചു കോപമൊന്നും മിനക്കാതെ എന്താണ് വേണ്ടതെന്ന് തിരുമേനി ചോദിച്ചപ്പോൾ വക്കീൽ വന്ന കാര്യം വിശദീകരിച്ചു. മന്ദസ്മിതത്തോടെ അനുകൂല മറുപടി കൊടുത്തെന്നു തന്നെയല്ല, വക്കീലിനെ അടുക്കൽ വിളിച്ച് കവിളിൽ തലോടി അനുഗ്രഹിക്കയും ചെയ്തു. തന്നെ എതിർക്കയും ധിക്കാരമായി പ്രവർത്തിക്കയും ചെയ്ത പ്രസ്തുത വ്യക്തിയോട് ഇങ്ങനെ പെരുമാറുവാൻ ഒരു മഹാത്മാവിന് മാത്രമേ സാധിക്കൂ. പുറം നിന്നിരുന്നവരും കൂടെ പോയ സുഹൃത്തുക്കളും ബാവായുടെ ശകാരവർഷങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിരിക്കയായിരുന്നു. എന്നാൽ തിരുമേനിയുടെ സ്നേഹവാത്സല്യത്തോടെയുള്ള ആ പെരുമാറ്റം എല്ലാവരെയും അമ്പരപ്പിച്ചുകളഞ്ഞു.

## ഫലിതം

ഫലിതം പറയുന്നതിൽ ബാവാതിരുമേനി ആരുടെയും പിന്നിലല്ലായിരുന്നു. ഒരിക്കൽ മാർ യൂലിയോസ് മെത്രാപ്പോലീത്താ മഞ്ഞിനിക്കരയിൽനിന്ന് ബാവായുടെ അരമനയിൽ വന്നു. മെത്രാപ്പോലീത്തായെ വേണ്ടവിധം സൽക്കരിച്ചിരുത്തി. അപ്പോൾ യൂലിയോസ് മെത്രാപ്പോലീത്താ താൻ കൊണ്ടുവന്ന കത്തു് ബാവായെ ഏല്പിച്ചു. ഇതെന്താണ് എന്ന് ബാവാ ചോദിച്ചു. ''പാത്രിയർക്കീസ് ബാവായുടെ ഒരു കല്പനയാണ്. സിറിയയിൽനിന്ന് എന്റെപേർക്കയച്ചു. അതു് ഇവിടെ ഏല്പിക്കാൻ വന്നതാണ്'' എന്ന് യൂലിയോസ് തിരുമേനി പറഞ്ഞു.

**FOR FAVOURS RECEIVED**



Excuse delay, Ammukutty, Poona. C. Baby, Kottayam.

*With Respectful Regards*



*from:*

**K. V. ABRAHAM**

**EASTERN CITIZEN BANKERS**

**KOTTAYAM**

Telegram: **CITIZEN**

Phone Off: 2223,

Res: 2[illegible]06

ബാവാ—അതിനുവേണ്ടി മാത്രമോ?

മാർ യൂലിയോസ്—അതെ.

ബാവാ— അതിന് ആബൂൻ ഇത്ര ബുദ്ധിമുട്ടേണ്ടിയിരുന്നില്ല. പാത്രിയർക്കീസ് എന്റെപേർക്ക് പോസ്ററിൽ കത്തയച്ചാൽ പോസ്ററുമാൻ ഇവിടെ കൊണ്ടുവരുമല്ലോ.

യൂലിയോസ് തിരുമേനിയുടെപ്പെടെ കേട്ടവരെല്ലാം ചിരിച്ചുപോയി.

## ഡെവിൾ

സി. പിയുടെ ഭരണകാലത്ത് ഒരു പ്രധാനപ്പെട്ട ബ്രിട്ടീഷുകാരൻ കോയമ്പത്തൂരിൽ വച്ച് ബാവായുമായി സംഭാഷണം നടത്തുവാൻ വന്നു. ഓർത്തഡോക്സ് സഭാംഗമായ ഒരു അഭ്യസ്ഥവിദ്യനായിരുന്നു ദ്വിഭാഷി. പലതും ചോദിച്ചകൂട്ടത്തിൽ അന്നത്തെ ദിവാനായിരുന്ന സർ. സി. പി. യെപ്പററിയുള്ള അഭിപ്രായം എന്താണെന്ന് സായ്പ് ചോദിച്ചു. 'അയാരം പിശാചാണ്' എന്നു ബാവാ മറുപടി പറഞ്ഞു. ആ വാചകത്തിന്റെ ശരിയായ പരിഭാഷ പറയുന്നതിനു പകരം 'അയാരം അത്ര നല്ലയാളല്ല' എന്നർത്ഥം വരുന്ന ഒരു വാചകമാക്കി ദ്വിഭാഷി പരിഭാഷപ്പെടുത്തി. അതു കേട്ടപ്പോൾ ദ്വിഭാഷിയെ ബാവാ ശകാരിച്ചു ''അയാരം ഒരു ഡെവിൾ ആണെന്ന് പറയടാ'' എന്ന് ആജ്ഞാപിക്കുകയും He is a devil എന്ന് ദ്വിഭാഷിയെക്കൊണ്ട് പറയിക്കുകയും ചെയ്തു.

## വൃദ്ധനായ പൃന്തൂസ്

ബാവായെ വൃദ്ധനായ പൃന്തൂസ് എന്നു പറഞ്ഞ് പരസ്യമായി പരിഹസിക്കാറുള്ള ഒരു വ്യക്തി തിരുവനന്തപുരത്തുവച്ച് ബാവായെ സന്ദർശിച്ച് കൈമുത്തി. അദ്ദേഹം ചെറുപ്പത്തിൽ ബാവായുടെ ഒരു അടുത്ത സുഹൃത്തായിരുന്നു. അദ്ദേഹം പൊയ്ക്കഴിഞ്ഞപ്പോൾ ഒരു സമുദായ സ്നേഹിയോട് ബാവാ ചോദിച്ചു:—

''അവനു നമ്മുടെ കൈമുത്താൻ എങ്ങനെ തോന്നി?''

''ഇവിടെയായതിനാൽ മററാരും കാണുകയില്ല എന്ന് അദ്ദേഹം കരുതിയിരിക്കാം.''

''അല്ലടോ, അതിൽ മറെറാരു യുക്തിയുണ്ട്.''

''അതെന്താണാവോ?''

''അവൻ നമ്മെ പരസ്യമായി വിളിക്കാറുള്ളതനുസരിച്ചാണ് പ്രവർത്തിച്ചത്.''

''അടിയനു മനസ്സിലായില്ല.''

''അവൻ നമ്മെ വിളിക്കുന്നത് വൃദ്ധൻ പൃന്തൂസ് എന്നല്ലേ?.''

''അതെ.''

''അവൻ ഒരു കാനോൻ വിദഗ്ധനാണെന്നറിയാമോ?. അവൻ കാനോൻ അനുസരിച്ചാണ് നമ്മുടെ കൈ മുത്തിയത്. മൂപ്പന്മാരുടെ കൈ മുത്താമെന്ന് കാനോനിലുണ്ട്.''

## ഇംഗ്ളണ്ടിൽ

സഭകളുടെ അഖിലലോകസമ്മേളനത്തിൽ സംബന്ധിക്കാൻ ബാവാതിരുമേനി ഒരിക്കൽ ഇംഗ്ളണ്ടിൽ പോയിരുന്നു. അവികസിത രാജ്യങ്ങളിൽ നിന്നു വന്ന പുരോഹിതന്മാരെ ഒരുതരം വിചിത്ര ജീവികളായി— പരിഷ്കൃതലോകവുമായി ബന്ധമില്ലാത്തവരെന്ന നിലയിൽ—ഇംഗ്ളീഷുകാർ കരുതിയെങ്കിൽ അത്ഭുതപ്പെടാനില്ല. എങ്കിലും അവിടെ വന്ന പുരോഹിതന്മാരിൽ ഏററവും തേജസ്സുള്ള വ്യക്തി കാതോലിക്കാബാവാ


FOR FAVOURS RECEIVED



ഒരു വിശ്വാസി, മുട്ടമ്പലം.

Leelamma, വെങ്ങാനാട്

Annamma, കോട്ടവട്ടം.

Lissi Kuriakose, Neyveli

**DEEPAM**
The Daily

With the Widest Circulation
and progressive View
P. O. Box. 1020
ERNAKULAM-COCHIN-11

**DEEPAM PRESS**
For Quality Printing

★

BASIN ROAD
ERNAKULAM
COCHIN-11

V

**COCHIN TYPE FOUNDRY**
XIII / 169 OLD RAILWAY STATION ROAD
ERNAKULAM, COCHIN-11
Type Founders and Printers Providers Automatic Machines for Type Casting.

---

**TRAVANCORE PLYWOOD INDUSTRIES LTD.,**
**PUNALUR P. O.**

(A KERALA GOVERNMENT UNDERTAKING)

Manufacturers of:-

Superior Quality Flush Doors, Block Boards, Commercial size panels, Teachests etc. etc.

GRAMS: 'PLYWOOD' PHONE NO. OFFICE - 7
FACTORY - 173

യായിരുന്നു. അവിടത്തെ പത്രപ്രവർത്തകർ അദ്ദേഹത്തിന്റെ ചുററും കൂടി—ഒരാൾ ചോദിച്ചു വിമാനത്തിൽ യാത്ര ചെയ്തിട്ടുണ്ടോ!'

ഉത്തരം— 'ഇല്ല'
ചോ— ഇപ്പോൾ വിമാനത്തിൽ കയറി ഈ രാജ്യം ഒന്നു കാണുന്നോ?'
ഉ— നിങ്ങൾ ക്ഷണിച്ചാൽ ഞാൻ വരാതിരിക്കുമോ?
ചോ— 'എന്നാൽ ഒരു വിമാനം ഏർപ്പാടു ചെയ്യട്ടെ'
ഉ— വിരോധമില്ല.

[പെട്ടെന്ന് ഒരു വിമാനം പറക്കുവാൻ സന്നദ്ധമായി—തിരുമേനിയെ അവർ വിമാനത്തിലേക്കാനയിച്ചു. മടങ്ങിവന്നപ്പോൾ വിമാനയാത്രയെപ്പററിയുള്ള അഭിപ്രായങ്ങൾ അവർ ആരാഞ്ഞു.]
ചോ— വിമാനത്തിൽ യാത്ര ചെയ്തപ്പോൾ ഭയമുണ്ടായോ?
ഉ— ഇല്ല.

ചോ— പിന്നെ എന്താണ് തോന്നിയതു്?
ഉ— ലണ്ടനിലെ തെരുവുകളിൽകൂടെ കാറിൽ സഞ്ചരിക്കുന്നതിനേക്കാൾ സുരക്ഷിതമാണ് വിമാനത്തിലെ യാത്ര.

[എല്ലാവരും പൊട്ടിച്ചിരിച്ചു. പിറേറ ദിവസം ഇംഗ്ളണ്ടിലെ പത്രങ്ങളിലെ പ്രധാന വാർത്ത, വിമാനയാത്രയെപ്പററി ബാവാ പറഞ്ഞ അഭിപ്രായങ്ങളായിരുന്നു.]

## His Holiness

ഒരിക്കൽ ഒരു വിദേശീയ മഹാപുരോഹിതൻ ബാവായുടെ പേർക്കെഴുതിയ കത്തിൽ ഇപ്രകാരം അഭിപ്രായപ്പെട്ടു. 'ബാവാ His Holiness എന്നു പേരിനു മുമ്പേ ചേർക്കുന്നതു് ശരിയല്ല. ആ പദവി നമുക്കു മാത്രമുള്ളതാണ്''. അതിനു കാതോലിക്കാബാവാ അയച്ച മറുപടിയുടെ ചുരുക്കം ഇതാണ്. 'His Holiness എന്നു് നാം സ്വയം വിളിക്കുന്നില്ല. അങ്ങനെ സ്വയം ആരു വിളിച്ചാലും തെററാണ്. ഇൻഡ്യയിൽ ഹൈന്ദവസംസ്ക്കാരമാണ് പ്രബലപ്പെട്ടിരിക്കുന്നതു്. ഹൈന്ദവർ തങ്ങളുടെ മഹാപുരോഹിതന്മാരെ വിളിക്കുന്നതുപോലെ എന്നേയും ജനങ്ങൾ വിളിക്കുന്നു. ഇതു് ഒരു വിവാദവിഷയമാക്കുന്നതിൽ അർത്ഥമില്ല.'

## ചുവന്ന മഷി

ബാവായുടെ ലെററർപേപ്പറിൽ ചുവന്ന മഷിയിൽ പേരോ മുദ്രയോ അടിക്കാൻ പാടില്ലെന്നും, അതു് തനിക്കു മാത്രം അവകാശപ്പെട്ടതാണെന്നും ഒരു കത്തു് ഒരു വിദേശീയ മഹാപുരോഹിതനിൽ നിന്നു ലഭിച്ചു. ചുവന്ന മഷിയും പട്ടത്വവുമായി ബന്ധമൊന്നുമില്ലെന്നും ഏതു വ്യക്തിക്കും ചുവന്ന മഷിയിൽ അടിച്ച ലെററർ പേപ്പർ ഉപയോഗിക്കാമെന്നും മററും കാണിച്ചു് ബാവാ അയച്ച മറുപടിയോടുകൂടി ആ പ്രശ്നം ഒരിക്കൽ അവസാനിച്ചതാണ്.

ഈ വിഷയത്തെപ്പററ ഈ ലേഖകൻ ചോദിച്ചപ്പോൾ ബാവാ ഇങ്ങനെ പറഞ്ഞു. 'ലോകത്തിൽ ഒരാൾക്കു മാത്രമെ ചുവന്ന മഷി ഉപയോഗിക്കാൻ അവകാശമുള്ളവെങ്കിൽ, ചുവന്ന മഷി നിർമ്മിക്കുന്ന വ്യവസായികൾ കുഴങ്ങിപ്പോകുമല്ലോ.'


FOR FAVOURS RECEIVED



Excuse delay, O. V. Thomas, Kualalumbur.

Mr. & Mrs. P. V. Phillip, Bombay.

*With Compliments:*

INCANDESCENT FOUNDRY Co.
PRIVATE LTD

A 29 & A 30 INDUSTRIAL AREA

ADITYAPUR

NEAR JAMSHEDPUR

Tel- Ph- 7513

# കുട്ടികളുടെ ബാവാതിരുമേനി

(കുഞ്ഞിച്ചായൻ)

അന്ന് ഹോശന്നാ ഞായറാഴ്ചയാണ്. പുതുപൂക്കൾ നിറച്ച പൂക്കൂടകളുമായി ഉണ്ണികിടാങ്ങൾ വി. ദേവാലയത്തിലേക്കു കടന്നുവന്നു. യേശുനാഥന് ജയഗീതം പാടാൻ വന്നവരാണവർ.

കുരുന്നുകരങ്ങളിൽ കുരുത്തോലകൾ ഏന്തിക്കൊണ്ടവർ പാടി.

''ഹോശന്നാ ഹോശന്നാ ദാവീദുപുത്രനു ഹോശന്നാ''

ശിശുക്കളുടെ നാവുകളിൽനിന്നു ഒഴുകിയ ഇമ്പം തുളുമ്പുന്ന സ്തോത്രഗാനം കേട്ട് മാലാഖമാർ ആനന്ദിച്ചു.

വിശേഷ വസ്ത്രധാരിയായ ഒരു ദിവ്യപുരുഷൻ ശിശുക്കളെ അനുഗ്രഹിച്ചുകൊണ്ട് അവിടെ നിൽപ്പുണ്ട്. ആരാണദ്ദേഹം?

സഭാചരിത്രത്തിൽ വായിച്ചിട്ടുള്ള വി. ബസ്സേലിയോസ് അല്ലേ അതു്? തീർച്ചയായും അതു വി. ബസ്സേലിയോസ് തന്നെ. പക്ഷേ സഭാചരിത്രത്തിൽ വായിച്ചിട്ടുള്ള വി. ബസ്സേലിയോസ് അല്ലെന്നു മാത്രം. വി. ബസ്സേലിയോസ് പിതാവിനെപ്പോലെതന്നെ ഗംഭീരനും, പ്രഭുതുല്യനും ആയ ഈ വി. ബസ്സേലിയോസ് ആരെന്ന് നമുക്കറിയാം.

കാലം ചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയല്ലാതെ മററാരുമല്ല അതു്.

ഉലയിൽ ഊതിപ്പഴുപ്പിച്ച സ്വർണ്ണക്കട്ടിയുടെ നിറം. വെള്ളിക്കമ്പികൾപോലെ വെൺമയാർന്ന താടിമീശ. സ്വർണ്ണഫ്റെയിമുള്ള കട്ടിക്കണ്ണാടിയിലൂടെ തുളച്ചിറങ്ങുന്ന നോട്ടം. ഇടിമുഴക്കത്തിൻെറ ശബ്ദം, കുലീനത്വത്തിൻെറ മുദ്ര ചാർത്തിയ ഭാഗ്യമറുക് ഇതെല്ലാം ചേർന്ന തേജോമയമായ രൂപമാണ് തിരുമേനിയെക്കുറിച്ചോർമ്മിക്കുമ്പോഴെല്ലാം എൻെറ മനസ്സിൽ തെളിഞ്ഞുവരിക.

തിരുവിതാംകൂർ ചരിത്രത്തിലെ ധർമ്മരാജാവ് നാടുവാണതുപോലെ ഈ വന്ദ്യതിരുമേനി മലങ്കര സഭയുടെ ആദ്ധ്യാത്മിക ചക്രവർത്തിയായി ദീർഘകാലം പരിലസിച്ചു. എത്രയെത്ര പട്ടക്കാരെയും മേല്പട്ടക്കാരെയും വാഴിച്ച തൃക്കരങ്ങളാണതു്. യാക്കൂബ് ബുർദ്ദോനോയ്ക്കു ശേഷം ഇത്രയധികം പട്ടക്കാരെ വാഴിച്ച ഒരു സഭാമേലദ്ധ്യക്ഷനെ സഭാചരിത്രത്തിൽ കണ്ടെത്താനാവുമോ?

എവിടെ കടന്നുചെന്നാലും ഒന്നാംസ്ഥാനത്തു മാത്രം ഇരിപ്പിടം ലഭിക്കുന്ന വന്ദ്യമഹാപുരുഷനായിരുന്നു പ. ബാവാതിരുമേനി. ചക്രവർത്തിമാരുടെ സംഘത്തിൽ ചെന്നാൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ചക്രവർത്തിയായിരിക്കും അദ്ദേഹം. സഭാമേലദ്ധ്യക്ഷന്മാരുടെ സംഘത്തിൽ ചെന്നാലും അങ്ങനെതന്നെ. എഡിൻബറോ കോൺഫറൻസിൽ സംബന്ധിക്കാനെത്തിയ തിരുമേനിയെ ഒരു നോക്കു കാണാൻ സായ്പന്മാരും മദാമ്മമാരും തിങ്ങിക്കൂടിയ കഥ ഏതു മലങ്കരസഭാഭക്തനെയാണ് അഭിമാനഭരിതനാക്കാത്തതു്?

കുട്ടികളുടെ ബാവാതിരുമേനി എന്ന പേരിനുകൂടി ഈ മഹാത്മാവു് അർഹനാണ്. എല്ലാ മഹാത്മാക്കളെയും പോലെ വന്ദ്യതിരുമേനിയും ശിശുക്കളെ വളരെയേറെ സ്നേഹിച്ചിരുന്നു.

പൂക്കളുടെ സുഗന്ധവും, ശിശുക്കളുടെ സാമീപ്യവും അദ്ദേഹം വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു. പനിനീർപൂക്കളുടെ സുഗന്ധം ആസ്വദിക്കുന്നതിന് പ. ബാവാതിരുമേനിക്ക് വലിയ കമ്പമായിരുന്നു. പുതുപുഷ്പങ്ങൾ തിരുമുൽക്കാഴ്ചയായി അർപ്പിക്കാൻ വരുന്ന ഉണ്ണികിടാങ്ങളെ അദ്ദേഹം വാൽസല്യപൂർവ്വം തലോടുമായിരുന്നു.

ഇടിനാദംപോലുള്ള ആ സ്വരം കേട്ടാൽ വലിയ വലിയ സമുദായപ്രമാണിമാരുടെ മുട്ടുകൾപോലും കൂട്ടിയിടിക്കും. പക്ഷേ ഒരു കൊച്ചു പുഴപ്പല്ലനോ പുഴപ്പല്ലിയോ അടുത്തു ചെന്നാൽ മതി തിരുമേനി അവരോടു തമാശ പറയും. അവരുടെ കിളികൊഞ്ചൽ കേട്ട് പൊട്ടിച്ചിരിക്കും. കൊച്ചുകൊച്ചു കഥകൾ പറയും. അവരെക്കൊണ്ട് കൊച്ചുകൊച്ചു പാട്ടുകൾ പാടിക്കും. കഥകളിലൂടെയും, പാട്ടുകളിലൂടെയും ദൈവസ്നേഹത്തിൻെറ ബാലപാഠം ആ കരുന്നു ഹൃദയങ്ങളിലേയ്ക്കു അദ്ദേഹം പകർന്നുകൊടുക്കും. തിരുമേനിയെ സന്ദർശിക്കുന്ന ഏതു കൊച്ചുകുട്ടിക്കും മധുരപലഹാരങ്ങൾ ലഭിക്കാതിരിക്കയില്ല. മധുരപലാഹരങ്ങൾക്കൊപ്പം തിരുമനസ്സിലെ സ്നേഹമധുരിയും അവർ ആസ്വദിക്കും.

## FOR ALL YOUR TRAVEL FORMALITIES

**Air, Rail, Sea Bookings**

Assistance for Passports, Visas, Permits Hotel Bookings, Car Hire, Tours, Clearing and Forwarding, Travel Insurance from the

*Experts:–*

**JAI HIND TRAVELS PVT. LTD.**

(Recognised by the Govt. of India)

**M. G. ROAD, COCHIN 16**

Tele: 33249, 33549, 31011.

Telex 046283 CABLE: JAITRAVEL

Branches:

| Trivandrum–14 | Madras–2 | Bangalore–1 |
|---|---|---|
| Hotel Magnet, | Spencer' Bldg., | Shrungar Shoping Centre |
| Tele: 4454. | Tele: 86541 | Tele: 55809 |
| | | Telex: 468 |

WORLD WIDE ASSOCIATES



## ബൈബിൾ സൊസൈററി മൂലധനഫണ്ട്: ലക്ഷ്യം അഞ്ചുലക്ഷം രൂപാ.

ബൈബിൾ വായിക്കുന്ന ഓരോരുത്തരുടെയും പ്രത്യേക ശ്രദ്ധയ്ക്ക്:—

ക്രൈസ്തവ സഭയുടെ വിശ്വാസാചാരങ്ങളുടെ അടിസ്ഥാന ഗ്രന്ഥവും, കുടുംബത്തിന്റെ ഭദ്രദീപവും, വ്യക്തികളെ രൂപാന്തരപ്പെടുത്തുന്നതുമായ മഹൽ ഗ്രന്ഥമാണ് ബൈബിൾ. വേദപുസ്തകത്തിന്റെ വിവർത്തനം, പ്രസിദ്ധീകരണം, വിതരണം എന്നിവകളിലൂടെ ബൈബിൾ സൊസൈററി ചെയ്യുന്ന സേവനം വിലപ്പെട്ടതാണ്. ബൈബിൾ സൊസൈററിയുടെ ഇൻഡ്യയിലെ പ്രവർത്തനങ്ങളുടെ സാമ്പത്തികഭാരം സമ്പൂർണ്ണമായും ഭാരതത്തിലെ സഭ തന്നെ ഏറെറടുക്കേണ്ടതായി വന്നിരിക്കുന്നു. പ്രസ്തുത ഉദ്യമത്തിലേയ്ക്ക് ഒരു മൂലധനഫണ്ട ശേഖരിക്കുന്നതിന് കേരളത്തിലെ സഭയുടെ വിഹിതം അഞ്ചു ലക്ഷം രൂപായാണ്.

പ്രസ്തുത മഹത്തായ സംരംഭത്തെ നിങ്ങളുടെ ഉദാരമായസംഭാവനകൾ നല്കി വിജയിപ്പിക്കുക.

PHONE: 2103.

സെക്രട്ടറി
കേരള ഓക്സിലറി.
P. B. 114, കോട്ടയം–4.



*With Best Regards*



**FROM:**

## CENTRAL STORES

**KOTTAYAM**

**Phone:** 3544



*With Best Compliments from:-*

★

## ORIENT TEXTILES

**KOTTAYAM.**

Phone. No: 3816

Mg: Partner: **P. T. THOMAS.**

## മധുരിക്കുന്ന ചില ഓർമ്മകൾ

പ. ബാവാതിരുമേനിയെ ആദ്യമായി അടുത്തു കാണാൻ എനിക്കു ഭാഗ്യം ലഭിച്ച ദിവസം ഇന്നെന്നപോലെ എന്റെ മനസ്സിൽ തെളിയുന്നു. എന്റെ അമ്മാച്ചനായ ഒരു വൈദികനോടൊത്താണു ഞാൻ ദേവലോകം അരമനയിൽ ചെന്നത്. ബ. അച്ചനും ഞാനും പ. പിതാവിന്റെ തൃക്കരം മുത്തിയ ശേഷം ഭക്ത്യാദരവുകളോടെ അല്പം മാറിനിന്നു.

''ഇവനേതാടോ'' ഇടിമുഴക്കം പോലൊരു ശബ്ദം. അച്ചനോടുള്ള ചോദ്യമാണ്.

''പെങ്ങളുടെ മകനാണേ'' അച്ചൻ മറുപടി പറഞ്ഞു.

തിരുമേനി ശരിക്കും ആ മറുപടി കേട്ടില്ല. വീണ്ടും എടുത്തുചോദിച്ചു. അപ്പോൾ തിരുമേനിയുടെ അടുത്തുണ്ടായിരുന്ന ശ്രീ. റി. വി. ജോർജ്ജും (പിന്നീട് നെടുമാവു ജോർജ്ജച്ചൻ) ഒന്നിച്ച് ഉച്ചസ്വരത്തിൽ മറുപടി പറഞ്ഞു. മറുപടി കേട്ടപ്പോൾ തിരുമേനിയുടെ മുഖത്ത് ഒരു മന്ദഹാസം വിരിഞ്ഞു.

'ഇങ്ങടുത്തുവാ' തിരുമേനി എന്നെ വിളിച്ചു. തന്റെ ദിവ്യകരങ്ങൾ നീട്ടി തിരുമേനി എന്നെ അനുഗ്രഹിച്ചു. വന്ദ്യതിരുമേനി എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ യേശുനാഥൻ തന്റെ ദിവ്യകരങ്ങൾ നീട്ടി അനുഗ്രഹിക്കുന്നതുപോലുള്ള അനുഭവമാണെനിക്കുണ്ടായത്, അദ്ദേഹം ഞങ്ങൾക്കു മധുരപലഹാരം നല്കി. പിതാവിന്റെ സമീപത്തിൽ ചെലവഴിച്ച ഏതാനും നിമിഷങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റം വിലപ്പെട്ട നിമിഷങ്ങളിലൊന്നായി ഞാൻ കണക്കാക്കുന്നു.

ഒരിക്കൽ പരുമല സെമിനാരിയിൽവച്ച് ഒരു വിദ്യാർത്ഥിസമ്മേളനം നടക്കയായിരുന്നു. പ. ബാവാതിരുമേനിയായിരുന്നു അദ്ധ്യക്ഷൻ. കുറേ പുഴപ്പുള്ളന്മാരും പുഴപ്പുള്ളികളും മുൻനിരയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. പ്രസംഗമോ പാട്ടോ എന്തുതന്നെയാവട്ടെ ഓരോ വരി പാടി അവസാനിക്കുമ്പോഴും ആ ഓമനക്കിടാങ്ങൾ നീണ്ടുനിൽക്കുന്ന കൈയടികൊണ്ട് ആഹ്ലാദപ്രകടനം നടത്തും. പ. ബാവാതിരുമേനിയെ ഈ കാഴ്ച വളരെയേറെ രസിപ്പിച്ചു. അവരുടെകൂടെ അല്പ സമയം തിരുമേനിയും കൈയടിച്ചു. ആ പിഞ്ചുകിടാങ്ങളുടെ ആഹ്ലാദപ്രകടനത്തിൽ തിരുമേനിയും അങ്ങനെ പങ്കുകൊണ്ടു. തിരുമേനിയുടെ ശിശുസഹജമായ നിഷ്കളങ്കത അവിടെ കൂടിയിരുന്ന എല്ലാവരെയും അത്യധികം ആകർഷിച്ചു.

ഒരിക്കൽ എന്റെ രണ്ടു സ്നേഹിതന്മാർ തിരുമേനിയെ കണ്ട് അനുഗ്രഹം പ്രാപിക്കാൻ ചെന്ന സംഭവം ഓർമ്മിക്കുമ്പോഴൊക്കെ എനിക്കു ചിരിപൊട്ടാറുണ്ട്. ഒരാൾ 'ഇൻഡോനേഷ്യ'ക്കാരനും മറ്റെയാൾ നാഗലാൻഡുകാരനും. ഇരുവരും നാടു ചുറ്റി സഞ്ചരിക്കുന്നതിനിടയിൽ കേരളത്തിലെത്തി കോട്ടയത്തിനടുത്ത് മാങ്ങാനം ആശ്രമത്തിൽ ഏതാനും ദിവസം അവർ താമസിച്ചു. കോട്ടയത്തെ പുരാതന ദേവാലയങ്ങൾ എല്ലാം അവർ സന്ദർശിച്ചു. പ. കാതോലിക്കാബാവാ തിരുമേനിയെ നേരിൽ കാണണമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചു. തിരുമേനിയെ കാണുമ്പോൾ എങ്ങിനെ പെരുമാറണമെന്നുള്ളതിന് ഞാനും മറ്റു കൂട്ടുകാരും ഒരു സ്റ്റഡിക്ലാസ്സ് തന്നെ നേരത്തെ നടത്തിയിരുന്നു. പക്ഷെ ബാവാതിരുമനസ്സിലെ മുമ്പിലെത്തിയപ്പോൾ ഇരുവരുടെയും മുട്ടുകൾ കൂട്ടിയിടിച്ചു, നാടും നഗരവും വളരെയേറെ കണ്ടിട്ടുള്ള, വലിയ വലിയ മനുഷ്യരുമായി വളരെയേറെ ഇടപെട്ടിട്ടുള്ള അവർ ഇരുവരും ആ ദിവ്യപുരുഷന്റെ മുമ്പിൽ സ്തംഭിച്ചുനിന്നുപോയി. പ്രഥമ ദർശനത്തിൽത്തന്നെ ആരിലും ആദരവു ജനിപ്പിക്കുന്ന ആ ദിവ്യപുരുഷന്റെ മുമ്പിലാരാണ് സ്തംഭിച്ചുനിന്നുപോകാത്തത്!

മലയാളികളായ കൂട്ടുകാർ കൈമുത്തുന്നതു കണ്ട് ഇൻഡോനേഷ്യക്കാരനും നാഗാലാൻഡുകാരനും കൈ മുത്തി. അവർ കൈ മുത്തുന്ന രീതി കണ്ടപ്പോൾ ബാവാതിരുമേനി പൊട്ടിച്ചിരിച്ചു. അവർക്കും ചിരിപൊട്ടി, എങ്കിലും വളരെ ഭക്തിപൂർവ്വമാണ് അവർ പെരുമാറിയത്

മലയാളികളായ കൂട്ടുകാർ കുരിശു വരയ്ക്കുന്നതുകണ്ട് അവരും കുരിശു വരയ്ക്കാൻ ശ്രമിച്ചുവെങ്കിലും അതിനു മുമ്പൊരിക്കലും കുരിശു വരച്ചിട്ടില്ലാത്ത അവർ അതിൽ പരാജയമടഞ്ഞു,

''എവിടുത്തുകാരാടോ. ഇവർക്കൊന്നും കുരിശു വരയ്ക്കാനറിയാൻ പാടില്ലല്ലോ.''
ചിരിച്ചുകൊണ്ടാണ് തിരുമേനി പറഞ്ഞത്.

ഇവർ വിദേശികളാണെന്നും കേരളത്തിൽ എത്തിയിട്ട് ഏതാനും ദിവസങ്ങളായെന്നും തിരുമേനിയെ കണ്ട് അനുഗ്രഹം പ്രാപിക്കാനാണ് അവർ വന്നതെന്നും പറഞ്ഞപ്പോൾ അദ്ദേഹത്തിനു വലിയ സന്തോഷം തോന്നി. പതിവുപോലെ എല്ലാവർക്കും മധുരപലഹാരങ്ങൾ നല്കി. ഓരോരുത്തരും തിന്നുന്ന രീതി തിരുമേനി പ്രത്യേകം നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഇതി

## "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക."

ക്രിസ്തുവിന്റെ ഈ ഉപദേശം ക്രിസ്ത്യാനികൾ മാത്രമല്ല, ലോകമൊട്ടാകെയുള്ള സമസ്ത ജനങ്ങളും ആദരിക്കുന്നു. നിങ്ങൾക്കും ഈ ഉപദേശം അനായാസകരമായി ജീവിതത്തിൽ പ്രായോഗികമാക്കാം. അതിന് കോട്ടയം ജില്ലാസഹകരണ ബാങ്കിൽ ഒരു നിക്ഷേപമാരംഭിച്ചാൽ മതി. നിങ്ങളുടെ നിക്ഷേപ തുകയിലെ ഓരോ പൈസയും ഈ ജില്ലയിലെ കർഷകർക്കും ചെറുകിട വരുമാനക്കാർക്കും വായ്പയായി എത്തിച്ചുകൊടുക്കാൻ കഴിയുന്ന ഏക ബാങ്കാണിത്. ഇങ്ങനെ നിങ്ങളുടെ അയൽക്കാരനെ നിങ്ങൾക്ക് സഹായിക്കാൻ കഴിയുന്നു. ഈ ജില്ലയിൽ 50 രൂപാ മുതൽ 5000 രൂപാ വരെയുള്ള അഞ്ചു കോടി രൂപയുടെ വായ്പകളാണ് കഴിഞ്ഞ വർഷം കോട്ടയം ജില്ലാ സഹകരണ ബാങ്ക് വിതരണം ചെയ്തത്. ഒരു ലക്ഷത്തോളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുകയും ചെയ്തു.

## കോട്ടയം ജില്ലാ സഹകരണബാങ്ക് ലിമിറ്റഡ്

ശാഖകൾ: കോട്ടയം, കാഞ്ഞിരപ്പള്ളി, വൈക്കം,
ചങ്ങനാശ്ശേരി, പാലാ

ഇതിനും പുറമെ രാവിലെ 8 മുതൽ 9. 30 വരെയും വൈകിട്ട് 5 മുതൽ 7. 30 വരെയും എല്ലാ ബാങ്കിടപാടുകളും നടത്തുന്ന പ്രഭാത – സായാഹ്ന കൗണ്ടറും പ്രവർത്തിക്കുന്നു.

## Kottayam District Co-Operative Bank Limited.

നിടയിൽ നാഗാലാൻഡുകാരന്റെ കൈയിൽ നിന്നു പലഹാരക്കഷണങ്ങൾ താഴെ വീണു,

'ഇങ്ങനെയാണോടാ പലഹാരം തിന്നുന്നതു്.' തിരുമേനിയുടെ ചോദ്യം കേട്ടു് എല്ലാവരും ചിരിച്ചുപോയി. നാഗാലാൻഡുകാരനു് കാര്യം പിടികിട്ടിയില്ല. ഏതായാലും അതിനിടയിൽ താഴെ വീണ കഷണങ്ങൾ അയാൾ തപ്പിപ്പെറുക്കി. വളരെ രസകരങ്ങളായ ഏതാനും നിമിഷങ്ങളായിരുന്നു അവ. തിരുമേനിയോടു് യാത്ര പറയുമ്പോൾ എല്ലാവരേയും അദ്ദേഹം പ്രത്യേകം അനുഗ്രഹിച്ചു. തിരുമേനിയോടൊത്തു് ചെലവഴിച്ച നിമിഷങ്ങൾ ജീവിതത്തിലെ ഏറ്റം വിലപ്പെട്ട സമയമായി അവർ ഇന്നും സ്മരിക്കുന്നുണ്ടാവും.

ശുചിത്വത്തിന്റെ കാര്യത്തിൽ തിരുമനസ്സിലേക്കു് വലിയ നിഷ്ഠയുണ്ടായിരുന്നു. തന്റെ ഗുരുവായ പരുമലത്തിരുമേനിയെപ്പോലെതന്നെ കുപ്പായം എപ്പോഴും വെടിപ്പായിരിക്കണമെന്നു് അദ്ദേഹത്തിനു് വലിയ നിർബ്ബന്ധമായിരുന്നു.

ഒററപ്പല്ലുപോലുമില്ലായിരുന്നെങ്കിലും ഓരോ ദിവസവും രാവിലെ മോണ വൃത്തിയാക്കുന്നതിനു് അദ്ദേഹം വളരെ സമയം ചെലവഴിക്കുമായിരുന്നു.

തിരുമനസ്സിലെ കുട്ടിക്കാലത്തെക്കുറിച്ചു് രസകരങ്ങളായ പല കഥകളുമുണ്ടു്. പുന്നച്ചൻ എന്നാണു് മാതാപിതാക്കൾ തിരുമേനിയെ വാത്സല്യപൂർവ്വം വിളിച്ചിരുന്നതു്. പുന്നച്ചനു് ഒരു കളിക്കൂട്ടുകാരനുണ്ടായിരുന്നു. ഇരുവരും ഒന്നിച്ചാണു് എല്ലാകളികളിലും പങ്കുകൊള്ളുക. മീൻപിടിത്തമായിരുന്നു രണ്ടുപേരുടെയും പ്രധാന വിനോദം. എല്ലാദിവസവും അടുത്തുള്ള ചെറുതോട്ടിൽ അവർ മീൻ പിടിക്കാൻ പോകും. മീൻപിടിത്തം കഴിഞ്ഞു് വീട്ടിലേക്കു മടങ്ങാറാകുമ്പോൾ വലിയ മീനുകളെല്ലാം പുന്നച്ചൻ തന്റെ കൂട്ടുകാരനു കൊടുക്കും. കുട്ടിക്കാലം മുതൽതന്നെ ദയയും കാരുണ്യവും അദ്ദേഹത്തിന്റെ ജീവിതത്തിൽ തളിരിട്ടു നിന്നിരുന്നു.

ആലുവായിൽ കബറടങ്ങിയ പരിശുദ്ധനായ മാർ അത്താനാസിയോസ് തിരുമേനി പ. ബാവാതിരുമനസ്സിലെ ആത്മ സ്നേഹിതനായിരുന്നു. സഭ രണ്ടായി ഭിന്നിച്ചു നിന്നപ്പോൾ പോലും ഈ രണ്ടു തിരുമേനിമാരുടെയും ഹൃദയങ്ങൾ തമ്മിൽ ഭിന്നിപ്പിക്കാൻ ആർക്കും കഴിഞ്ഞിരുന്നില്ല. അവർ പരസ്പരം സ്നേഹിച്ചിരുന്നു, ബഹുമാനിച്ചിരുന്നു. അവർ ഇരുവരും പരിശുദ്ധനായ പരുമലത്തിരുമേനിയുടെ ശിഷ്യന്മാർ ആയിരുന്നു. ഇളംപ്രായത്തിൽതന്നെ സ്നേഹിതന്മാർ ആയിരുന്ന ഈ തിരുമേനിമാരുടെ ഹൃദയങ്ങളെ തമ്മിൽ ബന്ധിച്ചിരുന്ന സ്നേഹത്തിന്റെ സുവർണ്ണ നൂലിഴകൾ ഒരിക്കലും പൊട്ടിപ്പോയിരുന്നില്ല. അത്താനാസിയോസ് തിരുമേനി കാലം ചെയ്തപ്പോൾ പ. ബാവാതിരുമേനി തന്റെ ആത്മസ്നേഹിതന്റെ മൃതദേഹം സന്ദർശിച്ചു് പ്രാർത്ഥനകൾ നടത്തി. ആ രംഗം കണ്ട ഹൃദയം ഉള്ളവരുടെയെല്ലാം കണ്ണുകൾ അപ്പോൾ നനഞ്ഞു.

ഇന്നു് ഈ രണ്ടു പിതാക്കന്മാരും നമ്മോടൊത്തില്ല. അവർ പ്രാണതുല്യം സ്നേഹിച്ച സഭയ്ക്കുവേണ്ടി സ്വർഗ്ഗത്തിലിരുന്നു് അനവരതം പ്രാർത്ഥിക്കയാണു്. തിരുമേനിയുടെ കണ്ണീർത്തുള്ളികൾ സമാധാനത്തിന്റെ വെൺമുത്തുകളായി സ്വർഗ്ഗത്തിൽനിന്നു് പൊഴിയട്ടെ എന്നു നമുക്കു് പ്രാർത്ഥിക്കാം.

—0—

**FOR FAVOURS RECEIVED**



Mr. & Mrs. Varghese, *Kl.* Kottayam.

*With Best Compliments*
*from:—*

V

**THE ELIXIR**
**PLASTICS**

Phone:
OFFICE: 3580; RES: 3608

*With Respectful Regards*



**THAMPAN JOSEPH**
**PREMIER CHITTY FUND**
KOTTAYAM

PHONE:
OFFICE: 3941; RES: 2913

With Respectful Regards



**K. A. ABRAHAM**
**ILLICALCHIRAYIL**
**KOTTAYAM**

**HIGHLAND**
TRADING COMPANY
Manufacturers' Representatives
&
Estate Suppliers

AUTHORISED AGENTS OF
M/s **A. V. THOMAS & CO., LTD.**
**FOR 'BAYER' PLANT PROTECTION**
**&**
**PUBLIC HEALTH PRODUCTS.**
229 KALARIKAI BAZAAR, KOTTAYAM.

Phone:
Off: 3070, Res: 2188

# കുന്നംകുളവും പ. ബാവാ തിരുമേനിയും

(കെ. വി. ചാക്കോ, കുന്നംകുളം)

1959 ജനുവരിവരെ മലങ്കര മെത്രാപ്പോലീത്തന്മാരുടെ നേരിട്ട ഭരണത്തിലമർന്ന ഒരു മഹാഇടവകയായിരുന്നു കുന്നംകുളം. കുന്നംകുളം നിവാസിയായിരുന്ന പുലിക്കോട്ടിൽ വലിയ മാർ ദീവന്നാസിയോസ് സെമിനാരി സ്ഥാപിച്ചപ്പോൾ സഹായ സൗകര്യങ്ങൾ നൽകിയത് കുന്നംകുളം നിവാസികളാണ്, കൂലി വാങ്ങാതെ കല്ലും, മണ്ണും, കുമ്മായവും മററും ചുമന്നവരിൽ ഭൂരിപക്ഷവും കുന്നംകുളത്തുള്ളവരായിരുന്നെന്ന് പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. പുലിക്കോട്ടിൽ ചെറിയ മാർ ദീവന്നാസിയോസ് തിരുമേനിയും ഈ ഇടവകയെ പ്രത്യേകാൽ തന്റെ മേൽനോട്ടത്തിൽത്തന്നെ ക്രമപ്പെടുത്തി. കൊച്ചി ഇടവകയ്ക്ക് ഒരു മെത്രാപ്പോലീത്തായെ പത്രോസ് പാത്രിയർക്കീസ് വാഴിച്ചുവെങ്കിലും, ആ തിരുമേനി കുന്നംകുളം ഇടവകയിൽ കാൽ കുത്തിയില്ല. ഇതേ പാരമ്പര്യം തന്നെ വട്ടശ്ശേരിത്തിരുമേനിയും അനുവർത്തിച്ചുപോന്നു. ഇതവസാനിപ്പിച്ചത് പ. ബാവാ തിരുമേനിയാണ്. മുൻഗാമികളെ സഹായിക്കുവാൻ കഷ്ടനഷ്ടങ്ങൾ സഹിച്ച ഈ ഇടവക ഒന്നാശ്വസിക്കട്ടെയെന്ന് തിരുമേനി വിചാരിച്ചിരിക്കണം.

മലങ്കരമെത്രാപ്പോലീത്തന്മാരുടെ നേരിട്ട ഭരണത്തിൻ കുന്നംകുളം ഭരിക്കപ്പെട്ടുവെങ്കിലും, ഈ ഇടവകയിൽ അന്നന്നുണ്ടായിരുന്ന കൊച്ചു തിരുമേനിമാർക്കു കൂടുതൽ പ്രവേശനസ്വാതന്ത്ര്യവും സ്വാധീനവുമുണ്ടായിരുന്നു. പുലിക്കോട്ടിൽ ചെറിയ മാർ ദീവന്നാസിയോസിന്റെ കാലത്ത് കുന്നംകുളം ഇടവകക്കാര്യങ്ങളിൽ ഇടപെടുവാൻ നിയുക്തനായിരുന്നത് പരുമല കൊച്ചുതിരുമേനിയായിരുന്നു. വട്ടശ്ശേരിത്തിരുമേനിയുടെ കാലത്ത് കൊച്ചു തിരുമേനിമാരായ കണ്ടനാട്ടുതിരുമേനിയും, പുത്തൻകാവു തിരുമേനിയും.

## കുണ്ടറ കൊച്ചുതിരുമേനിയുടെ ആഗമനം

പരുമലത്തിരുമേനിയുടെ കൂടെ പുന്നൂസ് റമ്പാച്ചൻ ഒന്നുരണ്ടു തവണ ഈ ഇടവക സന്ദർശിച്ചിട്ടുണ്ട്. മെത്രാപ്പോലീത്തായായി 10 വർഷം കഴിഞ്ഞ് 1922–ലാണ് തിരുമേനി കുന്നംകുളം സന്ദർശിച്ചത്. വട്ടശ്ശേരിത്തിരുമേനിയോടുകൂടി എഴുന്നെള്ളിയ കൊച്ചുതിരുമേനി കുന്നംകുളത്തുകാർക്ക് അവിസ്മരണീയനാകാൻ ഒരു മഹാസംഭവം നടക്കയുണ്ടായി. കക്ഷിവഴക്കുകളെല്ലാംതന്നെ ഈ ഇടവകയിൽ സന്ധി സംസാരിച്ച് ഒതുക്കാനായിരുന്നു വട്ടശ്ശേരിത്തിരുമേനി എഴുന്നെള്ളിയത്. അതിനെക്കുറിച്ച് ഗുരുതരമായ ചർച്ചകൾ വലിയതിരുമേനിയുടെ മുറിയിൽ നടന്നുകൊണ്ടിരുന്നതിനാൽ കൊച്ചുതിരുമേനിക്ക് കുന്നംകുളത്തുള്ള സമുദായപ്രമാണികളുമായിട്ടുള്ള പഴയ സൗഹൃദം പുതുക്കാൻ കഴിഞ്ഞു

## പ്രവചനം

പഴയ പള്ളിയിൽ ഒരു ഞായറാഴ്ച വലിയ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ തിരുമേനി ദിവ്യബലിയർപ്പിച്ചു. തിരുമേനി പ്രസംഗിച്ചുകൊണ്ടിരിക്കെ പള്ളിയിൽ 'അങ്ങാടിക്കു തീ' എന്നൊരു കുശുകുശുപ്പുണ്ടായി. എതിർകക്ഷികളുടെ കുതന്ത്രമാണതെന്നു ചിലർ സംശയിച്ചുവെങ്കിലും അതൊരു യാഥാർത്ഥ്യമായിരുന്നു. ഇതുപോലൊരു തീപിടുത്തം കുന്നംകുളത്തുണ്ടായിട്ടില്ല. പ്രസിദ്ധ വിഷഹാരിയായ മങ്ങാട്ട് തോലത്തെ അയ്പ്പ് അവർകൾ തിരുമേനിയെക്കുറിച്ചു പറഞ്ഞതിപ്രകാരമാണ്. 'ഈ മെത്രാച്ചൻ അഗ്നിവൻ യശസ്സോടും കീർത്തിയോടും കൂടി ഭരിക്കും'. അയ്പ്പുചേട്ടന്റെ പ്രവചനങ്ങളെ ആളുകൾ വിശ്വസിക്കുവാൻ കാരണമുണ്ട്. അബ്ദുള്ളാബാവായ്ക്കു കുന്നംകുളം ഗംഭീരമായ വരവേല്പു നൽകുകയുണ്ടായി. തൽസമയം അയ്പ്പുചേട്ടൻ പറഞ്ഞത് 'സഭ രണ്ടായി പിളരും' എന്നായിരുന്നു. രഥത്തിൽ പൂട്ടിയിരുന്ന കുതിരകളുടെ നിറം ഭിന്നമായിരുന്നുവത്രെ. അയ്പ്പുചേട്ടന്റെ ആ പ്രവചനം ഒത്തു. ഈ പ്രവചനവും യഥാർത്ഥമായി. നവതിഗതനായ തിരുമേനി സമാധാനം കൈവരുത്തി ഭാഗ്യമരണം പ്രാപിച്ചു. അഗ്നിവൽ യശസ്സോടും കീർത്തിയോടും കൂടി ഭരിച്ചു. സഭയിൽ സമ്പൂർണ്ണ സ്വാതന്ത്ര്യം കൈവരുത്തി. [illegible]ന വിധേയയായ മലങ്കരസഭയെ സ്വയം ഭരണാധികാരമുള്ള ഒരു സഭയാക്കി.

അബ്ദുള്ളാബാവായുടെ 'ഡസ്റ്റ്' എന്ന നിലയെ മാററി, അബ്ദേദ്മിശിഹാബാവായുടെ ട്രസ്റ്റവകാശത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച

*With Best Compliments*

*From:*

# MADRAS BANGALORE TRANSPORT CO. (West)

Agents: CARAVAN GOODS CARRIERS (P) Ltd.

**H.O. BOMBAY**

**ADMN. OFFICE: BANGALORE**

Regional Office: Jews Street

Ernakulam — Cochin- 11.

PHONE: 35526 TELEX: 046-271

Grams: " EMBITICO "

മഹാ സംഭവമാണ് 'കാഭേ' കൊച്ചുതിരുമേനിയുടെ സന്ദർശനം.

× രണ്ടാമത്തെ കാതോലിക്കാബാവാ തിരുമേനിയുടെ കബറടക്കശുശ്രൂഷ കഴിഞ്ഞ് ഒരു കാറിൽ വലിയ തിരുമേനി, കൊച്ചുതിരുമേനി, ബഥനിത്തിരുമേനി, ചെറിയമഠത്തിലച്ചൻ, പൂതക്കുഴിയച്ചൻ ഒന്നിച്ചു പഴയ സെമിനാരിയിലേക്കു മടങ്ങുകയായിരുന്നു. പുതുപ്പള്ളിയോടടുത്തപ്പോൾ ബഥനിത്തിരുമേനി കാതോലിക്കായായി ഒരാൾ വേണമല്ലോ എന്നു പറഞ്ഞു. തൊട്ടു വലതുഭാഗത്തിരുന്ന വലിയ തിരുമേനിയുടെ ബധിരതയ്ക്കപ്പോൾ ശക്തി കൂടുകയാണുണ്ടായത്. കഞ്ഞിക്കുഴിയോടടുത്തപ്പോൾ വീണ്ടും ഈ ചോദ്യംതന്നെ ബഥനിത്തിരുമേനി ആവർത്തിച്ചു. വലിയ തിരുമേനിയുടെ ബധിരത തീരെ മാറി. 'ദൈവത്തിൻെറ സഭ; ദൈവം യോഗ്യനെ തെരഞ്ഞെടുക്കും' എന്ന് ഒരു മറുപടി കൊടുത്തതോടെ ബഥനിത്തിരുമേനിയുടെ ജിജ്ഞാസയ്ക്കറുതിയെത്തി. എം. ഡി. യ്ക്കടുത്തപ്പോൾ ചില കാര്യാന്വേഷണത്തിന് ബഥനിത്തിരുമേനിയെ അവിടെ ഇറക്കിവിട്ടുംകൊണ്ട് കാർ പഴയസെമിനാരിക്കു പോയി. അന്നു രാത്രി അച്ചന്മാരോടു കൊച്ചുതിരുമേനിയെ കാതോലിക്കായായി അവരോധിക്കണമെന്ന തിരുമേനിയുടെ ആഗ്രഹം പ്രകടിപ്പിച്ചു. അച്ചന്മാരും ഈ നിർദ്ദേശത്തെ അനുകൂലിച്ചു. പിറെറദിവസം ബഥനിത്തിരുമേനി വന്നെത്തി. അന്ന് സുന്നഹദോസുകൂടി കണ്ടേറ കൊച്ചുതിരുമേനിയെ കാതോലിക്കായായി തെരഞ്ഞെടുത്തു. പലരുടെയും പ്രതീക്ഷ അഭ്യസ്തവിദ്യനായ ബഥനിത്തിരുമേനി ഈ മഹോന്നതസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടുമെന്നായിരുന്നു. അദ്ദേഹം വട്ടശ്ശേരി തിരുമേനിയുടെ അതിവാൽസല്യപുത്രനായിരുന്നല്ലൊ. എന്നാൽ ദൈവവിളി കണ്ടേറ കൊച്ചുതിരുമേനിക്കായിരുന്നു.

1929 ഫെബ്രുവരി 13-ാം തീയതി കോട്ടയം എം. ഡി. യിൽ വെച്ച് വലിയതിരുമേനി കൊച്ചുതിരുമേനിയെ കാതോലിക്കായായി അവരോധിച്ചു. വലിയതിരുമേനി കാതോലിക്കാബാവായെ കുന്നംകുളം ഇടവകയിലേക്കു ക്ഷണിക്കണമെന്ന് കാണിച്ച് ഒരു സാധനമയച്ചു. മുളന്തുരുത്തിപ്പള്ളിയിൽ എഴുന്നെള്ളിയിരുന്ന വലിയ തിരുമേനിയെ ഇദ്ദേശിയർ സന്ദർശിച്ച് പുലിക്കോട്ടിൽ യൌസേഫ് ശെമ്മാശ്ശനെ മെത്രാനായി അവരോധിക്കേണ്ടതാണെന്നു അപേക്ഷിക്കയുണ്ടായി. ശെമ്മാശ്ശനെ തല്ക്കാലം റമ്പാനാക്കിയാൽ മതിയെന്ന നിർദ്ദേശത്തോടെ ഡെപ്യൂട്ടേഷനംഗങ്ങളെ മടക്കിയയച്ചു. സാമാന്യം ക്ഷേമമായ ഒരു സ്വീകരണം കാതോലിക്കാബാവായ്ക്കു ഈ ഇടവക നൽകി. വലിയ നോമ്പിലെ അഞ്ചാം ആഴ്ചയാണ് തിരുമേനി ഇവിടേയ്ക്ക് എഴുന്നെള്ളിയത്. ശെമ്മാശ്ശനെ 'സമിയോ' ഞായറാഴ്ച കത്തനാരും, നാല്പതാം വെള്ളിയാഴ്ച റമ്പാനുമായി പട്ടം കെട്ടി. ഉയിർപ്പുദിവസം തെക്കേക്കര കുറിയാക്കോസ് കത്തനാരെ കോർ എപ്പിസ്കോപ്പായുമാക്കി. ഇങ്ങനെ അബ്ദേദ് മശിഹാ ബാവാവഴിയായ കറയററ പട്ടത്വം ഈ ഇടവകയിൽ രണ്ടാമത്തെ എഴുന്നെള്ളത്തോടുകൂടി ബാവാതിരുമേനി ഉത്ഘാടനം ചെയ്തു. ഒരു മാസത്തോളം തിരുമേനി ചിററളയം പള്ളിമേടയിൽ താമസിച്ചു. പരുമലത്തിരുമേനിയോടുകൂടിയും, വലിയതിരുമേനിയോടുകൂടിയും വന്ന കാലത്തെ പരിചയങ്ങളിൽനിന്നും തിരുമേനി സംഗ്രഹിച്ചിരുന്ന ഇദ്ദേശിയരുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളിലുള്ള തീക്ഷ്ണതയെക്കുറിച്ചുള്ള അഭിപ്രായം ഈ കാലഘട്ടത്തിൽ വളരെയധികം തിരുമേനിയെ സന്തുഷ്ടനാക്കി.

സഭാസമാധാനാർത്ഥം ഹോംസിൽ താമസിച്ച കാലത്ത് അപ്രേം പാത്രിയർക്കീസു കൊടുത്ത വ്യവസ്ഥകളുടെ ഒരു പകർപ്പ് തിരുമേനി കുന്നംകുളത്തേയ്ക്കു അയച്ചുതരികയുണ്ടായി. മലങ്കരസഭയുടെ വ്യക്തിത്വം നശിപ്പിച്ചു അതിനെ പാത്രിയർക്കീസ്സിൻെറ കയ്യിലെ നെല്ലിക്കയാക്കാൻ ആഹാബ് രാജാവിനെപ്പോലെ കൊതിപൂണ്ട് എഴുതിയുണ്ടാക്കിയ വ്യവസ്ഥകളെ എതിർത്തും, സഭാസ്വാതന്ത്ര്യത്തിന്നായുള്ള തിരുമേനിയുടെ പോരാട്ടത്തിൽ സർവ്വസഹായവും വാഗ്ദത്തം ചെയ്തും ഒരു സന്ദേശം ഈ ഇടവകയിൽനിന്നു ഉടൻ അയച്ചുകൊടുക്കുകയുണ്ടായി. അതോടുകൂടി തിരുമേനിയുടേയും പരിവാരത്തിൻെറയും ജീവരക്ഷയ്ക്കായി വേണ്ടതു പ്രവർത്തിക്കണമെന്ന് ബ്രിട്ടീഷു ഗവർമ്മെൻറിനോടപേക്ഷിക്കയും ചെയ്തു. ഞങ്ങളെ അനുകരിച്ച് മററു ഇടവകക്കാരും ബാവാതിരുമേനിയുടെ പരിശ്രമങ്ങൾക്ക് പിന്തുണ വാഗ്ദാനം ചെയ്യുന്ന പ്രമേയങ്ങൾ അയക്കയുണ്ടായി. വൃദ്ധനായ തിരുമേനിയെ ഇങ്ങനെ വിഷമിപ്പിച്ച പാത്രിയർക്കീസ്സിൻെറ മനഃസ്ഥിതിയെ കലവറയില്ലാതെ തുറന്നുകാട്ടിയ തിരുമേനിയോടു കൂറും താല്പര്യവും കൂടാൻ ഇതു കാരണമാക്കി. തിരുമേനിയുടെ നിസ്സംഗത്വമാണ് തിരുമേനിയിലേക്കു

× ഈ വിവരം പരേതനായ ചെറിയമഠത്തിലച്ചനിൽനിന്നു കേട്ടിട്ടുള്ളതാണ്.

*With the Best Compliments from:*



# RAJAMAHAL THEATRE

## KOTTAYAM

Phone: 3517

---

Best Compliments from:

V

*Guide Rubbers Manufacturers of*

**RUBBER BAND & GLOWS**

Gram: GUIDE·　　PHONE off: 2792

P· B: 166　　Res: 2688

---

**I. S. A.**

× Electrical Wiring goods, Usha, G· E· C·, Crompton Fans·

× Hindustan Sanitarywares and G· I· Pipes·

× Crompton Pumpsets, Deepwell Pumpsets etc·,

**INDUSTRIAL SALES AGENCIES,**

KOTTAYAM

Phone: office: 3776　　Res: 2729

Prop: **Mammen Varghese**, B·A·, B·L·


ജനങ്ങൾ ആകൃഷ്ടരാകാൻ പ്രധാന കാരണം. ഇതാണു് തിരുമനസ്സിലെ വിജയരഹസ്യം.

1930-ൽ ആണു് ഈ ഇടവക തിരുമനസ്സിലെ കീഴിലായതു്. 1934-ൽ ഈ ഇടവകയിൽ ഒരു പ്ളേഗുബാധയുണ്ടായി. അച്ചന്മാർ തിരുമേനിയുടെ പേർക്കു ഈ വിവരം കാണിച്ചു് എഴുതി. തിരുമേനിയുടെ സാന്നിദ്ധ്യവും അപേക്ഷിച്ചു. ഞെട്ടിപ്പിക്കുന്ന ഒരു മഹാരോഗം സ്വന്തം ഇടവകയിൽ താണ്ഡവം ചെയ്യുമ്പോൾ കുഞ്ഞാടുകളെ സമാശ്വസിപ്പിക്കാൻ പോവുകതന്നെയെന്നു് തിരുമേനി നിശ്ചയിച്ചു. കോട്ടയത്തെ സമുദായപ്രമാണികൾ തിരുമേനിയോടു് കുന്നംകുളം യാത്രാപ്രോഗ്രാം വേണ്ടെന്നു വെക്കണമെന്നു് അപേക്ഷിച്ചു. തിരുമേനി വഴങ്ങുന്നില്ലെന്നായപ്പോൾ പാമ്പാടി തിരുമേനിയെ അയച്ചാൽ മതിയെന്നുള്ള വ്യവസ്ഥയിൽ തിരുമേനി സന്തുഷ്ടനായി പ്രോഗ്രാം ഭേദപ്പെടുത്തി. ഈ ഘട്ടത്തെ മുഴുവനും ദൃക്സാക്ഷിയായ പാറമേൽ കുറിയാക്കോസു കത്തനാർ വിവരിച്ചപ്പോഴാണു് ഞങ്ങളോടുള്ള തിരുമേനിയുടെ പൈതൃകവാത്സല്യം ഞങ്ങൾക്കുതന്നെ ബോദ്ധ്യമായതു്. ഇതു് തിരുമേനിയോടുള്ള ഭക്തിയും സ്നേഹവും വർദ്ധിപ്പിച്ചു.

ഇവിടുത്തെ പള്ളിഭരണത്തിൽ 1935-ൽ രണ്ടു ചേരികളുണ്ടായിത്തീർന്നു. രണ്ടു ചേരിയും കക്ഷിത്വത്തിൽ ബഹുവാശികളായിരുന്നുതാനും. ഈ വഴക്കിനെ തിരുമേനി കൈകാര്യം ചെയ്ത രീതി വാസ്തവത്തിൽ ആത്മീകമായിട്ടായിരുന്നു, ഈ ചേരിത്തിരിവു് ആത്മീകജീവിതത്തെ ബാധിക്കരുതെന്നു മാത്രം തിരുമേനി ഉദ്ബോധിപ്പിച്ചു. ഞങ്ങൾ സാഹോദര്യ ഭാവനയോടെ ഭിന്നതയെ അഭിമുഖീകരിക്കണമെന്നു് ഉപദേശിച്ചു് പ്രശ്നപരിഹാരച്ചുമതല ഞങ്ങളുടെ തോളിൽത്തന്നെ വെച്ചുതന്നു. തിരുമേനി അധികാരസ്ഥാപനമോഹം കാട്ടിയില്ല; തിരുമേനിയുടെ വ്യക്തിമാഹാത്മ്യം പ്രദർശിപ്പിച്ചില്ല. ഈ നയം മൂലം സുസ്ഥിരമായ സമാധാനം കൈവന്നു. ഇതോടുകൂടിയാണു് തിരുമേനി ഞങ്ങൾക്കു കൂടുതൽ പ്രിയപ്പെട്ട പിതാവായിത്തീർന്നതു്.

മുൻകോപികൾ ശുദ്ധാത്മാക്കളായാൽ ദുഷ്ടത പ്രവർത്തിക്കുമെന്നു ഒരു ചൊല്ലുണ്ടു്. ബാവാതിരുമേനി ഒരു മുൻകോപിയാണു്; ശുദ്ധാത്മാവാണു്. എന്നാൽ അദ്ദേഹം ദുഷ്ടനായിരുന്നില്ലെന്നതു് മുമ്പുദ്ധരിച്ച ചൊല്ലിനൊരു അപവാദമായി പരിഗണിക്കാം. അതിനു കാരണം സ്വാർത്ഥം അദ്ദേഹത്തെ തീണ്ടിയിട്ടില്ലെന്നതാണു്. കേരള ഹൈക്കോടതിയിൽ സമുദായക്കേസ്സു ദോഷമായി വിധിച്ചപ്പോൾ അദ്ദേഹം വിരണ്ടുകയോ പതറുകയോ ചെയ്യാഞ്ഞതു് തിരുമേനിയുടെ പ്രവർത്തനങ്ങളെല്ലാം സഭയ്ക്കുവേണ്ടിയുള്ള ഒരു മഹായജ്ഞമായിരുന്നുവെന്നു് ദൃഢമായി വിശ്വസിച്ചതുകൊണ്ടായിരുന്നു. തിരുമേനിയുടെ പ്രവർത്തനങ്ങളിലെല്ലാം സത്യം എന്ന മർമ്മം പ്രധാനമായിരുന്നു. സത്യത്തെ റബ്ബർപന്തിനോടാണു് തിരുമേനി ഉപമിച്ചതു്. മർദ്ദനമേൽക്കുംതോറും അതു മേലോട്ടുയരുന്നു. തോൽവി നേരിടുന്തോറും സഭ ഉയരുന്നു; സഭയുടെ ജീവശക്തി പുഷ്ടിപ്പെടുന്നു. സഭയുടെ തോൽവിയേക്കാൾ വിലയേറിയതല്ല തിരുമേനിയുടെ തോൽവി. തിരുമേനി സഭയുടെ ഒരായുധം മാത്രം. ഇത്രയും വലിയ സംസ്കൃതചിത്തം തിരുമേനിക്കുണ്ടായതു് എഡിൻബറോ

FOR FAVOURS RECEIVED



Excuse delay, C. J. Pathanapuram.

Deenamma,
Kudassanad

# പുണ്യശ്ലോകനായ ബാവാ തിരുമേനി

(എം. ചാക്കോപ്പിള്ള, സെക്രട്ടറി
മലങ്കര മെഡിക്കൽമിഷ്യൻ ഹോസ്പിററൽ, കോലഞ്ചേരി)

1958–ാമാണ്ട് ഡിസംബർ 16–ാംനു പ സഭയിലെ കക്ഷിവഴക്കുകൾ അവസാനിച്ച് സമാധാനത്തിൻെറ കല്പനകൾ പ. ബാവാമാർ തമ്മിൽ കൈമാറി വഴക്കുകൾ ശമിച്ചിരിക്കുന്ന സമയമാണ്. ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിൻെറ വാർഷിക കോൺഫ്റൻസു കോലഞ്ചേരിയിൽവച്ച് നടത്തണമെന്ന് അതിൻെറ ചുമതലക്കാർ നിശ്ചയിച്ചു. കോലഞ്ചേരിപള്ളികമ്മിററിയും വിദ്യാർത്ഥിപ്രസ്ഥാനത്തിൻെറ ചുമതലക്കാരും ഏകോപിച്ചുകൂടി ഒരു യോഗം ചേർന്ന് ടി കോൺഫ്റൻസു നടത്തിപ്പിൻെറ കൺവീനറായി എന്നെ തെരഞ്ഞെടുത്തു. കോൺഫ്റൻസിൻെറ അവസാനദിവസമുള്ള പൊതുയോഗം പ. കാതോലിക്കാബാവാ തിരുമേനിയുടെ മഹനീയാദ്ധ്യക്ഷതയിൽതന്നെ നടത്തിത്തന്ന് അനുഗ്രഹിപ്പാറാകണമെന്നും, തിരുമനസ്സുകൊണ്ട തലേദിവസം തന്നെ പള്ളിയിലേക്കു എഴുന്നെള്ളണമെന്നുമുള്ള സംഗതി പ്രത്യേകം അറിയിച്ചു ക്ഷണിക്കണമെന്നും കൂടാതെ പ. സഭയിലെ എല്ലാ തിരുമേനിമാരും കോൺഫ്റൻസിൽ വന്നു ചേരുന്നതിനായി ക്ഷണിക്കണമെന്നും ഭാരവാഹികൾ തീരുമാനിച്ചു. കോലഞ്ചേരി ഹൈസ്കൂൾ മൈതാനത്തു പതിനായിരം പേർക്കിരിക്കത്തക്കവണ്ണം ഗംഭീരമായ ഒരു പന്തൽ ഞങ്ങൾ നിർമ്മിച്ചു. പ. ബാവാതിരുമേനി വടക്കൻ പ്രദേശത്തു് അധികം വന്നിട്ടില്ലാത്തതുകൊണ്ടും കക്ഷിവഴക്ക് ഒത്താണ്ട് അവസാനിച്ചിരുന്നതുകൊണ്ടും പൊതുജനങ്ങൾക്കെല്ലാം ഏതോ ദൈവത്തിൻെറ ഒരു പ്രതിനിധി വരുന്നതുപോലെയുള്ള ഒരു പ്രതീതിയായിരുന്നു ഉണ്ടായിരുന്നത്. ഈ കോൺഫ്റൻസിൽ ആണു ഏററവും കൂടുതൽ പ്രതിനിധികൾ വന്നിരുന്നതെന്ന് അന്നതിൽ സംബന്ധിച്ചിരുന്നവരിൽ പലരും പറഞ്ഞു കേട്ടിട്ടുണ്ട്.

ഞാൻ പ. ബാവായെ അകലെ കണ്ടിട്ടുണ്ടെന്നല്ലതല്ലാതെ സംസാരിച്ചിട്ടുപോലുമില്ലായിരുന്നു. അദ്ദേഹത്തിൻെറ അടുത്തു ചെല്ലുന്നതിനും നേരിട്ടു സംസാരിക്കുന്നതിനും വളരെ ചുരുക്കം പേരേ ധൈര്യപ്പെട്ടാറുള്ളു. ഞാൻ കോൺഫ്റൻസിൻെറ ക്രമീകരണങ്ങളിലും തിരക്കിലും ഓടി നടക്കുകയാണ്. തലേദിവസം ഉച്ചയ്ക്കുശേഷം പ. ബാവാതിരുമേനി എഴുന്നള്ളി. വലിയ ആൾക്കൂട്ടവും തിരക്കുമാണ്. ഞാൻ ഭയന്ന് അദ്ദേഹത്തിൻെറ അടുത്തു പോകുന്നതിനോ, കൈ മുത്തുന്നതിനോ തുനിഞ്ഞില്ല. സന്ധ്യാനമസ്കാരം

സന്ദർശനത്തിനു ശേഷമാണ്. സാർവ്വമതൈകനേതാക്കളുമായിട്ടുള്ള സമ്പർക്കം തിരുമേനിയിലേയും ഒരു ദിവ്യനും മഹാനുമാക്കിത്തീർത്തു.

സഭാസമാധാനത്തിനു കളമൊരുക്കിയതു് തിരുമേനിതന്നെയാണല്ലോ. പ്രതിപക്ഷത്തെ അടിച്ചമർത്തി അതിന്മേൽ വിജയനൃത്തം ചവിട്ടാൻ തിരുമനസ്സു തയ്യാറായില്ല. സമാധാനം സഭയിൽ കൈവരുവാൻ മാർഗ്ഗം തുറന്നാൽ ആ മാർഗ്ഗത്തെ ഉപയോഗപ്രദമാക്കുന്നതിൽ അതീവ ഉൽസുകനുമായിരുന്നു തിരുമേനി. സമാധാനത്തിൻെറ കാര്യത്തിൽ സഭയുടെ സ്വാതന്ത്ര്യം ഒന്നേ തിരുമേനി കാര്യമായി പരിഗണിച്ചുള്ളു. ആയതു നിറവേററിക്കൊണ്ടു സമാധാനം സ്ഥാപിതമായതിനു ശേഷം യാക്കോബു തൃതീയൻ പാത്രിയർക്കീസ്സ് പ. ബാവായേയും ഇടവകമെത്രാപ്പോലീത്തായേയും കക്ഷികളാക്കി ആത്താററു പുത്തൻപള്ളിമേൽ അവകാശത്തിനു വ്യവഹാരം ബോധിപ്പിച്ച കാ

ര്യം എല്ലാവർക്കും അറിവുള്ളതാണ്. ഇതു് ശീമക്കാരൻെറ അന്ത്യശ്രമമാണെന്നാണ് തിരുമേനി ഇതിനെക്കുറിച്ചു ദുഃഖപൂർവ്വം കല്പിച്ചതു്.

സ്ഥാനത്തിനും ഉത്തരവാദിത്വത്തിനുമൊത്തവണ്ണം കാര്യശേഷിയും കർമ്മകുശലതയും കൊണ്ട് ദൈവം അനുഗ്രഹിച്ച യുഗപ്രഭാവനായ തിരുമേനിയാണ് പരിശുദ്ധനായ ബാവാതിരുമേനി. കഷ്ടതകളെ ദൈവദാനമായും, വിജയങ്ങളെ വിനയത്തിൻെറ ആഹ്വാനമായും വിശ്വസിച്ച് ജീവിതത്തിൽ വിജയംവരിച്ച തിരുമേനി സഭയുടെ ഭാവിനന്മയ്ക്കായി ആത്മീകമായി ഇനിയും പ്രവർത്തിക്കാതിരിക്കയില്ല. ഗുരുവിൻെറ ആദർശധീരത ശിഷ്യനിലേക്കു സംക്രമിച്ചതിൻെറ ഉത്തമോദാഹരണമാണ് തിരുമേനി. തിരുമേനിയുടെ മാധ്യസ്ഥം സഭയെ ദുഷ്ടന്മാരുടെ കെണികളിൽനിന്നും രക്ഷിക്കും നിശ്ചയം.

—0—

കഴിഞ്ഞ് പരിശുദ്ധ ബാവാതിരുമേനി വിശ്രമിക്കുകയാണ്. ബാവാതിരുമേനി സെക്രട്ടറി ശെമ്മാശ്ശനോട് ചോദിച്ചു ആരാണെടോ ഈ ഏർപ്പാടുകളൊക്കെ നടത്തുന്നത് എന്ന്. അടുത്തുനിന്ന ക്ളേറി വറുഗീസ് ബാവായോടു പറഞ്ഞു ചാക്കോപ്പിള്ള എന്ന ഇവിടെ അടുത്തുള്ള ഒരാളാണെന്ന്. അവനെ വിളിച്ചേടോ ഞാൻ ഒന്നു കാണട്ടെ എന്നു കല്പ്പിച്ചു. ആരോ ഓടിവന്ന് എന്നെ വിളിച്ചു. ഞാൻ ഭയവിഹ്വലനായി പ. ബാവാതിരുമേനിയുടെ അടുത്തുചെന്ന കൈ മുത്തി. നിന്റെ അപ്പൻ ഇല്ലേ എന്നു ചോദിച്ചു. ഉവ്വ്, ബാവാ എന്നു ഞാൻ മറുപടിപറഞ്ഞു. എനിക്കൊന്നു കാണണം എന്നു ആവശ്യപ്പെട്ടു. അപ്പനും അമ്മയും അടുത്തുണ്ടായിരുന്നതുകൊണ്ട് അവരെയും വിളിച്ചു കാണിച്ചു. എന്നോട് സന്തോഷം തോന്നി. ദൈവം നിന്നെ അതിയായി അനുഗ്രഹിക്കുമെന്ന കല്പ്പിച്ചു. പിറ്റെ ദിവസം വീണ്ടും കോൺഫ്രൻസിന്റെ തിരക്കുകളായി. വൈകുന്നേരം എല്ലാം അവസാനിച്ചു. പ. ബാവാതിരുമേനി കോലഞ്ചേരിയിൽ അന്നു താമസിച്ചശേഷം പിറ്റെന്നാൾ രാവിലെ കോട്ടയത്തിനു മടങ്ങിപ്പോയി.

1959—ൽ ആണെന്നു തോന്നുന്നു മലങ്കര അസോസിയേഷൻകൂടി മാനേജിംഗ് കമ്മറ്റിയംഗങ്ങളെ തെരഞ്ഞെടുത്തു. പ. ബാവാതിരുമേനി എന്നെ ആ കമ്മറ്റിയിലേക്ക് നോമിനേറ്റു ചെയ്തു. പിന്നീട് ബാവാതിരുമേനിയുടെ അടുക്കൽ ഞാൻ മിക്കവാറും പോയ്ക്കൊണ്ടിരിക്കുകയും അദ്ദേഹം എന്നെ അനുഗ്രഹിക്കുകയും ചെയ്യുമായിരുന്നു. എന്നു തന്നെയുമല്ല എപ്പോഴും ഏതു കമ്മറ്റിയെ തെരഞ്ഞെടുത്താലും ഞാനുംകൂടി ഉണ്ടോ എന്ന് അദ്ദേഹം അന്വേഷിച്ചുമിരുന്നു.

പ. ബാവാതിരുമേനി ഒരു പുതിയ അരമന പണിയണമെന്ന തീരുമാനിച്ചു. പ്രസിദ്ധ ഡിസൈനറായ വെള്ളാപ്പിള്ളിയെ വരുത്തി ഒരു ഡിസൈനും എസ്റ്റിമേറ്റും ഉണ്ടാക്കുന്നതിനും പണി ഉടൻ ആരംഭിക്കുന്നതിനും ഒരു കമ്മറ്റിയെ തെരഞ്ഞെടുത്ത് കല്പിച്ചു നിശ്ചയിച്ചു. കമ്മറ്റികൾ പല പ്രാവശ്യം ചേർന്നു. ഒരു തീരുമാനത്തിലെത്താതെ കാലതാമസം വരുത്തി. ഞാനും ആ കമ്മറ്റിയിലുണ്ടായിരുന്നു. കമ്മറ്റിക്കാരെക്കൊണ്ട് അരമനപണി ഉടനെ നടപ്പില്ലെന്നു കണ്ടപ്പോൾ പ. ബാവാതിരുമേനി എന്നെ വിളിച്ച് ഇപ്പോഴത്തെ പഴയ അരമന ഒരു സായിപ്പ് കുടുംബസഹിതം താമസിച്ചിരുന്ന ഒരു വീടായിരുന്നു എന്നും പെട്ടെന്ന് ഇങ്ങോട്ട് മാറിത്താമസിക്കേണ്ടതായി വന്നതുകൊണ്ടാണ് മനസ്സില്ലാമനസ്സോടെ ഇവിടെ താമസിക്കുന്നതെന്നും എനിക്ക് ഇതിൽ കിടന്നു മരിക്കുവാൻ ഒക്കുകയില്ലെന്നും എനിക്കു കിടന്നു മരിക്കുവാൻ ഒരു മുറി എങ്കിലും നീ ഉടൻ പണിയിക്കണമെന്നും എന്നോടു കല്പിച്ചു.

ഞാൻ ഏറ്റവും വേഗം കോലഞ്ചേരിക്കു വന്നു. ജോലിക്കാരുമായി കോട്ടയത്തെത്തി ധൃതഗതിയിൽ പണി ചെയ്തു തീർത്തിട്ടുള്ള അരമനയാണ് ഇന്നു കാണുന്ന പുതിയ ദേവലോകം അരമന. പ. ബാവാതിരുമേനിയുടെകൂടെ സെക്രട്ടറി ഡീക്കൻ സഖറിയാ എപ്പോഴുമുണ്ടായിരിക്കും. ദേഷ്യം വരുന്ന സമയങ്ങളിലെല്ലാം ഡീക്കന് ധാരാളം ശകാരങ്ങൾ ലഭിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അരമനപണിയുടെ പണത്തിന് ഏറ്റവും ബുദ്ധിമുട്ടുള്ള സമയങ്ങളിലെല്ലാം ഡീക്കൻ സഖറിയാ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ എന്നോടൊരുമിച്ചു സഹിച്ചിട്ടുണ്ട്. കെട്ടിടം പണി പൂർത്തിയായില്ലെങ്കിലും തിരുമേനിക്ക് അതിൽ താമസിക്കണമെന്നുള്ള അതിയായ ആഗ്രഹം മൂലം പണിതിടത്തോളം ഭാഗം വൃത്തിയാക്കി കൂദാശചെയ്തു തിരുമേനി അതിൽ താമസം തുടങ്ങി. അങ്ങിനെ ആ പിതാവിന്റെ ആഗ്രഹം സാധിക്കുകയും പുതിയ കെട്ടിടത്തിൽ കിടന്നുതന്നെ കാലം ചെയ്യുന്നതിന് ഭാഗ്യം ലഭിക്കുകയും ചെയ്തു. ഇതിൽ എനിക്ക് അനല്പമായ ചാരിതാർത്ഥ്യമുണ്ട്.

1963 നവംബറിൽ അർമ്മീനിയൻ പാത്രിയർക്കീസായ വസ്ക്കൻ തിരുമേനിയെക്കൊണ്ട് ബാവാ അരമന ഉത്ഘാടനം ചെയ്യിക്കുകയും അന്ന് സഭയിലെ പ്രധാന ആളുകളെയും വലിയ ഉദ്യോഗസ്ഥന്മാരെയും വിളിച്ച് ഒരു വിരുന്നുസല്ക്കാരം നടത്തുകയും ആ വിരുന്നുസല്ക്കാരത്തിൽവച്ച് പ. ബാവാതിരുമേനി എന്നെ അനുഗ്രഹിച്ച് ബാവായുടെ മുദ്രയുള്ള ഒരു മോതിരം എനിക്കു സമ്മാനിക്കുകയും അങ്ങനെ ഞാൻ അനുഗ്രഹീതനാവുകയും ചെയ്തു.

നാളുകൾ പിന്നെയും പലതു കഴിഞ്ഞു. പ. ബാവാതിരുമേനിക്കു സുഖമില്ലാതായി. ആ പരിശുദ്ധൻ രോഗശയ്യയെ അവലംബിച്ചു. ഈ സന്ദർഭങ്ങളിലെല്ലാം അധികസമയവും ബാവാതിരുമേനിയുടെ രോഗശയ്യക്കടുത്ത് ഞാനും ഉണ്ടായിരിക്കാൻ ഇടയാകുകയും അദ്ദേഹം എന്നെ അനേകപ്രാവശ്യം അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ദിവസം, സമയം വൈകിട്ട് 5 മണിയായി. ബാവായ്ക്ക് തീരെ സുഖമില്ല. ശുശ്രൂഷിക്കാനായി

ഡോക്ടറന്മാർ, അഭിവന്ദ്യ തിരുമേനിമാർ, മററനേകം ഭക്തജനങ്ങൾ ഇങ്ങനെ കൂടിനില്ക്കുന്ന സന്ദർഭത്തിൽ പ. തിരുമേനി പതുക്കെ കൈയെടുത്തു് എന്നെ വിളിച്ചു. തല കുനിക്കുവാൻ കൈകൊണ്ടു് ആംഗ്യംകാണിച്ചു. ഞാൻ തല കുനിച്ചുകൊടുത്തു. ആ പരിശുദ്ധൻ എന്റെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു് അനുഗ്രഹിച്ചു. അന്നു രാത്രി ആ പരിശുദ്ധ പിതാവു് പരലോകപ്രാപ്തനായി.

ബാവാതിരുമേനി കുറേനാൾകൂടി ജീവിച്ചിരുന്നെങ്കിൽ നിശ്ചയമായും ഈ അരമനപണി പൂർത്തിയാക്കുകയും കാതോലിക്കാസിംഹാസനത്തിനനുരൂപമായ ഒരു അരമന ദേവലോകത്തു് ഉയരുകയും ചെയ്യുമായിരുന്നു എന്നുള്ളതു് തർക്കമററ സംഗതിയാണു്. അരമനപണി സംബന്ധിച്ചു് തിരുമേനി തന്റെ അന്ത്യകല്പനയിൽകൂടെ സഭാമക്കളെ ഭരമേല്പിച്ചിട്ടുള്ളതു് ഇന്നു് വിസ്മരിക്കപ്പെട്ടിരിക്കുകയാണെന്നു തോന്നുന്നു. ബാവായുടെ പൂർത്തിയാകാത്ത ഏക ആഗ്രഹം ഇതുമാത്രമാണെന്നാണു് എന്റെ വിശ്വാസം. തിരുമനസ്സിലെ 100-ാം ജന്മദിനം കൊണ്ടാടുന്ന ഈ അവസരത്തിൽ അദ്ദേഹം നമ്മെ ഭരമേല്പിച്ചിട്ടുള്ള കാര്യങ്ങൾ നാം സ്മരിക്കുകയും അദ്ദേഹം ആരംഭിച്ചിട്ടുള്ള പ്രസ്ഥാനങ്ങൾ പ്രത്യേകിച്ചും അരമനപണി പൂർത്തിയാക്കുന്നതിനു് ഉൽസുകരാവുകയും ചെയ്യേണ്ടതു് മലങ്കര സഭാംഗങ്ങളുടെ കടമയാണു്. അതിനു് ഈ ജന്മശതാബ്ദി ഇടയാക്കുമെന്നു പ്രതീക്ഷിക്കുന്നു.

പ. ബാവാതിരുമേനി ജീവിച്ചിരുന്ന കാലത്തു് തന്റെ അന്ത്യാഭിലാഷമായി എഴുതിയ കല്പനയിൽ മലങ്കരസഭയുടെ വകയായി ഒരു മിഷനാശുപത്രി തുടങ്ങണമെന്നും കല്പിച്ചിരുന്നു. പ. സഭയിലെ അഭിവന്ദ്യതിരുമേനിമാരും മററംഗങ്ങളും ഒരുമിച്ചുചേർന്നു് സഹകരിച്ചതിന്റെ ഫലമായി കോലഞ്ചേരിയിൽ 50-ൽപരം ഏക്കർ സ്ഥലത്തു് 200 കിടക്കകളുള്ളതും ആധുനികരീതിയിൽ പണികഴിപ്പിച്ചിട്ടുള്ളതുമായ ഒരു നല്ല ആശുപത്രി ഈ പരിശുദ്ധന്റെ മെമ്മോറിയലായി നടത്തിവരുന്നു. ഏതു ബുദ്ധിമുട്ടും കഷ്ടപ്പാടുമുള്ള സമയത്തു് പ. കബറിങ്കൽപോയി മുട്ടിപ്പായി പ്രാർത്ഥിക്കുകയും തൽസമയങ്ങളിലെല്ലാം അതിനു പരിഹാരം കണ്ടെത്തുകയും ചെയ്തുവരികയാണെന്നുള്ളതു് എന്റെ ഒരു സത്യമായ അനുഭവമാണു്. ഈ പരിശുദ്ധന്റെ ബ്ലോക്കു് പേപ്പറുകളിൽ പ്രസിദ്ധീകരിക്കുന്നതിനും ഉദ്ദിഷ്ട കാര്യം സാധിക്കുന്നതിനു പ്രാർത്ഥിക്കുന്നതിനും ആദ്യം തുടങ്ങിയതും അനുഭവത്തിൽ വന്നതും എനിക്കാണെന്നുള്ള വിവരവും ബഹുജനങ്ങളെ ഞാൻ അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ടു്. കഴിഞ്ഞ ഒൻപതു വർഷങ്ങളായി ഈ പരിശുദ്ധന്റെ നാമത്തിൽ നടത്തിപ്പോരുന്ന മലങ്കര മെഡിക്കൽമിഷനാശുപത്രിക്കുവേണ്ടി എന്റെ എല്ലാ കഴിവുകളും ഞാൻ വിനിയോഗിച്ചുവരികയാണെന്നുള്ളതും ഒരു സത്യമാണു്. ഈ പരിശുദ്ധന്റെ പ്രാർത്ഥനയും കാവലും നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ഒരു കോട്ടയായിരിക്കട്ടെ.

—0—

**FOR FAVOURS RECEIVED**



A firm Believer. Excuse delay Tirumoolapuram · Saramma Thomas.

A firm Believer, Andamans.

ജോലിക്കുവേണ്ടി കുഞ്ഞുമോൻ ഇടവിപേരൂർ

*With Best Compliments From:*

# RELIABLE MEDICALS

(Wholesale & Retail)

K. K. ROAD, KOTTAYAM - 1.

**Phone: 3576**

---

PHONE: FACTORY-111 (EATTUMANUR)

RES: 2198 & 4540 (KOTTAYAM)

# BALAND INDUSTRIES

Industrial Estate

ETTUMANOOR, KERALA.

Manufactures of:— Frecjsion Fressed Components
" Turned Compsnets
" Forged Components.
Hospital Equipments Stainless Steei Utensils Etc

---

PHONE: 4408

# DEALERS BANKERS

(Estd. 1945)

H. O: KOTTAYAM Br: VAKATHANAM.

- Advances against Securities
- Bill, Cheques & other instruments dicounted
- Deposits of all types accepted on attractive terms.

Subsidiary:— VETTEEL BROTHERS

CONDUCTS MONTHLY AUCTION CHITTIES OF 40 INSTALMENTS

Amounts Rs. 12000, Rs. 6000, & Rs. 3000

V. C. LUKOSE (Proprietor)

# His Holiness the Catholicos of the East and H. I. M. The Emperor of Ethiopia

( Abraham Zacharia Chempakamadom )

The Indian Orthodox church is celebrating the birthday centenary of the late Catholicos Moran Mar Baselius Geevarghese II who sat magnificent on the Apostolic throne of st. Thomas and shepherded the holy church as its Supreme Catholicos for over 35 years It will be only befitting the occasion to recall the memory of the association with the church in India of His Imperial Majesty Emperor Haile Selassie of Ethiopia who at the present time is the mightiest Exponent of Orthodox faith.

The bond of fraternity and mutual attachment between the Ethiopean Orthodox Church and the Indian Orthodox Church was more firmly established during the time of the late Catholicos Baselius Geevarghese II by his close contact with the Emperor Haile Selassie I. The Orthodox Church in India has a vivid recollection of the first meeting of the late Catholicos with His Majesty Haile Selassie who visited the Malankara church in 1956 when a royal reception was accorded to His Majesty in the old Seminary at Kottayam The Emperor was then on a royal tour in India. His Holiness extended an invitation to the Emperor to visit him and the church which the Emperor accepted with great pleasure.

It was a thrilling occasion when His Holiness welcomed the Emperor by reciting a bible verse spoken by Simoon when he saw infant Jesus at the temple of Jerusalem. ' This day master thou givest thy servant his discharge in peace, now thy promise is fulfilled for I have seen with my own eyes the deliverance thou hath made ready in full. Who knows whether His Holiness had meant that the Emperor who is physically a distant cousin of Jesus through the lineage of Solomon represented the Saviour in a restricted sense. This greeting was very graciously replied with all humility traditionally becoming the Imperial throne of Ethiopia. ' This day I am all the more blessed by the very site of your Holiness a rare blessing indeed in the entire Christendom. Well, here is the union of the two mighty sons of the 19th century one hailing from the lineage of Solomon the wise from the bible land of Cush (Gen 2:13) and called the Lion of Judah and the other from the land of the East where from the wise men hailed to greet infant Jesus in the manger.

His Holiness and His Majesty fought to restore the inborn freedom of their respective mother churches and finally crumbled the yokes

## With Best Compliments From

| | |
|---|---|
| M. D. SEMINARY<br>HIGH SCHOOL<br>KOTTAYAM | M. G. M. HIGH SCHOOL<br>TIRUVELLA |
| M. G. D. HIGH SCHOOL<br>PUTUSSERY | M. G. D. HIGH SCHOOL<br>KUNDRA |
| ST. THOMAS HIGH SCHOOL<br>KARTHIKAPPALLY | METRO POLITAN<br>HIGH SCHOOL<br>PUTHENCAVU |
| M. G. HIGH SCHOOL<br>THUMPAMON | M. S. S. HIGH SCHOOL<br>THAZHAKARA |
| ST. PAUL'S HIGH SCHOOL<br>VAZHOOR | CATHOLICATE<br>HIGH SCHOOL<br>PATHANAMTHITTA |

of alien domination in the church. His Holiness was the loftiest mountain peak of the entire Christian world of his time at the height of which glittered the whitest crystal snow of grace and mercy while His Majesty Haile Selassie is the deepest ocean at the depth of which is treasured the most valued jewels of all human virtues.

Long before the above visit His Majesty was attracted by the saintly personality of the Catholicos as a result of which there was frequest correspondence between the two dignitaries. In one of his letters the Catholicos had requested His Majesty to call a Synod of all Orthodox Oriental churches as Emperor Constantine did in Nicea in 325 A. D. The idea of a genaral council was very effectively fulfilled by the Emperor in 1965. though much to the regret of the Emperor that it could be done only after the death of the Catholicos mainly because a conference of the kind had to take usually much more time and also because the death of the Catholicos was not expected so soon.

The Council was held in Addis Ababa in 1965 and all its expenses were borne by the Emperor an instance among many others worthy enough to weave the name of this great emperor in to the everlasting history of the church as in the case of Constantine. In the council the Indian Orthodox Church was represented by His Holiness Baselius Augen I the present Catholicose and their Graces Daniel Mar Philexions and Paulose Mar Philaxinos.

In the early Nineteen fifties at the request of the Ethiopean Government many teachers were sent from India. This opened the avenue for a good number of teachers from our church to go to Ethiopia and serve the Emperor who looked after them tenderly. The present Dean of the Theological College in Addis Ababa is Rev Dr V. C. Samuel who belongs to our church. Thus the entire credit of establishing the present ties of friendship and close contact with the Ethiopean church (and its protector and patorn the Ethiopean Emperor goes to the Jubilarian Catholicos.

Following the visit of the Emperor Abuna Theophilos, the present Patriarch of the Ethiopean Church also visited the late Catholicos, Baselius Geevarghese II in 1962.

When the emperor learned about the sad demise of His Holiness the Catholicose in 1964, his Majesty was deeply grieved. His Majesty directed the Ethiopean Ambassador in India to pay homage and to lay wreath on the mortal remains as the imperial Representative.

The seed of good will and friendship with the Ethiopean church and the Emperor planted in the time of the late Cathoolics has furnished abundantly and is continuing to yield to the benifit of both the communities for the cause of the Lord.

# സഭയ്ക്കുവേണ്ടി ജീവിച്ച വട്ടശ്ശേരിൽ തിരുമേനിയും ബാവാ തിരുമേനിയും

(ഫാ. ജേക്കബ്, മണലിൽ)

പുണ്യശ്ലോകനായ മോറാൻ മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ ജന്മശതാബ്ദി പ്രമാണിച്ച 'മലങ്കരസഭ' മാസിക പ്രസിദ്ധപ്പെടുത്തുന്ന സ്പെഷ്യൽ ലക്കം മൂലം, മഹാത്മാവായിരുന്ന ആ പിതാവിനെക്കുറിച്ചുള്ള സ്മരണ സഭാ മക്കളുടെ മുമ്പിൽ ആവിർഭവിപ്പിക്കുന്നതു എത്രയും ഉചിതമായി കരുതുന്നു. ഈ അവസരത്തിൽ മലങ്കരസഭയുടെ കഴിഞ്ഞ 60 കൊല്ലത്തിൽപരം ഉള്ള കാലത്തെ സാമുദായികവും, സാമൂഹ്യവും, ഭരണപരവുമായ ചരിത്രത്തെക്കുറിച്ചു ചിന്തിച്ചാൽ, ഇപ്പോൾ അതിനു കൈവന്നിട്ടുള്ള സഭാപരമായ ഭരണസ്വാതന്ത്ര്യവും, ഒരു സഭയെന്ന വിധം മററാരുടേയും സഹായം കൂടാതെ അപ്പോസ്തോലിക കൈവെപ്പ് അഭംഗം നിലനിറുത്തിക്കൊണ്ടു പോകുവാൻ ഉള്ള കഴിവുകളും സമ്പാദിച്ചു കിട്ടുവാൻ തന്റെ ജീവനും ജീവിതവും ബലി കഴിച്ചു പ്രവർത്തിച്ച ദേഹവും ഇപ്പോൾ ജന്മശതാബ്ദികൊണ്ടാടുന്ന പരിശുദ്ധ ബാവാ തിരുമേനിയുടെ മല്പാനും മുൻഗാമിയും, അവിടത്തെ എല്ലാ സംരംഭങ്ങൾക്കും കാരണഭൂതനുമായിരുന്ന പുണ്യസ്മരണാർഹനായ മലങ്കരയുടെ ഗീവറുഗീസ് മാർ ദീവന്നാസ്യോസു തിരുമേനിയെ ഓർത്തുപോകുകയാണ്. 1958 ഒക്ടോബറിൽ ജന്മശതാബ്ദി വർഷം പൂർത്തിയായിക്കഴിഞ്ഞ ആ പിതാവിനെപ്പററി ഇന്നു സമുദായം കാര്യമായി ഒന്നും സ്മരിക്കുന്നതായി തോന്നുന്നില്ല. ആ പുണ്യാത്മാവിൽ നിന്നും വൈദികസ്ഥാനം പ്രാപിച്ചിട്ടുള്ള മേൽസ്ഥാനികൾ കൂടിയും അദ്ദേഹത്തിന്റെ ഓർമ്മ ദിവസം പോലും വിസ്മരിക്കുന്നതായിട്ടാണു അനുഭവം.

ബലഹീനനായ ഈ എഴുത്തുകാരൻ 1925 മുതൽ 1934 വരെ ഒമ്പതു കൊല്ലം മലങ്കരയുടെ ഗീവറുഗീസ് മാർ ദീവന്നാസ്യോസു തിരുമേനി — വലിയ തിരുമേനിയുമൊരുമിച്ചു കഴിയുവാനും ആ അതിമാനുഷനായ മഹാചാര്യന്റെ തൃപ്പാദ സേവനം സ്വീകരിക്കുവാനും അങ്ങിനെ സമുദായ കാര്യങ്ങൾ സംബന്ധിച്ചു ഏതാണ്ടെല്ലാം പഠിക്കുവാനും പരിശീലിക്കുവാനും എനിക്കു സാധിച്ചു. ആ മഹാഭാഗ്യത്തെ തുടർന്നു അദ്ദേഹത്തിന്റെ കാലശേഷം അല്പകാലം കഴിഞ്ഞു് പിൻഗാമിയായി വന്ന ബാവാ തിരുമേനിയുടെ കീഴിലും സമുദായ കാര്യങ്ങളിൽ എളിയ സേവനം അനുഷ്ഠിക്കുവാനും കഴിഞ്ഞിട്ടുണ്ടു്. ഈ രണ്ടു മഹാചാര്യന്മാരുടെയും സഭാഭരണകാലങ്ങളുടെ ഭൂരിഭാഗവും മലങ്കരസഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തിനും, വിദേശമേധാവിത്വബന്ധത്തെ പരിമിതമായ സ്നേഹബന്ധത്തിൽ നിലനിറുത്തുന്നതിനും വേണ്ടിയുള്ള പോരാട്ടത്തിൽ കഴിയുവാനാണു ഇടവന്നിട്ടുള്ളതു്.

മലങ്കരസഭയുടെ കഴിഞ്ഞ മൂന്നു നൂററാണ്ടു കാലത്തെ ചരിത്രം നോക്കിയാൽ, അൽഭുതമെന്നു പറയട്ടെ അത്രു കാലം സഭാഭരണം നടത്തിയിട്ടുള്ള മലങ്കരയുടെ പ്രധാന മേല്പട്ടക്കാർക്കെല്ലാവർക്കും തന്നെ ഏറെക്കുറെ വിദേശമേധാവിത്വവുമായുള്ള ഏററുമുട്ടലുകൾ നേരിടേണ്ടി വന്നിരുന്നു. എന്നാൽ പുലിക്കോട്ടിൽ രണ്ടാമൻ ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കാലംവരെയും അതു സംബന്ധമായി സിവിൽ കോടതികളിൽ കാര്യമായി ബന്ധപ്പെടേണ്ടി വന്നിരുന്നില്ല. അന്നത്തെ സഭാപരമായ ആഭ്യന്തര ഭരണകാര്യങ്ങൾ എങ്ങിനെയിരുന്നാലും, മലങ്കരസഭയുടെ ഭാവികാലങ്ങളെ ഇന്നത്തെ നിലയിലേയ്ക്കു നയിക്കുവാൻ സർവ്വശക്തൻ കനിഞ്ഞിട്ടായിരിക്കാം പുലിക്കോട്ടിൽ ദീവന്നാസ്യോസു തിരുമേനി മെത്രാമ്മാ സഭക്കാരുമായി 1878 മുതൽ ഏകദേശം 12 സംവൽസരങ്ങളോളം സിവിൽക്കേസുകൾ നടത്തി വിജയം— ഒരു വിധത്തിൽ മലങ്കര സഭയ്ക്കു് അപജയം—സമ്പാദിച്ചതു്. ഈ സഭയുടെ പൌരോഹിത്യാധികാരം സംബന്ധിച്ചു വിദേശാധിപത്യത്തിൽ അധിഷ്ഠിതമായ ഒരവസ്ഥയാണ് ആ കേസിലെ വിജയം വരുത്തിവച്ചതു്. കാലങ്ങൾ കടന്നു. സഭ മുമ്പോട്ടു പ്രയാണം ചെയ്തപ്പോൾ, 1909-ൽ വട്ടശ്ശേരിൽ ഗീവറുഗീസു മാർ ദീവന്നാസ്യോസു തിരുമേനിയുടെ ഭരണകാലം ആരംഭിച്ചതോടെ മലങ്കരസഭയുടെ പൌരോഹിത്യത്തിലും, ആത്മീകത്തിലും മാത്രമല്ലാ, അഭ്യന്തര ഭരണകാര്യങ്ങളിലും ലൌകികത്തിൽ കൂടിയും ആധിപത്യം സ്ഥാപിക്കുവാൻ ഉണ്ടായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഉദ്യമത്തെ ആ തിരുമേനിയും സഭയിലെ ബഹുഭൂരിപക്ഷം ജനങ്ങളും പള്ളികളും ചെറുത്തുനിന്നു പോരാടുവാൻ സംഗതിയായതിനെ തുടർന്നു മെത്രാപ്പോലീത്തന്മാർക്കു ശിക്ഷയുണ്ടായതു കൂടാതെ സഭാ കേന്ദ്രമായിരുന്ന പഴയസെമിനാരി സ്ഥലം ഒരു സഭാസന്താനത്തിന്റെ കൊലപാതകത്തിനും കൂടി സാക്ഷ്യം വഹിക്കുകയും ക്രിമിനലും സിവിലുമായ വിവിധ കേസുകൾക്കു ഉത്തരവാദിത്വം ഏല്ക്കുകയും ചെയ്തു. അങ്ങിനെ വട്ടശ്ശേരിൽ തിരുമേനിയുടേയും തുടർന്നു ബാവാ തിരുമേനിയുടെയും ഭരണകാലത്തു 1909 മുതൽ 1958 വരെ ഏതാണ്ടു 50 വർഷക്കാലം സമുദായം അതിന്റെ ഉൾഭരണ സ്വാതന്ത്ര്യ സ്ഥാപനത്തിനും പൌരോഹിത്യ പിൻതുടർച്ചയുടെ ഭാവി നിലനിൽ

പ്പു സ്ഥിരപ്പെടുത്തുന്നതിനുമായി സിവിൽക്കോടതികളെ അഭയംപ്രാപിക്കേണ്ടി വന്നു. അപ്രകാരമുള്ള സഭയുടെ കെട്ടുറപ്പുകൾക്കുവേണ്ടിയുള്ള യത്നത്തിൽ ഈ രണ്ടു മഹാചാര്യന്മാരും തങ്ങളെത്തന്നെ ഉഴിഞ്ഞുവച്ചു വഹിച്ച പങ്ക് അവിസ്മരണീയമാണ്. മാർ ദീവന്നാസ്യോസ് തിരുമേനിക്കു 1911 മുതൽ 1929 വരെയും ബാവാ തിരുമേനിക്കു 1938 മുതൽ 1958 വരെയും നേരിടേണ്ടി വന്ന കേസുകളിൽ വിജയവും തോൽവിയും മററു വിധത്തിൽ ഉണ്ടായ കായക്ലേശങ്ങളും കഷ്ടനഷ്ടങ്ങളും വളരെയാണ്. എന്നാൽ ആ പിതാക്കന്മാരുടെ കഷ്ടതകളിൽ എല്ലാം അവരെ നയിച്ചിരുന്നത് സത്യവും സഭയുടെ സ്ഥായിയായ നന്മയും മാത്രമായിരുന്നതുകൊണ്ടായിരിക്കണം, സർവ്വശക്തനായ ദൈവത്തിന്റെ അത്ഭുതമായ അനുഗ്രഹവും, നടത്തിപ്പും മൂലമായി മോശയെപ്പോലെ വാഗ്ദത്തദേശം നോക്കിക്കാണുന്നതിനു വട്ടശ്ശേരിൽ തിരുമേനിക്കും, യോശുവായെപ്പോലെ വാഗ്ദത്തദേശം കൈവരുത്തി കണ്ടനുഭവിച്ചു ആനന്ദിക്കുന്നതിനു ബാവാ തിരുമേനിക്കും ഭാഗ്യം സിദ്ധിച്ചതു്.

വട്ടശ്ശേരിൽ തിരുമേനിയുമായുള്ള എന്റെ ഉററ സേവന ബന്ധം 9 വർഷമായിരുന്നു എങ്കിൽ ബാവാതിരുമേനിയുമായുണ്ടായിരുന്നതു 30 വർഷമായിരുന്നു. ബാവാതിരുമേനിയുടെ ബഹുമുഖമായ സഭാ ഭരണകാര്യങ്ങളിൽ ഒരു വിഭാഗത്തിന്റെ നടത്തിപ്പു സംബന്ധിച്ചു മാത്രമാണു ഞാൻ ചുമതലപ്പെട്ടിരുന്നതു്. വട്ടശ്ശേരിൽ തിരുമേനിയിൽനിന്നും ഞാൻ ശെമ്മാശുപട്ടം ഏററു പഴയ സെമിനാരിയിൽ താമസമാക്കിയ 1916-ാമാണ്ടു മുതൽ സഭാകാര്യങ്ങൾ അറിയുന്നതിനും ഈ രണ്ടു മഹാചാര്യന്മാരെ വല്ലപ്പോഴും സെമിനാരിയിൽവച്ചു കാണുന്നതിനും അവസരമുണ്ടായിരുന്നു. 1912-ൽ മേല്പട്ടസ്ഥാനം സ്വീകരിച്ച ബാവാതിരുമേനി നിരണം, കൊല്ലം, തുമ്പമൺ മെത്രാസനങ്ങൾ ഭരിച്ചുകൊണ്ടിരുന്ന അവസരത്തിൽ 1929-ൽ ആണ് കിഴക്കിന്റെ കാതോലിക്കാസ്ഥാനത്തു അവരോധിക്കപ്പെട്ടതു്. അദ്ദേഹം മേല്പട്ടസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടുകയും സ്ഥാനം ഏൽക്കുകയും ചെയ്തിരുന്ന അവസരത്തിൽ സഭാമണ്ഡലം രണ്ടു കക്ഷികളായി തിരിഞ്ഞിരുന്നു. കേസുകളുടെയും വഴക്കുകളുടേയും ആരംഭവുമായിരുന്നു. കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ ഒരു യഥാർത്ഥ ദയറാക്കാരനായി പരുമല പരിശുദ്ധന്റെ കബറുങ്കൽ സേവനം നടത്തുന്നു എന്നതിൽ കവിഞ്ഞു് അധികമായ കഴിവുകളോ, കാര്യപ്രാപ്തിയോ ഉള്ള ദേഹമായി അറിയപ്പെട്ടിരുന്നില്ല. എന്നാൽ വട്ടശ്ശേരിൽ തിരുമേനിയുടെ ശിഷ്യൻ എന്ന നിലയിൽ ആ വന്ദ്യഗുരുവിന്റെ സ്നേഹവാത്സല്യങ്ങൾക്കും, തൃപ്തിക്കും പാത്രീഭവിച്ചിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ സഹായത്തിനും മെത്രാസനങ്ങളുടെ ഭരണത്തിനുംവേണ്ടി 1912-ൽ മലങ്കരെ എഴുന്നെള്ളിയിരുന്ന അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മോർ അബ്ദേദ്മിശിഹായുടെ പ്രധാന കാർമ്മികത്വത്തിൽ പുന്നൂസ് റമ്പാൻ ഗ്രീഗോറിയോസ് എന്ന സ്ഥാനപ്പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. മെത്രാപ്പോലീത്താ ആയ ശേഷം മാർ ഗ്രീഗോറിയോസ്—കൊച്ചുതിരുമേനി എന്നാണു അദ്ദേഹം പിന്നീടറിയപ്പെട്ടതു്—അധിക സമയവും തെക്കൻ ദേശങ്ങളിലെ പള്ളികളുടേയും ജനങ്ങളുടേയും ആത്മീകവും വൈദീകവുമായ അഭിവൃദ്ധിയെ ലാക്കാക്കി നിരന്തരം പ്രവർത്തിച്ചിരുന്നതുകൊണ്ടു് ആ ഭാഗങ്ങളിൽ സഭയോടുള്ള ഭക്തിയും കൂറും വർദ്ധിക്കയും വലിയ തിരുമേനിയുടെ സഭാപരമായ ആദർശങ്ങൾക്കു പുരോഗതിയും വളർച്ചയും കൈവരികയും ചെയ്തു.

1912-ൽ ആരംഭിച്ച വട്ടിപ്പണക്കേസ് പല പടികൾ കടന്നും ജയപരാജയങ്ങളിൽക്കൂടിയും അവസാനമായി 1928-ൽ കാതോലിക്കാവിഭാഗത്തിനു അനുകൂലമായി വിധിയുണ്ടായി. ആ വിധി മൂലം കാതോലിക്കാവിഭാഗം സ്വീകരിച്ചിരുന്ന മലങ്കര സഭയുടെ അഭ്യന്തര ഭരണസ്വാതന്ത്ര്യം, മേല്പട്ടസ്ഥാനലബ്ധിക്കു വിദേശാധിപത്യാശ്രയം ആവശ്യമില്ലാത്ത നിലപാടു്, മേല്പട്ടക്കാരെ ഇഷ്ടംപോലെ മുടക്കുന്ന പാത്രിയർക്കീസന്മാരുടെ നീതികേടായ നടപടിയുടെ തിരോധാനം, പാത്രിയർക്കീസിനു മലങ്കര സഭയിൽ ഉള്ള മേലധികാരം നാമമാത്രമായിത്തീർന്ന അവസ്ഥ, ആദിയായ തത്വങ്ങൾ പ്രബലീകരിക്കപ്പെട്ടു. 1928 ഡിസംബറിൽ മലങ്കരയിലെ രണ്ടാം കാതോലിക്കാബാവാ കാലം ചെയ്തതിനെ തുടർന്നു മേല്പട്ടക്കാരുടെ സുന്നഹദോസും പള്ളിപ്രതിപുരുഷന്മാരുടെ മഹായോഗവും കാതോലിക്കാസ്ഥാനത്തേക്കു സ്മര്യപുരുഷനെ തെരഞ്ഞെടുക്കുകയും, 1929 ഫെബ്രുവരി 15-ാംനു മായൽത്തോ പെരുന്നാൾദിവസം കോട്ടയം മാർ ഏലിയാചാപ്പലിൽവച്ചു് അത്യാഡംബരത്തോടെ മലങ്കര മെത്രാപ്പോലീത്താ--വലിയ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ കിഴക്കിന്റെ കാതോലിക്കായായി സ്ഥാനാരോഹണം നടത്തുകയും ചെയ്തു. കാതോലിക്കാ ആയ ശേഷവും മെത്രാസനങ്ങളുടെ ഭരണവുംകൂടി നിർവ്വഹിച്ചുപോന്നു. വലിയ തിരുമേനിയുടെ അന്ത്യകാലത്തോടടുത്തു് 1933-34 ഈ കാലങ്ങളിൽ ബാവാതിരുമേനി അധികസമയവും പഴയസെമിനാരിയിൽ ആണു താമസിച്ചിരുന്നതു്. 1934 ഫെബ്രുവരി 16-ാം നു- വെള്ളിയാഴ്ച വലിയ തിരുമേനി പെട്ടെന്നു രോഗബാധിതനായി കിടപ്പാകയും 23-ാം തീയതി വെള്ളിയാഴ്ച ഉച്ചക്കു കാലം ചെയ്യുകയും ചെയ്തു. ആ സന്ദർഭം സഭയെ സംബന്ധിച്ചിടത്തോളം ഏത്രയും ആപൽക്കരമായ ഒരു ഘട്ടമായിരുന്നു. മലങ്കര മെത്രാപ്പോലീത്താ- മലങ്കരയുടെ നിയമാനുസൃത ഭരണാധികാരി—കാലംചെയ്തു. പിൻഗാമി തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. പൊതുസഭയുടെ ഭരണകാര്യങ്ങളിൽ കാതോലിക്കാബാവായ്ക്കു വലിയ പിടിപാടില്ല. ഭരണാധികാരവും സിദ്ധിച്ചിട്ടില്ല. ബാവായുടെ കഴിവുകളെയും മനോധൈര്യത്തെയും കുറിച്ചു ആർക്കും അത്ര നിശ്ചയവും അഭിപ്രായവും ഉണ്ടായിട്ടില്ല. സഭയിലെ ഗണനീയ നേ[illegible]ക്കന്മാർ ബാവായ്ക്കു ആവശ്യമായ പിൻ[illegible] കൊടുത്തു. വലിയ തിരുമേനിയുടെ കബറടക്ക സമയത്തു് ബാവാതിരുമേനി പ്രസ്താവിച്ചതു്

'നമ്മുടെ പണ്ഡിതനായ മല്പാൻ ഇന്നു നമ്മിൽ നിന്നും വാങ്ങിപ്പോയിരിക്കുന്നു. അദ്ദേഹം എത്രയെല്ലാം തത്വങ്ങളേയും പ്രമാണങ്ങളേയും മുൻനിർത്തി പോരാടിയോ അവയെ സംരക്ഷിപ്പാനുള്ള കടമ നമുക്കു എല്ലാവർക്കും ഉണ്ട്' എന്നാണ്. ആ പ്രസ്താവനയെ മുറുകെ പിടിച്ചുകൊണ്ട് ആത്മാവിൽ ശക്തി പ്രാപിക്കയും ദൈവത്തിന്റെയും സഭാമക്കളുടെയും പ്രീതി സമ്പാദിക്കുകയും ചെയ്തു. ദൈവത്തിൽ മുഴുവനായി തന്നെ സമർപ്പിച്ചും, തന്റെ മല്പാന്മാരും വഴികാട്ടികളുമായിരുന്ന് കാലം ചെയ്ത പ. പരുമലത്തിരുമേനിയുടെയും, വട്ടശ്ശേരിൽ തിരുമേനിയുടെയും മദ്ധ്യസ്ഥതകളിൽ അഭയപ്പെട്ടും സഭാകാര്യങ്ങളിൽ കാതോലിക്കോസ് എന്ന നിലയിൽ ചെയ്യാവുന്നതെല്ലാം ക്രമമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. മലങ്കരമെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുവാനും മററുമായി മലങ്കര അസോസ്യേഷൻ കൂടുന്നതിനു തീയതി നിശ്ചയിച്ചു നോട്ടീസുകൾ പള്ളികൾക്ക് അയയ്ക്കപ്പെട്ടു. എന്നാൽ മലങ്കര സഭയുടെ ഒരു പ്രതിസന്ധിയായ ഈ സന്ദർഭത്തിൽ അന്നു പാത്രിയർക്കീസായിരുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് അപ്രേം ബാവായുമായി മലങ്കരസഭയുടെ സമാധാനം സംബന്ധിച്ച് ആലോചിക്കണമെന്ന് ഇരുഭാഗത്തുമുള്ള സമുദായനേതാക്കന്മാർ അപേക്ഷിക്കയുണ്ടായി. നീതിയായ ഒരു സമാധാനം സഭയിൽ കൈവരുമെന്നുള്ള പ്രത്യാശയിൽ അസോസ്യേഷൻ യോഗം മാററിവയ്ക്കപ്പെട്ടു. സഭാസമാധാനയാലോചനയ്ക്കു ബാവാതിരുമേനി ഹോംസിൽ താമസിക്കുന്ന അപ്രേം പാത്രിയർക്കീസു ബാവായെ സന്ദർശിക്കുവാൻ തീരുമാനിച്ചു. 1934 ജൂണിൽ, അന്ന് മലങ്കരയിൽ താമസിച്ചിരുന്ന തുർക്കി സ്വദേശി ഏലിയാസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും ഒരുമിച്ച്, ബാവാ യെറുശലേം, ഹോംസ് മുതലായ സ്ഥലങ്ങളിലേക്ക് യാത്ര പുറപ്പെട്ടു. അവിടെ ചെന്ന് യെറുശലേമിൽ ആംഗ്ലിക്കൻ ബിഷപ്പിന്റെ അതിഥിയായി താമസിച്ചുകൊണ്ട് പാത്രിയർക്കീസു ബാവായുമായി സമാധാനയാലോചനകൾ നടത്തി. രണ്ടു മാസത്തോളം അവിടെ താമസിച്ചുകൊണ്ട് ആലോചിച്ചു എങ്കിലും സമാധാനം ഉണ്ടായില്ല. അബ്ദേദ്മിശിഹാ പാത്രിയർക്കീസ് വഴിയായി പുനഃസ്ഥാപിക്കപ്പെട്ട കാതോലിക്കാ സ്ഥാപനവും, സ്ഥാനവും, മേല്പട്ടസ്ഥാനങ്ങളും സ്വീകരിക്കയില്ലെന്നും, അവ വ്യർത്ഥങ്ങളാണെന്നും, മേല്പട്ടസ്ഥാനികൾ വീണ്ടും സ്ഥാനമേൽക്കണമെന്നും, കാതോലിക്കാസ്ഥാപനത്തിനു പകരം മഫ്രിയാനാ എന്ന സ്ഥാനപ്പേരിൽ റീശ് എപ്പിസ്ക്കോപ്പാ എന്ന അധികാരമേ നൽകുകയുള്ളു എന്നും ആയിരുന്നു പാത്രിയർക്കീസിന്റെ സമാധാനവ്യവസ്ഥകൾ. മലങ്കരസഭയുടെ ഭരണസ്വാതന്ത്ര്യത്തെ അടിയറ വയ്ക്കുന്ന ഈ വ്യവസ്ഥകൾക്ക് കാതോലിക്കാബാവാ സമ്മതിച്ചില്ല. എന്നാൽ കാതോലിക്കേറ്റിനു കോട്ടം തട്ടാവുന്ന വിധമുള്ള പല വ്യവസ്ഥകളും സമ്മതിക്കാമെന്നു പറഞ്ഞിട്ടും പാത്രിയർക്കീസ് അദ്ദേഹത്തിന്റെ വ്യവസ്ഥകളിൽനിന്നും ഒട്ടും അയഞ്ഞില്ല. കാതോലിക്കാബാവാ മലങ്കരയിലേക്കു മടങ്ങുകയും ചെയ്തു. 1934 ആഗസ്റ്റിൽ ബാവാ തിരുമേനി മലങ്കരയിൽ കൊട്ടാരക്കര തീവണ്ടിയിൽ മടങ്ങിയെത്തിയപ്പോൾ അവിടെനിന്നും കോട്ടയത്തേക്കു ഗംഭീരമായ ഒരു വരവേല്പാണ് തിരുമേനിക്കു സിദ്ധിച്ചത്.

താമസിയാതെ മലങ്കര അസോസ്യേഷൻ കൂടുവാൻ നോട്ടീസുകൾ അയയ്ക്കയും 1934 ഡി. 26-ാം തീ. എം. ഡി. സെമിനാരിയിൽവച്ച് അസോസ്യേഷൻ കൂടുകയും, കാതോലിക്കാബാവായെ മലങ്കരമെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കുകയും, സഭാഭരണഘടന സ്വീകരിച്ചു പാസ്സാക്കുകയും ചെയ്തു. സഭാകാര്യങ്ങൾ 1938 വരെ ഇരുവിഭാഗവും തമ്മിൽ കാര്യമായ ഏററുമുട്ടലുകൾ കൂടാതെ മുറപ്രകാരം പുരോഗമിച്ചുകൊണ്ടിരുന്നു. 1937-ആഗസ്റ്റിൽ എഡിൻബറോയിൽവച്ചു നടന്ന ലോകസഭായോഗത്തിൽ സംബന്ധിക്കുവാൻ മലങ്കരസഭയ്ക്കും ക്ഷണം കിട്ടിയതനുസരിച്ച് ഈ സഭയുടെ പ്രതിനിധിസംഘം ബാവാതിരുമേനിയുടെ നേതൃത്വത്തിൽ പോയി സംബന്ധിക്കയും പാശ്ചാത്യദേശങ്ങളിൽ സഞ്ചരിച്ച് മലങ്കരസഭയെപ്പററി വിദേശങ്ങളിൽ അറിവും മതിപ്പും ഉണ്ടാകുവാൻ സംഗതിയാക്കുകയും ചെയ്തു. എഡിൻബറോ കോൺഫറൻസിനെപ്പററി 'the Daily Record and Mail' എന്ന സ്കോട്ട്ലണ്ടിലെ പത്രം പ്രസിദ്ധപ്പെടുത്തിയിരുന്ന റിപ്പോർട്ടിൽ ഈ വിധം രേഖപ്പെടുത്തിയിരുന്നു. 'എഡിൻബറോ പട്ടണത്തിൽ ആഗതനായിരിക്കുന്ന ഏററവും ആകർഷണീയനായ അതിഥിയുടെ കൈയൊപ്പു വാങ്ങുവാൻ തിങ്ങിക്കൂടിയ ആളുകളുടെ പെരുപ്പംമൂലം അവർ പരസ്പരം തള്ളി മറിഞ്ഞുവീഴുകയുണ്ടായി. ഒരു പാത്രിയർക്കീസിനു ചേർന്ന അന്തസ്സോടും കാരുണ്യരശ്മികൾ പൊഴിച്ചുകൊണ്ടും, ആകർഷകമായ വേഷവൈചിത്ര്യത്തിൽ ഏതാണ്ട് അസ്വാസ്ഥ്യം ഭാവിച്ചുകൊണ്ടും ആ അതിഥി സ്കോട്ട്ലണ്ടിന്റെ തലസ്ഥാനനഗരിയിലെ തെരുവീഥികളിൽക്കൂടി നടന്നു. തന്റെ കൈയൊപ്പ് ആവശ്യപ്പെട്ടവരുടെ പുസ്തകങ്ങളിൽ അദ്ദേഹം ഒപ്പിട്ടുകൊടുത്തു. ഹസ്തദാനത്തിനു മുന്നോട്ടു വന്നവർക്ക് ഹസ്തദാനം ചെയ്തു. സസ്നേഹം കുഞ്ഞുങ്ങളുടെ ശിരസ്സിൽ തലോടി. ശ്രദ്ധാർഹനായ ഈ അതിഥി ഓർത്തഡോക്സ് സഭയുടെ മേലദ്ധ്യക്ഷനും, പൗരസ്ത്യ കാതോലിക്കോസുമായ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ആയിരുന്നു'. എഡിൻബറോ സമ്മേളനശേഷം അദ്ദേഹം യൂറോപ്പിലെ പല രാജ്യങ്ങളും സന്ദർശിക്കയും അതുമൂലം ആ രാജ്യങ്ങളിലെ സഭകളെ മലങ്കരയിലെ പൂർവ്വീകസഭയുടെ കാര്യങ്ങളിൽ കൂടുതൽ തല്പരരാക്കുകയും ചെയ്തു'.

1934 ആഗസ്റ്റിൽ പാത്രിയർക്കീസു വിഭാഗം കരിങ്ങാച്ചിറ പള്ളിയിൽ ഒരു പള്ളിപ്രതിപുരുഷയോഗം കൂടി പൗലൂസ് മാർ അത്താനാസ്യോസു തിരുമേനിയെ മലങ്കര മെത്രാപ്പോലീ-

# ചരിത്രം സൃഷ്ടിച്ച പരിശുദ്ധ പിതാവു്

(ഫാദർ തോമസ്, കുററാത്തുവിള)

മലങ്കര ഓർത്തഡോക്സ് സഭയുടെ കഴിഞ്ഞ ഒരു നൂററാണ്ടുകാലത്തെ ചരിത്രം ഏതാനും മഹൽവ്യക്തികളുടെ ചരിത്രംകൂടിയാണെന്നുള്ളതു് ഒരു യാഥാർത്ഥ്യം തന്നെയാണു്. കാതോലികവും അപ്പോസ്തോലികവുമായ സത്യവിശ്വാസസംരക്ഷണത്തിൽ ഏതൊരു പൂർവ്വീക സഭാവിഭാഗത്തിന്റേയും പിന്നിലല്ലാത്ത മലങ്കരസഭയെ പാശ്ചാത്യ സിദ്ധാന്ത സംക്രമണങ്ങളിൽ നിന്നും രക്ഷിക്കുവാൻ, കർമ്മനിരതനായി, ത്യാഗാത്മക ജീവിതവും, മരണവും നിർവഹിച്ച ഭാഗ്യസ്മരണാർഹനായ പുലിക്കോട്ടിൽ ജോസഫ് ദിവന്നാസിയോസ് തിരുമേനി അവരിൽ പ്രഥമനെങ്കിൽ, ആദ്ധ്യാത്മീക നിർവൃതിയിൽ സഭയെ സംപുഷ്ടമാക്കിത്തീർത്ത പരുമലതിരുമേനി, ചിരകാലസ്മരണീയനായ മറെറാരു മഹൽ പിതാവാണു്. ഇവർ ഇരുവരുടേയും ധന്യജീവിത പന്ഥാക്കളെ അനുധാവനം ചെയ്തു്, മലങ്കരസഭയുടെ പാരമ്പര്യാഗതമായ സ്വാതന്ത്ര്യത്തെയും, അവകാശാധികാരങ്ങളേയും വിശ്വാസാചാരാനുഷ്ഠാനങ്ങളേയും സംരക്ഷിക്കുവാൻ രണാങ്കണത്തിലിറങ്ങി ധീരധീരം പോരാടി വിജയശ്രീലാളിതരായ പുണ്യ ശ്ലോകരും, ഭാഗ്യസ്മരണാർഹരുമായ മററു രണ്ടു പിതാക്കന്മാരായിരുന്ന മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് തിരുമേനിയും, മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരുന്ന മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയും. ഈ നാലു് പരിശുദ്ധ പിതാക്കന്മാരുടെ ചരിത്രമാണു് മലങ്കരസഭയുടെ ഇക്കഴിഞ്ഞ ഒരു നൂററാണ്ടു കാലത്തെ ചരിത്രം. ഇവരിൽ അന്ത്യം പരലോകം പൂകിയ പരിശുദ്ധ പിതാവിന്റെ—പ്രഭാതംമുതൽ സന്ധ്യവരെയും സഭാ മുന്തിരിത്തോട്ടിൽ അക്ഷീണം അദ്ധ്വാനിച്ചു് കളകളെ വേരോടെ പറിച്ചുകളഞ്ഞ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗ്ഗീസ് ദ്വിതീയൻ ബാവാതിരുമേനിയുടെ നൂറാം ജന്മദിനമാണു് മലങ്കരയിലെമ്പാടും, പോരാ കിഴക്കു് മലേഷ്യൻ നാടുകളിലും, പടിഞ്ഞാറു് പേർഷ്യൻ, അറബിരാജ്യങ്ങളിലും, അതിവിദൂരതയിലുള്ള അമേരിക്കൻ നാടുകളിലും 1973 ജൂൺ 16–ാംനു- സാഘോഷം കൊണ്ടാടുന്നതു്. ഗുരുഭൂതന്മാരായിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണപാടവവും പരുമലത്തിരുമേനിയുടെ പരിശുദ്ധതയും അൽഭുതസിദ്ധികളും ഒന്നുചേർന്നുള്ളതായിരുന്ന ആ പാവനചരിതന്റെ ജീവിതം.

മദ്ധ്യതിരുവിതാംകൂറിലെ കുറിച്ചിദേശത്തെ കുലീനവും, പ്രശസ്തവും, സമ്പന്നവുമായിരുന്ന കല്ലാശ്ശേരി കുടുംബജനായ പിതാവു്, തത്തുല്യതയിൽ പിറവം രാജാക്കന്മാരുടെ നാട്ടിൽ പരിലസിച്ചിരുന്ന മാടപ്പുറമ്പു് കുടുംബജയായ മാതാവു്. ആ ധന്യർ മലങ്കരസഭാമാതാവിനു് 1873 ജൂൺമാസം 16–ാംനു- കാഴ്ചവെച്ച ഒരോമൽ പൈതലായിരുന്നു ചരിത്രപുരുഷൻ. പണ്ഡിതാഗ്രേസരനായിരുന്ന വട്ടശേരി തിരുമേനിയുടേയും,

ത്തായായും മററു രണ്ടുപേരെ ട്രസ്ററികളായും തെരെഞ്ഞെടുക്കുകയും സമുദായസ്വത്തുക്കൾ കാതോലിക്കാബാവായിൽനിന്നും കൂട്ടട്രസ്ററികളിൽനിന്നും കൈവശപ്പെടുത്തുന്നതിനു കേസു കൊടുപ്പാൻ നിശ്ചയിക്കുകയും ചെയ്തു. കേസുകൾ 1958 വരെ നടന്നു. ഒടുവിൽ സുപ്രീംകോടതിവിധി സ്വീകരിച്ചു് പാത്രിയർക്കീസും ആ വിഭാഗവും, കാതോലിക്കായേയും മററും പരസ്പരം സ്വീകരിച്ചു് 1958 ഡിസമ്പർ 16–ാംനു- മലങ്കരസഭയുടെ ഐക്യത്തിൽ വരികയും മലങ്കരസഭയുടെ വൈദീകവും, അഭ്യന്തര ഭരണസ്വാതന്ത്ര്യവും സുപ്രീം കോടതിയുടെ വിധിമൂലം പൂർണ്ണമാകയും ചെയ്തു. മലങ്കരസഭയുടെ യോജിപ്പുമൂലം പാത്രിയർക്കീസും കാതോലിക്കോസും തമ്മിൽ ഉള്ള സ്നേഹബന്ധം പുനസ്ഥാപിക്കപ്പെടുകയും യോജിച്ച സഭയിൽ അതിനടുത്തവിധം പുരോഗമനപരമായ അഭിവൃദ്ധി വളർന്നുവരുവാൻ സംഗതിയാകുകയും ചെയ്തു. ആവിധം സഭയുടെ വളർച്ച നടന്നുകൊണ്ടിരുന്ന കാലഘട്ടത്തിൽ ആണു് —സഭാസമാധാനം നടന്നിട്ടു അഞ്ചു വർഷം പൂർത്തിയായികഴിഞ്ഞു്—പരിശുദ്ധ കാതോലിക്കാബാവാ ദിവംഗതനായതു്.

സഭയെ ഹൃദയപൂർവം സ്നേഹിച്ചു് അതിന്റെ തത്വങ്ങളേയും വിശ്വാസാചാരങ്ങളേയും മുറുകെപിടിച്ചുകൊണ്ടു് സഭയ്ക്കായി തന്നെത്തന്നെ ഏല്പിച്ചുകൊടുത്തും, പ്രാർത്ഥനയോടും വിശുദ്ധിയോടും അവയെ അനുഷ്ഠിച്ചുപോരുകയും ചെയ്തിരുന്നു. ഈവിധമുള്ള വിശുദ്ധ ജീവിതം അദ്ദേഹത്തിന്റെ സഭോപരമായ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിനു ഉത്തേജനം നൽകിയിരുന്നു. അദ്ദേഹത്തിന്റെ നൂറാം ജന്മദിനത്തിൽ സഭയിലെ മേല്പട്ടക്കാരും വൈദികരും ജനങ്ങളും ആ വിശുദ്ധ പിതാവിന്റെ മാതൃകയെ പഠിച്ചും സഭാജീവിതത്തിൽ കൈവരുത്തിയും നയിക്കപ്പെട്ടുമെങ്കിൽ അതായിരിക്കും ആ പുണ്യാത്മാവിനോടുള്ള നമ്മുടെ കടമയുടെ പ്രതിഫലനമായി ഗണിക്കപ്പെടുന്നതു്. പരിശുദ്ധ പിതാവിന്റെ സ്മരണയും മദ്ധ്യസ്ഥതയും സഭയ്ക്കു കാവലും കോട്ടയുമായി തീരുവാൻ സംഗതിയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

“ആജീവനവുമനന്തരവും ഭവ്യാത്ഭുതകരനെന്ന്” ലക്ഷോപിലക്ഷങ്ങൾ അനുദിനം പ്രകീർത്തിയ്ക്കുന്ന പരുമല തിരുമേനിയുടേയും പാദാന്തികങ്ങളിലായിരുന്നു ആ പുണ്യചരിതന്റെ മതാഭ്യസനം. അവർ ഇരുവരും ചേർന്നാണ് വൈദികപദവിയിലേക്കദ്ദേഹത്തെ ഉയർത്തിയത്. കഹനൂസായുടേയും റമ്പാത്തിന്റേയും പരിശുദ്ധാത്മ നൽവരം പ. പരുമല തിരുമേനിയുടെ പാവന പാണികളലൂടെയാണ് ചരിത്രപുരുഷന് പകർന്നു കൊടുക്കപ്പെട്ടത് എന്നോർക്കുമ്പോൾ പ. ബാവാതിരുമേനി എത്രകണ്ട് അതീവ ഭാഗ്യവാനായിരുന്നു എന്നോർത്തുപോകുന്നു. തനിക്ക് കശ്ശീശാപട്ടം നൽകിയപ്പോഴും റമ്പാത്തിലേക്കാനയിച്ചപ്പോഴും, പരുമല തിരുമേനി ഉപയോഗിച്ചിരുന്ന പ. വസ്ത്രങ്ങൾ തനിക്കു തന്നെ ലഭിച്ചതും, താൻ പട്ടംകൊട ശുശ്രൂഷകൾ അർപ്പിച്ചപ്പോഴെല്ലാം ആ വി. വസ്ത്രങ്ങൾതന്നെ അനേകവർഷങ്ങൾ ധരിച്ചുവന്നിരുന്നു എന്നും, തന്റെ അഭിലാഷമനുസരിച്ച് ആ തിരുവസ്ത്രങ്ങൾതന്നെ തന്റെ കബറടക്കത്തിൽ ഉപയോഗപ്പെടുത്തി എന്നുള്ളതും അറിയാവുന്ന പലരും ഇപ്പോഴുമുണ്ട്. ആജീവനാന്തം ആ പരിശുദ്ധ പരുമല തിരുമേനിയോടു് ബാവാതിരുമേനിക്കുണ്ടായിരുന്ന സജീവ ബന്ധത്തിന്റെ പ്രതിഫലനംകൂടിയാണ് ആ വിശുദ്ധ വസ്ത്രങ്ങൾ മാറ്റൊലികൊള്ളിക്കുന്നത്.

ഈ പൂർവ്വീകസഭയെ ദീർഘകാലം ആത്മീയ പുൽമാലികളിൽ മേയിച്ച്. പൌരസ്ത്യവും പാശ്ചാത്യവുമായ ദേശങ്ങളിലെല്ലാം അതിന്റെ അപദാനങ്ങൾ പ്രകീർത്തിതമാക്കിത്തീർത്ത ആ പരിശുദ്ധ പിതാവിൽ വിളങ്ങി ശോഭിച്ചിരുന്നതിന്റെയും അനുഭവിച്ചറിഞ്ഞിട്ടുള്ളതിന്റെയും മധുരസ്മരണകൾ അയവിറക്കിക്കൊണ്ടും, അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അഭയം തേടിയും ആയിരം പതിനായിരങ്ങൾ ഇന്നു ആ പാവനപാദത്തിൽ കൈ കൂപ്പി നമിച്ചുകൊണ്ട് ആത്മപ്രചോദനവും നിർവൃതിയും പ്രാപിക്കുന്നുണ്ട്. അവരിൽ ഒരുവനാണ് ഈ എളിയ ലേഖകനും. ആ പാവനചരിതനാൽ വൈദികപദവിയിലേക്കാനയിക്കപ്പെട്ടതിൽ അഭിമാനം കൊള്ളുന്നവനുമാണ് ഈ ലേഖകൻ.

ആ മുഖം ഒരിക്കൽ ദർശിച്ചാൽ ആ ദിവ്യതേജസ്സിന്റെ മുമ്പിൽ ആരാണ് നമിച്ചു പോകാത്തത്. ഒരു പള്ളിക്കേസ്: ഓർത്തഡോക്സ്, മത്തോമാ, റീത്ത് എന്നീ മൂന്നു വിഭാഗക്കാരും ആ വ്യവഹാരത്തിൽ കക്ഷികളാണ്. ആലപ്പുഴ ഒന്നാംക്ലാസ് മജിസ്ത്രേട്ട് കോടതിയിലാണ് വ്യവഹാരം. അതിൽ പ. ബാവാതിരുമേനി ഒരു സാക്ഷിയും. തിരുമേനിയുടെ വിസ്താരം കോടതിയിൽവച്ചു മാത്രം ആയിരിക്കണമെന്നു ഒരു വിഭാഗം വാദിച്ചു. പാടില്ല: സ്ഥലം T. B. യിൽവച്ചു നടത്താം എന്ന് ഓർത്തഡോക്സ് ഭാഗം വക്കീൽ; എവിടെ വെച്ചായാലും വേണ്ടില്ല വിസ്തരിച്ചേ മതിയാവു എന്നു മൂന്നാമത്തെ വാദം. കോടതിയുടെ തീരുമാനം വിസ്താരസ്ഥലം T.B. യിൽ വച്ചാകട്ടെ എന്നായി. വിസ്താരം നടക്കേണ്ടതിന്റെ തലേദിവസം ബാവാതിരുമേനി ആലപ്പുഴ പള്ളിയിൽ എത്തിച്ചേർന്നു. വിസ്താരം നടക്കേണ്ട ദിവസം കാലത്തു ഒരു രാജി ആലോചന തുടങ്ങി. ശ്രീമാന്മാരായ പുപ്പള്ളിൽ കുട്ടിച്ചൻ, അഡ്വക്കേറ്റ് മുട്ടയ്ക്കൽ എം. സി. വറുഗീസ്, നിരണം തൈയ്യിൽ കെ. സി. വറുഗീസ്, അഡ്വക്കേറ്റ് കറ്റാനം മാങ്കാവിൽ എം. ജി. മാത്യു, ഈ ലേഖകൻ എന്നിവരാണ് രാജി ആലോചനക്കാർ. വിസ്താരസമയമെന്ന് നിശ്ചയിച്ചിരുന്ന പകൽ മൂന്നു മണിയായിട്ടും ആലോചന വിജയിച്ചില്ല. തുടർന്നുകൊണ്ടേ ഇരുന്നു. എല്ലാവരും ടി. ബി. യിൽ എത്തി. കൃത്യസമയത്തു മജിസ്ട്രേട്ടും വന്നെത്തി. ഒരു മലയാള ബ്രാഹ്മണനായിരുന്ന മജിസ്ട്രേട്ട് തന്റെ മുറിയിലേക്കു കടന്നുപോകവെ പ. ബാവാതിരുമേനിയെ ഒരുനോക്കു് കാണുകയുണ്ടായി. അല്പം കഴിഞ്ഞു് ഈ ലേഖകൻ മജിസ്ട്രേട്ടിന്റെ മുറിയിൽ കയറിച്ചെന്നു് ഒരു ചെറിയ അപേക്ഷ അറിയിച്ചു. ‘ഒരു രാജിശ്രമം നടന്നുകൊണ്ടിരിക്കയാണ്. അല്പ സമയംകൂടി ഞങ്ങൾക്കു് അനുവദിച്ചുതരണമെന്നു്’ ‘ആകട്ടെ രാജി നടന്നുകാണുവാൻ ഞാനും ആഗ്രഹിക്കുന്നു’ ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. തന്റെ മുമ്പിൽവച്ചു വിസ്തരിക്കപ്പെടേണ്ട തിരുമേനിയുടെ മുഖത്തിന്റെ ഒരു ചെറുദർശനം, തന്നിൽ വരുത്തിയ ചിന്താഗതിയുടെ ഫലമാണ് ഈശ്വരഭക്തനായ ആ ബ്രാഹ്മണോദ്യോഗസ്ഥനിൽനിന്നുണ്ടായ ഈദൃശ മറുപടിക്കു് കാരണമെന്ന് പിന്നീടു് അദ്ദേഹംതന്നെ പറയുകയുണ്ടായി. രാജി ആലോചന വിജയിച്ചു. രേഖകൾ ഒപ്പിട്ടു, അപ്പോഴേക്കും സമയം രാത്രി 10 മണി കഴിഞ്ഞിരുന്നു. ഈ നീണ്ട മണിക്കൂറുകൾ ക്ഷമയോടെ കാത്തിരുന്ന മജിസ്ട്രേട്ടിന്റെ മുൻപിൽ രേഖകൾ എത്തിച്ചേർന്നു. രേഖകൾ സംബന്ധിച്ചുള്ള നടപടികൾ അതിവേഗം പൂർത്തിയാക്കിയിട്ട് അദ്ദേഹം പറയുകയാണ്, “എനിക്കദ്ദേഹത്തെ ഒന്നു കാണണം. ഞാൻ അങ്ങോട്ടു വരുന്നു എന്നറിയിച്ച് അനുവാദം വാങ്ങുക”. വിവരം ഗ്രഹിച്ച തിരുമേനിയാകട്ടെ “കോടതിയല്ലെ അദ്ദേഹത്തെ ബഹുമാനിക്കേണ്ടതു നമ്മുടെ കടമയാണ്. അതിനാൽ ഞാൻ അങ്ങോട്ടു വരുന്നു എന്നു് അദ്ദേഹത്തെ അറിയിക്കുക,” എന്നു് കല്പിച്ചു. തന്റെ മുറിയിലേക്കു വരുന്ന മഹർഷിവര്യനെ സ്വീകരിക്കുവാൻ മജിസ്ട്രേട്ടുസ്വാമി കൂപ്പുകൈകളോടെ മുറിയുടെ വാതുക്കൽ നിലയായി. തിരുമേനിയെ സ്വീകരിച്ച് മുറിയിലേക്കു് ആനയിച്ചു. തിരുമേനിയും, അദ്ദേഹവും ഇരുന്നു. വ്യവഹാരത്തിലെ കക്ഷികളും, വക്കീലന്മാരും, രാജിആലോചനക്കാരുമെല്ലാം ചുററിലും നിലകൊണ്ടു. ‘അങ്ങേ ഇത്രയധികം ബുദ്ധിമുട്ടിച്ചതിൽ ക്ലേശമുണ്ട്’ എന്ന ആമുഖത്തോടുകൂടി തിരുമേനിയാണ് സംഭാഷണം ആരംഭിച്ചതു് ‘തിരുമേനിയെ എന്റെ മുൻപിൽവച്ച് വിസ്തരിയ്ക്കുവാനിടയാകാതെയിരുന്നതു എന്റെയും എന്റെ കുടുംബത്തിന്റെയും ഭാഗ്യമായി ഞാൻ കരുതുന്നു. തിരുമേനിയെ ഇത്രമാത്രം ക്ലേശിപ്പി

ദോണ്ടിവന്നതിൽ എനിക്കു് കുണ്ഠിതമുണ്ടു്. എന്തായാലും അങ്ങയുടെ സാന്നിദ്ധ്യത്തിൽ എല്ലാം ഭംഗിയായി അവസാനിച്ചതിൽ ഞാൻ അനുഗ്രഹീതനും, അതീവ സന്തുഷ്ടനുമാണു്.' ഇതായിരുന്നു മജിസ്ട്രേട്ടിൽനിന്നു് കേട്ട ഗദ്ഗദവചനങ്ങൾ.

ഇന്നു് കൊല്ലം ഭദ്രാസനത്തിൽ തലയുയർത്തി നില്ക്കുന്ന കുണ്ടറ സെമിനാരി, [illegible] ദേവാലയം, അതിലൂടെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രശോഭിതരാകാനുള്ള അഭ്യസനം അനേകായിരങ്ങൾക്കു് നൽകി വിരാജിക്കുന്ന ഹൈസ്ക്കൂൾ എന്നിവയെല്ലാം തിരുമേനിയുടെ ത്യാഗത്തിന്റെയും, സേവനസന്നദ്ധതയുടെയും, സഭാസ്നേഹത്തിന്റെയും സർവ്വോപരി ദൈവാശ്രയത്തിന്റെയും പരിണിതഫലങ്ങളാണു്.

തിരുമേനിയിൽ വിളങ്ങിശോഭിച്ചിരുന്ന അത്ഭുത സിദ്ധിവിശേഷങ്ങൾ അനല്പങ്ങളായിരുന്നു. തന്റെ ഗുരുവായിരുന്ന പരുമല തിരുമേനിയെപ്പോലെ ജീവിതകാലത്തും ഒട്ടനവധി അത്ഭുതങ്ങൾ പ. തിരുമേനി പ്രവർത്തിച്ചിട്ടുണ്ടു്. എന്നാൽ അവ അനുഭവക്കാർക്കും അല്പം ചില ദൃക്സാക്ഷികൾക്കും മാത്രമെ അറിയപ്പെട്ടിട്ടുള്ള എന്നുള്ളതു ഒരു സത്യം മാത്രമാണു്. ഈ ലേഖകൻ അതിനു് സാക്ഷിയായിട്ടുള്ള ഒരു സംഭവം രേഖപ്പെടുത്തിക്കൊള്ളട്ടെ. വർഷങ്ങൾക്കു മുമ്പു് അതേ കൊല്ലവർഷം 1093-ൽ ഒരു പള്ളിവഴക്കു് തീർക്കുന്നതിനു് തിരുമേനി ഒരു പള്ളിയിൽ എത്തിച്ചേർന്നു. പല ദിവസങ്ങൾ പരിശ്രമിച്ചു. വാശിയും വൈരാഗ്യവും ഇടവകജനങ്ങളിൽ അവസാനിച്ചുകണ്ടില്ല. തിരുമേനി അല്പം നിരാശനായി, യാദൃശ്ചികമെന്നോണം ഒരു വാചകം തിരുവായിൽനിന്നു് ഉതിർന്നുവീണു. 'നിങ്ങളുടെ ഇടയിൽ നരച്ച മുടി അധികം കാണുന്നില്ല. അതിനാൽ നിങ്ങളുടെ ഭാവി ഭയങ്കരമായിരിക്കും.' ഒരു പ്രവചനമായി ഇന്നും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ആ വചനം പറഞ്ഞുകഴിഞ്ഞു് അധികം കഴിയുന്നതിനു മുമ്പു് തിരുമേനിയുടെ പിതാവിനു് സുഖക്കേടു അല്പം കൂടുതലാണെന്നു് അറിയിക്കുവാൻ ആള് വരികയും, തിരുമേനി ഉടനെതന്നെ സ്ഥലം വിടുകയും ചെയ്തു. ഇന്നും ആ പ്രവചനത്തിന്റെ ശാപമോക്ഷം ലഭിക്കാതെ ആ ഇടവകയും, ആ സ്ഥലവും ആളുകളും കഴിഞ്ഞുകൂടുന്നു എന്നുള്ളതു ഒരു വസ്തുതയാണു്.

പരിശുദ്ധ പിതാവു് മൺമറഞ്ഞിട്ടു് 9 സുദീർഘ വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. പക്ഷേ ആ മുഖം കൺമുൻപിൽ തന്നെയാണു്. ആ ഗംഭീരവും മാധുര്യവും നിറഞ്ഞൊഴുകിയ ശബ്ദങ്ങൾ ഇന്നും കാതുകളിൽ അലതല്ലുന്നു. ആ പുണ്യവാന്റെ അനുഗ്രഹാശ്ശിസ്സുകൾ ഇന്നും ജീവിതത്തെ വലയം ചെയ്തു കാത്തു സംരക്ഷിക്കുന്നു. എന്റെ ഗുരുവും, പിതാവുമായ ആ പുണ്യവാന്റെ പ്രാർത്ഥനകളിൽ അഭയം തേടുന്നതോടൊപ്പം ആ പാവനപാദാന്തികത്തിൽ ഈ എളിയ ദാസന്റെ കൂപ്പുകൈ.

PHONE: FACTORY–111 RES: 2198 & 4540

(EATTUMANOOR) (KOTTAYAM)

# BALAND INDUSTRIES

INDUSTRIAL ESTATE

## EATTUMANOOR, KERALA.

Manufacturers of:-

Precesion pressed Components

Turned Components

Forged Components

Hospital Equipments Stainless Steel Utensils Etc.

# ഭക്തി ഭാസുരൻ

(വിദ്വാൻ ഒ. തോമസ്, കുണ്ടറ)

ലോകത്തിൽ മനുഷ്യസമുദായത്തിന്റെ ആവിർഭാവം മുതൽ ഓരോ കാലഘട്ടത്തിൽ ഓരോ രാജ്യങ്ങളിലും അസാമാന്യമായ ആത്മപ്രഭാവമുള്ള വ്യക്തികൾ അവതരിച്ചു ലോകത്തിനു പ്രകാശം പ്രദാനം ചെയ്തു് അന്തരിച്ചതായി ചരിത്രത്തിൽനിന്നു് നാം അറിയുന്നു. ഈ പ്രകൃതിസ്വഭാവമനുസരിച്ചു് നമ്മുടെ മലങ്കരസഭയിലും ആരംഭം മുതൽ ഇക്കഴിഞ്ഞ തലമുറവരെ അലൗകികമായ ആത്മപ്രഭയോടുകൂടിയ മഹാപുരുഷന്മാർ ജ്യോതിസ്സുകൾ പോലെ ഉദിച്ചുയർന്നു് സഭയ്ക്കും ലോകത്തിനും ആത്മപ്രകാശരശ്മികൾ അനർഘദാനം ചെയ്തിരുന്നതായി സഭാചരിത്രം സാക്ഷിക്കുന്നുണ്ടു്. ഈ പരിഗണനയിൽ മൂന്നു തലമുറയ്ക്കിപ്പുറമുള്ള കാലത്തെ നാം സ്മരിക്കുമ്പോൾ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയും, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയും, കാലം ചെയ്ത ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയും നമ്മുടെ മനോമണ്ഡലത്തിൽ ഉത്ഥിഷ്ഠമാനരായി നിലകൊള്ളുന്നുണ്ടു്. പരുമല തിരുമേനി അനുഗ്രഹശക്തിയോടുകൂടിയ ഒരു സിദ്ധനും, വട്ടശ്ശേരിൽ തിരുമേനി 'സഭാഭാസുരൻ' എന്ന അപരാഭിധാനത്തിൽ വിരാജിച്ച അജയ്യനേതാവും ആയിരുന്നു. അതുപോലെ പരിശുദ്ധ കാതോലിക്കാബാവായുടെ സിദ്ധിവിശേഷങ്ങളും അനുഭവവേദ്യങ്ങളായിട്ടുണ്ടു്. ഇവർക്കെല്ലാമുണ്ടായിരുന്ന ആത്മപ്രഭാവത്തിന്റെ അടിസ്ഥാനം ഭക്തിയോഗം, ജ്ഞാനയോഗം, കർമ്മയോഗം ഇവ മൂന്നുമോ, ഇവയിൽ ചിലതോ ആയിരുന്നു എന്നു കാണുവാൻ കഴിയും. ഇവയിൽ പ്രഥമഗണനീയം ഭക്തിയത്രേ.

പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ടു് കാതോലിക്കാപദത്തിൽ ആരോഹിതനായതുമുതൽക്കാണു് നമ്മുടെ സഭയിൽ സുവിശേഷഘോഷണം വർദ്ധമാനമായതു്. സഭയിൽ സമാധാനമുണ്ടായതു്; ലൗകികവിദ്യാഭ്യാസവും വൈദികവിദ്യാഭ്യാസവും വികസിച്ചതു്; സഭയ്ക്കു് സർവ്വതോമുഖമായ അഭിവൃദ്ധിയുണ്ടായതു്. മാത്രമല്ല പാശ്ചാത്യസഭകളിലും, മലങ്കര ഓർത്തഡോക്സ് സഭയുടെ പരിമളധോരണി പരന്നതു്; പരിശുദ്ധ ബാവായുടെ അദ്ധ്യാത്മ ജ്യോതിസ്സു് വെളിവായതു്.

## കൊല്ലം ഭദ്രാസനത്തിൽ

അഭിവന്ദ്യ തിരുമനസ്സുകൊണ്ടു് ഒരു ശുഭദിനത്തിൽ കുണ്ടറ വലിയ പള്ളിയിൽ എഴുന്നള്ളിയിരുന്നു. ഈ ഇടവകയിലും സമീപമുള്ള ചില ഇടവകകളിലുമുൾപ്പെട്ട പട്ടക്കാരെയും സഭാഭക്തരായ പല പ്രമുഖ വ്യക്തികളെയും വിളിച്ചുവരുത്തി ഒരു ആലോചനായോഗം കൂടി. കുണ്ടറെ ഒരു സിമ്മനാരിയും, ചാപ്പലും, ഒരു ഇംഗ്ലീഷ് സ്കൂളും സ്ഥാപിക്കാൻ തനിക്കാഗ്രഹമുണ്ടെന്നറിയിച്ചു. എല്ലാവരും തന്റെ ആഗ്രഹത്തെ ആദരിക്കയും, സന്തോഷസമേതം സ്വീകരിക്കയും ചെയ്തു. അനന്തരം ഇതിനായി വസ്തു സമ്പാദിക്കാനും, കെട്ടിടങ്ങൾ പണിയിക്കാനും എന്നിങ്ങനെയുള്ള അനുബന്ധങ്ങൾക്കെല്ലാം ചിലരെ ഭരമേല്പിച്ചു. പിന്നാലെ റവ. ഡി. ശമുവേൽ ഉപദേശി എന്നൊരു സഭാഭക്തൻ, തിരുമേനിയുടെ കാര്യസ്ഥനായി ഇവിടെ വന്നു ചേർന്നു. വലിയപള്ളിക്കു് അല്പം വടക്കായി, ഉരിയരിക്കുന്നു് എന്നു വിളിച്ചുവരുന്ന ഭാഗത്തു് സെമിനിരിയും മറ്റും സ്ഥാപിക്കാമെന്നു് സ്ഥാനനിർണ്ണയം ചെയ്തു. ശമുവേൽ ഉപദേശി ഇവിടെത്തന്നെ വാസമുറപ്പിച്ചു് പ്രസംഗയോഗങ്ങൾ, യുവജന സമാജം, സൺഡേസ്കൂൾ മുതലായ സംഘടനകൾക്കുള്ള പ്രോത്സാഹനങ്ങൾ ഇവയോടുകൂടിയ സുവിശേഷ വേലയും അതോടു ചേർന്നുതന്നെ സഭാഭക്തന്മാരെ കൂട്ടുപിടിച്ചു് സെമിനാരിക്കുവേണ്ടി പണപ്പിരിവു്, അതിനുള്ള കെട്ടിടം പണികൾ എന്നിവ ഏകീകൃതങ്ങളാക്കി പരിശ്രമം തുടങ്ങി. ഇടയ്ക്കിടെ അഭിവന്ദ്യ തിരുമേനിക്കു ലഭിക്കുന്ന കുർബ്ബാനപ്പണം, വടക്കുള്ള സഭാഭക്തന്മാരുടെ സംഭാവനകൾ എന്നിവ ഇങ്ങോട്ടയച്ചുകൊണ്ടിരിക്കും. ഇടയ്ക്കു പണക്കുറവിനാൽ പണി നിറുത്തിവയ്ക്കും. പിന്നെയും തുടങ്ങും. ഇതിനിടയിൽ ചില തവണ തിരുമേനിയുമെഴുന്നള്ളി സന്ദർശിച്ചുപോകും. പിന്നെയും തിരുമേനിയിൽനിന്നു മേല്പടി ഇനങ്ങളിൽ കിട്ടുന്ന തുക ഇങ്ങോട്ടയയ്ക്കും. ഈ രീതിയിൽ തുടങ്ങി ഏതാണ്ടു് ഒന്നരക്കൊല്ലം കഴിഞ്ഞപ്പോൾ ഒരു സെമിനാരിമന്ദിരം രൂപം പൂണ്ടു. അതിന്റെ ഒരു വിശാലമുറിയിൽ ഇംഗ്ലീഷ് സ്കൂളിന്റെ പ്രാരംഭക്ലാസ്സും തുടങ്ങി. അതോടൊപ്പം തെക്കൻ ഇടവകകളിൽ നൂതനമായി ഉദിക്കാൻ തുടങ്ങുന്ന ജ്യോതിസ്സിന്റെ അരുണോദയവുമായി. കൊല്ലവർഷം 1090 മുതൽ തിരുമേനിയുടെ താമസം പ്രായേണ കുണ്ടറ സെമിനാരിയിൽ തന്നെയായി. സെമിനാരിവളപ്പിൽ ഒരു കൺവൻഷൻ നടത്താൻ നിശ്ചയിച്ചു. ആംഗ്ലിക്കൻ ഹൈചർച്ചിൽപ്പെട്ട 'ഫാദർ ഹോംസ്', ഫാദർ സ്റ്റ്റോങ്ങ് എന്ന രണ്ടു സന്യാസിപ്പട്ടക്കാരും ഇവിടെ പ്രത്യക്ഷരായി. ഇവർ സെമിനാരിയിൽ പാർത്തുകൊണ്ടു് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പ്രസംഗങ്ങൾ തുടങ്ങി. സി. എം. തോമസ് ശെമ്മാശ്ശനെ (മാർ തോമ്മാ ദീവന്നാസ്യോസ്) ഈ എം. ജി. ഡി. സ്കൂളിന്റെ ഹെഡ്മാസ്റ്ററായി നിയമിച്ചു. അന്നുമുതൽ അദ്ദേഹം

വന്ദ്യതിരുമേനിയുടെ പ്രധാന അന്തേവാസിയും മന്ത്രിയുമായി. സ്കൂളിന്റെ അഭിവൃദ്ധിക്കുള്ള ഉദ്യമങ്ങൾ, ഇവിടത്തെ ഇടവകകളുടെ ആത്മീയാഭിവൃദ്ധിക്കായുള്ള സേവനങ്ങൾ, പൊതുജനസ്ഥാപനങ്ങളായ വൈ. എം. സി. എ., പരസ്പരസഹായ സംഘം, പഞ്ചായത്ത് എന്നിവയ്ക്കുള്ള പ്രോൽസാഹനങ്ങൾ ഇത്യാദി പുരോഗമനോന്മുഖമായ സരണികളിൽ ശെമ്മാശ്ശൻ ഒരു പ്രധാന നേതാവുമായി.

ഈ സെമിനാരി സ്ഥാപനത്തിന്റെ പ്രാരംഭ കാലത്തു ഇവിടെയുള്ള എതിർ കക്ഷികാർക്ക പ്രതികൂല ഭാവങ്ങൾ തല പൊക്കി - അവരിൽ- ഒരു ഭാഗത്തിന്റെ പ്രതിരോധവുമുണ്ടായി. ഇതു രണ്ടു മൂന്നുകൊല്ലം അങ്ങനെ നീണ്ടു നിന്നു. ഇതിനകം സ്കൂളിനായുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി. അക്കാലത്തെ എഡ്യുക്കേഷൻ ഡയറക്ടറായ ധാരയാൽ അതു ഉത്ഘാടിതമായി. ഏതാനും വർഷം കഴിഞ്ഞു് തിരുമേനിയുടെ കാര്യസ്ഥനായി ഇവിടെ വന്നത് മോടിശ്ശേരിൽ ദി. ശ്രീ. മത്യൂസ് കത്തനാരായിരുന്നു. അഭിവന്ദ്യ തിരുമേനി നേരിട്ടു പണിയിച്ചിരുന്നതും മദ്ബഹാ പണി നടത്താതിരുന്നതുമായ സെമിനാരി ചാപ്പലിന്റെ മദ്ബഹാ ബ. അച്ചന്റെ മേൽനോട്ടത്തിൽ പണിയിച്ചു.

സെമിനാരിയുടെ സ്ഥാപനം മുതൽ കുണ്ടറ ഇടവകയിലും സമീപ ഇടവകകളിലുമുള്ള സഭാ ഭക്തന്മാർ തിരുമേനിയോടു സമ്പർക്കമായി. അവർക്കുവേണ്ട നിർദ്ദേശങ്ങളും യഥായുക്തം നൽകി അയച്ചു വന്നു. ക്രിസ്തേതരരായ പ്രാമാണികന്മാരും പലപ്പോഴും വന്നുകൊണ്ടിരുന്നു. ഒരു ക്രിസ്തീയ മുനീശ്വരൻ എന്നുതന്നെ വിശ്വസിച്ച് അവർ വണങ്ങി നിൽക്കും. അവരേയും യഥാർത്ഥം സല്ക്കരിച്ചയയ്ക്കും. ചുരുക്കിപ്പറഞ്ഞാൽ ഈ ദേശവാസികൾക്കെല്ലാം തിരുമേനി സർവ്വഥാ ആരാധ്യവാനായി.

തിരുമേനി സഭയുടെ നല്ല ഇടയൻതന്നെ ആയിരുന്നു. കുണ്ടറയുടെ സമീപമുള്ള ഓരോ ഇടവകകളിലും യഥാകാലം ആരാധനകൾ നടത്തുകയും സൺഡേസ്കൂൾ തുടങ്ങിയ ആത്മീയ പ്രവർത്തനങ്ങൾക്ക ഉണർവു നൽകുകയും ചെയ്തു വന്നു.

ബാവായുടെ പ്രീതിവാത്സല്യങ്ങൾക്ക പാത്രീഭൂതരായവരിൽ പ്രഥമൻ കുണ്ടറ നെടിയവിള വീട്ടിൽ എം. ചാണ്ടപ്പിള്ള ഉപദേശിയായിരുന്നു. നോയമ്പ്, കുമ്പസ്സാരം, നമസ്കാരം തുടങ്ങിയ ആത്മീയ മാർഗ്ഗത്തിൽ സ്ഥിര നിഷ്ഠയുള്ള ഇദ്ദേഹം അക്കാലത്തു യുവാവായിരുന്നു. പത്തനാപുരം താബോർ ദയറായിലെ വന്ദ്യ. ദി. ശ്രീ. സി. സഖറിയാ റമ്പാൻ ഇദ്ദേഹത്തിന്റെ പുത്രനാണ്, അഭിവന്ദ്യ തിരുമനസ്സുകൊണ്ടു തെക്കൻ പ്രദേശങ്ങളിൽ പല നൂതനദേവാലയങ്ങൾക്ക കല്പന നൽകി പണിയിപ്പിച്ചു.

ഏതാനും കൊല്ലം കഴിഞ്ഞപ്പോൾ റവ. ഒ. കോശി വൈദ്യൻ സ്കൂളിന്റെ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. അഭിവന്ദ്യ തിരുമസ്സിലെ ആശംസാനുഗ്രഹങ്ങളോടെ വൈദ്യൻ പരിശ്രമിച്ചതിന്റെ ഫലമായി സെമിനാരി എം.ജി.ഡി. സ്കൂൾ ഒരു ഹൈസ്കൂളായി ഉയരാനും സംഗതി വന്നു. സ്കൂൾ വർദ്ധമാനമായി. അനന്തരം കെ. ജോർജ്ജ് ഹെഡ്മാസ്റ്ററായി – അദ്ധ്യേതാക്കളും അദ്ധ്യാപകരും പ്രതിവൽസരം വർദ്ധിച്ചു തുടങ്ങി. നാട്ടിൽ വിദ്യാഭ്യാസവും ഇംഗ്ലീഷ് ഭാഷയും വികസിച്ചു.

ഇതിനോടകം 1104–ൽ അഭിവന്ദ്യ തിരുമേനി ദൈവനിയോഗത്താൽ മാർ. തോമ്മാശ്ലീഹായുടെ കാതോലിക്കാ സിംഹാസനത്തിൽ ആരൂഢനാകയും ചെയ്തു. ക്രമേണ അദ്ദേഹത്തിന്റെ സൽകീർത്തിയും ദിഗന്തവിശ്രാന്തമായി ക്രിസ്തേതര ജനലക്ഷങ്ങൾക്കും അദ്ദേഹം ആരാധ്യവാനായി.

ദി. ശ്രീ. മോടിശ്ശേരിൽ മത്യൂസ് കത്തനാർ ഇവിടെ സെമിനാരി മാനേജരായിരുന്ന കാലത്താണ് പരിശുദ്ധ കാതോലിക്കാ ബാവായുടെ ഷഷ്ട്യബ്ദദിനം സഭയിൽ ആചരിച്ചത്. ആ സുദിനത്തിൽ കുണ്ടറ യുവജന സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മംഗളാശംസാപത്രം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ അടങ്ങിയിരുന്ന മംഗള ശ്ലോകങ്ങളുടെ കൂട്ടത്തിൽ:–

''ഷഷ്ഠ്യബ്ദപൂർത്തി'' വാരക്ഷാ ''ദിശിഷ്ട–
നാർക്കാരേ കണ്ണിലുണ്ണിയായ്
കാതോലിക്കാബാവായ്ക്ക
ചേർക്കണേ ശുഭമീശ്വരൻ.

എന്നു പണ്ഡിതവരേണ്യനായ സി. എൻ. എ. രാമയ്യാ ശാസ്ത്രി ആശംസിച്ചിരുന്നതിൽ നിന്നും ക്രിസ്തേതരന്മാർക്ക പരിശുദ്ധ കാതോലിക്കാബാവായോടുള്ള ആദരാതിശയവും–

ഇന്നാളിൻ നവ കാന്തി കണ്ടുസഹൃദാ–
സംഘം പ്രസാദിച്ചിടും
നന്നാം ക്രിസ്തുസഭയ്ക്ക മേന്മയതിനാൽ–
മേന്മേൽ വളർന്നീടുമേ
മന്നിൽ 'പൂർവ്വസഭയ്ക്ക' നല്ലയിടയൻ
ബസ്സേലിയോസാഖ്യനാം
മൂന്നാമൻ തിരുമേനി വാഴ്ക അതിനാ–
ലാചന്ദ്രതാരം സുഖം.

എന്നു കുണ്ടറ ഇടവകയിലുള്ള ഒരു യുവകവി ഉദ്ഘോഷിച്ചിരുന്നതിൽ നിന്നും പരിശുദ്ധ കാതോലിക്കാബാവായോടു സഭാമക്കൾക്കുള്ള ഭക്ത്യാദരങ്ങളും വ്യഞ്ജിക്കുന്നുവല്ലോ.

'തന്റെ ഭക്തന്മാരുടെ മരണം യഹോവായ്ക്ക വിലയേറിയതാകുന്നു.' എന്നു സങ്കീർത്തനം 116:15–ൽ പറഞ്ഞിരിക്കുന്നു. അതിനാൽ, പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സിലെ ജനനവും ജീവിതവും മരണവും വിലയേറിയതുതന്നെ.

മലങ്കരസഭയാകുന്ന യെരുശലേമിന്റെ മതിലുകൾ പണിഞ്ഞ ശില്പികളിൽ അദ്വിതീയനായിരുന്നു കാലംചെയ്ത പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് – എന്ന ഒരു രത്ന വാക്യത്തിൽ തന്റെ ചരിത്രം ഒതുക്കാം.

– 0 –

# കരുണ പ്രതിബിംബിക്കുന്ന കണ്ണാടി!!

(കുമാരി മേഴ്സി ഷ്യാഫി, I. F. S. S.)

ദൈവം സ്നേഹമാണ്; കരുണാസമ്പന്നനുമാണ്! "കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും?" അരുമനാഥനായ യേശു മിശിഹയുടെ അനന്തമായ അരുളപ്പാടാണല്ലൊ അതു്. അതിൽനിന്നും ഒരു കാര്യം സുവ്യക്തമാണ്!

ഹൃദയശുദ്ധിയുള്ളവരാണ്, അതെ; ദൈവത്തെ കാണുന്നവരാണ്, അഥവാ; ദൈവവുമായി യഥാർത്ഥ സാമീപ്യമുള്ളവരാണ് കരുണാസമ്പന്നർ! എപ്പോഴും കരുണ പ്രതിബിംബിക്കുന്ന കണ്ണാടിയുമായിരിക്കും, അവർ!!

ഹൃദയശുദ്ധി, നിഷ്കളങ്കത, പരിശുദ്ധി, ഭക്തി, സ്നേഹം, ദയ, കരുണ തുടങ്ങിയ വിവിധ ദൈവ പ്രഭാവങ്ങൾ പ്രതിബിംബിക്കുന്ന ഒരു വിശിഷ്ട കണ്ണാടിയായിരുന്നു, ക്രൈസ്തവലോകത്തിന്റെ ഒരു മുഖ്യാസനത്തിലിരുന്നു്, പതറാതെ പാരമ്പര്യം നിലനിർത്തിക്കൊണ്ടു്, ദീർഘകാലം സഭയുടെ നായകത്വം യഥാവിധി നിർവഹിച്ചു്, കാലംചെയ്ത, കാതോലിക്കാ ബാവാ തിരുമനസ്സ്!

ഇതു കേൾക്കുമ്പോൾ: "എന്തു്? ബാവാതിരുമേനി പരിശുദ്ധിയും കരുണയും പ്രതിബിംബിക്കുന്ന കണ്ണാടിയായിരുന്നുവെന്നോ?" എന്നൊരു ചോദ്യമുന്നയിച്ചുകൊണ്ടു് നെറ്റി ചുളുക്കിയും, പുരികം വളച്ചും, ചിറികൾ കോട്ടിയും, സ്വയം മുഖം വിരൂപമാക്കുന്ന വ്യക്തികളും സമൂഹങ്ങളും ഉണ്ടായിരിക്കുന്നതല്ല എന്നെനിയ്ക്കഭിപ്രായമില്ല. ഉണ്ടായേക്കാം. പക്ഷെ, ഒന്നിവിടെ ശ്രദ്ധിയ്ക്കേണ്ടതുണ്ടു്.

ദൈവപുത്രനെന്നു് സർവ്വലോകരാലും സമ്മതിക്കപ്പെടുന്ന യേശുതമ്പുരാനെ തന്നെയും, വിദ്വേഷപൂർവ്വം വിധി കല്പിച്ചവരും, വിമർശിച്ചവരും, ആക്ഷേപിച്ചവരും, തന്റെ ജീവിതകാലത്തും മരണശേഷവും ഒട്ടും വിരളമല്ലായിരുന്നല്ലൊ. എന്താണിതിനു കാരണം? അവരവരുടെ സ്വഭാവത്തിനനുസരണമായ കാഴ്ചപ്പാടിലൂടെ മാത്രമെ ആർക്കും ആരെയും കാണുവാൻ കഴിയൂ എന്നതല്ലേ? "നീ അന്യനിൽ എന്തു ദൂഷ്യമുണ്ടെന്നു ശങ്കിക്കുന്നുവോ അതു നിന്നിൽതന്നെ കാണും" എന്ന മൊണ്ടേജിന്റെ മഹത്‌വാക്യം ഇത്തരുണത്തിൽ തികച്ചും പ്രസക്തമാണ്.

ഏതായാലും അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ എവിടെ ഉയരുന്നുവൊ അവിടെ പൊന്തിനില്ക്കുന്ന ഒരു സത്യമുണ്ടു്. പരസ്പര വിരുദ്ധമായ രണ്ടു ശക്തികളുടെ മദ്ധ്യത്തിൽ മനുഷ്യരാശി കിടന്നുഴലുകയാണെന്നു്!! "Certainly, no man, nor anybody of men is good enough or wise enough, to dispense with the tonic of prejudical Criticisms." That's the fact! Is it not so?

ബഹുമാന്യ വായനക്കാർ സസ്നേഹമൊന്നു ശ്രദ്ധിച്ചാലും:

ബാവാ തിരുമേനി ഒരു വിശിഷ്ട കണ്ണാടിയായിരുന്നുവോ? എങ്കിൽ അതെങ്ങനെ സംഭവിച്ചു?

പരുമല (കാലംചെയ്ത) വന്ദ്യ തിരുമേനിയുടെ നിസ്സീമമായ നിഷ്കളങ്കതയും പരിശുദ്ധിയും, അതിനോടൊപ്പം പരുമല സെമിനാരിയിലെ തികഞ്ഞ ചിട്ടയും ക്രമവും നിറഞ്ഞ നോയമ്പുകളും പ്രാർത്ഥനകളും, അവിടുത്തെ പരിശീലന രീതികളും, ആർക്കും ആകർഷണീയമാണ്, എവിടെയും— — — തെറ്റാതെയും, പതറാതെയും, വിശുദ്ധിയുടെ അങ്കിയിൽ ബാല്യത്തിലെ ഒതുങ്ങിചേർന്നിരുന്ന തേജോന്മുഖനായ ബാവാതിരുമേനിയുടെ ഹൃദയഭിത്തികളുടെ പുറകിൽ—തികവുള്ള 'മെർക്കുറിക്കു' സമാനം ആത്മീയമായി ആഞ്ഞു പതിഞ്ഞിരുന്നു എന്നതു് ആരും സമ്മതിക്കും!

Face is the index of the mind. അതെ: മുഖം മനസ്സിന്റെ അയസ്ക്കാന്ത സൂചിയാണ്. ബാവാതിരുമേനിയുടെ മുഖം ഒരു നോക്കു് സൂക്ഷ്മമായി കാണുവാൻ കഴിഞ്ഞിട്ടുള്ള ആരുതന്നെയും തല കുലുക്കി സമ്മതിക്കും— — —കരുണയുടെയും പരിശുദ്ധിയുടെയും പ്രസരിപ്പ് ആ മുഖത്തു് സർവ്വദാ സ്ഫുരിച്ചിരുന്നുവെന്നു്!! അതെ: തിരുമനസ്സ് തീർച്ചയായും ദിവ്യത്വവും കരുണയും നിറഞ്ഞു ശോഭിച്ച ഒരു വിശിഷ്ട കണ്ണാടിതന്നെ ആയിരുന്നു; പാരമ്പര്യം യഥാവിധി നിലനിർത്തിയ ഒരു നല്ല ഇടയനും!

ആ ദിവ്യസംപൂർണ്ണമായ കണ്ണാടിയിൽനിന്നും പ്രതിബിംബിച്ച ദൈവീക കരുണയ്ക്കു്, അനാഥബാലികയായ എന്റെ ആത്മകഥകൾ തീർച്ചയായും സാക്ഷ്യം വഹിക്കും. അതിൽ, സ്വർഗ്ഗത്തിലും ഹൃദയമുള്ളവരിലും സന്തോഷത്തിന്റെ കാഹളനാദം എന്നെന്നും പ്രതിദ്ധ്വനിയ്ക്കും; എനിക്കതിൽ സംശയമേ ഇല്ല.

# മഹർഷിവര്യനായിരുന്ന മഹാചാര്യൻ

(സി. ജെ. സാമുവൽ, ക്രോംപെട്ട്, മദ്രാസ്)

പ്രമുഖ സ്ഥാനങ്ങൾ അലങ്കരിക്കുന്ന പ്രശസ്ത വ്യക്തികളുടെ ഭാവമഹിമകൾ ലോകശ്രദ്ധയെ പ്രത്യേകം ആകർഷിക്കാറുണ്ടല്ലൊ. ചില സേനാധിപന്മാരുടെ തന്ത്രജ്ഞത, ഭരണാധിപന്മാരുടെ കാര്യക്ഷമത, രാഷ്ട്രീയ വിദഗ്ധന്മാരുടെ കൗശലചാതുര്യം എന്നിവ ഉദാഹരണമായി വിവക്ഷിക്കാം. ആ വിധം പ്രത്യേകതയുള്ള വ്യക്തിവിലാസങ്ങളിൽപ്പെടുന്നതാണ് ആത്മീകതലത്തിൽ അധിനായകത്വം വഹിക്കുവാൻ ദൈവനിയോഗം ലഭിച്ചവരുടെ അതിശയകരമായ ആകർഷണ വിശേഷം. കാലംചെയ്ത പ. ബാവാതിരുമേനിയെ സംബന്ധിച്ചിടത്തോളം, നിഷ്ക്കളങ്കതയായിരുന്നു ആരെയും അത്യന്തം ആകർഷിച്ചിരുന്ന വ്യക്തിഭാവം. ശിശുതുല്യമായ ആ നിഷ്ക്കളങ്കതയുടെ ആകർഷണവലയത്തിൽ അകപ്പെട്ടിട്ടില്ലാത്തവരാരുണ്ട്, തിരുമേനിയെ അടുത്തറിഞ്ഞവരിലും അകന്നുനിന്നു വീക്ഷിച്ചവരിലും!

നിഷ്ക്കളങ്കതയുടെ നിറകുടമെന്നേ ആ പുണ്യരൂപത്തെ വർണ്ണിക്കാനാവൂ. ആയിരത്തിലേറെ പൂർണ്ണചന്ദ്രനെ കണ്ട ആ പുണ്യശ്ലോകന്റെ മുഖത്ത് നിത്യം നിലകൊണ്ട പ്രശാന്തതയുടെ നിറനിലാവ് നമ്മെ കുളിരണിയിച്ചിട്ടില്ലേ? ഇന്നും ആ നിർമ്മലഭാവത്തിന്റെ നിസ്തുല വശ്യത നമ്മെ അത്ഭുതപ്പെടുത്തുന്നു എന്നതു സത്യമല്ലേ?

ഒരിക്കൽ ഒരു പൊതുവേദിയിൽ ഉപവിഷ്ടനായിരുന്ന പരിശുദ്ധ ബാവാ തിരുമേനിയെ കുറെ നിമിഷങ്ങൾ അതീവ ശ്രദ്ധയോടെ വീക്ഷിച്ചുകൊണ്ടിരുന്ന കേരളീയനല്ലാത്ത ഒരു അക്രൈസ്ത പ്രൊഫസർ. തൊട്ടടുത്തിരുന്നതും ഒരു അക്രൈസ്തവനായിരുന്നു—ഒരു ഹൈക്കോർട്ട് ജഡ്ജി, പ്രൊഫസ്സർ ചോദിച്ചു:– 'What is the source of the unusual grace on His face'? ജഡ്ജിയുടെ പ്രതികരണം ഇങ്ങനെയായിരുന്നു:– 'It is the power of the unfailing spirit of innocence' ശരിയല്ലേ? പാളിപ്പോകാത്ത നിഷ്ക്കളങ്കതയുടെ വശ്യത! അതുതന്നെ ആയിരുന്നു ആ മഹർഷിവര്യന്റെ മനോജ്ഞരൂപത്തിൽ മിന്നിത്തെളിഞ്ഞു കണ്ട മുഖമുദ്ര. ഒരു വെറും ആരാധകന്റെ അഭിപ്രായമല്ല ഈ കേട്ടത്. കാര്യകാരണ വിവേചനപ്രഗത്ഭനായ ഒരു നീതിപതിയുടെ നിഷ്പക്ഷമായ വിലയിരുത്തലായിരുന്നു. ആ വിലയിരുത്തലിനു വിധേയമായ വ്യക്തിത്വത്തിന്റെ മഹിമാവിശേഷമായ നിഷ്ക്കളങ്കത ആർക്കും വകവയ്ക്കാതെവയ്യ. പവിത്രത പുലർത്തിക്കൊണ്ട ആ ആളത്വത്തിൽ സജീവമായി വർത്തിച്ചിരുന്ന പാവനഭാവം ആരെയും ആകർഷിക്കുന്ന നിഷ്ക്കളങ്കതയായിരുന്നു എന്നത് സർവ്വസമ്മതമായിട്ടുണ്ട്.

'മുഖം മനസ്സിന്റെ കണ്ണാടിയാണ്' എന്ന ചൊല്ല് കേട്ടിട്ടില്ലാത്തവർ കുറയും. കാലം ചെയ്ത പ. ബാവാ തിരുമേനിയുടെ മുഖത്തെ ഭവ്യമായ പരിവേഷ വിശേഷം പലരും ശ്രദ്ധിച്ചിട്ടുണ്ടാകാം—പരിശുദ്ധിയുടെ പരിവേഷം. പരിശുദ്ധി ഒരു ശക്തിയാണ്; അതൊരു വിശേഷ സിദ്ധിയുമാണ്. ഈ പുണ്യാത്മന്റെ പൂർണ്ണ പ്രാഭവത്തിന് ഉറവിടമായിരുന്നു അദ്ദേഹത്തിലുറഞ്ഞുറച്ചിരുന്ന പരിശുദ്ധിയുടെ പാരമ്യം. ആ ചൈതന്യവിശേഷം തിരുമേനിയുടെ സാന്നിദ്ധ്യമുള്ളിടത്തൊക്കെയും വ്യാപരിച്ചുകൊണ്ടിരുന്നു. തന്റെ പരിപാലനത്തിലിരുന്ന ജനവിഭാഗം ദൈവാർപ്പണനിരതരായിരിക്കണമെന്ന വ്യഗ്രത ഇത്ര ഗാഢമായുൾക്കൊണ്ടിരുന്ന മറ്റൊരു സഭാനായകനെ പൗരസ്ത്യസഭകൾ വേറെയധികം കണ്ടിരിക്കില്ല. ആത്മീക ജീവിതത്തിൽ ക്രൈസ്തവ മനസ്സിനു കൈകാര്യം ചെയ്യാവുന്ന വിധികളിൽ ഏറ്റവും മഹത്തും ഉൽകൃഷ്ടവുമാണ് പ. തിരുമേനി സഭയ്ക്ക് അരുളിയിട്ടുള്ള നിഷ്ഠകൾ. അതായത്: പ്രാർത്ഥനാനിരതമായ സ്വയം സമർപ്പണവും, സത്യസന്ധമായിട്ടുള്ള ദൈവാർപ്പണവും, ക്രിസ്തീയ സൗമനസ്യവും. എല്ലാ ഉപദേശങ്ങളിലും എല്ലാ സന്ദർഭങ്ങളിലും ഈ നിഷ്ഠകളെപ്പറ്റി ഉൽബോധിപ്പിക്കാറുണ്ടായിരുന്നു. ഈ വന്ദ്യപിതാവിന്റെ വിശുദ്ധ നാമത്തെ അനുസ്മരിക്കുമ്പോഴെല്ലാം ഇതൊക്കെയും നാം ഓർത്തിരിക്കേണ്ടതാണ്; അനുഷ്ഠിക്കേണ്ടതാണ്.

'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും'. ഭാഗ്യയോഗ്യതയെ കുറിക്കുന്ന ഈ മാനദണ്ഡം കൊണ്ടളന്നാൽ പരിശുദ്ധിയുടെ പര്യായമായിരുന്ന അഭിവന്ദ്യ തിരുമേനി നിശ്ചയമായും ഭാഗ്യവാനായിരുന്നു. ഇതിൽപ്പരം ഹൃദയശുദ്ധി ഇതര ഇടയന്മാരിൽ കാണാൻ സഭകൾക്ക് ഇടയാകാറില്ല. മലങ്കരസഭാന്തരീക്ഷം കലുഷിതമായിരുന്ന ആ കാലയളവിലൊക്കെയും സമാധാനത്തിന്റെ ആത്മഭാവം ചൊരിഞ്ഞുകൊണ്ട് പ.തിരുമേനി സഭയെ നയിച്ചു; വിശ്വാസഭദ്രത നിലനിറുത്തി; ക്രൈസ്തവമഹിമയുടെ പൗരസ്ത്യപൈതൃകം ഉറപ്പോടെ കാത്തുകൊണ്ടു. ജീവിതം ക്രിസ്തീയ സമാധാനത്തിനു വേണ്ടിയും ഓരോ നിമിഷവും സഭയിലെ ഐക്യത്തിനു വേണ്ടിയും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ അർപ്പിച്ച അനുഗ്രഹീതനും ഭാഗ്യവാനുമായ അഭിവന്ദ്യആചാര്യനായകാ! ഇന്ന് അങ്ങയെ ഞങ്ങൾ അനുസ്മരിക്കുന്നു. നിഷ്ക്കളങ്കതയുടെ നിസ്തുല പ്രതിരൂപമായ അങ്ങയുടെ സ്മരണയെ ഞങ്ങൾ ആദരിക്കുന്നു ഈ ജന്മശതാബ്ദിയുടെ നാളുകളിൽ.

—0—

## മറക്കാനാവാത്ത ചില സംഭവങ്ങൾ — തീയതികൾ

| | | |
|---|---|---|
| ജനനം, കുറിച്ചി കല്ലാച്ചേരിൽ | 1874 | ജൂൺ 16 |
| സുറിയാനി പഠനം (പരുമല തിരുമേനിയുടെ ശിഷ്യനായി) പരുമല സെമിനാരിയിൽ | 1883 | |
| കോട്ടയം പഴയ സെമിനാരിയിൽ സുറിയാനി പഠനവും, സി. എം. എസ്സ്. ഹൈസ്ക്കൂളിൽ ഇംഗ്ളീഷ് വിദ്യാഭ്യാസവും | 1889 | |
| ശെമ്മാശ്ശുപട്ടം | 1892 | മേയ് 24 |
| എം. ഡി. സെമിനാരി ഹൈസ്ക്കൂളിൽ പഠനം | 1893 | |
| കശ്ശീശ്ശാ പട്ടം | 1898 | നവമ്പർ 26 |
| റമ്പാനായി | 1898 | നവമ്പർ 29 |
| പരുമല സെമിനാരി മാനേജർ | 1902 | |
| യറുശലേം സന്ദർശനം | 1903 | |
| പ. അബ്ദേദ് മ്ശിഹാ പാത്രിയർക്കീസുബാവായിൽ നിന്നും പരുമല വെച്ച് മെത്രാൻ സ്ഥാനം സ്വീകരിച്ചു | 1911 | സെപ്റ്റംബർ 12 |
| കിഴക്കിന്റെ കാതോലിക്കോസായി, കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് വാഴിക്കപ്പെട്ടു | 1929 | ഫെബ്രുവരി 15 |
| പാമ്പാടി മാർ ഗ്രീഗോറിയോസ്, ബഥനി മാർ തേയോഫീലോസ് എന്നി മെത്രാപ്പോലീത്തന്മാരെ വാഴിച്ചു | 1929 | ഫെബ്രുവരി 16 |
| പുത്തൻകാവ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ വാഴിച്ചു | 1930 | |
| വി. മൂറോൻ കൂദാശ നടത്തി | 1932 | |
| വാളക്കുഴി മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചു | 1932 | മെയ് 5 |
| മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കബറടക്കം | 1934 | ഫെബ്രുവരി 24 |
| സഭാ സമാധാനാർത്ഥം ഹോംസിൽ പോയി അപ്രേം പാത്രിയർക്കീസു ബാവായെ സന്ദർശിച്ചു | 1934 | ജൂൺ 28 |
| മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുക്കപ്പെട്ടു (എം. ഡി. അസോസ്യേഷൻ) | 1934 | ഡിസംബർ 26 |
| എഡിൻബറോയിൽവച്ചു നടത്തപ്പെട്ട അഖിലലോക സഭാ സമ്മേളനത്തിൽ സംബന്ധിച്ചു | 1937 | ആഗസ്റ്റ് |
| യൂഗോസ്ളാവിയായിൽ എത്തി സേർബ്യൻ പാത്രിയർക്കീസിനെ സന്ദർശിച്ചു | 1937 | സെപ്റ്റംബർ 22 |
| സമുദായക്കേസ്, ബാവാതിരുമേനിയെ പ്രതിയാക്കി ആലുവായിലെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ മുതൽപേർ കോട്ടയം ജില്ലാക്കോടതിയിൽ 111/113-ാം നമ്പരായി ഫയൽ ചെയ്തു | 1938 | മാർച്ച് |
| ബഥനിയുടെ മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായെ വാഴിച്ചു | 1938 | ഏപ്രിൽ 7 |
| നിരണം മെത്രാസനത്തിനു മാർ തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ വാഴിച്ചു | 1941 | മേയ് 7 |
| സമുദായക്കേസ് കോട്ടയം ജില്ലാ കോടതിയിൽ ബാവായ്ക്ക് അനുകൂലമായ വിധി (ബി. കൃഷ്ണയ്യരുടെ വിധി) | 1943 | |
| സമുദായക്കേസിൽ വാദികൾ തിരുവിതാംകൂർ ഹൈക്കോടതിയിൽ കൊടുത്ത അപ്പീലിൽ കാതോലിക്കാകക്ഷിക്ക പ്രതികൂലമായ വിധി | 1946 | |
| എപ്പിസ്ക്കോപ്പൽ സുന്നഹദോസു നിശ്ചയപ്രകാരം കോതമംഗലത്തു കബറടങ്ങിയ മാർ ബസ്സേലിയോസ് കാതോലിക്കാബാവായെയും പരുമല കബറടങ്ങിയ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെയും പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു | 1948 | നവംബർ 2 |
| വി. മൂറോൻ കൂദാശ (രണ്ടാം പ്രാവശ്യം) നടത്തി | 1951 | ഏപ്രിൽ |
| അപ്പീൽ വിധിയിന്മേൽ ബാവാതിരുമേനി കൊടുത്ത അപ്പീൽ തള്ളിക്കൊണ്ടു് തിരു-കൊച്ചി ഹൈക്കോടതി വിധി | 1951 | ഡിസംബർ |
| ബോംബെ പള്ളി കൂദാശയും ഉത്തരേന്ത്യൻ പര്യടനവും | 1951 | നവ., ഡി. |
| കേസിലെ പരാജയം അറിഞ്ഞു് കൽക്കട്ടായിൽ നിന്നും തിരിച്ചെത്തിയ തിരുമേനിക്കു് അടൂർ മുതൽ കോട്ടയം വരെ നൽകിയ അത്യുജ്ജ്വല വാഹന ഘോഷയാത്ര | 1951 | ഡിസംബർ 31 |

കോട്ടയം പ്രതിജ്ഞ ''മാർ തോമ്മാശ്ളീഹായുടെ പൌരസ്ത്യ കാതോ
ലിക്കാ സിംഹാസനത്തിൻകീഴ് ഞങ്ങളും ഞങ്ങളുടെ സന്താന പരമ്പരകളും
ലോകാവസാനത്തോളം ഭക്തിപൂർവ്വം നില കൊള്ളുന്നതാണെന്ന് ദൈവ
തിരുമുമ്പാകെ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു'' 1951 ഡിസംബർ 31
കാതോലിക്കാ സിംഹാസന അരമന (ദേവലോകം) യിൽ താമസമാക്കി 1952
മലങ്കരസഭയുടെ ഒന്നാമത്തെ കോളജ് (പത്തനംതിട്ട) ഉത്ഘാടനം 1952

വിവിധ സഭാംഗങ്ങളും ചേർന്നു കോട്ടയത്തുവച്ചു നടത്തിയ മാർ തോമ്മാശ്ളീ
ഹായുടെ ആഗമനത്തിന്റെ 19–ാം ശതാബ്ദി സമ്മേളനത്തിൽ
ആദ്ധ്യക്ഷം വഹിച്ചു. 1952
പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്,
മാത്യൂസ് മാർ അത്താനാസ്യോസ്, ദാനിയേൽ മാർ പീലക്സിനോസ്,
മാത്യൂസ് മാർ കൂറീലോസ് എന്നീ മെത്രാച്ചന്മാരെ വാഴിച്ചു. 1953 മേയ് 15
വെല്ലൂർ ആശുപത്രിയിൽ ചികിൽസയിൽ 1953 ഡിസംബർ
കാതോലിക്കാ സ്ഥാനാഭിഷേക ജൂബിലി വെല്ലൂരിൽവച്ച് ആഘോഷിച്ചു 1954 ഫെബ്രുവരി 15
സുപ്രീംകോടതിയിൽ ബാവാതിരുമേനി സമർപ്പിച്ച അപ്പീൽ അനുവദിച്ച്
സമുദായക്കേസ് കേരളാ ഹൈക്കോടതി വീണ്ടും കേൾക്കുന്നതിന്
ഓർഡറായി 1954
എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സെലാസിയുടെ സന്ദർശനം 1956 ഒക്ടോബർ 81
സമുദായക്കേസ് വീണ്ടും ബാവാതിരുമേനിക്കു പ്രതികൂലമായുണ്ടായ വിധി 1956 ഡിസംബർ 31
കേസ് വീണ്ടും സുപ്രീംകോടതിയിൽ 5 ജഡ്ജിമാരടങ്ങിയ കോൺസ്ററി
ററ്യൂഷൻ ബഞ്ചിൽ വാദം 1958 ആ: ഗ–സെ.
സുപ്രീംകോടതി വിധി (സമുദായക്കേസ് കാതോലിക്കാ ഭാഗത്തേക്ക് പ
രിപൂർണ്ണ അനുകൂലമായും മലങ്കര സഭാസ്വാതന്ത്ര്യം പ്രഖ്യാപിച്ചു
കൊണ്ടും ഉണ്ടായ സുപ്രധാന സംഭവം) 1958 സെപ്റ്റംബർ 12
സുപ്രീംകോടതി വിധിയിന്മേൽ എതൃകക്ഷികൾ കൊടുത്ത റിവ്യൂഹർജി
തള്ളിയുണ്ടായ വിധി 1958 ഒക്ടോബർ 28
മലങ്കര സഭാസമാധാനം പുനസ്ഥാപനം (കാതോലിക്കാബാവായേയും
അദ്ദേഹത്തിന്റെ കൂടെയുള്ള എല്ലാവരേയും നിരുപാധികം സ്വീകരിച്ചുകൊ
ണ്ടുള്ള അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കൂബ് തൃതീയന്റെ കല്പനയും,
തുടർന്നു ഭരണഘടനയ്ക്കു വിധേയമായി പാത്രിയർക്കീസുബാവായേയും
അനുയായികളെയും സ്വീകരിച്ചുകൊണ്ടുള്ള കാതോലിക്കാബാവായുടെ കല്പന
യും പഴയ സെമിനാരിയിൽവച്ച് ബാവായും യൂലിയോസ് മെത്രാപ്പോ
ലീത്തായും കൈ മാറിയതു്. 1958 ഡിസംബർ 16
പുത്തൻകാവ് അസ്സോസ്യേഷൻ (വൈദിക ട്രസ്ററിയായി മണലിൽ
യാക്കോബു കത്തനാരെയും. അത്മായ ട്രസ്ററിയായി ഉപ്പൂട്ടിൽ
ഛി. കര്യൻ എബ്രഹാമിനെയും തെരഞ്ഞെടുത്തു 1958 ഡിസംബർ 26
യോജിച്ച മലങ്കര സഭയിലെ മാനേജിംഗ് കമ്മററി അംഗങ്ങളുടെ തെരഞ്ഞെ
ടുപ്പ്, എം. ഡി. അസ്സോസ്യേഷൻ 1959 സെപ്റ്റംബർ 16
മന്നത്തു പത്മനാഭന്റെ ശതാഭിഷേക സമാപനസമ്മേളനത്തിൽ
അദ്ധ്യക്ഷത വഹിച്ചു 1861 ജനുവരി 12
ഡൽഹിയിൽ സമ്മേളിച്ച അഖിലലോക സഭാ പ്രതിനിധി സമ്മേളനത്തിൽ
സംബന്ധിച്ചശേഷം കോട്ടയത്തു എത്തിയ എത്യോപ്യ, അർമ്മീനിയ,
സിറിയാ, ഗ്രീക്ക്, റൂമേനിയ, റഷ്യാ, ഈജിപ്തായ സഭാമേലദ്ധ്യക്ഷന്മാരുടെ
സന്ദർശനവും സമ്മാനദാനവും 1962 ഡിസംബർ 16
(നിരണത്തു കൂടിയ മലങ്കര അസ്സോസ്യേഷൻ യോഗത്തിൽവച്ചു
കണ്ടനാട്ട ഇടവകയുടെ ഔഗേൻ തീമോത്തിയോസ്
മെത്രാപ്പോലീത്തായെ ബാവായുടെ പിൻഗാമിയായി തെരഞ്ഞെടുത്തു 1962 മേയ് 17
സൈപ്രസ് പ്രസിഡൻറ് ആർച്ചുബിഷോപ്പ് മക്കാറിയോസിന്റെ സന്ദർശനം 1962 നവംബർ 7
അർമ്മീനിയൻ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ വസ്കൻ കാതോ
ലിക്കോസിന്റെ സന്ദർശനവും, പുതിയ അരമന ഉത്ഘാടനവും 1963 നവമ്പർ 18
അന്ത്യകല്പന പൂർത്തിയാക്കി ഒപ്പുവച്ചു 1963 ഡിസംബർ 21
ബാവാതിരുമേനി കാലം ചെയ്തു 1964 ജനുവരി 3
വെള്ളി രാത്രി 4.30–നു്

*With Best Compliments*



*from:*

**BHARTH TYRE RETREADING CO.**

**POWER HOUSE ROAD**

**TRIVANDRUM (695023)**

*Stockists of:-*

Dunlop, Firestone, Premier, Mansfield, Goodyear, Ceat Incheck and India Super. Also retreading of all Sizes of Tractor, Truck Car Motorcycle and Scooter Tyres.

*Telegram: Bharth Tyres.*



വീട്ടിലും പുറത്തും
നിങ്ങളുടെ അഭിരുചിക്കനുസരിച്ച
വസ്ത്രങ്ങൾ എവിടെയുമെപ്പോഴും
ധരിക്കാനുള്ളവ ഞങ്ങളുടെ പക്കലുണ്ട്.
ശീമാട്ടി
പ്രമുഖ വസ്ത്രവ്യാപാരികൾ
കോട്ടയം
വ്യാപാരശാലകൾ
ആലപ്പുഴ - കോട്ടയം
ചങ്ങനാശേരി-തിരുവല്ലാ
പത്തനംതിട്ട - കൊല്ലം
ഗൗരിമഹാൾ ആലപ്പുഴ
ഞങ്ങളുടെ കോട്ടയം ശാഖയിൽ മാത്രം
1. 30 മുതൽ 3 വരെ വിൽപ്പന ഉണ്ടായിരിക്കുന്നതല്ല
MANAGED BY S. വീരയ്യാറെഡ്യാർ

*With Best Regards*



*from:*

**KURIAN ABRAHAM**

**Jagathi, Trivandrum - 14**

ചികിത്സയ്ക്കും ഗുണസമ്പദ്ധ ഔഷധ
ങ്ങൾക്കും 62 വർഷം പിന്നിട്ട

**കിരീടധാരണ വൈദ്യശാല, കോട്ടയം.**

മാർ ബസ്സേലിയോസ് ഗീവറുഗീസ് കാതോലിക്കാ ബാവാ തിരുമേനി 1941-ൽ, ''കോട്ടയത്തു പ്രശസ്ത രീതിയിൽ നടത്തിവരുന്ന കിരീടധാരണ വൈദ്യശാലയിലെ ഔഷധങ്ങൾ ഫലപ്രദങ്ങളെന്ന് ദീർഘകാലത്തെ പരിചയത്തിൽ നിന്ന് രേഖപ്പെടുത്തുന്നതിന് നമുക്ക് സന്തോഷമുണ്ട്.''

ചികിത്സ: **വൈദ്യ കലാനിധി,**

**സി. വി. മാണി**

PHONE· RES: 3832

With Best Compliments
from:

★

**BABY ESSO**
**SERVICENTRE**

Phone: 3550 **Res:** 3317

*With Best regards*



*from:*

**MODERN HOTEL**

**T. B. ROAD**

**KOTTAYAM**

**Phone:** 3448

# ഹിന്ദി-ഹിന്ദി-മലയാള നിഘണ്ടു

എല്ലാ ഹിന്ദിപ്പദങ്ങളുടെയും അർത്ഥം ഹിന്ദിയിലും മലയാളത്തിലും വിവരിക്കുന്ന ഈ ഹിന്ദി–ഹിന്ദി മലയാള നിഘണ്ടുവിന് ഡെമ്മി 1/8 വലിപ്പമുള്ള ആയിരത്തിൽപരം പേജുകളുണ്ട്. വെട്ടം മാണിയുടെ പുരാണ നിഘണ്ടു ഹിന്ദിയിൽ സംഗ്രഹിച്ച് ഇടയ്ക്കിടയ്ക്കു ചേർത്തിരിക്കുന്നുവെന്നുള്ളതു് ഇതിന്റെ ഒരു പ്രത്യേകതയാണ്. 1973 ഡിസംബർ 31–ന് പുസ്തകം പ്രസിദ്ധീകരിക്കുന്നു. 40 രൂപ വില വരുന്ന ഈ ഗ്രന്ഥത്തിന്റെ 2000 കോപ്പികൾ 24 രൂപ സൗജന്യ വിലയ്ക്കു കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. സൗജന്യവിലയ്ക്കു പുസ്തകം വേണ്ടവർ ഇപ്പോൾ വെറും രണ്ടു രൂപ അടച്ച് പേരു രജിസ്റ്റർ ചെയ്യുക. ബാക്കി 22 രൂപ (1973 സെപ്തംബർ 5–ാം തീയതി 5 രൂപ, ഒക്ടോബർ 5–ാം തീയതി 5 രൂപ, നവംബർ 5–ാം തീയതി 5 രൂപാ, ഡിസംബർ 5–ാം തീയതി 7 രൂപ.) എന്നീ നാലു ഗഡുക്കളായി അടച്ചാൽ മതി.

ഗുരുനാഥൻ പബ്ലിക്കേഷൻസ്, കളക്ടറേറ്റ് പി. ഒ.

കോട്ടയം–2 ഫോൺ: 4152, 44[illegible]8

# M. M. CHANDY & Co.

Dealers in Tyres, Tubes, Mansfield Tread Rubber & Accessories

## KOTTAYAM.

Phone: 3456

Res: 2234

Post Box No. 47

Grams: ENCEE

MANSFIELD

THE TYRE WITH MUSCLE

**MALIAKAL INVESTMENTS KOTTAYAM**

**MALIAKAL ESTATE COORG**

# THE NATIONAL CITY PRESS

## KOTTAYAM.

Phone: 3654

Res: 2234


Post Box No. 47

Grams: ENCEE

Printing Works of All Descriptions Executed Neatly & Promptly

## Million's Art Metal Works
## & Electroplaters

P. O. Kottayam. Phone: 2697



വെള്ളിയിലും നിക്കൽ പ്ളെയിററിലും ഉള്ള എല്ലാവിധ പള്ളി ഉപകരണങ്ങളും (കാസാസെറവ്, കുരിശുകൾ, ധൂപക്കുററി, മെഴുകുതിരിക്കാലുകൾ, മറുബാസ്സാ, അരുളിക്കാ, തക്സാസ്ററാൻറവ്, റാസയ്ക്കുള്ള കുരിശുകൾ മുതലായവ) ഉത്തരവാദിത്വത്തോടുകൂടി ചെയ്തുകൊടുക്കുന്ന കോട്ടയത്തെ സ്ഥാപനം. വെള്ളിക്കാസ്സാ സെററുകൾ ഞങ്ങളുടെ പ്രത്യേകത.

Prop: A. J. CHANDY.

*With the Best Complin ents*
*from:*

## THE TRAVANCORE OGALE GLASS MFG. CO. LTD.

Post Box No. 4
KALAMASSERY P. O., ALWAYE-4

Manufacturers of all kinds of quality Glasswares.

---

*With the Best Compliments*
*from:*

## K. K. KURUVILLA & SONS

Chemists & Druggists
**KOTTAYAM-1**

---



With gratitude for the Ever remembering Blessings.

**MRS. PENNAMMA THOMAS**

**KOTTATHUVILA.**

Phone : 33904
Office : 30221
Factory : 30222

Grams : "BATTERIES"
Telex No : 046-274
COCHIN

# FIRST TIME
# IN INDIA

The Only Dry Cell Battery With Factory Seal
To Ensure Freshness And Longer Life

Manufactured In Technical Collaboration With
World Famed Toshiba And Toshiba-Ray-O-Vac,
K. K., Tokyo (JAPAN)

By

**TOSHIBA ANAND BATTERIES LTD.,**
M. G. ROAD
**ERNAKULAM,**
**COCHIN (KERALA)**

*With Compliments:*

Gram: 'Hindfond' Calcutta

# HINDUSTHAN FOUNDRY

## 43/1 ASHUBOSE LANE

## HOWRAH

Tel. Ph. 66-2967, 66-3339